ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൯.

വ്യവഹാരമാല

കൊല്ലം ആക്ടിങ്ങ് ദിവാൻപേഷ്കാരും

ഭാഷാഗ്രന്ഥപ്രകാശകനും ആയ

കവിതിലകൻ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.,

പരിശോധിച്ചു

തിരുവിതാംകൂർ ഗവർൺമെൻറിന്റെ ആജ്ഞയനുസരിച്ചു

പ്രസിദ്ധപ്പെടുത്തുന്നത്.

തിരുവനന്തപുരം

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു.

൧൯൨൦.

Digitized By Kerala Sahitya Akademi

THE SRÎ MÛLAM MALAYÂLAM SERIES.

No. IX.

VYAVAHÂRAMÂḶA

EDITED

WITH AN INTRODUCTION

AND

AN APPENDIX

BY

S. PARAMESVARA AIYAR, M. A., B. L.,
[KAVITILAKA]

Ag. Dewan Peishkar, Quilon,
and
Curator for the publication of Malayalam Manuscripts.

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS,
1925.

All Rights Reserved.

Digitized By Kerala Sahitya Akademi

അവതാരിക.

തിരുവിതാംക്കൂർ, കൊച്ചി, ഈ സംസ്ഥാനങ്ങളിൽ പുതിയ മാതിരിയിലുള്ള കോടതികളും ചട്ടങ്ങളും നടപ്പായത് ഏകദേശമായി കണ്ണൽ മൺറോസായ്പിന്റെ കാലത്താണല്ലോ. അതിനു മുൻപു കേരളമൊട്ടുക്കു വ്യവഹാരവിഷയത്തിൽ ഒരു പ്രമാണഗ്രന്ഥമായി വളരെക്കാലത്തേക്കു നിലനിന്നുപോന്നതു 'ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി'യിലെ ഒൻപതാമത്തെ പുസ്തകമായി ഞാൻ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന 'വ്യവഹാരമാല'യാകുന്നു. സംസ്കൃതഭാഷയിൽ ഉള്ള സ്മൃതിഗ്രന്ഥങ്ങൾക്കു കൈയുംകണക്കുമില്ലെങ്കിലും അവയിൽ എല്ലാപ്രകാരത്തിലും പ്രാധാന്യത്തെ അഹിക്കുന്നതു മനുസ്മൃതിയും യാജ്ഞവല്ക്യസ്മൃതിയും പരാശരസ്മൃതിയുമാകുന്നു. യാജ്ഞവല്ക്യസ്മൃതിയുടെ ഉൽക്കർഷത്തിനു കാരണം മിക്കവാറും വിജ്ഞാനേശ്വരയോഗി ആ ഗ്രന്ഥത്തിനു നിർമ്മിച്ചിട്ടുള്ള സുപ്രസിദ്ധമായ വ്യാഖ്യാനത്തിന്റെ മാഹാത്മ്യമാണ്. അതുപോലെതന്നെ പരാശരസ്മൃതിക്കുള്ള പ്രാമാണികത പ്രായേണ മാധവാചാര്യർ ആ ഗ്രന്ഥത്തിനു രചിച്ചിട്ടുള്ള 'പരാശരമാധവീയം' എന്ന മഹത്തായ വ്യാഖ്യാനത്തെ ആശ്രയിച്ചു നില്ക്കുന്നു. വ്യവഹാരമാല പല ഭാഗങ്ങളിലും പരാശരമാധവീയത്തെ അനുകരിച്ചു കാണുന്നതിനാൽ അത് ഈ നിലയിൽ രൂപീകരിച്ചത് ക്രി. പി. പതിന്നാലാംശതകത്തിന് ഇപ്പുറമെന്നനുമാനിക്കുന്നതിൽ അനുപപത്തിയുണ്ടെന്നു തോന്നുന്നില്ല. 'മനുമുഖ്യസ്മൃതിഭേദ'ങ്ങളായ 'വചഃപ്രസവ'ങ്ങളെക്കൊണ്ട് 'സുപോചിത'മായ ഈ 'വ്യവഹാരമാലിക' ഈവിധത്തിൽ കോത്തുകെട്ടിയ പണ്ഡിതൻ ആരെന്നറിയുന്നതിന് ഇപ്പോൾ മാർഗ്ഗമൊന്നുമില്ല. എങ്കിലും അന്യരാജ്യങ്ങളിൽ ഈ ഗ്രന്ഥത്തിനു യാതൊരു പ്രചാരവുമില്ലാത്ത സ്ഥിതിക്ക് ഇത് ഒരു കേരളീയന്റെ സദ്വ്യവസായമാണെന്നു നിസ്സംശയമായി പറയാം. പക്ഷേ ഗ്രന്ഥകാരൻ ഒരു അമ്പലപ്പാസിയായിരിക്കാം. മൂലഗ്രന്ഥത്തിന് ഏകദേശം അഞ്ഞൂറു കൊല്ലത്തേയും വ്യാഖ്യാനത്തിനു് ഇരുന്നൂറു കൊല്ലത്തേയും പഴക്കം വരുമെന്നാണ് തോന്നുന്നത്.

Digitized By Kerala Sahitya Akademi

തജ്ജിമയെ സംബന്ധിച്ച്, എനിക്കു കോട്ടയം നെട്ടാശ്ശേരി മണ്ഡപത്തിൽ ഗോദവർമ്മരുണ്യാതിരി അവർകളുടെ പക്കൽ നിന്നു കിട്ടിയ ഗ്രന്ഥത്തിൽ, താഴെ വരുംപ്രകാരം എഴുതിക്കാണുന്നു.

"ഹരിഃ, മനുഃ, വസിഷ്ഠഃ, വ്യാസഃ, നാരദഃ, യാജ്ഞവല്ക്യഃ, കാത്യായനഃ, പിതാമഹഃ, യമഃ, വിഷ്ണുഃ, ഉശനാഃ, ഗൌതമഃ, ആപസ്തംബഃ, വിശ്വാമിത്രഃ, ഭരദ്വാജഃ, ബോധായനഃ, ദേവലഃ, ശംഖഃ, ഹാരീതഃ, കാശ്യപഃ, ബൃഹസ്പതിഃ, സംവർത്തകഃ. മനുപാദ്യാ ഋഷീശ്വരന്മാരാൽ സംവാദത്തോടുകൂടി നിർമ്മിതമായ പുസ്തകമിദമൃഷി കല്പിതം ഗ്രന്ഥം. ഈ എഴുതിയിരിക്കുന്ന ഋഷികഠം എല്ലാവരും കൂടിയിരുന്നു കല്പിച്ചുണ്ടാക്കിയ ശ്ലോകങ്ങഠം അത്ഥം കഠിനമാകകൊണ്ടു വ്യ ർ-ാമാണ്ട് ഒരു ശാസ്ത്രിപട്ടരുടെ പക്കൽ പുസ്തകം കൊടുത്തു ഭാഷയായിട്ട് അത്ഥമെഴുതിച്ചു തിരുവനന്തപുരത്തുവച്ചു ശാസ്ത്രികളെ ബഹുമാനിച്ചു വളരെ സമ്മാനവും കൊടുത്ത് അവിടെത്തന്നെ പാർപ്പിക്കയും ചെയ്തു. ഇപ്രകാരമുള്ള പുസ്തകം ലഭിപ്പാൻ ദുർല്ലഭമാകുന്നു. വല്ലവരും വേണമെന്നു ചോദിച്ചാൽ കൊടുത്തയയ്ക്കരുത്. പകർത്തി കൊടുക്കുന്നതല്ലാതെ കൊടുത്താൽ കിട്ടുവാൻ പണി. വളരെ മുഷിഞ്ഞിരുന്ന് എഴുതുകയും എഴുതിക്കയും ചെയ്തിരിക്കുന്നു. കുമാരനല്ലൂർ ഭഗവതി ശരണം."

വ്യ ർ-ാമാണ്ടു് എന്നു് ഇതിൽ നിർദ്ദേശിച്ചിരിക്കുന്നതു കൊല്ലം വ്യ വ്യ ർ-ാമാണ്ടു് ആയിരിക്കണം. കൊല്ലം ൽവ്യൻ-ാമാണ്ടു് വ്യവഹാരമാല ഒന്നുകൂടി വിസ്തരിച്ചു തജ്ജിമചെയ്യുവാൻ മഹാറാണി പാർവ്വതീഭായി തിരുമനസ്സുകൊണ്ടു പ്രസിദ്ധപണ്ഡിതന്മായ പന്തളം സുബ്രഹ്മണ്യശാസ്ത്രികളേയും ചോളദേശം അനന്തരാമശാസ്ത്രികളേയും കല്പിച്ചു നിയമിച്ചതായി പഴയ റിക്കാഡുകളിൽ നിന്നു വെളിവാകുന്നുണ്ടു്. എന്നാൽ അവർ അങ്ങനെ ഒരു തജ്ജിമ തയാറാക്കിയോ എന്നറിവാൻ ലക്ഷ്യങ്ങളൊന്നുമില്ല. അപ്പോഴേക്കു് പാശ്ചാത്യരീതിയിലുള്ള ചട്ടങ്ങഠം ഏർപ്പെടുത്തപ്പെട്ടു പോയതിനാൽ ആ ഉദ്യമം സമ്പൂർണ്ണമാകാതെയിരുന്നിരിക്കുവാനും ഇടയില്ലെന്നില്ല.

വ്യവഹാരമാലയുടെ ഭാഷയിൽ ഒരു ചുരുങ്ങിയ പദ്യവിവർത്തനം ഉള്ളതിന്റെ ഏതാനുംഭാഗങ്ങഠം ഞാൻ കണ്ടിട്ടുണ്ടു്. അതിൽനിന്നു ചില വരികഠം ഗോവിന്ദപ്പിള്ള സമ്പാദികായ്മ

Digitized By Kerala Sahitya Akademi

ക്കാർ അവക്കളുടെ ഭാഷാചരിത്രത്തിൽ ഉദ്ധരിച്ചു കണ്ടിട്ടുണ്ടു.
കുറെവരികൾ ഞാനും താഴെ ഉദ്ധരിച്ചുകൊള്ളട്ടെ.

,,ഗണനാഥനെ വന്ദിച്ചു വാണിമാതാവുതന്നെയും
വ്യവഹാരം സമുദ്ദിശ്യ ഭാഷാരൂപേണ കഥ്യതേ.
ദൂണദാനം തുടങ്ങീട്ടു പതിനെട്ടുവിധം പുരാ
വ്യവഹാരപദം പ്രോക്തം നാരദാദിമുനീശ്വരൈഃ.
ധർമ്മാധർമ്മങ്ങളും കാലദേശവും ജാതികർമ്മവും
രാജബ്രാഹ്മണവാക്യത്താൽ ഗ്രഹിക്കണം വിശേഷതഃ.
ബ്രാഹ്മണപ്രവരന്മാരാൽ സഭാസത്തിലൊരുത്തമൻ
വിവാദിനെയും വിളിച്ചുവം ചോദിക്കേണം നൃപാജ്ഞയാൽ.
"ചിന്തിച്ചുകായ്മമെന്തോന്നുമെന്തുകൊണ്ടു വിവാദവും
അന്തർഗ്ഗതങ്ങളെല്ലാമേ ഹന്ത! സത്യേന ചൊല്ലുവിൻ."
വൃത്താന്തമറിയിക്കുമ്പോൾ വാക്കിന്റെ ഗതിഭേദവും
സ്ഥിതിയും ഭാവവും തഥാ ദൃഷ്ടിചേഷ്ടയുമോക്കണം
സത്യമായ വചസ്സിങ്കൽ യുക്തിചേർത്തു യഥാക്രമം
സത്യംകൈവിട്ട വാക്കെന്നു ചിത്തേ ബോധിച്ചുകൊള്ളുവിൻ.
ശരസ്സിൽ സ്വേദമുണ്ടാകും സ്വരത്തിൽ ഭേദമായ്വരും
കായംമാത്രം വിറച്ചീടും വായിൽ നീരു വറണ്ടുപോം.
സ്ഥിതിക്കിളക്കം കാണീടാ വാടീടും മുഖശോഭയും
അധരത്തെ ഭുജിച്ചീടുമധോദൃഷ്ടികളായ്വരും.
ഉഭയോർവ്വാക്യമീവണ്ണം കേട്ടാൽ വേറേ വിളിച്ചുടൻ
സർവ്വം കേട്ടിട്ടുമെല്ലാമേ വിചാരിച്ചു വിധിക്കണം
പക്ഷഭേദങ്ങളില്ലാതെ സത്യവാക്യമിദം തഥാ
ഉണ്ടെന്നാകിലതൊന്നിച്ചേ സമക്ഷം പറയാവിത്.

* * * * * * *

,,അവസ്ഥകൾ കേട്ടു വിചാര്യ കാര്യം
ചോദിച്ചു പിന്നെപ്പൃഥഗേവ പിൻപു്
മഹീപതീടേ മനവും ധരിച്ചാൽ
വിധിച്ചു കാര്യ്യം പറയാം സമക്ഷം."

* * * * * * *

,,ഗീർവ്വാണഭാഷയിൽ ശാസ്ത്രം സംഗ്രഹിച്ചു പറഞ്ഞവ
മുരുക്കിബ്ഭാഷയാക്കീട്ടു ചൊല്ലുന്നേൻ ഭേദമില്ല കേൾ.
ശബ്ദാർത്ഥതത്ത്വവിജ്ഞാനമില്ലാത്ത ജനമൊക്കവേ
ഭാഷയാമിതിനെത്തന്നെ വിശ്വസിച്ചു നടക്കണം.

Digitized By Kerala Sahitya Akademi

കായ്വീയ്ങ്ങളുണ്ടാകും; ദോഷങ്ങളതിദൂരമേ
പോകു,മെന്നല്ല നന്നാകും; നല്ലതായ്തരുമൊക്കയും.
തന്നെത്താനൊന്നറിഞ്ഞിട്ടു വേണം മറുള്ള ലീലകൾ;
അതിനുത്സാഹമില്ലെങ്കിൽ മൂഢത്വം പോകയില്ല കേൾ
എല്ലാവസ്തുവിനും സാക്ഷിയാരെന്നിഹ ധരിക്കണം;
എല്ലാമീശ്വരനെന്നുള്ളതറിവാനിതു കേൾക്കണം.
പ്രപഞ്ചാദിമനാകുന്ന ഈശ്വരാംശമിതൊക്കവേ
എന്നുള്ളയറിവെപ്പോഴും മാനസത്തിലുറയ്ക്കണം.
ഭ്രമിതന്നുടെ മദ്ധ്യത്തിൽ വസിക്കുന്ന ജനാർദ്ദനൻ
എന്നല്ല ലോകരക്ഷാർത്ഥം പതിനാലിലുമുണ്ടു കേൾ.
നവഖണ്ഡത്തിലും വേറേയോരോ മൂർത്തിവിശേഷവും."

ഇന്നത്തെ നിലയ്ക്ക് ഈ ഗ്രന്ഥത്തിൽ ചിലഭാഗങ്ങൾ അസമഞ്ജസമായി തോന്നുന്നതു സ്വാഭാവികമാണ്. എന്നാൽ ഇതിൽനിന്നു രാജാക്കന്മാരും പ്രജകളും ഗ്രഹിക്കേണ്ടതും രാജ്യത്തിൽ സർവ്വജനീനമായ ഐശ്വര്യത്തിനു പ്രയോജകീഭവിക്കുന്നതുമായ അനേകം സംഗതികൾ ഉണ്ടെന്നുള്ളതും ഇതു വായിക്കുന്നവർക്കു കാണാവുന്നതാണ്. വ്യവഹാരവിഷയത്തിൽ നാം ഇംഗ്ലീഷിൽനിന്നും മറ്റും അനവധിവാക്കുകൾ കടംവാങ്ങിച്ചിട്ടുണ്ടല്ലോ. ഇതിനെല്ലാം നമ്മുടെ പൂർവികന്മാർ എന്തു ചെയ്തിരുന്നുഎന്നു മനസ്സിലാക്കുന്നതിനും ഈ ഗ്രന്ഥം പ്രയോജനപ്പെടാതെയിരിക്കുകയില്ല. സർ ശങ്കരൻനായർ ഈ ഗ്രന്ഥത്തിൽനിന്ന് ഒരു ഭാഗം തന്റെ ഒരു വിധിയിൽ ഒരിക്കൽ ഉദ്ധരിച്ചതായി ഓർമ്മ തോന്നുന്നുണ്ട്. പരേതനായ മദിരാശി ഹൈക്കോടതി ജഡ്ജി. പി. ആർ. സുന്ദരയ്യരും മറ്റും ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന് എന്നെ പലപ്പോഴും നിർബന്ധിച്ചിരുന്നു. ഇപ്പോഴാണ് എനിക്ക് അതിനു സംഗതിവന്നത്.

'വ്യവഹാരമാല'യുടെ നാലു പ്രതികൾ പരിശോധിച്ചാണ ഈ പുസ്തകം ഞാൻ പ്രസിദ്ധപ്പെടുത്തുന്നത്. അവയിൽ ഒന്നു മഹാമഹോപാദ്ധ്യായൻ ഗണപതിശാസ്ത്രികൾ അവർകൾ സമ്പാദിച്ചതും രണ്ടാമത് മുൻപു പ്രസ്താവിച്ച ഗോദവർമ്മൻ ഉണ്ണിത്തിരി അവർകളുടെ പക്കൽനിന്നു സിദ്ധിച്ചതും മൂന്നാമത്തേതും നാലാമത്തേതും എണ്ണയ്ക്കാട്ടുകൊട്ടാരത്തിൽനിന്നു തിരഞ്ഞെടുത്തതുമാണ്. വ്യവഹാരമാല മൂലം മാത്രമടങ്ങിയ ഒരു ഗ്രന്ഥം വലിയ

Digitized By Kerala Sahitya Akademi

കൊട്ടാരം ഗ്രന്ഥപ്പുരയിൽ നിന്നെടുത്തു് അതുമായി പാഠങ്ങൾ ഒത്തുനോക്കുകയുമുണ്ടായിട്ടുണ്ടു്. അതിനും പുറമെ ഗ്രന്ഥങ്ങൾക്കും തമ്മിൽ സാരമായ ചില വ്യത്യാസങ്ങൾ കാണുകയാൽ അതല്ല തഞ്ചിമചെയ്യുവാനുപയോഗിച്ച പാഠമെന്നു ധരിക്കുവാനിടവന്നു.

കൊല്ലം,
൧൧൦ മിഥുനം ൨൫-ാനു. }

എസ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

വിഷയാനുക്രമണിക.

വിഷയം.	പുറം.
വ്യവഹാരദർശനവിധി.	
മംഗലാചരണം	ക
പ്രതിജ്ഞാകരണം	
വ്യവഹാരാരോഹാവരോഹകാലങ്ങൾ	,,
സഭാപ്രവേശം	ഖ
കാര്യവിസ്താരക്രമം	,,
കാര്യദർശനം	ന
അഷ്ടാദശമാർഗ്ഗം	,,
രാജനിഷിദ്ധകാര്യം	,,
വ്യവഹാരശ്രവണോത്തമകാലം	ര
പ്രാഡ്വിവാകധർമ്മം.	
പ്രതിനിധിനിയോജനം	
പ്രതിനിധികാര്യദർശനം	,,
പ്രാഡ്വിവാകനിർവ്വചനം	ങ
പ്രതിനിധിനിഷേധം	,,
സഭാ സഭ്യോപദേശം.	ന
സഭാനിർമ്മാണപ്രകാരം	,,
സഭാസഭ്യചാതുർവിധ്യം	ഒ
സഭാംഗങ്ങൾ	
സഭാപുരുഷവർണ്ണനം	,,
അദ്ധ്യക്ഷാദിധർമ്മം	,,
ഗണകലേഖകധർമ്മം	വ
സഭാപ്രശംസ	
ഗണകലേഖകലക്ഷണം	,,
വണിഗ്ലക്ഷണം	ൻ
സഭ്യലക്ഷണം	,,
വ്യവഹാരവ്യവസ്ഥാഭി	ക ഠ
ദുഷ്ടസഭ്യദണ്ഡം	,,
ബ്രാഹ്മണരുടെ സഭാപ്രവേശനിഷേധം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
സഭ്യാദിയുടെ ശാസ്ത്രാതിക്രമണദോഷം	൫൯
സഭ്യന്മാരുടെ അനൃതദോഷാപാദനാദി	,,
വ്യവഹാരധർമ്മകഥനം	൬൨
സഭാലിലക്ഷണം	,,
ദുഷ്ടസഭ്യനിവാരണം	,,
പ്രാഡ്വിവാകാദിദണ്ഡം	൬൩
സഭ്യസ്ഥാനാനഹ്നമാർ	,,
സഭ്യന്മാരുടെ ധർമ്മം	,,
ജാതിധർമ്മാനുസാരം വ്യവഹാരനിശ്ചയം	൬൪
സത്യമാഹാത്മ്യം	,,
രാജാവിന്റെ അധർമ്മനിവർത്തനം	,,
വ്യവഹാരലക്ഷണം.	൬൫
വ്യവഹാരനിർവ്വചനം	,,
വ്യവഹാരസ്വരൂപം	,,
വ്യവഹാരചതുഷ്പാദം	൬൬
ചതുഷ്പാദസ്ഥാനം	,,
ചതുഷ്പാദസ്ഥാനനിർവ്വചനം	
ചതുർഹ്രീതനിർവ്വചനം	,,
ചതുർവ്യാപിനിർവ്വചനം	,,
ചതുഷ്ക്രിയിനിർവ്വചനം	൬൭
ത്രിയോനിനിർവ്വചനം	
ദ്വ്യഭിയോഗം	,,
ദ്വിപ്രകാരം	,,
ദ്വിഗതി	,,
വ്യവഹാരാഷ്ടാംഗങ്ങൾ	൬൮
അഷ്ടാംഗപദമൂലത്വം	,,
വ്യവഹാരയുക്തവർണ്ണനം	൬൯
വ്യവഹാരവിഷയം	൬൬
വാദിയുടെ വായ്മൊഴിയെഴുതേണ്ടരീതി	,,
അന്യായബോധനപ്രകാരം	൬൯
വാദിപ്രതിവാദികൾ ഒത്തു കൃത്രിമമായി രാജികൊടുത്താലുള്ള ദണ്ഡം	,,
പ്രാഡ്വിവാകന്റെ കക്ഷിയോടുള്ള പ്രഥമപ്രശ്നം	൭൦
പ്രതിവാദിയെ വരുത്തേണ്ട ക്രമം	,,
ആജ്ഞാലംഘകദണ്ഡം	൭൪

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
പക്ഷാഭാസലക്ഷണം.	൫൪
സിദ്ധ്യനഭ്യുപഗമം	,,
സിദ്ധ്യഭ്യുപഗമം	൫൬
വ്യവഹാരസ്വീകരണക്രമം	,,
പക്ഷാഭാസഷഡ്വിധത്വം	,,
ആസേധപ്രകരണം.	൫൭
പ്രതിവാദിയുടെ ആസേധകാലം	൫൭
ആസേധചാതുർവിദ്ധ്യം	൫൮
ആസേധഭേദ്യങ്ങൾ	,,
ആസേധാതിക്രമണദണ്ഡം	,,
അദണ്ഡ്യാസേധലംഘനവിഷയം	,,
അനാസേദ്ധ്യന്മാർ	൫൯
സ്ത്രീകളുടെ ആസേധവിഷയം	൬൦
പുരുഷാന്തരനിയോഗവിധി	,,
പരാജ്ഞവാദിദണ്ഡം	,,
അധികാരപത്രദാനം	൬൫
ആനയനാനഭ്യാനയനം	,,
ഭാഷോത്തരപാദനിരൂപണം.	൬൭
തടവുചാടിപ്പോകുന്നവരുടെ ദണ്ഡം	,,
കാര്യശ്രവണക്രമം	,,
അന്യായമെഴുതേണ്ട രീതി	൬൬
വാദിയുടെ പൂർവപക്ഷചാതുർവിദ്ധ്യം	൬൮
തള്ളേണ്ട ആവലാതി	,,
അവധിദാനം	൬൯
അന്യായം പഞ്ചായിലും ഓലയിലും എഴുതേണ്ട ക്രമം	,,
ബഹുവിധവ്യവഹാരം	,,
അസാദ്ധ്യപക്ഷം	൭൫
വിധിതശോധനക്രമം	,,
അവധികൊടുക്കാൻ പാടില്ലാത്ത ആവലാതി	൭൭
പ്രതിവാദിയുടെ പത്രികാകാലം	,,
പ്രതിവാദിക്കുള്ള അവധി	,,
ചതുർവിധോത്തരങ്ങൾ	൭൮
മിശ്രോത്തരചാതുർവിദ്ധ്യവും തീർപ്പിന്റെ ക്രമവും	൭൯
സത്യാസത്യോത്തരലേഖനാദിവിധി	൮൦
വാദിപ്രതിവാദിനിർണ്ണയാദി	൮൬

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
ഉത്തരാഭാസങ്ങൾ	൪൯
പ്രത്യഭിയോഗനിഷേധം	൪൯
ഉപായചാതുർവിധ്യം	,,
ഉത്തരം പറയാത്ത പ്രതിവാദിയുടെ ദണ്ഡം	,,
ഉത്തരലേഖനാനന്തരം	൪൭
ദൂഷ്യലക്ഷണകഥനം	൪൫
ഹീനപഞ്ചവിധത്വം	൪൯
സന്ധിപ്രകരണം.	,,
സന്ധിസ്വരൂപം	,,
രാജാജ്ഞകൊണ്ടുള്ള സന്ധി	൫൦
ക്രിയാപാദം.	,,
സാധ്യസാധനലക്ഷണം	,,
പ്രമാണം കാണിക്കേണ്ടകാലം	൫൫
സാധ്വസാധുലക്ഷണം	,,
പ്രമാണഭൈവിധ്യം	൫൬
മാനുഷപ്രമാണത്രൈവിധ്യം	
സാക്ഷ്യാദ്യാന്തരവിഭാഗം	,,
ദിവ്യപ്രമാണഗ്രഹണം	൫൯
ദിവ്യപ്രമാണനിഷേധം	,,
കായ്യപരീക്ഷ	൫൯
കായ്യഭൈവിധ്യം	,,
ദിവ്യപ്രമാണസ്വീകരണം	൫൯
സാക്ഷിനിരൂപണം.	,,
വ്യക്തിദർശനം —	,,
സാക്ഷിഭൈവിധ്യം	൫൭
സാക്ഷിനിർവചനം	,,
പ്രകാരാന്തരേണ സാക്ഷിയുടെ ദ്വൈവിധ്യവും, തന്നിർവചനവും	,,
സാക്ഷിസംഖ്യ	൫൦
സാക്ഷ്യർഹന്മാർ	
സാക്ഷിയുടെ കാലനിയമാപേക്ഷത്വം	,,
സാക്ഷിഗ്രഹണം	൫൬
സാക്ഷ്യനർഹന്മാർ	,,
സത്സാക്ഷ്യർഹത	൫൪
ഗ്രഹണം കുറഞ്ഞവരുടെ സാക്ഷിത്വം	
സാക്ഷിപരീക്ഷ	൫൭

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
സാക്ഷ്യസാക്ഷിദോഷവാരകാലം	ന്ന
സാക്ഷിവിസ്താരം	ന്നന്ന
സാക്ഷ്യപവാരബന്ധം	ന്ന
സാക്ഷിവിസ്താരക്രമം	,,
സാക്ഷിക്കാരോട് ചോദിക്കേണ്ടവിധം	ന്വ
കൂടസാക്ഷിദോഷം	ന്ന
വർണ്ണാനന്തരപ്രശ്നം	ഩ ക
അസത്യവിഷയം	ഩ ഖ
സാക്ഷ്യധർമ്മഭേദം	,,
സാക്ഷിമൊഴിപരീക്ഷ	ഩ ന
കൂട്ടസാക്ഷിബന്ധം	ഩ ര
അസത്യദോഷപരിഹാരം	ഩ ഩ
ജയാപജയനിർണ്ണയം	ഩ വ
ലേഖ്യനിരൂപണം.	,,
ലേഖ്യവിഭാഗനിശ്ചനങ്ങൾ	ഩ ൻ
ലേഖ്യലേഖനരീതി	വ ൦
രാജശാസനം	വന
ജയപത്രലേഖനപ്രകാരപ്രമാണം	,,
ലേഖ്യനാശവിഷയം	,,
ലേഖ്യദോഷം	,,
വ്യാജലേഖ്യനിർമ്മാണം	വ ഭ
സന്ദിഗ്ധലേഖ്യനിർണ്ണയം	,,
നിർദ്ദോഷലേഖ്യം	വ ഩ
ലേഖ്യപ്രാധാന്യം	വവ
പ്രമാണാനർഹലേഖ്യം	,,
ഹാനിവരാത്ത ലേഖ്യം	വൻ
ധനപ്രാധാന്യം	ൻ ൦
ധനവിഭാഗം	,,
സപ്തവിധശുദ്ധധനം	,,
സപ്തവിധശബളധനം	,,
സപ്തവിധകൃത്രിമധനം	ൻ ക
പ്രകാരാന്തരേണ ധനവിഭാഗം	,,
ബ്രാഹ്മണന്റെ ശ്രുത്രവൃത്തിനിഷേധാദി	ൻന
അനുഭോഗാനുഭവസിദ്ധി	ൻര
പ്രമാണാഭാവത്തിലും സിദ്ധിക്കുന്ന അനുഭവം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
ശ്രീപുരുഷാനുഭവം	൯൪
ഭോഗാംഗപഞ്ചത്വം	൯൯
ഭക്തിദൈവിധ്യം	൯൭
സ്ഥാവരാസ്ഥിരത്വം	൯൮
ഭോഗോപേക്ഷാദോഷം	൯൯
അന്യഭോഗാപവാദം	൧൦൧
വിച്ഛിന്നഭോഗനിർണ്ണയം	൧൦൨
കോശപാനാദിവിധി.	,,
പ്രമാണം നശിച്ചാലുള്ള കായ്വനിശ്ചയം	൧൦൩
ദിവ്യപ്രമാണനവവിധത്വം	൧൦൪
അസാരകായ്വനിശ്ചയോപായം	൧൦൯
ദിവ്യപ്രമാണപരീക്ഷാനർഹന്മാർ	,,
സത്യം ചെയ്യിയ്ക്കേണ്ട ക്രമം	൧൧൭
കോശപാനകാലാദി	,,
ശുദ്ധാശുദ്ധനിർണ്ണയം	൧൧൯
ഋണാദാനപ്രകരണം.	൧൧൦
ഋണാദാനപദനിർവ്വചനം	,,
വൃദ്ധിവിധി.	൧൧൫
വൃദ്ധിവിധിപക്ഷാന്തരം	,,
ഷഡ്വിധവൃദ്ധി	൧൧൬
പലിശമുടക്കിയാൽ ദ്രവ്യങ്ങൾ കൊടുക്കേണ്ടവിധം	൧൧൮
കുസീദവൃദ്ധി	,,
ബഹുദ്രവ്യങ്ങൾക്ക പലിശമുടക്കിയാലുള്ള വിധി	൧൧൯
വൃദ്ധിപ്രതിഷേധം	൧൨൨
ആധിവിധി.	൧൨൫
ആധിചാതുർവിധ്യം	,,
ആധിഭോഗാധികം	൧൨൯
ഉപേക്ഷാദോഷംകൊണ്ടുള്ള ആധിനാശം	൧൩൦
ആധിമോചനം	൧൩൫
ആധ്യുപേക്ഷാദോഷം	൧൩൮
ആധിനാശം	,,
ആധ്യവകാശക്രമം	൧൩൯
ആധിദൈവിധ്യം	൧൪൨
ബലാനുഭവഭേദം	,,
ഏകവസ്തുദ്വിപുരുഷാനുഭവം	൧൪൭

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
പ്രതിഭുവിധി.	കടവ
പ്രാതിഭാവ്യനിഷേധം	,,
പ്രതിഭുചാതുർവിദ്ധ്യം	കടൻ
പ്രതിഭുസ്ഥാനാനഹ്മാർ	കന ം
പ്രതിഭുസ്ഥാനാഹ്മാർ	,,
ജാമ്യക്കാരനുള്ള അവധി	കനക
ഋണസ്യ ദേയാദേയവിധി.	കനവ
ഋണനിവ്ചനം	,,
ഋണദാനക്രമം	,,
ഋണാദാനം	കനന
പിതാവിന്റെ ദേയവും അദേയവുമായ ഋണം	കനഒ
കടംവീട്ടാതിരുന്നാലുള്ള ദോഷം	കനന്ന
ഗോപാദികളുടെ ഋണംവീട്ടാൻ അഹ്മാർ	കനഴ
ഏഴുവിധം പുനർദ്ദക്കം	,,
സൈരിണീചാതുർവിദ്ധ്യം	കനവ
സൈരിണിയുടെ ഋണം	കനൻ
ഉദ്ഗ്രഹണവിധി	കര ം
ഋണസാധനോപായം	,,
ദരിദ്രനാക്ക് ഋണമോചനത്തിനുള്ള ഉപായം	കരക
ഋണിപീഡകദണ്ഡം	കരവ
ഋണികദ്രവ്യവിക്രയം	കരന
ജയപരാജയവിധി	കരര
ഋണാദാനം	കര ഒ
ഒരുത്തനെക്കൊണ്ടു പലർ ആവലാതിവച്ചാൽ തീർപ്പി ക്കേണ്ട ക്രമം	,,
ബ്രാഹ്മണന്റെ കടം	കരന്ന
കടം ഒന്നിച്ചുവീട്ടാൻ മുതലില്ലാത്തവനെക്കൊണ്ടു വീടി ക്കേണ്ട ക്രമം	കര ഴ
നിക്ഷേപലക്ഷണം	കരവ
ന്യാസലക്ഷണം	,,
ഉപനിധിലക്ഷണം	,,
യാചിതലക്ഷണം	കര ൻ
അന്വാഹിതലക്ഷണം	,,
നിക്ഷേപം സൂക്ഷിക്കുവാൻ അഹ്മാർ	,,
നിക്ഷേപപ്രൊവിദ്ധ്യം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം
നിക്ഷേപരക്ഷണം	ക്ഷ൯
ന്യാസരക്ഷാഫലം	ക്ഷ൦
ന്യാസഭക്ഷണോപേക്ഷാദോഷം	
ദോഷാനഹ്നാശവിധം	,,
നിക്ഷേപാനപ്പുകദണ്ഡം	ക്ഷ൨
അനപ്പുകയാചനാദണ്ഡം	
രഹോദത്തനിക്ഷേപവിഷയം	
പ്രീതിന്യാസം	ക്ഷ൩
അസ്വാമിവിക്രയപ്രകരണം.	ക്ഷ൪
അസ്വാമിവിക്രയസ്വരൂപം	
അസ്വാമിവിക്രയദണ്ഡം	ക്ഷ൫
അസ്വാമിവിക്രയനൈഷ്ഫല്യം	,,
അനർഘ്യരത്നസ്വർണ്ണാദികളുടെ ബഹുമൂല്യവിധാ	ക്ഷ൭
സംഭൂയസമുത്ഥാനപ്രകരണം.	ക്ഷ൯
സംഭൂയസമുത്ഥാനസ്വരൂപം	,,
വാണിജ്യാദ്യനഹ്നാർ	ക്ഷ൰
വാണിജ്യാദ്യഹ്നാർ	,,
ശുല്കാശുല്കനിശ്ചയം	ക്ഷ൱
രക്ഷണാംശദാനം	ക്ഷ൱൦
രാജാംശം	ക്ഷ൱൨
അസ്വാമിധനാവകാശക്രമം	,,
ദക്ഷിണാംശകല്പനം	,,
കർഷകവിധാനം	ക്ഷ൱൫
വജ്ര്യക്ഷേത്രലക്ഷണം	
അവജ്ര്യക്ഷേത്രലക്ഷണം	
വജ്ര്യവൃക്ഷാദിലക്ഷണം	,,
സംഭൂയശില്പം	ക്ഷ൱൮
ശില്പിചാതുർവിധ്യം	,,
ശില്പിമുഖ്യകാംശം	
നർത്തകാംശം	ക്ഷ൱൯
പരരാഷ്ട്രോപഹൃതദ്രവ്യാംശം	,,
ദത്താപ്രദാനികപ്രകരണം.	ക്ഷ൱൬
ദത്താപ്രദാനികസ്വരൂപം	,,
ചതുർവിധദാനമാർഗ്ഗം	,,
ഭേദാഭേദവിമർശം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
അദേയലക്ഷണം	ക്കന്നൂ
ദേയലക്ഷണം	ക്കന്നൂ
ധർമ്മദാനവിധി	,,
സർവ്വസ്വദാനം	,,
സപ്തവിധദത്തലക്ഷണം	ക്കന്നൂവ
വാശാനലംഘകദണ്ഡം	ക്കന്നൻ
വാശാനലംഘനദോഷം	,,
ഉൽകോചദണ്ഡം	ക്കന്നക
ഉൽകോചവിഷയത്തിൽ മദ്ധ്യസ്ഥദണ്ഡം	ക്കന്നന
അദേയദാനം ചെയ്യുന്നവനും സ്വീകരിക്കുന്നവനുമുള്ള ദണ്ഡം	ക്കന്നര
അഭ്യുപേത്യാശുശ്രൂഷാപ്രകരണം.	,,
അഭ്യുപേത്യാശുശ്രൂഷാസ്വരൂപം	,,
ശുശ്രൂഷകഭേദം	ക്കന്നഒ
ശിഷ്യലക്ഷണം	,,
ശിഷ്യധർമ്മം	,,
ആചാര്യധർമ്മം	ക്കന്നന
ആചാര്യദണ്ഡവും ത്യാഗവും	,,
അന്തേവാസിനിവർത്തനം	ക്കന്നഒ
മൃതകവിഭാഗം	,,
ഭാഗമൃതകത്തൈവിധ്യം	ക്കന്നവ
അധികർമ്മകരലക്ഷണം	,,
ശുശ്രൂഷകർമ്മലക്ഷണം	ക്കന്നൻ
പതിനഞ്ചുവിധം ദാസന്മാരുടെ ലക്ഷണം	ക്കവം
ദാസ്യനിവൃത്തി	ക്കവക
ദാസീദാസ്യമോചനം	ക്കവട
ദാസീസുതദാസ്യം	,,
ദാസ്യമോചനം	ക്കവന
ദാസ്യമോചനവിധി	,,
ദാസഭോഗ്യാദാസ്യം	,,
ധാത്രീഭോഗദണ്ഡം	ക്കവര
ദാസീവിക്രയം	ക്കവഒ
ഗോശ്വാദിപ്രജാവകാശം	,,
ക്ഷേത്രിഫലഭാഗം	ക്കവന
ബീജിക്ഷേത്രികഫലഭാഗം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
വിപ്രലാസ്യം	ക വ്വന്നു
ദാസ്യനിഷേധം	,,
ശ്രുതിദാസ്യം	ക ൟ ൭
വേതനാനപാകമ്മപ്രകരണം.	,,
വേതനാനപാകമ്മസ്വരൂപം	,,
വേതനദാനകാലം	ക വ്വ വ
കൂലി നിശ്ചയിക്കാതെ വേലയെടുപ്പിച്ചാൽ പിന്നെ കൂലി കൊടുക്കേണ്ടും ക്രമം	,,
കൂലിവാങ്ങിച്ചു വേലചെയ്യാത്തവനുള്ള ദണ്ഡം	ക വ്വൻ
വേലക്കാരന്റെ ഉപേക്ഷാദോഷത്തിനുള്ള ദണ്ഡം	ക ൻ ൦
വേശ്യാനുഭോഗം	ക ൻ ക
അക്രമാനുഭോഗദണ്ഡം	ക ൻ വ
കൂടിയിരിപ്പുകാരന്റെ സാമാന്ങ്ങളുടെ അവകാശം	ക ൻ ന
സ്വാമിപാലവിവാദപ്രകരണം.	ക ൻ ൪
സ്വാമിപാലവിവാദസ്വരൂപം	,,
പശുപാലവേതനം	,,
പശുപാലധർമ്മം	,,
പശുപാലോപേക്ഷാദോഷദണ്ഡം	ക ൻ ന്ന
പശു മരിച്ചാൽ പശുപാലൻ ചെയ്യേണ്ടതു്	ക ൻ വ
മേച്ചിൽസ്ഥലം	,,
വൃതി	ക ൻ ൻ
ഒരുത്തന്റെ നിലത്തിൽ മറ്റൊരുത്തന്റെ പശു കയറി വിളവുനശിപ്പിച്ചാൽ അവനുള്ള ദണ്ഡം	വ ൦ ൦
പശുപാലസ്വാമിദണ്ഡം	വ ൦ ക
അദണ്ഡ്യപശുലക്ഷണം	,,
സമയാനപാകമ്മപ്രകരണം.	വ ൦ വ
സമയക്രിയ	,,
ഗ്രാമശ്രേണീഗണനിശ്ചയം	വ ൦ ന
കായ്ച്ചിന്തനാനഹ്നമാർ	,,
രാജശാസനാചരണം	വ ൦ ര
രാജശാസനോല്ലംഘകദണ്ഡം	,,
ഗണദ്രവ്യഹാരകദണ്ഡം	,,
മിതഭേദകദണ്ഡം	വ ൦ ൽ
സമയലംഘകബ്രാഹ്മണദണ്ഡം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
നിവ്വാസ്യന്മാർ	൨൦൪
പങ്ക്തിഭോജനനിഷേധം	൨൦൬
പ്രമാണികർത്തൃകളണ്ഡം	,,
പ്രമാണികളുടെ രക്ഷാശിക്ഷകൾക്കുള്ള രാജാവിന്റെ അനുമതി	,,
കുറ്റം ചെയ്യുന്ന പ്രമാണികൾക്കുള്ള ശിക്ഷ	൨൦൭
സമൂഹവിവാദം	,,
സമൂഹസമ്മാനം	,,
സമൂഹത്തിലെ കടം	൨൦൮
സമൂഹധനാപഹാരകളണ്ഡം	,,
വിക്രീയാസമ്പ്രദാനപ്രകരണം.	൨൦൯
വിക്രീയാസമ്പ്രദാനസ്വരൂപം	,,
ദ്രവ്യമൈവിധ്യം	,,
പണ്യലക്ഷണം	,,
ഷഡ്വിധപണ്യലക്ഷണം	,,
വിറ്റവസ്തു വാങ്ങിച്ചവൻ കൊടുക്കാതിരുന്നാലുള്ള ദണ്ഡം	൨൧൦
സ്വദേശപരദേശപണ്യലാഭം	൨൧൨
ദത്തമൂല്യപണ്യവിധി	,,
വാജിച്ചരക്ക കൊടുക്കുന്നതും വാങ്ങുന്നതും	൨൧൩
ക്രീതാനുശയപ്രകരണം.	൨൧൪
ക്രീതാനുശയസ്വരൂപം	,,
വിലകൊടുത്തു വാങ്ങിയ ചരക്ക തിരിയെ കൊടുക്കുന്നതി നുള്ള വിധി	,,
പണ്യപരീക്ഷ	൨൧൫
വാങ്ങിയ ചരക്ക സമ്മതമല്ലെങ്കിൽ തിരിയെ കൊടുക്കേണ്ട അവധി	൨൧൬
വിക്രിയാനർഹപണ്യം	,,
ഉപഭോഗജീർണ്ണവസ്തുമൂല്യവിധി	൨൧൭
വിലകൊടുത്തുവാങ്ങിയ ചരക്ക തിരിയെ കൊടുക്കുമ്പോൾ ഉള്ള വിലക്കുറവ്	൨൧൮
പണ്യാദിമൂല്യകല്പനാവിധി	,,
പരിവർത്തനം	൨൧൯
വിനിമയം	,,
ക്രയം	,,
സീമാവിവാദപ്രകരണം.	,,
ഷഡ്വിധഭൂവാദഹേതുക്കൾ	,,
സീമാപ്രകാശചിഹ്നം	,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
ദണ്ഡപാരുഷ്യപ്രകരണം.	൨൯൮
ദണ്ഡപാരുഷ്യസ്വരൂപം	,,
ദണ്ഡപാരുഷ്യത്തെവിധ്യം	൨൯൯
ത്രിവിധദ്രവ്യാതിക്രമണദണ്ഡം	,,
സമോൽകൃഷ്ടജാതികഠം ദണ്ഡപാരുഷ്യം ചെയ്താലത്തെ ദണ്ഡം	,,
അശ്രുലദ്രവ്യം ശരീരത്തിൽ ഇട്ടവനു ദണ്ഡം	൨൰൦
ഹസ്തോദ്ഗോരണദണ്ഡം	,,
താഡനദണ്ഡം	,,
കണ്ണാടിച്ചേർക്കരനദണ്ഡം	൨൰൨
മനുഷ്യപശുതാഡനദണ്ഡം	,,
ബ്രാഹ്മണാപരാധകേതരജാതിദണ്ഡം	,,
ബ്രാഹ്മണാപരാധകശ്രോത്രിയദണ്ഡം	,,
രാജാപരാധകദണ്ഡം	൨൰൩
ഉൽകൃഷ്ടാപരാധകാന്ത്യജദണ്ഡം	,,
ഉൽകൃഷ്ടന്മാരോട് ഒരുമിച്ചിരിക്കുന്ന അപകൃഷ്ടന്മാരുടെ ദണ്ഡം-	,,
അന്യദേഹത്തിൽ നിഷ്ഠിവനാദി ചെയ്യുന്നവന്റെ ദണ്ഡം	,,
അംഗാവപീഡനദണ്ഡം	,,
കുറ്റം ചെയ്യുന്ന ഭാര്യാദിബന്ധുക്കളുടെ ദണ്ഡം	൨൰൪
പുത്രാദ്യപരാധത്തിൽ പിത്രാദിദോഷവിഷയം	,,
ശ്രുഷവധകർത്തൃനിർണ്ണയോപായം	൨൰൬
അന്യോന്യം ദണ്ഡംചെയ്യുന്നവരുടെ ദണ്ഡം	,,
താഡനദണ്ഡാഹ്മാർ	൨൰൭
അജാതിതാഡനദണ്ഡം	,,
മൃഗപക്ഷിവധദണ്ഡം	൨൰൭
ഉപജീവ്യവൃക്ഷവ ഛേദകദണ്ഡം	൨൰൮
പ്രതിലോമാനുലോമവാക്പാരുഷ്യദണ്ഡം	൨൰൯
സ്തേയപ്രകരണം.	൨൩൦
സാഹസസ്വരൂപം	,,
സ്തേയസ്വരൂപം	,,
ദ്രവ്യസാഹസത്തെവിധ്യം	൨൩൧
ത്രിവിധതസ്കരലക്ഷണം	,,
നവവിധചോരന്മാർ	൨൩൨
ചോരന്മാരെ പിടിക്കാനുള്ള ഉപായം	,,
ചോരദണ്ഡം	൨൩൩
ചോരവണിഗ്ദണ്ഡം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
നിവ്വാസ്യന്മാർ	൨൦൪
പങ്ക്തിഭോജനനിഷേധം	൨൦൬
പ്രമാണികർത്തൃകദണ്ഡം	,,
പ്രമാണികളുടെ രക്ഷാശിക്ഷകഠംക്കുള്ള രാജാവിന്റെ അനുമതി	,,
കുറ്റം ചെയ്യുന്ന പ്രമാണികഠംക്കുള്ള ശിക്ഷ	൨൦൭
സമൂഹവിവാദം	,,
സമൂഹസമ്മാനം	,,
സമൂഹത്തിലെ കടം	൨൦൮
സമൂഹധനാപഹാരകദണ്ഡം	,,
വിക്രീയാസമ്പ്രദാനപ്രകരണം.	൨൦൯
വിക്രീയാസമ്പ്രദാനസ്വരൂപം	,,
ദ്രവ്യദൈവിധ്യം	,,
പണ്യലക്ഷണം	,,
ഷഡ്വിധപണ്യലക്ഷണം	,,
വിറ്റവസ്തു വാങ്ങിച്ചവൻ കൊടുക്കാതിരുന്നാലുള്ള ദണ്ഡം	൨൧൦
സ്വദേശപരദേശപണ്യലാഭം	൨൧൨
ഉത്തമമൂല്യപണ്യവിധി	,,
വാങ്ങിച്ചരക്കു കൊടുക്കുന്നതും വാങ്ങുന്നതും	൨൧൫
ക്രീതാനുശയപ്രകരണം.	൨൧൪
ക്രീതാനുശയസ്വരൂപം	,,
വിലകൊടുത്തു വാങ്ങിയ ചരക്കു തിരിയെ കൊടുക്കുന്നതിനുള്ള വിധി	,,
പണ്യപരീക്ഷ	൨൧൬
വാങ്ങിയ ചരക്കു സമ്മതമല്ലെങ്കിൽ തിരിയെ കൊടുക്കേണ്ട അവധി	൨൧൭
വിക്രിയാനർഹപണ്യം	,,
ഉപഭോഗജീർണ്ണവസ്തുമൂല്യവിധി	൨൧൯
വിലകൊടുത്തുവാങ്ങിയ ചരക്കു തിരിയെ കൊടുക്കുമ്പോഠം ഉള്ള വിലക്കുറവ്	൨൨൫
പണ്യാദിമൂല്യകല്പനാവിധി	,,
പരിവർത്തനം	൨൨൯
വിനിമയം	,,
ക്രയം	,,
സീമാവിവാദപ്രകരണം.	,,
ഷഡ്വിധഭൂവാദഹേതുക്കഠം	,,
സീമാപ്രകാശചിഹ്നം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം
കൂട്ടുചേർത്തു ദ്രവ്യം വിൽക്കുന്നവന്റെ ദണ്ഡം	൨൫൪
ചുങ്കസ്ഥലത്തു വ്യാജം കാണിക്കുന്നവനു ദണ്ഡം	,,
ചുങ്കവിഷയം	,,
ദ്വൈധ്യവിഷയം	,,
മിഥ്യാവൈധ്യദണ്ഡം	൨൫൫
സ്വർണ്ണം മാംസം ഇവ വ്യാജമായി വിൽക്കുന്നവനു ദണ്ഡം	,,
രജകദോഷവിഷയം	,,
ചങ്ങാടിദ്രവ്യം ചേർത്തുവിൽക്കുന്നവനു ദണ്ഡം	,,
അന്യായം പ്രവർത്തിക്കുന്ന തട്ടാന്റെ ദണ്ഡം	൨൫൬
ലോഹപരീക്ഷ	,,
ലോഹാദിക്ഷയവൃദ്ധി	൨൫൭
സന്ധിഭേദകദണ്ഡം	൨൫൮
പുരുഷസ്ത്രീരത്നാപഹരണദണ്ഡം	൨൫൯
പാനഭക്ഷ്യാപഹരണദണ്ഡം	,,
രാജകോശാപഹരണദണ്ഡം	,,
അശ്വാപജപ്തുദണ്ഡം	,,
ഗോഹർത്തുദണ്ഡം	൨൬൦
ബന്ദിഹാരകദണ്ഡം	,,
ഉൽക്ഷേപകഗ്രന്ഥിഭേദകദണ്ഡം	,,
ധാന്യാപഹാരകദണ്ഡം	,,
തൂക്കി തിട്ടമറിയുന്ന ദ്രവ്യത്തെ അപഹരിക്കുന്നവന്റെ ദണ്ഡം	൨൬൧
പൂതധാന്യാദി അപഹരിക്കുന്നവനു ദണ്ഡം	,,
പ്രപാഭേദകദണ്ഡം	,,
ത്രിവിധദ്രവ്യഹരണദണ്ഡം	൨൬൨
സദ്വൃത്തതസ്കരദണ്ഡം	,,
ബ്രാഹ്മണാബ്രാഹ്മണചോരദണ്ഡവിധി	,,
ഹോഡവിഷയം	൨൬൩
പശ്വാദിമുതലായവയെ മോഷ്ടിച്ചാൽ കള്ളനെ കണ്ടുപിടിക്കാൻ മാർഗ്ഗം	,,
ചോരാന്വേഷണമാർഗ്ഗം	,,
ചോരസഹായകദണ്ഡം	൨൬൪
മുഷ്ടിദ്രവ്യം വാങ്ങിക്കയും മറവു ചെയ്യുന്നവരുടെ ദണ്ഡം	൨൬൫
ചോരസമന്മാർ	,,
ജാതിക്രമം അനുസരിച്ചുള്ള ചോരദണ്ഡം	,,
ഗ്രാമനഗരരക്ഷണം	൨൬൬

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
രക്ഷകാരക്ഷകരാജവിഷയം	൨൩൭
പ്രണഷ്ടസ്വാമികദ്രവ്യം	,,
പ്രണഷ്ടാധിഗതദ്രവ്യമാനം	൨൩൮
ചോരസ്വാമികണ്ഡം	,,
ചോരവധം	൨൩൯
ചോരോപവാദം	,,
അഹത്വാദ്രവ്യവിഷയം	൨൪൫
ബ്രാഹ്മണരക്ഷണം	,,
സാഹസപ്രകരണം.	൨൪൨
സാഹസവിഭാഗം	,,
സാഹസസ്വരൂപം	,,
സാഹസത്രൈവിധ്യം.	,,
സാഹസകണ്ഡം	൨൪൩
അപതിതത്യാഗികണ്ഡം	
ദ്രവ്യഹിംസയിൽ ചെയ്യേണ്ടത്	൨൪൪
വിപ്രദൂഷകപ്രായശ്ചിത്തം	,,
സംക്രമധ്വജാദിഭേദകണ്ഡം	,,
പ്രാകാരാദിഭേദകണ്ഡം	൨൪൫
തടാകഭേദകണ്ഡം	,,
വിഷാഗ്നിദാദിയുടെ കണ്ഡം	,,
ക്ഷേത്രാദിദാഹകണ്ഡം	,,
ഗർഭപാതനകണ്ഡം	൨൪൬
സാഹസികന്മാരുടെ അമോക്ഷവ്രതം	,,
ബ്രാഹ്മണഘാതകക്ഷത്രിയാദികണ്ഡം	,,
ഘാതകകണ്ഡം	൨൪൭
ബ്രാഹ്മണാവധ്യത്വം	,,
ബ്രാഹ്മണകണ്ഡം	,,
ബ്രാഹ്മണന്റെ ശരീരകണ്ഡനിഷേധം	,,
ഘാതകജ്ഞാനോപായം	൨൪൮
ഘാതകന്റെ ശ്രുധാശ്രുധത്വനിർണ്ണയം	
ബ്രാഹ്മണന്റെ ആയുധഗ്രഹണകാലം	൨൪൯
ആതതായിവിഷയം	,,
ആതതായിവധാർഹത്വം	,,
ആത്മത്രാണം ചെയ്തവന്റെ ദോഷം	൨൫൦
ശ്രോത്രിയാതതായിവധനിഷേധാദി	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
സ്ത്രീസംഗ്രഹണപ്രകരണം.	൨൮൦
സ്ത്രീസംഗ്രഹണസ്വരൂപം	൨൮൧
സ്ത്രീസംഗ്രഹണവിഭാഗവും തന്നിരൂപണവും	
സംഗ്രഹണദണ്ഡം	൨൮൨
ഭിക്ഷുകാദികളുടെ പരസ്ത്രീസംഭാഷണാഹ്ഥത്വം	൨൮൩
നിഷേധിക്കപ്പെട്ടിരിക്കുമ്പോൾ പരസ്ത്രീസംഭാഷണത്തിൽ ദണ്ഡം	,,
പരദാരാഭിമർശദണ്ഡം	
ക്ഷത്രിയാദിയുടെ പ്രാണാന്തദണ്ഡം	൨൮൪
അബ്രാഹ്മണസംഗ്രഹണദണ്ഡം	
സമജാതിസംഗ്രഹണദണ്ഡം	,,
ഗുരുതല്പഗസ്വരൂപവും ദണ്ഡവും	൨൮൫
പ്രാതിലോമ്യേനയുള്ള സ്ത്രീഗമനത്തിൽ ക്ഷത്രിയാദികളുടെ ദണ്ഡം	,,
ധർമ്മലംഘനദണ്ഡം	൨൮൬
ദായവിഭാഗപ്രകരണം.	൨൮൭
അവിഭാജ്യദ്രവ്യസ്വരൂപം	
വിഭാഗനലക്ഷണം	൨൮൮
വിഭാജ്യദ്രവ്യസ്വരൂപം	൨൯൦
സ്ത്രീധനം	൨൯൨
ഭിക്ഷുകന്യാദാനദണ്ഡം	,,
അഭിക്ഷുകന്യാത്യാഗദൂഷണദണ്ഡം	,,
സ്ത്രീകളെ രക്ഷിക്കേണ്ടവിധം	,,
സ്ത്രീരക്ഷ	൨൯൮
ഭർത്താവിനെ പ്രാപിക്കാത്ത ഋതുസ്നാതയുടെ ദണ്ഡം	,,
പരിത്യാജ്യസ്ത്രീലക്ഷണം	,,
ഭിക്ഷുഭാര്യയെ രക്ഷിക്കേണ്ടക്രമം	൨൯൯
കുലസ്ത്രീധനം	,,
കുലസ്ത്രീദോഷം	,,
പ്രോഷിതഭർത്തൃകാധനം	,,
സതീധനം	൩൦൪
അഗ്നിപ്രവേശവിധി	,,
ദായഭാഗസ്വരൂപം	൩൦൫
ഭാഗകാലം	,,
സഹവാസപൃഥഗ്വാസവിഷയം	൩൦൯
മരണം	൩൧൨
ഭാഗത്തിൽ സ്ത്രീകളുടെ അംശം	,,

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
ഭോഗാനർഹപിതൃവിഷയം	൨൯൮
പിതാവിന്റെ ഭോഗസ്വാതന്ത്ര്യം	൨൯൯
അവിഭാജ്യപിതൃധനസ്വരൂപം	൩൦൦
ജ്യേഷ്ഠപുത്രവൈശിഷ്ട്യം	,,
ജ്യേഷ്ഠധർമ്മം	൩൦൪
ജ്യേഷ്ഠാദിപുത്രാംശം	
യമപുത്രജ്യേഷ്ഠതാനിർണ്ണയം	,,
പിതൃമരണാനന്തരമുള്ള വിഭാഗക്രമം	൩൦൬
അനേകപിതൃകന്മാരുടെ ദായകല്പന	൩൦൯
അവിഭക്തന്മാരായിരിക്കുന്ന സഹോദരന്മാരിൽ ഒരാൾ മരിച്ചാലുള്ള ഭോഗവിധം	,,
സഹവാസകഭ്രാതൃജായവിഭാഗം	,,
ഭാഗം ആഗ്രഹിക്കാത്ത പുത്രന്റെ അംശം	൩൧൪
പതിതഭാഗവിഷയം	,,
ഭാഗാനർഹപുത്രവിഷയം	൩൧൫
ഷഷ്ഠപുത്രനിന്ദനം	,,
ഭാഗത്തിന് അർഹതയില്ലാത്തവർ	൩൧൭
അസംസ്കൃതഭ്രാതൃസംസ്കാരകരണം	,,
അസംസ്കൃതഭഗിനീസംസ്കാരകരണം	൩൧൯
കന്യകാംശവിധം	,,
കന്യകാലങ്കാരാദിവിഷയം	൩൨൫
ദായാദഭോഗം	,,
പിതാവിന്റെ ഋണവിഷയം	,,
പിതാവിന്റെ ശ്രാദ്ധാദികർമ്മങ്ങളുള്ള ദ്രവ്യം	,,
അവിഭാജ്യപിതൃദ്രവ്യം	൩൨൯
വിനീതവിദ്യാദ്രവ്യഭോഗം	,,
ഭാഗത്തിൽ സഹോദരന്മാരെ വഞ്ചിക്കുന്നവനുള്ള ദണ്ഡം	,,
ഷഡ്വിധസ്ത്രീധനം	
അദ്ധ്യഗ്നിലക്ഷണം	൩൩൦
അദ്ധ്യാഹവനികലക്ഷണം	,,
പ്രീതിദത്തലക്ഷണം	,,
സൗദായികലക്ഷണം	,,
അനാധ്യേയലക്ഷണം	൩൩൫
ശുൽക്കലക്ഷണം	,,
സ്ത്രീയുടെ മരണത്തിനശേഷം ഭർത്തൃദത്ത സ്ത്രീധനത്തിനുള്ള അവകാശം	?

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
സ്ത്രീധനസ്വാതന്ത്ര്യം	൩൫൫
സ്ത്രീധനാപഹാരകണ്ഡം	൩൫൬
സ്ത്രീധനം ഭർത്താവെടുക്കുന്നതിനുള്ള വിധി	
സ്ത്രീധനാനഹ്സ്ത്രീവിഷയം	,,
അപ്രജസ്ത്രീമരണത്തിൽ സ്ത്രീധനത്തിന്റെ അവകാശക്രമം	൩൫൩
അഷ്ടവിധവിവാഹം	,,
സ്ത്രീധനത്തിന്ന് ഉടയവർ മരിച്ചാൽ പിന്നീട് ആ സ്ത്രീധനത്തിന്റെ അവകാശം	൩൫൪
മരിച്ചുപോയ മാതാവിന്റെ സ്ത്രീധനത്തിൽ പുത്രിക്കുള്ള അവകാശം	൩൫൫
അസവർണ്ണപത്നികൾക്കു സന്തതിയില്ലെങ്കിൽ സ്ത്രീധനത്തിന്റെ അവകാശം	,,
വിവാഹം നിശ്ചയിച്ചിട്ടു കന്യകയെ കൊടുക്കാത്തവനുള്ള ദണ്ഡം	൩൫൭
മൃതകന്യകയുടെ രിക്ഥാവകാശം	,,
ഗൌണമാതൃവിഷയം	,,
ഗൌണമാതാക്കളുടെ അവകാശവിഷയം	,,
ഭോഗത്തിന്ന ശേഷമുള്ള പൊളുതലിന്റെ ഭാഗം	൩൫൯
ഭോഗത്തിൽ കാണിക്കാതെ വഞ്ചിച്ച് ഒളിക്കിയിരിക്കുന്ന ദ്രവ്യത്തിന്റെ ഭാഗം	,,
ഔരസപുത്രലക്ഷണം	,,
ദത്തപുത്രലക്ഷണം	൩൬൫
ദത്തപുത്രവിഷയം	,,
സഹോദരപുത്രപിണ്ഡകർത്തൃത്വം	൩൬൯
പുത്രപ്രശംസ	,,
ദുഷ്പുത്രനിന്ദ	൩൬൭
ഭോഗത്തിന്ന ശേഷം മരിച്ച ഭായാദന്മാരുടെ ധനത്തിനുള്ള അവകാശം	,,
പത്നീപ്രശംസ	൩൬൮
ഭർത്താവിന്റെ ധനത്തിന്ന ഭോഗ്യയില്ലെങ്കിൽ അനുഭവയായിരിക്കുന്ന പുത്രിക്കുള്ള അവകാശം	,,
പിതൃധനത്തിന്ന പുത്രിക്കുള്ള അവകാശം	൩൭൫
പുത്രീപ്രശംസ	,,
പുത്രപൌത്രഹീനധനാവകാശം	,,
അപുത്രദായം	,,
പുത്രഹീനനായിട്ടുള്ളവൻ മരിച്ചാൽ അവന്റെ ധനമെടുക്കുന്നതിനുള്ള അവകാശം	൩൭൬

Digitized By Kerala Sahitya Akademi

വിഷയം.	പുറം.
വാനപ്രസ്ഥാശിരിക്രമഭോഗം	നഠ ൪
സഹോദരന്മാർ ഭാഗത്തിനശേഷം ധനം ഒന്നിച്ചു ചേർത്തു പിന്നെ ഭാഗിച്ചാലുള്ള അവകാശം	,,
ലോപാനഹ്ഭാഗവിഷയം	,,
സംസൃഷ്ടന്മാരായിരിക്കുന്ന സഹോദരന്മാരിൽ ഒരാൾ പ്രത്യേകം സമ്പാദിച്ച ധനം വീണ്ടും ഭാഗിക്കേണ്ടുന്ന വിധം	നഠന്യ
അപ്രജഭ്രാതൃമരണസന്ന്യാസാദിയിൽ തദ്ധനാവകാശം	,,
സംസൃഷ്ടവിഷയം	നഠ ൭
വിഭാഗധർമ്മസന്ദേഹത്തിൽ നിശ്ചയം	നഠ ൱
സാക്ഷിയായിരിക്കേണ്ട വിക്രേതൃഭ്രാതാക്കൾ	,,
വിക്രേതൃഭ്രാതൃലക്ഷണം	,,
വിക്രേതൃത്വബോധകക്രിയകൾ	,,
സ്വേച്ഛാകൃതവിഭാഗവിസംവാദത്തിനു പ്രായശ്ചിത്തം	നഠ൯
ദ്യൂതസമാഹ്വയപ്രകരണം.	,,
ദ്യൂതസമാഹ്വയസ്വരൂപം	,,
ദ്യൂതലക്ഷണം	നനഠ
ദ്യൂതസമാഹ്വയകാരുണ്ഡം	,,
ദ്വിജലിംഗിശ്രുദ്ധണ്ഡം	,,
രാജാനുമതിയോടുകൂടിയ ദ്യൂതസമാഹ്വയം	,,
ജയാപജയധനദാനവിഷയം	,,
പരസ്യദ്യൂതവിധം	നനക
കൂടാക്ഷനിവ്വാസനം	,,
പ്രാണിദ്യൂതസമാഹ്വയവിധി	നനഛ
പ്രകീർണ്ണകപ്രകരണം.	,,
പ്രകീർണ്ണകസ്വരൂപം	,,
വർണ്ണാശ്രമധർമ്മസ്ഥിതി	നനന
രാജാവിന്റെ പഞ്ചസ്വരൂപം	നനര
അഗ്നിസ്വരൂപലക്ഷണം	,,
ഇന്ദ്രസ്വരൂപലക്ഷണം	,,
സോമസ്വരൂപലക്ഷണം	,,
യമസ്വരൂപലക്ഷണം	,,
ധനദസ്വരൂപലക്ഷണം	,,
രാജാജ്ഞാനവർത്തനം	നന൫

Digitized By Kerala Sahitya Akademi

വിഷയം,	പുറം.
വർണ്ണാശ്രമധർമ്മസ്ഥാപനം	നമ്പ 8
ക്ഷത്രിയാദിവർണ്ണങ്ങളുടെ ബ്രാഹ്മണാനുസരണം	,,
ബന്ധകർത്തൃവിഷയം	നമ്പന്ത
ബന്ധ്യബന്ധനം	,,
അബന്ധ്യന്മാർ	,,
വാഗത്ഥവധബന്ധബന്ധ്യന്മാർ	നമ്പ ഒ
ചതുർവിധദമം	,,
ബന്ധപ്രയോഗം	,,
ബന്ധ്യസ്ഥാനം	നമ്പ വ
ബ്രാഹ്മണാബന്ധ്യത്വം	,,
മഹാപാതകലക്ഷണം	നമ്പൻ
ചതുർവിധമഹാപാതകം	,,
മഹാപാതകിബന്ധം	,,
മഹാപാതകിത്യാഗം	,,
അപരാധിബ്രാഹ്മണബന്ധം	നമ്പ ം
ബ്രാഹ്മണാപരാധബന്ധസ്വഭാവം	,,
ബന്ധപ്രശംസ	നമ്പ ക
ബന്ധധാരണം	,,
ബന്ധ്യബന്ധനഫലം	,,
അബന്ധ്യബന്ധനദോഷം	,,
രാജമാഗ്ഗുഷ്കബന്ധം	നമ്പ ഛ
സദ്വൃത്താബന്ധനം	,,
ദ്വിവിധബന്ധം	,,
ദ്വിവിധബന്ധലക്ഷണം	നമ്പ ന
ദരിദ്രസമ്പന്നബന്ധഭേദം	,,
ദാസബന്ധനം	,,
ആയുധോപജീവ്യാദിബന്ധം	,,
നിഷ്ക്രയബന്ധനസ്വരൂപം	നമ്പ ര
ബാലാദ്യബന്ധനം	,,
ആത്മഹത്യാവിഷയം	നമ്പ ട
തടാകാദിഷ്ടകബന്ധം	,,
ഉഷ്ട്രനാശത്തെ ബന്ധിച്ചു വാങ്ങിക്കുന്ന ധനത്തിന്റെ വ്യയം	നമ്പ ന
വ്യവഹാരസമാപനം	,,

Digitized By Kerala Sahitya Akademi

വ്യവഹാരമാല

വ്യവഹാരദർശനവിധിഃ.

നമസ്തേ നരസിംഹായ ഭക്താനുഗ്രഹകാരിണേ
അജായ ബഹുരൂപായ സൃഷ്ടിസ്ഥിത്യന്തകാരിണേ. ക

വ്യവഹാരമാലയെന്ന ഗ്രന്ഥത്തിനെ ഉണ്ടാക്കണമെന്ന മനസ്സിൽ സങ്കല്പിച്ചു ആ ഗ്രന്ഥത്തിനു വിഘ്നം വരാതെ ഗ്രന്ഥസമാപ്തി വരേണ്ടുന്നതിനു തനിക്കു് അഭീഷ്ടദേവതയായിരിക്കുന്ന നരസിംഹസ്വാമിയെ വന്ദിക്കുന്നു. "ഭക്തന്മാക്കു് അനുഗ്രഹം ചെയ്യുന്നവനായും ജനനമില്ലാത്തവനായും ലോകാനുഗ്രഹത്തിനായിട്ടു് അനേകം അവതാരങ്ങളോടുകൂടിയവനായും ലോകത്തിന്റെ സൃഷ്ടിയും രക്ഷയും സംഹാരവും ചെയ്യുന്നവനായും നരസിംഹസ്വരൂപനായും ഇരിക്കുന്ന അങ്ങയ്ക്കായിക്കൊണ്ടു നമസ്കാരം".

മനുമുഖ്യസരസ്സുദ്ഭവൈ—
സ്സുകുമാരൈഃ പ്രസവൈർവചോമയൈഃ
ദ്വിജിവാപ്തഫലൈർന്യുപോചിതാം
രചയാമി വ്യവഹാരമാലികാം. ഖ

ഈ ഗ്രന്ഥത്തിനു പ്രസിദ്ധി വരുത്തുവാനായിട്ടു ഗ്രന്ഥത്തിന്റെ പേരും പ്രകാരവും വച്ചു പ്രതിജ്ഞ ചെയ്യുന്നു. വ്യവഹാരമാല എന്നു ഗ്രന്ഥത്തിനു പേരു്. ഈ മാലയുണ്ടാക്കിയതു് എന്തുകൊണ്ടു് എന്നാൽ മനു, യാജ്ഞവല്ക്യൻ, മുതലായ ഋഷീശ്വരന്മാരാകുന്ന തടാകങ്ങളിൽ നിന്നും ഉൽഭ്രുതങ്ങളായും സ്വർഗ്ഗാദിപുണ്യലോകപ്രാപ്തിയാകുന്ന ഫലത്തോടുകൂടിയവയായും ഇരിക്കുന്ന മനുവാദിഋഷീശ്വരന്മാരുടെ വചനങ്ങളാകുന്ന കുസുമങ്ങളെക്കൊണ്ടു് ആകുന്നു. ഈ മാല രാജാവിനു യോഗ്യമായിട്ടുള്ളതു്. ഈ ശ്ലോകം രണ്ടും ഗ്രന്ഥകാരന്റെ ശ്ലോകം.

മനുഃ പ്രജാപതിർയ്യസ്മിൻ കാലേ രാജ്യമബൂഭുജത്;
ധർമ്മൈകതാനാഃ പുരുഷാസ്തദാസൻ സത്യവാദിനഃ. ന
തദാ ന വ്യവഹാരോഽഭ്രൽ ന ദ്വേഷോ നാപി മത്സരഃ;
നഷ്ടേ ധർമ്മേ മനുഷ്യേഷു വ്യവഹാരഃ *പ്രവർത്തിതഃ. ര

---

* 'പ്രകീർത്തിതഃ' (പാഠാന്തരം).

G. P. T. 1024. 1000. 19-4-100. B

Digitized By Kerala Sahitya Akademi

ഈ രണ്ടു ശ്ലോകംകൊണ്ടു മുൻപിൽ ചില കാലങ്ങളിൽ വ്യവഹാരം പ്രവത്തിയാതെയിരുന്നതിനും പിന്നത്തതിൽ വ്യവഹാരം പ്രവത്തിച്ചതിനും ഹേതുവെ ചൊല്ലുന്നു. മനുപ്രജാപതി രാജ്യം ഭരിക്കുമ്പോൾ അന്നുള്ള മനുഷ്യരൊക്കയും ധമ്മത്തിൽതന്നെ പ്രവത്തിച്ചവരായും അധമ്മബുദ്ധിയെ ത്യജിച്ചവരായും സത്യവാദികളായും ദ്വേഷാഹങ്കാരങ്ങൾഇല്ലാത്തവരായും ഇരുന്നവരാകകൊണ്ടു ദ്വേഷാദിമൂലമായുള്ള വ്യവഹാരം അന്നുണ്ടായില്ല. പിന്നത്തതിൽ മനുഷ്യരിൽ ധമ്മം നശിക്കയാൽ ദ്വേഷാദിമൂലമായിട്ടുള്ള വ്യവഹാരം പ്രവത്തിച്ചു.

ദൃഷ്ട്വാ ച വ്യവഹാരാണാം രാജാ ദണ്ഡധരഃ കൃതഃ.

ഈ അൎത്ഥംകൊണ്ടു വ്യവഹാരം നിശ്ചയിക്കുന്നതും അന്യായമായിട്ടു പ്രവത്തിച്ചവനെ ദണ്ഡിക്കുന്നതും രാജാവായിരിക്കുന്നവൻ ചെയ്യണമെന്നു ചൊല്ലുന്നു.

സഭാപ്രവേശം.

വ്യവഹാരം ദിദൃക്ഷുസ്തു ബ്രാഹ്മണൈസ്സഹ പാൎത്ഥിവഃ
മന്ത്രജ്ഞൈർമന്ത്രിഭിശ്ചൈവ വിനീതഃ പ്രവിശേത് സഭാം. ൪

വ്യവഹാരങ്ങളെ കേൾപ്പാൻ ഇച്ഛയോടുകൂടിയിരിക്കുന്ന രാജാവു ബ്രാഹ്മണരേയും രാജനീതി ഗ്രഹിച്ചിരിക്കുന്ന മന്ത്രിമാരേയും കൂട്ടിച്ചുകൊണ്ട് എത്രയും വിനയത്തോടുംകൂടെ വ്യവഹാരസഭയിൽ പ്രവേശിക്കണം.

തത്രാസീനഃ സ്ഥിതോ വാപി പാണിമുദ്യമ്യ ദക്ഷിണം
വിനീതവേഷാഭരണഃ പശ്യേത് കാൎയ്യാണി കാൎയ്യിണാം; ന്യ

എന്നതു സഭയിൽ ചെന്നു കാൎയ്യം വിസ്തരിക്കേണ്ടും പ്രകാരത്തെ ചൊല്ലുന്നു. സഭയിലിരുന്നുകൊണ്ടെങ്കിലും നിന്നുകൊണ്ടെങ്കിലും വലത്തെ കൈ വെളിയിൽ കാണത്തക്കവണ്ണം വച്ചുകൊണ്ടും ശോഭനമായിട്ടുള്ള ഉടുപ്പുകളും ആഭരണങ്ങളും ധരിച്ചുകൊണ്ടും സങ്കടക്കാരുടെ കാൎയ്യങ്ങളെ വിസ്തരിക്കണം.

പ്രത്യഹം ദേശദൃഷ്ടൈശ്ച ശാസ്ത്രദൃഷ്ടൈശ്ച ഹേതുഭിഃ
അഷ്ടാദശസു മാൎഗ്ഗേഷു നിബദ്ധാനി പൃഥക് പൃഥക്. ൬

അതു തന്നാട്ടിൽ ദിവസംപ്രതി നടപ്പുള്ള ന്യായങ്ങളും കൊണ്ടും ധമ്മശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന ന്യായങ്ങളും

Digitized By Kerala Sahitya Akademi

കൊണ്ടും പതിനെട്ടുമാസ്സം ചെന്നിരിക്കുന്ന കാര്യങ്ങളെ വിസ്തരിക്കണം.

കാര്യവിസ്താരാരംഭം.

ധർമ്മാസനമധിഷ്ഠായ സംവീതാംഗസ്സമാഹിതഃ
പ്രണമ്യ ലോകപാലേഭ്യഃ കാര്യദർശനമാരഭേത്. വ്യ

സഭയിൽചെന്ന രാജാവായിരിക്കുന്നവൻ ധർമ്മാസനത്തിൽ ഇരുന്നുകൊണ്ട് ഉത്തരീയത്തെ പൂണ്നൂൽപോലെ ധരിച്ചുകൊണ്ടു ലോകപാലന്മാരെ വന്ദിച്ചു പിന്നത്തതിൽ കാര്യം വിസ്തരിപ്പാൻ തുടങ്ങണം.

യഥാ ന്യായസ്യക് പാതൈർമൃഗാന്വ്യ മൃഗയുഃ പദം
നയേത്തഥാനുമാനേന ധർമ്മസ്യ നൃപതിഃ പദം. ൻ

വ്യവഹാരത്തിൽ ധർമ്മത്തെ അറിയേണ്ടും മാർഗ്ഗത്തെ ചൊല്ലുന്നു. വനത്തിൽ നായാട്ടിനു പോയവൻ മൃഗത്തെ നോക്കി അസ്ത്രം പ്രയോഗിച്ചാൽ ആ അസ്ത്രംകൊണ്ടു വേദന സഹിപ്പാൻ വഹിയാതെ മൃഗം ചാടിപ്പോയാൽ അതിന്റെ കാൽച്ചുവട്ടും ചോരത്തുള്ളിവീണ ദിക്കും നോക്കിയുംകൊണ്ട് ആ മൃഗം പോയ ദിക്ക് അറിയുന്നതുപോലെ സൂക്ഷ്മമായിട്ടുള്ള ഹേതുക്കളെക്കൊണ്ടു വിചാരിച്ചു വ്യവഹാരത്തിന്റെ ധർമ്മമാർഗ്ഗം നിശ്ചയിക്കണം.

കാത്യായനഃ:—

സപ്രാഡ്വിവാകസ്സാമാത്യസ്സബ്രാഹ്മണപുരോഹിതഃ
സസഭ്യപ്രേക്ഷകോ രാജാ സഭായാം തിഷ്ഠതി ധർമ്മതഃ ഫ ഠ

ധർമ്മന്യായത്തോടുകൂടി കാര്യവിചാരം ചെയ്തുവരുന്ന രാജാവിന്റെ ഫലത്തെ ചൊല്ലുന്നു. പ്രാഡ്വിവാകൻ എന്ന വിസ്താരക്കാരനോടും അമാത്യന്മാരോടും അനിയുക്തന്മാരായിരിക്കുന്ന ബ്രാഹ്മണരോടും പുരോഹിതനോടും സഭ്യന്മാരോടും പ്രേക്ഷകന്മാരോടും കൂടിയിരുന്നു ന്യായവിസ്താരം ചെയ്തുവരുന്ന രാജാവു ധർമ്മംകൊണ്ടു ഇഹലോകസൌഖ്യം അനുഭവിച്ചു സ്വർഗ്ഗലോകത്തിൽ വസിക്കും.

ശ്രുതിസ്മൃതിവിരുദ്ധം ച ഭൃത്യാനാമഹിതം ച യത്;
ന തൽ പ്രവർത്തയേദ്രാജാ പ്രവൃത്തം ച നിവർത്തയേത്. ഫ ഫ

വേദങ്ങൾക്കും ധർമ്മശാസ്ത്രങ്ങൾക്കും വിരുദ്ധമായിട്ടുള്ള കാര്യത്തിനേയും പ്രാണികൾക്ക് അഹിതമായിട്ടുള്ള കാര്യത്തിനേയും രാജാവു പ്രവർത്തിക്കരുതു്. രാജ്യത്തിൽ മേലെഴുതിയവണ്ണം പ്രവ

Digitized By Kerala Sahitya Akademi

ത്തിച്ചുവെങ്കിൽ ആയതിന്റെ സൂക്ഷ്മം വിചാരിച്ചു നിവർത്തിക്കണം.

നാരദഃ:—

ധർമ്മാർത്ഥശാസ്ത്രതത്ത്വാഭ്യാമവിരോധേന പാർത്ഥിവഃ
പരീക്ഷമാണോ നിപുണം വ്യവഹാരഗതിം നയേത്. ൧൨

പൃഥിവീപതി ആയിരിക്കുന്ന രാജാവു ധർമ്മശാസ്ത്രത്തിന്റെ തത്ത്വവും അർത്ഥശാസ്ത്രത്തിന്റെ തത്ത്വവുമറിഞ്ഞു മേലെഴുതിയ രണ്ടിനും വിരോധം കൂടാതെ ശോധനചെയ്തു വ്യവഹാരത്തിന്റെ ഗതി നിശ്ചയിക്കണം.

ദിവസസ്യാഷ്ടമം ഭാഗം മുഹൂർത്താ കാലതൃതീയം ച യത്
സ കാലോ വ്യവഹാരാണാം ശാസ്ത്രദൃഷ്ടഃ പരഃ സ്മൃതഃ. ൧൩

വ്യവഹാരങ്ങൾ കേൾക്കുന്നതിനു വ്യക്തമായിട്ടുള്ള കാലത്തെ ചൊല്ലുന്നു. ഉദയംതുടങ്ങി മൂന്നേമുക്കാൽ നാഴിക വർജ്ജിച്ചു പകൽ പതിനഞ്ചു നാഴിക വരയുള്ളം യോഗ്യമായിട്ടുള്ളകാലം.

ഇതി വ്യവഹാരദർശനവിധിഃ.

അഥ പ്രാഡ്വിവാകധർമ്മഃ.

മനുഃ:—

യദാ സ്വയം ന കുര്യാത്തു നൃപതിഃ കാര്യദർശനം
തദാ നിയുഞ്ജ്യാദ്വിദ്വാംസം ബ്രാഹ്മണം കാര്യദർശനേ. ൧൪

രാജാവിനു സങ്കടക്കായ്യം അല്ലാതെയുള്ള രാജ്യകായ്യം കൊണ്ടെങ്കിലും ആലസ്യം കൊണ്ടെങ്കിലും പ്രാഡ്വിവാകനോടുകൂടി സങ്കടക്കായ്യം വിസ്തരിപ്പാൻ സമയമില്ലാഞ്ഞാൽ വേദശാസ്ത്രങ്ങളും നാട്ടുമര്യാദയുമറിഞ്ഞിരിക്കുന്ന ഒരു ബ്രാഹ്മണനെ കായ്യവിസ്താരത്തിനു രാജാവു തന്റെ സ്ഥാനത്തിനു സഭയിലാക്കണം.

സോഽസ്യ കാര്യാണി സമ്പശ്യേത് നൈർഭ്യൈരേവ ത്രിഭിർവൃതഃ
സഭാമേവ പ്രവിശ്യാഗ്ര്യാമാസീനഃ സ്ഥിത ഏവ വാ. ൧൫

രാജാവിനാൽ കായ്യവിസ്താരത്തിന് ആക്കപ്പെട്ട ബ്രാഹ്മണൻ മൂന്നു സഭ്യന്മാരോടുംകൂടി ശോഭമാനമായിട്ടുള്ള ധർമ്മസഭയിൽചെന്നു യുക്തമായിരിക്കുന്ന ആസനത്തിൽ ഇരുന്നുകൊണ്ടെ

Digitized By Kerala Sahitya Akademi

ങ്കിലും നിന്നുകൊണ്ടെങ്കിലും രാജാവു വിസ്തരിക്കേണ്ടുന്ന കാര്യങ്ങളെ വിസ്തരിക്കണം. സഭ്യന്മാർ വേദശാസ്ത്രം അറിഞ്ഞിരിക്കുന്ന വിദ്വാന്മാർ.

ബൃഹസ്പതിഃ:—

വിവാദേ പൃച്ഛതി പ്രശ്നം പ്രതിപ്രശ്നം തഥൈവ ച
പ്രിയപൂർവം പ്രാഗ്വദതി പ്രാഡ്വിവാകസ്തതഃ സ്മൃതഃ. ഋന്യ

പ്രാഡ്വിവാകൻ എന്ന പദത്തിന്റെ അർത്ഥത്തെ ചൊല്ലുന്നു. പ്രാട്, വിവാകഃ, എന്ന രണ്ടു പദംകൂടി പ്രാഡ്വിവാകൻ എന്ന പദമുണ്ടായി. അതിൽ പ്രാട് എന്ന പദത്തിന്റെ അർത്ഥം വാദിപ്രതിവാദികളുടെ പ്രശ്നോത്തരങ്ങളെ പ്രിയപൂർവമായിട്ടു മുൻപിൽ ചോദിക്കുന്നത്. വിവാകഃ എന്ന പദത്തിന്റെ അർത്ഥം വാദിപ്രതിവാദികളുടെ പ്രശ്നോത്തരങ്ങളെ വിശേഷിച്ചു ശോധനചെയ്യുന്നത്. മേലെഴുതിയപ്രകാരം ചെയ്യുന്നതു പ്രാഡ്വിവാകന്റെ ലക്ഷണം. ഇപ്രകാരം ചെയ്യുന്ന ഹേതുവാൽ ഈ ബ്രാഹ്മണന്നു പ്രാഡ്വിവാകനെന്നു പേരു വന്നു.

നാരദഃ:—

യഥാ ശല്യം ഭിഷക്കായാദുദ്ധരേദ്യന്ത്രയുക്തിതഃ
പ്രാഡ്വിവാകസ്തഥാ ശല്യമുദ്ധരേദ്വ്യവഹാരതഃ. ഋ൦

പ്രാഡ്വിവാകധർമ്മത്തെ അറിയേണ്ടുന്ന ഉപായത്തെ ചൊല്ലുന്നു. വൈദ്യനായിട്ടുള്ളവൻ ശരീരത്തിന്റെ അകത്തു കൊണ്ടിരിക്കുന്ന അമ്പിനെ യന്ത്രം കൊണ്ടും യുക്തികൊണ്ടും ദേഹത്തിനു ക്ഷീണംകൂടാതെ അറിഞ്ഞു വെളിയിൽ എടുത്തു നിവർത്തിപ്പിക്കുന്നതുപോലെ കാര്യങ്ങളുടെ ശല്യത്തിനെ വ്യവഹാരം കൊണ്ടറിഞ്ഞ് അധർമ്മമായിട്ടുള്ളതു ത്യജിച്ചു ധർമ്മത്തെ നിശ്ചയിക്കണം.

കാത്യായനഃ:—

യത്ര ദ്വിപ്രോ ന വിദ്വാൻ സ്യാത് ക്ഷത്രിയം തത്ര യോജയേത്;
വൈശ്യം വാ ധർമ്മശാസ്ത്രജ്ഞം; ശൂദ്രം നേന വ്യവഹാരയേത്. ഋവ്യ

രാജാവിന്റെ സ്ഥാനത്തിരുന്നു കാര്യവിസ്താരം നോക്കുന്നതിനു വിദ്വാനായിട്ടുള്ള ബ്രാഹ്മണനെ ആക്കുവാൻ കിട്ടാഞ്ഞാൽ ആ രാജസ്ഥാനത്തിരുന്നു കാര്യം നോക്കേണ്ടതിനു ധർമ്മശാസ്ത്രം അറിഞ്ഞിട്ടുള്ള ഒരു ക്ഷത്രിയനെ ആക്കണം ക്ഷത്രിയനെ കിട്ടാ

Digitized By Kerala Sahitya Akademi

ഞ്ഞാൽ ധർമ്മശാസ്ത്രം അറിഞ്ഞിരിക്കുന്നതിൽ ഒരു വൈശ്യനെ ആക്കണം രാജാവ് ഇരുന്ന കാര്യവിചാരം നോക്കിവരുന്ന സ്ഥാനത്തിൽ * ശൂദ്രനെ ആക്കരുത്. രാജാവിന്റെ സ്ഥാനത്തു ശൂദ്രനെന്നയാക്കി ശൂദ്രമുഖമായിട്ടു ധർമ്മത്തെ ഗ്രഹിക്കരുതെന്നതാൽ ഫലം.

വ്യാസഃ:—

ദ്വിജാൻ വിഹായ യഃ പശ്യേത് കാര്യാണി വൃഷലൈസ്സഹ;
തസ്യ പ്രക്ഷുഭ്യതേ രാഷ്ട്രം ബലം കോശം ച നശ്യതി. ഫൻ

യാതൊരു രാജാവു സ്വബ്രഹ്മാരുടെ സ്ഥാനത്തിൽ ബ്രാഹ്മണരെത്തള്ളി ശൂദ്രരെത്തന്നെ ആക്കി അവരോടുകൂടിയിരുന്നു കാര്യദർശനം ചെയ്യുവരുന്നവോ എന്നാൽ ആ രാജാവിന്റെ രാജ്യം ക്ഷോഭിച്ചു സൈന്യവും മൂലധനവും നശിക്കും; എന്നതുകൊണ്ടു സ്വബ്രസ്ഥാനത്തിൽ ബ്രാഹ്മണരെ ആക്കണം.

ഇതി പ്രാഡ്വിവാകധർമ്മഃ.

അഥ സഭാസദ്യോപദേശഃ.

ദ്യൂതമദ്ധ്യേ ഗൃഹം കുര്യാജ്ജലപുഷ്പാനചിതം പൃഥു;
പ്രാഗ്ദിശി പ്രാങ്മുഖീം തത്ര കല്യാണീം കല്പയേത് സഭാം; വ ഠ

വ്യവഹാരസഭയെ നിർമ്മിക്കേണ്ടുംപ്രകാരത്തെ ചൊല്ലുന്നു. സമഭൂമിയിൽ ഒരു കോട്ടകെട്ടി അതിന്റെ മദ്ധ്യത്തിങ്കൽ ഒരു ഭവനം വിസ്താരമായി തീർപ്പിച്ചു് ആ ഭവനത്തിന്റെ കിഴക്കുദിക്കിൽ കിഴക്കേവശത്തു †വാതലുംവച്ചു ശോഭനമായി തീർപ്പിക്കണം. ആ ഭവനത്തിന്റെ നാലു വശത്തും വൃക്ഷങ്ങളും നീരാഴിയും ഉണ്ടായിരിക്കണം.

മാല്യധൂപാസനോപേതാം ബീജരത്നസമാകുലാം
പ്രതിമാലേഖ്യദേവൈശ്ച-യുക്താമഗ്ന്യംബുനാ തഥാ. വ ഫ

ഇനിയും ആ സഭയ്ക്കു വേണ്ടുന്നതിനെ ചൊല്ലുന്നു. മേലെഴുതിയ സഭയിൽ മാലകളും ധൂപങ്ങളും ചില ആസനങ്ങളും വിത്തുകളും രത്നങ്ങളും ചില ദേവബിംബങ്ങളും ദേവസ്ത്രീരൂപങ്ങളായിരിക്കുന്ന ചിത്രങ്ങളും അഗ്നിയും ജലവും ഉണ്ടായിരിക്കണം.

---

*രാജാവു തന്റെ സ്ഥാനത്തു' (പാഠാന്തരം). † 'വാതലിട്ടു' (പാഠാന്തരം)

Digitized By Kerala Sahitya Akademi

പ്രതിഷ്ഠിതാ ചലാ ചൈവ മുദ്രിതാ *ശാസിതാ തഥാ
ചതുർവിധാ സഭാ പ്രോക്താ സഭ്യാശ്ചൈവ തഥാവിധാഃ. ൫൫

ഈ സഭ പ്രതിഷ്ഠിത എന്നും, ചല എന്നും, മുദ്രിത എന്നും, ശാസിത എന്നും, ഇങ്ങനെ നാലു വിധം. സഭ്യന്മാരും നാലു വിധം.

പ്രതിഷ്ഠിതാ പുരേ ഗ്രാമേ ചലാ നാമാപ്രതിഷ്ഠിതാ
മുദ്രിതാധ്യക്ഷസംയുക്താ രാജയുക്താ ച ശാസിതാ. ൫൬

പുരത്തിങ്കലും ഗ്രാമത്തിങ്കലും മേലെഴുതിയപ്രകാരം തീപ്പിച്ച സഭ പ്രതിഷ്ഠിത എന്നു ചൊല്ലപ്പെട്ടം. ഈ ചൊല്ലിയ പ്രകാരമല്ലാതെ ഓരോ ദിക്കിൽ കാണ്മും വിചാരിച്ചുവരുന്ന സഭയ്ക്ക ചല എന്ന പേർ. മേലെഴുതിയ സഭകളിൽ രാജാവുക്രൂടാതെ അദ്ധ്യക്ഷൻതന്നെ ഇരുന്നാൽ ആ സഭയ്ക്ക മുദ്രിത എന്നും രാജാവു ക്രൂടിയിരുന്നാൽ ശാസിത എന്നും പേർ. ഇതിൻവണ്ണം സഭ നാലു പ്രകാരം.

ഋപാധികൃതസഭ്യാശ്ച സ്മൃതിർഗ്ഗണകലേഖകൌ
ഹേമാഗ്ന്യംബുസപുരുഷാഃ സാധനാംഗാനി വൈ ദശ. ൫൭

സഭയ്ക്ക വേണ്ടുന്ന അംഗങ്ങളെ ചൊല്ലുന്നു രാജാവും അദ്ധ്യക്ഷനും സഭ്യന്മാരും ധർമ്മശാസ്ത്രവും കണക്കെഴുത്തുകാരനും രായസക്കാരനും സ്വർണ്ണവും അഗ്നിയും ജലവും ഹരിക്കാരന്മാരും ഇതിൻവണ്ണം അംഗങ്ങൾ പത്തു്.

ഏഷാം മുഖ്യാ ഋപോംഗാനാം മുഖം ചാധികൃതഃ കൃതഃ.
ബാഹ്വ സഭ്യാ സ്മൃതിഷ്ഠസ്തൌ ജംഘേ ഗണകലേഖകൌ
ഹേമാഗ്ന്യംബുഭുശസ്തത്ര പാദൌ സപുരുഷാസ്തഥാ. ൫൮

എന്നതു മേലെഴുതിയ സഭയുടെ അംഗങ്ങളെ പുരുഷാംഗമായിട്ടു വർണ്ണിച്ചു ചൊല്ലുന്നു. ഈ ചൊല്ലി പത്തു് അംഗങ്ങളിൽ രാജാവു ശിരസ്സു്. അദ്ധ്യക്ഷൻ മുഖം. സഭ്യന്മാർ ബാഹുക്കൾ. ധർമ്മശാസ്ത്രം ഹസ്തങ്ങൾ. കണക്കെഴുത്തുകാരും രായസക്കാരും ജംഘകൾ. സ്വർണ്ണവും അഗ്നിയും ജലവും നേത്രങ്ങൾ. ഹരിക്കാരന്മാർ പാദങ്ങൾ.

ദശാനാമപി ചൈതേഷാം കർമ്മ പ്രോക്തം പൃഥക് പൃഥക്.
വക്തൃത്വാധ്യക്ഷോ ഋപശ്ചാസ്താ സഭ്യാഃ കാര്യപരീക്ഷകാഃ. ൫൯

* 'ശാസ്ത്രീതാ' എന്നു പരാശരമാധവീയത്തിൽ കാണുന്നു.

Digitized By Kerala Sahitya Akademi

എന്നതു മേലെഴുതിയ പത്തംഗങ്ങൾക്കും പ്രത്യേകം കായ്യത്തെ ചൊല്ലുന്നു. അദ്ധ്യക്ഷൻ കായ്യവിചാരം ചെയ്യണം. രാജാവു ശാസിക്കണം. സഭ്യന്മാർ കായ്യങ്ങളെ ശോധനചെയ്യണം.

സ്മൃതിർവ്വിനിർണ്ണയഃ ബ്രൂതേ ജയം ദാനം ദമസ്ഥിതാ
ശപഥാദേഥ ഹിരണ്യാഗ്നീ തൃഷിതക്ഷുബ്ധയോർജലം. ക ഒ

വ്യവഹാരത്തിന്റെ നിശ്ചയവും ജയവും കൊടുപ്പാനുള്ളതും ദണ്ഡവും അറിയേണ്ടുന്നതിനു ധർമ്മശാസ്ത്രം. സത്യം ചെയ്യേണ്ടുന്നതിനു സപ്തണ്ണവും അഗ്നിയും. ദാഹവും വിശപ്പുമുള്ളവർക്കു ജലം.

ഗണകോ ഗണയേദർത്ഥം ലിഖേൽ കായ്യം ച ലേഖകഃ
പ്രത്യർത്ഥിസഭ്യാനയനം സാക്ഷിണാം ച സപൂരുഷഃ.
കുയ്യാദനർത്ഥളെയ രക്ഷേദർത്ഥിപ്രത്യർത്ഥിനൌ സഭാ. ക വ്യ

ദ്രവ്യത്തിന്റെ സംഖ്യ പെരുക്കേണ്ടതിനും ഹരിപ്പാനും കണക്കെഴുത്തുകാരൻ. ഉത്തരപ്രത്യുത്തരം മുതലായി എഴുതേണ്ടതിനു രായസക്കാരൻ. വാദിപ്രതിവാദികളേയും സാക്ഷിക്കാരെയും വരുത്തുവാനും അവർക്കു ഭക്ഷണം മുതലായതു ചെയ്യേണ്ടുന്നതിനു ക്രമേ ചെന്നു സൂക്ഷിച്ചു രക്ഷിക്കേണ്ടതിനും ഹരിക്കാരന്മാർ. ഇതിൻവണ്ണം മേലെഴുതിയ പത്ത് അംഗങ്ങൾക്കും പ്രത്യേകമുള്ള കായ്യം.

ഏതദ്ദശാംഗകരണം; യസ്യാമദ്ധ്യാസ്യ പാർത്ഥിവഃ
ന്യായാൻ പശ്യേത് കൃതമതിഃ സാ സഭാദ്ധ്യവരസന്നിഭാ. ക ൻ

മേലെഴുതിയ സഭയെ പ്രശംസിക്കുന്നു. ഈ അംഗങ്ങളോടും കൂടിയിരിക്കുന്ന യാതൊരു സഭയിൽ രാജാവു ന്യായമായിട്ടുള്ള കായ്യവിചാരം നോക്കിവരുന്നുവോ ആ സഭ യജ്ഞസഭയെന്നു പൊല്ലപ്പെടുന്നു.

ശബ്ദാഭിധാനതത്പജ്ഞൌ ഗണനേ കുശലൌ ശുചീ
നാനാലിപിജ്ഞൌ കർത്തവ്യൌ രാജ്ഞാ ഗണകലേഖകൌ.

[ക ഠ

കണക്കെഴുത്തുകാരന്റെയും രായസക്കാരന്റെയും ലക്ഷണത്തെ ചൊല്ലുന്നു. അനേകഭാഷകളും അനേകപ്രകാരത്തിലുള്ള എഴുത്തുകളും ദ്രവ്യസംഖ്യ പെരുക്കുന്നതും ഹരിക്കുന്നതും ഗ്രഹിച്ചവരായും വ്യാജബുദ്ധിയില്ലാതെ ശുദ്ധന്മാരായും ഇരിക്കുന്നവരെ കണക്കെഴുത്തിലും രായസമെഴുത്തിലും രാജാവായിരിക്കുന്നവർ പരീക്ഷിച്ച് ആക്കണം.

Digitized By Kerala Sahitya Akademi

കച്ചവടക്കാരുടെ ലക്ഷണം.

കാത്യായനഃ:—

മതിശീലവയോവൃത്തവിത്തവദ്ഭിരമത്സരൈഃ
വണിഗ്ഭിസ്സ്യാത് കതിപയൈഃ കുലോദ്ഭ്രൂതൈരധിഷ്ഠിതഃ. [൩൫

മേലെഴുതിയ സഭയിൽ ചില കച്ചവടക്കാരെ ആക്കേണ്ടതിന് അവരുടെ ലക്ഷണത്തെ ചൊല്ലുന്നു. ബുദ്ധിയും നല്ലശീലവും നല്ല ചരിത്രവും വയസ്സും ധനവും ഉള്ളവരായും നല്ല തറവാട്ടിൽ ജനിച്ചവരായും ഉള്ളതിൽ ചില കച്ചവടക്കാരേയും സഭയിലാക്കണം. ഇവരെ ആക്കുന്നതു കച്ചവടസംഗതി ഏടപെട്ടവരുന്ന വ്യാപാരികൾക്കു ബോധം വരുത്തുവാനായിട്ടത്രേ ആകുന്നതു്.

ബൃഹസ്പതിഃ:—

* വേദവേദാംഗധർമ്മജ്ഞാസ്സപ്ത പഞ്ച ത്രയോഽപി വാ
യത്രോപവിഷ്ടാ വ പ്രാഗ്ര്യാസ്സാ യജ്ഞസദൃശീ സഭാ. ൩൨

ഇനിയും സഭയെ പ്രശംസിക്കുന്നു. യാതൊരുസഭയിൽ ധർമ്മശാസ്ത്രങ്ങളും വേദങ്ങളും വേദാംഗങ്ങളും നടപ്പും അറിഞ്ഞിരിക്കുന്ന ഏഴു ബ്രാഹ്മണരെങ്കിലും അഞ്ചു ബ്രാഹ്മണരെങ്കിലും മൂന്നുപേക്കു കുറവുക്കൂടാതെയെങ്കിലും ഇരിക്കുന്നോ ആ സഭ യാഗസഭയ്ക്കു തുല്യം. എന്നതുകൊണ്ടു മൂന്നു ബ്രാഹ്മണരിൽ കുറയാതെ സഭ്യന്മാരെ ആക്കണം.

യാജ്ഞവല്ക്യഃ:—

ശ്രുതാദ്ധ്യയനസമ്പന്നാ ധർമ്മജ്ഞാസ്സത്യവാദിനഃ
രാജ്ഞാ സഭാസദഃ കാര്യ്യാ രിപൌ മിത്രേ ച യേ സമാഃ. ൩൩

സഭയിൽ ആക്കേണ്ടുന്ന സഭ്യന്മാരുടെ ലക്ഷണം. വേദശാസ്ത്രങ്ങളും ഗ്രഹിച്ചവരായും ധർമ്മത്തെ അറിഞ്ഞവരായും സത്യവാദികളായും ശത്രുവെന്നും മിത്രമെന്നും ഭേദംക്കൂടാതെ സമബുദ്ധികളായും ഇരിക്കുന്ന ബ്രാഹ്മണരെ സഭ്യന്മാരായിട്ടു് ആക്കണം.

നാരദഃ:—

രാജാ തു ധാർമ്മികാൻ സഭ്യാൻ നിയുഞ്ജ്യാത്സുപരീക്ഷിതാൻ
വ്യവഹാരധുരം വോഢും യേ ശക്താസ്സുദ്ഗവാ ഇവ. ൩൪

രാജാവായിരിക്കുന്നവൻ സഭയിലാക്കുന്ന ബ്രാഹ്മണർ ധാർമ്മികരായും ഭാരം വഹിക്കുന്ന വൃഷഭങ്ങൾപോലെ വ്യവഹാരത്തി

* 'ലോകവേദാംഗതത്ത്വജ്ഞാ' (പാഠഭേദം).

Digitized By Kerala Sahitya Akademi

ന്റെ ഭാരം വഹിക്കുന്നതിനു ശക്തന്മാരായും ഇരിക്കുന്നവരെ പരീക്ഷിച്ചു സഭയിലാക്കണം.

കുലാനി ശ്രേണയശ്ചൈവ സഭ്യാശ്ചാധികൃതാ നൃപഃ
പ്രതിഷ്ഠാ വ്യവഹാരാണാം ദ്വേഷ്യാമുത്തരോത്തരം. നാ ൭
കുലാദിഭിഃ കൃതം കാര്യം *വിചാര്യം തദ്യഥോത്തരം;
അസന്തുഷ്ടസ്യ കർത്തവ്യം പുനർരാജകൃതം ഭവേത്. നാന്ദ

വ്യവഹാരം നിശ്ചയിക്കുന്നതിന് ആളുകളുടെ ബലാബലക്രമത്തേയും വ്യവഹാരത്തിന്റെ വ്യവസ്ഥയേയും പറയുന്നു. കുലങ്ങൾ ബന്ധുജനങ്ങൾ; ശ്രേണികൾ കൂട്ടവ്യാപാരികൾ; സഭ്യന്മാർ സഭയിലാക്കിയിരിക്കുന്ന വിദ്വാന്മാർ; അധികൃതന്മാർ അദ്ധ്യക്ഷൻ മുതലായവർ; രാജാവ്. ഇതിൽ ബന്ധുജനം മുതലായ ആളുകളിൽ മുൻപറഞ്ഞിടത്തേക്കാൾ പിൻപിൽ പറഞ്ഞിടുന്നവർ വലുപ്പമുള്ളവരാകകൊണ്ടു ബന്ധുജനങ്ങൾ നിശ്ചയിച്ചത് ഒരുത്തനു സമ്മതം ഇല്ലാഞ്ഞാൽ വ്യാപാരികളുടെ അടുക്കൽ ചെല്ലാം. ഇങ്ങനെ രാജാവുവരയുള്ള ക്രമം. രാജാവിങ്കൽനിന്നും നിശ്ചയിക്കുന്നതു വ്യവഹാരത്തിന്റെ അന്ത്യം.

രാഗാദ്വേഷാദ് ഭയാദപി സൂത്രയേദ്യോ വികാരിണഃ
സഭ്യാഃ പൃഥക് പൃഥക് ദണ്ഡ്യാ വിവാദാദ്ദ്വിഗുണം ദമം. നാ ൯

അന്യായമായിട്ടു വിചാരിക്കുന്ന സഭ്യന്മാർക്കു പ്രത്യേകം ദണ്ഡത്തെ പറയുന്നു. സ്നേഹംകൊണ്ടെങ്കിലും ദ്വേഷംകൊണ്ടെങ്കിലും ഭയംകൊണ്ടെങ്കിലും ഒരുത്തന്റെ വ്യവഹാരത്തിനെ ന്യായമല്ലാതെ നിശ്ചയിച്ചു ന്യായമായിട്ടുള്ള വ്യവഹാരത്തോടുകൂടിയിരിക്കുന്നവനെ അപജയപ്പെടുത്തിയാൽ ആ അപജയത്തിനു വിധിച്ചിരിക്കുന്ന ദണ്ഡത്തിന്റ് ഇരട്ടി ദണ്ഡം സഭ്യന്മാരോടു പ്രത്യേകം പ്രത്യേകം വാങ്ങിക്കണം.

സഭാ വാ ന പ്രവേഷ്ടവ്യാ; വക്തവ്യം വാ സമഞ്ജസം;
അബ്രുവൻ വിബ്രുവൻ വാപി നരോ ഭവതി കിൽബിഷീ. നാ ൧൦

സഭയിൽ ബ്രാഹ്മണർ ഉദ്യോഗമേറു പ്രവേശിക്കുന്നതു തന്നെ അരുത്. പ്രവേശിച്ചാൽ ധർമ്മമായിട്ടുള്ള വാക്കു പറയണം. സഭയിൽ ചെന്നിരുന്നുകൊണ്ടു മൌനമായിട്ടിരുന്നാലും അധർമ്മമായിട്ടുള്ള വാക്കു പറഞ്ഞാലും സഭ്യന്മാർക്കു വലുതായിട്ടുള്ള ദോഷം വരും.

* 'വിചാര്യം തദ്യഥോചിതം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

പാദോ ധർമ്മസ്യ കർത്താരം പാദോ ഗച്ഛതി സാക്ഷിണഃ;
പാദസ്സഭാസദസ്സർവ്വാൻ പാദോ രാജാനമൃച്ഛതി. ൫൯

അധർമ്മം ചെയ്യുന്നവൻ സഭയിൽ വന്നാൽ അവൻ ചെയ്തിരിക്കുന്ന അധർമ്മത്തെ ഗ്രഹിച്ചു വിസ്തരിക്കാഞ്ഞാൽ അവൻ ചെയ്ത അധർമ്മം നാലുഭാഗമായിട്ടു പിരിഞ്ഞു ചെയ്തവന് ഒരു ഭാഗവും അവനു സഹായമായിട്ടു പറഞ്ഞ സാക്ഷിക്കാരന്ന് ഒരു ഭാഗവും സഭ്യന്മാക്ക് ഒരു ഭാഗവും രാജാവിന് ഒരു ഭാഗവും ഇതിൻവണ്ണം മേലെഴുതിയ നാലാളുകൾക്കും സംഭവിക്കും.

ന്യായശാസ്ത്രമതിക്രമ്യ സഭ്യൈർയ്യത്ര വിനിശ്ചിതം
തത്ര ധർമ്മോ ഹ്യധർമ്മേണ ഹതോ ഹന്തി നരാധിപം. ൫൦

യാതൊരു സഭയിൽ ഇരിക്കുന്ന സഭ്യന്മാർ ശാസ്ത്രന്യായമല്ലാതെ വിപരീതമായിട്ടു നിശ്ചയിക്കുന്നുവോ ആ സഭയിൽ അധർമ്മത്തിനാൽ ധർമ്മം ഹതമായിരുന്നുംകൊണ്ടു ആ സഭ്യന്മാരെ വിചാരിക്കാതെയിരുന്ന രാജാവിനെ ഹിംസിക്കും. സഭ്യന്മാരെയോ എന്നാൽ സംശയമില്ല.

രാജാ ഭവത്യനേനാസ്തു; മുച്യന്തേ ച സഭാസദഃ;
ഏനോ ഗച്ഛതി കർത്താരം നിന്ദാർഹോ യത്ര നിന്ദ്യതേ. ൫൧

[൫൨

യാതൊരു സഭയിൽ നിന്ദ്യന്മാരു വന്നാൽ അവരുടെ പക്കലുള്ള അധർമ്മത്തെ യുക്തികൊണ്ടു വിസ്തരിച്ചു് അധർമ്മിഷ്ഠനെ നിന്ദിക്കുന്നോ എന്നാൽ അവൻ ചെയ്ത അധർമ്മം അവനെ തന്നെ വ്യാപിക്കും. സഭ്യന്മാക്കും സാക്ഷിക്കാരനും രാജാവിനും സംബന്ധിക്കയില്ല.

നാരദഃ:—

യത്ര സഭ്യാസ്സഭാം പ്രാപ്യ തൂഷ്ണീം ധ്യായന്ത ആസതേ
യഥാപ്രാപ്തം ച ന ബ്രൂയുസ്സർവേ തേ സ്യുരനൃതവാദിനഃ. ൫൩

യാതൊരു സഭയിൽ പ്രവേശിച്ചു സഭ്യന്മാർ മൌനമായിരുന്നുംകൊണ്ടു വരുന്ന കാര്യം വിസ്തരിക്കാതെയിരിക്കുന്നോ ആ സഭയിലിരിക്കുന്ന സഭ്യന്മാക്ക് അനൃതം ചൊല്ലിയ ദോഷം വരും. എന്നതുകൊണ്ടു സഭയിൽ വരുന്ന കാര്യത്തിനെ ന്യായമായിട്ടു വിസ്തരിക്കണം; മൌനമായിരിക്കരുതു്.

നാനിയുക്തേന വക്തവ്യം വ്യവഹാരേഷു കിഞ്ചന;
നിയുക്തേന തു വക്തവ്യമപക്ഷപതിതം വചഃ. ൫൪

Digitized By Kerala Sahitya Akademi

സഭയിലിരിക്കുന്ന അനിയുക്തബ്രാഹ്മണർ വിസ്താരക്കാരു മുതലായവരുടെ ഉത്തരവുക്രൂടാതെ വ്യവഹാരത്തിൽ ഒന്നും തന്നെ പറയരുത്. നിയുക്തന്മാരെന്നു ചൊല്ലപ്പെട്ട സഭ്യന്മാക്കു വിസ്തരിക്കാം. പക്ഷഭേദം ക്രൂടാതെ വിസ്തരിക്കണം.

നിയുക്തോ വാ/നിയുക്തോ വാ ശാസ്ത്രജ്ഞോ വക്തുമർഹതി
ദൈവീം വാചം സ വദതി യച്ഛാസ്ത്രമുപജീവതി. ൪൪

മേലെഴുതിയ ബ്രാഹ്മണർ നിയുക്തന്മാരായിരുന്നാലും അനിയുക്തന്മാരായിരുന്നാലും ശാസ്ത്രത്തിൽ തന്നെ അറിവുള്ളവരായിരുന്നാൽ ആ ബ്രാഹ്മണക്കു വിസ്താരക്കാരു മുതലായവരുടെ ഉത്തരവുക്രൂടാതെ വ്യവഹാരത്തിങ്കൽ ധർമ്മത്തെ ചൊല്ലാം. ഈ ശാസ്ത്രംതന്നെ പ്രമാണമെന്ന നിലയുള്ളവന്റെ വാക്കു ദേവവാക്ക് എന്ന് അറിഞ്ഞുകൊള്ളണം. എന്നതുകൊണ്ട് ആ ബ്രാഹ്മണനു ധർമ്മത്തെ ചൊല്ലാം.

നാരദഃ:—

ന സാ സഭാ യത്ര ന സന്തി വൃദ്ധാ;
ന തേ വൃദ്ധാ യേ ന വദന്തി ധർമ്മം;
നാസൌ ധർമ്മോ യത്ര ന സത്യമസ്തി;
ന തൽ സത്യം യച്ഛലേനാനുവിദ്ധം. ൪൫

സത്യവാദികളായിട്ടുള്ള ആളുകൾ *ഇരിക്കുന്ന സഭയെ സഭയെന്നും അല്ലാത്തതു സഭയല്ലെന്നും ചൊല്ലുന്നു. യാതൊരു സഭയിൽ എങ്കിലും വൃദ്ധന്മാരില്ലാഞ്ഞാൽ അതു സഭയുമല്ല. യാതൊരാളുകൾ എങ്കിലും ധർമ്മത്തെ ചൊല്ലാഞ്ഞാൽ അവരു വൃദ്ധന്മാരുമല്ല. യാതൊരു വ്യവഹാരത്തിലെങ്കിലും സത്യമില്ലാഞ്ഞാൽ അതു ധർമ്മവുമല്ല. യാതൊരു കാര്യത്തിൽ എങ്കിലും വ്യാജമുണ്ട് എങ്കിൽ അതു സത്യവുമല്ല. അതുകൊണ്ടു വയസ്സു ചെറുപ്പമെങ്കിലും വ്യാജമില്ലാതെ സത്യവാദികളായിട്ടുള്ളവരത്രേ വൃദ്ധന്മാർ. ആ വൃദ്ധന്മാർ ഇരിക്കുന്നതത്രേ സഭ.

ബൃഹസ്പതിഃ:—

അന്യായവാദിനസ്സഭാസ്തഥൈവോത്കോചജീവിനഃ
വാശപസ്തവഞ്ചകാശ്ചൈവ നാവായ്യാസ്സുവ് ഏവ തേ. ൪൬

* 'ഇരിക്കുന്ന സ്ഥലമേ സഭയെന്നും' (പാഠന്തരം).

Digitized By Kerala Sahitya Akademi

ഏതൊരു സഭ്യന്മാർ എങ്കിലും ന്യായം വിട്ടു പറകയും കൈക്കോഴ മുതലായതു വാങ്ങുകയും ചെയ്താൽ അവരെ ഉദ്യോഗത്തിൽ നിന്നു നീക്കി പിന്നെ കൊള്ളിക്കയുമരുത്. ഏതൊരുത്തരെങ്കിലും വിശ്വസിക്കുന്നവരെ ചതിക്കുന്നവരായാലും അവരെയും നീക്കിക്കൊള്ളണം.

കാത്യായനഃ—

അനിഷ്ടീതേർത്ഥേ യദ്യേഷ സംഭാഷേത രഹോർത്ഥിനാ
പ്രാഡ്വിവാകോഽപി ദണ്ഡ്യസ്സ്യാത്; സഭ്യാശ്ചൈവ ന
[സംശയഃ. ൪൭

കാര്യം വിസ്തരിപ്പാൻ തുടങ്ങിയാൽ കാര്യം നിശ്ചയം വരുന്നതിനു മുൻപിൽ വാദിപ്രതിവാദികളോടു കാര്യം വിസ്തരിക്കുന്നവരും രഹസ്യമായിട്ടു സംസാരിക്കരുത്. സംസാരിച്ചാൽ പ്രാഡ്വിവാകനും കൂടെ ദണ്ഡമുണ്ട്. സഭ്യന്മാക്കു ദണ്ഡത്തിനു സംശയമില്ല.

ദേശാചാരാനഭിജ്ഞാ യേ നാസ്തികാഗ്ര്യാസ്സുവഞ്ചിതാഃ
ഉന്മത്തക്രുദ്ധലുബ്ധാത്താ ന പൃഷ്ടവ്യാ വണിഗ്ജനേ. ൪൮

സഭ്യസ്ഥാനത്തിനു കൊള്ളിക്കരുതാത്ത ആളുകളെ പൊല്ലുന്നു. നാട്ടുമര്യാദയറിയാത്തവരേയും പരലോകബുദ്ധിയില്ലാത്ത നാസ്തികന്മാരേയും ശാസ്ത്രങ്ങൾ അറിയാത്തവരേയും ചിത്തഭ്രമം കൊണ്ടിരിക്കുന്നവരേയും ക്രുദ്ധന്മാരേയും ദ്രവ്യത്തിൽതന്നെ മോഹിച്ചിരിക്കുന്നവരേയും രോഗക്കാരേയും സഭ്യസ്ഥാനത്തിൽ ആക്കി *അവരോടു കാര്യം നിശ്ചയിക്കരുത്.

ന്യായമാശ്രിതമേതം തു ജ്ഞാത്വാ ചിത്തം മഹീപതേഃ
വക്തവ്യം തത്പ്രിയം; തത്ര ന സഭ്യഃ കില്ബിഷീ ഭവേത്
[൪൯

രാജാവിന്റെ ചിത്തം വ്യവഹാരത്തിൽ ന്യായം വിട്ട് അന്യായത്തിൽ പ്രവർത്തിച്ചാൽ ആയതു സഭ്യന്മാർ അറിഞ്ഞു വഴിപോലെ ബോധിപ്പിക്കണം. അല്ലാഞ്ഞാൽ ആ സഭ്യന്മാക്കു ദോഷം സംഭവിക്കും. എന്നതുകൊണ്ടു രാജാവിനു ധർമ്മമാർഗ്ഗത്തെ ബോധിപ്പിച്ചാൽ സഭ്യന്മാക്കു ദോഷമില്ല.

ലിംഗിനശ്ശ്രേണിപൂഗാശ്ച വണിഗ്വ്രാതാസ്തഥാപരേ

* 'അവരോടു കാര്യനിശ്ചയം ചോദിക്കരുത്' (പാഠാന്തരം).

Digitized By Kerala Sahitya Akademi

സ്വധർമ്മേണൈവ കാര്യാണാം കര്യ്യേ നിർണ്ണയം സദാ;
വണികൽശില്പപ്രയോഗേഷു കൃഷീരംഗോപജീവിഷു. ൫൦

പാഷണ്ഡിമതം മുതലായ മതക്കാക്കും ക്രൂരകർമ്മം ചെയ്തു വരുന്ന വ്യാപാരികൾക്കും സമൂഹക്കാക്കും വൈശ്യന്മാക്കും കൃഷിക്കാക്കും ആയുധപാണികൾക്കും ശില്പവേല ചെയ്തുവരുന്നവക്കും നാട്ടുവിദ്യകൊണ്ടു് ഉപജീവനം ചെയ്തുവരുന്നവക്കും അവരവരുടെ അടുക്കൽ വരുന്ന വ്യവഹാരങ്ങൾ കേട്ടു നിശ്ചയിക്കാം. നിശ്ചയിക്കുന്നതു് അവരവരുടെ ജാതിധർമ്മം പോലെ വേണം. ജാതിധർമ്മത്തെ വിട്ടു നിശ്ചയിക്കയുമരുതു്. ജാതിധർമ്മം ജാത്യാചാരം; അവരവരുടെ ജാതിയിൽ വച്ചിരിക്കുന്ന സങ്കേതവും.

രാഗദ്വേഷാദികം ത്യക്ത്വാ യഃ കര്യ്യാൽ കാര്യനിർണ്ണയം
ശാസ്ത്രോദിതേന വിധിനാ തസ്യ യജ്ഞഫലം ഭവേത്. ൫൧

യാതൊരുത്തൻ രാഗദ്വേഷാദികളെ ത്യജിച്ചു ശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന വിധിപ്രകാരം ആസക്തിയില്ലാതെ സത്യമായിട്ടു വ്യവഹാരനിശ്ചയം ചെയ്തുവരുന്നവോ ആയവനു യജ്ഞം ചെയ്ത ഫലം സിദ്ധിക്കും.

സത്യം ദേവാസ്സമാസേന മനുഷ്യാസ്തദ്വിപര്യയം വിദുഃ;
ഇഹൈവ തസ്യ ദേവത്വം യസ്യ സത്യേ സ്ഥിതാ മതിഃ. ൫൨

സത്യമുള്ളതു ദേവന്മാക്കു്; അസത്യമുള്ളതു മനുഷ്യക്കു്. എന്നതുകൊണ്ടു യാതൊരുത്തന്റെ ബുദ്ധി സത്യത്തിൽ തന്നെ പ്രവർത്തിക്കുന്നോ ആയവനും ഈ ലോകത്തിൽ തന്നെ ദേവനെന്നു ചൊല്ലാം.

കാത്യായനഃ:—

അധർമ്മം തു യദാ രാജാ നിയുഞ്ജീത വിവാദിനാം
വിജ്ഞാപ്യ നൃപതിം സഭ്യസ്തദാ സമ്യങ്നിവർത്തയേത്. ൫൩

രാജാവായിരിക്കുന്നവൻ സങ്കടക്കാരുടെ കാര്യങ്ങളെ അധർമ്മമായിട്ടു നിശ്ചയിപ്പാൻ തുടങ്ങിയാൽ സഭ്യന്മാർ സാവധാനമായിട്ടു രാജാവിനോടു് അധർമ്മമായിട്ടു പ്രവർത്തിച്ചാൽ രാജ്യത്തിനു ദോഷം വരുമെന്നു. നല്ലതിൻവണ്ണം ബോധിപ്പിച്ചു രാജാവിനെ അധർമ്മത്തിൽനിന്നു നിവർത്തിപ്പിക്കണം.

ഇതി സഭാസദ്യോപദേശഃ.

Digitized By Kerala Sahitya Akademi

അഥ വ്യവഹാരലക്ഷണം.

ഇനി വ്യവഹാരലക്ഷണത്തെചൊല്ലുന്നു.

പ്രയത്നസാദ്ധ്യേ വിച്ഛിന്നേ ധർമ്മാഖ്യേ ന്യായവിസ്തരേ
സാദ്ധ്യമൂലസ്തു യഃ-വാദോ വ്യവഹാരസ്സ ഉച്യതേ. ൫ ൪

പുരുഷപ്രയത്നത്തിനാൽ സാധിപ്പാനുള്ള ധർമ്മം രാഗദ്വേഷാദികളാൽ നശിച്ചുപോയതിന്റെ ശേഷം ന്യായവിസ്താരത്തിൽ ഓരോ കായ്യം ഹേതുവായിട്ടു യാതൊരു വിവാദമുണ്ടാകുന്നോ ആ വിവാദത്തിനു വ്യവഹാരമെന്നു പേരു്.

വി നാനാർത്ഥേ വ സന്ദേഹോ ഹരണം ഹാര ഇഷ്യതേ
നാനാസന്ദേഹഹരണാദ്വ്യവഹാരസ്തതഃ സ്മൃതഃ. ൫ ൫

വ്യവഹാരമെന്ന പദത്തിനു വിധിച്ച അർത്ഥം പറഞ്ഞു മുൻ ചൊല്ലിയ വിവാദത്തിനു വ്യവഹാരമെന്നു പേരുവന്നതിനു ഹേതുവെ ചൊല്ലുന്നു. വി എന്നും, അവ എന്നും, ഹാര എന്നും, ഇങ്ങനെ മൂന്നുപദം ക്രടി വ്യവഹാരം എന്ന പദമുണ്ടായി. വി എന്ന പദത്തിന്റെ അർത്ഥം അനേകം. അവ എന്നപദത്തിന്റെ അർത്ഥം സന്ദേഹം. ഹാര എന്നപദത്തിന്റെ അർത്ഥം ഹരിക്കുന്നതു്. ഇങ്ങനെ അനേകം പ്രകാരമായിട്ടുള്ള സംശയത്തെ ഹരിക്കുന്നതു ഹേതുവായിട്ടു് ഈപ്പദത്തിനു വ്യവഹാരമെന്നു പേരു വന്നു.

നാരദഃ:—

ചതുഷ്പാച്ച ചതുസ്ഥാനശ്ചതുസ്സാധന ഏവ ച
ചതുർഹിതശ്ചതുർവ്യാപീ ചതുഷ്കായ്യീ പ്രകീർത്തിതഃ. ൫ ൬

ഈ വ്യവഹാരത്തിനു പാദങ്ങളും നാലു്. ആ പാദങ്ങൾക്കു സ്ഥാനങ്ങളും നാലു്. വ്യവഹാരം സാധിവരുത്തുന്ന സാധനങ്ങളും നാലു്. ഈ വ്യവഹാരത്താൽ വരുന്ന പ്രയോജനങ്ങളും നാലു്. ഈ വ്യവഹാരം നാലുവർണ്ണങ്ങൾക്കും ഹിതമായി ഭവിക്കും. ഈ വ്യവഹാരം നാലാളുകളെ സംബന്ധിച്ചിരിക്കും.

ത്രിയോനിർദ്വ്യഭിയോഗശ്ച ദ്വിദ്വാരോ ദ്വിഗതിസ്ഥിതാ
അഷ്ടാംഗോഽഷ്ടാശപദ്യുതശാഖസ്തഥൈവ ച. ൫ ൭

ഇനിയും ആ വ്യവഹാരം മൂന്നു കാരണങ്ങളാൽ ഭവിക്കുന്നതായും രണ്ടുപ്രകാരത്തിലുള്ള ആവലാതിയോടുക്രടിയതായും രണ്ടു

Digitized By Kerala Sahitya Akademi

പക്ഷത്തെ അനുസരിച്ചു വരുന്നതായും രണ്ടു മാസ്സത്തോടു കൂടിയതായും എട്ട് അംഗങ്ങളോടുകൂടിയതായും പതിനെട്ടു പദങ്ങളിൽ ചേർക്കപ്പെട്ടതായും നൂറു ശാഖകളോടുകൂടിയതായുമിരിക്കുന്നതു്.

ധർമ്മശ്ച വ്യവഹാരശ്ച ചരിത്രം രാജശാസനം
ചതുഷ്പാദ്വ്യവഹാരോ'യമുത്തരഃ പൂർവ്വബാധകഃ ൫ വ

ആ വ്യവഹാരത്തിന്റെ പാദങ്ങൾ നാലിനേയും ചൊല്ലുന്നു. ധർമ്മമെന്നും വ്യവഹാരമെന്നും ചരിത്രമെന്നും രാജശാസനമെന്നും ഇങ്ങനെ പാദങ്ങൾ നാല്. ശാസ്ത്രങ്ങളാൽ വിധിക്കപ്പെട്ടതു ധർമ്മം; വ്യവഹാരം വിസ്താരം; ചരിത്രം ജാത്യാചാരം; രാജനിഗ്രഹാനുഗ്രഹം രാജശാസനം. ഈ നാലു പാദങ്ങളിൽ പിൻ ചൊല്ലിയതിനേക്കാം മുൻചൊല്ലിയതു വലിയതു്. ചിലേടത്തു മറിച്ചും വരും.

തത്ര സത്യേ സ്ഥിതോ ധർമ്മോ വ്യവഹാരശ്ച സാക്ഷിഷു
ചരിത്രം പുസ്തകകൃതം രാജാജ്ഞായാം തു ശാസനം. ൫൯

പാദങ്ങൾ നാലും ഇരിക്കുന്ന സ്ഥാനങ്ങളെ ചൊല്ലുന്നു. ധർമ്മത്തിനു സ്ഥാനം സത്യം. വ്യവഹാരത്തിനു സ്ഥാനം സാക്ഷികൾ. ചരിത്രത്തിനു സ്ഥാനം പുസ്തകം. പുസ്തകമെന്നു ചൊല്ലപ്പെട്ടതു ഗ്രന്ഥങ്ങൾ. രാജശാസനത്തിനു സ്ഥാനം രാജാജ്ഞ.

സാമാദ്യൈരുപായൈസ്തു ചതുർഭിർന്യായനിർണ്ണയഃ
*ചതുർണ്ണാമപി ജാതീനാം രക്ഷണാച്ച ചതുർഹിതഃ. ൬൦

സാമം ദാനം ഭേദം ദണ്ഡമെന്നു ചൊല്ലപ്പെട്ട നാലു സാധനങ്ങളാൽ വ്യവഹാരം സാദ്ധ്യമാകകൊണ്ടു ചതുസ്സാധനമെന്നും ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാരെന്നു ചൊല്ലപ്പെട്ട നാലു ജാതികളേയും, ഈ ജാതികളിൽ നിന്നു മറിച്ചുണ്ടായ കീഴ്ജാതികളേയും, രക്ഷിക്കുന്നതാകകൊണ്ട് ഈ വ്യവഹാരം ചതുർഹിതമെന്നും ചൊല്ലപ്പെടുന്നു. പ്രിയമായിട്ടു നല്ലവാക്കു പറയുന്നതു സാമോപായം. ദ്രവ്യം കൊടുക്കുന്നതു ദാനോപായം. ബുദ്ധിഭേദം വരുത്തുന്നതു ഭേദോപായം. ദണ്ഡിപ്പിക്കുന്നതു ദണ്ഡോപായം. ഇങ്ങനെ ഉപായങ്ങൾ നാല്.

കർത്തുനഥോ സാക്ഷിണശ്ച സഭ്യാൻ രാജാനമേവ ച
വ്യാപ്നോതി പാദശോ ഽസ്മാച്ചതുർവ്യാപീ തതഃ സ്മൃതഃ. ൬൧

* 'ചതുർണ്ണാമപി ഷണ്ണാം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ഈ വ്യവഹാരം നാലു് ആളുകളെ സംബന്ധിക്കുന്ന പ്രകാരത്തെ ചൊല്ലുന്നു. കത്താവായിട്ടുള്ളവനേയും സാക്ഷിക്കാരേയും സഭ്യന്മാരേയും രാജാവിനേയുംഇതിൻവണ്ണമുള്ള നാലു ആളുകളെ വ്യവഹാരത്തിൽ വരുന്ന ആധർമ്മം സംബന്ധിക്കുന്നതു ചൊല്ലപ്പെടുന്നു.

ധർമ്മസ്യാർത്ഥസ്യ യശസോ ലോകവൃത്തേസ്തഥൈവ ച
ചതുർണ്ണാം കാരണാദേവ ചതുഷ്പ്പായ്യീ പ്രകീർത്തിതഃ. നാ൨

വ്യവഹാരത്തിനാൽ രാജാവിനു വരുന്ന പ്രയോജനങ്ങളും നാലിനേയും ചൊല്ലുന്നു. ധർമ്മവും അർത്ഥവും കീർത്തിയും ലോകാനുരാഗവും ഇതിൻവണ്ണം വ്യവഹാരത്തിനു പ്രയോജനങ്ങളാം നാലും ന്യായവിസ്താരം ചെയ്തുവരുന്ന രാജാവിനു വർദ്ധിച്ചുവരുമെന്നു താൽപര്യം

കാമാത് ക്രോധാച്ച മോഹാച്ച ത്രിഭ്യോ യസ്മാത് പ്രവർത്തതേ
ത്രിയോനിഃ കീർത്യതേ തേന; ത്രയമേവം വിവാദകൃത്. നാ൩

വ്യവഹാരമുണ്ടാകുന്നതിനു കാരണങ്ങളാം മൂന്ന്. അതെന്തെന്നാൽ കാമവും ക്രോധവും മോഹവും ഇങ്ങനെ മൂന്നു കാരണങ്ങളാം. സ്ത്രീകളും മുതലായ വിഷയങ്ങളുടെ ഇച്ഛ കാമം. അഹങ്കാരം ക്രോധം. മോഹം അർത്ഥാഗ്രഹം. ഇതു മൂന്നും വ്യവഹാരത്തെയുണ്ടാക്കുന്നതു്.

ദ്വൈഭിയോഗസ്തു വിജ്ഞേയശ്ശങ്കാതത്ഥാഭിയോഗതഃ;
ശങ്കാ/സതാം തു സംസർഗ്ഗാത്തത്ഥാ * ഹോഢാദിദർശനാത്.
[നാ൪

ശങ്കാഭിയോഗമെന്നും തത്ഥാഭിയോഗമെന്നും രണ്ടുവിധം. ശങ്കാഭിയോഗമെന്തെന്നാൽ വല്ലൊടത്തും മോഷണം ചെയ്തു പ്രസിദ്ധമായിട്ടു നടക്കുന്ന ചോരന്മാരോടുകൂടി സഹവാസം ചെയ്യുന്നവങ്കൽ മോഷണസംശയം കൊണ്ടു വ്യവഹരിക്കുന്ന ആവലാതി. തത്ഥാഭിയോഗമെന്തന്നാൽ മോഷണം പോയ വകയിൽ ഏതാനും തൊണ്ടി കണ്ടു നിശ്ചയിച്ചു വയ്ക്കുന്ന ആവലാതി.

പക്ഷദ്വയാഭിസംബന്ധാദ് ദ്വിവിധാരസ്യ ഉദാഹൃതഃ;
ഭൃതച്ഛലാനുകാരിതാദ് ദ്വിഗതിസ്യ ഉദാഹൃതഃ.
ഭൃതം തത്ഥാർത്ഥസംയുക്തം പ്രമാദാഭിഹിതഞ്ചലം. നാ൯

* ഹോഢം=തൊണ്ടി.

Digitized By Kerala Sahitya Akademi

വാദിയുടേയും പ്രതിവാദിയുടേയും പക്ഷത്തെ സംബന്ധിച്ചു വരുന്നതാകകൊണ്ടു രണ്ടുപക്ഷത്തെ വ്യവഹാരം സംബന്ധിച്ചതെന്നും സത്യമായിട്ടുള്ള മാർഗ്ഗത്തേയും വ്യാജമാർഗ്ഗത്തേയും സംബന്ധിച്ച വ്യവഹാരം വരുന്നതാകകൊണ്ടു രണ്ടു ഗതിയോടുകൂടിയതെന്നും ചൊല്ലപ്പെടുന്നു.

രാജാ സപുരുഷാസ്സഭ്യാശ്ശാസ്ത്രം ഗണകലേഖകൌ
ഹിരണ്യമഗ്നിരുദകമഷ്ടാംഗസ്സ ഉദീരിതഃ. ന്യന്യ

വ്യവഹാരത്തിനു രാജാവും *സഭ്യന്മാരും ഹരിക്കാരന്മാരും ശാസ്ത്രങ്ങളും ഗണകലേഖകന്മാരും സപ്പണ്ണവും അഗ്നിയും ജലവും ഇതിൻവണ്ണം അംഗങ്ങൾ എട്ട്.

ദാനമാനം ഹ്യുപനിധിസ്സംഭ്രയസ്ഥാനമേവ ച
ദത്തസ്യ പുനരാദാനമശ്രുശ്രൂഷാഭ്യുപേത്യ ച; ന്യാ

വ്യവഹാരത്തിന്റെ പദങ്ങൾ പതിനെട്ട്. അതിൽ ഈ ശ്ലോകത്താൽ അഞ്ചു പദങ്ങളെ ചൊല്ലുന്നു. അതായത് ദാനമാനമെന്നും ഉപനിധിയെന്നും സംഭ്രയസ്ഥാനമെന്നും ദത്താദാനമെന്നും അഭ്യുപേത്യാശ്രുശ്രൂഷയെന്നും ഇതിൻവണ്ണമഞ്ച്. യാതൊരു പദത്താൽ കൊടുക്കൽവാങ്ങൽ എടപെട്ട സംഗതികൾ ഒക്കയും ചൊല്ലിയിരിക്കുന്നോ അതായതിന് ദാനമാനമെന്ന് പേരു്. നിധിനിക്ഷേപമെടപെട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിന് ഉപനിധിയെന്ന പേരു്. കൂട്ടുകച്ചവടം എടപെട്ടിട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു സംഭ്രയസ്ഥാനമെന്ന പേരു്. ഇന്ന ദാനം സാധുവെന്നും സാധുവല്ലെന്നുമുള്ള ദാനം എടപെട്ടിട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു ദത്താദാനമെന്ന പേരു്. ദാസ്യപ്രവൃത്തിയെടുക്കാമെന്നു പറഞ്ഞ് ഏറാ കൂലി വാങ്ങിച്ചുംകൊണ്ടു വേല എടുക്കാതെയിരുന്നാൽ ആ സംഗതിക്കു ചൊല്ലുന്ന പദത്തിന് അഭ്യുപേത്യാശ്രുശ്രൂഷ എന്ന് പേരു്.

വേതനസ്യാനപാകർമ്മ തഥൈവാസ്വാമിവിക്രയഃ
വിക്രിയാസമ്പ്രദാനം ച ക്രീതാനുശയ ഏവ ച; ന്യാവ

ഈ ശ്ലോകത്താൽ ചൊല്ലപ്പെടുന്ന പദങ്ങൾ നാലു്. വേല ചെയ്യുവനു വച്ചിരിക്കുന്ന കൂലി കൊടുക്കാതെയിരുന്നാൽ അപ്പോൾ വേണ്ടിയിരിക്കുന്ന സംഗതികളെ ചൊല്ലിയിരിക്കുന്ന പദ

* 'സഭ്യന്മാരും ചേവുകന്മാരും'- (പാഠാന്തരം).

Digitized By Kerala Sahitya Akademi

ത്തിനു വേതനാനപാകമ്മമെന്നു പേരു്. ഒരുത്തന്റെവക ആന കുതിര മുതലായതും നിലം പുരയിടം മുതലായതും മറെറാരുത്തൻ അപഹരിച്ചു വിറെറാൽ ആയതു് ഉടയവൻ അറിഞ്ഞു ബോധിച്ചാൽ ആ സംഗതി എടപെട്ടിട്ടുള്ള ന്യായങ്ങളെ ചൊല്ലിയിരിക്കുന്ന പദത്തിനു് *അസ്വാമിവിക്രയമെന്നു പേരു്. ഉടയവൻതന്നെ ഒരുവക മറെറാരുത്തനു വിലനിശ്ചയിച്ചു വിറ്റുംവച്ചു ക്രയദ്രവ്യത്തിന്റെ തക്കംകൊണ്ടു തിരിയെക്കൊടുപ്പാൻ സംശയിച്ചാൽ വിറവുക ആക്കു് അവകാശമെന്നുള്ള സംഗതി എടപെട്ടുള്ള ന്യായങ്ങളെ ചൊല്ലിയിരിക്കുന്ന പദത്തിനു വിക്രിയാസമ്പ്രദാനമെന്നു പേരു്. വിലനിശ്ചയിച്ചു വാങ്ങിച്ചവൻ തന്നെ അവനു് ആവശ്യമില്ലെന്നും കൊടുത്ത ദ്രവ്യത്തെ തരണമെന്നുമുള്ള സംഗതിക്കു വേണ്ടുന്ന ന്യായത്തെ ചൊല്ലിയിരിക്കുന്ന പദത്തിനു ക്രീതാനുശയമെന്നു പേരു്.

സമയസ്യാനപാകമ്മ വിവാദഃ ക്ഷേത്രജസ്ഥാ
സ്ത്രീപുംസയോശ്ച സംബന്ധോ ദായഭാഗോഽഥ സാഹസം;
[സൻ

ഈ ശ്ലോകത്തിൽ ചൊല്ലിയിരിക്കുന്ന പദങ്ങൾ അഞ്ചു്. രാജ്യത്തിൽ രാജാവിനാൽ വയ്ക്കപ്പെട്ടിരിക്കുന്ന ചട്ടവും അവരവരുടെ ജാതിമയ്യാദയും ജാതിയിലുള്ള പ്രമാണികം കൂടി വച്ചിരിക്കുന്ന ചട്ടവും അതതു ഗ്രാമത്തിൽ ഗ്രാമജനങ്ങൾ കൂടി വച്ചിരിക്കുന്ന ചട്ടവും ഒരുത്തൻ ലംഘിച്ചു നടന്നാൽ അവനു പ്രായശ്ചിത്തം മുതലായ വിധിയെ ചൊല്ലിയിരിക്കുന്ന പദത്തിനു സമയാനപാകമ്മമെന്നു പേരു്. നിലം പുരയിടം എടപെട്ടുള്ള എലുകത്തക്കം കൊണ്ടുവരുന്ന സംഗതിയും ചൊല്ലിയിരിക്കുന്ന പദത്തിനു ക്ഷേത്രജവിവാദമെന്നു പേരു്. സ്ത്രീപുമാന്മാരുടെ ധമ്മത്തെ ചൊല്ലിയിരിക്കുന്ന പദത്തിനു സ്ത്രീപുംസംബന്ധമെന്നു പേരു്. ദായാദിക്കാരുടെ പകുതി എടപെട്ടുള്ള ന്യായങ്ങളെ ചൊല്ലിയിരിക്കുന്ന പദത്തിനു ദായഭാഗമെന്നു പേരു്. പിടിച്ചുപറിക്കു മുതലായ സംഗതികളേയും മോഷണം എടപെട്ട സംഗതികളേയും ചൊല്ലിയിരിക്കുന്ന പദത്തിനു സാഹസമെന്നു പേരു്.

വാക്പാരുഷ്യം തഥൈവോക്തം ദണ്ഡപാരുഷ്യമേവ ച
ക്ഷുതം പ്രകീർണ്ണകം ചൈവേത്യഷ്ടാദശപദാസ് സ്മൃതാഃ. ൬ ൬

* 'അസ്വാമിവിക്രയകമ്മമെന്നു പേരു്' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ഈ ശ്ലോകത്തിൽ ചൊല്ലിയിരിക്കുന്ന പദങ്ങളാം നാല്. വാക്കിലേററും എടപെട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു വാക്പാരുഷ്യമെന്നു പേര്. കൈയേററമെടപെട്ട സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു ദണ്ഡപാരുഷ്യമെന്നു പേര്. മൂതുവിളയാട്ടം എടപെട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു ദ്യൂതമെന്നു പേര്. ഇതിൻവണ്ണമുള്ള പതിനേഴു പദങ്ങളിലും ചൊല്ലാതെ വിട്ടുപോയ സംഗതികളേയും രാജാശ്രിതമായിട്ടുള്ള വ്യവഹാരങ്ങളേയും ചൊല്ലിയിരിക്കുന്ന പദത്തിനു പ്രകീർണ്ണകമെന്നു പേര്. ഇതിൻവണ്ണം വ്യവഹാരപദങ്ങളാം പതിനെട്ട്.

ബൃഹസ്പതിഃ—

ദ്വിസപ്തകോ/ത്ഥമൂലസ്തു ഹിംസാമൂലശ്ചതുർവ്വിധഃ
പാരുഷ്യേ ദ്വേ വധശ്ചൈവ പരസ്ത്രീസംഗ്രഹസ്തഥാ
ഹിംസോദ്ഭവാനി ചത്വാരി പദാന്യാഹ ബൃഹസ്പതിഃ. ൫

ഇച്ചൊല്ലിയ പതിനെട്ടു പദങ്ങളിൽ വാക്പാരുഷ്യവും ദണ്ഡപാരുഷ്യവും പരസ്ത്രീസംബന്ധവും വധവും ഈ നാലും ഹിംസഹേതുവായിട്ടുള്ളത്; ശേഷം പദം പതിന്നാലും അർത്ഥസംബന്ധഹേതുവായിട്ടുള്ളത്; എന്നു ബൃഹസ്പതിയാൽ ചൊല്ലപ്പെട്ടു.

ഏഷാമേവ പ്രഭേദോ/ന്യശ്ചതുഷ്ഷോത്തരസ്സ്മൃതഃ
ക്രിയാഭേദോ മനുഷ്യാണാം ശതശാഖോ നിഗദ്യതേ. ൬

മനുഷ്യരുടെ ക്രിയാഭേദങ്ങളെക്കൊണ്ട് ഈ പതിനെട്ടു പദങ്ങളിൽ നിന്നും പിരിഞ്ഞിരിക്കുന്ന ഭേദം തന്നെ നൂറെട്ടു പദമെന്നും നൂറുശാഖയോടു കൂടിയതെന്നും ചൊല്ലപ്പെടുന്നു. ഈ പതിനെട്ടു പദങ്ങളിലും ആയിട്ടു വ്യവഹാരമാർഗ്ഗങ്ങളാം ഒക്കയും ചൊല്ലീട്ടുമുണ്ട്.

പശ്വാജ്യ ദ്യൂതവിഗാദീനാം സംയോഗാജ്ജായതേ/ധ്വരഃ
യത്രാ സംബദ്ധ്യതേ തേന വ്യവഹാരസ്തഥോച്യതേ. ൭

വ്യവഹാരത്തെ യാഗസമമായിട്ടു വർണ്ണിക്കുന്നു. പശു ആജ്യം അജം ഹവിസ്സു യാഗക്രിയയ്ക്കു വേണ്ടുന്ന ആചാര്യൻ മുതലായ ബ്രാഹ്മണർ ദ്യൂതവിക്രയാദികം ഇതല്ലാതെ ചില വസ്തുക്കളും കൂടെ യാഗം ഉണ്ടാക്കുന്നതു പോലെ രാജാവും വാദിപ്രതിവാദികളും സഭ്യന്മാരും മുതൽപേരും കൂടി വ്യവഹാരനിശ്ചയമുണ്ടാക്കുന്നത്.

Digitized By Kerala Sahitya Akademi

യജ്ഞേ/നപൂജ്യതേ വിഷ്ണുർവ്യവഹാരേ മഹീപതിഃ
യജമാനോ ജയീ തത്ര ജിതഃ പശുരുദാഹൃതഃ. ൬൪

യജ്ഞത്തിൽ അച്ചിക്കപ്പെടുന്നവൻ മഹാവിഷ്ണുവായതുപോലെ വ്യവഹാരത്തിൽ അച്ചിക്കപ്പെടുന്നവൻ രാജാവ്. യാഗത്തിൽ കർത്താവു യജമാനൻ; വ്യവഹാരത്തിൽ ജയിക്കുന്നവൻ യജമാനൻ. യാഗത്തിൽ ഹിംസിക്കപ്പെടുന്നത് അജം; വ്യവഹാരത്തിൽ അപജയം വന്നവൻ അജത്തെപ്പോലെ ഹിംസിക്കപ്പെടുന്നവൻ.

പൂർവ്വപക്ഷോത്തരാവാജ്യം പ്രതിജ്ഞാ ച ഹവിഃ സ്മൃതഃ
ത്രയീ ശാസ്ത്രാണി സഭ്യാശ്ച ഋത്വിജാന്ദക്ഷിണാ ദമഃ. ൬൫

യജ്ഞത്തിൽ ആജ്യം നെയ്യ്; വ്യവഹാരത്തിൽ വാദിപ്രതിവാദികളുടെ ഉത്തരപ്രത്യുത്തരങ്ങൾ ആജ്യം. യാഗത്തിന് അജത്തിന്റെ ഉദരത്തിനകത്തിരിക്കുന്ന വപ മുതലായതു ഹവിസ്സ്; വ്യവഹാരത്തിൽ പ്രതിജ്ഞചെയ്യുന്നതു ഹവിസ്സ്. യാഗത്തിൽ വേദവാക്യങ്ങൾ മന്ത്രങ്ങൾ; വ്യവഹാരത്തിൽ ധർമ്മശാസ്ത്രങ്ങൾ മന്ത്രങ്ങൾ. യാഗത്തിൽ കർമ്മംചെയ്യുന്ന ആചാര്യൻ മുതലായ ബ്രാഹ്മണർ ഋത്വിക്കുകൾ; വ്യവഹാരത്തിൽ സഭയിലിരിക്കുന്ന ശാസ്ത്രജ്ഞന്മാർ ഋത്വിക്കുകൾ. യാഗത്തിൽ ബ്രാഹ്മണർക്കു ദാനം കൊടുക്കുന്ന ദ്രവ്യങ്ങൾ ദക്ഷിണ; വ്യവഹാരത്തിൽ പ്രായശ്ചിത്തദ്രവ്യങ്ങൾ ദക്ഷിണ.

തഥാ ചൈവോപദ്രഷ്ടാരൌ ജ്ഞേയൌ ഗണകലേഖകൌ
ഏഷോ/ഖിലഃ സമഃ പ്രോക്തോ വ്യവഹാരസ്യ സമാഹൃതഃ. ൬൬

യാഗത്തിൽ അറകുറ നോക്കിവരുന്ന ഉപദ്രഷ്ടാവ് എന്നപേരോടുകൂടിയവർ ബ്രാഹ്മണർ; വ്യവഹാരത്തിൽ അറകുറ നോക്കുന്നവർ കണക്കെഴുത്തുകാരനും രായസക്കാരനും. ഇങ്ങനെ വ്യവഹാരം യാഗസമമെന്നു ചൊല്ലപ്പെട്ടു. ഇങ്ങനെയുള്ള വ്യവഹാരങ്ങൾ ന്യായപ്രകാരം തീർത്തുവരുന്ന രാജാവിനു യജ്ഞം ചെയ്ത ഫലമുണ്ടെന്നു താൽപര്യം.

സ്മൃത്യാചാരവ്യപേതേന മാത്സ്യേണാധഷ്ഠിതഃ പരൈഃ –
ആവേദയതി ചേദ്രാജ്ഞേ വ്യവഹാരപദം ഹിതത്. ൬൭

ഇനിയും വ്യവഹാരംചോദിപ്പാനുള്ള വിഷയത്തെ ചൊല്ലുന്നു. ഒരുത്തൻ മറെറാരുത്തനാൽ ശാസ്ത്രങ്ങൾക്കും ലോകാചാരങ്ങൾ

Digitized By Kerala Sahitya Akademi

ഈ ശ്ലോകത്തിൽ ചൊല്ലിയിരിക്കുന്ന പദങ്ങളാം നാല്. വാക്കിലേറ്റം എടപെട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു വാക്പാരുഷ്യമെന്നു പേര്. കൈയേറ്റമെടപെട്ട സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു ദണ്ഡപാരുഷ്യമെന്നു പേര്. മൃതുവിളയാട്ടം എടപെട്ടുള്ള സംഗതികളെ ചൊല്ലിയിരിക്കുന്ന പദത്തിനു ദ്യൂതമെന്നു പേര്. ഇതിൻവണ്ണമുള്ള പതിനേഴു പദങ്ങളിലും ചൊല്ലാതെ വിട്ടുപോയ സംഗതികളേയും രാജാശ്രിതമായിട്ടുള്ള വ്യവഹാരങ്ങളേയും ചൊല്ലിയിരിക്കുന്ന പദത്തിനു പ്രകീർണ്ണകമെന്നു പേര്. ഇതിൻവണ്ണം വ്യവഹാരപദങ്ങളാം പതിനെട്ട്.

ബൃഹസ്പതിഃ:—

ദ്വിസപ്തകോഽർത്ഥമൂലസ്തു ഹിംസാമൂലശ്ചതുർവ്വിധഃ
പാരുഷ്യേ ദ്വേ വധശ്ചൈവ പരസ്ത്രീസംഗ്രഹസ്തഥാ
ഹിംസോദ്ഭവാനി ചത്വാരി പദാന്യാഹ ബൃഹസ്പതിഃ. ൭൯

ഇച്ചൊല്ലിയ പതിനെട്ടു പദങ്ങളിൽ വാക്പാരുഷ്യവും ദണ്ഡപാരുഷ്യവും പരസ്ത്രീസംബന്ധവും വധവും ഈ നാലും ഹിംസഹേതുവായിട്ടുള്ളത്; ശേഷം പദം പതിന്നാലും അർത്ഥസംബന്ധഹേതുവായിട്ടുള്ളത്; എന്നു ബൃഹസ്പതിയാൽ ചൊല്ലപ്പെട്ടു.

ഏഷാമേവ പ്രഭേദോഽന്യച്ഛതമഷ്ടോത്തരസ്മൃതഃ
ക്രിയാഭേദോ മനുഷ്യാണാം ശതശാഖോ നിഗദ്യതേ. ൮൦

മനുഷ്യരുടെ ക്രിയാഭേദങ്ങളെക്കൊണ്ട് ഈ പതിനെട്ടു പദങ്ങളിൽ നിന്നും പിരിഞ്ഞിരിക്കുന്ന ഭേദം തന്നെ നൂറെട്ടു പദമെന്നും നൂറുശാഖയോടു കൂടിയതെന്നും ചൊല്ലപ്പെടുന്നു. ഈ പതിനെട്ടു പദങ്ങളിലും ആയിട്ടു വ്യവഹാരമാർഗ്ഗങ്ങൾ ഒക്കയും ചൊല്ലീട്ടുമുണ്ട്.

പശ്വാജ്യൈർഹുതഭിഗാദീനാം സംയോഗാജ്ജായതേഽധ്വരഃ
യഥാ സംബദ്ധ്യതേ തേന വ്യവഹാരസ്തഥോച്യതേ. ൮൧

വ്യവഹാരത്തെ യാഗസമമായിട്ടു വർണ്ണിക്കുന്നു. പശു ആജ്യം അജം ഹവിസ്സു യാഗക്രിയയ്ക്കു വേണ്ടുന്ന ആചാര്യൻ മുതലായ ബ്രാഹ്മണർ ഹുതഭിക്കുകയും ഇതല്ലാതെ ചില വസ്തുക്കളും കൂടെ യാഗം ഉണ്ടാക്കുന്നതു പോലെ രാജാവും വാദിപ്രതിവാദികളും സഭ്യന്മാരും മുതൽപേരും കൂടി വ്യവഹാരനിശ്ചയമുണ്ടാക്കുന്നത്.

Digitized By Kerala Sahitya Akademi

യജ്ഞേ/നപൂജ്യതേ വിഷ്ണുർവ്യവഹാരേ മഹീപതിഃ
യജമാനോ ജയീ തത്ര ജിതഃ പശുരുദാഹൃതഃ. ൬൪

യജ്ഞത്തിൽ അച്ചിക്കപ്പെടുന്നവൻ മഹാവിഷ്ണുവായതുപോലെ വ്യവഹാരത്തിൽ അച്ചിക്കപ്പെടുന്നവൻ രാജാവ്. യാഗത്തിൽ കർത്താവു യജമാനൻ; വ്യവഹാരത്തിൽ ജയിക്കുന്നവൻ യജമാനൻ. യാഗത്തിൽ ഹിംസിക്കപ്പെടുന്നത് അജം; വ്യവഹാരത്തിൽ അപജയം വന്നവൻ അജത്തെപ്പോലെ ഹിംസിക്കപ്പെടുന്നവൻ.

പൂർവ്വപക്ഷോത്തരാവാജ്യം പ്രതിജ്ഞാ ച ഹവിഃ സ്മൃതഃ
ത്രയീ ശാസ്ത്രാണി സഭ്യാശ്ച ഋത്വിജാന്ദക്ഷിണാ ദമഃ. ൬൫

യജ്ഞത്തിൽ ആജ്യം നെയ്യ്; വ്യവഹാരത്തിൽ വാദിപ്രതിവാദികളുടെ ഉത്തരപ്രത്യുത്തരങ്ങൾ ആജ്യം. യാഗത്തിന് അജത്തിന്റെ ഉദരത്തിനകത്തിരിക്കുന്ന വപ മുതലായതു ഹവിസ്സ്; വ്യവഹാരത്തിൽ പ്രതിജ്ഞചെയ്യുന്നതു ഹവിസ്സ്. യാഗത്തിൽ വേദവാക്യങ്ങൾ മന്ത്രങ്ങൾ; വ്യവഹാരത്തിൽ ധർമ്മശാസ്ത്രങ്ങൾ മന്ത്രങ്ങൾ. യാഗത്തിൽ കർമ്മംചെയ്യുന്ന ആചാര്യൻ മുതലായ ബ്രാഹ്മണർ ഋത്വിക്കുകൾ; വ്യവഹാരത്തിൽ സഭയിലിരിക്കുന്ന ശാസ്ത്രജ്ഞിമാർ ഋത്വിക്കുകൾ. യാഗത്തിൽ ബ്രാഹ്മണർക്കു ദാനം കൊടുക്കുന്ന ദ്രവ്യങ്ങൾ ദക്ഷിണ; വ്യവഹാരത്തിൽ പ്രായശ്ചിത്തദ്രവ്യങ്ങൾ ദക്ഷിണ.

തഥാ ചൈവോപദ്രഷ്ടാരൌ ജ്ഞേയൌ ഗണകലേഖകൌ
ഏഷോ/ഖിലഃ സമഃ പ്രോക്തോ വ്യവഹാരസ്യ സമാഹൃതഃ. ൬൬

യാഗത്തിൽ അറകുറ നോക്കിവരുന്ന ഉപദ്രഷ്ടാവ് എന്നപേരോടുകൂടിയവർ ബ്രാഹ്മണർ; വ്യവഹാരത്തിൽ അറകുറ നോക്കുന്നവർ കണക്കെഴുത്തുകാരനും രായസക്കാരനും. ഇങ്ങനെ വ്യവഹാരം യാഗസമമെന്നു ചൊല്ലപ്പെട്ടു. ഇങ്ങനെയുള്ള വ്യവഹാരങ്ങൾ ന്യായപ്രകാരം തീർത്തുവരുന്ന രാജാവിനു യജ്ഞം ചെയ്ത ഫലമുണ്ടെന്നു താൽപര്യം.

സൂത്യാചാരവ്യപേതേന മാത്സ്യേനാധഷ്ടിതഃ പരൈഃ –
ആവേദയതി ചേദ്രാജ്ഞേ വ്യവഹാരപദം ഹിതത്. ൬൭

ഇനിയും വ്യവഹാരംചോദിപ്പാനുള്ള വിഷയത്തെ ചൊല്ലുന്നു. ഒരുത്തൻ മറെറാരുത്തനാൽ ശാസ്ത്രങ്ങൾക്കും ലോകാചാരങ്ങൾ

Digitized By Kerala Sahitya Akademi

ക്കും വിരുദ്ധമായിട്ടുള്ള മാർഗ്ഗം കൊണ്ട് അവമാനിക്കപ്പെട്ടാൽ അതു സഹിപ്പാൻ വഹ്യനായതെ താൻതന്നെ വന്ന രാജാവിന്റെ അടുക്കലെങ്കിലും പ്രാഡ്വിവാകന്റെ അടുക്കലെങ്കിലും ബോധിപ്പിച്ചാൽ അതു വ്യവഹാരംകേൾപ്പാനുള്ള വിഷയം..

മനുഃ:—

നോൽപാദയേത് സ്വയം കാര്യം രാജാ നാപ്യസ്യ പൂരുഷഃ;
ന ച പ്രാപിതമന്യേന *ന്യസേദത്ഥം കഥഞ്ചന. ൧ വ്യ

ധർമ്മസഭയിൽ വന്ന ഒരുത്തൻ ഒരു കാര്യത്തെ ബോധിപ്പിക്കാതെയിരിക്കുമ്പോൾ ദ്രവ്യാഗ്രഹംകൊണ്ടു രാജാവെങ്കിലും പ്രാഡ്വിവാകനെങ്കിലും ഒരുത്തനാൽ ബോധിപ്പിക്കപ്പെടാതേയിരിക്കുന്ന വ്യവഹാരത്തിനെ ഉണ്ടാക്കരുതു്. ഒരുത്തൻ വന്നു ബോധിപ്പിച്ച വ്യവഹാരത്തിനെ കേൾക്കാതെ മറയ്ക്കയുമരുതു്.

രാഗാദിനാ യദ്യേകേന കോപിതഃ കാരണം വദേത്
തദ്യോമിതി ലിഖേത് സർവ്വം വാദിനേ ഫലകാദിഷു. ൨൯

ഒരു വാദി ഒരുത്തനാൽ രാഗാദികൾകൊണ്ടു് അവമാനിക്കപ്പെട്ടുംകൊണ്ടു പ്രതിവാദി അവമാനിച്ചതിനു കാരണങ്ങളെ പറയുന്നതു് ഒക്കയും മുമ്പിൽ പലകയിലെങ്കിലും §തറയിലെങ്കിലും വെണ്ണക്കല്ലുകൊണ്ടു് എഴുതണം.

ബൃഹസ്പതിഃ:—

പൂർവപക്ഷം സഭാവോക്തം പ്രാഡ്വിവാകോ/ഥ ലേഖയേത്
പാണ്ഡുലേഖ്യേന ഫലകേ തതഃ പത്രേ വിശോധിതം. വ്യ ൦

വാദിയാൽ സഭാവംകൊണ്ടു പറയപ്പെട്ടുന്ന വാമൊഴികൾ ഒക്കയും പ്രാഡ്വിവാകൻ പലകയിലെങ്കിലും ¶തറയിലെങ്കിലും വെണ്ണക്കല്ലുകൊണ്ടു് എഴുതിക്കണം. പിന്നത്തതിൽ വജ്ജിപ്പാനുള്ള വാമൊഴികളെ വജ്ജിച്ചു ശുദ്ധമായിട്ടുള്ളതു് ഓലപ്പുറത്തു് എഴുതിക്കണം.

അധികാക്ഷരാദ്യേയദത്ഥാൻ ന്യൂനാംശ്ച പരിപൂരയേത്
ഭ്രമേ നിവേശയേത്താവദ്യാവത് സാത്ഥാ ന നിശ്ചിതഃ.

[വ്യ ഫ

---

* 'ന്യസേദത്ഥം (പാഠാന്തരം). §'ഭൂമിയിലെങ്കിലും' (പാഠാന്തരം). ¶'ഭൂമിയിലെങ്കിലും' (പാഠാന്തരം).

Digitized By Kerala Sahitya Akademi

കായ്ത്തിന് ഉപയോഗമില്ലാത്ത വാമൊഴികളെ കളഞ്ഞു കുറവുള്ള വാമൊഴികളെ ക്രട്ടി കായ്നിശ്ചയം വരുന്നെടത്തോളം ശോധനചെയ്തു ശുദ്ധങ്ങളായിട്ടുള്ള വാമൊഴികളെ ഓലപ്പുറത്ത് എഴുതിക്കണം.

നിരവദ്യാം സപ്രതിജ്ഞാം പ്രമാണാഗമസംയുതാം
അല്പാക്ഷരാം പ്രഭ്രത്യർത്ഥാം നിസ്സന്ദിശുദ്ധാം നിരാകുലാം
ആവേദയേദ്വിവാദാർത്ഥീ പരേണാന്യായപീഡിതഃ. വ്യ ക

ഒരുത്തൻ മറെറാരുത്തനാൽ ന്യായക്കേടായിട്ട് ഉപദ്രവിക്കപ്പെട്ടുംകൊണ്ടു ധർമ്മസഭയിൽ വന്നു ബോധിപ്പിക്കണമെങ്കിൽ ബോധിപ്പിക്കേണ്ടുംപ്രകാരത്തെ ചൊല്ലുന്നു. ഇനി ചൊല്ലപ്പെടുന്ന ദോഷങ്ങൾ കൂടാതെയും ആധാരം മുതലായ പ്രമാണങ്ങളോടും ഭ്രവ്യോൽപത്തിയിൽ ഹേതുക്കളോടും കൂടിയതായും അക്ഷരം ചുരുങ്ങീട്ടുമർത്ഥമേറീട്ടുമുള്ളതായും ഒരു സന്ദേഹം കൂടാതെയും മുന്നിൽ വിരോധം കൂടാതെയും വാദി തന്റെ പക്ഷത്തെ ബോധിപ്പിക്കണം.

ആവേദ്യ തു ഗൃഹീതേർത്ഥേ പ്രശമം യാന്തി യേ മിഥഃ
അഭിയോഗാനുരൂപേണ തസ്യ ദണ്ഡം പ്രകല്പയേത്. വ്യ ക

വാദി ധർമ്മസഭയിങ്കൽ വന്ന സങ്കടം. ബോധിപ്പിച്ച വാമൊഴികളും ഓലപ്പുറത്ത് എഴുതിച്ച പിന്നത്തതിൽ പ്രതിവാദിയേയും വരുത്തി ഉത്തരം എഴുതിച്ച കായ്ത്തിനെ ഗ്രഹിച്ചതിന്റെ ശേഷം വാദിപ്രതിവാദികളുതന്നെ തമ്മിൽ പറഞ്ഞു രാജാവിന്റെ അടുക്കലെങ്കിലും പ്രാഡ്വിവാകന്റെ അടുക്കലെങ്കിലും ബോധിപ്പിക്കാതെ രാജാവിനെ വഞ്ചിച്ച കായ്ത്തിനെ തീർത്തുകൊണ്ടു രണ്ടുപേരും പോയാൽ രണ്ടുപേരേയും വരുത്തി ആവലാതി ബോധിപ്പിച്ച കായ്ത്തിന്റെ എളപ്പവും വലിപ്പവും വിചാരിച്ച് അവസ്ഥപോലെ രണ്ടുപേക്കും പ്രായശ്ചിത്തം നിശ്ചയിച്ചു വാങ്ങണം.

പൂർവ്വോത്തരേ സമ്പ്രവിഷ്ടേ വിചാരേ ച പ്രവർത്തിതേ
പ്രശമം യേ മിഥോ യാന്തി ദാപ്യാസ്തേ ദ്വിഗുണം ദമം. വ്യ ര
ആവേദ്യ തു ഗൃഹീതേർത്ഥേ പ്രശമം യാന്തി യേ മിഥഃ
സർവ്വേ ദ്വിഗുണദണ്ഡാസ്തു വിപ്രലംഭാന്യുപസ്യ തു. വ്യ ഭ

രാജാവിനെ വഞ്ചിച്ചു ബോധിപ്പിക്കാതെ തീർത്തുപോയവരുടെ ദണ്ഡഭേദത്തെ ചൊല്ലുന്നു. വാദിപ്രതിവാദികളുടെ ഉത്തര

Digitized By Kerala Sahitya Akademi

പ്രത്യുത്തരങ്ങളെ എഴുതിച്ചു കായ്യം നിശ്ചയിപ്പാൻ തുടങ്ങിയതിന്റെ ശേഷം രാജാവിനെ വഞ്ചിച്ചു വാദിപ്രതിവാദികഠം തന്നെ തമ്മിൽ പറഞ്ഞു കായ്യം തീർത്തുകൊണ്ടു ബോധിപ്പിക്കാതെ പോയാൽ ആവലാതി വച്ചിരിക്കുന്ന ദ്രവ്യത്തിനിരട്ടി ആ വാദി പ്രതിവാദികളെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

കാലേ കായ്യാർത്ഥിനം പൂച്ഛേത് പ്രണതം പുരതഃ സ്ഥിതം
കിം കായ്യം കാ ച തേ പീഡാ മാഭൈഷീർബ്രൂഹി മാനവ!.'
[വ്യ

പ്രാഡ്വിവാകാൻ സങ്കടക്കാരനോടു മുൻപിൽ ചോദിക്കേണ്ടും പ്രകാരത്തെ ചൊല്ലുന്നു. ധർമ്മസഭയിൽ വന്ന പ്രാഡ്വിവാകന്റെ മുൻപിൽ എത്രയും വണക്കമായിട്ടു നിന്നുംകൊണ്ടു യോഗ്യകാലത്തിൽ സങ്കടത്തിനെ ബോധിപ്പിച്ചാൽ ആ സങ്കടക്കാരനോടു തനിക്കു സങ്കടം എന്തെന്നും തന്റെ കായ്യം എന്തെന്നും ഭയപ്പെടാതെ പറയണമെന്നും പ്രാഡ്വിവാകൻ സാവധാനമായിട്ടു ചോദിക്കണം.

ഏവം പൃഷ്ടസ്സ യദ് ബ്രൂയാത്തത് സഭ്യൈർബ്രാഹ്മണൈസ്സഹ
വിമൃശ്യ കായ്യം ന്യായം ചേദാഹ്വാനാർത്ഥമഃപരം
മുദ്രാം ദദ്യാദ്യഥാ പത്രം പുരുഷം വാ സമാദിശേത്. വ്യ.

മേലെഴുതിയപ്രകാരം പ്രാഡ്വിവാകനാൽ ചോദിക്കപ്പെട്ടതിന്റെ ഉത്തരമായിട്ടു സങ്കടക്കാരൻ യാതൊരു കായ്യത്തെ ബോധിപ്പിക്കുന്നോ അക്കായ്യം പ്രതിവാദിയെ വരുത്തി വിസ്തരിപ്പാനുള്ളതോ അല്ലാത്തതോ എന്നു സഭ്യന്മാരോടും കൂടി വിചാരിച്ചു വിസ്തരിപ്പാനുള്ളതു തന്നെ എന്നു പ്രാഡ്വിവാകൻ ബോധിച്ചാൽ പിന്നെ അതിൽ പ്രതിവാദിയെ വരുത്തുവാൻ ഒരു മുദ്രയെങ്കിലും കൈയൊപ്പോടു കൂടിയ ഓലമുതലായതെങ്കിലും ഒരു ശിപായിയേയെങ്കിലും കൊടുക്കണം.

ആഹൂതസ്യാപവമന്യേത യസ്യൈകോ രാജശാസനം
അഭിയോഗാനുരൂപേണ തസ്യ ദണ്ഡം പ്രകല്പയേത്. വ്യ വ്യ

മുദ്രമുതലായതു കൊണ്ടു ചെന്ന വാദിയെങ്കിലും ശിപായിയെങ്കിലും പ്രതിവാദിയെ സഭയിൽ വരത്തക്കവണ്ണം വിളിച്ചാൽ പ്രതിവാദി രോഗാദികഠം കൂടാതെ നടന്നു വരുവാൻ ശക്തനായിരുന്നും കൊണ്ടു സഭയിൽ വരാതെ മുദ്ര മുതലായതു ലംഘിച്ചു

Digitized By Kerala Sahitya Akademi

പാത്താൽ ആ പ്രതിവാദിക്കു കായ്ത്തിന്റെ അവസ്ഥപോലെ പ്രായശ്ചിത്തം ചെയ്യിക്കണം.

ഹീനേ കമ്മണി പഞ്ചാശന്മദ്ധ്യമേ ദ്വിശതാവരഃ
ഉത്തമകായ്ത്തേ ച ദണ്ഡസ്സ്യാന്നിത്യം പഞ്ചശതാവരഃ. വ്യൻ

ഉത്തരവു മറുത്തവന്റെ ദണ്ഡഭേദത്തെ ചൊല്ലുന്നു. ചെറിയ കായ്ത്തിന് അൻപതു പണവും മദ്ധ്യമമായിട്ടുള്ള കായ്ത്തിന് ഇരുന്നൂറു പണത്തിൽ കുറയാതെയും വലിയകായ്ത്തിന് അഞ്ഞൂറു പണത്തിൽ കുറയാതെയും പ്രായശ്ചിത്തം കല്പിക്കണം.

ഇതി വ്യവഹാരലക്ഷണം.

അഥ പക്ഷാഭാസലക്ഷണം.

ഇനി പക്ഷാഭാസത്തെ ചൊല്ലുന്നു. പക്ഷാഭാസം എടുത്തു വിസ്തരിപ്പാൻ യോഗ്യമല്ലാത്ത ആവലാതി.

ബൃഹസ്പതിഃ—

പതിതാദികൃതശ്ചൈവ *യശ്ച ന പ്രകൃതിം ഗതഃ
അസ്വതന്ത്രകൃതശ്ചൈവ പൂർവ്വപക്ഷോ ന സിദ്ധ്യതി. ൯൦

ജാതിഭ്രഷ്ടായിട്ടുള്ള ദോഷങ്ങൾകൊണ്ടു കൈകൊട്ടി ജാതിയിൽനിന്നു നീക്കിയിരിക്കുന്ന പതിതന്മാരാൽ ചെയ്യപ്പെട്ട ആവലാതിയും പ്രകൃതമല്ലാത്ത ആവലാതിയും സ്വാതന്ത്ര്യമില്ലാത്തവരാൽ ചെയ്യപ്പെട്ട ആവലാതിയും സിദ്ധിക്കയില്ല. ആയതു വിസ്തരിക്കരുതെന്നു താൽപര്യം.

മദ്ധ്യോന്മത്താത്ത്വ്യസനിബാലവൃദ്ധപ്രയോജിതഃ
അസംബന്ധകൃതശ്ചൈവ വ്യവഹാരോ ന സിദ്ധ്യതി. ൯൧

മദ്യപാനംചെയ്തു മദിച്ചു നടക്കുന്നവനാലും ബുദ്ധിഭ്രമംകൊണ്ടു നടക്കുന്നവനാലും മഹാരോഗം പിടിച്ചു് ഇരിക്കുന്നവനാലും മഹാവ്യസനത്തോടു ദുഃഖിച്ചിരിക്കുന്നവനാലും പതിനാറു വയസ്സിനു കീഴ്പെട്ട ബാലനാലും എൺപതു വയസ്സിനു മേല്പെട്ട വൃദ്ധനാലും ഒരു സംബന്ധമില്ലാതെയിരിക്കുന്നവനാലും ചെയ്യപ്പെട്ട ആവലാതി സിദ്ധിക്കയില്ല.

---

* 'യശ്ച നപ്രകൃതം ഗതഃ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ഗുരുശിഷ്യൗ പിതാപുത്രൌ ദമ്പതീ സ്വാമിഭൃത്യകൌ
ഏതേഷാം സമവേതാനാം വ്യവഹാരോ ന സിദ്ധ്യതി. ൯൨

ഗുരുവിനും ശിഷ്യനും അച്ഛനും മകനും ഭർത്താവിനും ഭാ
ര്യയ്ക്കും യജമാനനും ദാസനും തമ്മിലുള്ള ആവലാതി സിദ്ധിക്കയി
ല്ല. ചില സംഗതികളിൽ കാര്യത്തിന്റെ വലിപ്പംകൊണ്ടു
സിദ്ധിക്കയും ചെയ്യും. അതു് എന്നെന്നാൽ ശിഷ്യൻ ഒരു അ
തിക്രമം കാണിച്ചുവെങ്കിൽ ആ ശിഷ്യനെ വെറിയ കയറുകൊ
ണ്ടെങ്കിലും പെരമ്പുകൊണ്ടെങ്കിലും ശരീരത്തിന്റെ പുറുപുഭാഗത്ത
അടിക്കുന്നതു ധർമ്മശാസ്ത്രന്യായം ആകകൊണ്ടു് ആയതുപ്രകാരത്തെ
വലിയ വടികൊണ്ടു ശരീരത്തിൽ അടിച്ചു മുറിച്ചാൽ ആയതു സ
ഹിപ്പാൻ വഹിയാതെ ശിഷ്യൻ സഭയിൽ വന്നു് ആവലാതിവ
ച്ചാൽ ആയതു സിദ്ധിക്കയും ചെയ്യും. മുൻപിനാലേ അനുഭവിച്ചു
വരുന്ന നിലം പുരയിടം മുതലായ വകകളെ അത്യാവശ്യമില്ലാതെ
യിരിക്കുമ്പോൾ അച്ഛൻ കെടുകാര്യം ചെയ്വാൻ തുടങ്ങിയാൽ
ആയതു സങ്കടപ്പെട്ട മകൻ അച്ഛനെക്കൊണ്ടു് ആവലാതി
ചെയ്താൽ ആയതും സിദ്ധിക്കും ഭാര്യയുടെ സ്ത്രീധനം കൊണ്ട
വകകളെ കുടുംബത്തിനു് ഒരു ആപത്തില്ലാതെയിരിക്കുമ്പോൾ
ഭർത്താവു കെടുകാര്യം ചെയ്വാൻ തുടങ്ങിയാൽ ആ സങ്കടം കൊ
ണ്ടു ഭാര്യ ഭർത്താവിനെക്കൊണ്ടു സങ്കടം വച്ചാൽ ആയതും സിദ്ധി
ക്കും. ദാസ്യപ്രവൃത്തിയെടുക്കുന്നവനു ശമ്പളം യജമാനൻ കൊ
ടുക്കാത്ത സങ്കടംകൊണ്ടു ദാസൻ ബോധിപ്പിച്ചാൽ ആയതും സി
ദ്ധിക്കും.

ഏകസ്യ ബഹ്വഭിസ്സാദ്ധം സ്ത്രീണാം പ്രേഷ്യജനസ്യ ച
അനാദേയോ ഭവേദ്ദാപോ *ധർമ്മവിദ്ഭിരുദാഹൃതഃ. ൯൩

ഒരുത്തൻ വളരെയാളുകളോടു് അനേകവിധത്തിലുള്ള കാ
ര്യങ്ങളെക്കൊണ്ടു് ഒന്നിച്ചു് ആവലാതി ബോധിപ്പിച്ചാൽ ആയ
തു് ഓരോരോ കാര്യമായിട്ടു ക്രമേണ സിദ്ധിക്കുന്നതല്ലാതെ ഒന്നി
ച്ചു സിദ്ധിക്കയില്ല. കുലസ്ത്രീകളും വയ്ക്കുന്ന ആവലാതിയും യജ
മാനന്റെ ഉത്തരവു ക്രൂടാതെ ദാസൻ വയ്ക്കുന്ന ആവലാതിയും സി
ദ്ധിക്കയില്ലെന്നു താൽപര്യം.

അപ്രസിദ്ധം നിരാബാധം നിരർത്ഥം നിഷ്പ്രയോജനം
അസാദ്ധ്യം വാ വിരുദ്ധം വാ പക്ഷാഭാസം വിവർജ്ജയേത്. ൯൪

* 'ധർമ്മവിദ്ഭിരുദാഹൃതഃ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

അപ്രസിദ്ധമെന്നും നിരാബാധമെന്നും നിരർത്ഥമെന്നും നിഷ്പ്രയോജനമെന്നും അനാദ്യമെന്നും വിരുദ്ധമെന്നും ഇങ്ങനെ പക്ഷാഭാസങ്ങൾ ആറ്. ഈ പക്ഷാഭാസത്തിനെ ആറിനേയും വർജ്ജിക്കണം. എന്റെ മുയൽകൊമ്പുകൊണ്ടുണ്ടാക്കിയ വില്ല് മറ്റൊരുത്തൻ അപഹരിച്ചുവെന്ന് ഒരു ദിക്കിലും പ്രസിദ്ധമല്ലാത്ത ആവലാതി അപ്രസിദ്ധത്തിനുദാഹരണം. എന്റെ വിളക്കിന്റെ വെളിച്ചം കൊണ്ടു മറ്റൊരുത്തൻ ഭക്ഷിച്ചുവരുന്നു എന്ന് ഒരുത്തക്കും ഉപദ്രവമില്ലാതെ വയ്ക്കുന്ന ആവലാതി നിരാബാധത്തിനുദാഹരണം. ഒരർത്ഥമില്ലാത്ത ശബ്ദത്തിനെ ഉച്ചരിച്ചുവെന്നു വയ്ക്കുന്ന ആവലാതി നിരർത്ഥത്തിനുദാഹരണം.. എന്നെ കടക്കണ്ണുകൊണ്ടു നോക്കി ഹാസ്യം ചെയ്തു എന്ന് ഒരു പ്രയോജനമില്ലാത്ത കാര്യം കൊണ്ടു വയ്ക്കുന്ന ആവലാതി നിഷ്പ്രയോജനത്തിനുദാഹരണം. നാക്കുകൊണ്ടു പറവാൻ വഹിയാത്തവൻ ശകാരിച്ചു എന്നും ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും വിരുദ്ധമായിരിക്കുന്ന കാര്യവും വിരുദ്ധത്തിനുമുദാഹരണം*. ഇതിൻവണ്ണമുള്ള ആവലാതികൾക്കു പ്രതിവാദിയെ വരുത്തി വിസ്തരിക്കരുത്..

ഇതി പക്ഷാഭാസലക്ഷണം.

അഥാസേധപ്രകരണം.

ഇനി ആസേധവിഷയത്തെ ചൊല്ലുന്നു. ആസേധം രാജാജ്ഞകൊണ്ടു ചെയ്യുന്ന തടവ്.

വക്തവ്യോർത്ഥേ ന തിഷ്ഠന്തമുൽക്രാമന്തം ച തദ്വചഃ
ആസേധയേദ്വിവാദാർത്ഥീ യാവദാഹ്വാനദർശനം. ൯൫

വാദി തന്റെ പ്രതിവാദിയോടു തനിക്കു തരുവാനുള്ളതിനെ തരണമെന്നു ചോദിച്ചാൽ ആയതു പ്രതിവാദി ക്രുട്ടാക്കാതെ അതിക്രമിച്ചുപോയാൽ ആ പ്രതിവാദിയെ വാദിക്കു തടവുചെയ്യാം; രാജാവിങ്കൽ ബോധിപ്പിച്ചു് ആളയച്ചുവരുത്തുവോളം.

---

* ഇവിടെ അസാല്പ്യത്തിനുദാഹർണം കാണുന്നില്ല. ദേവദത്തൻ എന്റെ ഗൃഹസന്നിധിയിൽ സുസ്വരമായി പാടുന്നു എന്നുള്ളതു നിഷ്പ്രയോജനത്തിനും, ദേവദത്തൻ ഭ്രൂഭംഗത്തോടുകൂടി ഹസിക്കുന്നു എന്നതു് അസാല്പ്യത്തിനും, ഉദാഹരണമായി പരാശരമാധവീയത്തിൽ കാണുന്നു. അതത്രേ ശരി.

Digitized By Kerala Sahitya Akademi

സ്ഥാനാസേധഃ കാലകൃതഃ പ്രവാസാൽ കർമ്മണസ്തഥാ
ചതുർവിധസ്സ്യാദാസേധ; ആസിദ്ധസ്തം ന ലംഘയേത്. ൻന്ദ

ആസേധം നാലുവിധം. ഈ സ്ഥാനത്തിൽ നിന്നും ഗമിക്കരുതെന്ന സ്ഥാനംകൊണ്ടു ചെയ്യുന്ന തടവും ഇത്ര ദിവസം പോകരുതെന്ന കാലംകൊണ്ടു ചെയ്യുന്ന തടവും ഒരു ദിക്കിൽ യാത്രപോകാൻ ഭാവിച്ചിരിക്കുമ്പോൾ ആയത് അരുതെന്ന പ്രവാസംകൊണ്ടു ചെയ്യുന്ന തടവും ഇന്ന പ്രവൃത്തിയെടുക്കരുതെന്ന കർമ്മംകൊണ്ടു ചെയ്യുന്ന തടവും ഇതിൻവണ്ണം തടവു നാലുവിധം. ഇതിൽ ഒന്നിനാൽ തടയപ്പെട്ടത് അനുസരിയാതെ പോയാൽ പോയവനു ദണ്ഡമുണ്ടെന്നു താൽപര്യം.

ക്ഷേത്രാരാമഗൃഹാദീനി ധനധാന്യാദികം തഥാ
അന്യായവാദിനാന്യേപതാന്യാസേധവ്യാനി വാദിനാ. ൻ൦

വാങ്ങിച്ചതു കൊടുക്കാതെ അന്യായം പറയുന്ന പ്രതിവാദിയുടെ നിലംപുരയിടങ്ങളും കുടികുറികളും ധാന്യങ്ങളും വാദിയാൽ തടയപ്പെടും.

ആസേധ്യാ തു സഭാസേധം സഭയമേവൊത്സൃജേദ്ദ്വിജ
ന തസ്യാതിക്രമാദ്ദോഷോ ന ച ദണ്ഡം പ്രകല്പയേത്. ൻവ

തടഞ്ഞവൻ തന്നെ തടഞ്ഞ അവസ്ഥ രാജാവിനെ ബോധിപ്പിക്കുന്നതിനു മുൻപിൽ തടവു തീർത്താൽ ആയത് അനുസരിച്ചു പോയവനു ദണ്ഡമില്ല.

രാജ്ഞോ നിവേദനാദ്ബുദ്ധ്വാസേധ്യാ നോത്സൃജേൽ സഭയം
ഉത്സൃജേച്ചേദ്ഭയോപ്യസ്യ ആസിദ്ധശ്ച ന ലംഘയേത്. ൻൻ

തടവു ചെയ്തവൻ പ്രതിവാദിയെ തടഞ്ഞ അവസ്ഥ രാജാവിങ്കൽ ബോധിപ്പിച്ചാൽ അതിൽ പിന്നെ തനിക്കു ബോധിച്ചപോലെ തടവു തീർത്ത് അയച്ചുകൂടാ. തടവിൽ ഉൾപ്പെട്ടവനും പോയിക്കൂടാ. ഇതുപ്രകാരം ചെയ്താൽ പ്രായശ്ചിത്തം വരും.

നദീസന്താരകാന്താരദുർഗ്ഗേശോപപ്ലവാദിഷു
ആസിദ്ധസ്യ പരാസേധമുൽക്രാമൻ നാപരാധ്നുയാത്.

[ഫ൦൦

ചിലസമയത്തു തടവ് അതിക്രമിച്ചാൽ ദണ്ഡമില്ലെന്നു പറയുന്നു. നദി കടക്കുമ്പോഴും അതിഭയങ്കരമായിരിക്കുന്ന വനമദ്ധ്യേ പോകുമ്പോഴും ദുഷ്ടന്മാരായ ചോരന്മാരുള്ള പ്രദേശത്തും

Digitized By Kerala Sahitya Akademi

ശത്രുക്കൾവന്നു കരയേറി രാജ്യത്തിന് അലസൽ വന്നിരിക്കുന്ന സമയത്തും ഒരുത്തനാൽ തടയപ്പെട്ടാൽ ആയത് അതിക്രമിച്ചു പോയവനു ദണ്ഡമില്ല.

നിവേഷ്ടുകാമോ രോഗാർത്തോ യിയക്ഷുർവ്യസനേ സ്ഥിതഃ
അഭിയുക്തസ്തഥാന്യേന രാജകാര്യോദ്യതസ്തഥാ; ൧൦൧

വിവാഹാദികർമ്മങ്ങൾചെയ്വാൻ ഭാവിച്ചിരിക്കുന്നവനേയും രോഗത്തോടുകൂടിയിരിക്കുന്നവനേയും യാഗാദിക്രിയകൾ ചെയ്വാൻ തുടങ്ങിയിരിക്കുന്നവനേയും മഹാവ്യസനത്തിൽ ദുഃഖിച്ചിരിക്കുന്നവനേയും മറ്റൊരുത്തനാൽ ആവശ്യാതി ചെയ്യപ്പെട്ടിരിക്കുന്നവനേയും രാജകാര്യത്തിൽ ഉദ്യോഗിച്ചിരിക്കുന്നവനേയും അതതു സമയത്തിൽ മറ്റൊരുത്തൻ തടയരുത്.

ഗവാം പ്രചാരേ ഗോപാലാസ്സസ്യാരംഭേ കൃഷീവലാഃ
ശില്പിനശ്ചാവി തത്കാലേ ആയുധീയാശ്ച വിഗ്രഹേ; ൧൦൨

ഉഴുതുവിതയ്ക്കുന്ന കാലങ്ങളിൽ കൃഷിക്കാരേയും പശുക്കളെ മേച്ചുവരുന്ന സമയത്ത് ഇടയരേയും ശില്പവേലചെയ്തുവരുന്ന സമയത്തു ശില്പികളേയും യുദ്ധകാലത്തിൽ ആയുധപാണികളേയും മറ്റൊരുത്തൻ തടയരുത്.

അപ്രാപ്തവ്യവഹാരശ്ച ദൂതോ ദാനോന്മുഖോ വ്രതീ
വിഷമസ്ഥശ്ച നാസേന്ദ്ര്യോ ന ചൈതാനാഹ്വയേന്നൃപഃ. ൧൦൩

[൧൦൩

വ്യവഹാരം പറയുന്നതിനു പ്രാപ്തിയില്ലാതെയിരിക്കുന്ന പ്രതിനാറു വയസ്സിനു കീഴുള്ള ബാലനേയും ദൂതനേയും മഹാദാനം ചെയ്വാൻ ഭാവിച്ചിരിക്കുന്നവനേയും ഉപവാസാദിവ്രതത്തോടുകൂടിയിരിക്കുന്നവനേയും വിഷമപ്രദേശങ്ങളിൽ കേറിയിരിക്കുന്നവനേയും ഇതിൻവണ്ണം മേലെഴുതിയ ആളുകളേയൊക്കയും മറ്റൊരുത്തൻ തടയുകയും രാജാവ് ആളയച്ചു വരുത്തുകയുമരുത്.

വൃക്ഷം പർവ്വതമാരുഢാ ഹസ്ത്യശ്വരഥനൌസ്ഥിതാഃ
വിഷമസ്ഥാശ്ച തേ സർവേ നാസേന്ദ്ര്യാഃ കായ്യസാധകൈഃ. ൧൦൪

[൧൦൪

വൃക്ഷത്തിലും മലയിലും ആനയിലും അശ്വത്തിലും രഥത്തിലും തോണിയിലും കേറിയിരിക്കുന്നവരെ കായ്യസാധകന്മാർ തടയരുതു്.

Digitized By Kerala Sahitya Akademi

യസ്ത്വിന്ദ്രിയനിരോധേനാ ച്യാഹാരോച് ഛപസനാദിഭിഃ
ആത്മസിധയേദനാത്മസൈധൈസ്സ ദണ്ഡ്യോ നതപതിക്രമീ. ഫ ഠ ഭ

കണ്ണുരുണ്ട നോക്കരുതെന്നും ശപാസം വിടരുതെന്നും ഭക്ഷണം സമയത്തിങ്കൽ ഭക്ഷിക്കരുതെന്നും ഇതിൻവണ്ണമുള്ള ക്രിയകളെ തടയുന്നതു യോഗ്യമല്ലാത്തതാകകൊണ്ടു തടയരുതു്. ഇപ്രകാരമുള്ളതിനെ തടയുന്നതിനു പ്രായശ്ചിത്തമുണ്ടു്. ഇപ്രകാരമുള്ള തടവ് അതിക്രമിച്ചവനു പ്രായശ്ചിത്തമില്ല.

ന ഹീനപക്ഷാം യുവതിം കുലേ ജാതാം പ്രസൂതികാം
സർവ്വവർണ്ണോത്തമാം കന്യാം യാം ജാതിപ്രഭകാം സ്മൃതാം. ഫ ഠ ന്യ

ഭർതൃവംശത്തിലും പിതൃവംശത്തിലും ബലമില്ലാത്ത യൌവനമുള്ളവളേയും വലിയ തറവാട്ടിൽ ജനിച്ചു യൌവനമുള്ളവളേയും പ്രസവിച്ചു ശുദ്ധം വരാത്തവളേയും ആവലാതിക്കാരനേക്കാൾ വലിപ്പമുള്ള ജാതിയിൽ ജനിച്ചവളേയും പത്തു വയസ്സിൽ കീഴുള്ള കന്യകയേയും ഒരുത്തൻ തടകയും രാജാവ് അളയച്ചവരുത്തുകയുമരുതു്.

...തദധീനകുടുംബിന്യസ്സൈരിണ്യോ ഗണികാശ്ച യാഃ
നിഷ്കുലാ യാശ്ച പതിതാസ്താസാമാഹ്വാനമിഷ്യതേ. ഫ ഠ ഫ

ജ്ഞാതികൾ കൂടാതെ സ്വാതന്ത്ര്യമായിട്ടു കുടുംബം ഭരിച്ചുവരുന്ന സ്ത്രീകളേയും നേരച്ചു ദേശാടനഞ്ചാരിണികളായിരിക്കുന്ന സ്ത്രീകളേയും കുലഭ്രഷ്ടകളേയും മഹാപാതകം ചെയ്തിരിക്കുന്ന സ്ത്രീകളേയും തടയുകയും വരുത്തുകയുമാം.

ഇത്യാസേധപ്രകരണം.

അഥ പുരുഷാന്തരനിയോഗവിധിഃ.

ഹാരീതഃ:—

നോ ന ഭ്രാതാ ന ച പിതാ ന പുത്രോ ന നിയോഗകൃത്
പരാത്മവാദീ ദണ്ഡ്യസ്സ്യാദ്വ്യവഹാരേഷു വിബ്രുവൻ.

[ഫ ഠ വ

ഒരുത്തന്റെ കായ്ത്തിനു സംബന്ധമില്ലാത്തവൻ വ്യവഹാരം ബോധിപ്പിപ്പാൻ വരുന്നതു് അരുതു്. അച്ഛനും മകനും

Digitized By Kerala Sahitya Akademi

ജ്യേഷ്ഠനും അനുജനും ഇതിൻവണ്ണമുള്ള സംബന്ധക്കാക്കു വ്യവഹാരം ബോധിപ്പിക്കാം. കായ്ത്തിന്റെ ഉടയവനു വ്യവഹാരം ബോധിപ്പിക്കുന്നതിനു ശക്തിയും സമയവും ഇല്ലാഞ്ഞാൽ തന്റെ കായ്ം വ്യവഹരിക്കുന്നതിന് അധികാരപത്രം കൊടുത്തു മറെറാരുത്തനെ ആക്കിയാൽ അവനു വ്യവഹാരം ബോധിപ്പിക്കാം. ഇതു രണ്ടും കൂടാതെ ബോധിപ്പിപ്പാൻ വന്നവനു പ്രായശ്ചിത്തം ഉണ്ട്.

നാരദഃ:—

അർത്ഥിനാ സന്നിധൗക്തോ വാ പ്രത്യർത്ഥിപ്രഹിതോപി വാ
യോ യസ്യാർത്ഥേ വിവദതേ തയോർജ്ജയപരാജയൌ. ഫ ഠ ൻ

വാദിയെങ്കിലും പ്രതിവാദിയെങ്കിലും അധികാരപത്രം കൊടുത്തു മറെറാരുത്തനെ ആക്കി വ്യവഹരിപ്പിച്ചാൽ അതിൽ വരുന്ന ജയാപജയങ്ങൾ അധികാരപത്രം കോടുത്ത് ആക്കിയവരു തന്നെ അനുസരിക്കണം.

ബൃഹസ്പതിഃ:—

യസ്യാഭിയോഗം കുരുതേ സത്യനാശകൃതാപി വാ
തമേവാനായയേദ്രാജാ മുദ്രയാ പുരുഷേണ വാ. ഫ ഫ ഠ

ബ്രഹ്മഹത്യ, മദ്യപാനം, മോഷണം, മുതലായ ചില സംഗതികളിൽ യാതൊരുത്തനെക്കൊണ്ട് ആവലാതി വയ്ക്കുന്നവോ അയവനെത്തന്നെ മുദ്ര ഏങ്കിലും ശിപായിയേയെങ്കിലും അയച്ചു വരുത്തി വിസ്തരിക്കണം. ഈ സംഗതികൾക്ക് അധികാരപത്രം കൊടുത്തു മറെറാരുത്തനെ ആക്കുകയും അവനെ വരുത്തി വിസ്തരിക്കയുമരുതു്.

ദേശം കാലം ച വിജ്ഞായ കായ്യാണാം ച ബലാബലം
അകല്യാദീനുപി ശനൈയ്യാനൈരേവാഹ്വയേന്നൃപഃ.

[ക ഫ ഫ

ദേശത്തേയും കാലത്തേയും കായ്ങ്ങളുടെ ബലാബലത്തേയും അറിഞ്ഞു വരുത്തുവാൻ വഹിയാത്ത ആളുകളെ വരുത്തിയേ കഴിയൂ എങ്കിൽ വാഹനങ്ങൾ കൊടുത്തയച്ചു വരുത്തണം.

ഉഭയോഃ പ്രതിഭ്രർഗ്രാഹ്യസ്സമർത്ഥഃ കായ്യനിർണ്ണയേ.

വാദിപ്രതിവാദികൾ രണ്ടുപേരും വന്ന കായ്യം വിസ്തരിപ്പാൻ തുടങ്ങിയാൽ കായ്യമർയ്യാത്തിങ്കൽ അവരു പൊയ്ക്കളഞ്ഞാൽ

Digitized By Kerala Sahitya Akademi

അവരുടെ കായ്യം പറയുന്നതിനും അവക്കു പ്രായശ്ചിത്തം വന്നാൽ ആ പ്രായശ്ചിത്തദ്രവ്യം തരുന്നതിനും ശക്തമായിട്ടുള്ള ജാമ്യം രണ്ടുപേരോട്ടം വാങ്ങിച്ചു പിന്നത്തതിൽ കായ്യം വിസ്തരിക്കണം.

കാത്യായനഃ:—

അഥ ചേത് പ്രതിഭ്രൂന്നാസ്തി വാദയോഗ്യസ്യ വാദിനഃ
സ രക്ഷിതോ ദിനസ്യാന്തേ ദദ്യാദ്ഭൃതായ* വേതനം. ഫ ഫ ഫ

വാദിപ്രതിവാദികൾക്കു ശക്തനായിരിക്കുന്ന ജാമ്യക്കാരനെ കിട്ടാഞ്ഞാൽ രണ്ടുപേരേയും ഒരു ശിപായിവശം ഏല്പിച്ചു രക്ഷിക്കണം. രക്ഷിക്കുന്ന നാൾ ശിപായിക്കു രണ്ടുപേരേക്കൊണ്ടും അതതുദിവസം അന്നുമനസമയത്തു ചിലവിനു കൊടുപ്പിക്കണം.

ദ്വിജാതിഃ പ്രതിഭ്രൂഹീനോ രക്ഷ്യസ്സ്യാദ് ബാഹ്യചാരിഭിഃ;
ശൂദ്രാദീൻ പ്രതിഭ്രൂഹീനാൻ ബന്ധയേന്നിഗളേന തു. ഫ ഫ ബ

ജാമ്യമില്ലാത്ത ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരെ പുരയിലാക്കി വിലങ്ങു മുതലായതിട്ടു ബന്ധപ്പെടുത്താതെ സൂക്ഷിപ്പിക്കണം. ശൂദ്രരു തുടങ്ങീട്ടുള്ള ആളുകളെ ബന്ധപ്പെടുത്തിയും സൂക്ഷിപ്പിക്കണം.

അതിക്രമേ/പയാനേ ച ദണ്ഡയേത്തം പണാഷ്ടകം;
നിത്യകർമ്മോപരോധസ്തു ന കായ്യസ്സർവവർണ്ണിനാം. ഫ ഫ ർ

ശിപായിവശം ഏല്പിച്ചിരിക്കുന്നവർ ഒളിച്ചെങ്കിലും തള്ളിയെങ്കിലും പോയാൽ അവരേക്കൊണ്ടു് എട്ടു പണം പ്രായശ്ചിത്തം ചെയ്യിപ്പിക്കണം. തടവിലാക്കിയിരിക്കുന്ന നാലു ജാതിയിലുള്ള ആളുകളുടെ നിത്യകർമ്മങ്ങളെ മുട്ടിക്കയുമരുതു്.

ഇതി പുരുഷാന്തരനിയോഗവിധിഃ.

അഥ ഭാഷോത്തരപാദനിരൂപണം.

അത്ഥാനത്ഥാവുഭൌ ബുദ്ധ്വാ ധർമ്മാധർമ്മൌ ച കേവലൌ
വർണ്ണക്രമേണ സർവ്വാണി പശ്യേത് കായ്യാണി കായ്യിണാം. [ഫ ഫ ഭ

---

* 'ഭൃത്യായ' എന്നു മാധവാചാര്യർ.

Digitized By Kerala Sahitya Akademi

സഭയിൽ വന്ന് ആരെങ്കിലും മുമ്പിൽ ബോധിപ്പിച്ചാൽ അവന്റെ കായ്യം മുൻപിൽ കേൾക്കണം. നാലുവണ്ണങ്ങളിലും ഉള്ള സങ്കടക്കാര് ഒന്നിച്ചു സഭയിൽ വന്ന് ,,എന്റെ എന്റെ കായ്യം മുൻപിൽ കേൾക്കണം'' എന്നു പറഞ്ഞാൽ ബ്രാഹ്മണന്റെ കായ്യം മുൻപിലും പിന്നെ ക്ഷത്രിയന്റെ കായ്യവും ഇങ്ങനെ വണ്ണക്രമത്താൽ കേൾക്കണം. ഒരു ജാതിയിൽ തന്നെ രണ്ടുപേര് ഒന്നിച്ചുവന്നാൽ അതിൽ രാജാവിന് ഒരുത്തൻ മിത്രമെങ്കിൽ അവന്റെ കായ്യം മുൻപിലും രണ്ടുപേരും സമം തന്നെയെങ്കിൽ ഇച്ഛപോലെയും കേൾക്കണം. ഇതല്ലാതെ ധർമ്മാധർമ്മങ്ങളേയും കായ്യങ്ങളുടെ ഗുരുലഘുതവങ്ങളേയും അറിഞ്ഞു സങ്കടക്കായ്യം കേൾക്കണം.

യസ്യ വാപ്യധികാ പീഡാ കായ്യം വാഭ്യധികം ഭവേത്
തസ്യാർത്ഥവാദോ ദാതവ്യോ നയഃ പൂർവം നിവേദയത. ഫ ഫന്നു

യാതൊരുത്തൻ വലിയ കായ്യം കൊണ്ടെങ്കിലും വലിയ ഉപദ്രവം കൊണ്ടെങ്കിലും ആവലാതിക്കു വന്നിരിക്കുന്നോ അവൻ പിന്നത്തതിൽ വന്നുവെങ്കിലും അവന്റെ കായ്യം മുൻപിലും ചെറിയ കായ്യം കൊണ്ടു മുൻപിൽ ബോധിപ്പിച്ചവന്റെ കായ്യം പിന്നത്തതിലും കേൾക്കണം.

യാജ്ഞവല്ക്യഃ:—

പ്രത്യർത്ഥിനോഽഗ്രതോ ലേഖ്യം യഥാവേദിതമർത്ഥിനാ
സമാമാസതദർദ്ധാഹ്നാമജാത്യാദിചിഹ്നിതം. ഫ ഫ ൈ

മുദ്രമുതലായതു കൊടുത്തു പ്രതിവാദിയെ വരുത്തിയതിന്റെ ശേഷം പ്രതിവാദിയുടെ മുൻപിൽ വാദിയെക്കൊണ്ടു ചുരുക്കമായിട്ടു വാചകം വച്ചെഴുതിച്ചു കായ്യത്തിനു വിവരമായിട്ട് ആണ്ടും മാസവും പക്ഷവും തീയതിയും പേരും ജാതിമുതലായതും വച്ചു വാദിയെക്കൊണ്ട് എഴുതിക്കണം.

ബൃഹസ്പതിഃ:—

നിരവദ്യം സപ്രതിജ്ഞം പ്രമാണാഗമസംയുതം
ദ്രവ്യസംഖ്യോദയം പീഡാം ക്ഷമാലിംഗം ച ലേഖയേത്:

[ഫ ഫ വ

പ്രതിവാദിയുടെ മുമ്പിൽവച്ചു വാദിയെക്കൊണ്ടെഴുതിക്കുന്നതിൽ ഒരു ദോഷംകൂടാതെ നിശ്ചയമായിട്ടുള്ള പ്രതിജ്ഞയോടുകൂടിയതായും ആധാരം മുതലായ പ്രമാണങ്ങളേയും ദ്രവ്യാൽപത്തി,

Digitized By Kerala Sahitya Akademi

യിൽ കാരണത്തേയും ദ്രവ്യത്തിന്റെ സംഗതിയും സംബ്ധ്യയും പ്രതിവാദിയാൽ ചെയ്യപ്പെട്ട ഉപദ്രവത്തേയും തന്റെ ദ്രവ്യത്തെ പ്രതിവാദിയോടു ചോദിച്ച് ഉടൻതന്നെ വാങ്ങിക്കാതെ കാലതാമസം വന്നു ക്ഷമിച്ച പാത്തിനുള്ള കാരണത്തേയും വച്ച് എഴുതിക്കണം.

ദേശഃ കാലസ്തഥാ സ്ഥാനം സന്നിവേശസ്തഥൈവ ച
*ജ്ഞാതൃസംജ്ഞാ നിവാസശ്ച പ്രമാണം ക്ഷേത്രനാമ ച. ഫ ഫ ൻ
പിതൃപൈതാമഹം ചൈവ പൂർവരാജാനുകീർത്തനം
സ്ഥാവരേഷു വിവാദേഷു ദശൈതാനി നിവേശയേത്. ഫ ഫ ഠ

നിലം പുരയിടം എടപ്പെട്ട സംഗതികളിൽ അതതു നാട്ടിന്റെ പേരും ഊരുകളുടെ പേരും ഭവനങ്ങളുടെ പേരും എടപാടുണ്ടായ കാലവും സമീപസ്ഥന്മാരുടെ പേരും വാദിപ്രതിവാദികളുടേയും അവരുടെ പൂർവ്വന്മാരുടേയും പേരും നിലത്തിന്റെ പേരും അതിന്റെ എല്ലുകയും താൻ അനുഭവിച്ചുവന്ന കാലത്തിലുള്ള രാജാക്കന്മാരുടെ പേരും വച്ച് എഴുതിക്കണം. ഇതിൻവണ്ണം പൊൻ വെള്ളി മുതലായ സംഗതികൾക്കു വേണ്ടുന്ന തൂക്കത്തിന്റെ പരിമാണസംഖ്യകളേയും വച്ച് അതതു സംഗതിക്കു വേണ്ടുന്നത് ഊഹിച്ചെഴുതിക്കണം.

ശങ്കാഭിയോഗസ്തത്ത്വം ച ലബ്ധ്യൃത്ഭൃത്വനം തഥാ
വൃത്തേ വാദേ പുനർവാദഃ പക്ഷഃ ജ്ഞേയശ്ചതുർവിധഃ.
ഭ്രാന്തിഃ ശങ്കാ സമുദ്ദിഷ്ടാ തത്ത്വം നഷ്ടാത്മദർശനം [ഫ ഫ ഢ
ലബ്ധ്യൃത്ഭൃത്വനം മോഹാദ് വൃത്തേ വാദേ പുനഃക്രിയാ.
[ഫ ഫ ണ

വാദിയുടെ പൂർവപക്ഷം സംശയംകൊണ്ടു വയ്ക്കുന്ന ആവലാതിയും തൊണ്ടി മുതലായതുകൊണ്ടു കണ്ടു നിശ്ചയിക്കുന്ന ആവലാതിയും വരുവാനുള്ള അർത്ഥത്തിനെ വാങ്ങിച്ചുംകൊണ്ടു പിന്നെയും അർത്ഥാഗ്രഹത്താൽ വയ്ക്കുന്ന ആവലാതിയും ഒരിക്കൽ തീർന്ന കാര്യത്തിനെ പിന്നെയും ആവർത്തിച്ചു വയ്ക്കുന്ന ആവലാതിയും ഇതിൻവണ്ണം നാലുവിധം.

ദേശകാലവിഹീനശ്ച ദ്രവ്യസംഖ്യാവിവർജ്ജിതഃ
സാദ്ധ്യപ്രമാണഹീനശ്ച പക്ഷോ നാദേയ ഇഷ്യതേ. ഫ ണ ട

ദേശവും കാലവും ദ്രവ്യത്തിന്റെ സംഖ്യയും കാര്യത്തിനുവേണ്ടുന്ന ആധാരം മുതലായ പ്രമാണങ്ങളും ആണ്ടു മാസം മുതലായ

* 'ജ്ഞാതസ്സംജ്ഞാധിവാസശ്ച' (പാഠാന്തരം).

Digitized By Kerala Sahitya Akademi

വയും വച്ച് എഴുതാതെ ബോധിപ്പിക്കുന്ന ആവലാതിയും എടുത്തു വ്യവഹരിക്കരുതു്. പൊൻ വെള്ളി എടുപ്പെട്ട സംഗതികഠംക്കു വേണ്ടുന്ന സംഖ്യകളും *പ്രമാണങ്ങളും വച്ച് എഴുതാത്ത ആവലാതിയും എടുക്കരുതു്.

അഭിയോക്തൃപ്രഗല്ഭതപാടവക്തും നോത്സഹതേ യദ്യദി
തസ്യ കാലഃ പ്രദാതവ്യഃ കാര്യശക്ത്യനുരോധതഃ. ഫ ഛ ർ

യാതൊരു വാദി അധൈര്യംകൊണ്ടെങ്കിലും കാര്യനിരൂപണം ഇല്ലായ്കകൊണ്ടെങ്കിലും വിവരമായിട്ട് എഴുതുന്നതിനു് അവധി ചോദിക്കുന്നോ ആ വാദിക്കു കാര്യത്തിന്റെ ഗൗരവലഘുത്വം കണ്ട് അവധികൊടുക്കണം.

ശോഭാ ലേഖനം വാ ലഭതേ ത്രിഹം സപ്താഹമേവ വാ
മതിരുത്പദ്യതേ യാവദ്വിവാദേ വക്തുമിച്ഛതഃ. ഫ ഛ ഒ

വാദിക്കു വിവരംവച്ചു് എഴുതുന്നതിനു ഒരു ദിവസമെങ്കിലും മൂന്നു ദിവസമെങ്കിലും ഏഴു ദിവസമെങ്കിലും അവധികൊടുക്കണം. ഈ അവധിക്കകം നിരൂപിച്ച വാദി എഴുതേണ്ടുന്നതു് എഴുതിക്കൊള്ളണം.

ബൃഹസ്പതിഃ:—

പാണ്ഡുലേഖ്യേന ഫലകേ ഭൂമൌ വാ പ്രഥമം ലിഖേൽ
$ ഊനാധികം തു സംശോധ്യ തതഃ പത്രേ നിവേശയേത്.
[ഫ ഛ ന്യ

പ്രതിവാദിയുടെ മുൻപിൽ വച്ചു വാദിയെക്കൊണ്ടു വിവരത്തിനു മുൻപിൽ വെണ്ണക്കല്ലുകൊണ്ടു പലകയിലെങ്കിലും ഭൂമിയിലെങ്കിലും പറയുന്ന വാമൊഴികഠം ഒക്കയും എഴുതിച്ചു ക്രുട്ടുവാനുള്ളതു ക്രുട്ടി കളവാനുള്ളതു കളഞ്ഞു ശോധനചെയ്തു പിന്നത്തതിൽ ഓലപ്പുറത്തു് എഴുതിക്കണം.

ബഹുപ്രതിജ്ഞം യത് കാര്യം വ്യവഹാരേഷു നിശ്ചിതം
കാമം തദപി ഗൃഹ്ണീയാദ്രാജാ തത്പബുദ്ധ്യസയാ. ഫ ഛ ഒ

ഒരുത്തനു മറെറാരുത്തൻ ഏതാനും ദ്രവ്യം കൊടുപ്പാൻ ഉണ്ടെന്നും ‡അടിച്ചു പറിച്ചുവെന്നും ഇപ്രകാരം അനേകം വിധ

---

* 'ആദ്യമുതലായ പ്രമാണങ്ങളും' (പാഠാന്തരം). $ 'ഊനാധികം തു സംശോധ്യ' (പാഠാന്തരം). ‡ 'അടിച്ചുമുറിച്ചു' (പാഠാന്തരം).

Digitized By Kerala Sahitya Akademi

മായിട്ടുള്ള ആവലാതിയെ ഒന്നിച്ചു ബോധിപ്പിച്ചാൽ ആയതു രണ്ടു പദത്തിലുള്ള സംഗതി ആകകൊണ്ട് ഒന്നിച്ചു സിദ്ധിക്കയില്ലെങ്കിലും ഏതാനും ദ്രവ്യവും ധാന്യവും വസ്തുവും തരണമെന്ന് ഇപ്രകാരം അനേകവിധമായിട്ട് ഒരു പദത്തിലുള്ള സംഗതിയേക്കൊണ്ടു നിശ്ചയിച്ച് ആവലാതി വച്ചാൽ ആയതു സിദ്ധിക്കയും ചെയ്യും.

നാരദഃ—

"ന്യായം വാ നേച്ഛതേ കർത്തുമന്യായം വാ കദാചന;"
ന ലേഖയതി യസ്തേവം തസ്യ പക്ഷോ ന സിദ്ധ്യതി.

[ഫ വ

യാതൊരു വാദി തരുവാനുള്ളതു തരുന്നില്ലെന്നും തന്റെ വക അപഹരിച്ചിരിക്കുന്നു എന്നും പ്രതിവാദിയെക്കൊണ്ട് ആവലാതി ബോധിപ്പിക്കുന്നതല്ലാതെ ഓലപ്പുറത്ത് എഴുതുകയില്ലെങ്കിൽ ആ വാദിയുടെ കാര്യം സിദ്ധിക്കയില്ല.

ശോധയേത് പൂർവവാദം തു യാവന്നോത്തരദർശനം
അവഷ്ടബ്ധസ്യോത്തരേണ നിവൃത്തം ശോധനം ഭവേത്.

[ഫ ൻ

വാദി എഴുതുന്ന പക്ഷത്തെ പ്രതിവാദി ഉത്തരം എഴുതുന്നതിനു മുൻപിൽ നല്ലതിൻവണ്ണം ശോധനചെയ്യണം. പ്രതിവാദി ഉത്തരം എഴുതിയാൽ പിന്നത്തതിൽ വാദിപക്ഷത്തിനെ ശോധന ചെയ്യരുതു്. എന്നതുകൊണ്ടു പ്രതിവാദി ഉത്തരം എഴുതുന്നതിനു മുൻപിൽ വാദി വേണ്ടുന്നതൊക്കയും എഴുതിക്കൊള്ളണം.

വിനിശ്ചിതേ പൂർവപക്ഷേ ഗ്രാഹ്യാഗ്രാഹ്യേ വിശേഷിതേ
പ്രതിജ്ഞാതഃ സ്ഥിരീഭൂതേ ലേഖയേദുത്തരം തതഃ. ഫനു ൦

വാദിയുടെ പക്ഷത്തിനെ നല്ലവണ്ണം ശോധനചെയ്തു വാദി ബോധിപ്പിച്ച കാര്യം മനസ്സിൽ നിശ്ചയം വന്നാൽ പിന്നത്തതിൽ പ്രതിവാദിയെക്കൊണ്ട് ഉത്തരമെഴുതിക്കണം.

ശാലീനതാദ് ഭയാദപി പ്രത്യർത്ഥീ സ്ഥിതിവിഭ്രമാത്
കാലം പ്രാർത്ഥയതേ യത്ര തത്രൈവം ലംബ്ധുമർഹതി. ഫനു ഫ

Digitized By Kerala Sahitya Akademi

പ്രതിവാദി അധൈര്യം കൊണ്ടെങ്കിലും ഭയംകൊണ്ടെങ്കിലും കാര്യനിശ്ചയമില്ലാത്തതുകൊണ്ടെങ്കിലും എഴുതുന്നതിന് അവധിതരണമെന്നു ചോദിച്ചാൽ ആ പ്രതിവാദിക്കും അവധി വച്ചു കൊടുക്കണം.

ഏകാഹം ദ്വിത്ര്യഹം വൈവ പഞ്ചസപ്താഹമേവ വാ
മാസം മാസത്രയം വർഷം ലഭേത സാക്ഷ്യുപേക്ഷയാ. [നാ. വ

പ്രതിവാദിക്ക് ഉത്തരമെഴുതുന്നതിന് ഒരു ദിവസം മുതൽ ഏഴു ദിവസം വരെ അവധി കൊടുക്കണം. കാലം ചെന്നു പോയ കാര്യമെങ്കിലും ദേശാന്തരത്തിൽ പോയിരിക്കുന്ന സാക്ഷിക്കാരനെ വരുത്തി കേൾക്കണമെങ്കിലും ഒരു മാസം മുതൽ ഒരു വർഷം വരെ ചോദിക്കുന്ന അവധി കൊടുക്കണം.

കാലം ശക്തിം വിദിത്വാ തു കാര്യാണാം ച ബലാബലം
അല്പം വാ ബഹു വാ കാലം ദദ്യാത് പ്രത്യർഥിനേ പ്രഭുഃ.
[നാ. ന

കാലവും ശക്തിയും കാര്യങ്ങളുടെ ബലാബലവും അറിഞ്ഞ് അവസ്ഥപോലെ കുറേദിവസമെങ്കിലും ബഹുദിവസമെങ്കിലും അവധി രാജാവു കൊടുക്കണം; അല്ലെങ്കിൽ പ്രാഡ്വിവാകൻ കൊടുക്കണം..

ഗോഭ്രഹിരണ്യസ്ത്രീഷു പാരുഷ്യാത്യയികേഷു ച
*സാഹസേഷ്വപവാദേ ച സദ്യ ഏവ വിവാദയേത്.
[നാ. ര

കറവിയുള്ള പശുവിന്റെ വ്യവഹാരത്തിലും സ്വർണ്ണമെടുപ്പെട്ട വ്യവഹാരത്തിലും മോഷണസംഗതിയിലും വാക്പാരുഷ്യത്തിലും ദണ്ഡപാരുഷ്യത്തിലും അപായം നേടുപെട്ട സംഗതിയിലും പിടിച്ചുപറിക്കുമുതലായസാഹസങ്ങളിലും മഹാപാപങ്ങളെക്കൊണ്ട് അപവാദം ബോധിപ്പിച്ചിരിക്കുന്ന സംഗതികളിലും പ്രതിവാദിക്ക് അവധി കൊടുക്കരുത്; ഉടൻതന്നെ എഴുതിക്കണം.

കാത്യായനഃ:—

സദ്യഃകൃതേഷു കാര്യേഷു സദ്യ ഏവ വിവാദയേത്;
കാലാതീതേഷു വാ കാലം ദദ്യാത് പ്രത്യർഥിനേ പ്രഭുഃ. [നാ. ള

* 'സാഹസേഷ്വഭിശാപേ ച' (പാഠാന്തരം).

Digitized By Kerala Sahitya Akademi

അപ്പോൾ ഉണ്ടായ കായ്മും അപ്പോൾതന്നെ വിസ്തരിക്കണം. കാലം കഴിഞ്ഞതാകുന്നുവെങ്കിൽ ഉത്തരപത്രമെഴുതുന്നതിനു പ്രതിവാദിക്ക് അവധികൊടുക്കണം.

യദാ തേപകവിധഃ പക്ഷഃ കല്പിതഃ പൂർവ്വവാദിനാ
ദദ്യാത്തൽപക്ഷസംബന്ധം പ്രതിവാദീ തഥോത്തരം. ഫനു൯൩

വാദി യാതൊരു കായ്മത്തെ സംബന്ധിച്ച് ആവലാതി ബോധിപ്പിച്ചിരിക്കുന്നോ അക്കായ്മത്തിനുമാത്രം വേണ്ടുന്ന ഉത്തരത്തെ പ്രതിവാദി എഴുതണം. മറ്റൊരുകായ്മം സംബന്ധിച്ച് ഉത്തരമെഴുതരുത്.

നാരദഃ:—

പക്ഷസ്യ വ്യാപകം സാരമുദ്ധിശ്യം നിരാകുലം
അവ്യാഖ്യാഗമ്യമിത്യേവമുത്തരം തദ്വിദോ വിദുഃ. ഫനു൯൪

വാദി എഴുതിയിരിക്കുന്ന കായ്മത്തിനെ എല്ലാം സംബന്ധിച്ച വാദിപക്ഷത്തെ ഖണ്ഡിപ്പാൻ യോഗ്യമായും സന്ദേഹത്തിന് ഇടയില്ലാതേയും മുൻപിൻ വിരോധംകൂടാതേയും കേൾക്കുന്നവക്ക് ഒക്കയും ഉടൻതന്നെ പൊരുളറിവാൻതക്കവണ്ണവും ന്യായമായിട്ടും പ്രതിവാദിയെഴുതണം.

മിഥ്യാ സമ്പ്രതിപത്ത്യാ വാ പ്രത്യവസ്കന്ദനേന വാ
പ്രാങ്ന്യായവിധിസിദ്ധ്യാ വാപ്യുത്തരം സ്യാച്ചതുർവിധം.
[ഫനുവ

ഉത്തരം മിഥ്യോത്തരമെന്നും സത്യോത്തരമെന്നും പ്രത്യവസ്കന്ദനോത്തരമെന്നും പ്രാങ്ന്യായോത്തരമെന്നും ഇപ്രകാരം നാലുവിധം. എന്നെക്കൊണ്ടു വാദി പറഞ്ഞ് എഴുതിയിരിക്കുന്നത് ഒന്നുംതന്നെ ഉണ്ടായിട്ടില്ല എന്നും ഭോഷ്കു് എന്നും പറയുന്ന ഉത്തരം മിഥ്യോത്തരം. വാദി എഴുതിയത് ഒക്കയും പരമാർത്ഥംതന്നെ എന്ന് അനുസരിച്ചു പറയുന്ന ഉത്തം സത്യോത്തരം. വാദി എഴുതിയത് ഉള്ളതുതന്നെയെന്നും അനുസരിച്ച് ഈ കായ്മം മുൻപിൽതന്നെ തീർന്നുപോയതെന്നും അപ്പോൾ വാദിക്കു ജയം വന്നു എന്നും പറയുന്ന ഉത്തരം പ്രാങ്ന്യായോത്തരം. വാദി എഴുതിയതനുസരിച്ചു വാദിക്കു കൊടുപ്പാനുള്ളതു മുൻപിൽതന്നെ കൊടുത്തുപോയെന്നും കൊടുത്തതിനു ഹേതുവുണ്ടെന്നും കാരണത്തെ പറയുന്ന ഉത്തരം പ്രത്യവസ്കന്ദനോത്തരം.

Digitized By Kerala Sahitya Akademi

,,മിഥ്യൈതന്നാഭിജാനാമി തദാ തത്ര ന സന്നിധിഃ
അജാതശ്ചാസ്മി തൽകാല'' ഇത്യാ മിഥ്യോത്തരവിധാനം

വാദി എഴുതിയത് ഒക്കയും ഭോഷ്കു് എന്നും നിരൂപണമില്ലെന്നും അന്നേരത്തു സമീപത്തിൽ ഇല്ലെന്നും അപ്പോഴും ജനിച്ചിട്ടില്ലെന്നും ഇപ്രകാരം പ്രതിവാദിയുടെ മിഥ്യോത്തരം നാലുവിധം.

ശ്രുത്വാ ഭാഷാർത്ഥമന്യസ്യ യദാ തം പ്രതിഷേധതി
അർത്ഥസ്യാനുക്തതോ വാപി മിഥ്യോത്തരമുത്തരം. [ഫ ർ ഠ

വാദി പറഞ്ഞിട്ടുള്ള വാമൊഴികളെ കേട്ട് ആ വാമൊഴികളേയെങ്കിലും വാദിപറയുന്ന അർത്ഥത്തേയെങ്കിലും നിഷേധിച്ചു പറയുന്ന പ്രതിവാദിയുടെ ഉത്തരവും മിഥ്യോത്തരമെന്ന് അറിഞ്ഞുകൊള്ളണം.

മിഥ്യോക്തേഷ്ടചതുഷ്പാൽ സ്യാത് പ്രത്യവസ്കന്ദനേ തഥാ
പ്രാങ്ന്യായേ തു ത്രിപാൽ ജ്ഞേയാ ദ്വിപാത് സംപ്രതിപത്തിഷു. [ഫ ർ ഫ

പ്രതിവാദി മിഥ്യോത്തരത്തേയെങ്കിലും പ്രത്യവസ്കന്ദനോത്തരത്തേയെങ്കിലും എഴുതിയാൽ നാലുപാദങ്ങൾ കൊണ്ടു വ്യവഹാരസമാപ്തിവരും. പ്രാങ്ന്യായോത്തരത്തെ എഴുതിയാൽ മൂന്നുപാദങ്ങളെക്കൊണ്ടു വ്യവഹാരസമാപ്തിവരും. സത്യോത്തരമെഴുതിയാൽ രണ്ടുപാദങ്ങളെക്കൊണ്ടു വ്യവഹാരസമാപ്തിവരും. വ്യവഹാരസമാപ്തിവന്നാൽ പിന്നത്തതിൽ ജയപത്രം എഴുതണം. ജയപത്രം തീർപ്പ്.

പൂർവപക്ഷശ്ചോത്തരശ്ച പ്രത്യാകലിത ഏവ ച
ക്രിയാപാദശ്ച വിജ്ഞേയശ്ചതുഷ്പാൽ സ ഉദാഹൃതഃ. ഫ ർ ഡ

ഭാഷാപാദമെന്നും ഉത്തരപാദമെന്നും ക്രിയാപാദമെന്നും തർക്കിപാദമെന്നും ഇങ്ങനെ പാദങ്ങൾ നാല്. പ്രത്യാകലിതപാദമെന്ന് ഒരു പാദത്തിനു ചിലർ പറഞ്ഞിട്ടുള്ളത് അയുക്തമാകൊണ്ടു വ്യവഹാരപാദത്തിൽ ചേർന്നിട്ടുള്ളതല്ലെന്നറിഞ്ഞുകൊള്ളണം. വാദിയെക്കൊണ്ടു മുൻപിൽ ചുരുക്കമായിട്ട് എഴുതിവച്ചതിന്റെശേഷം പ്രതിവാദിയുടെ മുൻപിൽവച്ച് ആണ്ടു മാസം മുതലായവ വിസ്തരമായിട്ട് എഴുതിവയ്പിക്കുന്ന വിസ്താരത്തിനു ഭാഷാപാദമെന്നുപേര്. *പിന്നെ പ്രതിവാദിയെക്കൊണ്ട് ഉത്തരം

* 'പ്രതിജ്ഞാപാദ'മെന്നു മാധവാചാര്യർ.

Digitized By Kerala Sahitya Akademi

എഴുതിവയ്പിക്കുന്ന വിസ്താരത്തിന് ഉത്തരപാദമെന്നുപേര്. ആധാരം മുതലായ പ്രമാണങ്ങളുടെ ചോദ്യം ആരോടു വേണ്ടു എന്നു സഭ്യന്മാരോടുകൂടി ആലോചിച്ചു ലിഖിതസാക്ഷ്യാദിപ്രമാണങ്ങളെ വരുത്തി സാധുവോ അസാധുവോ എന്നു ചെയ്യപ്പെടുന്ന വിസ്താരത്തിന് തത്സിദ്ധിപാദമെന്നു പേരു*

തത്ര്യേ തഥ്യം പ്രയുഞ്ജീത മിഥ്യാമിഥ്യേ ച ലേഖയേത്
കാരണം കാരണോപേതേ പ്രാങ്ന്യായേ തു ജയം തഥാ. [ഫർന.

സത്യോത്തരത്തിനെഴുതിയാൽ സമ്മതപ്രകാരവും മിഥ്യോത്തരത്തെഴുതിയാൽ വാദിയുടെ പൂർവപക്ഷം അസിദ്ധമെന്നും പ്രത്യവസ്കന്ദനോത്തരമെഴുതിയാൽ ഹേതുവച്ചും പ്രാങ്ന്യായോത്തരമെഴുതിയാൽ ജയപത്രത്തെവച്ചും എഴുതിപ്പിക്കണം.

മിഥ്യോത്തരം കാരണം ച സ്യാതാമേകത്ര ചോദ്യഭേ
സത്യം വാപി തഥാന്യേന തത്ര ഗ്രാഹ്യം കിമുത്തരം? ഫർർ.

സത്യോത്തരം മുതലായ നാലുത്തരങ്ങളിൽ മിഥ്യോത്തരവും പ്രത്യവസ്കന്ദനോത്തരവും ഒരു വ്യവഹാരത്തിൽ കലർന്നുവന്നാൽ അപ്പോഴും, സത്യോത്തരവും പ്രാങ്ന്യായോത്തരവും കലർന്നുവന്നാൽ അപ്പോഴും ഏതുത്തരത്തെയെടുത്തു വിസ്തരിക്കേണ്ടു എന്നുള്ള ചോദ്യം ഈ ശ്ലോകത്തിന്റെ അർത്ഥം.

മിഥ്യാകാരണയോർവാപി ഗ്രാഹ്യം കാരണമുത്തരം.
യത് പ്രഭ്രുതാർത്ഥവിഷയം യത്ര വാ സ്യാത് ക്രിയാഫലം
ഉത്തരം തത്ര തത് ജ്ഞേയമസങ്കീർണ്ണമതോന്യഥാ. ഫർർ

മിഥ്യോത്തരത്തേയും കാരണോത്തരത്തേയും കലർത്തി എഴുതിയ സ്ഥലത്തിൽ കാരണോത്തരത്തെ മുൻപിൽ എടുത്തു വിസ്തരിക്കണം. സത്യോത്തരത്തേയും പ്രാങ്ന്യായോത്തരത്തേയും കലർത്തിയാൽ പ്രാങ്ന്യായോത്തരത്തെ മുൻപിൽ എടുത്തു വിസ്തരിക്കണം. ഇതിന് ഉദാഹരണം: ഒരു പശുവിന്റെ വ്യവഹാരത്തിൽ ഒരാൾ പശു എന്റെ പശു എന്നും ഇന്ന മാസത്തിൽ കാണാതെ പോയിയെന്നും ഇപ്പോൾ ഇന്നവന്റെ വീട്ടിൽ കണ്ടു

* "പൂർവപാദേ വിലിഖിതം യദക്ഷരമശേഷതഃ
അസ്തി തൃതീയപാദേ തു ക്രിയയാ പ്രതിപാദയേൽ" എന്നു ബൃഹസ്പതി.

Digitized By Kerala Sahitya Akademi

വെന്നും ഒരുത്തൻ ആവലാതി വച്ചു പ്രതിവാദിയെ വരുത്തി ചോദിച്ചാൽ വാദിയെഴുതിയത് ഒക്കയും ഭോഷ്കു് എന്ന മിഥ്യോത്തരത്തേയും വാദിയുടെ പശുവിനെ കാണാതെ പോയെന്ന പറഞ്ഞ മാസത്തിന്നു മുൻപിലേ ഇപ്പശു എന്റെ ഭവനത്തിൽ നില്ക്കുന്നവെന്നും ആപശു തൊഴുപിറവി എന്ന കാരണോത്തരത്തേയും പ്രതിവാദിയെഴുതിയാൽ വാദിയെഴുതിയ മാസത്തിന്നു മുൻപിലേ പ്രതിവാദിയുടെ വശത്തു നില്ക്കുന്നതിന്നും തൊഴുപിറവി എന്നു പറയുന്നതിന്നും സാക്ഷ്യാദിപ്രമാണങ്ങളും ചോദിച്ചു മുൻപിൽ വിസ്തരിക്കണം: പിന്നത്തതിൽ വാദിയോടു തൻവക എന്നു പറഞ്ഞതിന്നു പ്രമാണം എന്തെന്നും പ്രമാണം ഉണ്ടോ ഇല്ലയോ എന്നും ചോദിച്ചു് ഉത്തരം എഴുതിക്കണം. ഇപ്രകാരം ഒരുത്തൻ മറൊരുത്തനെക്കൊണ്ടു് ഏതാനും പണവും ഏതാനും നെല്ലും ഏതാനും വസ്ത്രങ്ങളും തരണമെന്നു് ആവലാതിവച്ചാൽ പ്രതിവാദി നെല്ലും പണവും വാങ്ങിച്ചിട്ടില്ലെന്നും വസ്ത്രങ്ങളും വാങ്ങിച്ചതു കൊടുത്തുവെന്നും അതിന്നു കാരണമുണ്ടെന്നും ഉത്തരമെഴുതിയാൽ മുൻപിൽ വാദിയോടു പ്രതിവാദി നെല്ലും പണവും വസ്ത്രങ്ങളും തരുവാനുണ്ടെന്നു പറഞ്ഞതിന്നു ലിഖിതസാക്ഷ്യാദിപ്രമാണങ്ങളും ഉണ്ടോ ഇല്ലയോ എന്നു ചോദിച്ചു് ഉത്തരമെഴുതിക്കണം. പിന്നത്തതിൽ പ്രതിവാദിയോടു വസ്ത്രങ്ങളും കൊടുത്തതിന്നു കാരണമുണ്ടു് എന്നു പറഞ്ഞതു് എന്തു കൊണ്ടെന്നും ഉണ്ടെങ്കിൽ എടുക്കണമെന്നും ചോദിച്ചു് ഉത്തരം എഴുതിക്കണം. ഇപ്രകാരം നെല്ലും പണവും തരണമെന്നു് ഒരുത്തനെക്കൊണ്ടു ആവലാതി വച്ചാൽ പ്രതിവാദി നെല്ലു കൊടുപ്പാൻ ഉള്ളതു തന്നെയെന്നും പണം വാങ്ങിച്ചിട്ടില്ലെന്നും ഉത്തരമെഴുതിയാൽ വാദിയോടു പണം കൊടുത്തതിന്നു ലിഖിതസാക്ഷ്യാദിപ്രമാണങ്ങളുണ്ടോ ഇല്ലയോ എന്നു ചോദിച്ചു് ഉത്തരമെഴുതിക്കണം. സത്യോത്തരം എഴുതിയ സ്ഥലത്തിൽ ഇതരോടും ചോദ്യോത്തരമില്ല. ഇപ്രകാരം ഉത്തരങ്ങളെ കലന്നു് എഴുതിയ സ്ഥലങ്ങളിൽ ഊഹിച്ചറിഞ്ഞു യുക്തം പോലെ ക്രമമായിട്ടു ചോദ്യോത്തരങ്ങളെ എഴുതിച്ചു കായ്ക്കുങ്ങളുടെ തീച്ചു വരുത്തണം. ക്രമം വിട്ടു ചോദ്യോത്തരങ്ങളെ ചെയ്താൽ കായ്ക്കുങ്ങളുടെ തീച്ചുവരികയില്ല. ഇങ്ങനെ വാദിപ്രതിവാദികളോടുള്ള ചോദ്യോത്തരക്രമം. ഒരുത്തനോടു തന്നെ മൂന്നു നാലു ചോദ്യോത്തരമുണ്ടെങ്കിൽ ക്രമം കേൾക്കുന്നവരുടെ ഇച്ഛപോലേ.

Digitized By Kerala Sahitya Akademi

വ്യാസഃ:—

പ്രാങ്ന്യായകാരണോക്തൗ തു പ്രത്യർത്ഥീ നിർദ്ദിശേൽ ക്രിയാം
മിഥ്യോക്തേതു പൂർവവാദീ തു പ്രതിപത്തൗ ന സംഭവേത്.
[ഫർസു

വാദി ഏതാനും ദ്രവ്യം തരണമെന്ന് എഴുതിയതിനു പ്രതി വാദി മുൻപിൽതന്നേ ഈ എടപാടു തീർന്നുവെന്നും വാദി അപജയപ്പെട്ടു എന്നും തനിക്കു ജയം വന്നുവെന്നും പ്രാങ്ന്യായോത്തരത്തെയെഴുതിയാലും മുൻപിൽ തന്നെ കൊടുത്തുപോയെന്നും അതിനു സാധനമുണ്ടെന്നും പ്രത്യവസ്കന്ദനോത്തരത്തെയെഴുതിയാലും പ്രതിവാദിയോടു മുൻപിൽ തീർന്നതിനു ജയപത്രം ഉണ്ടെങ്കിൽ എടുക്കണമെന്നും കൊടുത്തുപോയെന്നു പറയുന്നതിനു സാധനമെടുക്കണമെന്നും ചോദ്യംചെയ്തു ഉത്തരമെഴുതിക്കണം. വാങ്ങിച്ചിട്ടില്ലെന്നു പ്രതിവാദി മിഥ്യോത്തരത്തെ എഴുതിയാൽ വാദിയോടു പ്രതിവാദിക്കു ദ്രവ്യം കൊടുത്തതിനു പ്രമാണം എടുക്കണമെന്നു ചോദിച്ചു അവൻ പറയുന്ന ഉത്തരത്തെ എഴുതിക്കണം. വാങ്ങിച്ചതു പരമാർത്ഥം തന്നെ എന്നു സത്യോത്തരത്തെ എഴുതിയാൽ ലിഖിതസാക്ഷ്യാദിപ്രമാണങ്ങളുടെ ചോദ്യോത്തരം ആരോടും ചോദിച്ചു എഴുതിപ്പാൻ ആവശ്യമില്ല.

കാരണാത് പൂർവപക്ഷോഽപി ഹ്യുത്തരത്വം പ്രപദ്യതേ
അതഃ ക്രിയാ സദാ പ്രോക്താ പൂർവപക്ഷപ്രസാധിനീ.
[ഫർ ൈ

ഒരു കായ്തെത്തെ വച്ചു എഴുതുന്നവൻ വാദി. അതിനുത്തരമെഴുതുന്നവൻ പ്രതിവാദി. എന്നതുകൊണ്ടു ഒരു കായ്ത്തിൽ രണ്ടുമൂന്നു ഉത്തരങ്ങളെ കലർന്നു എഴുതുന്നടിക്കിൽ വാദിതന്നെ പ്രതിവാദിയായും പ്രതിവാദിതന്നെ വാദിയായും ഭവിക്കും. ഇതിൻ വണ്ണമുള്ള ടിക്കിൽ വാദിയെഴുതിയകായ്ത്തിനു വാദിയോടും പ്രതിവാദി എഴുതിയകായ്ത്തിനു പ്രതിവാദിയോടും സാധകപ്രമാണങ്ങളുടെ ചോദ്യോത്തരം ചെയ്യണം.

യാജ്ഞവല്ക്യഃ:—

സാക്ഷിഷ്വുഭയതസ്സൽസു സാക്ഷിണഃ പൂർവവാദിനഃ
പൂർവപക്ഷേഽധരീഭ്രതേ ഭവന്ത്യുത്തരവാദിനഃ. ഫർവൃ

Digitized By Kerala Sahitya Akademi

ഒരു നിലക്കായ്മം കൊണ്ടു തക്കിച്ചു രണ്ടു പേരും ഒന്നിച്ചു വന്നു് അതിലൊരുത്തൻ മുൻപിൽത്തന്നെ ംും നിലം പ്രതിഗ്രഹിച്ചു ചിലകാലം അനുഭവിച്ചു പിന്നത്തതിൽ ദേശാന്തരം പോയന്നും ഇപ്പോൾ പ്രതിവാദി ആ നിലം അനുഭവിച്ചു വരുന്നവെന്നും മുൻപിൽ പ്രതിഗ്രഹിച്ചതിനും അനുഭവിച്ചതിനും സാക്ഷികൾ ഉണ്ടെന്നും വാദിയും, പ്രതിവാദിയും അപ്രകാരം തന്നെ പിന്നത്തതിൽ പ്രതിഗ്രഹം ചെയ്തു് അനുഭവിച്ച നിലമെന്നും അതിനു സാക്ഷിയുണ്ടെന്നും, പറഞ്ഞാൽ ആരുടെ സാക്ഷി മുൻപിൽ ചോദിക്കേണ്ടുന്നത് എന്നാൽ മുൻപിൽത്തന്നെ പ്രതിഗ്രഹം ചെയ്തു് അനുഭവമെന്നു് എഴുതിയ വാദി അവകാശിയാകകൊണ്ടു് ആ വാദിയുടെ സാക്ഷികളെ മുൻപിൽ ചോദിച്ചു വിസ്തരിക്കണം. വാദി മുൻപിൽ പ്രതിഗ്രഹിച്ചതും അനുഭവിച്ചതും പരമാർത്ഥം തന്നെയെന്നും പിന്നത്തതിൽ വാദിക്കു് ആ നിലത്തിലുള്ള ദ്രവ്യം കൊടുത്തു വാങ്ങിച്ചു രാജാവു ദാനം ചെയ്യുവെന്നും ദാനം ചെയ്തതിനും അപ്രകാരമനുഭവിച്ചതിനും സാക്ഷികൾ ഉണ്ടെന്നും വാദിയുടെ പക്ഷം ഖണ്ഡിച്ചു പ്രതിവാദി ഉത്തരമെഴുതിയാൽ പ്രതിവാദിയുടെ സാക്ഷികളോടു ചോദിച്ചു നിശ്ചയിക്കണം

ഇനി ഉത്തരാഭാസസംജ്ഞകളെ ചൊല്ലുന്നു.

കാത്യായനഃ—

സന്ദിശ്ധമന്യത് പ്രകൃതമത്യല്പമതിഭ്രരി ച
പക്ഷൈകദേശവ്യാപീ തു തച്ച നൈവോത്തരം ഭവേത്.

[ഫർൻ

ഒരുത്തനു മറെറാരുത്തൻ നൂറു പണം കൊടുക്കണമെന്നു ആവലാതിവച്ചു പ്രതിവാദിയെ വരുത്തി ചോദിക്കുമ്പോൾ പണം വാങ്ങിച്ചതു പരമാർത്ഥം തന്നെയെന്നും ദ്രവ്യസംഖ്യ നൂറ് എന്നു തിട്ടമില്ലെന്നും സംശയിച്ചു പറയുന്ന ഉത്തരവും, മേലെഴുതിയപ്രകാരം പണം തരണമെന്നു് ആവലാതിവച്ചതിനു പ്രതിവാദിയെ വരുത്തി ചോദിക്കുമ്പോൾ വാദി എന്നെ അടിച്ചുവെന്നു് ആവലാതി വച്ചു കായ്മംവിട്ടു പറയുന്ന ഉത്തരവും, നൂറുപണം കൊടുപ്പാനുണ്ടെന്നു് ആവലാതി വച്ചതിനു് ദ്രവ്യസംഖ്യ എതുമയും കുറച്ചു് അഞ്ചുപണം കൊടുപ്പാനുണ്ടെന്നു പറയുന്ന ഉത്തരവും, പണം കൊടുപ്പാനുണ്ടെന്നു ദ്രവ്യസംഖ്യ കൂട്ടി പറയുന്ന ഉത്തരവും,

Digitized By Kerala Sahitya Akademi

നെല്ലും പണവും തരണമെന്ന് ആവലാതിവച്ചതിന നെല്ലു കൊടുപ്പാനുണ്ടെന്ന് ഏകദേശത്തെവിട്ടും ഏകദേശത്തെ സമ്മതിച്ചും പറയുന്ന ഉത്തരവും, ഇപ്രകാരം ക്രുട്ടിയും കുറച്ചും സംശയിച്ചും ചോദിച്ച കായ്ത്തിനെ വിട്ട മറെറാരു കായ്ത്തിനെ പറയുന്ന ഉത്തരവും ഉത്തരാഭാസങ്ങളാകകൊണ്ട് ംരം ഉത്തരങ്ങളെ എടുക്കരുത്.

വ'ത്യസ്തപദമവ്യാപി നിഗ്രഹാത്ഥം തഥാകുലം
വ'ാഖ്യാഗമ്യമസാരം ച നോത്തരം ശംസതേ ബുധൈഃ. ൧൫ ം

ഏതാനും പണം കൊടുക്കണമെന്ന് ആവലാതി വച്ചതിന് ഉത്തരം പറയാതെ തമ്മിൽ-വാക്കിലേററം പറഞ്ഞു എന്ന പ്രതിവാദി പറയുന്ന ഉത്തരവും, ഇന്ന പ്രദേശത്ത് ഇന്ന നിലത്തിനെ അപഹരിച്ചു എന്ന ബോധിപ്പിച്ചതിന് അപഹരിച്ചില്ലെന്ന ദേശാദികളെ വിട്ട പറയുന്ന ഉത്തരവും, ഏതാനും പണം തരണമെന്ന ബോധിപ്പിച്ചതിന വാങ്ങിച്ചതു പരമാത്ഥമെന്നും ഇപ്പോൾ കൊടുപ്പാനില്ലെന്നും മനസ്സിൽ അഭിപ്രായത്തെ വച്ചുംകാണ്ടു ഗ്രുഢമായിട്ട പറയുന്ന ഉത്തരവും, മുൻപിൻ വിരോധിച്ചു പറയുന്ന ഉത്തരവും, ആക്ഷം പൊരുളറിവാൻ വഹിയാത്തവണ്ണവും അതതുനാട്ടിൽ പ്രസിദ്ധമല്ലാതെയിരിക്കുന്ന സംങ്കേതഭാഷകളെക്കൊണ്ടും പറയുന്ന ഉത്തരവും, ഏതാനും ദ്രവ്യം പലിശയ്ക്കു വാങ്ങിച്ചു പലിശ തന്നുവന്നതല്ലാതെ മുതൽദ്രവ്യം തന്നില്ലെന്ന് ആവലാതിവച്ചതിന പലിശ കൊടുത്തുവന്നുവന്നും മുതൽ വാങ്ങിച്ചില്ലെന്നും ന്യായവിരുദ്ധമായിട്ട പറയുന്ന ഉത്തരവും ഉത്തരാഭാസം.

പക്ഷൈകദേശേ യത് സത്യമേകദേശേ ച കാരണം
മിത്ഥ്യാ ചൈവൈകദേശേ ച സങ്കരാത്തദനുത്തരം. ൧൫ ൧൬

ഒരുത്തൻ ഏതാനും നെല്ലും പണവും വസ്ത്രങ്ങളും തരണമെന്ന് ആവലാതി ബോധിപ്പിച്ചതിന നെല്ലു കൊടുപ്പാനുള്ളതുതന്നെയെന്നും പണം വാങ്ങിച്ചതു കൊടുത്തുപോയെന്നും ആയതിന ഹേതുവുണ്ടെന്നും വസ്ത്രങ്ങാം വാങ്ങിച്ചിട്ടില്ലെന്നും ഇപ്രകാരം കലന്ന് ഉത്തരമെഴുതിയാൽ ആയതു സിദ്ധിക്കയില്ല. ക്രമമായിട്ട് ഓരോരോ ഉത്തരമായിട്ട പറഞ്ഞാൽ സിദ്ധിക്കുന്നതല്ലാതെ ഒന്നിച്ച സിദ്ധിക്കയില്ലെന്ന താൽപ്പയ്യം.

Digitized By Kerala Sahitya Akademi

ന ചൈകസ്മിൻ വിവാദേ തു ക്രിയാ സ്യാദപ്രതിവാദിനോർദ്വയോഃ
ന ചാർത്ഥസിദ്ധിരുഭയോർന ചൈകത്ര ക്രിയാദ്വയം. ഫ ൪൨

മൂന്നുനാലുത്തരങ്ങളെ ഒരുമിച്ചു വ്യവഹരിച്ചാൽ കാര്യസിദ്ധി വരികയില്ലെന്നും ഒന്നിച്ചു വ്യവഹരിച്ചാൽ ഉത്തരാഭാസം എന്നും പറഞ്ഞതിനു ഹേതുവെച്ചുചൊല്ലുന്നു. ഒരു വ്യവഹാരത്തിൽ വാദിക്കെങ്കിലും പ്രതിവാദിക്കെങ്കിലും ഒരുത്തനു കാര്യസിദ്ധി വരും; രണ്ടുപേക്കും വരികയില്ല. കാര്യസിദ്ധി വരുന്നവനോടേ ലിഖിതസാക്ഷ്യാദിപ്രമാണങ്ങളുടെ ചോദ്യോത്തരം ചെയ്യേണ്ടുന്നതു്. ഒരുകാര്യം സിദ്ധിക്കേണ്ടുന്നതിന് ഏതെങ്കിലും നിശ്ചയമായിട്ടുള്ളതിൽ ഒരു പ്രമാണം വേണ്ടുന്നതു്. പ്രമാണദ്വയത്തിനു് അപേക്ഷിക്കയില്ല. എന്നതുകൊണ്ടു മൂന്നുനാലുത്തരങ്ങളെ ഒന്നിച്ചു വിസ്തരിച്ചാൽ ഏകദേശത്തിൽ വാദിക്കും ഏകദേശത്തിൽ പ്രതിവാദിക്കും കാര്യസിദ്ധി വന്നു വിരോധം വരുന്നതാകകൊണ്ടു് ഒന്നിച്ചു വ്യവഹരിക്കരുതു് എന്നും ക്രമമായിട്ടു വ്യവഹരിക്കണമെന്നും പറഞ്ഞതു്. ഒന്നിച്ചു വ്യവഹരിച്ചാൽ കാര്യസിദ്ധി വരികയില്ല.

അഭിയോഗമനിസ്തീർ്യ നൈനം പ്രത്യഭിയോജയേത്;
അഭിയുക്തം ന ചാന്യേന നോക്തം വിപ്രകൃതിം നയേത്.

[ഫ ൪൩

വാദി ഒരു കാര്യം കൊണ്ടു പ്രതിവാദിയെക്കൊണ്ടു് ആവലാതിവച്ചാൽ ആ പ്രതിവാദിക്കു വാദിയോടു കാര്യം ഉണ്ടെങ്കിൽ തന്നെക്കൊണ്ടു വാദി വച്ച കാര്യം തീരുന്നതിനു മുൻപിൽ വാദിയെക്കൊണ്ടു പ്രതിവാദിക്കുള്ള കാര്യത്തിനു് ആവലാതി വയ്ക്കരുതു്. പ്രതിവാദിയെക്കൊണ്ടു മുൻപിൽ ആവലാതിവച്ച കാര്യത്തിനു് ഉത്തരം പറഞ്ഞുതീർന്നിട്ടു പിന്നത്തതിൽ വാദിയെക്കൊണ്ടു് ആവലാതി ബോധിപ്പിച്ചുകൊള്ളണം. ഒരുത്തനേക്കൊണ്ടു് ഒരുത്തൻ ആവലാതി വച്ചിരിക്കുമ്പോൾ അക്കാര്യം തീരുന്നതിനു മുൻപിൽ അവനേക്കൊണ്ടു മറെറാരുത്തൻ ആവലാതി ബോധിപ്പിക്കരുതു്. വാദി മുൻപിൽ ചുരുക്കമായിട്ടു കാര്യം ബോധിപ്പിച്ച പ്രതിവാദിയെ വരുത്തി അവന്റെ മുൻപിൽവച്ചു വിവരമായിട്ടു വാദിയേക്കൊണ്ടു് എഴുതിക്കുമ്പോൾ വാദി മുൻപിൽ *പറഞ്ഞതിനു അഴിവുവരികയുമരുതു.

* 'പറഞ്ഞതിനെ അഴിച്ചുപറകയുമരുതു്' (പാഠാന്തരം).

Digitized By Kerala Sahitya Akademi

കയ്യാത് പ്രത്യഭിയോഗം തു കലഹേ സാഹസേഷു ച.

വാക്പാരുഷ്യത്തിലും ദണ്ഡപാരുഷ്യത്തിലും സാഹസങ്ങളിലും മുൻപിൽ വാക്കിലേററം മുതലായതു ചെയ്തവനു പ്രായശ്ചിത്തമധികവും പിന്നത്തതിൽ ചെയ്തവന് അവനേക്കാൾ പ്രായശ്ചിത്തം കുറഞ്ഞിട്ടും വിധിപ്പാനുള്ളതാകകൊണ്ട് ആയതറിയേണ്ടുന്നതിനു പ്രതിവാദിയെ വാദി വാക്കിലേററം മുതലായതു ചെയ്തിട്ടുണ്ടെങ്കിൽ പ്രതിവാദിയേക്കൊണ്ട് ആവലാതി വച്ചു കായ്യം തീരുന്നതിനു മുൻപിൽ പ്രതിവാദിക്കു വാദിയെക്കൊണ്ട് ആവലാതി ബോധിപ്പിക്കാം.

ബൃഹസ്പതിഃ:—

പൂർവ്വപക്ഷേ യഥാർത്ഥം തു ന ദദ്യാദുത്തരം ഹി യഃ
പ്രത്യർത്ഥീ ദാപനീയസ്സ്യാത് സാമാദിഭിരുപക്രമൈഃ.

[ഫ ൭ ർ

പ്രതിവാദി പരമാർത്ഥമായിട്ട് ഉത്തരമെഴുതുന്നതിനു ശാഠ്യം പറഞ്ഞാൽ മുൻപിൽ സാമോപായംകൊണ്ടും അതു കേൾക്കാഞ്ഞാൽ ഭേദോപായംകൊണ്ടും അതു കേൾക്കാഞ്ഞാൽ ദണ്ഡോപായം കൊണ്ടും ബോധിപ്പിച്ചു പ്രതിവാദിയെക്കൊണ്ട് ഉത്തരത്തെ എഴുതിക്കണം.

പ്രിയപൂർവ്വം വചസ്സാമം ഭേദസ്തു ഭയദർശനം
* അർത്ഥാപകർഷണം ദണ്ഡം ബന്ധനം താഡനം തഥാ.

[ഫ ൭ ൭

വഴിമാർഗ്ഗമായിട്ടു ചോദിക്കുന്നതു സാമോപായം. ബുദ്ധിഭേദം തോന്നത്തക്കവണ്ണം ചോദിക്കുന്നതു ഭേദോപായം. കാവലിയാക്കുകയും അടിപ്പിക്കുയും പ്രായശ്ചിത്തം വാങ്ങിക്കുയും ചെയ്യുന്നതു ദണ്ഡോപായം. ഈ മൂന്നിൽ ഒരുപായത്തിനാൽ ശാഠ്യം പറയുന്നവനേക്കൊണ്ട് ഉത്തരമെഴുതിക്കണം.

ഉപായൈശ്ചതുർഭിരാനോയ്പി ന ദദ്യാദുത്തരം തു യഃ
അതിക്രാന്തേ സപ്തരാത്രേ ജിതോയ്സൌ ദണ്ഡമർഹതി.

[ഫ ൭ ന

* 'അർത്ഥാവകർഷണം ദണ്ഡം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

മേലെഴുതിയപ്രകാരമുള്ള ഉപാധങ്ങളെക്കൊണ്ടു ചോദിച്ചിട്ട് എഴുതാതെ ശാഠ്യം പറഞ്ഞു കാവൽ മുതലായതു കൊണ്ടു പാത്താൽ ഏഴുദിവസത്തിനു മേൽ വാദിക്കു കാര്യസിദ്ധിയുള്ള പ്രകാരവും പ്രതിവാദിക്കു കാര്യസിദ്ധി ഇല്ലെന്നും ജയപത്രമെഴുതി വാദിക്കു ജയപത്രത്തിനേയും കൊടുത്ത് ഏഴുദിവസംവരെയു മുത്തരമെഴുതാതെ ശാഠ്യം പറഞ്ഞ പ്രതിവാദിയെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

കാത്യായനഃ:—

ഉഭയോർലിഖിതേ വാക്യേ പ്രാരബ്ധേ കാര്യനിർണ്ണയേ
അനുക്തം തത്ര ചോ ബ്രൂയാൽ തദത്ഥാൽ സ തു ഹീയതേ.

[ഫ ഭ ഒ

വാദിപ്രതിവാദികൾ ചോദിച്ച അവധിയും കൊടുത്ത് അവരെക്കൊണ്ട് ഉത്തരപ്രത്യുത്തരങ്ങളെ എഴുതിച്ചു വിസ്താരവും കഴിഞ്ഞു കാര്യം നിശ്ചയിപ്പാൻ തുടങ്ങുമ്പോൾ രണ്ടുപേരിലൊരുത്തൻ ആരെങ്കിലും മുൻപിൽ ഒരു കാര്യം വിട്ടുപോയെന്നും അതും എഴുതിച്ചു കാര്യം നിശ്ചയിക്കണമെന്നും ബോധിപ്പിച്ചാൽ അതു പിന്നത്തതിൽ ആവർത്തിച്ച് എഴുതിക്കരുത്. മുൻപിൽ തന്നെ എഴുതാത്ത ദോഷത്തിനാൽ മുൻപിൽ പറഞ്ഞ കാര്യം സിദ്ധിക്കയില്ല.

മോഹാദ്വാ യദി വാ ശാഠ്യാദുത്തരാനുക്തം പൂർവ്വവാദിനാ
ഉത്തരാന്തർഗ്ഗതം വാപി തദ് ഗ്രാഹ്യമുഭയോരപി. ഫ ഭ വ

വാദിയെങ്കിലും പ്രതിവാദിയെങ്കിലും ഉത്തരപ്രത്യുത്തരങ്ങളെഴുതിച്ചു തീരുന്നതിനുമുൻപിൽ മദ്ധ്യത്തിൽ മുൻപ് എഴുതുവാനുള്ളതു വിട്ടുപോയെന്നു പറഞ്ഞാൽ അതു എഴുതിച്ചു ഗ്രഹിക്കയുമാം.

കാത്യായനഃ:—

ഉന്മത്തമത്തനിർധൂതമഹാപാതകദൂഷിതാഃ
ജഡാന്ധവൃദ്ധസ്ത്രീബാലാ വിജ്ഞേയാസ്തു നിരുത്തരാഃ. ഫ ഭ ൻ

ഭ്രാന്തനേക്കൊണ്ടും മദ്യപാനിയേക്കൊണ്ടും ജാതിഭ്രഷ്ടായിട്ടുള്ളവനേക്കൊണ്ടും മഹാപാതകം ചെയ്തവനേക്കൊണ്ടും കാര്യബോധമില്ലാത്തവനേക്കൊണ്ടും അന്ധനേക്കൊണ്ടും എൺ

Digitized By Kerala Sahitya Akademi

പതിനഞ്ചിൽ വയസ്സുചെന്ന വൃദ്ധനേക്കൊണ്ടും കുലസ്ത്രീകളേ
ക്കൊണ്ടും പതിനാറുവയസ്സിനു കീഴുള്ള ബാലനേക്കൊണ്ടും ഉത്ത
രമെഴുതിക്കരുത്.

മനുഃ:—

ആകാരൈരിംഗിതൈർഗ്ഗത്യാ ചേഷ്ടയാ ഭാഷിതേന ച
നേത്രവക്ത്രവികാരാച്ച്യൈർഗൃഹ്യതേഽന്തർഗ്ഗതം മനഃ. [ഫന്നാ ഠ

ദുഷ്ടന്മാരായിട്ടുള്ള വാദിപ്രതിവാദികളുടെ ലക്ഷണത്തെ
ചൊല്ലുന്നു. വാദിപ്രതിവാദിക്കളുടെ ആകൃതികളേക്കൊണ്ടും ഇംഗി
തങ്ങളേക്കൊണ്ടും നടപ്പുകളേക്കൊണ്ടും ഹസ്തപാദങ്ങളുടെ ചേ
ഷ്ടകളേക്കൊണ്ടും പറയുന്ന വാക്കുകളേക്കൊണ്ടും നേത്രങ്ങളുടേ
യും മുഖങ്ങളുടേയും ഭാവങ്ങളേക്കൊണ്ടും മനുഷ്യരുടെ അന്തർഗ്ഗത
മായിരിക്കുന്ന ദോഷങ്ങളെ ഗ്രഹിച്ച് അറിയണം.

യാജ്ഞവല്ക്യഃ:—

ദേശാദ്ദേശാന്തരം യാതി സൂകിണീ പരിലേഢി ച
ലലാടം സ്പിദ്ധതേ ചാസ്യ മുഖം വൈവർണ്ണ്യമേതി ച. [ഫന്നാ ഫ

നിന്നെടത്തു നില്ക്കാതെ പോക്കുവരത്തായിട്ടു നില്ക്കയും
നാക്കുകൊണ്ടു കടവായിൽ തൊടുകയും നെറി വിയർക്കയും * മുഖ
മപ്പോൾ വിരൂപമാകയും ഇപ്രകാരമുള്ളതു ദുഷ്ടലക്ഷണം.

പരിശ്രുഷ്യത്സ്ഖലദ്വാക്യോ വിരുദ്ധം ബഹു ഭാഷതേ
വാക്ചക്ഷുഃ പൂജയതി നോ തഥോഷ്ണേ നിർഭുജത്യപി.
സ്വഭാവാദ്വികൃതിം ഗച്ഛേന്മനോവാക്കായകർമ്മഭിഃ [ഫന്നാ ഒ
അഭിയോഗേഽഥ സാക്ഷ്യേ വാ ദുഷ്ടസ്യ പരികീർത്തിതഃ. ഫന്നാ

ഒരുകാര്യത്തിനായിട്ടു ചോദിക്കുമ്പോൾ മുഖം ചുളുങ്ങുകയും
തടഞ്ഞുപറകയും ആവശ്യമില്ലാതെ അനേകവാക്കുകൾ പറകയും
മുഖത്തുനോക്കി പറയാതെയിരിക്കയും ചുണ്ടു വിറയ്ക്കയും സ്വ
ഭാവത്താൽ പറയുന്നതിനെ വിട്ടു വികൃതിയായിട്ടു പറകയും മുഖം
കീഴ്പോട്ടുനോക്കി കാലിന്റെ പെരുവിരൽകൊണ്ടു ഭൂമിയിൽ
വരയ്ക്കയും മനസ്സിൽ പ്രസാദമില്ലാതെയിരിക്കയും ഇപ്രകാരമു
ള്ളത് ഒക്കയും കാര്യക്കുറവുള്ള ദുഷ്ടന്മാരുടേയും അസത്യവാദിക
ളായ സാക്ഷിക്കാരുടേയും ലക്ഷണം.

---

* 'മുഖമപ്പോൾ ഗ്ലാനമാകയും' (പാഠാന്തരം).

Digitized By Kerala Sahitya Akademi

സാപദേശം ഹരേത്കാലമബ്രുവന്നപി സംസദി
ഉക്തപാ വചോ വിബ്രുവംശ്ച ഹീയമാനസ്ത ലക്ഷ്യതേ. ഫന്യർ

അതത്തുസമയം പറയേണ്ടുന്ന ഉത്തരം പറയാതെ വല്ലതും ഒരു വ്യാജംകൊണ്ടു കാലതാമസം വരുത്തുകയും ചോദിക്കുന്നതിനുത്തരം പറയാതെ മൌനമായിരിക്കയും മൻപിൽ ഒരുവിധം പറഞ്ഞു പിന്നത്തതിൽ ഞാനപ്രകാരം പറഞ്ഞിട്ടില്ലെന്ന് അസത്യം പറകയും ചെയ്യുന്നതു കായ്ക്കുറവുള്ളവന്റെ ലക്ഷണം.

അന്യവാദീ ക്രിയാദ്വേഷീ നോപസ്ഥായീ നിരുത്തരഃ
ആഹൂതപ്രപലായീ ച ഹീനഃ പഞ്ചവിധോ ജനഃ. ഫന്യ ഒ

ചോദിച്ചകായ്തത്തിന് ഉത്തരം പറയാതെ മറെറാന്നു പറയുന്നവനും ലിഖിതസാക്ഷ്യാദികാം പ്രമാണമല്ലെന്നു ദൂഷിക്കുന്നവനും വാദി ആവലാതിബോധിപ്പിച്തിനെ അറിഞ്ഞ് ഒളിച്ചുനടക്കുന്നവനും വരുത്തിയിരിക്കുമ്പോൾ കൂടക്കൂടെ കാണാതെ പോകുന്നവനും ഒന്നുംതന്നെ ഉത്തരം പറയാതെയിരിക്കുന്നവനും കായ്ക്കുറവുള്ളവൻ.

പൂർവവാദം പരിത്യജ്യ യോന്യമാലംബതേ പുനഃ
വാദസംക്രമണാത് ജ്ഞേയോ ഹീനവാദീ സ വൈ നരഃ.

[ഫന്യന്യ

മേലെഴുതിയപ്രകാരമിതിനേറയും അർത്ഥം.

ഇതി ദോഷോത്തരപാദനിരൂപണം.

അഥ സന്ധിപ്രകരണം.

ബൃഹസ്പതിഃ:—

പൂർവോത്തരേ തു ലിഖിതേ പ്രക്രാന്തേ കായ്യനിർണ്ണയേ
ദ്വയോസ്സന്ധപ്തയോസ്സന്ധിസ്സാദയഃഖണ്ഡയോരിവ. ഫന്യ ഒ

വാദിപ്രതിവാദികളുടെ ഉത്തരപ്രത്യുത്തരങ്ങളെ എഴുതിച്ചു കായ്യം നിശ്ചയിപ്പാൻ തുടങ്ങുമ്പോൾ എത്രയും സന്തപിക്കുന്ന വാദിപ്രതിവാദികൾ പഴഞ്ചിച്ച ഇരുമ്പുപാളമൊന്നിച്ചു കൂട്ടുന്നതുപോലെ രണ്ടുപേരും രാജിയായിട്ടു കായ്യം തീർത്തുപോകുന്നതു സന്ധി. അപ്രകാരം സമ്മതപ്പെട്ടുത്തി അയയ്ക്കുന്നതും സമർത്ഥന്മാരുടെ ലക്ഷണം.

Digitized By Kerala Sahitya Akademi

പ്രമാണസമതാ യത്ര ഭേദശ്ശാസ്ത്രൂചരിത്രയോഃ
തത്ര രാജാജ്ഞയാ സന്ധിരുഭയോരപി ശസ്യതേ. ഫന്യവ

വാദിപ്രതിവാദികൾ രണ്ടു പേരുടെ വാക്കിലും ഒന്നുപോലെ സമ്പലമായിട്ടുള്ള ലിഖിതസാക്ഷ്യാദിപ്രമാണങ്ങൾ കാണുന്ന സ്ഥലത്തും നാട്ടുനടപ്പിനും ധർമ്മശാസ്ത്രങ്ങൾക്കും തമ്മിൽ വിരോധം വരുന്ന സ്ഥലത്തും രാജാവു തന്റെ ആജ്ഞകൊണ്ടു വാദിപ്രതിവാദികളെ സമ്മതം വരുത്തി കാര്യം നിശ്ചയിക്കുന്നത് എത്രയും ശ്ലാഘ്യമായിട്ടുള്ളത്. അല്ലാതെ ഒരു പക്ഷത്തെ ഗ്രഹിച്ചു നിശ്ചയിക്കുന്നതു പോരാത്തതെന്നു താൽപര്യം.

തസ്മാത് കുലഗണാദ്ധ്യക്ഷാ ധർമ്മജ്ഞാസ്സമദൃഷ്ടയഃ
അദ്വേഷലോഭാ ബ്രൂയുസ്തത് കർത്തവ്യമപി ജാനതാ. ഫന്യൻ

എന്നതുകൊണ്ടു രണ്ടുപക്ഷത്തിലും ഒന്നുപോലെ സമദൃഷ്ടികളായും രാഗദ്വേഷംകൂടാതേയും ഇരിക്കുന്ന ബന്ധുജനങ്ങളും സഭ്യന്മാരും സമൂഹക്കാരുമുതലായവരും പറയുന്നത് അറിവുള്ളവർ ഗ്രഹിച്ച് അനുസരിക്കണം.

ഇതി സന്ധിപ്രകരണം.

അഥ ക്രിയാപാദഃ.

ശ്രുത്വാ പൂർവോത്തരേ സഭ്യൈർനിർദ്ദിഷ്ടാ യത്ര ഭാവനാ
വിഭാവയേത് പ്രതിജ്ഞാതം സോഖിലം ലിഖിതാദിനാ
[ഫ൭൦

വാദിപ്രതിവാദികളുടെ ഉത്തരപ്രത്യുത്തരങ്ങളെ ഗ്രഹിച്ചു ആലോചനചെയ്തു ലിഖിതസാക്ഷ്യാദിപ്രാമാണങ്ങളുടെ ചോദ്യം ആരോടു ചെയ്യുന്നു എന്നാൽ അവൻ പ്രതിജ്ഞചെയ്ത കാര്യത്തിനു ലിഖിതസാക്ഷ്യാദിപ്രമാണങ്ങളെക്കൊണ്ടു സാധിക്കണം. ഉത്തരപ്രത്യുത്തരങ്ങളെ എഴുതിച്ചതിന്റെ ശേഷം ലിഖിതസാക്ഷ്യാദിപ്രമാണങ്ങൾ ചോദിക്കണമെന്ന് ൦൫ ശ്ലോകത്തിന്റെ താൽപര്യം.

കാത്യായനഃ:—

വാദിനാ യദഭിപ്രേതം സ്വകം സാധയിതും സ്ഫുടം
തത് സാദ്ധ്യം; സാധനം യേന സാദ്ധ്യം തത് സിദ്ധ്യതേഖിലം.
[ഫ൭ഫ

Digitized By Kerala Sahitya Akademi

വാദി ആവലാതിചെയ്യുന്ന കായ്യത്തിനു സാദ്ധ്യമെന്നു പേരു. ആ സാദ്ധ്യം യാതൊന്നിനാൽ സിദ്ധിക്കുമോ അതു സാധനം.

സാരഭ്രതം പദം ത്യക്ത്വാ ഹ്യസാരാണി ബഹ്വന്യപി
പ്രസാധയേത് ക്രിയാ യാ തു താം ജഹ്യാത് സാരവജ്ജിതാം.

[ഫ 6 വ

ആവലാതിബോധിപ്പിച്ചിരിക്കുന്ന പ്രധാനകായ്യത്തിനു സംബന്ധിക്കാതെ വേറിട്ടു വളരെയുള്ള കായ്യങ്ങളെ സാധിക്കുന്ന പ്രമാണങ്ങളെ പ്രധാനകായ്യം വിസ്തരിക്കുമ്പോൾ പ്രധാനമായിട്ട് ആചരിക്കരുതു്. പ്രധാനകായ്യത്തിന് അനുകൂലമായിട്ടു വന്നുവെങ്കിൽ ഗ്രഹിക്കയുമാം.

നിർണ്ണീതേ വ്യവഹാരേ തു പ്രമാണമഫലം ഭവേത്;
ലിഖിതം സാക്ഷിണോ വാപി പൂർവമാവേദിതം ന യത്.

[ഫ 6 നെ

ഉത്തരപ്രത്യുത്തരങ്ങളെ എഴുതിക്കുന്ന സമയത്തിങ്കൽ ചോദിക്കുമ്പോൾ ഇരിക്കുന്ന ആധാരങ്ങളെ കാണിക്കാതെ ഉത്തരപ്രത്യുത്തരങ്ങളെ എഴുതിച്ചു കായ്യവും നിശ്ചയിച്ചതിന്റെ ശേഷം മുൻപിൽ ബോധിപ്പിക്കാതെ ഇരുന്ന ആധാരം സാക്ഷി മുതലായ പ്രമാണം പിന്നത്തതിൽ കൊണ്ടുവന്നാൽ നിഷ്ഫലമായിട്ടു ഭവിക്കും.

യഥാ പക്വേഷു ധാന്യേഷു നിഷ്ഫലഃ പ്രാവൃഷോ ഗ്രണഃ
നിർണ്ണീതവ്യവഹാരാണാം പ്രമാണമഫലം തഥാ. ഫ 6 ർ

നിഷ്ഫലമായിട്ടു ഭവിക്കുന്നതിന് ഉപമ. നിലംപുരയിടങ്ങളിൽ കൃഷിയിട്ടാൽ വെള്ളം അപേക്ഷിക്കുന്ന കാലത്തിൽ മഴപെയ്യാഞ്ഞാൽ മറെറാരുപ്രകാരത്താൽ ധാന്യങ്ങൾക്കു പാകം വന്നുപോയാൽ പിന്നത്തതിൽ പെയ്യുന്ന മഴ നിഷ്ഫലമാകുന്നതുപോലെ മേലെഴുതിയ പ്രകാരമുള്ള. ലിഖിതസാക്ഷ്യാദിപ്രമാണങ്ങൾ നിഷ്ഫലമായി ഭവിക്കും.

യാജ്ഞവല്ക്യഃ:—

തതോ/ർത്ഥീ ലേഖയേത് സദ്യഃ പ്രതിജ്ഞാതാർത്ഥസാധനം;
തത് സിദ്ധൌ സിദ്ധിമാപ്നോതി; വിപരീതമതോ/ന്യഥാ.

[ഫ 6 ള

Digitized By Kerala Sahitya Akademi

വക എടുക്കുമ്പോൾ അവരുടെ ഉപകരണങ്ങളേയും, ഇപ്രകാരം അവരവർ ജീവിച്ചുവരുന്ന ഉപകരണങ്ങാംനീക്കി ശിഷ്ടമുള്ള സ്വസ്വവും എടുക്കണം.

കാശ്യപഃ:—

സുവർണ്ണശതമേകന്തു വധാർഹോ ദണ്ഡമർഹതി
അംഗച്ഛേദീ തദർദ്ധന്തു വിവാസ്യഃ പഞ്ചവിംശകം.

[ഫ വ വ

— വധയോഗ്യനായിട്ടുള്ളവനെക്കൊണ്ട് വധത്തിനു പകരം നൂറു സുവർണ്ണവും അംഗച്ഛേദം ചെയ്വാനുള്ളവനെക്കൊണ്ടു് അൻപതു സുവർണ്ണവും രാജ്യത്തിനു വെളിയിൽ കളവാനുള്ളവനെക്കൊണ്ടു് ഇരുപത്തഞ്ചു സുവർണ്ണവും പകരമായിട്ടു യുക്തായുക്തം പോലെ പ്രായശ്ചിത്തം ചെയ്യിക്കണം.

നിർഗ്ഗുണാ ബന്ധനേ സ്ഥാപ്യാ ബലം നൈവ പ്രവർത്തയേൽ
സർവ്വേഷാം പാപയുക്താനാം വിശേഷാത്ഥശ്ച ശാസ്ത്രതഃ.

മനുഃ:—

[ഫ വ വ ർ

ക്ഷത്രവിട് ശൂദ്രയോനിസ്തു ദണ്ഡം ദാതുമശക്നുവൻ
ആനുണ്യം കർമ്മണാ ഗച്ഛേദിത്യോ ദദ്യാച്ച തന്നൈഗ്ഗു-

[നൈഃ. ഫ വ വ ഒ

ധനഹീനന്മാരായിട്ടിരിക്കുന്നവർ ഒരു കുറ്റം ചെയ്തുവെങ്കിൽ അയവരെ ധനദണ്ഡത്തിനു പകരം തടവിൽ പാർപ്പിച്ചു സൂക്ഷിക്കണം. അവരോടു ബലം പ്രവർത്തിപ്പിക്കരുത്. പാപന്മാരായിട്ടുള്ള എല്ലാവർക്കും ഇപ്രകാരമുള്ള ദണ്ഡം ശാസ്ത്രത്തിൽ വിശേഷമായിട്ടു ചൊല്ലിയിരിക്കുന്നതത്രേ ആകുന്നു. ക്ഷത്രിയർ മുതലായവർക്കു പ്രായശ്ചിത്തം ചെയ്യുന്നതിനു വകയും ഗതിയുമില്ലെങ്കിൽ കടം വാങ്ങിച്ചതിനു സമമായിട്ടുള്ള ദ്രവ്യത്തിന്റെ അവസ്ഥപോലെ അവരെക്കൊണ്ടു വേല എടുപ്പിക്കണം. ആയതുകൊണ്ടു് അവർക്കു ഭുജനിവൃത്തിവരും. ബ്രാഹ്മണന് അവധി വച്ചു കൊടുത്തു കാലക്രമംകൊണ്ടു കുറെ കുറെ വാങ്ങിച്ചുകൊള്ളണം. വേല എടുപ്പിക്കരുതെന്നു താൽപര്യം.

ന ബാലോന്മത്തവൃദ്ധാനാം ദരിദ്രാണാഞ്ച രോഗിണാം
ശിഫാദിഭിരൃണം രാജ്ഞാ പ്രാപ്യം വിദ്യാന്നൃപതിർമ്മം. ഫ വ വന്ന

Digitized By Kerala Sahitya Akademi

ബാലൻ ഭ്രാന്തൻ വൃദ്ധൻ ദരിദ്രൻ രോഗികൾ ഇവക്കൊക്കയും പിരനുകൊണ്ടെങ്കിലും രണ്ടു ദളത്തോടുകൂടിയ രക്കുന്ന കയറുകൊണ്ടെങ്കിലും താഡനത്തെ ദണ്ഡമായിട്ട കല്പിക്കരുത്.

അംഗിരാഃ:—

ആത്മാനം ഘാതയേദ്യസ്തു രജ്ജാദിഭിരുപക്രമൈഃ
മൃതോ/മേദ്ധ്യേന ലിപ്തഃസ്യാ ജീവച്ചേദ്ദ്വിശതോ ദമഃ.

[ഫ൨൨൭

ബൃഹസ്പതിഃ:—

വിഷോദ്ബന്ധനശസ്ത്രൈണ യസ്ത്വാത്മാനം പ്രമാപയേൽ
മൃതാ/മേദ്ധ്യേന ലിപ്തവ്യോ നാഗ്നിസംസ്കാരമർഹതി.

[ഫ൨൨൮

ഒരുത്തൻ താൻതന്നെ കയറുകളെക്കൊണ്ടു കെട്ടിഞാന്ന് റെങ്കിലും വിഷഭക്ഷണംകൊണ്ടെങ്കിലും ആയുധംകൊണ്ടെങ്കിലും ആത്മാവെ ത്യജിച്ചു റെങ്കിൽ ആയവൻ വലുതായിട്ടുള്ള പാപിഷ്ഠനാകകൊണ്ട് അവന്റെ ശരീരത്തിൽ അമേദ്ധ്യംകൊണ്ടു ലേപനംചെയ്ത് റെട്ടുനാളയണം. അഗ്നിസംസ്കാരം ചെയ്യരുത്. ഇപ്രകാരം ആത്മത്യാഗം ചെയ്വാൻ തുടങ്ങിയവൻ സംഗതിവശാൽ ജീവിച്ചുവെങ്കിൽ ആയവനെക്കൊണ്ട് ഇരുന്നൂറു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

തടാകോദ്യാനക്രൂപാദി യോ/മേദ്ധ്യേന വിദൂഷയേൽ
അമേദ്ധ്യം ശോധയിത്വാ തദ്ദണ്ഡയേത്തം പണാൻ ശതം.

[ഫ൨൨൯

കുളം, കിണറു, നന്താവനം മുതലായതിൽ ഒരുത്തൻ അമേദ്ധ്യമിട്ട് അശുദ്ധി വരുത്തിയാൽ ആയവനെക്കൊണ്ട് അമേദ്ധ്യം നീക്കി ശുദ്ധിവരുത്തിച്ചു നൂറു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

നാദത്തീത നൃപസ്സാധുമ്മഹാപാതകിനാം ധനം
ആദദാനസ്തു തല്ലോഭാത്തേന ദോഷേണ ലിപ്യതേ. ഫ൨൩൦

ധർമ്മിഷ്ഠനായിരിക്കുന്ന രാജാവു മഹാപാതകംചെയ്തിരിക്കുന്നവരുടെ ധനത്തെ ഗ്രഹിക്കരുത്. ലോഭംകൊണ്ടു ഗ്രഹിച്ചാൽ രാജാവിനും ആ പാതകദോഷസംബന്ധം വരും.

Digitized By Kerala Sahitya Akademi

എന്നതുകൊണ്ട് ഉത്തരപ്രത്യുത്തരങ്ങളെ എഴുതിച്ച് ആധാരങ്ങളം ചോദിക്കുമ്പോൾതന്നെ അവരവരുടെ കാര്യത്തിനു സാധകമായിരിക്കുന്ന ലിഖിതസാക്ഷ്യാദിപ്രമാണങ്ങളം ഉള്ളതു വച്ച് എഴുതിക്കണം. ആ പ്രമാണങ്ങളം വിസ്തരിക്കുന്ന സമയത്തിൽ സാധു എന്നു സിദ്ധിച്ചാൽ അർക്കാര്യവും സാധു-എന്നു സിദ്ധിക്കും. അല്ലെങ്കിൽ കാര്യസിദ്ധിയും വരികയില്ല.

ബൃഹസ്പതിഃ:—

ദ്വിപ്രകാരാ ക്രിയാ പ്രോക്താ ദൈവികീ മാനുഷീ തഥാ
ഏകൈകാനേകധാ ഭിന്നാ ഋഷിഭിസ്തത്ത്വദർശിഭിഃ. ഫ൯

പ്രമാണം രണ്ടുവിധം; ദിവ്യപ്രമാണമെന്നും മാനുഷപ്രമാണമെന്നും. അതിലോരോന്നും അനേകവിധമെന്ന് ഋഷികളാൽ ചൊല്ലപ്പെട്ടുന്നു.

സാക്ഷിണോ ലിഖിതം ഭുക്തിർമ്മാനുഷം ത്രിവിധം സ്മൃതം;
ധട്ടാദ്യാ ധർമ്മജാതാ തു ദൈവീ നവവിധാ ക്രിയാ. ഫ൦൦

സാക്ഷികളും ലിഖിതങ്ങളും മനുഷ്യവുമിപ്രകാരം മാനുഷപ്രമാണം മൂന്നുവിധം. ദിവ്യപ്രമാണം സത്യം. ആയത് ഒൻപതുവിധം.

സാക്ഷീ ദ്വാദശഭേദസ്തു ലിഖിതം ദശധാ സ്മൃതം
ഭുക്തിസ്തു ത്രിവിധാ ജ്ഞേയാ ദൈവീ നവവിധാ ക്രിയാ. ഫ൦൧

സാക്ഷി പന്ത്രണ്ടുവിധം. ലിഖിതം പത്തുവിധം. അനുഭവം മൂന്നുവിധം. ദിവ്യപ്രമാണം ഒൻപതുവിധം. ഇങ്ങനെ പ്രമാണങ്ങളുടെ ഭേദം.

വ്യാസഃ:—

ജ്ഞേയോ ലേഖ്യം സാക്ഷിണോ വാ ഭുക്തിലേഖ്യാദയോഽപി വാ
ദൈവികീ വാ ക്രിയാ പ്രോക്താ പ്രജാനാം ഹിതകാമ്യയാ.

[ഫ൦൨

കൊടുക്കൽ വാങ്ങൽ എടപെട്ട സംഗതിയിൽ ലേഖ്യമെങ്കിലും സാക്ഷികളം എങ്കിലും അനുഭവം മുതലായ ഹേതുക്കളം എങ്കിലും ദിവ്യമെങ്കിലും സാധനമെന്നു പ്രജകളുടെ കാര്യസിദ്ധിവരുവാനായിട്ട് ¶ഋഷികളാൽ ചൊല്ലപ്പെട്ടു.

---

* 'ഏകൈകം ചൈനകധാ ഭിന്നം' (പാഠാന്തരം). ¶'ഋഷികളാൽചൊല്ലപ്പെട്ടുന്നു' (പാഠാന്തരം).

Digitized By Kerala Sahitya Akademi

യാജ്ഞവല്ക്യഃ:—

പ്രമാണം ലിഖിതം ഭുക്തിസ്സാക്ഷിണശ്ചേതി കീർത്തിതം
ഏഷാമന്യതമാഭാവേ ദിവ്യാന്യതമമുച്യതേ. ഫ വ്യ ൦

ഇച്ചൊല്ലിയ നാലു പ്രമാണങ്ങളിൽ മുൻപിലത്തെ പ്രമാണം ലേഖ്യം. രണ്ടാമത്തേതു ഭുക്തി. മൂന്നാമത്തേതു സാക്ഷികഥം. ഇച്ചൊല്ലിയ മൂന്നു പ്രമാണങ്ങളുമില്ലാഞ്ഞാൽ ദിവ്യപ്രമാണങ്ങളിൽ ഒന്നു ഗ്രഹിക്കണം.

നാരദഃ:—

ദിവാകൃതേ കാര്യവിധൌ ഗ്രാമേഷു നഗരേഷു ച
സംഭവേ സാക്ഷിണാം ചൈവ ന ദിവ്യാ ഭവതി ക്രിയാ.

[ഫ വ്യ ഫ

പകലുണ്ടാകുന്ന കാര്യങ്ങളിലും ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉണ്ടാകുന്ന കാര്യങ്ങളിലും സാക്ഷികഥം സംഭവിക്കുന്ന കാര്യങ്ങളിലും ദിവ്യപ്രമാണമരുതു്.

കാത്യായനഃ:—

യത്രൈകോ മാനുഷീം ബ്രൂയാദന്യോ ബ്രൂയാത്തു ദൈവികീം
മാനുഷീം തത്ര ഗൃഹ്ണീയാന്ന തു ദൈവീം ക്രിയാം നൃപഃ.

[ഫ വ്യ ഉ

വാദിപ്രതിവാദികളിലൊരുത്തൻ ലിഖിതസാക്ഷ്യാദിമാനുഷപ്രമാണത്തേയും മറൊരുത്തൻ ദിവ്യപ്രമാണത്തേയും ചൊല്ലി നിന്നാൽ മാനുഷപ്രമാണം ഗ്രഹിച്ചുകൊള്ളണം. ദിവ്യപ്രമാണത്തെ ഗ്രഹിക്കരുതു്.

യത്രൈകദേശവ്യാപ്ത്യാപി ക്രിയാ വിദ്യേത മാനുഷീ
സാ ഗ്രാഹ്യാ ന തു പൂർണ്ണാപി ദൈവികീം വദതാം നൃണാം.

[ഫ വ്യ ന

ഒരു കാര്യത്തിൽ ഏകദേശം സംബന്ധിച്ചു മാനുഷപ്രമാണം ഉണ്ടെങ്കിലും അക്കാര്യത്തിന് അതുതന്നെ പ്രമാണമായിട്ടു ഗ്രഹിക്കണം. കാര്യത്തിന്റെ മുഴുവനും സംബന്ധിച്ചു ദിവ്യപ്രമാണത്തേപ്പറഞ്ഞു എങ്കിലും ആയതു ഗ്രഹിക്കരുതു്. ഇതിന് ഉദാഹരണം. ഒരുത്തൻ ഏതാനും പണം പലിശയ്ക്കു കൊടുത്തതു തരുവിക്കണമെന്ന് ആവലാതി ബോധിപ്പിച്ചാൽ പ്രതിവാദി വാങ്ങിച്ചിട്ടില്ലെന്നും സത്യംചെയ്തുകൊടുക്കാമെന്നും ഉത്തരമെഴുതിയതി

Digitized By Kerala Sahitya Akademi

ന്റെ ശേഷം വാദിയോടു ലിഖിതസാക്ഷ്യാദിപ്രമാണങ്ങൾ ഉണ്ടോ എന്ന ചോദ്യംചെയ്താൽ പണം കൊടുത്തതിനും വാങ്ങിച്ചതിനും സാക്ഷികൾ ഉണ്ടെന്നും പണത്തിന്റെ സംഖ്യയ്ക്കും പലിശയുടെ സംഖ്യയ്ക്കും സാക്ഷി ഇല്ലെന്നും വാദി പറഞ്ഞ് അപ്രകാരം സാക്ഷികളും വന്നാൽ ആ സാക്ഷികളെക്കൊണ്ടു വാദിക്കു കാര്യസിദ്ധിയുണ്ടെന്നു നിശ്ചയിക്കണം. പ്രതിവാദി പറയുന്ന ദിവ്യത്തെ ഗ്രഹിക്കരുതു്. ഇതിനു ഹേതുവെന്തെന്നാൽ വാദി പണം കൊടുത്തുവെന്നു പറഞ്ഞതു സാക്ഷിപ്രമാണത്താൽ സത്യമെന്നു വരികകൊണ്ടും പ്രതിവാദി വാങ്ങിച്ചില്ലെന്നു പറഞ്ഞത് അസത്യമായിട്ടു പോകകൊണ്ടുമത്രേ വാദിക്കു കാര്യസിദ്ധിയുണ്ടെന്നു പറഞ്ഞതു്.

ദ്വാരമാശ്ക്രിയാഃഭോഗേ ജലവാഹാദികേ തഥാ
ഭുക്തിരേവ തു ഗ്രർവീ സ്യാന്ന ലേഖ്യം ന ച സാക്ഷിണഃ.

[ഫ വ്യ ർ

നെടുനാളായിട്ട ഊരിലുള്ള ജനങ്ങൾ നടന്നുവരുന്ന ദ്വാരമാർഗ്ഗം ഒരുത്തൻ എഴുതിവാങ്ങിച്ചതിനു ലേഖ്യവും സാക്ഷികളുമുണ്ടെങ്കിൽ ആ സ്ഥലത്തിൽ അനുഭവപ്രമാണം ലിഖിതസാക്ഷികളെക്കാൾ വലുതായിട്ടുള്ളതു്. ഇപ്രകാരം ജലംപോകുന്ന മാർഗ്ഗങ്ങളിലും ലിഖിതസാക്ഷ്യാദികളെക്കാൾ അനുഭവപ്രമാണമത്രേ വലുതായിട്ടുള്ളതു്. അവക്കേ കാര്യസിദ്ധി വരൂ.

വാക്പാരുഷ്യേ മഹീവാദേ നിഷിദ്ധാ ദൈവികീ ക്രിയാ;
പ്രദാതവ്യാ പ്രയത്നേന സാഹസേഷു ചതുർഷ്വപി. ഫ വ്യ ഭ

വാക്പാരുഷ്യത്തിലും ഭൂമിസംബന്ധിച്ച വ്യവഹാരത്തിലും ദിവ്യപ്രമാണം നിഷിദ്ധമായിട്ടുള്ളതു്. മോഷണം പിടിച്ചുപറിക്ക മുതലായ സാഹസങ്ങളിൽ മാനുഷപ്രമാണമില്ലെങ്കിൽ ദിവ്യപ്രമാണം കൊണ്ടു നിശ്ചയിക്കണം. വാക്പാരുഷ്യത്തിലും ദണ്ഡപാരുഷ്യത്തിലും ഒട്ടും മാനുഷപ്രമാണം സംഭവിക്കാത്ത ദിക്കിൽ ദിവ്യപ്രമാണംകൊണ്ടു നിശ്ചയിക്കണമെന്നു താൽപര്യം.

യദാ സാക്ഷീ ന വിദ്യേത വിവാദേ വദതാം ദ്വയോഃ
തദാ ദിവ്യൈഃ പരീക്ഷേത ശപഥൈശ്ച പൃഥഗ്വിധൈഃ.

[ഫ വ്യ ന

Digitized By Kerala Sahitya Akademi

യാതൊരു കായ്ത്തിങ്കൽ എങ്കിലും ലിഖിതവും സാക്ഷിയു മനുഭവവുമില്ലാഞ്ഞാൽ അപ്പോഴം അനേകവിധമായിട്ടുള്ള ദി വ്യപ്രമാണങ്ങളിൽ ഒന്നുകൊണ്ടു പരീക്ഷിച്ചു കായ്ത്തെ നിശ്ച യിക്കണം.

മഹാപാപാഭിയോഗേഷു നിക്ഷേപഹരണേ തഥാ
ദിവ്യൈഃ കായ്ം പരീക്ഷേത രാജാ സഭ്യപി സാക്ഷിഷു.

[ഫ വ്യ ൭

ജാതിഭ്രഷ്ടു വരുത്തുന്ന മഹാപാപങ്ങളെക്കൊണ്ട് ആവലാ തി ബോധിപ്പിച്ച കായ്ങ്ങളിലും നിക്ഷേപാപഹാരം എടപെട്ട കായ്ത്തിലും സാക്ഷികാം ഉണ്ടെങ്കിലും ദിവ്യപ്രമാണങ്ങളാൽ തന്നെ രാജാവു പരീക്ഷിച്ചു കായ്ങ്ങളെ നിശ്ചയിക്കണം.

പൂഗശ്രേണിഗണാദീനാം യാ സ്ഥിതിഃ പരികീത്തിതാ
തസ്യാശ്ച സാധനം ലേഖ്യം ന ദിവ്യം ന ച സാക്ഷിണഃ.

[ഫ വ്യ വ

സമൂഹക്കാരു മുതൽപേരുടെ സങ്കേതകായ്ത്തിന് അവ്വര വരു മുൻപിൽ എഴുതിവച്ചിരിക്കുന്ന ചട്ടവരിയോല മുതലായ ലേ ഖ്യങ്ങളാം സാക്ഷിദിവ്യങ്ങളേക്കാം വലുതായിട്ടുള്ളത്. ആ ലേഖ്യം ഇരിക്കുമ്പോഴം സാക്ഷികളും പ്രമാണമായിട്ടു ഭവിക്കയില്ല.

വ്യാസഃ:—

രഹഃകൃതം പ്രകാശം ച ദ്വിവിധം കായ്മുച്യതേ;
പ്രകാശം സാക്ഷിഭിർജ്ഞേയം ദൈവികേന രഹഃകൃതം.

[ഫ വ്യ ൯

കായ്ം രണ്ടുവിധം; രഹസ്യമായിട്ടുണ്ടാകുന്നതും പ്രകാശമാ യിട്ടുണ്ടാകുന്നതും. അതിൽ രഹസ്യമായിട്ടുണ്ടാകുന്ന കായ്ം ദിവ്യ പ്രമാണങ്ങളെക്കൊണ്ടും *പരസ്യമായിട്ടുണ്ടാകുന്ന കായ്ം സാക്ഷി പ്രമാണങ്ങളെക്കൊണ്ടും അറിഞ്ഞുകൊള്ളണം.

ലിഖിതേ സാക്ഷിവാദേ ച സന്ദേഹോ ജായതേ യദാ
അനുമാനേ ച സംഭ്രാന്തേ തദാ ദിവ്യം നിയോജയേത്. ഫൻ ൦

വാദിപ്രതിവാദികളം കൊണ്ടുവന്നിരിക്കുന്ന ലേഖ്യങ്ങളിലും സാക്ഷികളിലും അനുഭവം മുതലായ ഹേതുക്കളിലും സംശയം വ ന്നാൽ അപ്പോഴം ദിവ്യപ്രമാണംകൊണ്ടു കായ്ം നിശ്ചയിക്കണം.

* 'അരഹസ്യ മായിട്ടുണ്ടാകുന്ന' (പാഠാന്തരം).

Digitized By Kerala Sahitya Akademi

നാരദഃ—

അരണ്യേ നിർജ്ജനേ രാത്രാവന്തർവേശ്മനി സാഹസേ
ന്യാസാപഹരണേ ചൈവ ദിവ്യാ സംഭവതി ക്രിയാ. ഫൻ ഫ

വനത്തിലും ജനങ്ങൾ ആരുംതന്നെയില്ലാത്ത ഏകാന്ത പ്രദേശത്തും രാത്രികളിലും - നിക്ഷേപാപഹരണത്തിലും— ഉണ്ടാകുന്ന കാര്യങ്ങളിൽ ദിവ്യപ്രമാണമത്രേ ഏറ്റവും സംഭവിക്കുന്നത്.

സമത്വം സാക്ഷിണാം യത്ര ദിവ്യാ സംഭവതി ക്രിയാ.

രണ്ടുപക്ഷത്തിലും സാക്ഷികൾ സമമായിട്ടു വന്നാൽ അപ്പോൾ സാക്ഷികളേവിട്ടു ദിവ്യപ്രമാണങ്ങളേക്കൊണ്ടു കാര്യം നിശ്ചയിക്കണം.

പ്രാണാന്തകവിവാദേഷു വിദ്യമാനേഷു സാക്ഷിഷു
ദിവ്യമാലംബതേ വാദീ ന പൂർവ്വത്രത്ര സാക്ഷിണഃ. ഫൻ വ

പ്രാണങ്ങൾതന്നെ അപായംവരുന്ന വിവാദങ്ങളിൽ വാദി ദിവ്യപ്രമാണത്തേത്തന്നെ അവലംബിച്ചാൽ സാക്ഷികളുണ്ടെങ്കിലും അക്കാര്യത്തിൽ സാക്ഷികളെ ചോദിക്കരുത്. ദിവ്യപ്രമാണത്താൽ തന്നെ പരീക്ഷിച്ച കാര്യത്തിനെ നിശ്ചയിക്കണം.

യന്നാമഗോത്രൈസ്തുല്യം ഹി ലേഖ്യകം തു കഥഞ്ചിത് ഭവേത്
അഗൃഹീതേ ധനേ തത്ര കാര്യോ ദിവ്യേന നിർണ്ണയേത്.

[ഫൻന

ചില ഊരും പേരും വച്ചു മുൻതന്നെ എഴുതിയ ലേഖ്യത്തിനു തുല്യമായിട്ടു സൃഷ്ടിച്ചുകൊണ്ടു വ്യവഹാരത്തിനു വരുന്ന പ്രതിവാദി ദ്രവ്യത്തിനെ വാങ്ങിച്ചിട്ടില്ലെന്നു പറഞ്ഞാൽ അപ്പോൾ ദിവ്യപ്രമാണങ്ങളാൽ കാര്യത്തിനെ നിശ്ചയിക്കണം.

ഇതി ക്രിയാപാദഃ.

അഥ സാക്ഷിനിരൂപണം.

സന്ദിഗ്ധേഷു ച കാര്യേഷു ദ്വയോർവിവദമാനയോഃ
ദൃഷ്ടശ്രുതാനുഭൂതത്വാത് സാക്ഷിഭ്യോ വ്യക്തിദർശനം. ഫൻ ര

Digitized By Kerala Sahitya Akademi

വാദിപ്രതിവാദികളുടെ കാര്യങ്ങളിൽ സംശയം വന്നാൽ കണ്ടിരിക്കുന്ന സാക്ഷികളേക്കൊണ്ടും കേട്ടിരിക്കുന്ന സാക്ഷികളേക്കൊണ്ടും കാര്യങ്ങളെ നിശ്ചയിക്കണം.

സമക്ഷദർശനാത്സാക്ഷീ വിജ്ഞേയശ്ശ്രാവ്യചക്ഷുഷോഃ
സാക്ഷീ ദ്വിഭേദോ വിജ്ഞേയഃ കൃത ശ്ചാകൃതോ/വരഃ.
[ഫൻ ൫

നേത്രംകൊണ്ടു കണ്ടവനും കണ്ണുംകൊണ്ടു കേട്ടവനും സാക്ഷിയായിട്ടു ഭവിക്കും; ആ സാക്ഷി കൃതസാക്ഷി എന്നും അകൃതസാക്ഷി എന്നും രണ്ടുവിധം.

ലേഖ്യാശ്രുദ്ധഃ കൃതോ ജ്ഞേയോ മുകൃതകോ/കൃത ഉച്യതേ.

ലേഖ്യങ്ങളിൽ എഴുതപ്പെട്ടവൻ കൃതൻ. അവനേക്കാൾ അന്യൻ മുകൃതൻ. ഇപ്രകാരം സാക്ഷി രണ്ടുവിധം.

ബൃഹസ്പതിഃ:—

ലിഖിതോ ലേഖിതോ ഗ്രുദ്ധഃ സ്മാരിതഃ കല്യുദ്ധൃതകൈശ്ച
യാദൃച്ഛികശ്ചോത്തരശ്ച കാര്യമദ്ധ്യഗതസ്തഥാ
ന്യപോ/ദ്ധ്യക്ഷസ്തഥാ ഗ്രാമസ്സാക്ഷീ ദ്വാദശധാ സ്മൃതഃ. ഫൻന്യ

ലിഖിതനെന്നും ലേഖിതനെന്നും ഗ്രുദ്ധനെന്നും സ്മാരിതനെന്നും കല്യനെന്നും ദ്ധൃതകനെന്നും യാദൃച്ഛികനെന്നും ഉത്തരനെന്നും കാര്യമദ്ധ്യഗതനെന്നും രാജാവും അദ്ധ്യക്ഷനും ഗ്രാമജനങ്ങളും ഇപ്രകാരം സാക്ഷികൾ പന്ത്രണ്ടുവിധം.

ജാതിനാമാദി ലിഖിതം യേന സ്വം പിത്ര്യമേവ ച
നിവ്വാസഞ്ച സ വിജ്ഞേയസ്സാക്ഷീ ലിഖിതസംജ്ഞകഃ.
[ഫൻ ൬

ലേഖ്യങ്ങളിൽ യാതൊരു സാക്ഷി താൻതന്നെ തന്റെ ജാതിയും പേരും ഭവനത്തിന്റെ പേരും വച്ച് ഇക്കായ്ത്തിൽ ഞാൻ സാക്ഷി എന്ന് എഴുതുന്ന ആ സാക്ഷി ലിഖിതസാക്ഷി എന്നു ചൊല്ലപ്പെടുന്നവൻ.

സന്ധിക്രിയാം ക്രിയാഭേദൈസ്തസ്യ കൃത്വാ ഗുണാദികേ
പ്രത്യക്ഷം ലിഖ്യതേ യശ്ച ലേഖിതസ്സ ഉദാഹൃതഃ. ഫൻവ

രണ്ടുപേരും സമ്മതിച്ച കായ്ത്തിന്റെ സമീപത്തിൽ നില്ക്കുന്നവനെ വിളിച്ച് ഇക്കായ്ത്തിനു താൻ സാക്ഷി എന്ന അവന്റെ പേരുമെഴുതിയാൽ ആ സാക്ഷി ലേഖിതൻ.

Digitized By Kerala Sahitya Akademi

കാഡ്യവ്യവഹിതോ യസ്തു ശ്രുണോതി ഭ്രുണഭാഷിതം
യഥാശ്രുതം യഥാഭ്രുതം ശ്രുദ്ധസാക്ഷീ സ ഉച്യതേ. ൧൯൯

ഭിത്തിയൂടെ മറഞ്ഞിരുന്നംകൊണ്ടു കടം വാങ്ങിച്ചവൻ ചൊല്ലിയ വാക്കു കേട്ടറിഞ്ഞു താൻ കേട്ടതു പരമാർത്ഥമായിട്ടു പറയുന്ന സാക്ഷി ശ്രുദ്ധസാക്ഷി.

ആഹൂയ യഃ കൃതസ്സാക്ഷീ ഭ്രുണന്യാസക്രിയാദികേ
സ്മായ്യതേ ച മുഹുഃ കായ്യം സ്മാരിതസ്സോഭിധീയതേ. ൨൦൦

കൊടുക്കൽവാങ്ങൽ മുതലായ കായ്യങ്ങളിൽ അടുക്കൽ നില്ക്കുന്നവനെ സാക്ഷിവച്ച് ഇക്കായ്യത്തിൽ താൻ സാക്ഷിയെന്നു ക്രടക്കൂടെ കായ്യത്തിനെ ഗ്രഹിപ്പിക്കപ്പെട്ട സാക്ഷി സ്മാരിതൻ.

വിഭാഗദാനേ വിപണേ ജ്ഞാതിയ്യത്രോപദിശ്യതേ
ദ്വയോസ്സമ്മാനോ ധർമ്മജ്ഞഃ കുല്യസ്സു പരികീത്തിതഃ. ൨൦൧

ദായാദക്കാരുടെ പകുതി എടപ്പെട്ട കായ്യത്തിലും ദാനം എടപ്പെട്ട കായ്യത്തിലും കച്ചവടക്കായ്യത്തിലും കൂറിച്ചിരിക്കുന്ന സാക്ഷി രണ്ടുപക്ഷത്തിലും സമമായിട്ടും ധർമ്മജ്ഞനായിട്ടും രണ്ടു പേക്കും ജ്ഞാതിയായിട്ടുമിരിക്കുന്നവൻ കുല്യസാക്ഷി.

അർത്ഥിപ്രത്യർത്ഥിവചനം ശ്രുണുയാത് പ്രേഷിതസ്തു യഃ
*ഉഭയോസ്സമ്മതസ്സാധുർദ്ദൂതകസ്സ ഉദാഹൃതഃ. ൨൦൨

കായ്യം കേൾക്കുന്ന സഭയിൽചെന്ന് അറിഞ്ഞു വരണമെന്ന ആജ്ഞയോടുംക്രടെ ചെന്നിരിക്കുന്നവനെ പിന്നെ സാക്ഷി പറവാനായിട്ടു വിളിച്ചാൽ ആയവൻ രണ്ടുപേക്കും സമ്മതനായും സാധുവായുമിരുന്നാൽ താൻ കേട്ടറിഞ്ഞതു പറയുന്ന ആ സാക്ഷി ദൂതകൻ

ക്രിയമാണേ തു കർത്തവ്യേ യഃ കശ്ചിത് സ്വയമാഗതഃ
അത്ര സാക്ഷീ ത്വമസ്മാകമുക്തോ യാദ്ദച്ഛികഃ സ്മൃതഃ.
[൨൦൩

വാദിപ്രതിവാദികൾ തമ്മിൽ ഒരു കായ്യം ചെയ്യുമ്പോൾ യദ്ദച്ഛയായിട്ടു വരുന്നവനെ വിളിച്ച് ഇക്കായ്യത്തിനു ഞങ്ങൾക്കു താൻ സാക്ഷി എന്നു ചൊല്ലപ്പെട്ടവൻ യാദ്ദച്ഛിക സാക്ഷി.

* 'ഉഭയോരനുമതസ്സാധുഃ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

യത്ര സാക്ഷീ ദ്വിശോ ഗച്ഛൻ മുമൂഷുവ്വാ യഥാശ്രുതം
അന്യം സംശ്രാവയേത്തം തു വിദ്യാദുത്തരസാക്ഷിണം. ൨൦൪

കായ്യത്തിൽ ക്രടിയിരുന്ന കേട്ട യാതൊരു സാക്ഷി ദേശാന്തരത്തിങ്കൽ പോകാൻ ഭാവിച്ചിരിക്കുമ്പോൾ എങ്കിലും മരണാവസ്ഥയെ പ്രാപിക്കുമ്പോളെങ്കിലും താൻ കേട്ടറിഞ്ഞതു മറെറാരുത്തനെ ഗ്രഹിപ്പിച്ചുപോയാൽ ആ സാക്ഷി ഉത്തരസാക്ഷി.

ഉഭാഭ്യാം യശ്ച വിശ്വസ്തഃ; കായ്യം ചാപി നിവേദിതം;
ഗ്രഡസാക്ഷീ സ വിജ്ഞേയഃ ‡ കായ്യമധ്യഗതസ്തഥാ. ൨൦൫

വാദിപ്രതിവാദികൾ രണ്ടുപേരും വിശ്വസിച്ച യാതൊരുത്തനെ കായ്യത്തിനെ പറഞ്ഞു ബോധിപ്പിച്ചിരിക്കുന്നോ ഗ്രഡമായിട്ട കായ്യത്തിനെ അറിഞ്ഞിരിക്കുന്ന ആ സാക്ഷി കായ്യമദ്ധ്യഗതൻ.

അർത്ഥിപ്രത്യർത്ഥിനോർവ്വാക്യം യച്ഛ്രുതം ഭ്രുത്യതാ സ്വയം
സ ഏവ തത്ര സാക്ഷീ സ്യാദർത്ഥിസംവാദേ ദ്വയോരപി.*

[൨൦൬

വാദിപ്രതിവാദികളുടെ വാക്യത്തെ രാജാവു താൻതന്നെ കേട്ടറിഞ്ഞു പോകിൽ പിന്നത്തതിൽ രണ്ടുപേക്കും തക്കം വന്നാൽ രാജാവുതന്നെ സാക്ഷിയായി ഭവിക്കും.

നിർണ്ണീതേ വ്യവഹാരേ തു പുനർന്യായോ യദാ ഭവേത്
അദ്ധ്യക്ഷസ്സഭ്യസഹിതസ്സാക്ഷീ സ്യാത്തത്ര നാന്യഥാ. ൨൦൬

യാതൊരു കായ്യത്തിനെ സഭ്യന്മാരോടുകൂടെയിരിക്കുന്ന പ്രാഡ്വിവാകൻ ഒരിക്കൽ കെട്ട നിശ്ചയിച്ചാൽ പിന്നത്തതിൽ അക്കായ്യത്തിനു തക്കം വന്നാൽ സഭ്യന്മാരോടും കൂടിയിരുന്ന പ്രാഡ്വിവാകൻ അക്കായ്യത്തിൽ സാക്ഷിയായി ഭവിക്കും.

മുഷിതം ഖനിതം യത്ര സീമായാശ്ച സമന്തതഃ
അകൃതോഽപി ഭവേൽ സാക്ഷീ ഗ്രാമസ്തത്ര ന സംശയഃ.

[൨൦൭

നിലംപുരയിടങ്ങളുടെ എല്ലുക അപഹരിച്ചു വെട്ടിക്കൂട്ടിയിരിക്കുന്ന എന്നുള്ള എല്ലുകത്തക്കത്തിന് ആ തക്കം ഉണ്ടായ എല്ലുകയിലുള്ള ഗ്രാമക്കാർ സാക്ഷിയായി ഭവിക്കും.

---

‡ 'കായ്യമദ്ധ്യഗതസ്തഥാ' (പാഠാന്തരം.) * 'പിസംവാദേദ്വയോരപി' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ:—

നവ സപ്തസപ്ത വാ പഞ്ച ചതുരോരസ്യേയ ഏവ വാ
ഉഭൌ വാ ശ്രോത്രിയൌ ഗ്രാഹ്യൌ നൈകം പ്രാഡ്വിവാകഃ

[കടാച്ചന. ൨ ൦ ൯

കായ്യങ്ങളിൽ പ്രമാണമായിട്ടുള്ള സാക്ഷികളുടെ സംഖ്യ ഒൻപതുപേരെങ്കിലും ഏഴുപേരെങ്കിലും അഞ്ചുപേരെങ്കിലും നാലുപേരെങ്കിലും മൂന്നുപേക്ഷ കുറവുകൂടാതേയും സാക്ഷികളെ ഗ്രഹിക്കണം. വേദശാസ്ത്രജ്ഞം തന്നെ പ്രമാണമെന്ന നിലയുള്ള പേരെങ്കിൽ രണ്ടുപേരുമാം. ഏകസാക്ഷി പ്രമാണമാക്കി ചോദിക്കരുതു്.

യാജ്ഞവല്ക്യഃ:—

ഉഭയോരനുമതസ്സാക്ഷീ ദ്വയോരേകോഽപി ധർമ്മവിൽ.

ധർമ്മജ്ഞനായിരിക്കുന്ന ഒരുത്തൻ രണ്ടുപേക്ഷം സമ്മതനെങ്കിൽ ഏകസാക്ഷിയെ ഗ്രഹിച്ചു ചോദിക്കാം.

നാരദഃ:—

അഥവാ കാലനിയമോ ന ദൃഷ്ടസ്സാക്ഷിണം പ്രതി;
*സ്മൃത്യപേക്ഷം ഹി സാക്ഷിത്വമാഹുർശ്രുത്യുവിദോ ജനാഃ.

[൨ ൫ ൦

കായ്യമുണ്ടായ നാൾ മുതൽ ഇത്ര നാൾവരെയും ഇന്ന സാക്ഷിയോടു ചോദിക്കാമെന്നും ഇത്ര നാൾ കഴിഞ്ഞാൽ ചോദിക്കരുതെന്നും ഉള്ള കാലനിയമം സാക്ഷിവിഷയത്തിങ്കൽ ഇല്ല. കായ്യത്തിന്റെ നിരൂപണം ഉള്ളവൻ സാക്ഷിയാകകൊണ്ടു നിരൂപണമുള്ള കായ്യങ്ങളിൽ ഒക്കയും സാക്ഷികളോടു ചോദിക്കാം.

യസ്യ നോപഹതാ ബുദ്ധിർദൃഷ്ടിശ്രോത്രേ ച നിത്യശഃ
സുദീർഘേണാപി കാലേന സ വൈ സാക്ഷിത്വമർഹതി.

[൨ ൫ ൫

യാതൊരുത്തൻ നേത്രംകൊണ്ടു കണ്ടതിനാലും ശ്രോത്രംകൊണ്ടു കേട്ടതിനാലും വന്നിരിക്കുന്ന കായ്യബോധം എത്ര നാൾവരെയും നശിക്കാതിരിക്കുന്നോ അത്രവരയ്ക്കും ആ സാക്ഷിക്കു സാക്ഷിപറയാം. ചില കാലം കഴിഞ്ഞുപോയെന്നുവച്ചു് ആ സാക്ഷിയെ തള്ളിക്കളയരുതു്.

* 'സ്മൃത്യപേക്ഷ്യം ഹി സാക്ഷ്യം സ്യാൽ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

യാജ്ഞവല്ക്യഃ:—

തപസ്വിനോ ദാനശീലാഃ കുലീനാസ്സത്യവാദിനഃ
ധർമ്മപ്രധാനാ ഋജവഃ പുത്രവന്തോ ധനാന്വിതാഃ; ൨൫൨

സാക്ഷികൾക്കു വേണ്ടുന്ന ഗുണങ്ങളെ ചൊല്ലുന്നു. തപസ്സുള്ളവരായും ദാനശീലന്മാരായും നല്ല തറവാട്ടിൽ ജനിച്ചവരായും സത്യത്തെത്തന്നെ പറയുന്നവരായും ധർമ്മബുദ്ധിയുള്ളവരായും വ്യാജമില്ലാത്തവരായും, സന്തതിയോടുകൂടിയിരിക്കുന്നവരായും ധനവാന്മാരായും ഇരിക്കുന്നവരെ സാക്ഷികളായിട്ടു ഗ്രഹിക്കണം.

ത്രയ്യവരാസ്സാക്ഷിണോ ജ്ഞേയാശ്ശ്രൗതസ്മാർത്തക്രിയാപരാഃ
യഥാജാതി യഥാവർണ്ണം സർവേ സർവേഷു വാ സ്മൃതാഃ. ൨൫൩

വേദശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന കർമ്മങ്ങളെ ചെയ്യുന്നതിന് ഏതുമയും താൽപര്യത്തോടുകൂടിയവരായും മുൻപിൽ പറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയിരിക്കുന്നവരായും ഉള്ളതിൽ മൂന്നു പേർക്കു കുറവുകൂടാതെ സാക്ഷികളെ ഗ്രഹിക്കണം. അതിലും അതതുജാതിയിലുള്ളവർക്ക് അതതു ജാതിയിൽ ഉള്ളവരെത്തന്നെ സാക്ഷികളായിട്ടു ഗ്രഹിക്കണം. അതു കിട്ടിയില്ലെങ്കിൽ ഒരു ജാതിയിൽ ഉള്ളവർക്കു മറെറാരുജാതിയിലുള്ളവരും സാക്ഷിപറയാം.

കാത്യായനഃ:—

സ്ത്രീണാം സാക്ഷ്യം സ്ത്രിയഃ കുർയ്യുർദ്വിജാനാം സദൃശാ ദ്വിജാഃ
ശൂദ്രാശ്ച സന്തശ്ശൂദ്രാണാ*മന്ത്യാനാമന്ത്യയോനയഃ. ൨൫൪

സ്ത്രീകളുടെ കാര്യത്തിനു സ്ത്രീകളും ബ്രാഹ്മണരുടെ കാര്യത്തിനു ബ്രാഹ്മണരും ക്ഷത്രിയരുടെ കാര്യത്തിനു ക്ഷത്രിയരും വൈശ്യരുടെ കാര്യത്തിനു വൈശ്യരും ശൂദ്രരുടെ കാര്യത്തിനു ശൂദ്രരും കീഴ് ജാതിയിലുള്ളവർക്ക് അവരുടെ ജാതിക്കാരും സാക്ഷിപറയണം; ഇതു് ഉത്തമമായിട്ടുള്ളതു്.

നാരദഃ:—

അസാക്ഷ്യപി ഹി സാക്ഷ്യർഷു ദൃഷ്ടഃ പഞ്ചവിധോ ബുധൈഃ
വചനാദ്ദോഷതോ ഭേദാത് സപ്രയുക്തോ മൃതാന്തരഃ. ൨൫൫

* 'അന്ത്യാനാമന്ത്യയോനയഃ' (പാഠഭേദം).

Digitized By Kerala Sahitya Akademi

സാക്ഷിക്ക് അരുതാത്തവൻ ധർമ്മശാസ്ത്രവചനത്താൽ നിഷേധിക്കപ്പെട്ടവനും ദോഷയുക്തനായിട്ടുള്ളവനും ഭേദിച്ചു പറയുന്നവനും സ്വയമുക്തനും മൂതാന്തരനും ഇപ്രകാരം അഞ്ചുവിധം.

ശ്രോത്രിയാസ്ഥാപസാ വൃദ്ധാ യേ ച പ്രവ്രജിതാ നരാഃ
അസാക്ഷിണസ്തേ വചനാന്നാത്ര ഹേതുരുദാഹൃതഃ. വ ഫ ന്യ

ശ്രോത്രിയന്മാരും തപസ്സിൽതന്നെ പ്രവർത്തിച്ചിരിക്കുന്നവരും വൃദ്ധന്മാരും സന്ന്യാസികളും ഇവരിരുപേരും സത്യത്തെത്തന്നെ പറയുന്നവരെങ്കിലും സാക്ഷിക്കു കൊള്ളിക്കരുത്. ഇവർ സാക്ഷിക്ക് അരുതെന്നു ധർമ്മശാസ്ത്രമില്ലാതെ ഒരു ഹേതുവുമില്ല.

*സ്തേനാസ്സാഹസികാശ്ചണ്ഡാഃ കിതവാ വഞ്ചകാസ്തഥാ
അസാക്ഷിണസ്തേ ദൃഷ്ടതാപാത്തേഷു സത്യം ന വിദ്യതേ. വ ഫ ഒ

ചോരന്മാരും സാഹസംചെയ്യുന്നവരും ചൂതുകളിക്കുന്നവരും ക്രൂരബുദ്ധിയായുള്ളവരും വഞ്ചകന്മാരും സത്യമില്ലാത്തവരാകകൊണ്ടു സാക്ഷിക്കു കൊള്ളിക്കരുത്.

രാജ്ഞാ പരിഗൃഹീതേഷു സാക്ഷിഷ്വേകാർത്ഥനിശ്ചയേ
വചനം യത്ര ഭിദ്യേത തേ സ്യുർഭേദാന്ന സാക്ഷിണഃ. വ ഫ വൃ

രാജാവ് ഒരു കാര്യനിശ്ചയത്തിനു വരുത്തിയിരിക്കുന്ന സാക്ഷികൾ ഒരു കാര്യത്തിൽ, ഒന്നിച്ചു കൂടിയിരിക്കുന്ന കാര്യത്തിനെ അറിഞ്ഞിരിക്കുന്നവർ ചോദിക്കുമ്പോൾ, ഒരു മൊഴിയായിട്ട് ഒരുത്തൻ പറയുന്നതുപോലെ എല്ലാപേരും പറയണം. അതിൽ വേറേ മൊഴിഭേദം വന്നാൽ അവർ സാക്ഷിക്കരുത്.

സ്വയമുക്തോ ന നിർദ്ദിഷ്ടസ്സ്വയമേവൈത്യ യോ വദേത്
സൂചീതുക്തസ്സ ശാസ്ത്രേഷു ന സ സാക്ഷിത്വമർഹതി. വ ഫ ൻ

വാദിപ്രതിവാദികൾ സാക്ഷിപറവാൻ വിളിക്കാതെയിരിക്കുമ്പോൾ സാക്ഷിപറയാമെന്നു താൻതന്നെ വരുന്നവൻ സൂചിയെന്നും സ്വയമുക്തനെന്നും ശാസ്ത്രങ്ങളിൽ ചൊല്ലപ്പെടുന്നു. മേലെഴുതിയപ്രകാരം താൻതന്നെ വന്നവൻ സാക്ഷിക്ക് അരുത്.

യോർത്ഥശ്രാവയിതവ്യസ്സ്യാത്തസ്മിന്നസതി ചാർത്ഥിനി
കഥഞ്ചിദുപഗന്താ സാക്ഷിത്വമനൃതേ മൂതാന്തരഃ. വ വ ഠ

* 'സ്തേയീ സാഹസികശ്ചണ്ഡഃ' (പാഠഭേദം).

Digitized By Kerala Sahitya Akademi

വാദിയാകട്ടെ പ്രതിവാദിയാകട്ടെ യാവനൊരുത്തനാൽ ഇ
ക്കാര്യത്തിനു നിങ്ങൾ സാക്ഷി എന്നു കേൾപ്പിക്കേണ്ടതു് അക്കാ
ര്യം വാദിയാകട്ടെ പ്രതിവാദിയാകട്ടെ ഇല്ലെങ്കിലും മരിച്ചുപോയ
ങ്കിലും അക്കാര്യം പുത്രാദികൾ ബോധിപ്പിച്ചില്ലെങ്കിൽ ഏതു കാ
ര്യത്തിനു വേണ്ടീട്ടു സാക്ഷിപറയേണ്ടുവെന്നു മൂതാന്തരൻ.

യാജ്ഞവല്ക്യഃ:—

സ്ത്രീബാലവൃദ്ധകിതവമത്തോന്മത്താഭിശസ്തകാഃ
രംഗാവതാരീ പാഷണ്ഡീ കൂടകൃദ്ചികേന്ദ്രിയഃ; ൨൨൧

സ്ത്രീകളും ബാലരും വൃദ്ധരും വഞ്ചകരും മത്തരും ഉത്തന്മ
ത്തരും അപവാദംകൊണ്ടു തള്ളപ്പെട്ടവരും ആട്ടക്കാരും പാഷ
ണ്ഡികളും അസത്യവാദികളും നേത്രസൂക്ഷ്മമില്ലാത്തവരും പെ
വികോക്കാത്തവരും ഇവരൊക്കയും സാക്ഷിക്കരുതു്.

പതിതാപ്താത്ഥസംബന്ധിസഹായരിപുതസ്കരാഃ
സാഹസീ ദുഷ്ടദോഷശ്ച നിഷ്കൃതശ്ചേത്യസാക്ഷിണഃ. ൨൨൨

പതിതന്മാരും വാദിപ്രതിവാദികളെ അനുസരിച്ചു് അവ
രെക്കൊണ്ടു് ഉപജീവനംചെയ്യുവരുന്നവരും അവരുടെ ബന്ധു
ക്കളും വാദിപ്രതിവാദികൾ തക്കിച്ചുവന്നിരിക്കുന്ന ദ്രവ്യത്തിനു
സംബന്ധമുള്ളവരും അവരുടെ സഹായക്കാരും ശത്രുവായിട്ടിരി
ക്കുന്നവരും ചോരന്മാരും സാഹസിയും ഒരിക്കൽ തപ്പുസാക്ഷി
ചൊല്ലീ അതിന്റെ ദോഷം സംഭവിച്ചിരിക്കുന്നവനും കൈ
കൊട്ടി ജാതിയിൽനിന്നു കളഞ്ഞിരിക്കുന്നവനും ഒരു കാര്യത്തിനും
സാക്ഷിപറയാൻ യോഗ്യരല്ലാത്തവർ ആകുന്നു.

നാരദഃ:—

അസാക്ഷിണോ യേ നിർദ്ദിഷ്ടാ മാനസൈകൃതികാദയഃ
കാര്യഗൌരവമാസാദ്യ ഭവേയുസ്തേപി സാക്ഷിണഃ. ൨൨൩

സാക്ഷിക്കു യോഗ്യരായുള്ളവർ ഇല്ലാത്ത വിഷയങ്ങളിൽ
സാക്ഷിക്കു യോഗ്യരല്ലെന്നു പറഞ്ഞതിൽ പ്രതിവാദികളുടെ
മാനസന്മാർ മുതൽപേർ ചിലർ സാക്ഷിപറയാം.

തേഷാമപി ന ബാലസ്ത്രൈണൈകോ ന സ്ത്രീ ന കൂടകൃത്
ന ബാന്ധവോ ന ചാരാതിർബ്രൂയുസ്തേ സാക്ഷ്യമന്യഥാ.

[൨൨൪

Digitized By Kerala Sahitya Akademi

സാക്ഷിക്കു യോഗ്യതയുള്ളവരല്ലെന്നു പറഞ്ഞതിൽ ബാലനും ഏകസാക്ഷിയും സ്ത്രീയും അസത്യവാദിയും ബന്ധുവും ശത്രുവും യോഗ്യസാക്ഷി സംഭവിക്കാത്ത സമയത്തിങ്കലും സാക്ഷിക്കരുത്.

ബാലോ/ജ്ഞാനാദമത്യാ സ്ത്രീ പാപാഭ്യാസാച്ച ക്രൂടകൃത്
വിബ്രൂയുർബാന്ധവാ സ്നേഹാദ്വൈരനിര്യ്യാതനാദരിഃ. ൫൫ ൪
ഏകോ ലുബ്ധസ്യാസാക്ഷിതാത് ബഹ്വ്യശ്ശ്രുച്യോ/പി-ന:
[സ്ത്രീയഃ
സ്ത്രീബുദ്ധേരസ്ഥിരത്വാച്ച ദോഷൈശ്ചാന്യോ/പി യേ വൃതാഃ.
[൫൫൬

ബാലൻ അജ്ഞാനമുള്ളവനാകകൊണ്ടും സ്ത്രീ നിശ്ചയബുദ്ധിയില്ലാത്തവളാകകൊണ്ടും അസത്യവാദി ഒരിക്കൽ തപ്പു സാക്ഷിപറഞ്ഞു ദോഷം സംഭവിച്ചിരിക്കുന്നവനാകകൊണ്ടും ബന്ധുക്കൾ സ്നേഹംകൊണ്ട് അന്യഥാവായിട്ടു പറയുന്നവരാകകൊണ്ടും ലുബ്ധനായിട്ടുള്ള ഏകസാക്ഷി പ്രമാണമല്ലാഴികകൊണ്ടും ഇവരിരുപേരും ഇതല്ലാതെ ദോഷത്തോടു കൂടിയവരും സാക്ഷിക്കു യോഗ്യരല്ലാത്തവർ.

സർവ്വഃ സാക്ഷീ സംഗ്രഹണേ പ്രൗഢപാരുഷ്യസാഹസേ.

പരസ്ത്രീസംസർഗ്ഗം ഏടപെട്ടകാര്യത്തിലും മോഷണക്കാര്യത്തിലും വാക്കിലേററം കൈയേററം ഏടപെട്ടകാര്യത്തിലും പിടിച്ചുപറിക്കമുതലായ സാഹസങ്ങളിലും അസത്യവാദിയെന്നു ഗ്രഹിക്കപ്പെടാത്തവർ ആരെങ്കിലും കാര്യമുണ്ടാകുമ്പോൾ സമീപത്തിലിരുന്നു ഗ്രഹിച്ചവർ സാക്ഷിപറയാം.

വ്യാസഃ:—

സ്തേയേ ച സാഹസേ ചൈവ സംസർഗ്ഗേ ച പരസ്ത്രിയഃ
രാഗാദീനാം പ്രയോഗേ ച ന ദോഷസ്സാക്ഷിഷു സ്മൃതഃ. ൫൫൭

മോഷണത്തിലും സാഹസത്തിലും പരസ്ത്രീസംസർഗ്ഗത്തിലും രാഗദ്വേഷാദികാം കൊണ്ടു പരിഭ്രമിച്ചു നടത്തുന്ന കാര്യത്തിലും സാക്ഷികൾക്കു ദോഷം ഉണ്ടോ ഇല്ലയോ എന്നും ഗുണമുള്ളവരോ എന്നും വിശേഷിച്ചു പരീക്ഷചെയ്യരുതു്. ഏറ്റം ഗുണമില്ലാത്തവരും മേലെഴുതിയ കാര്യങ്ങളിൽ സാക്ഷിപറയാം.

മനുഃ:—

അനുഭാവീ തു യഃ കശ്ചിത് കുര്യ്യാത്സാക്ഷ്യം വിവാദിനാം
അന്തർവേശ്മന്യരണ്യേ വാ ശരീരസ്യൈവ വാ ത്യയേ. ൫൫൮

Digitized By Kerala Sahitya Akademi

ഭവനമദ്ധ്യത്തിങ്കലുണ്ടായ കായ്ത്തിലും വനമദ്ധ്യത്തിലുണ്ടായ കായ്ത്തിലും അപായമെടപെട്ട കായ്ത്തിലും ദോഷമില്ലാതെയിരിക്കുന്നവർ ആരെങ്കിലും സമീപത്തിൽ നിന്ന കായ്വും ഗ്രഹിച്ചവർ സാക്ഷിപറയാം. വിശേഷിച്ചു സാക്ഷികൾക്കു ചൊല്ലിയ ഗുണപരീക്ഷ ചെയ്യരുത്.

യാജ്ഞവല്ക്യഃ:—

ഗുണാദിഷു പരീക്ഷേത സാക്ഷിണഃ സ്ഥിരകർമ്മസു
സാഹസാദ്യയികേ ചൈവ പരീക്ഷാ കുത്രചിൽ സ്മൃതാ.
[൨൨൯

കൊടുക്കൽവാങ്ങൽ ഏടപെട്ട സ്ഥിരകായ്ങ്ങളിൽ സാക്ഷികളെ പരീക്ഷിച്ചു ഗ്രഹിക്കണം. സാഹസം മുതലായതിൽ ഏറ്റവും പരീക്ഷിക്കരുത്.

ബൃഹസ്പതിഃ:—

സാക്ഷിണോഽർത്ഥീ സമുദ്ദിഷ്ടാൻ സൽസു ദോഷേഷു ദൂഷയേൽ
അദുഷ്ടാൻ ദൂഷയൻ വാപി തത്സമം ദണ്ഡമർഹതി. ൨൨൯

ഒരുത്തൻ വാദി കുറിച്ചിരിക്കുന്ന സാക്ഷികൾക്കു സാക്ഷിദോഷങ്ങൾ ഉണ്ടെങ്കിൽ ആയതു വാദകാലത്തിൽ കുറിക്കുമ്പോൾതന്നെ പ്രതിവാദി ആ ദോഷങ്ങളെ ചൊല്ലി ദുഷ്ടസാക്ഷി എന്നു പറയണം. പ്രതിവാദിയാൽ ചൊല്ലപ്പെട്ട ദോഷങ്ങൾ വാദിയുടെ സാക്ഷികൾക്കു കണ്ടില്ലെങ്കിൽ ദോഷമില്ലാത്തവരെ ദുഷിച്ച പ്രതിവാദിയെക്കൊണ്ടു ദുഷ്ടസാക്ഷിക്കു വിധിച്ചിരിക്കുന്ന പ്രായശ്ചിത്തം ചെയ്യിക്കണം.

*സാക്ഷ്യദോഷാശ്ച യേ കേചിത് സാക്ഷിണാമൈവ തേ
[സ്മൃതഃ

വാദകാലേ തു വക്തവ്യാഃ പശ്ചാദ്ദുഷ്കൃതം ദൂഷയേത്.

[൨൨൯

ദുഷ്ടസാക്ഷികൾക്കു ചൊല്ലിയിരിക്കുന്ന ദോഷങ്ങൾ വാദി കുറിച്ചിരിക്കുന്ന സാക്ഷികൾക്കു വല്ലതും ഉണ്ടെങ്കിൽ ആ സാക്ഷികളെ വരുത്തി വിസ്തരിക്കുന്നതിനു മുൻപിൽ വാദി ബോധിപ്പിക്കുമ്പോൾതന്നെ പ്രതിവാദി ആ ദോഷങ്ങളെ ചൊല്ലണം

* 'സാക്ഷിദോഷാശ്ച' (പാഠാന്തരം).

Digitized By Kerala Sahitya Akademi

സാക്ഷികളെ വരുത്തി വാമൊഴികളെ ചോദിച്ചതിന്റെ ശേഷം പിന്നത്തതിൽ സാക്ഷികളെ ദൃഷ്ടിക്കരുത്.

സാക്ഷിദോഷാഃ പ്രയോക്തവ്യാസ്സംസദി പ്രതിവാദിനാ;
പശ്ചാ വിലിഖ്യ താൻ സഭ്യാൻ വാച്യം പ്രത്യുത്തരം തതഃ.

[വ്യ:ര

വാദി കൂറിച്ച സാക്ഷികൾക്കു സാക്ഷിദോഷമുണ്ടെങ്കിൽ പ്രതിവാദി സഭയിൽവെച്ച് ആ ദോഷങ്ങളെ ചൊല്ലി ഇവർ സാക്ഷികളല്ലെന്നു ദൃഷ്ടിക്കണം. പ്രതിവാദി ചൊല്ലുന്ന ദോഷങ്ങളെ ഓലപ്പുറത്തു എഴുതിച്ച് അതത് ഉണ്ടോ ഇല്ലയോ എന്നു പിന്നത്തതിൽ വാദിയോട് ഉത്തരം ചോദിച്ചു വിസ്തരിക്കണം.

പ്രതിപത്തൌ ന സാക്ഷിത്വമർഹന്തി തു കദാചന
അതോ/ന്യഥാഭാവനീയാഃ ക്രിയായാം പ്രതിവാദിനാ.

[വ്യ:ന

പ്രതിവാദി ചൊല്ലിയ സാക്ഷിദോഷങ്ങൾ വാദിക്ക് ഉള്ളതുതന്നെ എന്നു സംവദിച്ചു എങ്കിൽ ആ സാക്ഷികളെ ഗ്രഹിക്കരുത്. വാദി പ്രതിവാദി ചൊല്ലിയ സാക്ഷിദോഷങ്ങളെ അന്നു സരിച്ചില്ലെങ്കിൽ പ്രതിവാദി താൻ ചൊല്ലിയ സാക്ഷിദോഷങ്ങളെ സാധിപ്പിക്കണം.

അഭാവയൻ ഭമം ദാച്യഃ പ്രത്യർത്ഥീ സാക്ഷിണാ സ്വടം
ഭാവിതാസ്സാക്ഷിണസ്സർവേ സാക്ഷിധർമ്മനിരാകൃതാഃ. വ്യ:ര

വാദിയുടെ സാക്ഷികൾക്കു ദോഷമുണ്ടെന്നു ചൊല്ലിയ പ്രതിവാദി ആ ദോഷങ്ങളെ സാധിച്ചില്ലെങ്കിൽ ആ പ്രതിവാദിക്കു പ്രായശ്ചിത്തമുണ്ട്. ദോഷങ്ങളെ സാധിച്ചു എങ്കിൽ അപ്പോൾ വാദി കൂറിച്ചിരിക്കുന്ന ആ സാക്ഷികളെ ഗ്രഹിക്കരുത്.

പ്രത്യർത്ഥിനോ/ർത്ഥിനോ വാപി സാക്ഷിദൂഷണസാധനേ
പ്രസ്തുതാത്പ്രാപയോഗേന വ്യവഹാരാന്തരം ന ച.

[വ്യ:ഭ

ഇങ്ങനെ വാദി എങ്കിലും പ്രതിവാദി എങ്കിലും കൂറിച്ച സാക്ഷികളുടെ ദോഷവിസ്താരങ്ങൾ വാദിപ്രതിവാദികൾ പറഞ്ഞിരിക്കുന്ന കാര്യത്തിനു വേണ്ടുന്നതാകകൊണ്ടും വ്യവഹാരകാലാന്തരമില്ലാത്തതുകൊണ്ടും സാക്ഷിവിസ്താരം തെളിയുന്നതിനു മുൻപിൽ

Digitized By Kerala Sahitya Akademi

വാദിപ്രതിവാദികളുടെ വ്യവഹാരം സിദ്ധിക്കുന്നതല്ലായ്കകൊണ്ടും ഈസാക്ഷിവിസ്താരം പ്രധാനകാര്യവിസ്താരത്തിന്റെ മദ്ധ്യത്തിലാം.

ജിതസ്യ വിനയം ദാപ്യഃശാസ്ത്രദൃഷ്ടേന കർമ്മണാ
യദി വാദ്യീ നിരാകാംക്ഷസ്സാക്ഷ്യ സത്യേ വ്യവസ്ഥിതഃ.
[നാരദൻ

മേലേഴുതിയപ്രകാരം സാക്ഷികളുടെ ദോഷവിസ്താരം ചെയ്യുവരുമ്പോൾ ദോഷങ്ങളെ ചൊല്ലിയവൻ സാധിച്ചില്ലെങ്കിൽ ആയവനെക്കൊണ്ടു വിധിപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം. സാക്ഷികളും സഭ്യന്മാരും പറഞ്ഞതിൽ വാദിക്കു സംശയമുണ്ടെങ്കിൽ ദിവ്യപ്രമാണത്താൽ പരീക്ഷിച്ചു നിശ്ചയിക്കണം.

ഉക്തേഽർത്ഥേ സാക്ഷിണോ യസ്യ ദൂഷയൻ പ്രാഗദൂഷിതാൻ
ന ച തത് കാരണം ബ്രൂയാത് പ്രാപ്നുയാൽ പൂർവ്വസാഹസം.
[നാരദൻ

വാദകാലത്തിൽ മുൻപിൽ തന്നെ സാക്ഷികളെ ദൂഷിക്കാതെ സാക്ഷി പറവാനുള്ളതൊക്കയും പറഞ്ഞതിന്റെ ശേഷം പിന്നത്തതിൽ ദൂഷിച്ചാൽ മുൻപിൽ ദൂഷിക്കാതേയിരുന്നതിനു കാരണത്തെ ചൊല്ലണം. ചൊല്ലിയില്ലെങ്കിൽ ആയവനെക്കൊണ്ടു പൂർവസാഹസം ഇരുന്നൂററൻപതു പണം പ്രായശ്ചിത്തം വാങ്ങിക്കണം.

കാത്യായനഃ—

ന കാലഹരണം കാര്യം രാജ്ഞാ സാക്ഷിപ്രഭാഷണേ
മഹാൻ ദോഷോ ഭവേത് കാലാൽ ധർമ്മവ്യാവൃത്തിലക്ഷ-
ണാത്. [നാരദൻ

ഒരു സന്ദേഹം ക്രൂരാതെയിരിക്കുന്ന സാക്ഷിക്കാരെ വരുത്തി കാലതാമസം വരുത്താതെ വേഗത്തിൽ അവർ പറയുന്ന വാമൊഴി എഴുതിക്കണം. സാക്ഷികുറിച്ചിട്ടു താമസം വരുത്തിയാൽ കാര്യത്തിനു ദോഷം വരുന്നതാകകൊണ്ടു കാലതാമസം വരുത്തിയ രാജാവിനു വലുതായിട്ടുള്ള ദോഷം സംഭവിക്കും.

പൃഥഗ്ദൃഷ്ടാനിയമ്യ ശപഥൈർഭൃശമാഹൂയ സാക്ഷിണഃ
സമസ്താനചിരാതാഹ്വാരാൻ വിജ്ഞാതാർത്ഥാൻ പൃഥക് പൃഥക്
[നാരദൻ.

Digitized By Kerala Sahitya Akademi

കായ്ത്തിനെ ഗ്രഹിച്ചവരായും സാക്ഷികൾക്കു ചൊല്ലിയിരിക്കുന്ന ഗുണങ്ങളോടു കൂടിയവരായും ഇരിക്കുന്ന സാക്ഷിക്കാരെ ഒക്കയും സത്യംചെയ്യിപ്പിച്ച് ഓരോരുത്തരെ വിളിച്ചു ചോദിക്കണം.

മനുഃ:—

ദേവബ്രാഹ്മണസാന്നിദ്ധ്യേ സാക്ഷ്യം പൃച്ഛേദ്ധർമ്മവിജ്ഞാൻ
ഉദങ്മുഖാൻ പ്രാങ്മുഖാൻ വാ പൂർവ്വാഹ്ണേ വൈ ശുചിഃ-
[ശ്ശുചീൻ. ൮൭൦

ദേവബ്രാഹ്മണരുടെ സമീപത്തിൽ വച്ചു വടക്കു മുഖമായിട്ടെങ്കിലും കിഴക്കു മുഖമായിട്ടെങ്കിലും അശുദ്ധമില്ലാതെ ശുദ്ധമായിരിക്കുന്ന സാക്ഷിക്കാരെ നിറുത്തിയും കൊണ്ടു ശുദ്ധനായിട്ടിരിക്കുന്ന പ്രാഡ്വിവാകൻ സാക്ഷിചോദിക്കണം. ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരെങ്കിലും സത്യമായിട്ടു പറയണമെന്നും അസത്യം പറഞ്ഞാൽ അസത്യംകൊണ്ടു നശിക്കുമെന്നും പറഞ്ഞു ബോധിപ്പിച്ചു ചോദിക്കണം.

സഭാന്തസ്സാക്ഷിണസ്സ്വാനർത്ഥിപ്രത്യർത്ഥിസന്നിധൌ
പ്രാഡ്വിവാകോ നിയുഞ്ജീത വിധിനാനേന സാന്ത്വയൻ.
[൮൭൧

സഭാമദ്ധ്യത്തിങ്കൽ വാദിപ്രതിവാദികളെ നിറുത്തി അവരുടെ മുൻപിൽവച്ചു വിധിപ്രകാരം സാക്ഷിക്കാരോടു പ്രാഡ്വിവാകൻ പറഞ്ഞു ബോധിപ്പിച്ചു ചോദിക്കണം.

*യത്ത്വയോരനയോർവ്വിത്തകാര്യേ/സ്മിൻ ചോദിതം മിഥഃ
തത് ബ്രൂത സർവ്വം സത്യേന യുഷ്മാകം ഹ്യത്ര സാക്ഷിതാ.
[൮൭൨

വാദിപ്രതിവാദികളുടെ ദ്രവ്യം എടപ്പെട്ട കായ്ത്തെയും അക്കായ്ത്തിനായി പറഞ്ഞു വച്ചനടത്തിയ്തും ഗ്രഹിച്ചിരിക്കുന്നതും സൂക്ഷ്മമായിട്ടു സത്യം പറയണമെന്നു സാക്ഷിക്കാരോടു ചോദിക്കണം.

സത്യം സാക്ഷ്യേ ബ്രുവൻ സാക്ഷീ ലോകാനാപ്നോതി പുഷ്കലാൻ
ഇഹ ചാനുത്തമാം കീർത്തിം; സുഖീ സ്യാല്ലോകയോർദ്വയോഃ.
[൮൭൩

---

*'അനയോരേവ' എന്നു മാധവാചാര്യർ.

Digitized By Kerala Sahitya Akademi

സാക്ഷിക്കാരെ വരുത്തി ബോധിപ്പിച്ചു ചോദിക്കേണ്ടും പ്രകാരത്തെ ചൊല്ലുന്നു. സാക്ഷി പറയുന്നതിൽ സത്യത്തേത്തന്നെ പറയുന്നവന്ന് ഇഹലോകസൌഖ്യവും വലുതായിട്ടുള്ള കീർത്തിയും വന്നു പരലോകത്തിലും ശാശ്വതമായിട്ടുള്ള സൌഖ്യപ്രാപ്തിയും വരും എന്നു സാക്ഷിക്കാരെ പറഞ്ഞു ബോധിപ്പിച്ചു ചോദിക്കണം.

സാക്ഷ്യമൃതം വദൻ പാശൈർബദ്ധോത്തരോ വരുണൈരേവം
വിവശശ്ശ്രുതമാജാതി സ്സ്മാത സാക്ഷീ വദേദൃതം. ൨൪൪

അസത്യം പറയുന്ന സാക്ഷിക്കാരന് അനേകസംവത്സരം വരുണപാശങ്ങളെക്കൊണ്ടു ബന്ധപ്രാപ്തി വന്നു പിന്നത്തതിൽ എതുയും നികൃഷ്ടമായിട്ടുള്ള കാകൻ കഴുകു സൂകരം മുതലായ ജന്തുക്കളുടെ ജന്മങ്ങളും സംഭവിക്കും. എന്നതുകൊണ്ടു സത്യംപറയണമെന്നു ബോധിപ്പിച്ചു ചോദിക്കണം.

നഗ്നോ മുണ്ഡഃ കപാലേന ഭിക്ഷാർത്ഥീ ക്ഷുത്പിപാസിതഃ
ഭീനശ്ശത്രുഗൃഹം ഗച്ഛേദ്യസ്സാക്ഷ്യമനൃതം വദേത്. ൨൪൫

ഇനിയും അസത്യം പറയുന്ന സാക്ഷിക്കാക്കു വരുന്ന ദോഷത്തെ പറയുന്നു. ഉടുപ്പാൻ വസ്ത്രമില്ലാതെ നഗ്നരൂപനായും എതുയും ദരിദ്രനായിഭവിച്ചു വിശപ്പിനാലും ദാഹത്തിനാലും *പീഡിതനാകകൊണ്ടു ദൈന്യത്തെ പ്രാപിച്ചു കപാലം എടുത്തുകൊണ്ടും ശത്രുവിന്റെ ഗൃഹത്തിൽ ഭിക്ഷയ്ക്കു പോവാൻ സംഗതി വരും.

ബ്രഹ്മഘ്നസ്യ യേ ലോകാ യേ ച സ്ത്രീബാലഘ്നാതിനഃ
മിത്രദ്രുഹഃ കൃതഘ്നസ്യ തേ തേ സ്യുർബ്രുവതോ മൃഷാ.
[൨൪൬

ബ്രഹ്മഹത്തിചെയ്യുന്നവന്നു വരുന്ന ലോകങ്ങളും സ്ത്രീഹത്തിയും ബാലഹത്തിയും ചെയ്യുന്നവന്നു വരുന്ന ദോഷങ്ങളും മിത്രദ്രോഹം ചെയ്യുന്നവന്നും ഉപകാരം ചെയ്തതിനെ മറന്നുപോകുന്നവന്നും പറഞ്ഞിരിക്കുന്ന ദോഷങ്ങളും അസത്യം പറയുന്ന സാക്ഷിക്കഠംക്കു സംഭവിക്കും.

ജന്മപ്രഭൃതി യൽകിഞ്ചിൽ പുണ്യം ഭദ്ര! ത്വയാ കൃതം
തന്മേവ്മാശ്രു നോ ഗച്ഛേദ്യദി ബ്രൂയാസ്ത്വമന്യഥാ. ൨൪൭

* 'പീഡിതനായിക്കൊണ്ടു' (പാഠഭേദം).

Digitized By Kerala Sahitya Akademi

അന്യഥാവായിട്ടു സാക്ഷിപറഞ്ഞാൽ ജനിച്ച നാൾ മുതൽക്കു് അന്നവരെ ചെയ്ത പുണ്യങ്ങളൊക്കയും നശിച്ചുപോമെന്നും ബോധിപ്പിച്ചു സാക്ഷി ചോദിക്കണം.

അവാക്ശിരാസ്തമസ്യന്ധേ കില്ബിഷീ നരകം പതേത്
യഃ പ്രശ്നം വിതഥം ബ്രൂയാത് പൃഷ്ടസ്സൻ ധർമ്മനിശ്ചയേ.
[ഉ ർ വ്യ

ധർമ്മത്തെ അറിവാനായിട്ടു ചോദിക്കുമ്പോൾ അസത്യം പറഞ്ഞുവെങ്കിൽ ആ സാക്ഷിക്കാരന് അന്ധകാരമായിരിക്കുന്ന നരകത്തിൽ തലകീഴായിട്ടു വീണ് അധോഗതിയെ പ്രാപിപ്പാൻ സംഗതിവരും.

പഞ്ച പശൂന്തതേ ഹന്തി ദശ ഹന്തി ഗവാന്തതേ
ശതമശ്വാന്തതേ ഹന്തി സഹസ്രം പുരുഷാന്തതേ. ഉ ർ സ്മൃ

ഹന്തി *ജാതാനജാതാംശ്ച ഹിരണ്യാർത്ഥാന്തതം വദൻ
സപ്തം ഭ്രൂന്തതം ഹന്തി മാസ്മ ഭ്രൂന്തതം വദഃ. ഉ ർ സ്മൃ

ആജം മുതലായ നാലുകാൽ ജാതികൾ എടപെട്ട കാര്യങ്ങളിൽ അസത്യം പറയുന്ന സാക്ഷിക്കാരുടെ ബന്ധുക്കളിൽ അഞ്ചാളുകളും ഗോക്കൾ സംബന്ധിച്ച കാര്യത്തിൽ അസത്യം പറഞ്ഞവരുടെ ബന്ധുക്കളിൽ പത്താളുകളും അശ്വമെടപെട്ട സംഗതികളിൽ അസത്യം പറയുന്ന സാക്ഷിക്കാരുടെ വകയിൽ നൂറ് ആളുകളും ആളടിമ സംഗതിയിൽ അസത്യം പറഞ്ഞവരുടെ വകയിൽ ആയിരം ആളുകളും സ്വർണ്ണം എടപെട്ട കാര്യങ്ങളിൽ അസത്യം പറഞ്ഞവരുടെ വകയിൽ ജനിച്ചിരിക്കുന്നവരും നശിക്കും. ഭൂമിസംബന്ധം എടപെട്ട കാര്യത്തിൽ അസത്യംപറയുന്ന സാക്ഷിക്കാരനു മുൻ പറഞ്ഞുള്ള ബന്ധുക്കളും നിലം, പുരയിടം, കുപ്പാൻവെള്ളി മുതലായ വകകളും നശിക്കും. എന്നതുകൊണ്ട് ഈ സംഗതിയിലൊന്നിലും അസത്യം പറയരുതെന്നു താൽപര്യം,

യഥാ ശ്രുതം യഥാ ദൃഷ്ടം സത്യമേവാഞ്ജസാ വദ.

ചെവികൊണ്ടു കേട്ടതും നേത്രം കൊണ്ടു കണ്ടതും സത്യമായിട്ടു മനസ്സിൽ വ്യാജം കൂടാതെ പറയണമെന്നു സാക്ഷിക്കാരനെ ഗ്രഹിപ്പിച്ചു ചോദിക്കണം.

* 'ജാതാനജാതാംശ്ച' (പാഠഭേദം).

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ:—

ബ്രൂഹീതി ബ്രാഹ്മണം ബ്രൂയാത
സത്യം ബ്രൂഹീതി പാർത്ഥിവം
ഗോബീജകാഞ്ചനൈർവൈശ്യം
ശൂദ്രം സർവൈശ്ച പാതകൈഃ. ൨ ൫൮ ശ്ലോ

ക്ഷത്രിയനെങ്കിൽ വാഹനം മുതലായ സൈന്യങ്ങളും ആയുധങ്ങളും നശിക്കുമെന്നും വൈശ്യനെങ്കിൽ ഗോക്കളും വിത്തുവകകളും സ്വർണ്ണം മുതലായതും നശിക്കുമെന്നും. ശൂദ്രനെങ്കിൽ മുൻപിൽ പറഞ്ഞിട്ടുള്ള ബ്രഹ്മഹത്യ മുതലായ ദോഷങ്ങളും സംഭവിക്കുമെന്നും ഇപ്രകാരം ഒക്കയും ശപഥം ചെയ്യിച്ചു ബോധിപ്പിച്ചു ചോദിക്കണം.

സത്യേന ശാപ്യതേ വിപ്രം ക്ഷത്രിയം വാഹനായുധൈഃ.

സാക്ഷിക്കാരൻ സ്വധർമ്മത്തിൽ ഇരിക്കുന്ന ബ്രാഹ്മണനെങ്കിൽ അന്യഥാവായിട്ടു പറഞ്ഞാൽ സത്യം നശിക്കുമെന്നും ക്ഷത്രിയനെങ്കിൽ വാഹനം മുതലായ സൈന്യങ്ങളും ആയുധങ്ങളും നശിക്കുമെന്നും എന്നതുകൊണ്ടു സത്യമായിട്ടു പറയണമെന്നും ചോദിക്കണം.

ഗോരക്ഷകാൻ വാണിജകാംസ്തഥാ കാരുകുശീലവാൻ
പ്രേഷ്യാൻ വാർദ്ധുഷികാംശ്ചൈവ വിപ്രാൻ ശൂദ്രവദാചരേത്. [൨ ൫൭

കച്ചവടം മുതലായ വൈശ്യവൃത്തിയിൽ തന്നെ രസിച്ചിരിക്കുന്ന ബ്രാഹ്മണരേയും ശില്പവൃത്തികൊണ്ടു ജീവനം ചെയ്യുവരുന്ന ബ്രാഹ്മണരേയും ദാസ്യവൃത്തികൊണ്ടും അധർമ്മമായിട്ടുള്ള പലിശകൊണ്ടും ജീവനം ചെയ്യുവരുന്ന ബ്രാഹ്മണരേയും ശൂദ്രക്കു ചൊല്ലിയിരിക്കുന്ന ദോഷങ്ങളെക്കൊണ്ടു ശപഥം ചെയ്യിച്ചു സാക്ഷിമൊഴി ചോദിക്കണം.

യേചൈവേതാസ്സ്വധർമ്മേഭ്യഃ പരപിണ്ഡോപജീവിനഃ
ദ്വിജതല്പമഭികാംക്ഷന്തേ താംശ്ച ശൂദ്രവദാചരേത്. ൨ ൫൯

ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരെങ്കിലും. സ്വധർമ്മങ്ങളെ വിട്ടു മറെറാരുവനെ സേവിച്ചു അവർ കൊടുക്കുന്നതുകൊണ്ടു ജീവനം ചെയ്യുന്ന ബ്രാഹ്മണനെന്നും ക്ഷത്രിയനെന്നും ഇവർ ഛരിച്ചും

Digitized By Kerala Sahitya Akademi

കൊണ്ടു ജാതിയെ രക്ഷിച്ചുവരുന്നോ ആയവ്രോട്ടും ശൂദ്രരെ പ്പോലെ തന്നെ സത്യം ചെയ്യിച്ചു സാക്ഷിമൊഴി ചോദിക്കണം.

വർണ്ണാനുക്രമപ്രശ്നപ്രമാണേഷ്വപനീയം പൃഥക് പൃഥക്.

മേൽചൊല്ലിയ പ്രകാരം അതതുജാതിക്കു യോഗ്യമായിട്ടുള്ള ശപഥങ്ങളെക്കൊണ്ടു പ്രത്യേകമായിട്ടു സാക്ഷികളെ ശപഥംചെയ്യിച്ചു പരമാർത്ഥത്തെ ചോദിക്കണം.

കാമിനീഷു വിവാഹേഷു ഗവാം ഭക്ഷേ തഥേന്ധനേ
ബ്രാഹ്മണാഭ്യുപപത്തൌ ച ശപഥേ നാസ്തി പാതകം.

[ഫ ഞ ർ

ഗോക്കൾ ഭക്ഷണത്തിനായിട്ടു പ്രവർത്തിച്ചിരിക്കുന്ന കാര്യങ്ങളിലും വിവാഹം എടപെട്ട കാര്യങ്ങളിലും ഇന്ധനം എടപെട്ട കാര്യങ്ങളിലും ബ്രാഹ്മണരുടെ ആപത്തു നിവൃത്തിവരുത്തുന്ന കാര്യങ്ങളിലും സ്ത്രീകളോടുള്ള ക്രീഡാസംഗതികളിലും അസത്യം പറഞ്ഞതുകൊണ്ട് ഏറ്റം ദോഷമില്ല.

സഭാന്തരസ്ഥൈർവക്തവ്യം സാക്ഷ്യം നാന്യത്ര സാക്ഷിഭിഃ
സർവസാക്ഷ്യുഷ്വയം ധർമ്മോ ഹ്യന്യത്ര സ്ഥാവരേഷു ച.

[ഫ ഭ ഭ

കൊടുക്കൽ വാങ്ങൽ എടപെട്ട കാര്യങ്ങളിൽ സാക്ഷിക്കാർ സഭയ്ക്കകത്തുവച്ചുതന്നെ വാമൊഴി ചോദിക്കണം; സഭയ്ക്കു പുറത്തുവച്ചു ചോദിക്കരുത്. ഭൂമി എടപെട്ട കാര്യത്തിൽ തക്കിച്ചു വന്നിരിക്കുന്ന വൃക്ഷങ്ങളുടെ അടുക്കൽവച്ചു സാക്ഷികളോടു ചോദിക്കണം.

വധേ ചൌര്യേ പ്രാണിനാം സാക്ഷ്യം വാദേ ച സ്ത്രീസന്നിധൌ
തദഭാവേ തു ചിഹ്നസ്യ നാന്യത്രൈവ വിവാദയേത്. ഫ ഭ ന

പ്രാണികളുടെ വധം എടപെട്ട കാര്യത്തിൽ മരിച്ചുപോയ ശവത്തിന്റെ അടുക്കൽ സാക്ഷികളെ നിറുത്തിയുംകൊണ്ടു വാമൊഴി ചോദിക്കണം. ശവം കിട്ടിയില്ലെങ്കിൽ ശവത്തിന്റെ കൈകാൽ മുതലായി കിട്ടിയ അംഗങ്ങളുടെ അടുക്കൽ സാക്ഷിയെ നിറുത്തിയുംകൊണ്ടു ചോദിക്കണം. മറൊരുസ്ഥലത്തിൽവച്ചു ചോദിക്കരുതു്.

വിവാഹായോപനയനേഷ്ടം ദക്ഷിണം പാണിമുദ്വഹൻ
ഹിരണ്യഗോശകൃദ്ഭാൻ സമാദായ ഗൃഹം വദേത്. ഫ ഭ ഒ

Digitized By Kerala Sahitya Akademi

സാക്ഷി പറവാനായിട്ടു വന്നിരിക്കുന്നവർ തലയിൽ കെട്ടിയിരിക്കുന്ന തലപ്പാവു മുതലായതും കാലിലിട്ടിരിക്കുന്ന ചെരിപ്പു മുതലായതും അഴിച്ചുവച്ചു വലത്തേകൈക്കെ വെളിയിൽ വലത്തുവശത്തു കാണത്തക്കവണ്ണം വച്ചുംകൊണ്ടും സ്വർണ്ണവും ഗോവിന്റെ ചാണകവും ഭർത്തൃകൈയിൽ വച്ചുംകൊണ്ടും സത്യം പറയണം.

നാപ്പഷ്ടൈർനിയുക്തൈർവാ സമം സത്യം പ്രയത്നതഃ
വക്തവ്യം സാക്ഷിഭിസ്സാക്ഷ്യം വിവാദസ്ഥാനമാഗതൈഃ.

[ഫ ദ്ധ വ്യ

വ്യവഹാരസഭയിൽ വന്നിരിക്കുന്ന സാക്ഷിക്കാരെ പ്രാഡ്വിവാകൻ വിളിച്ചു ചോദിക്കുമ്പോൾ അവർ ഗ്രഹിച്ചിരിക്കുന്നതു സത്യമായിട്ടു പറയണം. വിളിച്ചു ചോദിക്കാതെയിരിക്കുമ്പോൾ സാക്ഷിക്കാരൻ പറയരുതു്. വാദിപ്രതിവാദികൾ സാക്ഷിക്കുകുറിക്കാത്തവർ അക്കാര്യത്തിൽ ഞാനും സാക്ഷിയുണ്ടെന്നു പറയരുതു്. കുറിച്ചിരിക്കുന്ന സാക്ഷികൾ വാമൊഴി ഭേദംക്രൂടാതെ പറയണം.

സ്വഭാവോക്തം വചസ്തൂഷ്ണാം ഗ്രാഹ്യം യദ്ദോഷവർജ്ജിതം;
ഉക്തേ തു സാക്ഷിണോ രാജ്ഞാ ന പൃഷ്ടവ്യാഃ പുനഃ പുനഃ.

[ഫ ദ്ധ ൻ

മേലെഴുതിയപ്രകാരം ശപഥങ്ങളേച്ചെയ്തു സാക്ഷിചോദിക്കുമ്പോൾ അവർ സ്വഭാവംകൊണ്ടു പറയുന്ന ദോഷമില്ലാത്ത വാക്കുകളെ പ്രമാണമായിട്ടു ഗ്രഹിക്കണം. സാക്ഷിക്കാരോടു ക്രൂടെക്കൂടെ ആവർത്തിച്ചു വാമൊഴി ചോദിക്കരുതു്.

സാക്ഷിസഭ്യാവസന്നാനാം നൈവ പൌനർഭവോ വിധിഃ.

മേലെഴുതിയപ്രകാരമുള്ള സാക്ഷികളും സഭ്യന്മാരും ന്യായമായിട്ടു തീർത്ത കാര്യം പിന്നത്തതിൽ ആവർത്തിച്ചു വരികയില്ല.

ഉപസ്ഥിതാൻ പരീക്ഷേത സാക്ഷിണോ നൃപതിസ്സ്വയം
സാക്ഷിഭിർഭാഷിതം വാക്യം സഹ സഭ്യൈഃ പരീക്ഷയേൽ.

[ഫ ന്ന ം

സഭയിൽ വന്നിരിക്കുന്ന സാക്ഷികളേ രാജാവെങ്കിലും പ്രാഡ്വിവാകനെങ്കിലും പരീക്ഷിച്ചു ഗുണദോഷങ്ങളെ അറിഞ്ഞു ഗ്രഹിക്കണം. പിന്നത്തതിൽ അവർ പറയുന്ന വാമൊഴികളും

Digitized By Kerala Sahitya Akademi

സാധുവോ അസാധുവോ എന്ന ന ഭ്രമാരോട്ടക്രുടി പരീക്ഷിച്ചു ഗ്രഹിക്കണം.

ഉപസ്ഥിതാഃ പരീക്ഷ്യാസ്സ്വസ്വരവർണ്ണംഗിതാദ്യിഭിഃ.
സഭയിൽ പറയുന്ന വാക്കുകളുടെ സ്വരങ്ങളെക്കൊണ്ടും ഹ
സ്തപാദങ്ങളുടെ ചേഷ്ടകളെക്കൊണ്ടും പരീക്ഷിച്ച് അവരുടെ ഗു
ണദോഷങ്ങളറിയണം.

പൃഥക് പൃഥഗ്ദണ്ഡനീയാഃ ക്രുടകൃത്സാക്ഷിണോ നരാഃ;
വിവാദാദ്വിഗ്രണം ദണ്ഡം; വിവാന്യോ ബ്രാഹ്മണഃ സ്മൃതഃ.
[ഹന്യ

ഇനി തപ്പുസാക്ഷി പറയുന്നവരുടെ ദണ്ഡത്തെ ചൊല്ലുന്നു. അസത്യം പറയുന്ന സാക്ഷിക്കാരെക്കൊണ്ടു പ്രത്യേകമായിട്ട് അവര വർ അസത്യംപറഞ്ഞ ഹേതുവാൽ അപജയം വന്നതിനു വിധിച്ചി രിക്കുന്ന ദണ്ഡത്തിനു് ഏരട്ടി അവരെക്കൊണ്ടു പ്രായശ്ചിത്തം ചെ യ്യിക്കണം. ഇപ്രകാരമായിട്ടുള്ള വിധി ക്ഷത്രിയവൈശ്യശൂദ്രന്മാർ ആരെങ്കിലും അസത്യം പറഞ്ഞ കാര്യത്തിന്റെ ഗുരുലഘു തപംപോലെ വിചാരിച്ചു ദണ്ഡിപ്പിക്കണം. ബ്രാഹ്മണനെങ്കിൽ വിവാസനദണ്ഡം ചെയ്യണം. നഗ്നവേഷം ധരിപ്പിക്കുന്നതും ഗൃഹഭംഗം ചെയ്യുന്നതും രാജ്യത്തിനു പുറത്തുകളയുന്നതും വിവാ സനദണ്ഡം.

ലോഭാന്മോഹാദ്ഭയാന്മൈത്രാൽ കാമാത് ക്രോധാത്തഥൈവ ച
അജ്ഞാനാദ്ബാലഭാവാച്ച സാക്ഷ്യം വിതഥമുച്യതേ. ഹന്യ

അർത്ഥാഗ്രഹംകൊണ്ടെങ്കിലും ചോദിക്കുന്ന കാര്യം മനസ്സിൽ ഗ്രഹിക്കാത്തതുകൊണ്ടെങ്കിലും സത്യം പറഞ്ഞാൽ അനിഷ്ടം വരുമെന്നുള്ള വാദിപ്രതിവാദികളിൽ ഭയം കൊണ്ടെങ്കിലും സ്നേഹംകൊണ്ടെങ്കിലും സ്ത്രീവിഷയം മുതലായ വസ്തുക്കളുടെ ഇ ച്ഛ കൊണ്ടെങ്കിലും ക്രോധം കൊണ്ടെങ്കിലും, ഉണ്ടായിരിക്കുന്ന കാര്യത്തിന്റെ അന്യഥാഗ്രഹം കൊണ്ടെങ്കിലും, ചെറുപ്പം കൊണ്ടു ബുദ്ധിക്കു സ്ഥിരതയില്ലാത്തതുകൊണ്ടെങ്കിലും പറയുന്ന സാക്ഷി വാമൊഴികൾ ഒക്കയും അസത്യങ്ങളായിട്ടുള്ളതെന്നു ചൊല്ലപ്പെട്ടും.

ലോഭാത്സഹസ്രം ദണ്ഡസ്സ്യാന്മോഹാത് പൂർവ്വം തു സാഹസം
ഭയാദ്ദ്വേ മദ്ധ്യമം ദണ്ഡോ മൈത്രാൽ പൂർവ്വം തു സാഹസം;
[ഹന്യന

Digitized By Kerala Sahitya Akademi

കാമോദ്ഭശഗ്രണം പൂർവ്വം ക്രോധാത്തു ദ്വിഗ്രണം പരം;
അജ്ഞാനാദ്ദ്വേ ശതേ പൂർണ്ണേ ബാലിശ്യാച്ഛതമേവ തു. [പുനർ

ലോഭംകൊണ്ട് അസത്യം പറയുന്നവനോട് ആയിരം പ
ണവും മോഹംകൊണ്ട് അസത്യം പറയുന്ന സാക്ഷിക്കാരനോട്
ഇരുന്നൂററിയൻപത്തു പണവും ഭയം ഹേതുവായിട്ട് അസത്യംപറ
യുന്ന സാക്ഷിക്കാരനോട് ആയിരം പണവും സ്നേഹംകൊണ്ട്
അസത്യം പറയുന്ന സാക്ഷിക്കാരനോട് ഇരുന്നൂററിയൻപത്തു പ
ണവും കാമം ഹേതുവായിട്ട് അസത്യം പറയുന്ന സാക്ഷിക്കാര
നോട്ട രണ്ടായിരത്തിയഞ്ഞൂറു പണവും ക്രോധംകൊണ്ട് അസ
ത്യം പറയുന്ന സാക്ഷിക്കാരനോട്ട മൂവായിരം പണവും അജ്ഞാ
നം ഹേതുവായിട്ട് അസത്യം പറയുന്ന സാക്ഷിക്കാരനോട് ഇരു
ന്നൂറു പണവും ബാലിശതകൊണ്ട് അസത്യം പറയുന്ന സാക്ഷി
ക്കാരനോട്ട നൂറുപണവും ഇപ്രകാരം ഒക്കയും ദോഷങ്ങളുടെ ഗുരു
ലഘുതാ പോലെ പ്രായശ്ചിത്തം വാങ്ങിക്കണം. ഇപ്രകാരം പ്രാ
യശ്ചിത്തം വാങ്ങിപ്പാൻ ഗതിയില്ലെങ്കിൽ അവക്കുള്ള വകയിൽ
ഏതുപണം പ്രായശ്ചിത്തം വാങ്ങിച്ചാൽ അവരുടെ മനസ്സി
ലുള്ള ഗർവ്വാഹങ്കാരങ്ങളുടെ നിവൃത്തിവരുമെന്നാൽ അതുയും അ
വസ്ഥപോലെ പ്രായശ്ചിത്തം വാങ്ങിക്കണമെന്നു താൽപര്യം.
ഇതിനു പ്രമാണം 'ദണ്ഡോ ദമനം; തേനാദ്ദാന്തം ദമയേൽ' എന്നു
ള്ള ഗൌതമമുഷിയുടെ വചനം അനുകൂലം.

*കൌടസാക്ഷ്യം തു കുർവ്വാണാംസ്ത്രീനവണ്ണാൻ ധാർമ്മികോ നൃപഃ
പ്രവാസയേദ്ദണ്ഡയിത്വാ ബ്രാഹ്മണം തു വിവാസയേത്. [പുനർ

ഒരിക്കൽ തപ്പുസാക്ഷിപറഞ്ഞു പിന്നത്തതിലും വന്നു
തപ്പുസാക്ഷി പറഞ്ഞാൽ ക്ഷത്രിയവൈശ്യശൂദ്രന്മാരെങ്കിൽ അ
വരേക്കൊണ്ടു മുൻപു പറഞ്ഞിട്ടുള്ളതിൽ എരട്ടി പ്രായശ്ചി
ത്തവും ചെയ്യിപ്പിച്ചു പ്രവാസനദണ്ഡത്തെയും ചെയ്യിക്കണം.
ഉത്തഭംഗവും ജിഹ്വാച്ഛേദവും വധവും പ്രവാസനദണ്ഡം. ഇ
തിൽ ഒന്നും മുൻപിൽ പറഞ്ഞിട്ടുള്ള ദ്രവ്യദണ്ഡവും കായ്ത്തി
നേറയും തപ്പുസാക്ഷി പറഞ്ഞ ആവൃത്തിസംഖ്യയുടേയും അവ

* 'കൂടസാക്ഷ്യന്തു കുർവ്വാണാൻ ത്രിവർണ്ണാൻ ധാർമ്മികോ നൃപഃ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

സ്ഥപോലെ ചെയ്യിക്കണം. ബ്രാഹ്മണനെങ്കിൽ മുൻപിൽ പ റഞ്ഞിട്ടുള്ള വിവാസനദണ്ഡത്തിൽ ഒന്നും ദ്രവ്യദണ്ഡവും തപ്പു സാക്ഷി പറഞ്ഞ ആവൃത്തിസംഖ്യയുടേ സംഖ്യപോലെ ചെയ്യി ക്കണം.

യസ്യ ദുശ്രുത സപ്താഹാദുക്തവാക്യസ്യ സാക്ഷിണഃ
രോഗോഽഗ്നിർജ്ഞാതിമരണം ദാപ്യോ ദണ്ഡശ്ച തത്സമം.

[ഫന്നന

സാക്ഷിചൊല്ലി ഏഴ ദിവസത്തിനകം ഏതൊരു സാ ക്ഷിക്കു വലുതായിട്ടുള്ള രോഗമെങ്കിലും ഭവനത്തിന് അഗ്നിഭയമെ ങ്കിലും ജ്ഞാതിയിൽ ഒരു മരണമെങ്കിലും ഭവിക്കുന്നോ ആയവനേ ക്കൊണ്ടു വാദിപ്രതിവാദികൾക്കു കൊടുപ്പാനുള്ള ദ്രവ്യത്തേയും കൊടുപ്പിച്ച തപ്പുസാക്ഷിയുടെ ദണ്ഡത്തേയും ചെയ്യിക്കണം.

ന ദദാതി ഹി യസ്സാക്ഷ്യം ജാനന്നപി നരാധമഃ
സ കൂടസാക്ഷിണാം പാപൈസ്തുല്യോ ദണ്ഡേന ചൈവ ഹി.

[ഫന്ദെ

യാതൊരുത്തൻ വാദിപ്രതിവാദികളുടെ കാര്യത്തിനെ അ റിഞ്ഞും കൊണ്ടു സാക്ഷി പറവാനായിട്ടു കുറിച്ചാൽ സാക്ഷിപറ വാൻ വരികയില്ലെന്നു പറഞ്ഞു പാക്കുന്നു; അവനു തപ്പുസാക്ഷി പറഞ്ഞവന്റെ ദോഷങ്ങളും ദണ്ഡവും തുല്യമായിട്ടും സംഭവിക്കും.

സമ്യക്ക്രിയാപരിജ്ഞാനേ ദേയഃ കാലസ്തു സാക്ഷിണാം
സന്ദിശ്യധം തത്ര സാക്ഷ്യന്തു സദ്യഃ സ്പഷ്ടം വിവാദയേത്.

[ഫന്വ

സാക്ഷിപറവാൻ സമ്മതിച്ചു വരാത്ത സാക്ഷിക്കാക്കുനാ ല്പത്തഞ്ചു ദിവസംവരയ്ക്കും അവധി കൊടുക്കണം. അതിന കത്ത് അവർ വന്നു പറയുന്ന വാമൊഴികളെ വിസ്തരിച്ചു ഗ്രഹി ക്കണം.

തുപക്ഷാദബ്രുവൻ സാക്ഷ്യമൂണാദിഷു നരോഽഗഃ
പ്രാപ്നുയാത്തദൂണം സർവ്വം ദശബന്ധഞ്ച സർവ്വതഃ. ഫന്നൻ

മേലെഴുതിയപ്രകാരം നാല്പത്തഞ്ചു ദിവസം അവധികൊ ടുത്താലും അതിനകം വന്നു സാക്ഷിപറഞ്ഞില്ല എങ്കിൽ ഇപ്പ കാരം കായ്വും ഗ്രഹിച്ചുംകൊണ്ടു സാക്ഷിപറയാതേയിരുന്നതിനു നാല്പത്തഞ്ചു ദിവസത്തിനകം രോഗംമുതലായ ദോഷങ്ങളും കണ്ടി

Digitized By Kerala Sahitya Akademi

ല്ലെങ്കിൽ വാദിക്കു കൊടുപ്പാനുള്ള ദ്രവ്യവും അവനെക്കൊണ്ടു കൊടുപ്പിച്ച് ആ ദ്രവ്യത്തിൽ പത്തിലൊന്നു പ്രായശ്ചിത്തം വാങ്ങിക്കണം.

* വണ്ണാനാന്തു വധോ യത്ര തത്ര സാക്ഷ്യനൃതം വദേത്;
തത് പാവനായ നിവ്വാപ്യശ്വരുസ്സാരസപതൈർദ്വിജൈഃ.
[൨൬൦

യാതൊരുകാര്യത്തിൽ സത്യത്തെത്തന്നെ പറഞ്ഞാൽ ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രർ ഈ നാലു ജാതിയിലുള്ളവക്ക് ആരെങ്കിലും ഒരുത്തക്കു വധം സംഭവിക്കുമോ അക്കാര്യത്തിൽ വധം വരാതെയിരിക്കേണ്ടുന്നതിന് അസത്യവും പറയാം. അതുകൊണ്ട് ഏറ്റം ദോഷം വരികയില്ല. കുറെ വരുന്ന ദോഷം ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന കർമ്മം ചെയ്യുന്നതുകൊണ്ടു നിവർത്തിക്കും.

ഉദിത്യുച്ചാ ച വാരുണ്യാ ത്രൃചേനാഗ്നൈവ തേന ച
ക്രുശ്മാണ്ഡൈർവ്വാപി ജുഹുയാദ് ഘൃതമഗ്നൌ യഥാവിധി.
[൨൬൧

ഈ ശ്ലോകത്തിൽ ചൊല്ലിയിരിക്കുന്ന കർമ്മങ്ങളും കൊണ്ടും മുൻപിലത്തെ ശ്ലോകത്തിൽ ചൊല്ലിയിരിക്കുന്ന കർമ്മം കൊണ്ടും വധവിഷയത്തിൽ അസത്യം പറഞ്ഞ ദോഷത്തിനു നിവൃത്തിവരികയും ചെയ്യും. എന്നതുകൊണ്ടു മേലെഴുതിയ അസത്യദോഷപരിഹാരത്തിനു മേലെഴുതിയ ശ്ലോകങ്ങളിലെ കർമ്മങ്ങളെ ചെയ്യണം.

ബഹുതപം പരിഗ്രഹ്ണീയാത് സാക്ഷിദ്വൈധേ നരാധിപഃ;
സമേഷു തു ഗുണോൽകൃഷ്ടാൻ; ഗുണിദ്വൈധേ ദ്വിജോത്തമാൻ.
[൨൬൨

വാദിപ്രതിവാദികൾ രണ്ടുപേരുടെ പക്ഷത്തിലും സമമായിട്ടു വന്നാൽ ഏറ്റം ഗുണവാന്മാരായിരിക്കുന്ന സാക്ഷിക്കാരെ ഗ്രഹിക്കണം. രണ്ടുപക്ഷത്തിലും വന്നിരിക്കുന്നതു ഗുണവാന്മാരെങ്കിൽ ജാതികൊണ്ടു വലിപ്പമുള്ളവരെ ഗ്രഹിക്കണം. സംഖ്യകൊണ്ടും ഗുണങ്ങൾകൊണ്ടും ജാതികൊണ്ടും സമമായിട്ടുള്ളവർ രണ്ടുപക്ഷത്തിലും രണ്ടുവിധമായിട്ടു വന്നാൽ അപ്പോൾ സാക്ഷികളെ വിട്ടു ദിവ്യപ്രമാണത്താൽ കാര്യം നിശ്ചയിക്കണം.

---

* 'വണ്ണിനാം ഉ വധോ യത്ര' (പാഠാന്തരം).

Digitized By Kerala Sahitya Akademi

കാലാകൃതിവയോദ്രവ്യദേശജാതിപ്രമാണതഃ
അന്യൂനം ചേന്നിഗദിതം സിദ്ധം സാദ്ധ്യം വിനിർദ്ദിശേത്.

[വ്യവ

വാദിപ്രതിവാദികൾ പറഞ്ഞ് എഴുതിയിരിക്കുന്ന കാലം ദേശം മുതലായതും ദ്രവ്യം മുതലായതും അവർ പറഞ്ഞവണ്ണം കുറവില്ലാതെ സാക്ഷിക്കാരും പറഞ്ഞു എങ്കിൽ സിദ്ധിക്കും; അല്ലെങ്കിൽ സിദ്ധിക്കയില്ല.

സാദ്ധ്യാത്മാംശേ നിഗദിതേ സാക്ഷിഭിസ്സകലം ഭവേത്
സ്ത്രീസംഗേ സാഹസേ ചൌര്യേ യത്സാദ്ധ്യം പരികല്പ്യതേ.

[വ്യ ൬

പരസ്ത്രീസംഗം എടപെട്ടകായ്ത്തിലും സാഹസത്തിലും മോഷണത്തിലും വാദിപ്രതിവാദികൾ പറഞ്ഞ് എഴുതിയിരിക്കുന്നതിൽ ചിലതു സാക്ഷികൾ സത്യംതന്നെ എന്നു പറഞ്ഞുവെങ്കിലും കായ്ത്തിന്റെ ഏകദേശം ഗ്രഹിച്ചിരിക്കുന്ന സാക്ഷിപ്രമാണത്താലും കായ്ം മുഴുവനും സിദ്ധിക്കും.

യസ്യാഭ്യസ്സാക്ഷിണസ്സത്യാം പ്രതിജ്ഞാം സ ജയീ ഭവേത്
അന്യഥാവാദിനോ യസ്യ ധ്രുവസ്തസ്യ പരാജയഃ. വ്യ ൬൭

യാതൊരുത്തൻ ബോധിപ്പിച്ച കായ്ം സത്യംതന്നെ എന്നു സാക്ഷിക്കാരും പറയുന്നോ ആയവൻ കായ്ത്തിനു ജയമുള്ളവൻ. യാതൊരുത്തൻ ബോധിപ്പിച്ചിരിക്കുന്ന കായ്ത്തിനെ സാക്ഷിക്കാർ അന്യഥാവായിട്ടു പറയുന്നോ ആയവൻ കായ്ത്തിന് അപജയമുള്ളവൻ.

ന്യൂനമപ്യധികം വാർത്ഥം പ്രബ്രൂയുസ്തു സാക്ഷിണഃ
തദാപ്യനുക്തം വിജ്ഞേയമേഷ സാക്ഷ്യവിധിഃ സ്മൃതഃ.

[വ്യ ൬൮

കൊട്ടക്കൽവാങ്ങൽ മുതലായ കായ്ങ്ങളിൽ വാദി എങ്കിലും പ്രതിവാദി എങ്കിലും ബോധിപ്പിച്ചിരിക്കുന്ന കായ്ത്തിനെ കുറച്ചെങ്കിലും കൂട്ടിയെങ്കിലും സാക്ഷിക്കാർ പറഞ്ഞാൽ അതു പറയാത്തതിനു സമമെന്ന് അറിഞ്ഞുകൊള്ളണം. എന്നതുകൊണ്ടു വാദിപ്രതിവാദികൾ ചിലതിനു സാക്ഷിയുണ്ടെന്നു

Digitized By Kerala Sahitya Akademi

പറഞ്ഞാൽ ആയതു ബോധിപ്പിച്ചിരിക്കുന്ന കായ്യത്തിൽ മുഴുവനും പറയുന്ന സാക്ഷികഠം പ്രമാണമില്ലാത്തത് അപ്രമാണം.

ഇതി സാക്ഷിനിരൂപണം.

അഥ ലേഖ്യനിരൂപണം.

* രാജലേഖ്യം സ്ഥാനലേഖ്യം സ്വഹസ്തലിഖിതം തഥാ
ലേഖ്യന്തു ത്രിവിധം പ്രോക്തം ഭിന്നം തദ്ദശധാ പുനഃ. ഉ ഒ ഒ

ലേഖ്യം രാജലേഖ്യമെന്നും സ്ഥാനലേഖ്യമെന്നും സ്വഹസ്തലിഖിതം എന്നും ഇപ്രകാരം മൂന്നുവിധം. ആ ലേഖ്യംതന്നെ പ്രകാരന്തരമായിട്ടു പത്തുവിധം ഉണ്ട്.

ദാനലേഖ്യം ഭാഗലേഖ്യം സീമാലേഖ്യം തഥൈവ ച
ക്രയലേഖ്യം ദാസലേഖ്യമാധിലേഖ്യം തതഃ പരം; ഉ ഒ വ
സംവിദുത്തമലേഖ്യം ച ജയപത്രകമേവ ച
സന്ധിപത്രം തഥൈവൈതത് ക്രിയാഭേദാദനേകധാ. ഉ ഒ ൻ

ദാനലേഖ്യമെന്നും ഭാഗലേഖ്യമെന്നും സീമാലേഖ്യമെന്നും ക്രയലേഖ്യമെന്നും ദാസലേഖ്യമെന്നും ആധിലേഖ്യമെന്നും സംവിത്തിലേഖ്യമെന്നും ഉത്തമലേഖ്യമെന്നും ജയപത്രമെന്നും സന്ധിപത്രമെന്നും ഇപ്രകാരം ലേഖ്യം പത്തുവിധം.

ഭൂമിം ദത്വാ തു യത് കുര്യാല്ലേഖ്യഞ്ചന്ദ്രാർക്കകാലകം
അനാച്ഛേദ്യമനാഹാര്യം ദാനലേഖ്യന്തു തത് സ്മൃതം.
[ഉ വ്യ ഠ

ഭൂമിയെ ദാനംചെയ്തു ചന്ദ്രസൂര്യന്മാരുള്ളതുവരെയും അനുഭവിച്ചുകൊള്ളണമെന്നും ഇതു് ആരുംതന്നെ അഴിക്കയുമപഹരിക്കയും ചെയ്യരുതെന്നും എഴുതിക്കൊടുക്കുന്ന ലേഖ്യത്തിനു ദാനലേഖ്യമെന്നു പേർ.

വിഭാഗപത്രമിത്യേതദ് ഭാഗിനാം നിർണ്ണയേ കൃതേ;
സീമാവിവാദേ നിർണ്ണീതേ സീമാപത്രമിതി സ്മൃതം. ഉ വ്യ ഫ

ദായാദികഠം വസ്തുവക പകുത്തുനിശ്ചയിച്ചു് അവർ തമ്മിൽ എഴുതിക്കൊടുക്കുന്ന പത്രത്തിനു ഭാഗലേഖ്യമെന്നു പേർ. എല്ലുക

---

* 'രാജലേഖ്യം സ്ഥാനകൃതം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

നിശ്ചയംവരുത്തി ഇന്ന എലുകകളിന്നാക്കെന്ന് എഴുതുന്ന പത്രത്തിന സീമാലേഖ്യമെന്ന പേർ.

ഗൃഹക്ഷേത്രാദികം ക്രീത്വാ തുല്യമൂല്യക്രയാനുചിതം
പത്രം കാരയതേ യത്തു ലേഖ്യന്തത് ക്രയമുച്യതേ. വ്യ വ

ഭവനങ്ങളും നിലം പുരയിടം മുതലായതിന പിടിക്കും വില കൊടുത്ത് എഴുതിവാങ്ങിക്കുന്ന പത്രത്തിന ക്രയലേഖ്യമെന്നപേർ.

ആധ്യർത്ഥമാധിലേഖ്യം സ്യാദ്ദാസാർത്ഥം ദാനപത്രകം.

പണയംവച്ച് എഴുതുന്ന ഓലയ്ക്ക് ആധിലേഖ്യമെന്നും ദാസന്മാരെ എഴുതിവയ്ക്കുന്ന ഓലയ്ക്ക ദാസലേഖ്യമെന്നും പേർ.

സമീഹിതാർത്ഥസിദ്ധ്യർത്ഥം ഗ്രാമേ ശ്രേണിഗണാദിഭിഃ
* ശാസ്ത്രാവിരോധധർമ്മാർത്ഥ കൃതം സംവിത്തിപത്രകം.

[വ്യന

ഗ്രാമശ്രേണിഗണാദികളാൽ തങ്ങൾക്കു വേണ്ടുന്ന കാര്യം സിദ്ധിപ്പാനായിക്കൊണ്ടു ശാസ്ത്രവിരോധം കൂടാതെയിരിക്കുന്ന ധർമ്മം നിമിത്തമായിട്ട് എഴുതപ്പെട്ട പത്രത്തിനു സംവിത്തിപത്രമെന്ന പേർ.

ധനം ഗൃഹീത്വാ വൃദ്ധ്യർത്ഥം സ്വയം കുര്യാച്ച കാരയേത്
ഉത്തമപ്രം തത് പ്രോക്തമൃണലേഖ്യം മനീഷിഭിഃ. വ്യ ര

മറെറാരുത്തനോടു വൃദ്ധിക്കായിട്ടു ദ്രവ്യം വാങ്ങിച്ചു താൻതന്നെ എഴുതി കൊടുക്കുന്നതിന് ഉത്തമലേഖ്യമെന്നും മറെറാരുത്തനെക്കൊണ്ട് എഴുതിക്കൊടുക്കുന്നതിന് ഋണലേഖ്യമെന്നും പേർ. ധനികന്റെ സമ്മതം പോലെ സമ്മതിച്ചു പലിശയ്ക്കു കടം വാങ്ങിക്കുന്നവൻ എഴുതിക്കൊടുക്കുന്ന പത്രം ഋണപത്രം.

യഃ കശ്ചിദർത്ഥോ നിഷ്ണാതസ്സ്വരുച്യാ തു പരസ്പരം
ലേഖ്യന്തു സാക്ഷിമത് കുര്യാത്തസ്മിൻ ധനികപൂർവ്വകം. വ്യ ശ

രണ്ടു പേരും നിശ്ചയിച്ച സമ്മതപ്രകാരം എഴുതുന്ന ഋണലേഖ്യത്തിൽ സാക്ഷിയോടുകൂടി കടംകൊടുക്കുന്നവന്റെ പേർ മുൻപിലും വാങ്ങിക്കുന്നവന്റെ പേർ പിന്നിലും വച്ച് എഴുതിക്കണം.

സമാമാസതദർദ്ധാഹന്നാമജാതിസ്വഗോത്രകം
സബ്രഹ്മചാരികാത്മീയപിതൃനാമാദിചിഹ്നിതം. വ്യന

* 'ശാസ്ത്രാവിരോധിധർമ്മാർത്ഥേ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ഋണലേഖ്യം മുതലായതുകളിൽ അതതു ലേഖ്യങ്ങളിൽ വേണ്ടുന്ന ആണ്ടും മാസവും പക്ഷവും തീയതിയും ഗോത്രവും കൊടുക്കുന്നവൻറയും വാങ്ങിക്കുന്നവൻറയും പൂർവ്വന്മാരുടേയും മറവും പേരും വച്ചു എഴുതിക്കണം.

സമാപ്യർത്ഥം ഋണീ നാമ സഹസ്തേന നിവേശയേത്
മതം മേ/മുകപുത്രസ്യ യദത്രോപരിലേഖിതം. ഫ വ ൬

ലേഖ്യത്തിൻെറ വാചകം വച്ചു് എഴുതിത്തീരുമ്പോൾ കടം വാങ്ങിക്കുന്നവൻ തൻെറ കൈകൊണ്ടു് ഈ എഴുതിയിരിക്കുന്നത് ഇന്നാൻെറ മകൻ ഇന്നാനായ എനിക്കു സമ്മതമെന്നു് എഴുതി കൈയൊപ്പു് ഇടണം.

ഉഭയാഭ്യർത്ഥിതേനേദം മയാ ഹ്യമുകസൂനുനാ
ലിഖിതം ഹ്യമുകേനേതി ലേഖകസ്തത്ര തോ ലിഖേത്.
[ഫ വ വ

കടംവാങ്ങിച്ചവൻ കൈയൊപ്പു് ഇട്ടതിൻെറ ശേഷം നടുവെഴുത്തുകാരൻ ഇവർ രണ്ടുപേരുടേയും ചൊല്പടിക്കു് ഇന്നാൻെറ മകൻ ഇന്നാൻ എഴുതിയതെന്നു വാചകംവച്ചു കൈയൊപ്പിടണം.

സാക്ഷിണശ്ച സഹസ്തേന പിതൃനാമാങ്കപൂർവ്വകം
അത്രാഹമമുകസ്സാക്ഷീ ലിഖേയുരിതി തേ സമാഃ. ഫ വ൯

നടുവെഴുത്തുകാരൻ കൈയൊപ്പിട്ടതിൻെറ ശേഷം ഇക്കാര്യത്തിൽ ഞാൻ സാക്ഷി എന്നു സാക്ഷിക്കാർ എരട്ടപ്പേരും വച്ചു കൈയൊപ്പിടണം.

വിനാപി സാക്ഷിഭിർല്ലേഖ്യം സഹസ്തലിഖിതം തു യത്
തത് പ്രമാണം സ്മൃതം ലേഖ്യം ബലോപധികൃതാദൃതേ.
[ഫ൯ ൦

കടം വാങ്ങിക്കുന്നവൻ തൻെറ കൈകൊണ്ടുതന്നെ വാചകം എഴുതിക്കൊടുക്കുന്ന ലേഖ്യം സാക്ഷിയില്ലെങ്കിലും പ്രമാണമായിട്ടു ഭവിക്കും. ബലം കൊണ്ടെങ്കിലും വ്യാജംകൊണ്ടെങ്കിലും ചെയ്യപ്പെട്ടു എങ്കിൽ അതു പ്രമാണമായിട്ടു ഭവിക്കയില്ല.

അലിപിജ്ഞോ ഋണീ യസ്സ്യാത് സ്വമതം ലേഖയേത്തു സഃ
സാക്ഷീ വാ സാക്ഷ്യണാന്യേന സ്വസാക്ഷിസമീപതഃ.
[ഫ൯ ഫ

Digitized By Kerala Sahitya Akademi

കടം വാങ്ങിക്കുന്നവൻ എഴുത്തറിവാൻ വഹിയാത്തവനെങ്കിൽ തന്റെ സമ്മതപ്രകാരത്തിനു മറെറാരുത്തനെക്കൊണ്ട് എഴുതിക്കണം. ഇപ്രകാരം എഴുത്തറിവാൻ വഹിയാത്ത സാക്ഷിക്കാരൻ ശിഷ്ടമുള്ള സാക്ഷിക്കാരുടെ അടുക്കൽവച്ച് എഴുത്തറിഞ്ഞ മറെറാരുസാക്ഷിക്കാരനെക്കൊണ്ടു തന്റെ പേര് എഴുതിക്കണം.

യത്രോപന്യസ്തസാക്ഷ്യുത്ഥസംയുക്തം സോത്തരക്രിയം
സാവധാരണകഞ്ചൈവ മുദ്രിതം രാജമുദ്രയാ ൨൯൨

രാജ്ഞസ്സ്വഹസ്തചിഹ്നം ച വാദിപ്രത്യുത്ഥിസംയുതം
പ്രാഡ്വിവാകാദിഹസ്താങ്കം ജയപത്രകമിഷ്യതേ. ൨൯൩

ജയപത്രമെഴുതേണ്ടും പ്രകാരത്തെ ചൊല്ലുന്നു. വാദിയാൽ ആവലാതിബോധിപ്പിക്കപ്പെട്ട കാര്യവും വാദിപ്രതിവാദികളുടെ ഉത്തരപ്രത്യുത്തരങ്ങളേയും ലിഖിതസാക്ഷ്യാദിപ്രമാണങ്ങളേയും വാദിപ്രതിവാദികളുടെ പേരും വച്ചു ന്യായമിന്നപ്രകാരമെന്നു നിശ്ചയിച്ച് എഴുതി രാജമുദ്രയും രാജാവിന്റെയൊപ്പും പ്രാഡ്വിവാകന്റെയും സഭ്യന്മാരുടേയും കൈയൊപ്പും ഇട്ടിരിക്കുന്ന പത്രത്തിനു ജയപത്രമെന്നു പേർ. ജയപത്രം തീർപ്പ്.

സന്ധൗ കൃതേ തു യല്ലേഖ്യം സന്ധിലേഖ്യമിതി സ്മൃതം.
ദേശാചാരസ്ഥിതിയുതം കരേ ഖ്യമിതി സ്മൃതം;
സമാമാസാദിചീനന്തു പ്രമാണം തദ്ഭവേത് പുനഃ. ൨൯൪

രണ്ടുപേരും സമ്മതിച്ച് എഴുതിവെയ്ക്കുന്ന പത്രത്തിനു സന്ധിപത്രമെന്നും സമ്മതപത്രമെന്നും പേർ. ദേശാചാരാദിസ്ഥിതികളോടുകൂടിയതിനു കരലേഖ്യമെന്നു പേർ. മേലെഴുതിയ കരലേഖ്യം ആണ്ടു മാസം മുതലായ ചില അംഗങ്ങൾ എഴുതുവാൻ വിട്ടുപോയെങ്കിലും സിദ്ധിക്കും.

രാജ്ഞാ സ്വഹസ്തചിഹ്നേന സന്ധിവിഗ്രഹലേഖകൈഃ
ലിഖിതം രാജനാമാങ്കം മുദ്രിതം രാജമുദ്രയാ. ൨൯൫

ഇനി രാജശാസനം എഴുതേണ്ടുന്ന പ്രകാരത്തെ ചൊല്ലുന്നു. രാജാവിന്റെ അടുക്കൽ പതിവായിട്ടു സന്ധി വിഗ്രഹം മുതലായതു് എഴുതിവരുന്ന എഴുത്തുകാരനെക്കൊണ്ടു് എഴുതിച്ചതായും രാജാവിന്റെ കൈയൊപ്പിട്ടു പേരോടും മുദ്രയോടും കൂടിയതായും രാജശാസനം എഴുതണം.

Digitized By Kerala Sahitya Akademi

സമാമാസതദ്ധ്യാഹന്നാമജാത്യാദിചിഹ്നിതം
സ്പഷ്ടവർണ്ണക്രമോപേതമവിലുപ്തക്രമാക്ഷരം
രാജശാസനമേതന്സ്യാദുത്തമം സർവലേഖ്യതഃ. ൨൯൩

*മേച്ചെഴുതിയ പ്രകാരത്താട്ടുകൂടിയതായും അനക്ഷരവും കുത്തും വെട്ടും വരാതേയും എഴുതിയിരിക്കുന്ന ലേഖ്യം രാജശാസനമെന്നു ചൊല്ലപ്പെട്ടും. ഇതു് എല്ലാ ലേഖ്യങ്ങളേക്കാളും വലിയ പ്രമാണമായിട്ടുള്ളതു് ആകുന്നു.

ദേശാചാരാവിരുദ്ധം യദ്ദ്രവ്യകുലാദിവിധിലക്ഷണം
തത് പ്രമാണം സ്മൃതം ലേഖ്യമവിലുപ്തക്രമാക്ഷരം. ൨൯൪

അതതു ദേശാചാരത്തിനു വിരോധം കൂടാതെ മുദ്രാദ്യപ്രകാരം പണവും വാങ്ങിച്ചുംകൊണ്ടു ദ്രവ്യം കൊടുത്തു് എഴുതിവാങ്ങിക്കുന്ന ആധിലേഖ്യവും അക്ഷരപ്പിഴമുതലായ ദോഷം കൂടാതെയിരിക്കുന്ന ലേഖ്യവും ചിരകാലം ചെന്നുവെങ്കിലും പ്രമാണമായിട്ടു ഭവിക്കും.

ദേശാന്തരസ്ഥേ ദുർല്ലേഖ്യേ † ദുഷ്ടേ മുഷ്ടേ ഹൃതേഽപി വാ
ഭിന്നേ ദഗ്ധേഽഥവാ ക്ഷിന്നേ ലേഖ്യമന്യത്തു കാരയേത്.

[൨൯൫

മേലെഴുതിയ ലേഖ്യം ദേശാന്തരത്തിൽ ഇരുന്നുപോയങ്കിലും വാചകപ്പിഴ മുതലായവകൊണ്ടു ദുഷ്ടലേഖ്യമായിട്ടു പോയെങ്കിലും മോഷണം പോയെങ്കിലും പിടിച്ചുപറിച്ചു് അപഹരിച്ചുപോയെങ്കിലും കീറിപ്പോയെങ്കിലും ഒടിഞ്ഞുപോയെങ്കിലും അഗ്നിഭയം വന്നുപോയെങ്കിലും വേറിട്ടൊരു ലേഖ്യം എഴുതിച്ചുകൊള്ളണം.

കാത്യായനഃ:—

സാക്ഷിദോഷാദ് ഭവേദ്ദുഷ്ടം പത്രം വൈ ലേഖകസ്യ വാ
ധനികസ്യോപധാദോഷാത്തഥാ ധാരണകസ്യ ച. ൨൯൬

ലേഖ്യത്തിനു ദോഷം വരുന്ന പ്രകാരത്തിനെ പറയുന്നു. സാക്ഷിദോഷംകൊണ്ടും നടുവെഴുത്തുകാരന്റെ ദോഷംകൊണ്ടും കടം കൊടുത്തവൻ അനുകാലത്തിൽ ചോദിക്കാതെയും പലിശയും മുതലും വാങ്ങിക്കാതെയും ബഹുകാലമായിട്ടു് ഉപേക്ഷിച്ചിരിക്കുന്ന ദോഷംകൊണ്ടും വാങ്ങിച്ചിരിക്കുന്നവന്റെ ദോഷം

* 'മുൻപെഴുതിയ' (പാഠാന്തരം). † 'നഷ്ടേ ദുഷ്ടേ ഹൃതേഽപി വാ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

കൊണ്ടും ലേഖ്യം ദുഷ്ടമായിട്ടു ഭവിക്കും. എന്നതുകൊണ്ടു ലേഖത്തിലുൾപ്പെട്ട മേലെഴുതിയവരൊക്കയും ഗ്രണവാന്മാരായിട്ട് ഇരിക്കണം.

ബൃഹസ്പതിഃ—

മുമൂർഷുശിശുഭീതാത്സ്ത്രീമത്തവ്യസനാതുരൈഃ
നിശോപധിബലാത്കാരകൃതംലേഖ്യം ന സിദ്ധ്യതി. ന ൦ ൦

മരിപ്പാൻ ഭാവിച്ചിരിക്കുന്നവനാലും എട്ടു വയസ്സിനു കീഴ്പ്പെട്ട ശിശുവിനാലും രാജഭയത്തോടു ക്രൂടിയവനാലും രോഗസ്ഥനാലും സ്വാതന്ത്ര്യമില്ലാത്ത സ്ത്രീയാലും ചിത്തഭ്രമംകൊണ്ടിരിക്കുന്നവനാലും ചെയ്യപ്പെട്ട ലേഖ്യവും അർദ്ധരാത്രിയിൽ അകാലത്തിങ്കൽ ചെയ്യപ്പെട്ടതും, ബലാത്ക്കാരത്താൽ ചെയ്യപ്പെട്ടതും, വ്യാജമായിട്ട് ഉണ്ടായ ലേഖ്യവും, ദോഷമുള്ളതാകകൊണ്ട് ആയതു സിദ്ധിക്കയില്ല.

ദൂഷിതോ ഗർഹിതസ്സാക്ഷീ യത്രൈകോ/പി നിവേശിതഃ
ക്രൂടലേഖ്യന്തു തത് പ്രോക്തം ലേഖകോ വാപി തദ്ധിധഃ.

[ന ൦ ഫ

യാതൊരു ലേഖ്യത്തിൽ എഴുതിയിരിക്കുന്ന സാക്ഷികളിൽ ഒരുത്തനെങ്കിലും ദുഷ്ടനായിരുന്നാൽ ആ ലേഖ്യവും ദോഷമുള്ള നടുവെഴുത്തുകാരനേക്കൊണ്ട് എഴുതിച്ച ലേഖ്യവും ദുഷ്ടലേഖ്യമെന്നു ചൊല്ലപ്പെട്ടും.

യദുജ്ജ്വലം ചിരകൃതം മലിനം സ്വല്പകാലികം
ഭഗ്നോൻമൃഷ്ടാക്ഷരയുതം ലേഖ്യം ക്രൂടമുപ്പ്നയാത്.

[ന ൦ ൨

ഏറിയകാലം കഴിഞ്ഞിരിക്കുന്ന ആണ്ടുമാസങ്ങളോടുക്രൂടിയതായും പ്രകാശങ്ങളായിട്ടും പുത്തനായിട്ടും കാണുന്ന അക്ഷരങ്ങളോടുക്രൂടിയതായും കുത്തുവെട്ടോടുക്രൂടിയ അക്ഷരത്തോടുക്രൂടിയതായും ഇരിക്കുന്ന ലേഖ്യവും വ്യാജമായിട്ടു ഭവിക്കും.

ദർപ്പണസ്ഥം യഥാ ബിംബമസംസദ്ധിവ ദൃശ്യതേ
തഥാ ലേഖ്യസ്യ ബിംബാനി കവ്വന്തി കുശലാ ജനാഃ.

[ന ൦ ന

എഴുത്തിലും കൌശലത്തോടുക്രൂടിയിരിക്കുന്ന ചില ആളുകൾ ദർപ്പണത്തിൽ മുഖം സമമായിട്ടു കാണുന്ന പ്രതിബിംബംപോലെ

Digitized By Kerala Sahitya Akademi

മൻപിലുള്ള ലേഖ്യത്തിനു സമമായിട്ടുള്ള വാചകം മുതലായതുവച്ചു പുത്തനായിട്ടു വ്യാജമായിട്ടുള്ള ആധാരങ്ങൾ എഴുതിയുണ്ടാക്കും.

ലേഖ്യമാലേഖ്യവൽ കേചില്ലിഖന്തി കുശലാ ജനാഃ;
തസ്മാന്ന ലേഖ്യസാമർത്ഥ്യാൽസിദ്ധിരൈകാന്തികീ മതാ. നാ ഠ ര

കൈകാൽ മുതലായ അംഗങ്ങളോടുകൂടെ എഴുതുന്ന ചിത്രബിംബങ്ങളെപ്പോലെ ലേഖ്യത്തിനു വേണ്ടുന്ന വാചകം മുതലായതുവച്ചു ചില കുശലന്മാർ വ്യാജമായിട്ടുള്ള ആധാരം ഉണ്ടാക്കും; എന്നതുകൊണ്ടു് ആധാരങ്ങൾ പരീക്ഷിച്ചു ശോധനചെയ്തേ നിശ്ചയിക്കാവൂ. ആധാരം പ്രമാണിച്ചുതന്നെ കാര്യം നിശ്ചയിക്കരുതു്.

സ്ത്രീബാലാത്താൻ ലിപ്യവിജ്ഞാൻ വഞ്ചയന്തി സബാന്ധവാഃ
ലേഖ്യം കൃത്വാ സനാമാങ്കം; ജ്ഞേയം യുക്ത്യാഗമൈസ്തു തത്.
[നാ ഠ ഭ

പരീക്ഷ്യമേതദുഭയം സ്വയം രാജ്ഞാ വിശേഷതഃ
ലേഖ്യാചാരേണ ലിഖിതം സാക്ഷ്യാചാരേണ സാക്ഷിണഃ.
[നാ ഠ ന

എഴുത്തറിവാൻ വഹിയാതെയിരിക്കുന്ന സ്ത്രീകളേയും ബാലന്മാരേയും ആത്തന്മാരേയും അവരുടെ ബന്ധുക്കൾ തന്നെ രണ്ടു പേരുടേയും പേരും വച്ചു ലേഖ്യത്തിനെ ഉണ്ടാക്കി മേലെഴുതിയ സ്ത്രീകൾ മുതൽപേരെക്കൊണ്ടു് അവരെക്കൊണ്ടു് എഴുത്തു് ഇട്ടുവിച്ചു പിന്നത്തെതിലവരെ വഞ്ചിക്കയും ചെയ്യും. എന്നതുകൊണ്ടു സൂക്ഷ്മമായിട്ടുള്ള ഹേതുക്കളേക്കൊണ്ടും ലേഖ്യാചാരങ്ങളേക്കൊണ്ടും സാക്ഷ്യാചാരങ്ങളേക്കൊണ്ടും നല്ലതിൻവണ്ണം പരീക്ഷിച്ചു പ്രമാണിക്കണം.

കാത്യായനഃ:—

ലേഖ്യേ സംശയമാപന്നേ സാക്ഷിലേഖകകർതൃഷു
നഷ്ടേഷു തേഷു തല്ലേഖ്യം കൃതപൂർവ്വാക്ഷരാദിഭിഃ
യഥാലാഭോപപന്നൈസ്തൈർനിർണ്ണയം കാരയേന്നൃപഃ.
[നാ ഠ ഫ

ലേഖ്യങ്ങളിൽ അക്ഷരസന്ദേഹങ്ങളെങ്കിലും കൈയൊപ്പുകളുടെ സംശയമെങ്കിലും മറ്റൊരു ഹേതുകൊണ്ടു സംശയമെങ്കിലും വന്നാൽ സാക്ഷിക്കാരും നടുവെഴുത്തുകാരും ഇവരേക്കൊണ്ടു നിശ്ച

Digitized By Kerala Sahitya Akademi

യിക്കണം. മേലെഴുതിയ ആളുകളും ലേഖ്യം എഴുതിക്കൊട്ടുത്തവനും മരിച്ചുപോയെങ്കിൽ അവർ മുൻപിൽ എഴുതിയിരിക്കുന്ന വേറിട്ടുള്ള ഓലകളെ വരുത്തി അതിലുള്ള അക്ഷരങ്ങളും കൈയൊപ്പും ഒത്തുനോക്കി സംശയം വന്നിരിക്കുന്ന കാര്യം നിശ്ചയിക്കണം.

ദൃഷ്ടേ പത്രേ സ്ഫുടം ദോഷം നോക്തുവാന്നുണ്ടെങ്കോ യദി
തതോ വിംശതിവർഷാണി ക്രാന്തം പത്രം സ്ഥിരം ഭവേത. [നാ. 6 വ

ദൃഷ്ടങ്ങളായിരിക്കുന്ന ലേഖ്യങ്ങളിൽ പ്രതിവാദി ദോഷത്തെ സ്ഫുടമായിട്ടു പറയണം പ്രതിവാദി പറഞ്ഞില്ലെങ്കിൽ വാദി ആ ലേഖ്യം പ്രമാണിച്ചു് ഇരുപതു സംവത്സരം അനുഭവിച്ചുവന്നുഎങ്കിൽ അതു് അനുഭവബലംകൊണ്ടു സ്ഥിരമായിട്ടു ഭവിക്കും.

യാജ്ഞവല്ക്യഃ—

*സന്ദിഗ്ധേ ലേഖ്യശുദ്ധിസ്സ്യാദ്സഹസ്തലിഖിതാദിഭിഃ
യുക്തിപ്രാപ്തിക്രിയാചിഹ്ന†സംബന്ധാഗമഹേതുഭിഃ. നാ. 6 ൽ

കടംവാങ്ങിച്ചവന്റെ ലേഖ്യത്തിൽ സംശയം വന്നുവെങ്കിൽ അവൻ എഴുതിരിക്കുന്ന കൈയൊപ്പുകൊണ്ടും സാക്ഷിക്കാരേക്കൊണ്ടും അക്ഷരസാദൃശ്യം കൊണ്ടും യുക്തികഥം കൊണ്ടും ഹേതുക്കളേക്കൊണ്ടും ദ്രവ്യോത്പത്തിയിൽ കാരണമായിരിക്കുന്ന പ്രതിഗ്രഹക്രിയാദികളേക്കൊണ്ടും ലേഖ്യത്തിനു ശുദ്ധിവരുത്തണം.

ഋണിസഹസ്രസന്ദേഹേ ജീവതോ വാ മൃതസ്യ വാ
തത്സഹസ്രകൃതൈരന്യൈഃ പത്രൈസ്തല്ലേഖ്യനിണ്ണയം. [നാ. 6

ലേഖ്യം എഴുതിക്കൊടുത്തവൻ ഇരിക്കുമ്പോളെങ്കിലും മരിച്ചതിൽപിന്നെ എങ്കിലും ലേഖ്യങ്ങളിൽ കൈയൊപ്പുസംശയം വന്നാൽ അവൻ എഴുതിയിരിക്കുന്ന വേറിട്ടുള്ള ലേഖ്യങ്ങളെ വരുത്തി അതിൽ ഇരിക്കുന്ന കൈയൊപ്പുകളോട് ഒത്തുനോക്കി നിശ്ചയം വരുത്തണം.

മയാ നൈതൽക്കൃതം പത്രം ക്രൂടമന്യേന കാരിതം
അധരീകൃത്യ തത് പത്രമർത്ഥം ദിവ്യേന നിണ്ണയം. നാ. 6

* 'സന്ദിഗ്ധോ ലേഖ്യസിദ്ധിസ്സ്യാൽ' (പാഠാന്തരം). † 'ബന്ധാഗമനഹേതുഭിഃ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ഈ ലേഖ്യം ഞാൻ എഴുതിയതും കൈയൊപ്പ് ഇട്ടതും അല്ലെന്നും മറൊരുത്തൻ വ്യാജമായിട്ട് എഴുതിയുണ്ടാക്കിയതെന്നും വാദി എങ്കിലും പ്രതിവാദി എങ്കിലും പറഞ്ഞാൽ സാക്ഷികളേക്കൊണ്ടും വേറിട്ട് അവൻ എഴുതീട്ടുള്ള ഓലകളേക്കൊണ്ടും ഇതല്ലാതെ പറഞ്ഞിട്ടുള്ള ഹേതുക്കളേക്കൊണ്ടും ഒട്ടുംതന്നെ സംശയനിവൃത്തി വന്നില്ലെങ്കിൽ അപ്പോൾ ആ ഓലകളെ വിട്ട ദിവ്യപ്രമാണത്താൽ നിശ്ചയം വരുത്തണം.

ബൃഹസ്പതിഃ—

കലശ്രേണിഗണാദീനാം യഥാകാലം പ്രദർശിതം
ശ്രാവയേത് സ്മാരയേച്ചൈവ തഥാ സ്യാദ് ബലവത്തരം.

[നാ ഫ 2

ലേഖ്യം എഴുതിയതിന്റെ ശേഷം സമീപത്തിലിരിക്കുന്ന ബന്ധുക്കളോടും വ്യാപാരികളോടും സമൂഹത്തോടും അതതുകാലത്തിൽ കൊടുക്കൽവാങ്ങൽ ഉള്ള അവസ്ഥ ബോധിപ്പിച്ചു കൂടക്കൂടെ കാണിക്കയും കേൾപ്പിക്കയും സ്മരിപ്പിക്കയും ചെയ്യണം. എന്നാൽ ആ ലേഖ്യം ബലവത്തായി ഭവിക്കും.

യദി ലഭ്യം ഭവേത് കിഞ്ചിത് പ്രജ്ഞപ്തിവ് തഥാ ഭവേത്
പ്രമാണമേവ ലിഖിതം മൃതാ യദ്യപി സാക്ഷിണഃ

[നാ ഫ 3

നാരദഃ—

ദൃശ്തിം പ്രതികാരം യച് ശ്രാവിതം സ്മരിതഃ ച യത്
ലേഖ്യം സിദ്ധ്യതി സർവത്ര മൃതേഷ്വപി ച സാക്ഷിഷു.

[നാ ഫ 8

മേലെഴുതിയപ്രകാരം കാണിക്ക എങ്കിലും കേൾപ്പിക്ക എങ്കിലും ചെയ്താൽ ആ ലേഖ്യവും എഴുതിയതിൽപ്പിന്നെ കുറെ എങ്കിലും പരിശപരറി അനുഭവിച്ചു എങ്കിൽ ആ ലേഖ്യവും സാക്ഷികം മരിച്ചുപോയെങ്കിലും ആയതു കാലം ചെന്നുവെങ്കിലും പ്രമാണമായിട്ടു ഭവിക്കും.

ശകുനസ്യ സന്നിധാവത്മാ യസ്യ ലേഖ്യേന ദൃശ്യതേ
വർഷാണി വിംശതിം യാവത്തത് പത്രം ദോഷവർജ്ജിതം.

[നാ ഫ 9

Digitized By Kerala Sahitya Akademi

ശക്തനായിരിക്കുന്ന പ്രതിവാദി സമീപത്തിൽ ഇരിക്കുമ്പോഠം അവൻ എഴുതിക്കൊടുത്തിരിക്കുന്ന് ലേഖ്യംകൊണ്ട് ആ ലേഖ്യത്തിൽ എഴുതിയിരിക്കുന്ന വക ഇരുപതു സംവത്സരം അനുഭവിച്ചുവന്നാൽ പിന്നത്തതിൽ ആ ലേഖ്യം നിർദ്ദോഷമെന്നു ചൊല്ലപ്പെട്ടും.

വാചകൈകയ്യുദി സാമർത്ഥ്യമക്ഷരാണാം നിഹന്യതേ
ക്രിയാണാം സർവ്വനാശസ്ത്വാദനവസ്ഥാ ച ജായതേ. നാരദൻ

ഓലകളെ വായിക്കുന്നവർ വാചകത്തിന്റെ അർത്ഥത്തിനെ അന്യഥാവായിട്ടു കല്പിച്ച് ഓലകഠംക്കു ദോഷങ്ങളെ ഉണ്ടാക്കരുത്. അപ്രകാരമുണ്ടാക്കിയാൽ എല്ലാ ഓലകളിലും ഊഹിച്ച ദോഷത്തിനെ ഉണ്ടാക്കുവാൻ ഇടവരുന്നതാകകൊണ്ടും ഓലകളൊന്നുംതന്നെ സിദ്ധിച്ച് അവസാനം വരികയില്ല എന്നതുകൊണ്ടും വായിക്കുന്നവർ ഊഹിച്ച ദോഷത്തിനെ ഉണ്ടാക്കരുത്.

ലിഖിതം ബലവന്നിത്യം ബലവത്സു പി സാക്ഷിഷു;
ന ജാതു ഹീയതേ ലേഖ്യം സാക്ഷിഭിശ്ചോപധേന വാ. നാരദൻ

ലേഖ്യവും ബലവാന്മാരായിട്ടുള്ള സാക്ഷികളും കൂടിയാൽ ലേഖ്യം തന്നെ സാക്ഷികളേക്കാഠം വലിപ്പമായിട്ടുള്ളത്. എന്നതുകൊണ്ടു സാക്ഷികളാലും സത്യപ്രമാണത്തിനാലും ലേഖ്യത്തിന് അഴിവുവരികയില്ല.

ലേഖ്യേ സതി ച വാദേഷു ന സ്യാദ്ഭിവ്യം ന സാക്ഷിണഃ
തദ്ധ്യുക്തിപ്രതിലേഖ്യേന തദ്വിശിഷ്ടേന വാ പുനഃ.
ലേഖ്യക്രിയാം നിരസ്യേത ന സാക്ഷീ ശപഥൈഃ കഥഞ്ചിൽ.

[നാരദവ്യ

ലേഖ്യമുണ്ടായിരിക്കുന്ന കാര്യത്തിൽ ദിവ്യപ്രമാണവും സാക്ഷികളും സംഭവിക്കയില്ല. മുൻപിൽ എഴുതിയ ലേഖ്യം അഴിച്ച് എഴുതിയ ലേഖ്യംകൊണ്ടും ക്രുദ്ധി എഴുതിച്ച ലേഖ്യംകൊണ്ടും അപ്രമാണമായിട്ടു ഭവിക്കും. നേരേ ഉള്ള ലേഖ്യം സാക്ഷ്യപ്രമാണത്താലും ശപഥപ്രമാണത്താലും അഴികയില്ലെന്നു താൽപര്യം.

ബൃഹസ്പതിഃ:—

ലേഖ്യം ത്രിംശത് സമാതീതമദൃഷ്ടൈശ്രാവിതം തു യത്
ന തത് സിദ്ധിമവാപ്നോതി തിഷ്ഠത്സു പി ച സാക്ഷിഷു.

[നാരദൻ

Digitized By Kerala Sahitya Akademi

ലേഖ്യം എഴുതിയനാൾ മുതല്ക്കു മുപ്പതു സംവത്സരം വരെയും ലേഖ്യത്തിനെ മറെറാരുത്തരെങ്കിലും എഴുതിക്കൊടുത്തവനെങ്കിലും ക്രടക്കുടെ കാണിക്കയും പറഞ്ഞുകേൾപ്പിക്കയും പലിശ പറകയും ഇല്ലെങ്കിൽ മുപ്പതു സംവത്സരത്തിനു മേല്പെട്ട് ആ ലേഖ്യം പ്രമാണമായിട്ടു സാക്ഷികാം ഉണ്ടെങ്കിലും ഭവിക്കയില്ല.

നാരദഃ:—

മൃതാസ്സൃസ്സാക്ഷിണോ യത്ര ധനികണ്ണികലേഖകാഃ
തദ്ധ്യുപാത്ഥം ലിഖിതം ന ചേദാധിഃസ്ഥിരാശ്രയഃ.

[ന. ൨. ൦

കടം കൊടുത്തവനും വാങ്ങിച്ചവനും നടുവെഴുത്തുകാരനും സാക്ഷികളും മരിച്ചുപോയാൽ പിന്നെയുള്ളവക്കു ലേഖ്യത്തിൽ സംശയം വന്നാൽ ആ ലേഖ്യം സിദ്ധിക്കയില്ല. വല്ലതും പണയം വാങ്ങിച്ചിരിക്കുന്നുവെങ്കിലും നിലം പുരയിടം പണയമായിട്ടു അനുഭവിച്ചുവരുന്നുവെങ്കിലും ആ ലേഖ്യം സിദ്ധിക്കയും ചെയ്യും.

ആദാതരി തിരോഭൂതമാവിർഭൂതം മൃതേ സതി
അനാത്തവിത്തം തല്ലേഖ്യം പ്രതിഭൂത്തമഥാപി വാ.

[ന. ൨. ൧

കടംവാങ്ങിച്ചവൻ ജീവിച്ചിരിക്കുമ്പോൾ ക്രടക്കുടെ ചോദിക്കയും കാണിക്കയും ചെയ്തു പ്രകാശിക്കാതെ, വാങ്ങിച്ചവൻ കഴിഞ്ഞുപോയതിന്റെ ശേഷം പിന്നത്തതിൽ ഉള്ളവരോടു ചോദിപ്പാൻ പോയാൽ ആ ലേഖ്യം പണയംകൊടുത്ത് എഴുതിവാങ്ങിച്ചതല്ലെന്നെങ്കിലും വീട്ടുമുറി എന്നെങ്കിലും വരും.

ബൃഹസ്പതിഃ:—

ഉന്മത്തജളഭീതാനാം രാജഭീതപ്രവാസിനാം
അപ്രഗല്ഭാമയാത്താനാം ന ലേഖ്യം ഹാനിമാപ്നുയാത്.

[ന. ൨. ൨

ഭ്രാന്തന്മാരുടേയും മന്ദബുദ്ധികളുടേയും ഭീതന്മാരുടേയും രാജഭയത്തോടുകൂടിയിരിക്കുന്നവരുടേയും ദേശാന്തരം പോയിരിക്കുന്നവരുടേയും ഒരു കാര്യത്തിലും ധൈര്യമില്ലാതെയിരിക്കുന്നവരുടേയും ദീർഘരോഗം പിടിച്ചിരിക്കുന്നവരുടേയും പക്കൽ ഇരിക്കുന്ന

Digitized By Kerala Sahitya Akademi

ലേഖ്യത്തിന്റെ ചില കാലതാമസം വന്നുപോയതുകൊണ്ടും ക്രുടക്കൂടെ ചോദിക്കാതിരുന്നതുകൊണ്ടും ഹാനി വരികയില്ല.

ഇതി ലേഖ്യനിരൂപണം.

അഥ ദ്രവ്യാഗമപ്രകരണം.

ബൃഹസ്പതിഃ:—

ധനമൂലാഃ ക്രിയാസ്സർവ്വാ യതാസ്തത്സാധനേ മതാഃ
വർദ്ധനം രക്ഷണം ഭോഗ ഇതി തസ്യ വിധിക്രമഃ. നാ ൨൯

ലോകത്തിൽ ക്രിയകളൊക്കയും ധനം ഹേതുവായിട്ടുള്ളത് എന്നതുകൊണ്ട് ആ ധനത്തിനെ ഉണ്ടാക്കുവാനായിട്ടു യത്നങ്ങളേ ചെയ്യണം. ഉണ്ടാക്കിയ ധനത്തിനെ വർദ്ധിപ്പിക്കയും രക്ഷിക്കയും അനുഭവിക്കുകയും ഇപ്രകാരം മൂന്നവിധമായിട്ട് അതിനു ഫലം.

തൽപുനസ്ത്രിവിധം ജ്ഞേയം ശുക്ലം ശബളമേവ ച
കൃഷ്ണഞ്ച തത്ര വിജ്ഞേയഃ പ്രഭേദസ്സപ്തധാ പുനഃ. നാ ൨൪

ശുക്ലമെന്നും ശബളമെന്നും കൃഷ്ണമെന്നും ധനം മൂന്നവിധം. ഈ മൂന്നവിധം ധനവും പ്രത്യേകം ഓരോന്നും ഏഴുവിധം.

ശ്രുതശൌര്യതപഃകന്യാശിഷ്യയാജ്യാനയാഗതം
ധനം സപ്തവിധം ശുക്ലമുഭയോ ഹ്യസ്യ തദ്വിധഃ. നാ ൨൫

വേദശാസ്ത്രജ്ഞാനം ഹേതുവായിട്ടും ശൌര്യം ഹേതുവായിട്ടും തപസ്സു ഹേതുവായിട്ടും കന്യക മൂലമായിട്ടും ശിഷ്യൻ ഹേതുവായിട്ടും യാഗാദികർമ്മം ചെയ്യിക്കുന്നതു ഹേതുവായിട്ടും പൂർവന്മാരുടെ പാരമ്പര്യക്രമമായിട്ടും ഉള്ള ഏഴുവിധം ധനവും ശുക്ലധനമെന്നു ചൊല്ലപ്പെട്ടും.

കുസീദകൃഷിവാണിജ്യശുല്കശില്പാനുവൃത്തിഭിഃ
കൃതോപകാരാദ്യാപ്തം ച ശബളം സമുദാഹൃതം. നാ ൨൬

കൊടുക്കൽ വാങ്ങൽ ചെയ്തു പലിശകൊണ്ടുണ്ടാകുന്നതും കൃഷിക്കൊണ്ട് ഉണ്ടാകുന്നതും കച്ചവടംചെയ്ത് ഉണ്ടാകുന്നതും ശുല്കം ഹേതുവായിട്ടുണ്ടാകുന്നതും ശില്പവൃത്തികൊണ്ടുണ്ടാകുന്നതും മറ്റൊരുത്തനെ സേവിച്ചു ഉണ്ടാകുന്നതും പ്രത്യുപകാരം ഹേതുവാ

Digitized By Kerala Sahitya Akademi

യിട്ടുണ്ടാകുന്നതും ഇപ്രകാരമുള്ള ഏഴുവിധം ധനവും ശബളധന മെന്നു പൊല്ലപ്പെട്ടും.

പാശകക്ഷൂതദ്യൂതാത്മപ്രതിരൂപകസാഹസൈഃ
വ്യാജേനോപാർജ്ജിതം യച്ച തത് കൃഷ്ണം സമുദാഹൃതം. നാ ൨ ൬

സാമുദ്രികാലക്ഷണം മുതലായ ഉപായംകൊണ്ട് ഉണ്ടാകുന്നതും ദ്യൂതംകൊണ്ട് ഉണ്ടാകുന്നതും ദേഹബന്ധംകൊണ്ടുണ്ടാകുന്നതും ദൂതകൃത്യംചെയ്തുണ്ടാകുന്നതും വെളിച്ചപ്പാടുകൊണ്ടുണ്ടാകുന്നതും പിടിച്ചുപറിക്ക മുതലായ സാഹസങ്ങൾകൊണ്ടുണ്ടാകുന്നതും വ്യാജംകൊണ്ടുണ്ടാകുന്നതും ഇപ്രകാരമുള്ള ഏഴുവിധം ധനവും കൃഷ്ണമെന്നു പേർ.

തേന ക്രയോ വിക്രയശ്ച ദാനം ഗ്രഹണമേവ ച
വിവിധാശ്ച പ്രയുജ്യന്തേ ക്രിയാസ്സംഭോഗമേവ ച. നാ ൨ ൭

മേലെഴുതിയ ധനത്തിനാൽ വില്ക്കയും വാങ്ങിക്കയും ദാനവും പ്രതിഗ്രഹവും അനേകവിധമായിട്ടുള്ള ക്രിയകളും അനേകപ്രകാരമായിട്ടുള്ള അനുഭവവും ചെയ്യപ്പെട്ടും.

യഥാവിധേന ദ്രവ്യേണ യത് കിഞ്ചിത് കുരുതേ നരഃ
തഥാവിധമവാപ്നോതി തത് ഫലം പ്രേത്യ ചേഹ ച.
[നാ ൨ ൯

ഇരുപത്തേഴു പ്രകാരമായിട്ടുള്ള ധനങ്ങളിൽ യാതൊരു ധനംകൊണ്ടു ലൌകികവൈദികകർമ്മങ്ങളെ ചെയ്യുന്നു; ആ ധനത്തിന്റെ ശുദ്ധിപോലെ മേലെഴുതിയ ക്രിയകൾകൊണ്ട് ഇഹലോകത്തിലും പരലോകത്തിലും സുഖവും ദുഃഖവും ഫലമായിട്ടുഭവിക്കും. ദ്രവ്യശുദ്ധിപോലെ കാര്യസിദ്ധിയും വരും.

തത് പുനർദ്വാദശവിധം പ്രതിവർണ്ണാശ്രയം സ്മൃതം;
സാധാരണം സ്ത്രിവിധം ശേഷം നവവിധം സ്മൃതം.
[നാ ൨ ൦

മേലെഴുതിയ ധനം ഇനിയും പന്ത്രണ്ടുവിധം. അതിൽ മൂന്നുവിധം നാലുജാതികൾക്കും സമമായിട്ടുള്ളത്; ശേഷം ഒൻപതുവിധം വിശേഷമായിട്ടുള്ളത്.

ക്രമാഗതം പ്രീതിദായം പ്രാപ്തഞ്ച സഹ ഭാര്യയാ
അവിശേഷേണ സർവ്വേഷാം വർണ്ണാനാം ത്രിവിധം സ്മൃതം.
[നാ ൨ ൧

Digitized By Kerala Sahitya Akademi

പൂർവന്മാരുടെ പാരമ്പര്യത്താൽ വരുന്നതും സമ്മാനമായിട്ടു വരുന്നതും സ്ത്രീധനമായിട്ടു വരുന്നതും ഈ മൂന്നവിധം ധനവും നാലു ജാതികർക്കും സമമായിട്ടുള്ളതു്.

വൈശേഷികം ധനം ജ്ഞേയം ബ്രാഹ്മണസ്യ ത്രിലക്ഷണം
പ്രതിഗ്രഹണലബ്ധം യദ്യാജ്യം തച്ച ദ്വിഷ്യതസ്തഥാ. നന്ദ

ബ്രാഹ്മണക്കു തന്നെ യോജ്യമായിട്ടുള്ള ധനം മൂന്നവിധം. പ്രതിഗ്രഹിച്ചുണ്ടാക്കുന്നതും യാഗാദിക്രിയകൾ ചെയ്തുണ്ടാക്കുന്നതും വേദശാസ്ത്രങ്ങളെ അദ്ധ്യയനം ചെയ്തിച്ചുണ്ടാക്കുന്നതും ഈ മൂന്നവിധം ധനവും ബ്രാഹ്മണക്കു ധർമ്മ്യമായിട്ടുള്ളതു്.

ത്രിവിധം ക്ഷത്രിയസ്യാപി പ്രാഹുർവൈശേഷികം ധനം
യുദ്ധോപലബ്ധം കരതോ ദണ്ഡാച്ച വ്യവഹാരതഃ.

[നന്ദ

യുദ്ധംചെയ്തുണ്ടാക്കുന്നതും നികുതിദ്രവ്യമെടുക്കുന്നതുകൊണ്ടുണ്ടാക്കുന്നതും വ്യവഹാരത്തിൽ പ്രായശ്ചിത്തം ഹേതുവായിട്ടുണ്ടാക്കുന്നതും ഈ മൂന്നവിധം ധനവും ക്ഷത്രിയക്കുതന്നെ യോഗ്യമായിട്ടുള്ളതു്.

വൈശേഷികം ധനം ജ്ഞേയം വൈശ്യസ്യാപി ത്രിലക്ഷണം
കൃഷിഗോരക്ഷവാണിജ്യം; ശൂദ്രസ്യൈഷാമനുഗ്രഹാൽ.

[നന്ദ

കൃഷികൊണ്ടും ഗോക്കളുടെ പരിപാലനവൃത്തികൊണ്ടും കച്ചവടംകൊണ്ടുമുണ്ടാക്കുന്ന മൂന്നവിധം ധനവും വൈശ്യനുതന്നെ യോഗ്യമായിട്ടുള്ളതു്. ബ്രാഹ്മണക്ഷത്രിയവൈശ്യന്മാക്കു ശുശ്രൂഷകൊണ്ടു പ്രസാദിപ്പിച്ചുണ്ടാക്കിയ ധനം ശൂദ്രനുതന്നെ യോഗ്യമായിട്ടുള്ളതു്.

സർവേഷാമേവ വർണ്ണാനാമേവം ധർമ്മ്യോ ധനാഗമഃ;
വിപര്യയാദധർമ്മസ്തു ച്യാന്ന ചേദാപദ്ഗരീയസീ. നന്ദ

മേലെഴുതിയപ്രകാരം അതതു ജാതിക്കു ചൊല്ലിയ ഹേതുക്കളെക്കൊണ്ടുണ്ടാകുന്ന ധനം അതതു ജാതിക്കു ധർമ്മമായിട്ടുള്ളതു്. ഇതിനെ മറിച്ചുണ്ടാക്കിയാൽ അധർമ്മം സംഭവിക്കും. വലുതായിട്ടുള്ള ആപത്തു വന്നുവെങ്കിൽ മറെറാരുജാതിക്കു ചൊല്ലിയിരിക്കുന്ന ഹേതുവിനാലും ധനമുണ്ടാക്കി ജീവനം ചെയ്യാം.

Digitized By Kerala Sahitya Akademi

ആപണ്ണപനന്തരാ വൃത്തിർബ്രാഹ്മണസ്യ വിധീയതേ
വൈശ്യവൃത്തിശ്ച തസ്യോക്താ *ന ജഘന്യാ കഥഞ്ചന.

[നനന്ന

ബ്രാഹ്മണക്ക് ഒരുസമയത്തിൽ ആപത്തു വന്നുപെങ്കിൽ ക്ഷത്രവൃത്തികൊണ്ടും വൈശ്യവൃത്തികൊണ്ടും ജീവനം ചെയ്യാം. ശൂദ്രവൃത്തികൊണ്ട് ഒരിക്കലും ജീവനം ചെയ്യരുതു്.

കഥഞ്ചന നകുവ്വീത ബ്രാഹ്മണഃ കമ്മ വാഷ്ണം
വൃഷ്ണഃ കമ്മ ന ബ്രാഹ്മം; പതനീയേ ഹി തേ തയോഃ. നനന

ബ്രാഹ്മണൻ ശൂദ്രകമ്മത്തേയും ശൂദ്രൻ ബ്രാഹ്മണകമ്മത്തേയും ഒട്ടുംതന്നെ ചെയ്യരുതു്. മേപ്പെഴുതിയപ്രകാരം ചെയ്താൽ ബ്രാഹ്മണനും ശൂദ്രനും വലുതായിട്ടുള്ള ദോഷം സംഭവിക്കും. ജാതിഹീനത വരികയും ചെയ്യും.

ഉത്കൃഷ്ടം ചാപകൃഷ്ടം ച തയോഃ കമ്മ ന വിദ്യതേ
മദ്ധ്യമേ കമ്മണീ ഹിതാ; സർവ്വസാധാരണേ ഹി തേ.നനവ

ക്ഷത്രിയവൈശ്യകമ്മങ്ങളേക്കാളും ഉൽകൃഷ്ടമായിരിക്കുന്ന ബ്രാഹ്മണകമ്മം ശൂദ്രനും ക്ഷത്രിയവൈശ്യകമ്മങ്ങളേക്കാളും നികൃഷ്ടമായിരിക്കുന്ന ശൂദ്രകമ്മം ബ്രാഹ്മണനും, ആപൽക്കാലങ്ങളിലും ചെയ്യരുതു്. ക്ഷത്രിയവൈശ്യകമ്മമോ എന്നാൽ നാലു ജാതികളും ആപൽക്കാലത്തു മാത്രം ചെയ്വാൻ യോഗ്യമായിട്ടുള്ളതു്.

ആപദ്ഗതം ബ്രാഹ്മണസ്തീർത്വാ ക്ഷത്രവൃത്ത്യാ ഭൃതേ ജനേ
ഉൽസൃജേൽ ക്ഷത്രവൃത്തിം താം കൃത്വാ പാവനമാത്മനഃ.

[നനൻ

ആപത്തുകളുടെ നിവൃത്തിവന്നാൽ ഉടൻതന്നെ ബ്രാഹ്മണൻ ക്ഷത്രിയവൃത്തിയെ അംഗീകരിച്ചതിനു പ്രായശ്ചിത്തംചെയ്തു ശുദ്ധി വരുത്തിക്കൊള്ളണം.

¶ തസ്യാമേവ തു യോ ഭുക്തൈ ബ്രാഹ്മണോ രാജതേ രസാൽ
§ കാണ്ഡപൃഷ്ഠശ്യുതോ മാർഗ്ഗാദങ്കിതോഽയം പ്രകീർത്തിതഃ. ൨൮൦

---

* 'ന ജഘന്യാ കഥഞ്ചന' (പാഠഭേദം). ¶ 'തസ്യാമേവ തു യോ ഭുക്തൈ' (പാഠാന്തരം).

§ "സ്വകുലം പൃഷ്ഠതഃ കൃത്വാ യോ വൈ പരകുലം വ്രജേൽ
തേന ദുഷ്ടേരിതനാസൌ കാണ്ഡപൃഷ്ഠ ഇതി സ്മൃതഃ"

Digitized By Kerala Sahitya Akademi

ആപത്തുകളുടെ നിവൃത്തി വന്നിട്ടും ക്ഷത്രിയവൃത്തിയിൽതന്നെ ബ്രാഹ്മണൻ രസിച്ചിരുന്നാൽ ആ ബ്രാഹ്മണനെ കാണ്ഡപൃഷ്ഠനെന്ന ചൊല്ലപ്പെടും. എന്നതുകൊണ്ടു സ്വജാതികർമ്മത്തിന് അർഹത്കൂടാതെ ഭവിച്ച് ആയുധജീവിയായി ക്ഷത്രിയകർമ്മത്തിന് അർഹനായിട്ടും കളങ്കിതനായിട്ടും ഭവിക്കും.

ഇതി ക്രവ്യാഗമപ്രകരണം.

അഥാനുഭോഗാനുസിദ്ധിഃ.

പിത്ര്യുലബ്ധക്രയാദ്ദാനാരിക്ഥശൌര്യപ്രവേദനാത്
പ്രാപ്തേ സപ്തവിധേ ഭോഗസ്സമാഗ്ദ്സ്സിദ്ധിമാപ്നുയാത്.

[നാരദൻ

പൂർവ്വന്മാരുടെ പാരമ്പര്യമായിട്ടുള്ളതും സമ്മാനമായിട്ടും ഉപനിധിയായിട്ടും കിട്ടിയ വകയും വിലകൊടുത്തു വാങ്ങിച്ചതും പ്രതിഗ്രഹിച്ചതും പകുതിയിൽ കിട്ടിയതും ശൌര്യംകൊണ്ടുണ്ടാക്കിയതും സ്ത്രീധനമായിട്ടു കിട്ടിയതും ഇപ്രകാരം ഏഴു ഹേതുക്കളേക്കൊണ്ടും ഇതല്ലാതെ ന്യായമായിട്ടുള്ള ഹേതുക്കളേക്കൊണ്ടും ചെയ്യുവരുന്ന അനുഭവം സിദ്ധിക്കും. ഒരു ആഗമംക്രടാതെ ചെയ്യുവരുന്ന അനുഭവം സിദ്ധിക്കയില്ലെന്ന താൽപര്യം.

ത്രിഭിരേവ തു യാ ഭുക്താ പുരുഷൈർഭ്രുഥ്വഥാവിധി
ലേഖ്യാഭാവേഽപി താം തത്ര ചതുർത്ഥസ്സമവാപ്നുയാത്.

[നാരദൻ

നിലം പുരയിടം മുതലായ ഭൂമിയെ മുൻപിലുള്ള പൂർവ്വന്മാർ മൂന്നുപേർ ഒരു തടവുക്രടാതെ അനുഭവിച്ചുവന്നാലെന്നാൽ പിന്നത്തതിൽ നാലാമത്തെ പുരുഷനു ലേഖ്യാദിപ്രമാണമില്ലെങ്കിൽ ബഹുനാളായിട്ടുള്ള പൂർവ്വന്മാരുടെ അനുഭവബലത്താൽ തന്നെ ആ ഭൂമി സിദ്ധിക്കും. ബഹുനാളായിട്ട് ഒരു തടവുക്രടാതെ ചെയ്യുവരുന്ന അനുഭവം ക്രയപരിഗ്രഹം മുതലായ ആഗമം ക്രടാതെ സംഭവിക്കയില്ലെന്നും മുൻപിൽ ആഗമം ഉണ്ടായിരിക്കുമെന്നും എല്ലാപേക്കും ദൃഢമായിട്ടു നിശ്ചയം വരുന്നതാകകൊണ്ട് ഇപ്രകാരമുള്ള അനുഭവംതന്നെ ക്രയപ്രതിഗ്രഹാദിഹേതുനിശ്ചയത്തെയും ജനിപ്പിക്കും. ലേഖ്യാദികം ഇല്ലെങ്കിലും സ്വതന്ത്രമായിട്ട

Digitized By Kerala Sahitya Akademi

തന്നെ മേലെഴുതിയ ത്രിപുരുഷാനുഭവം കഴിഞ്ഞാൽ പിന്നത്തതിൽ ഒട്ടംതന്നെ ദോഷം പറയരുതെന്നും മേലെഴുതിയവനുതന്നെ സിദ്ധിക്കുമെന്നും താൽപര്യം.

വ്യാസഃ:—

യദ്വിനാഗമമത്യന്തം ഭുക്തം പൂർവൈസ്ത്രിഭിർഭവേത്
ന തച്ച ഭുക്ത്യമപാകർത്തും ക്രമാത്ത്രിപുരുഷാഗതം. നാ ർ നാ

മൂന്നു തലമുറയായിട്ടു മറെറാരുത്തൻ തടവുക്രൂടാതെ അനുഭവിച്ചുവരുന്ന വക ആഗമാദിപ്രമാണമില്ലെങ്കിലും നാലാമത്തവനു സിദ്ധിക്കയും ചെയ്യും. മറെറാരുത്തനാൽ വ്യവഹാരം പറഞ്ഞാൽ അപഹരിച്ചുക്രൂടാ.

ആദ്യാതുഃ കാരണം ദാനം മദ്ധ്യേ ഭുക്തിസ്ത്രി സാഗമാ
അന്തതോ ഭുക്തിരേവൈകാ സന്തതാ യാ ചിരന്തനീ. നാ ർ ർ

മുപ്പത്തഞ്ചു സംവത്സരംവരയും ദാനക്രിയാദിലേഖ്യം തന്നെ പ്രമാണമായിട്ടു ഭവിക്കും. മുപ്പത്തഞ്ചു സംവത്സരത്തിനുമേൽ എഴുപതു സംവത്സരംവരയും ആഗമത്തോടുക്രൂടിയ അനുഭവം പ്രമാണം. ആഗമംതന്നെ പോരാ. എഴുപതിനുമേൽ നൂറഞ്ചു സംവത്സരം അനുഭവം കഴിഞ്ഞാൽ പിന്നത്തതിൽ ആഗമാദിലേഖ്യംക്രൂടാതെ അനുഭവംതന്നെ പ്രമാണമായിട്ടു ഭവിക്കും. ഇപ്രകാരമുള്ള നൂറഞ്ചു സംവത്സരത്തെ അനുഭവംതന്നെ ത്രിപുരുഷാനുഭവം എന്നു ചൊല്ലപ്പെടുന്നു.

കാത്യായനഃ:—

പഞ്ചത്രിംശച്ച വർഷാണി പൌരുഷോ ഭോഗ ഉച്യതേ
* വിംശദുഷ്ടാഗതാ ഭ്രൂമേർഭുക്തിസ്ത്രിധാ പൌരുഷീ സ്മൃതാ;
ത്രിപൌരുഷീ തത്ത്രിഗുണാ തസ്മാന്നാനേഷ്വ് ആഗമഃ.

[നാ ർ ൪

മുപ്പത്തഞ്ചു സംവത്സരം മറെറാരുവൻ വിരോധംക്രൂടാതെ ചെയ്തുവരുന്ന അനുഭവം ഒരു പുരുഷാനുഭവം. എഴുപതു സംവത്സരം ചെയ്തുവരുന്ന അനുഭവം രണ്ടു പുരുഷാനുഭവം. നൂറഞ്ചു സംവത്സരം ചെയ്തുവരുന്ന അനുഭവം ത്രിപുരുഷാനുഭവം. ഇപ്രകാരമല്ലാതെ മൂന്നു പുരുഷന്മാക്കു ക്രമമായിട്ടുള്ള അനുഭവം ത്രിപുരുഷാനുഭവം എന്നായാൽ ഒരു സംവത്സരത്തിൽതന്നെ മുൻപിലൊരു പുരുഷൻ ചില മാസം അനുഭവിച്ചു മരിക്കയും പിന്നത്തതിൽ

* "വിംശദുഷ്ടാഗതാ" എന്നതിനു നാരദസ്മൃതി പദ്യം നോക്കുക.

Digitized By Kerala Sahitya Akademi

അപ്രകാരംതന്നെ രണ്ടു പുരുഷന്മാരും ചില മാസം അനുഭവിച്ചു മരിക്കയും ചെയ്താൽ ഒരു സംവത്സരത്തിൽതന്നെ ത്രിപുരുഷാനുഭവം വരുന്നതാകകൊണ്ട് ആയതു ലേഖ്യാദിക്രടാതെ സ്വതന്ത്രമായിട്ടുള്ള അനുഭവം എന്നും അനുഭവിച്ചവന് അവകാശമുണ്ടെന്നും പറവാൻ ഇടവരും. ആയതു സംഗതിയല്ലാഴിക്കൊണ്ടും ചില ധർമ്മശാസ്ത്രവചനത്തിനു വിരുദ്ധമായിട്ടുള്ളതാകകൊണ്ടും മേലെഴുതിയപ്രകാരം ആറരണ്ടു സംവത്സരമുള്ള അനുഭവമത്രേ ത്രിപുരുഷാനുഭവം എന്നു പറയണം.

വർഷാണി വിംശതിം ഭുക്ത്വാ സ്വാമിനാ വ്യാഹതാ സതീ
ഭുക്തിസ്സ്യാ പൌരുഷീ ഭ്രമേർദ്ധദ്വിഗുണാ ച ദ്വിപൌരുഷീ
ത്രിപൌരുഷീ തത്ത്രിഗുണാ തന്മാന്നാനേഷ്യ ആഗമഃ.

[നാരദൻ

ഇരുപതു സംവത്സരം ഉള്ള് അനുഭവം ഒരു പുരുഷാനുഭവം. നാല്പതു സംവത്സരമുള്ള അനുഭവം രണ്ടുപുരുഷാനുഭവം. അറുപതുസംവത്സരം കഴിഞ്ഞാൽ പിന്നത്തതിൽ ലേഖ്യാദിപ്രമാണങ്ങളുടെ അപേക്ഷ ഇല്ലെന്നു താൽപര്യം. ഇപ്രകാരം ചില മഹർഷികൾ പറഞ്ഞിരിക്കുന്നതു ധർമ്മശാസ്ത്രത്തിനു വിരുദ്ധമായിട്ടുള്ളതാകകൊണ്ടു രണ്ടാമത്തെ പക്ഷമത്രെ അറുപതു സംവത്സരം ഒരുത്തൻ തടവുകൂടാതെ അനുഭവിച്ചാൽ ആയതും പ്രമാണമായിട്ടു ഭവിക്കുമെന്നും താൽപര്യം.

കാത്യായനഃ:—

മുഖ്യാ പൈതാമഹീ ഭുക്തിഃ പൈതൃകീ വാപി സമ്മതാ
വയോവേതൈരവിച്ഛിന്നാ സ്ഥിരാ ഷഷ്ട്യബ്ദികീ മതാ.

[നാരദൻ

അച്ഛന്റെ അച്ഛൻ ഇരിക്കുമ്പോൾ അനുഭവിച്ചുവന്നാൽ ആയനുഭവം മുഖ്യമായിട്ടുള്ളതു്. അച്ഛന്റെ കാലത്തുള്ള അനുഭവം പ്രമാണം. വയോവൃദ്ധന്മാരുടെ കാലം തുടങ്ങിതടവുകൂടാതെ അറുപതു സംവത്സരം കഴിഞ്ഞാൽ ആയനുഭവം സ്ഥിരമായിട്ടുള്ള പ്രമാണമെന്നു ചൊല്ലപ്പെട്ടും.

വ്യാസഃ:—

സാഗമോ ദീർഘകാലശ്ച നിശ്ചിതോ നിരനന്തരഃ
പ്രത്യർത്ഥിസന്നിധാനശ്ച പഞ്ചാംഗോ ഭോഗ ഇഷ്യതേ.നാ ൪ വ്യ

Digitized By Kerala Sahitya Akademi

ദാനക്രിയ മുതലായ ആഗമത്തോടുകൂടിയതായും ബഹുകാലം ചെന്നതായും മറൊരു വിരോധമില്ലാതെയും അനുഭവവിച്ഛിത്തി ക്കൂടാതേയും ശങ്കനായിട്ടുള്ള പ്രതിവാദിയുടെ സമീപത്തിൽ ചെയ്തുവരുന്ന അനുഭവമത്രെ പ്രമാണമായിട്ടുള്ളത്. അതിൽ ഏതെങ്കിലും ഒന്നിനു കുറവുവന്നാൽ ആയനുഭവം നല്ല പ്രമാണമായിട്ടു ഭവിക്കയില്ല.

യത്രൈകശാസനേ ഗ്രാമക്ഷേത്രാരാമാശ്ച ലേഖിതാഃ
ഏകദേശോപഭോഗേന *സർവേ ഭുക്താ വ്ദന്തി തേ. നാ ർ ൻ

ഒരു ലേഖ്യത്തിൽതന്നെ നിലം പുരയിടം മുതലായ അനേകവകകളെ വിലയായിട്ടെങ്കിലും മറൊരുവിധത്തിലെങ്കിലും എഴുതിയിരുന്നാൽ അതിൽ ഒന്നിന് അനുഭവം ഉണ്ടെങ്കിലും ആ ഓലയിൽ എഴുതിയിരിക്കുന്ന വകകളൊക്കയും അനുഭവിച്ചതിനു സമമായിട്ടു ഭവിച്ച് എല്ലാവകകളും ആയനുഭവബലത്താൽ സിദ്ധിക്കയും ചെയ്യും.

നാരദഃ:—

ലിഖിതം ബലവന്നിത്യം ജീവന്തസ്തേപവ സാക്ഷിണഃ
കാലാതിഹരണാത് ഭുക്തിരിതി ശാസ്ത്രേഷു നിശ്ചയഃ. നാ ൦

ലേഖ്യത്തിന് എന്നും ബലമുണ്ട്. സാക്ഷികൾ ജീവിച്ചിരിക്കുന്നിടത്തോളം ബലവത്തായിട്ടുള്ള പ്രമാണം. കാലം ചെന്നാൽ ഭുക്തിക്കു ബലമുണ്ടെന്നു ശാസ്ത്രങ്ങളുടെ നിശ്ചയം.

ഭുക്തിസ്തു ദ്വിവിധാ പ്രോക്താ സാഗമാ നാഗമാ തഥാ
ത്രിപൌരുഷീ യാ സപ്രത്യാ ഭവേദന്യാ തു സാഗമാ.

[നാ ഭാ

അനുഭവം രണ്ടുവിധം. ആഗമമുള്ളതും ഇല്ലാത്തതും. അതിൽ ത്രിപുരുഷാനുഭവം ആഗമം ഇല്ലെങ്കിലും പ്രമാണമായിട്ടു ഭവിക്കും. അതിനു കീഴുള്ള അനുഭവം ആഗമം ഉണ്ടെങ്കിൽ പ്രമാണം.

കാത്യായനഃ:—

നോപഭോഗബലം കാര്യമാഹർത്താ തൽസുതേന വാ
പശ്ചാത്സ്ത്രീപുരുഷാദീനാമിതി ധർമ്മോ വ്യവസ്ഥിതഃ. നാ ഭ ൨

* 'സർവേ ഭുക്താ ഭവേന്തി തേ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ഒരുത്തന്റെ വക പശു ആളടിമദാസ്യപ്രവൃത്തി എടുത്തു വരുന്ന സ്ത്രീപുരുഷന്മാർ മുതലായവരെ മറ്റൊരുത്തൻ ബലാൽകാരം കൊണ്ട് അപഹരിച്ചനുഭവിച്ചെങ്കിലും അവൻ കഴിഞ്ഞു പോയാറെ അവന്റെ പുത്രൻ അനുഭവിച്ചു എങ്കിലും ആയനുഭവം തന്നെ ബലവത്തായിട്ടു ഭവിക്കയില്ല.

ആഗമേന വിശുദ്ധേന ഭോഗോ യാതി പ്രമാണതാം;
അവിശുദ്ധാഗമോ ഭോഗഃ പ്രാമാണ്യം നൈവ ഗച്ഛതി.

[നാ ഒ ൩൨

'ന്നൂറഞ്ചു സംവത്സരത്തിന് എങ്കിലും അറുപതു സംവത്സരത്തിന് എങ്കിലും കീഴുള്ള അനുഭവം ആഗമശുദ്ധിയില്ലാതെയിരുന്നുവെങ്കിൽ ആയതു പ്രമാണമാകയില്ല. ആഗമശുദ്ധിയോടുകൂടിയതെങ്കിൽ പ്രമാണമായിട്ടു ഭവിക്കും.

നാരദഃ:—

അനാഗമന്തു യോ ഭുങ്ക്തേ ബഹൂന്വബ്ദശതാന്യപി
ചോരദണ്ഡേന തം പാപം ദണ്ഡയേൽ പൃഥിവീപതിഃ.

[നാ ഒ ൪

ഒരുത്തന്റെ പക്കൽ സൂക്ഷിപ്പാൻ കൊടുത്തിരിക്കുന്ന ദ്രവ്യവും, ഒരുത്തനു കൊടുക്കുന്നതിനു മറൊരുത്തൻ കൊടുത്തയച്ച ദ്രവ്യവും, കൊടുക്കാതെ താൻ തന്നെ ഒളുക്കിയാൽ ആയതും, എരവൽ വാങ്ങിച്ച വകയും പിടിച്ചു പറിച്ച വകയും, രാജബലം കൊണ്ടു അപഹരിച്ചു അനുഭവിച്ചു വരുന്നവകയും, ഈ വകകളുതുയും ഒരു പ്രമാണത്തോടുകൂടിയതല്ലെന്നു പരബോധം വന്നിരിക്കുന്നതാകകൊണ്ടു മേലെഴുതിയ പ്രകാരമുള്ള വക എത്ര സംവത്സരം അനുഭവിച്ചു എങ്കിലും ആയനുഭവം ബലത്താൽ സിദ്ധിക്കയില്ല. ഇപ്രകാരമനുഭവിച്ചു വരുന്നവൻ ചോരനു സമനാകകൊണ്ടു ചോരദണ്ഡത്താൽ ദണ്ഡിപ്പിക്കയും വേണം.

വിദ്യമാനേഽപി ലിഖിതേ ജീവത്സ്വപി ഹി സാക്ഷിഷു
വിശേഷതഃ സ്ഥാവരാണാം യന്ന ഭുക്തന്ന തൽ സ്ഥിരം.

[നാ ൪ ൪

നിലം പുരയിടം മുതലായ വകകൾക്കു ലേഖ്യവും ജീവിച്ചിരിക്കുന്ന സാക്ഷികളും ഉണ്ടെങ്കിലും ഒട്ടും തന്നെ അനുഭവം ഇല്ലെങ്കിൽ ആ ലേഖ്യവും സാക്ഷിപ്രമാണങ്ങളും ബലവത്തുകളായിട്ടു ഭവിക്കയില്ല.

Digitized By Kerala Sahitya Akademi

ഭുജ്യമാനാൻ പരൈരത്മാൻ യസ്തു മോഹാദുപേക്ഷതേ
സമക്ഷം ജീവതോഽന്യസ്യ തദ് ഭുക്തിഃ കുരുതേ വശേ. നാ ര ന്യ

തന്റെ വക നിലം പുരയിടങ്ങളെ താൻ ശക്തനായിട്ടു സമീപത്തിൽ ജീവിച്ചിരിക്കുമ്പോൾ മറെറാരുത്തൻ അനുഭവിക്കുന്നതു കണ്ടുംകൊണ്ടു വിരോധിക്കാതെ താനുപേക്ഷിച്ചുംകൊണ്ടിരുന്നാൽ അനുഭവിക്കുന്നവന് അവകാശത്തെ ഉണ്ടാക്കിയുംവച്ചു തനിക്കു കുറവു വരുത്തുകയുംചെയ്യും. എന്നതുകൊണ്ട് ഉപേക്ഷിച്ചിരിക്കരുത്.

പ്രത്യക്ഷപരിഭോഗാത്തു സ്വാമിനോ ദ്രവിദശാസ്ത്രമാഃ
ആധ്യാദീന്യപി ജീയ്യേയുഃ സ്ത്രീനരേന്ദ്രധനാദൃതേ. നാ ര ന്യ

തന്റെ വക നിലം പുരയിടം മുതലായ ഭൂമിയെ ശക്തനായിരിക്കുന്ന തന്റെ സമീപത്തിൽ വച്ചു മറെറാരുത്തൻ ഒരു ഹേതുവില്ലാതെ അനുഭവിച്ചു വരുമ്പോൾ ആയതറിഞ്ഞുംകൊണ്ട് ഉപേക്ഷിച്ചിരിക്കരുത്. മറെറാരുത്തൻതന്നെ ഇരുപതു സംവത്സരം അനുഭവിച്ചു കഴിഞ്ഞാൽ പിന്നത്തതിൽ വഴക്കിനു പോയാൽ ഉപേക്ഷാദോഷംകൊണ്ടു മേലെഴുതിയ നിലംപുരയിടങ്ങളിൽ ഉണ്ടായ ഫലത്തിനു ഹാനിവന്നു കുറവുവരികയും ചെയ്യും. തന്റെ ദ്രവ്യത്തിനേക്കൊട്ടുത്തു നിലംപുരയിടങ്ങളെ ഒറിയായിട്ട് എഴുതിവാങ്ങിയുംകൊണ്ടു താൻ അനുഭവിക്കാതെ ഒറിവച്ചവൻ തന്നെ അനുഭവിച്ച് ഇരുപതു സംവത്സരം കഴിഞ്ഞാൽ ഒറിവച്ചവൻ അനുഭവിച്ച നാളേക്കുള്ള ഫലത്തിനു ഹാനിയും വന്നു താൻ എഴുതിവാങ്ങിച്ചതിനു കുറവു വരികയും ചെയ്യും. സ്ത്രീകളുടെ വകയായിട്ടുള്ളതും രാജാവിന്റെ വകയായിട്ടുള്ളതും മറെറാരുത്തൻ അനുഭവിച്ചുവരുമ്പോൾ സമീപത്തിലിരുന്ന് അറിഞ്ഞവർ തന്നെ എങ്കിലും സ്ത്രീകൾ ബലാൽകാരം കൊണ്ട് അനുഭവിക്കുന്നവനെ വിരോധിപ്പാൻ ശക്തിയുള്ളവരല്ലാഴികകൊണ്ടും രാജാവ് അനേകകാര്യങ്ങളിൽ വിചാരമുള്ളവനാകകൊണ്ട് ഇതിൽത്തന്നെ ചിന്തവരാതെ ഇതിന് ഉപേക്ഷവരുന്നതാകകൊണ്ടും മേലെഴുതിയവരുടെ വക മറെറാരുത്തൻ അനുഭവിച്ചു എങ്കിലും അതിനു കുറവു വരികയില്ല. പണയം ഒറി മുതലായതിൽ ഒറിതന്നെ എന്നു വച്ച് ഉപേക്ഷിപ്പാൻ കാരണം സംഭവിക്കുന്നതാകകൊണ്ടും ഒറിമുതലായതിൽ ഏററം ഫല

Digitized By Kerala Sahitya Akademi

ഹാനി വരികയില്ലെന്നും ഉപേക്ഷിച്ചാൽ വ്യവഹാരത്തിനു കുറവു വരുമെന്നും അപിശബ്ദത്തിന്റെ താൽപര്യം.

പശ്യതോ/ബ്രുവതോ ഭൂമഹ്നാനിർവിംശതിവാർഷികീ
പരേണ ഭുജ്യമാനായാ; ധനസ്യ ദശവാർഷികീ. നാ ൭ വ

തന്റെ വക നിലം പുരയിടങ്ങളെ മറ്റൊരുത്തൻ അനുഭവിക്കുന്നത് അറിഞ്ഞുംകൊണ്ട് ഉപേക്ഷിച്ചിരുന്നാൽ മേലെഴുതിയ പ്രകാരമുള്ള ഫലഹാനിയും ധനത്തിനു പത്തു സംവത്സരം കഴിഞ്ഞാൽ ഉഭയംപക്ഷിശ മുതലായതിനു ഹാനിയും വന്നു പ്രതിവാദിയോടു വ്യവഹാരം പറയുമ്പോൾ ഞാൻ വാദിയുടെ വക നിലംപുരയിടത്തിനേ ഒരുവിരോധം കൂടാതെ ഇരുപതു സംവത്സരം അന്യായമായിട്ടതന്നെ അനുഭവിച്ചുവന്നു എങ്കിൽ വാദി സമത്ഥനായിട്ടു സമീപത്തിൽ ഇരുന്നുംകൊണ്ടു കൂടക്കൂടെ വിരോധിക്കാതേയും ഒരു സ്ഥലത്തിൽ ആവലാതി ബോധിപ്പിക്കാതേയും ഇരുന്നത് എന്തു കാരണമെന്നു ചോദിക്കുമ്പോൾ വാദിക്കു മടക്കം വരികയും ചെയ്യും.

ആധിശ്ചോപനിധിശ്ചോഭൌ ന കാലാത്യയമർഹതഃ
അപഹാര്യൌ ഭവേതാം തു ദീർഘകാലമവസ്ഥിതൌ. നാ ൭൯

പണയം വച്ചതും സൂക്ഷിപ്പാൻ കൊടുത്തതും ഉടനെ ചോദിച്ചു വാങ്ങിക്കാതെ കാലതാമസം വരുത്തി ഉപേക്ഷിച്ചിരിക്കരുത്. ഉപേക്ഷിച്ചിരുന്നാൽ വ്യവഹാരത്തിന് ഇടവരികയും ചെയ്യും.

ബൃഹസ്പതിഃ:—

പശ്യന്നന്യസ്യ ദത്തഃ ക്ഷിതിം യോ ന നിവാരയേൽ
സ്വാമീ സതാപി ലേഖ്യേന ന സ താം ലബ്ധുമർഹതി.

[നാന്യ ൦

നിലം പുരയിടം മുതലായ ഭൂമിയെ അപഹരിച്ച് അന്യവൻ മറ്റൊരുത്തനു ദാനമായെങ്കിലും വിലയ്ക്കെങ്കിലും കൊടുക്കുമ്പോൾ താൻ വിരോധിക്കാതെ ഉപേക്ഷിച്ചിരുന്നാൽ തന്റെ പക്കൽ സമ്മക്കായിരിക്കുന്ന ലേഖ്യമുണ്ടെങ്കിലും സിദ്ധിക്കയില്ല.

ഭൂമേരഭുക്തിർലേഖ്യസ്യ യഥാകാലമദർശനം
സാക്ഷ്യഭാവസ്മരണം ചൈവ സ്വാത്മഹാനികരാണി തു.

[നാന്യ ഫ

Digitized By Kerala Sahitya Akademi

ഭ്രമിയെ അനുഭവിക്കാതേയും ലേഖ്യത്തിനെ അതതുകാല ത്തിൽ കാണിക്കയും ചോദിക്കയും ചെയ്യാതേയും സാക്ഷിക്കളെ ഉ ടനുടൻ ഓമ്മചെയ്യിക്കാതെയും ഇരുന്നാൽ കുറവുവരും. എന്ന തുകൊണ്ടു ഭ്രമി അനുഭവിക്കയും ലേഖ്യത്തിനെ കാണിക്കയും ചോ ദിക്കയും സാക്ഷികളെ ഓമ്മപ്പെടുത്തുകയും ചെയ്യണം.

ഇത്യനുഭോഗാനുസിദ്ധിഃ.

അഥാന്യഭോഗാപവാദഃ.

ബൃഹസ്പതിഃ—

ഭുക്തിസ്ത്രിപൌരുഷീ സിദ്ധ്യൈ വരൈഷാ നാത്ര സംശയഃ;
അനുവൃത്തേ സപിണ്ഡത്വേ സകുല്യാനാം ന സിദ്ധ്യതി.

[ന്യൂനം;

നിലം പുരയിടം മുതലായ ഭ്രമിക്കു മുൻപിൽ ചൊല്ലിയ പ്ര കാരത്തിലുള്ള ത്രിപുരുഷാനുഭവം കഴിഞ്ഞാൽ പിന്നെയുള്ള നാ ലാമത്തവൻ മുതൽപേക്ക് അനുഭവബലംകൊണ്ടു ലേഖ്യാദിപ്ര മാണങ്ങളില്ലെങ്കിലും ആ ഭ്രമി സിദ്ധിക്കയും ചെയ്യും. അതി നൊട്ടും സംശയമില്ല. അടുത്ത ദായാദിക്കാരൻ ഇരിക്കുമ്പോൾ ഒന്നു രണ്ടു തലമുറയായിട്ടുള്ളവക്കു സിദ്ധിക്കയുമില്ല.

സനാഭിഭിർബാന്ധവൈശ്ച ഭുക്തം യത്സപ്തജന്മനൈസ്ഥിരാ
ഭോഗാത്തത്ര ന സിദ്ധിസ്സ്യാദ് ഭോഗമന്യേഷു കല്പയേൽ.

[ന്യൂനം

സനാഭിജനങ്ങളും ബന്ധുജനങ്ങളും ബഹുനാളായിട്ട് അനുഭ വിച്ചുവന്നു എങ്കിലും ആ അനുഭവബലംകൊണ്ടുതന്നെ അവക്ക് ആവക സിദ്ധിക്കയുമില്ല. അന്യന്മാർ ബഹുകാലമായിട്ട് അനുഭ വിച്ചുവന്നു എങ്കിൽ ആ അനുഭവംകൊണ്ട് അന്യന്മാക്കു സിദ്ധിക്ക യും ചെയ്യും.

യാജ്ഞവല്ക്യഃ—

ആധിസീമോപനിക്ഷേപപ്രജ്ഞബാലധനൈർവിനാ
തഥോപനിധിരാജസ്ത്രീശ്രോത്രിയാണാം ധനൈരപി. [ന്യൂനം

പണയംവച്ച വകയും ഏല്പകയും സൂക്ഷിപ്പാനായിട്ടു കൊ ടുത്തിരിക്കുന്ന നിക്ഷേപവും കായ്വുബോധമില്ലാതെയിരിക്കുന്ന

Digitized By Kerala Sahitya Akademi

വന്റെറ വകയും ഉപനിധിയായിട്ടുള്ളതും ബാലന്മാരുടേയും രാജാവിന്റെറയും സ്ത്രീകളുടേയും ശ്രോത്രിയന്മാരുടേയും വകയും ഒരു ഹേതുക്രൂടാതെ മറെറാരുത്തൻ അനുഭവിച്ചുവന്നു എങ്കിലും ആയവുന്ന് അനുഭവബലം സിദ്ധിക്കയില്ല.

അശക്തരാജ്ഞസരോഗാത്ബാലഭീതപ്രവാസിനാം
ശാസനാത്പ്രഥമന്യേന ഭുക്തം ഭുക്ത്യാ ന ഹീയതേ. നാ൹ ൭

തന്റെറ വകയെ മറെറാരുത്തൻ ഒരു കാരണംക്രൂടാതെ അനുഭവിക്കുമ്പോഠം ആയതു വിരോധിച്ചു നിറുത്തുവാൻ ശക്തിയില്ലാതെയിരുന്നവന്റെറയും രോഗിയുടേയും ബാലന്റെറയും രാജഭീതന്റെറയും ദേശാന്തരം പോയിരിക്കുന്നവന്റെറയും രാജശാസനത്തിൽ ഉൾപ്പെട്ടവക മറെറാരുത്തൻ അനുഭവിച്ചു എങ്കിലും മേലെഴുതിയവക്കു കുറവുവരികയും അനുഭവിച്ചവന കായ്മസിദ്ധിവരികയും ഇല്ല.

സന്പ്രീത്യാ ഭുജ്യമാനാനി ന നശ്യന്തി കദാചന
ധേനരുഷ്ട്രോ വാഹന്നശോ യശ്ച ദമ്യഃ പ്രയുജ്യതേ. നാ൹ ൮

എരവചായിട്ടു വാങ്ങിയിരിക്കുന്ന ആഭരണം മുതലായതു മറെറാരുത്തൻ സ്നേഹംകൊണ്ടു ബഹുനാളായിട്ട് അനുഭവിച്ചുവന്നു എങ്കിലും ഉടയവന കുറവു വരികയില്ല. പാലുള്ള പശുവും ഒട്ടകവും കാളയും കുതിരയും അനുഭവബലംകൊണ്ട് അന്യന്മാക്കു സിദ്ധിക്കയില്ല.

ഇത്യന്യഭോഗാപവാദഃ.

അഥ വിച്ഛിന്നഭോഗനിണ്ണയഃ.

ഛിന്നഭോഗെ ഗൃഹക്ഷേത്രേ സന്ദിശ്ഠം യത്തു ജായതേ
ലേഖ്യേന ഭോഗവിദ്ഭിർവാ സാക്ഷിഭിസ്തദ്വിഭാവയേൽ.
[നാ൹ ൯

നിലം പുരയിടം മുതലായ വകകളെ അനുഭവിച്ചു വരുമ്പോഠം ഒരു കാരണത്തിങ്കൽ അനുഭവം വിട്ടുപോയാൽ പിന്നത്തതിൽ വ്യവഹാരമുണ്ടായി സംശയം വന്നാൽ ലേഖ്യപ്രമാണംകൊണ്ടെങ്കിലും മുൻപിലുള്ള അനുഭവത്തെ അറിഞ്ഞിരിക്കുന്ന സാക്ഷികളേക്കൊണ്ടെങ്കിലും നിശ്ചയം വരുത്തണം.

Digitized By Kerala Sahitya Akademi

*നാമ മാസാഗ്മം സംഖ്യാം ദിഗ്ഭാഗം കാലമേവ ച
ഭോഗച്ഛേദനിമിത്തം ച യേ വിദുസ്തത്ര സാക്ഷിണഃ.

[നാരദവ്യ

ആപ്തഷ്ടാസ്തേ തു യദ്ബ്രൂയുസ്സന്ദേഹേ സമദൃഷ്ടയഃ
തത് പ്രാമാണ്യാത്തു കർത്തവ്യമേവം ധർമ്മോ ന ഹീയതേ.

[നാരദൻ

മേലെഴുതിയപ്രകാരം അനുഭവം വിട്ടുപോയിരിക്കുന്ന സ്ഥലത്തിൽ ക്ഷേത്രം മുതലായതിന്റെ പേരും മാസവും സംഖ്യ മുതലായതും അനുഭവം വിട്ടുപോവാനുള്ള കാരണത്തെയും അറിഞ്ഞിരിക്കുന്ന സാക്ഷിക്കാർ പ്രമാണമാകകൊണ്ട് ആ സാക്ഷിക്കാർ സമദൃഷ്ടികളായിട്ടു പറയുന്നതു പ്രമാണിച്ചു കായ്യനിശ്ചയം വരുത്തണം. ഇപ്രകാരമുള്ള സാക്ഷികളോടു ചോദിച്ചു കായ്യം നിശ്ചയിച്ചാൽ ധർമ്മത്തിനു കുറവു വരികയില്ല.

ഇതി വിച്ഛിന്നഭോഗനിർണ്ണയഃ.

അഥ കോശപാനാദിവിധിഃ.

അസാക്ഷികേ ചിരകൃതേ പൂർവ്വോത്തരസാക്ഷിണാം
ശപഥാൻ വാ പ്രയുഞ്ജീത യുക്തിലേശമഥാപി വാ. നാ ൬ ൭

കാലംചെന്നുപോയ കായ്യത്തിനു സാക്ഷികൾ ദേശാന്തരത്തിലെങ്കിലും മരിച്ചെങ്കിലും പോയാൽ ആ സാക്ഷികൾ മുൻപിൽ പറഞ്ഞതു കേട്ടറിഞ്ഞിരിക്കുന്ന സാക്ഷിക്കാരോടു ചോദിച്ചു കായ്യത്തെ ഗ്രഹിക്കണം. അതിൽ നിശ്ചയം വന്നില്ലെങ്കിൽ സത്യപ്രമാണത്തിലെങ്കിലും യുക്തിലേശംകൊണ്ടെങ്കിലും കായ്യത്തിനെ നിശ്ചയിക്കണം.

നാരദഃ:—

പ്രമാദാല്ലോനിനോ യത്ര ന ലേഖ്യം ന ച സാക്ഷിണഃ
അർത്ഥാംശ്ച മനുതേ വാള്ഥതത്രോക്തസ്ത്രീവിധോ വിധിഃ.

[നാ ൬ ൭

കൂടംകൊടുത്തവന്റെ പക്കലുള്ള ആധാരം പ്രമാദംകൊണ്ടു തിരികേച്ചോദ്യം വന്നുപോയാൽ സാക്ഷികളും ഇല്ലാതെപോയാൽ

---

* 'നാമമാസാളികം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

പ്രതിവാദി ദ്രവ്യം വാങ്ങിച്ചിട്ടില്ലെന്നു പറഞ്ഞാൽ അപ്പോൾ ഏതുവിധത്തിൽ കായ്പം നിശ്ചയിക്കേണ്ടു എന്നാൽ അപ്പോൾ മൂന്നു വിധത്തിലുള്ള ഉപായങ്ങളേക്കൊണ്ടു കായ്പനിശ്ചയം വരുത്തണം.

ചോദനാ പ്രതികാലഞ്ച യുക്തിലേശസ്തഥൈവ ച
തൃതീയശ്ചോപചാരഃ പ്രോക്തസ്തൈർണം സാധയേൽ ക്രമാൽ.

[നാരദൻ

കൈയിലിരിക്കുന്ന ആധാരങ്ങൾ കൈച്ചോപ്പ് വന്നുപോയാൽ നാലഞ്ചു തടസ്ഥന്മാരു കൂടിയിരുന്ന സ്ഥലത്തിൽവച്ചു തരുവാനുള്ള ദ്രവ്യത്തെ തരണമെന്ന് അതതുകാലത്തു കൂടക്കൂടെ ചോദിക്കുന്നത് ഒന്നാമത്തെ ഉപായം. ഇന്ന ദേശത്ത് ഇന്ന സമയത്ത് ഇന്ന കായ്പത്തിനായിട്ടു ദ്രവ്യം വാങ്ങിച്ചു എന്നുള്ള യുക്തികളേക്കൊണ്ടു ചൊല്ലുന്നതു രണ്ടാമത്തെ ഉപായം. മൂന്നാമത്തതു സത്യപ്രമാണം. ഇപ്രകാരം ക്രമമായിട്ടു കായ്പം നിശ്ചയിക്കണം.

അഭീക്ഷ്ണം ചോദ്യമാനോ യഃ പ്രതിഹന്യാന്ന തദ്വചഃ
ത്രിചതുഃപഞ്ചകൃത്വോ വാ പരതോർത്ഥം സ ദാപ്യതേ.

[നാരദൻ

ദ്രവ്യം വാങ്ങിച്ചവനോടു കൂടക്കൂടെ നാലഞ്ചു പ്രാവശ്യം ചെയ്യപ്പെട്ട ചോദ്യത്തിനെ പ്രതിവാദി ഉത്തരംപറഞ്ഞു മടക്കാതെ പാത്തു എങ്കിൽ പിന്നത്തതിൽ ആ പ്രതിവാദിയെക്കൊണ്ടു വാദി ഉടക്കിയതിൻവണ്ണം ഉള്ള ദ്രവ്യത്തിനെ കൊടുപ്പിക്കണം.

ചോദനാപ്രതിഘാതേ തു യുക്തിലേശൈസ്തുമനുഷ്യാൽ
ദേശകാലാർത്ഥസംബന്ധപരിമാണക്രിയാദിഭിഃ. നാരദൻ

ചോദ്യത്തിനെ ഖണ്ഡിച്ച് ഉത്തരം പറഞ്ഞുവെങ്കിൽ പിന്നത്തതിൽ ദേശകാലം മുതലായ യുക്തികളെക്കൊണ്ടു നിശ്ചയിക്കണം.

ഉത്കാഹസ്ത്വഗ്നിദഃ ജ്ഞേയശ്ശസ്ത്രപാണിസ്തു ഘാതകഃ
കേശഗ്രഹാഭിയോഗേന വിജ്ഞേയഃ പാരദാരികഃ. നാരദൻ

ഇനിയും യുക്തികളെക്കൊണ്ടു ചില കായ്പങ്ങളെ അറിയേണ്ടും പ്രകാരത്തെ ചൊല്ലുന്നു. തീക്കൊള്ളി കൈയിൽവച്ചും കൊണ്ട് അകാലത്തിൽ സഞ്ചരിക്കുന്നവൻ തീവെയ്ക്കുന്നവനെന്നും

Digitized By Kerala Sahitya Akademi

ആയുധങ്ങളെ കൈയിൽവച്ചുംകൊണ്ട് അകാലത്തിൽ സഞ്ചരിക്കുന്നവൻ വെട്ടിക്കൊന്നവനെന്നും പരസ്ത്രീകളുടെ തലമുടിതൊട്ടു ഹാസ്യവചനം മുതലായതു ചെയ്യുന്നവൻ പരസ്ത്രീസംഗമുള്ളവനെന്നും അറിഞ്ഞുകൊള്ളണം.

കുട്ടാലപാണിർവിജ്ഞേയസ്സുതഭേത്താ തടാദിഷു
തഥാ കുഠാരപാണിസ്തു തരുച്ഛേദ്യരത്താ പ്രകീർത്തിതഃ.

[ന്നതെന്നു

കുന്താലി മൺവെട്ടി മുതലായതു വച്ചുംകൊണ്ട് അകാലത്തിൽ നില്ക്കുന്നവൻ അണവെട്ടി മുറിച്ചവനെന്നും കോടാലി കൈയിൽ വച്ചുംകൊണ്ടു സഞ്ചരിക്കുന്നവൻ മരങ്ങളെ വെട്ടിമുറിച്ചവനെന്നും അറിഞ്ഞുകൊള്ളണം. മേലെഴുതിയവരൊക്കയും സംശയിച്ചവരുത്തുവാൻ ഇടയുള്ളവരാകകൊണ്ടു മേലെഴുതിയവരെ വരുത്തി പരമാർത്ഥംപോലെ വിചാരിച്ച് അറിഞ്ഞു കായ്ങ്ങളെ നിശ്ചയിക്കണമെന്ന താൽപര്യം.

യുക്തിഷ്വപ്യസമർത്ഥാസു ശപഥൈരനുമർട്ടയേത്
അർത്ഥകാലബലാപേക്ഷമഗ്ര്യംബുസുകൃതാദിഭിഃ. നതെ

യുക്തികൊണ്ടു കായ്ചനിശ്ചയം വന്നില്ലെങ്കിൽ അനേകവിധമായിട്ടുള്ള സത്യപ്രമാണങ്ങളിൽ അതതുകായ്ത്തിനും അതതുകാലത്തിനും യോഗ്യമായിട്ടുള്ള സത്യപ്രമാണത്താൽ കായ്ചനിശ്ചയം വരുത്തണം.

ധടോഗ്നിരുദകഞ്ചൈവ വിഷം കോശശ്ച പഞ്ചമം
ഷഷ്ഠഞ്ച തണ്ഡുലാഃ പ്രോക്താസ്സപ്തമം തപ്തമാഷകഃ
അഷ്ടമം ഫാല ഇത്യുക്തം നവമം ധർമ്മസംഭവം
ദിവ്യാന്യേതാനി സർവാണി ഗുരുകായ്യേഷു യോജയേത്.

[ന്നതെൻ

ദിവ്യപ്രമാണംതൻ പതുവിധം. അതിൽ ഒന്നാമതു ത്രാസിൽവച്ചു തൂക്കി നിശ്ചയിക്കുന്നതു്; രണ്ടാമത് അഗ്നി; മൂന്നാമതു ജലം; നാലാമതു വിഷം; അഞ്ചാമതു കോശപാനം; ആറാമതു തണ്ഡുലങ്ങളം; ഏഴാമതു തപ്തമാഷം; എട്ടാമത് ഇരുമ്പുപഴുപ്പിക്ക; ഒൻപതാമതു ധർമ്മം; ഇപ്രകാരമുള്ള സത്യപ്രമാണങ്ങളിൽ ഒന്നിനാൽ വ്യക്തമായിട്ടുള്ള കായ്ങ്ങളെ നിശ്ചയിക്കണം.

Digitized By Kerala Sahitya Akademi

അഭിയോഗേഷു സർവേഷു കോശപാനമഥാപി വാ.

എല്ലാ കാര്യങ്ങളിലും കോശപാനമെന്നുള്ള സത്യപ്രമാണത്തെ പ്രയോഗിച്ചു കാര്യനിശ്ചയം വരുത്തുകയുമാം. അഭിഷേകതീർത്ഥത്തിനു കോശമെന്നു പേർ.

ദിവ്യാന്യേതാനി സർവാണി ഗോബീജകനകാനി ച
ദേവതാപിതൃപാദാംശ്ച ദത്താനി സുകൃതാനി ച
സ്പൃശേച്ഛിരാംസി പുത്രാണാം ദാരാണാം സുഹൃദാംസ്തഥാ.

[നാ വ്യ ഠ

അനാരകാര്യങ്ങളിൽ മേലെഴുതിയ ഒൻപതുവിധത്തിലുള്ള സത്യങ്ങളെല്ലാതെ വേറിട്ടു ചില സത്യങ്ങളെക്കൊണ്ടു നിശ്ചയിക്കാമെന്നു ചൊല്ലുന്നു. പശുക്കളും വിത്തുവകകളും സ്വർണ്ണവും ദേവകളുടേയും മാതാപിതാക്കന്മാരുടേയും പാദങ്ങളേയും മറ്റും തൊട്ട് ആണയിട്ടു സത്യംചെയ്കയും ആം.

സാധാരണസ്യമസ്യാനാം കോശഃ പ്രോക്ഷാ മനീഷിഭിഃ
ദിവ്യസ്യ വർജ്ജയേന്നിത്യമാത്താനാന്ത്യ ഗതൈർന്നരൈഃ.

[നാ വ്യ ഛ

കോശപാനമെന്നുള്ള സത്യപ്രമാണം നാലുജാതികൾക്കും സാധാരണമായിട്ടുള്ളതെന്നു മഹർഷികളാൽ ചൊല്ലപ്പെട്ടു. രോഗസ്ഥന്മാരായിട്ടുള്ളവരേക്കൊണ്ടു രോഗശാന്തിവരുന്നതിനു മുൻപിൽ സത്യചെയ്യിക്കയുമരുതു്.

സദ്വൃത്താനാം കൃശാർത്താനാം വ്യാധിതാനാം തപസ്വിനാം
സ്ത്രീണാം ച ന ഭവേദ്ദിവ്യം യദി ധർമ്മമുപക്ഷതേ.

[നാ വ്യ ഫ

നല്ല ശീലങ്ങളോടും ആചാരങ്ങളോടും കൂടിയിരിക്കുന്നവരേക്കൊണ്ടും ഏതുമേ ചടച്ചു ക്ഷീണിച്ചിരിക്കുന്നവരേക്കൊണ്ടും വ്യാധിതരേക്കൊണ്ടും തപസ്വികളേക്കൊണ്ടും കുലസ്ത്രീകളേക്കൊണ്ടും ധർമ്മിഷ്ഠനായിട്ടുള്ള രാജാവു സത്യം ചെയ്യിപ്പിക്കരുതു്. ഇപ്രകാരമുള്ളവരേക്കൊണ്ടു സത്യം ചെയ്യിപ്പിച്ചാൽ ധർമ്മത്തിനു ലയം വരും.

യത്രോക്തവിധിനാ ദേയം ദിവ്യം ദിവ്യവിശാരദൈഃ;
അയത്രോക്തപ്രയുക്തം തു ന സത്യം സാദ്ധ്യസാധനേ.

[നാ വ്യ ബ

Digitized By Kerala Sahitya Akademi

അതതുദിവ്യപ്രമാണത്തിനു ചൊല്ലിയിരിക്കുന്ന വിധിപ്രകാരം സത്യംചെയ്യിപ്പിച്ചാൽ ആ സത്യം ഫലിക്കും. വിധിപ്രകാരമല്ലാഞ്ഞാൽ ഫലിക്കുകയുമില്ല.

ത്രൃഹോഷിതായ വിധിവദേകരാത്രോഷിതായ വാ
നിത്യം ദേയാനി ദിവ്യാനി ശുചയേ ചാർദ്രവാസസേ. നാ വ്യ ർ

മൂന്നു ദിവസമെങ്കിലും ഒരു രാത്രിയെങ്കിലും ഉപവാസമായിട്ടു പാത്തു ശുദ്ധമായിട്ടു കുളിച്ചു് ഈറവസ്ത്രത്തോടുകൂടിയിരിക്കുന്നവനേക്കൊണ്ടു സത്യപ്രമാണത്തെ ചെയ്യിക്കണം. പ്രാഡ്വിവാകനം മേലെഴുതിയപ്രകാരം ശുദ്ധനായിട്ടിരുന്നുംകൊണ്ടു സത്യം ചെയ്യിക്കണം.

ആദിത്യചന്ദ്രാവനിലാനലൌ ച
ദ്യൌർഭ്രമിരാപോ ഹൃദയം മനശ്ച
അഹശ്ച രാത്രിശ്ച ഉഭേ ച സന്ധ്യേ
ധർമ്മശ്ച ജാനാതി നരസ്യ വൃത്തം. നാ വ്യ ഭ

ആദിത്യനും ചന്ദ്രനും വായുവും അഗ്നിയും ആകാശവും ഭ്രമിയും ജലവും ഹൃദയവും മനസ്സും പകലും രാത്രിയും രണ്ടു സന്ധ്യകളും ധർമ്മവും ഇപ്രകാരമുള്ള പതിന്നാലുദേവതകളും മനുഷ്യരുടെ അന്തർഗ്ഗതങ്ങളെ അറിയുന്നവർ; എന്നതുകൊണ്ടു പതിന്നാലു ദേവതകളേയും. സാക്ഷിയായിട്ടു സത്യത്തിനെ പറയാമെന്ന് ഈ ശ്ലോകത്തിനേയും ചൊല്ലി സത്യം ചെയ്യിക്കണം.

ദിവസസ്യ തു പൂർവാഹ്ണേ കോശസ്തുത്ര വിധീയതേ.

കോശമെന്നുള്ള സത്യത്തിനെ ഉദയം തുടങ്ങി പത്തുനാഴികയ്ക്കകം ചെയ്യിപ്പിക്കണം. കോശമെന്ന അഭിഷേകജലത്തിനെ കൊടുത്തു സത്യം ചെയ്യിപ്പിക്കണം.

പൂർവാഹ്ണേ സോപവാസസ്യ സ്നാതസ്യാർദ്രപടസ്യ ച
ആസ്തികസ്യാവ്യസനിനഃ കോശപാനം വിധീയതേ. നാ വ്യ ന

ഉപവാസത്തോടുംകൂടെ സ്നാനംചെയ്തു് ഈറവസ്ത്രങ്ങളോടും ഈശ്വരബുദ്ധിയോടുംകൂടി വ്യസനമില്ലാതെയിരിക്കുന്നവനെ പൂർവാഹ്ണത്തിൽ അഭിഷേകതീർത്ഥത്തിനെ സേവിപ്പിക്കണം.

യദ്ഭക്തസ്സോഭിയുക്തസ്സ്യാത്തദ്ദേവസ്യ തു പായയേൽ
സമഭാവേ തു ദേവാനാമാദിത്യസ്യ തു പായയേൽ. നാ വ്യ ഒ

Digitized By Kerala Sahitya Akademi

സത്യം ചെയ്യാൻ പോകുന്നവൻ യാതൊരു ദേവതയുടെ ഭക്തനോ എന്നാൽ ആ ദേവതയെ പൂജിച്ച് അഭിഷേകം ചെയ്ത് ആ അഭിഷേകതീർത്ഥത്തെ എടുത്ത് ആയവനെ കൊടുത്തു പാനംചെയ്യിക്കണം. ദേവന്മാരൊക്കയും സമമായിട്ടു ഭാവിച്ചിരിക്കുന്നവനോ എന്നാൽ ആദിത്യനെ പൂജിച്ച് അഭിഷേകം ചെയ്ത് ആ അഭിഷേകതീർത്ഥത്തെ കൊടുത്തു പാനം ചെയ്യിക്കണം.

ദുർഗ്ഗായാഃ പദയയേച്ചോരാൻ യേ ച ശസ്ത്രോപജീവിനഃ
ഭാസ്കരസ്യ തഥോഗ്ര്യാംസ്ച ബ്രാഹ്മണാംസ്ച ന പായയേൽ.
[നാ വ്യ വ്യ

ചോരന്മാർക്കു ദുർഗ്ഗാദേവിയെ പൂജിച്ച് അഭിഷേകം ചെയ്ത തീർത്ഥത്തെ കൊടുത്തു പാനം ചെയ്യിക്കണം. ആയുധജീവികൾക്കും ദുർഗ്ഗാദേവിയുടെ അഭിഷേകതീർത്ഥത്തെ പാനം ചെയ്യിക്കണം. ശേഷം പേർക്ക് ആദിത്യനെ അഭിഷേകം ചെയ്ത് ആ തീർത്ഥത്തിനെ പാനം ചെയ്യിക്കണം. ബ്രാഹ്മണരെകൊണ്ടു തീർത്ഥപാനം ചെയ്യിക്കരുത്.

യാജ്ഞവല്ക്യഃ:—

ഉഗ്രാൻ ദേവാൻ സമഭ്യർച്യ തൽസ്ഥാനോദകമാഹരേൽ
സംശ്രാവ്യ പായയേത്തസ്മാജ്ജലാത്തു പ്രസൃതിത്രയം. നാ വ്യൻ

ഉഗ്രന്മാരായുള്ള ദേവന്മാരെ പൂജിച്ച് അഭിഷേകം ചെയ്ത് ആ അഭിഷേകതീർത്ഥത്തെ എടുത്തു വേണ്ടുന്ന മന്ത്രങ്ങളേയും കേൾപ്പിച്ചു മൂന്നുപ്രാവശ്യം തീർത്ഥപാനം ചെയ്യിക്കണം

തോയ! ത്വം പ്രാണിനാം പ്രാണഃ സൃഷ്ടേരാദൌ ത്വ നിർമ്മിതഃ
ശുദ്ധൌ ത്വ കാരണം പ്രോക്തം ദ്രവ്യാണാം ദേഹിനാം തഥാ;
അതസ്ത്വന്ദർശയാത്മാനം ശുഭാശുഭപരീക്ഷണേ [നാൻ ഠ
സത്യേന മാഭിരക്ഷ ത്വം വരുണേത്യഭിശാപ്യകം. നാൻ ഫ

ഈ രണ്ടുശ്ലോകത്തിനും അർത്ഥം. സത്യം ചെയ്യുന്നവൻ തീർത്ഥത്തെ കൈയിൽ വച്ചുംകൊണ്ടു ജലത്തെനോക്കി പറയേണ്ടും പ്രകാരം. പ്രാണികൾക്കാക്കയും പ്രാണസ്വരൂപനായിട്ടു പ്രപഞ്ചസൃഷ്ടിയിൽ മുൻപിൽ സൃഷ്ടിക്കപ്പെട്ടവനാകകൊണ്ടും ദ്രവ്യങ്ങളുടേയും ദേഹികളുടേയും ശുദ്ധിയിൽ കാരണഭൂതനായിട്ടുള്ളവനാകകൊണ്ടും ശുദ്ധനെന്നും അശുദ്ധനെന്നും അറിവാൻ ചെയ്യുന്ന പരീക്ഷയിൽ ശുദ്ധനെങ്കിൽ അതിന്റെ ഫലത്തേയും അശുദ്ധ

Digitized By Kerala Sahitya Akademi

നെങ്കിൽ അതിന്റെ ഫലത്തെയും തരുന്ന സപ്തരൂപത്തെ കാണിച്ചു സത്യമായിട്ട് എന്നെ രക്ഷിക്കണമെന്നു വരുണദേവതയായിരിക്കും ജലത്തെനോക്കി ശപഥംചെയ്തു തീർത്ഥപാനം ചെയ്യിക്കണം.

സപ്ലവാപരാധേ ദേവാനാം സ്ഥാപയിത്വായുധാനി തു
വായ്വോ വികാരേ ചാശുദ്ധോ നിശമ്യ ശുചിരന്യഥാ. നാൻവ

അല്പമായിട്ടുള്ള കായ്ത്തികൽ ദേവന്മാരുടെ ആയുധങ്ങളെ അഭിഷേകംചെയ്ത ആ തീർത്ഥം എടുത്തു പാനം ചെയ്യിക്കണം. ഇപ്രകാരം സത്യം ചെയ്യിച്ചവനു വല്ലതും ദോഷം കണ്ടു എങ്കിൽ ആയവൻ അശുദ്ധനെന്നും അല്ലെങ്കിൽ ശുദ്ധനെന്നും അറിഞ്ഞുകൊള്ളണം. അശുദ്ധനെ ദണ്ഡിപ്പിക്കണം.

യസ്യ പശ്യേദ്വിനഷ്ടാനി സപ്താഹാത്ത്രിനഷ്ടാനി സപ്താഹാത്തഥാപി വാ
രോഗോഽഗ്നിർജ്ഞാതിമരണം രാജദണ്ഡോഽഥവാ ഭവേൽ
തമശുദ്ധം വിജാനീയാദവിശുദ്ധം തു വിപര്യയേ. നാൻനാ

തീർത്ഥപാനംചെയ്തു പതിന്നാലാം ദിവസത്തിനകമെങ്കിലും ഇരുപത്തൊന്നു ദിവസത്തിനകമെങ്കിലും സത്യം ചെയ്തവനു രോഗമെങ്കിലും ഭവനം മുതലായത് അഗ്നിഭയം വരികയെങ്കിലും ജ്ഞാതികളിലൊരുത്തൻ മരിക്കയെങ്കിലും രാജോപദ്രവമെങ്കിലും ഉണ്ടായാൽ അശുദ്ധനെന്നും ഇപ്രകാരമുള്ള ദോഷങ്ങൾ കണ്ടില്ലെങ്കിൽ അവൻ ശുദ്ധനെന്നും അറിഞ്ഞുകൊള്ളണം.

പിതാമഹഃ:—

ത്രിരാത്രാണ്യപ്തരാത്രാദ്വാ ദ്വാദശാഹാത്തഥാപി വാ
വൈകൃതം യസ്യ ദൃശ്യേത പാപകൃത്സമുദാഹൃതഃ. നാൻര

തീർത്ഥപാനം ചെയ്താൽ മൂന്നു ദിവസത്തിനകമെങ്കിലും ഏഴു ദിവസത്തിനകമെങ്കിലും പതിന്നാലുദിവസത്തിനകമെങ്കിലും വല്ലതും ദോഷം കാണുന്നു എങ്കിൽ അവൻ അശുദ്ധനെന്നു നിശ്ചയിക്കണം.

നാരദഃ:—

ജ്വരാതിസാരവിസ്ഫോടശൂലാസ്ഥിപരിപീഡനം
നേത്രരുഗ്ഭ്രുരോഗശ്ച തഥോന്മാദഃ പ്രജായതേ.
ശിരോരുഗ് ഭുജഭംഗശ്ച ദൈവികാദ്ധ്യാധയോ ന്നണാം. നാൻഒ

സത്യം ചെയ്തതിന്റെശേഷം ജ്വരമെങ്കിലും അതിസാരമെങ്കിലും വസൂരി എങ്കിലും ശൂലരോഗമെങ്കിലും അസ്ഥിരോഗമെ

Digitized By Kerala Sahitya Akademi

ങ്കിലും നേത്രരോഗമെങ്കിലും കണ്ണുമാറയെങ്കിലും ചിത്തഭ്രമമെങ്കിലും ശിരോരോഗമെങ്കിലും ബാഹുക്കഠം മുറിക റ്റെങ്കിലും അശനിപാതം മുതലായ ദൈവികോപദ്രവമെങ്കിലും ഉണ്ടായാൽ ആയവൻ അശ്രുദ്ധനെന്ന നാരദമഹർഷിയാൽ ചൊല്ലപ്പെട്ടു.

ബൃഹസ്പതിഃ:—

സപ്താഹാദ്വാ ദ്വിസപ്താഹാദ്യസ്യാത്തിർന പ്രജായതേ
പുത്രദ്വാരധനാനാം ച സ ശുദ്ധസ്സ്യാന്ന സംശയഃ. നാൻന

സത്യം ചെയ്ത് ഏഴു ദിവസത്തിനകമെങ്കിലും പതിനാലു ദിവസത്തിനകമെങ്കിലും സത്യം ചെയ്തവന്റെ പുത്രൻ ഭാര്യ ധനം മുതലായതിന്ന ഹാനി വന്നില്ലെങ്കിൽ ആയവൻ ശുദ്ധനെന്ന ബൃഹസ്പതിയാൽ ചൊല്ലപ്പെട്ടു.

ഇതി കോശപാനാളിവിധിഃ.

അഥ ഋണാദാനപ്രകരണം.

ഋണപ്രയോഗഃ.

ഋണാദാനപ്രധാനാനി ദ്യൂതാഹ്വാനാന്തികാനി ച
ക്രമശസ്സമ്പ്രവക്ഷ്യാമി ക്രിയാഭേദാംശ്ച തത്പദഃ. നാൻ ഒ

ഋണാദാനംമുതൽ ദ്യൂതാഹ്വാനംവരെ പതിനെട്ടു വ്യവഹാരപദങ്ങളേയും അതതു പദത്തിലുള്ള ക്രിയാഭേദങ്ങളേയും ചൊല്ലാമെന്ന ബൃഹസ്പതിയാൽ ചൊല്ലപ്പെട്ടു.

ഋണം ദേയമദേയഞ്ച യേന യത്ര യഥാ ച യൽ
ദാനഗ്രഹണധർമ്മ്യം ച ഋണാദാനമിതി സ്മൃതം. നാൻ വ

ഇന്നവിധത്തിൽ കടം വാങ്ങിച്ച ദ്രവ്യം കൊടുക്കണമെന്നും ഇന്നവിധത്തിൽ വാങ്ങിച്ച ദ്രവ്യം കൊടുക്കേണ്ടാ എന്നും കടംകൊടുക്കുന്നതിന് ഇന്നവൻ അധികാരി എന്നും ഇന്നവനധികാരിയല്ലെന്നും ഇന്ന സമയത്തിൽ കൊടുക്കണമെന്നും ഇന്ന പ്രകാരമായിട്ടു കൊടുക്കണമെന്നും കടം വാങ്ങിച്ചവങ്കൽ ഉള്ള അഞ്ചു ധർമ്മങ്ങളേയും കടം കൊടുക്കേണ്ടതും പ്രകാരത്തേയും വാങ്ങിക്കേണ്ടതും പ്രകാരത്തേയും ചൊല്ലുന്ന പദത്തിന് ഋണാദാനമെന്ന പേർ.

അശീതിഭാഗോ* വൃദ്ധിസ്സ്യാന്മാസി മാസി സബന്ധകേ
വർണ്ണക്രമാച്ഛതം ദ്വിത്രിചതുഃപഞ്ചകമന്യഥാ. നാൻ ൻ

---

* അശീതിഭാഗം=എൺപതിലൊന്ന്.

Digitized By Kerala Sahitya Akademi

പണയം മുതലായതു വാങ്ങിച്ചുംകൊണ്ടു കടം കൊടുക്കുന്നതിൽ മാസം ഒന്നിനു നൂറിന് ഒന്നേകാൽ പണംവീതം പലിശ വാങ്ങിച്ചു ചീട്ട് എഴുതി വാങ്ങിച്ചുംകൊണ്ടു കൊടുക്കണം. പണയം വാങ്ങിക്കാതെ വെറുങ്കടമായിട്ടു ബ്രാഹ്മണനു കൊടുത്താൽ നൂറിനു മാസം ഒന്നിനു രണ്ടു പണം പലിശയും ക്ഷത്രിയനെങ്കിൽ മൂന്നു പണം പലിശയും വൈശ്യനെങ്കിൽ നാലു പണം പലിശയും ശൂദ്രനെങ്കിൽ അഞ്ചു പണം പലിശയും വച്ചു് എഴുതി വാങ്ങിച്ചുകൊണ്ടു കൊടുക്കണം.

മനുഃ:—

അശീതിഭാഗം ഗൃഹ്ണീയാന്മാസാദ്വാദ്വിഷികഃ ശ്രുതേ
ഏകം ശതേ വാ ഗൃഹ്ണീത സതാം ധർമ്മമനുസ്മരൻ.

[൪൦൬

മാസം ഒന്നിന് ഒരു പണം വീതം പലിശയും വച്ചു് എഴുതിവാങ്ങിച്ചുംകൊണ്ടു കടം കൊടുക്കണം. മാസം ഒന്നിന് ഒരു പണം പലിശയും വച്ചു കടം കൊടുക്കുന്നതു സത്തുക്കളുടെ ധർമ്മമായിട്ടുള്ളതു്.

പരിപൂർണ്ണം ഗൃഹീതാധിം ബന്ധം വാ ന്യത്യലഗ്നകം
ലേഖ്യാരൂഢം സാക്ഷിമച്ച ദ്രുണം ദദ്യാദ്ധനീ സദാ.

[൪൦൭

പിടിപ്പുതു പൊൻവെള്ളി മുതലായ പണയമെങ്കിലും നിലം പുരയിടം മുതലായ പണയമെങ്കിലും പിടിപ്പുതു ജാമ്യമെങ്കിലും സാക്ഷിയോടുകൂടെ എഴുതിവാങ്ങിച്ചുംകൊണ്ടു കടം കൊടുക്കണം.

ഇതി ദ്രുണപ്രയോഗഃ.

അഥ വൃദ്ധിവിധിഃ.

വൃദ്ധിശ്ചതുർവിധാ പ്രോക്താ പഞ്ചധാഽന്യൈഃ പ്രകീർത്തിതാ
ഷഡ്ധാഽന്യസ്മിൻ സമാഖ്യാതാ തത്പതസ്ഥാന്നിബോധത.

[൪൦൮

മേലെഴുതിയ പലിശ ചില മഹർഷികളുടെ പക്ഷത്തിൽ നാലു വിധം. ചില മഹർഷികളുടെ പക്ഷം അഞ്ചുവിധം. ചില

Digitized By Kerala Sahitya Akademi

മഹർഷിമാരുടെ പക്ഷം ആറുവിധം. ആറു വിധമുള്ള പലിശ യുടെ മാറ്റത്തേയും ചൊല്ലുന്നു.

കായികാ കാലികാ ചൈവ ചക്രവൃദ്ധിരതോഽപരാ
കാരിതാ* ച ശിഖാവൃദ്ധിർഭോഗലാഭസ്തഥൈവ ച. ര ൦ ന-

കായിക എന്നും കാലിക എന്നും ചക്രവൃദ്ധി എന്നും കാരിത എന്നും ശിഖാവൃദ്ധി എന്നും ഭോഗലാഭമെന്നും ഇങ്ങിനെ വൃദ്ധി ആറു വിധം. വൃദ്ധി പലിശ.

വ്യാസഃ:—

ദോഹ്യവാഹ്യക്രിയായുക്താ കായികാ സമുദാഹൃതാ:
പ്രതിമാസം പ്രസ്രവന്തീ വൃദ്ധിസ്സ്യാത് കാലികാ മതം.

[ര ൦. ര

കറവയുള്ള പശു മുതലായതിനെ ഒറിയായിട്ട് എഴുതി വാങ്ങിച്ചുംകൊണ്ടു പലിശയ്ക്ക് അനുഭവിച്ചുവരുന്നതും ചുമക്കുന്ന കാള കുതിര മുതലായതിനെ ഒറി എഴുതിവാങ്ങിച്ചുംകൊണ്ടു പലിശയ്ക്കു വേലചെയ്യിച്ചു വരുന്നതും കായികാവൃദ്ധി. മാസപ്പലിശയ്ക്കു ദ്രവ്യം കൊടുത്ത് എഴുതിവാങ്ങിച്ചുംകൊണ്ട് അതാതു മാസത്തിൽതന്നെ വാങ്ങിച്ചു വരുന്ന പലിശ കാലികാവൃദ്ധി.

വൃദ്ധേരപി പുനർവൃദ്ധിശ്ചക്രവൃദ്ധിരുദാഹൃതാ
കാരിതാ നാമ സാ വൃദ്ധിർഋണികേന സമയം കൃതാ. ര ൦ ഒ

പലിശയ്ക്കു പലിശവെച്ച് എഴുതിവാങ്ങിക്കുന്ന പലിശയ്ക്കു ചക്രവൃദ്ധി എന്ന പേർ. കടം വാങ്ങിക്കുന്നവൻ തന്നെ ഇത്ര പണം പലിശ വച്ചു തരാമെന്നു സമ്മതിച്ച് എതിക്കൊടുക്കുന്ന പലിശയ്ക്കു കാരിതാവൃദ്ധി എന്ന പേർ.

പ്രത്യഹം ഗൃഹ്യതേ യാ തു ശിഖാവൃദ്ധിരുദാഹൃതാ
ഗൃഹാൽ സ്വോമജ്ഞഭഃ ക്ഷേത്രാദ് ഭോഗലാഭഃ പ്രകീർത്തിതഃ.

[ര ൦ ന

അതതുദിവസത്തിലുള്ള പലിശ വീതിച്ച് അതതുദിവസം തന്നെ വാങ്ങിച്ചു വരുന്ന പലിശയ്ക്കു ശിഖാവൃദ്ധി എന്ന പേർ. ഭവനത്തിനു ദ്രവ്യം കൊടുത്ത് ഒറിയായിട്ട് എഴുതിവാങ്ങിച്ചുംകൊണ്ടു പലിശയ്ക്ക് അനുഭവിച്ചു വരുന്നതും തന്റെ ഭവനം മറെറാരു

* 'കാരികാ ച' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ത്തന് ഒഴിഞ്ഞുകൊടുത്ത കടിയിരിപ്പുക്രയി വാങ്ങിച്ച വരുന്നതും നിലം പുരയിടം ഒറ്റി എഴുതി വാങ്ങിച്ച് ഉഭയം കൊടുത്ത് അനുഭവിച്ച വരുന്നതും ഭോഗലാഭമെന്ന ചൊല്ലപ്പെട്ടു.

മനുഃ—

കൃതാനുസാരാദധികാ വ്യതിരിക്താ ന സിദ്ധ്യതി
കുസീദപഥമാഹുസ്തം പഞ്ചകം ച ശതസ്യ തു. ർ ൦ ൬

സമ്മതിച്ച് എഴുതി വാങ്ങിച്ച പലിശയ്ക്ക് അധികമോ വ്യത്യാസപ്പെട്ടോ സിദ്ധിക്കയില്ല സമ്മതിച്ച് എഴുതിയ പലിശ മാസം ഒന്നിന് അഞ്ചു പണം വരയ്ക്കും സിദ്ധിക്കും. സമ്മതിച്ചെഴുതി വാങ്ങിച്ചതിലും ശാസ്ത്രത്തിൽ ചൊല്ലിയിരിക്കുന്ന അഞ്ചുപണത്തിന് അധികമായിട്ട് എഴുതി വാങ്ങിച്ചിട്ടുണ്ടെങ്കിൽ ആയതും സിദ്ധിക്കയില്ല.

കൃതോദ്ധാരമദത്വാ യോ യാചിതസ്യ ദിശം വ്രജേൽ
ഊർദ്ധ്വം മാസത്രയാത്തസ്യ തദ്ധനം വൃദ്ധിമാപ്നുയാൽ.

[ർ ൦ വ

പലിശക്ക് എഴുതിക്കൊടുക്കാതെ ഉണ്ടാകുന്ന പലിശയെ ചൊല്ലുന്നു. കൈവായ്പ വാങ്ങിച്ച വകതന്നവൻ ചോദിക്കുമ്പോൾ കൊടുക്കാതെ മറെറാരു ദിക്കിൽ പോയാൽ മൂന്നുമാസം കഴിഞ്ഞാൽ ആ ദ്രവ്യത്തിനു പലിശയുണ്ടായി വരും.

പണം ഗൃഹീത്വാ യോ മൂല്യമദത്തൈവ ദിശം വ്രജേൽ
തൃതുത്രയസ്യോപരിഷ്ടാത്തദ്ധനം വൃദ്ധിമാപ്നുയാൽ. ർ ൦ ൻ

പലിശനിശ്ചയിച്ചു വാങ്ങിച്ച വില കൊടുക്കാതെ ചരക്കും കൊണ്ട് അന്യദേശത്തെ പ്രാപിച്ചാൽ ആറുമാസം കഴിഞ്ഞാൽ പിന്നത്തതിൽ ആ ദ്രവ്യത്തിനു പലിശയുണ്ടായിവരും.

നാരദഃ—

ന വൃദ്ധിഃ പ്രീതിദത്താനാം സ്യാദനാകാരിതാ കചിൽ
അനാകാരിതമപ്യൂർദ്ധം വത്സരാദ്ധാദിവത്തേ. ർ ഫ ൧

സ്നേഹംകൊണ്ടു കൊടുത്ത വകകൾക്കു പലിശ ഒത്തിട്ടില്ലെങ്കിൽ കാലം ചെന്നാലും പലിശ വരികയില്ല. തന്നവൻ ചോദിക്കുമ്പോൾ കൊടുത്തില്ലെങ്കിൽ അര സംവത്സരം കഴിഞ്ഞാൽ പലിശ ഉണ്ടായിവരും.

Digitized By Kerala Sahitya Akademi

കാത്യായനഃ:—

പ്രീതിദത്തം തു യത് കിഞ്ചിദപഭ്രംശേ ന തപയാചിതം
യാച്യമാനമദത്തം ചേദപഭ്രംശേ പഞ്ചകം ശതം. ർ ഫ ഫ

പ്രീതികൊണ്ട് ഏരവായിട്ടും വായ്പ ആയിട്ടും കൊടുത്തിരിക്കുന്ന വകയ്ക്കു തിരിയെ ചോദിക്കുന്നതുവരെയും പലിശ വരികയില്ല. ചോദിക്കുമ്പോൾ കൊടുത്തില്ല എങ്കിൽ നൂറിന് അഞ്ചു പണം വീതം മാസം ഒന്നുക്കു പലിശയുണ്ടായിവരും.

കാത്യായനഃ:—

മണിമുക്താപ്രവാളാനാം സപ്തണ്ണസ്യ രജതസ്യ ച
തിഷ്ഠതി ദ്വിഗുണാ വൃദ്ധിഃ ഫലസ്യൈവോദകസ്യ ച. ർ ഫ വ

പലിശ മുടങ്ങിപ്പോയാൽ അതതുദ്രവ്യത്തിനുള്ള ഏരട്ടി മുതലായ പലിശയുടെ വിവരത്തെ ചൊല്ലുന്നു: രത്നങ്ങൾ, മുത്തു, പവിഴം, പൊൻ, വെള്ളി, മുതലായ വകകൾക്കു വച്ചിരിക്കുന്ന പലിശ മുടങ്ങിക്കിടന്നുപോയാൽ അതതുദ്രവ്യത്തിനുള്ള മുതലിന് ഏരട്ടി കൂട്ടികൊടുപ്പിക്കണം.

മനുഃ:—

കുസീദവൃദ്ധിർദ്വിഗുണാ നാത്യേതി സകൃദാഹിതാ
ധാന്യേ ശദ്ധേ ലവേ വാഹ്യേ നാതിക്രാമതി പഞ്ചതാം. ർ ഫ

പലിശയ്ക്കായിട്ടു കടം കൊടുത്തിരിക്കുന്ന ദ്രവ്യത്തിനു കുസീദമെന്നു പേർ. ആ ദ്രവ്യത്തിന് ഏഴുതിവാങ്ങിച്ചിരിക്കുന്ന പലിശ ക്രടക്രൂട്ടെ ചോദിച്ചു വാങ്ങിക്കാതെ മുടങ്ങിക്കിടന്നു പോയാൽ മുതലിന് ഏരട്ടിക്കധികം വരികയില്ല. ഒരിക്കൽ ഏഴുതിവാങ്ങിച്ചിരിക്കുന്ന ചീട്ടിനു കൈകണക്കു തീർത്ത് അന്നുവരെയുള്ള പലിശയും തീർത്തു ചീട്ടു മാറി ഏഴുതിപ്പോയാൽ ആ ദ്രവ്യത്തിനു കീഴ് വാങ്ങിച്ച പലിശയോടുക്രടി ഏരട്ടിയെക്കാൾ അധികവും, അതതുമാസത്തിലുള്ള പലിശ അതതുമാസം വാങ്ങിച്ചു പോയാൽ വാങ്ങിച്ച പലിശ നീക്കി പിന്നത്തതിൽ പലിശ മുടങ്ങി മുതലിൽ ഏരട്ടിച്ചു വന്നാൽ ആയതിനു കൊടുത്ത മുതലും അതുയും പലിശയും, സിദ്ധിക്കും. മുതലിൽ ഏരട്ടി എന്നു വച്ചാൽ മുതലതുയും പലിശയും ക്രടിയാൽ ഏരട്ടി എന്ന് അറിഞ്ഞുകൊള്ളണം. ധാന്യങ്ങൾക്കും വൃക്ഷങ്ങളിൽ ഉണ്ടാകുന്ന പുഷ്പഫലങ്ങൾക്കും പരമധാനി ചാമരം മുതലായതിനും കുതിര കാള ഈ വകകൾക്കും പലിശ

Digitized By Kerala Sahitya Akademi

മുടങ്ങിക്കിടന്ന പോയാൽ മുതല്‌ിന് അഞ്ചു പങ്കോളം പലിശ സിദ്ധിക്കും. അതിന് അധികം ക്രുടിയാൽ സിദ്ധിക്കയില്ല.

യാജ്ഞവല്ക്യഃ:—

സ്വന്തരിസ്ഥ പശ്ചസ്ത്രീണാം, രാജസ്വാഷ്ടഗുണാ പരാ;
വസ്ത്രധാനാഹിരണ്യാനാം ചതുസ്ത്രിദ്വിഗുണാ പരാ. ർ ഫ ർ

കറവയുള്ള പശുക്കളേയും ദാസ്യവൃത്തി എടുത്തുവരുന്ന സ്ത്രീകളേയും പാലിനും വേല എടുക്കുന്നതിനും വാങ്ങിച്ച് അനുഭവിച്ച കാലംചെന്ന കിടന്നുപോയാൽ തിരിയെ കൊടുക്കുമ്പോൾ പശുക്കളുടേയും സ്ത്രീകളുടേയും സന്തതിയോടു ക്രൂടെ തിരിയെ കൊടുക്കണം. എണ്ണ നെയ്യ് മുതലായതിന പലിശ മുടങ്ങിപ്പോയാൽ മുതലിന് എട്ടു പങ്കുവരെയും സിദ്ധിക്കും. മെലെഴുതിയപ്രകാരം പലിശ മുടങ്ങി കാലംചെന്നുപോയ വിഷയത്തിങ്കൽ വസ്ത്രങ്ങൾക്കു നാലു പങ്കുവരെയും ധാന്യങ്ങൾക്കു മൂന്നു പങ്കുവരെയും സ്വർണ്ണങ്ങൾക്കു മുതലിന് എരട്ടിയും സിദ്ധിക്കും. എരട്ടി മുതലായ പലിശ കൊടുപ്പിക്കുന്നതു കടം വാങ്ങിച്ചവന്റെ ശക്തിപോലെയും ദേശകാലങ്ങളുടെ അവസ്ഥപോലെയും വിചാരിച്ചു കൊടുപ്പിക്കണം എന്നു താൽപര്യം.

ബൃഹസ്പതിഃ:—

ഉക്താ പഞ്ചഗുണാ ശാകേ ബീജേ ചൈവ തു ഷഡ്ഗുണാ
ലവണസ്നേഹമദ്യേഷു വൃദ്ധിരഷ്ടഗുണാ മതാ. ർ ഫ ഒ

പലിശ മുടങ്ങിക്കിടന്നുപോയ വിഷയത്തിങ്കൽ ചീര മുതലായ ചെറുകറിവകകൾക്കു മുതലിന് അഞ്ചു പങ്കു വരെയും ചെറിയ വിത്തുകാംക്കു് ആറു പങ്കു വരെയും ഉപ്പ് എണ്ണ മദ്യം ഈ വകകൾക്കു് എട്ടു പങ്കു വരെയും സിദ്ധിക്കും.

തൈലാന്നാഞ്ചൈവ സർവേഷാം മദ്യാനാം മധുസർപ്പിഷാം
*വൃദ്ധിരഷ്ടഗുണാ പ്രോക്താ ഗുഡസ്യ ലവണസ്യ ച. ർ ഫ ന്ന

എല്ലാ എണ്ണകൾക്കും മദ്യങ്ങൾക്കും തേൻവകകൾക്കും നെയ്യുകൾക്കും ശർക്കര കരിപ്പുകട്ടി മുതലായതിനും ഉപ്പിനും പലിശ മുടങ്ങിക്കിടന്നുപോയാൽ മുതലിന് എട്ടു പങ്കു വരെയും സിദ്ധിക്കും.

സ്യാത് കോശാനാം പഞ്ചഗുണാ കാർപ്പാസസ്യ ചതുർഗുണാ
കൗഷ്ഠാനാം ചന്ദനാദീനാം വൃദ്ധിരഷ്ടഗുണാ ഭവേത്. ർ ഫ ഒ

* 'വൃദ്ധിരഷ്ടഗുണാ ജ്ഞേയാ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

കോശങ്ങൾക്ക് അഞ്ചേരട്ടിയും പഞ്ഞിക്കു നാലെരട്ടിയും വിറകിനും ചന്ദനം മുതലായ ഗന്ധവസ്തുക്കൾക്കും മുടങ്ങിയ പലിശയ്ക്ക് എട്ടു പങ്കു വരെയും സിദ്ധിക്കും.

തൃണകാഷ്ഠേഷ്ടകാസൂത്രകീലചർമ്മാസ്ഥിവർമ്മണാം
ഹേതിപുഷ്പഫലാദീനാം വൃദ്ധിസ്തു നിവർത്തതേ. ർ ക്ര വ്യ

പുല്ല്, വിറക്, ചെങ്കൽ, നൂല്, ആണി, ചർമ്മങ്ങൾ, ഗജദന്തം മുതലായ അസ്ഥികൾ, കവചങ്ങൾ, ആയുധങ്ങൾ, ചില പുഷ്പഫലങ്ങൾ, ഈ വകകൾക്കു പലിശ എല്ലാനാളും വരും.

പിതാമഹഃ:—

സത്യസ്യാർദ്ധപാദശ്ചോരിതം രത്നഹാടകം
ബ്രാഹ്മണസ്വം ച രൂപ്യാദി സദ്യോഽപ്യേകാദശാധികം
രൂപ്യം പഞ്ചഗുണം ഭൂമിസ്തഥൈവാഷ്ടഗുണാ മതാ. ർ ക്ര ൻ

മോഷ്ടിച്ചു കൊണ്ടുപോയ രത്നത്തിനും സുവർണ്ണത്തിനും ഒന്നിന പന്ത്രണ്ട് ഉടൻ വാങ്ങിക്കണം. ബ്രഹ്മസ്വമെങ്കിൽ വെള്ളിക്കും ഒന്നിന പതിനൊന്നു കെട്ടിവെപ്പിക്കണം. ബ്രഹ്മസ്വമല്ലാതെയുള്ള വെള്ളിക്ക് ഒന്നിന് അഞ്ചേരട്ടിയും മണ്ണിന് എട്ടേരട്ടിയും കൊടുപ്പിക്കണം.

വിഷ്ണുഃ:—

അനുക്തനാം ക്രമാ വൃദ്ധിർന്നാസ്തി വൃദ്ധിരതഃപരാ
ന വൃദ്ധേർവൃദ്ധിരസ്തീതി ധർമ്മകർത്തൃനുശാസനം.
ന ചാപ്യസംശ്രിതാ വൃദ്ധിരസ്തി വൃദ്ധേസ്തു കഹ്ചിൽ. ർ ക്ര ം

പലിശയ്ക്കു പലിശ വരികയില്ലെന്നു ധർമ്മിഷ്ഠന്മാരായിട്ടുള്ള മഹർഷികളുടെ വചനം. ദ്രവ്യം വാങ്ങിക്കുമ്പോൾ പലിശ ഒത്തിട്ടില്ലെങ്കിൽ ആ ദ്രവ്യത്തിനു പലിശ വരികയില്ല. ചില സ്ഥലത്തു പലിശയ്ക്ക് ഒത്തില്ലെങ്കിലും പലിശ സിദ്ധിക്കും.

കാത്യായനഃ:—

ചർമ്മസസ്യാസവസ്തൂതപണ്യമൂല്യേഷു സർവ്വദാ
സ്ത്രീശൂല്കേ ന ച വൃദ്ധിസ്സ്യാത് പ്രാതിഭാവ്യാഗതേഷു ച
യദി സ്വയംകൃതാ ന സ്യാത് കാരിതാ വൃദ്ധിരാപ്നുയാത്.

[ർ ക്ര ഫ

Digitized By Kerala Sahitya Akademi

ചമ്മങ്ങൾക്കും പയിരുകൾക്കും മദ്യങ്ങൾക്കും ചൊക്കട്ടാൻ കളിച്ചു ജയിച്ചു വിവാദവകയിലുണ്ടാകുന്ന ദ്രവ്യങ്ങൾക്കും ചരക്കു വിലയുള്ള ദ്രവ്യങ്ങൾക്കും വിവാഹമിടപെട്ടു കൊടുപ്പാനുള്ള ദ്രവ്യങ്ങൾക്കും മൂന്നാമൻ ഏറെ ദ്രവ്യത്തിനും പലിശ വച്ചു സമ്മതിച്ചു് എഴുതി വാങ്ങിയില്ലെങ്കിൽ മേലെഴുതിയ ദ്രവ്യങ്ങൾക്കു പലിശ വരികയില്ല. പലിശയ്ക്കു് എഴുതി വാങ്ങിച്ചിരുന്നാൽ ആയതു സിദ്ധിക്കും.

സംവർത്തകഃ:—

ന വൃദ്ധിഃ സ്രീധനേ ലാഭേ നിക്ഷേപേ ച യഥാസ്ഥിതേ
സന്ദിശേത് പ്രാതിഭാവ്യേ ച യദി സ്യാന്ന സമയംകൃതാ.

[ർ൨൨

സ്രീധനം കൊടുത്ത ദ്രവ്യങ്ങൾക്കും ലാഭമായിട്ടുണ്ടാക്കിയ ദ്രവ്യങ്ങൾക്കും സൂക്ഷിപ്പാനായിട്ടു കൊടുത്ത നിക്ഷേപദ്രവ്യത്തിൽ ഒട്ടും എടുത്തില്ലെങ്കിൽ ആയതിനും വഴക്കിട്ടു തക്കിച്ചു കിടക്കുന്ന ദ്രവ്യങ്ങൾക്കും മൂന്നാമൻ ഏറെ ദ്രവ്യങ്ങൾക്കും പലിശയ്ക്കു് ഒത്തു് എഴുതീട്ടില്ലെങ്കിൽ പലിശ സിദ്ധിക്കയില്ല.

വ്യാസഃ:—

പ്രാതിഭാവ്യം ഭുക്തബന്ധമഗൃഹീതഞ്ച ദീയതേ
ന വർത്തതേ പ്രപന്നസ്യ ദമശ്ശുല്കം പ്രതിശ്രുതം. ർ൨൩

മൂന്നാമൻ ഏറെ ദ്രവ്യത്തിനും അനുഭവിച്ചുവരുന്ന പണയത്തിനും, കടംവാങ്ങിച്ചവൻ പലിശയും മുതലും തിരിയെ കൊണ്ടു വരുമ്പോൾ കടം കൊടുത്തവൻ വാങ്ങിച്ചില്ലെങ്കിൽ ആയതിനും, പിഴ ചൊല്ലിച്ച ദ്രവ്യത്തിനും മുങ്കം പണത്തിനും പ്രതിജ്ഞ ചെയ്യപ്പെട്ട ദ്രവ്യത്തിനും പലിശ വരികയില്ല.

യാജ്ഞവല്ക്യഃ:—

ദീയമാനം ന ഗൃഹ്ണാതി പ്രയുക്തം യസ്സമം ധനം
മദ്ധ്യസ്ഥസ്ഥാപിതം തസ്യാദവർത്തേ ന തതഃ പരം. ർ൨൪

കടം കൊടുത്തിരിക്കുന്ന ദ്രവ്യത്തിനെ വാങ്ങിച്ചവൻ തരുമ്പോൾ കൊടുത്തവൻ വാങ്ങിച്ചില്ലെങ്കിൽ കടം വാങ്ങിച്ചവൻ ആ ദ്രവ്യം നടുക്കെട്ടിയാൽ നടുക്കെട്ടിയ ദിവസം മുതല്ക്കു് ആ ദ്രവ്യത്തിനു പലിശ വരികയില്ല.

ഇതി വൃദ്ധിപ്രതിഃ.

Digitized By Kerala Sahitya Akademi

അഥ ആധിവിധിഃ.

ഭരദ്വാജഃ:—

ആധിസ്തു ത്രിവിധഃ പ്രോക്തോ ഭോഗ്യോ ഗോപ്യസ്തഥൈവ ച
അർത്ഥപ്രത്യയഹേതുശ്ച ചതുർത്ഥസ്ത്വാജ്ഞയാ കൃതഃ. ർ ൨ ൫

ആധി ഭോഗ്യാധി എന്നും ഗോപ്യാധി എന്നും പ്രത്യയാധി എന്നും ആജ്ഞാധി എന്നും ഇങ്ങനെ നാലുവിധം. ദ്രവ്യം കൊട്ടത്തവനു വിശ്വാസത്തിനായിട്ടു വാങ്ങിക്കുന്നവൻ വെക്കുന്ന പൊൻ, വെള്ളി, നിലം, പുരയിടം, മുതലായ പണയത്തിന് ആധി എന്നുപേർ.

കാത്യായനഃ:—

ദ്രവ്യം ഗൃഹീത്വാ വൃദ്ധ്യർത്ഥം ഭോഗയോഗ്യം ദദാതി ചേൽ
ജംഗമം സ്ഥാവരം വാപി ഭോഗ്യാധിസ്തു സ കഥ്യതേ. ർ ൨ ന്യ

ദ്രവ്യത്തിനെ വാങ്ങിച്ചുംകൊണ്ടു പലിശയ്ക്കായിട്ട് അനുഭവയോഗ്യമായിട്ടുള്ള പണയത്തിനെ അനുഭവിക്കത്തക്കവണ്ണം കൊടുക്കുന്ന പണയത്തിനു ഭോഗ്യാധി എന്നുപേർ. അയതു സഞ്ചരിക്കുന്ന കാള കുതിര മുതലായിട്ടും സഞ്ചരിക്കാതെയിരിക്കുന്ന നിലം പുരയിടം മുതലായിട്ടും സംഭവിക്കും.

ഗോപ്യാധിസ്തു പരേഭ്യസ്സ്വം മതപ്രായോ ഗോപ്യതേ ഗൃഹേ.
അർത്ഥപ്രത്യയഹേതുശ്ച പ്രത്യയാധിസ്സ ഉച്യതേ.
ആജ്ഞാധിർന്നാമ യോ രാജ്ഞസ്സംസദോ വാജ്ഞയാ കൃതഃ.
[ർ ൨ ൬

ദ്രവ്യത്തിനെ വാങ്ങിച്ചുംകൊണ്ടു പലിശയ്ക്കു സമ്മതിച്ചു പണയച്ചീട്ടും എഴുതിക്കൊടുത്തു പണയമെടുത്തു പൊരുമാറുന്നതെന്നും പറഞ്ഞു സൂക്ഷിപ്പാൻ കൊടുത്താൽ ആ പണയത്തിനു ഗോപ്യാധി എന്നു പേർ. പലിശവച്ച് എഴുതിക്കൊടുത്ത ദ്രവ്യത്തിനെ തന്നില്ലെങ്കിൽ ഇന്നാരോടു തട്ടിത്തു വാങ്ങിക്കൊള്ളണമെന്നു തട്ടുപ്പാനൊത്ത പണയത്തിനു പ്രത്യയാധി എന്നു പേർ: കാര്യം കോയിമ്മ കേട്ടു കൊടുപ്പിപ്പാനുള്ള പണയത്തിനും കോയിമ്മ വരുത്തുവാനുള്ള പണയത്തിനും രാജാജ്ഞ കൊണ്ടെങ്കിലും സഭ്യന്മാരുടെ ആജ്ഞ കൊണ്ടെങ്കിലും വയ്പിക്കുന്ന പണയത്തിന് ആജ്ഞാധി എന്നു പേർ.

Digitized By Kerala Sahitya Akademi

യാജ്ഞവല്ക്യഃ:—

ഗോപ്യാധിഭോഗേ നോ വൃദ്ധിസ്സോപകാരേ/ഥ ഹാപിതേ.

പലിശയ്ക്ക് എഴുതിക്കൊടുത്ത പണയം അനുഭവിക്കരുതെന്നും സൂക്ഷിക്കണമെന്നും പറഞ്ഞിരിക്കുന്ന പണയത്തിന് ഉടയവനെ ബോധിപ്പിക്കാതെ അനുഭവിച്ചുവെങ്കിൽ എഴുതിയ നാൾ മുതൽക്കുള്ള പലിശ വരികയില്ല. പൊൻ, വെള്ളി, വെങ്കലപാത്രം, കാള, കുതിര, മുതലായ ഉപകാരമുള്ള പണയത്തിനും പലിശയ്ക്കു സമ്മതിച്ച് അനുഭവിച്ചുകൊള്ളണം എന്ന് എഴുതിക്കൊടുത്തിരിക്കുന്ന പണയത്തിനെ പിന്നത്തതിൽ പണയമുടയവന് അനുഭവിപ്പാൻ വഹിയാതെ ചേതം വരുത്തിയാൽ പലിശ ദ്രവ്യം കൊടുത്തവന വരികയില്ല. പണയം വാങ്ങിച്ചതിന ചേതം വരുത്താതെ തിരിയെ കൊടുത്താൽ പലിശ സിദ്ധിക്കും.

മനുഃ:—

യത്സ്വാമിനാനനുജ്ഞാതമാധിം ഭുങ്ക്തേ/വിചക്ഷണഃ
തേനാല്പവൃദ്ധിർമോക്തവ്യാ തസ്യ ഭോഗസ്യ നിഷ്കൃതിഃ.

[൪൨൮

ദ്രവ്യം വാങ്ങിച്ചു പണയമെടുത്ത് അനുഭവിക്കരുതെന്നും പറഞ്ഞു സൂക്ഷിപ്പാൻ കൊടുത്തിരിക്കുന്ന പണയത്തിന് ഉടയവനെ ബോധിപ്പിക്കാതെ ദ്രവ്യം കൊടുത്തവൻ അനുഭവിച്ചു എങ്കിൽ എഴുതിവാങ്ങിച്ചിരിക്കുന്ന പലിശ ഒന്നുപാതി ഇളച്ചുകൊടുത്തു ശേഷം വാങ്ങിച്ചുകൊള്ളണം.

സ്വാമിനാ ചാനനുജ്ഞാതമാധേരാധിം കരോതി യഃ
സ്വധനാത്സ തു ഹീനസ്സ്യാത് കരോത്യാപദി പൂർവ്വവൽ.

[൪൨൯

ദ്രവ്യം കൊടുത്തു പണയമായിട്ടു വച്ചിരിക്കുന്ന വകയെ ഉടയവനെ ബോധിപ്പിക്കാതെ മറുപണയം വച്ചു എങ്കിൽ തനിക്കു വരുവാനുള്ള ദ്രവ്യം വരികയില്ല. വല്ലതും ഒര് ആപത്തു വന്നാൽ വേറിട്ടു ഗതിയില്ലെങ്കിൽ മറുപണയം വച്ചു ദ്രവ്യം വാങ്ങിക്കയുമാം.

പ്രഷ്ഠാദ്യാധിമുണീ കൃത്യാൽ ക്രിയാദീൻ ബലതശ്ച യഃ
ഉണ്ഡം തത്ത്രിഗുണന്ദത്വാ പുനരാദ്ധ്യാത്ഥ്ടോ ഭവേൽ.

[൪൩൦

Digitized By Kerala Sahitya Akademi

പണയം വച്ചിരിക്കുന്ന വകയെ വ്യാജംകൊണ്ടെങ്കിലും ബലാൽകാരം കൊണ്ടെങ്കിലും പണയം വച്ചവൻതന്നെ വാങ്ങിച്ചു, ദ്രവ്യത്തിനെ തിരിയെ കൊടുത്തു പണയം വാങ്ങിക്കാതെ, വിറ്റു കെടുകായ്യും ചെയ്തു എങ്കിൽ വിറ്റ ദ്രവ്യത്തിന് ആയവനേക്കൊണ്ടു മൂന്നെരട്ടി പ്രായശ്ചിത്തം ചെയ്യിച്ചു പണയം വാങ്ങിച്ചവനു കൊടുപ്പാനുള്ള ദ്രവ്യത്തേയും കൊടുപ്പിക്കണം.

വ്യാസഃ:—

ഗൃഹീതദ്രോഷാന്നഷ്ടഃശ്ചേദ് ബന്ധോ ഹേമാദികോ ഭവേൽ
ഊണം സലാഭം സംശോദ്ധ്യ തന്മൂല്യം ദാപ്യതേ ധനീ.

[ർനാ.ഫ

കടം കൊടുത്തു പണയം പിടിച്ചവന്റെ ദോഷംകൊണ്ടു പണയം കൈച്ചോദ്യം വന്നുപോയാൽ പണവും പലിശയും പണയത്തിന്റെ വിലയും സംഖ്യയിട്ടു പലിശയും മുതലും നീക്കി അധികമുള്ള പണയത്തിന്റെ വില പണയം പിടിച്ചവനേക്കൊണ്ടു പണയമുടയവനു കൊടുപ്പിക്കണം.

യാജ്ഞവല്ക്യഃ:—

നഷ്ടോ ദേയോ വിനഷ്ടശ്ച ദൈവരാജകൃതാദൃതേ.
സ്രോതസാപഹൃതേ ക്ഷത്രേ രാജ്ഞാ ചൈവാപഹാരിതേ
ആധിരന്യോഽധികത്തവ്യോ ദേയം വാ ധനമേ ധനം. ർനാ.വ

പണയം വാങ്ങിച്ചിരിക്കുന്ന പൊൻ വെള്ളി വെങ്കലപാത്രം മുതലായതിനെ നല്ലവണ്ണം സൂക്ഷിക്കാതെ ചേതംവരുത്തിക്കളഞ്ഞുവെങ്കിൽ പണയം തിരിയെ കൊടുക്കുമ്പോൾ മുൻപിൽ വാങ്ങിച്ചതുപോലെ തീപ്പിച്ചുകൊടുക്കണം. പണയം തന്നെ മുഴുവൻ കൈച്ചോദ്യം വന്നുപോയാൽ വാങ്ങിച്ച പണയത്തിനു സമമായിട്ടു വേറിട്ട് ഒരു പണയമെങ്കിലും അല്ലെങ്കിൽ മുൻപിൽ വാങ്ങിച്ച പണയത്തിന്റെ വില എങ്കിലും കൊടുക്കണം. അഗ്നിഭയം കൊണ്ടെങ്കിലും ജലപ്രവാഹം മുതലായതു കൊണ്ടെങ്കിലും പണയത്തിനു ഹാനി വന്നുപോയെങ്കിൽ വേറിട്ട പണയമെങ്കിലും വാങ്ങിച്ച ദ്രവ്യമെങ്കിലും പണയംവച്ചവൻ കൊടുക്കണം. ഇപ്രകാരം പണയം വാങ്ങിച്ചവന് ഒരു കുറവുമില്ലാതെയിരിക്കുമ്പോൾ രാജോപദ്രവംകൊണ്ടു പണയത്തിനു ഹാനി വന്നുപോയാലും മേലെഴുതിയപ്രകാരമത്രെ ന്യായമാകുന്നതു്.

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ:—

ദൈവരാജോപഘാതേന യത്രാധിർനാശമാപ്നുയാൽ
തത്രാന്യവൃദ്ധാപ്യതേ ബന്ധസ്സോദയം വാ ധനസ്യണീ.

[ർനാ൨

പണയം വാങ്ങിച്ചിരിക്കുന്ന നിലം പുരയിടം ഭവനം മുതലായതിന് അഗ്നിഭയം മുതലായ ദൈവരാജോപദ്രവംകൊണ്ടു ഹാനി വന്നുപോയെങ്കിൽ പേറിട്ട് ഒരു പണയമെങ്കിലും വാങ്ങിച്ച ദ്രവ്യവും പലിശയും എങ്കിലും പണയംവച്ചവൻ കൊടുക്കണം.

നാരദഃ:—

രക്ഷ്യമാണോഽപി യത്രാധിഃ കാലേനായാത്യസാരതാം
ആധിരന്യോഽഥവാ കാര്യോ ദേയം വാ ധനിനേ ധനം.

[ർനാ. ർ

ദ്രവ്യം കൊടുത്തു വാങ്ങിച്ചിരിക്കുന്ന പണയം വില്വൃത്യസം മുതലായ കാലാവസ്ഥകൊണ്ടു വാങ്ങിച്ചിരിക്കുന്ന ദ്രവ്യത്തിനു കൂടിയ പലിശയ്ക്കും പിടിക്കാതെ കുറവു വന്നുപോയെങ്കിൽ പേറിട്ടു പിടിപ്പതു പണയമെങ്കിലും വാങ്ങിച്ചിരിക്കുന്ന ദ്രവ്യമെങ്കിലും കൊടുക്കണം.

കാത്യായനഃ:—

ന ചേദ്ധനികദോഷേണ നിഷ്പതേദപാക്രിയേത വാ
ആധിരന്യോഽഥ കായ്യസ്സ്യാദ്ധനാന്മൂല്യേന നർണ്ണികം.

[ർനാ൫

കാള കൂതിര മുതലായ പണയത്തിനെ പണം വാങ്ങിച്ചവൻ ഉപേക്ഷ മുതലായ ദോഷമില്ലാതെ സൂക്ഷിച്ചവരുമ്പോൾ പണയത്തിനു കൈകാൽ മുടങ്ങി ഊനം വന്നുപോയെങ്കിലും അപായം വന്നുപോയെങ്കിലും പേറിട്ടു പണയമെങ്കിലും വാങ്ങിച്ച ദ്രവ്യമെങ്കിലും കൊടുപ്പിക്കണം. അല്ലെങ്കിൽ ഋണമോചനം വരികയില്ല.

യാജ്ഞവല്ക്യഃ:—

ഉപസ്ഥിതസ്യ മോക്തവ്യമാധിസ്തേനോഽന്യഥാ ഭവേൽ;
പ്രയോജകേഽസതി ധനം കുലേ ന്യസ്യാധിമാപ്നുയാൽ.

[ർനാന്യ

11

Digitized By Kerala Sahitya Akademi

തൽകാലകൃതമൂല്യോ വാ യത്ര തിഷ്ഠേദവൃദ്ധികഃ
വിനാ ധാരണകാദ്ധാപി വിക്രീണീത സസാക്ഷികം. ൪൯൬

പണവും പലിശയുംകൊണ്ടു പണയം വച്ചവൻ പണയം വാങ്ങിപ്പാൻ വന്നാൽ ഉടൻതന്നെ പണവും പലിശയും വാങ്ങിച്ചുംകൊണ്ടു പണയം കൊടുക്കണം; അല്ലെങ്കിൽ പണയം മോഷ്ടിച്ചവനുള്ള പ്രായശ്ചിത്തം ചെയ്വാനിടവരും. പണവും പലിശയും കൊണ്ടുവരുമ്പോൾ പണയം വാങ്ങിച്ചവനെ കണ്ടില്ലെങ്കിൽ പണയംവാങ്ങിച്ചവനു സ്വാതന്ത്ര്യമുള്ളവന്റെ പക്കൽ പണവും പലിശയും കൊടുത്തു പണയം വാങ്ങിക്കണം. സ്വാതന്ത്ര്യമുള്ളവനുമില്ലെങ്കിൽ തടസ്ഥന്മാരേക്കൊണ്ടു വില നിശ്ചയിച്ചു മേലുള്ളതിനു പലിശയില്ലെന്നു നിശ്ചയം വരുത്തണം. പണയം വച്ചവൻ പണവും പലിശയും കൊടുത്തു പണയപ്പാട്ട വാങ്ങിക്കാതെ ദേശാന്തരം പോയെങ്കിൽ പലിശ മുടങ്ങി ദ്രവ്യത്തിന് അരവാശിയും എരട്ടിയും ആയാൽ തടസ്ഥന്മാരെ സാക്ഷിവച്ചു പണയത്തിനെ വിറ്റു തനിക്കു വരുവാനുള്ള മുതലും പലിശയും എടുത്തു ശേഷം ദ്രവ്യം നടുവിൽ ആക്കണം.

യദാ തു ദ്വിഗുണീഭൂതമൂണമാധൌ തദാ ഖലു
മോച്യ ആധിസ്ഥദ്രവ്യന്നേ പ്രവിഷ്ടേ ദ്വിഗുണേ ധനേ. ൪൯൭

ദ്രവ്യത്തിനെ കടംകൊടുത്തു പലിശവച്ചു പലിശയ്ക്കും മുതലിനും അനുഭവിച്ചുകൊള്ളണമെന്നു നിലവും പുരയിടവും പണയമായിട്ട് എഴുതി വാങ്ങിച്ചും കൊണ്ടു പലിശ മുടങ്ങി ദ്രവ്യത്തിന് എരട്ടിച്ചാൽ ആ വസ്തുവിലിറങ്ങി അനുഭവിച്ച് എടുക്കുന്ന അനുഭവം വരുവാനുള്ള ദ്രവ്യത്തോളം ആയാൽ പിന്നത്തതിൽ വസ്തു ഒഴിഞ്ഞുകൊടുക്കണം.

ക്ഷേത്രാദ്ധികം യദ്ഭോഗൈരുൽപന്നമധികം തതഃ
മൂലോദയപ്രവിഷ്ടഞ്ചേത്തദാധിം പ്രാപ്നുയാദ്ധനീ. ൪൯൮

കാങ്ക്ഷിദ്വൃദ്ധിം സമാദാഷ്യ ദ്രവ്യമാദായ തത്പതഃ
മൽക്ഷേത്രം ഭുങ്ക്ഷ്വ വൃദ്ധ്യർത്ഥമധികം മൂല്യനാശനം. ൪൯൯

ഒത്തെഴുതിയിരിക്കുന്ന പലിശയ്ക്കുമാത്രം അനുഭവിച്ചുകൊള്ളണമെന്ന് എഴുതികൊടുത്തിരിക്കുന്ന നിലം പുരയിടം മുതലായതിനു ദ്രവ്യം കൊടുത്തവൻ പലിശയ്ക്കുമാത്രം ഉള്ള ഫലാനു

Digitized By Kerala Sahitya Akademi

ഭവം എടുത്തുകൊള്ളണം. അധികം അനുഭവിച്ചുവെങ്കിൽ ആ യതു കൊടുത്തിരിക്കുന്ന മുതലിൽ വകവെച്ചു കൊള്ളണം.

പ്രത്യയാധ്യൌ തു ഭോക്തവ്യാ വൃദ്ധിയ്യാ പൂണ്ണലേഖിതാ
താവദേവ തു ഭോക്തവ്യമിതി ശാസ്ത്രവിനിശ്ചയഃ. ൪൪൫

എഴുതിത്തന്നിരിക്കുന്ന പലിശയ്ക്കു മുടക്കം വന്നുവെങ്കിൽ ഇന്നവസ്തു പലിശയ്ക്ക് അനുഭവിച്ചുകൊള്ളണമെന്ന് എഴുതിവാങ്ങിച്ച പലിശ മുടങ്ങിയാൽ മുന്നാധാരത്തിൽ എഴുതിയിരിക്കുന്ന പലിശയ്ക്കുമാത്രം അനുഭവിച്ചുകൊള്ളണം. അധികം അനുഭവിക്കരുതു്.

യത്തു തത്രാധികം വൃദ്ധേർദേയം തദ്ധനിനേ പുനഃ
ഹീനം വാ യത്തു തദ്വൃദ്ധേസ്താവത് സമ്പൂരയേദ്ധനീ. ൪൪൬

പലിശയ്ക്ക് അനുഭവിച്ചുകൊള്ളത്തക്കവണ്ണം എഴുതിവാങ്ങിച്ചിരിക്കുന്ന വസ്തുവിൽ ഇറങ്ങി പലിശയ്ക്ക് അധികമായിട്ട അനുഭവം എടുത്താൽ ആയതു് ആ വസ്തുവിൻടയവനു തിരിയെ കൊടുക്കണം. ആ അനുഭവം കൊണ്ട ഒത്തെഴുതിക്കൊടുത്തിരിക്കുന്ന പലിശ തീർന്നില്ലെങ്കിൽ ദ്രവ്യം വാങ്ങിച്ചവൻ കുറവുവന്ന പലിശ കൂട്ടിക്കൊടുക്കണം.

കാത്യായനഃ:—

*ദ്രവ്യം ഗൃഹീത്വാ വൃദ്ധ്യർത്ഥം ഭോഗയോഗ്യം ദദാതി ചേൽ
ജംഗമം സ്ഥാവരം വാപി ഭോഗ്യാധിസ്തു സ കഥ്യതേ. ൪൪൭

ദ്രവ്യം കടംവാങ്ങിച്ചു പലിശയ്ക്ക് അനുഭവിച്ചുകൊള്ളണമെന്ന ജംഗമവസ്തുവെങ്കിലും സ്ഥാവരവസ്തുവെങ്കിലും കൊടുത്തുവെങ്കിൽ ആ വസ്തുവിനു ഭോഗ്യാധി എന്നു പേർ.

ഭോഗാധികഞ്ച ഭോഗാധേർഹ്രസഞ്ച ന വിചാരയേൽ
ലേഖ്യേ തു ലിഖിതം യാവത്താവൽ ഭോക്തവ്യമേവ തു. ൪൪൮

പലിശയ്ക്കനുഭവിക്കത്തക്കവണ്ണം പണയമായിട്ട തന്നിരിക്കുന്ന വസ്തുവിൽ ഉള്ള ഫലാനുഭവം പലിശയ്ക്കധികം കണ്ടുവെങ്കിലും കുറഞ്ഞുവെങ്കിലും ആയതു വിചാരിക്കരുതു്. ആധാരത്തിൽ എഴുതിയിരിക്കുന്നതിൻവണ്ണം ഉള്ള വസ്തുവക എതുയുണ്ടെങ്കിലും ആയത് ഒക്കയും അനുഭവിച്ചുകൊള്ളണം. ആധാരത്തിൽ എഴു

* ഈ ഉതന്നെ ൪൨-ാം പദ്യമായും കാണുന്നു.

Digitized By Kerala Sahitya Akademi

തിയിരിക്കുന്നതിൻവണ്ണമല്ലാതെ അധികം ഉള്ളതു വകവച്ചു കൊടുക്കണം. കുറഞ്ഞുപലിശ കൂട്ടിക്കൊടുപ്പിക്കുന്നതിന് ആവശ്യമില്ല.

ഭരദ്വാജഃ:—

ആധൌ പ്രവേശനേ രോധ ഋണികേന കൃതോ യദി
ദാപ്യസ്തദ്ഭോഗമർത്ഥം ദണ്ഡം ദത്ത്വാ ച ഷഡ്ഗുണം. [൪൪൭

വാങ്ങിച്ച ദ്രവ്യത്തിനുള്ള പലിശ മുടക്കംവന്നാൽ ഇന്നവസ്തുവിലിറങ്ങി അനുഭവിച്ചുകൊള്ളണമെന്ന് എഴുതിക്കൊടുത്തുംവച്ച പലിശ മുടക്കം വരുത്തിയാൽ പിന്നത്തതിൽ എഴുതിവാങ്ങിച്ചവൻ വസ്തുവിലിറങ്ങി അനുഭവിപ്പാൻ തുടങ്ങുമ്പോൾ എഴുതിക്കൊടുത്തവൻതന്നെ വിരോധിച്ചുവെങ്കിൽ ആയവനേക്കൊണ്ടു പണയംവച്ചു വാങ്ങിച്ചിരിക്കുന്ന ദ്രവ്യത്തിനു ആറ് എരട്ടി പ്രായശ്ചിത്തവും ചെയ്യിപ്പിച്ചു വിരോധം ഒഴിപ്പിച്ചുകൊടുക്കയും വേണം.

ആധേഃ പ്രവേശനം കാലേ മോഹാന്നേച്ഛതി തദ്ധനീ
ഭോഗോ നശ്യത്യതോ ഉദ്ധാരന വദ്ധ്യയതി തദ്ധനം. ൪൪൮

അവധിവച്ചു എഴുതിവാങ്ങിച്ചിരിക്കുന്ന കാലത്തിൽ എഴുതിവാങ്ങിച്ച ദ്രവ്യം കൊടുത്തവൻ ആ അവധിക്കിറങ്ങി അനുഭവിക്കാതെ ഉപേക്ഷിച്ചിരുന്നാൽ അനുഭവത്തിനും അവധിക്കുമേലുള്ള പലിശയ്ക്കും ഹാനിവരും.

ക്രയവപ്രഖലസ്രാവാ ആധിഗ്രാഹേണ നാശിതാഃ
വിനാശകാ ഭവന്ത്യാധേരവം ക്രയാസ്ഥാപരേ. ൪൪൯

പണയമായിട്ടു എഴുതിവാങ്ങിച്ചിരിക്കുന്ന നിലം പുരയിടം മുതലായതിലുള്ള കിണറു, മതിലു, കുളം, തോട്ട്, ഈ വകകളെ നിലവും പുരയിടവും പണയമായിട്ടു എഴുതിവാങ്ങിച്ചവൻ നശിപ്പിച്ചു കളഞ്ഞുവെങ്കിൽ ആ ചേതത്തിനുള്ള ദ്രവ്യം കൊടുക്കയെങ്കിലും കിണറു മുതലായതു മുൻപിലത്തെപ്പോലെ ഉണ്ടാക്കിക്കൊടുക്കയെങ്കിലും ചെയ്യണം.

യാജ്ഞവല്ക്യഃ:—

ആധിഃ പ്രണശ്യേദ്ഗ്രഹണേ ധനേ യദി ന മോക്ഷ്യതേ
കാലേ കാരകൃതോ നശ്യേൽ ഫലഭോഗ്യോ ന നശ്യതി. ൪൪൰

Digitized By Kerala Sahitya Akademi

ദ്രവ്യം വാങ്ങിച്ച പലിശയും സമ്മതിച്ച് എഴുതിക്കൊടുത്തിരിക്കുന്ന ഗോപ്യാധി പലിശ മുടങ്ങി ദ്രവ്യത്തിനെരട്ടി ആയാൽ ഇന്നപ്പോൾ പണയം എടുക്കാമെന്ന് അവധി വച്ചില്ലെങ്കിൽ മേലെഴുതിയ ഗോപ്യാധി പണയമുടയവനു വരികയില്ല. ദ്രവ്യം കൊടുത്തവനുതന്നെ സിദ്ധിക്കും. അവധിവച്ച് എഴുതിക്കൊടുത്തിരിക്കുന്ന പണയത്തിനെ പണവും പലിശയും കൊടുത്ത് അവധിക്കു വാങ്ങിച്ചില്ലെങ്കിൽ ആ പണയം ദ്രവ്യം കൊടുത്തവന് അവധികഴിഞ്ഞതിൽ പിന്നെ സിദ്ധിക്കും. പലിശയ്ക്കായിട്ടു നിലം പുരയിടങ്ങളിൽ ഉണ്ടാകുന്ന ഫലം അനുഭവിച്ചു കൊള്ളണമെന്നു സമ്മതിച്ച് എഴുതിക്കൊടുത്തിരിക്കുന്ന നിലം പുരയിടം മുതലായ പണയം എത്ര സംവത്സരം ദ്രവ്യം കൊടുത്തവൻ അനുഭവിച്ചുവെങ്കിലും അവനു സിദ്ധിക്കയില്ല. പണം കൊണ്ടുവരുമ്പോൾ ഒഴിഞ്ഞു കൊടുക്കണം.

ബൃഹസ്പതിഃ:—

പൂർണ്ണേ വാ/ധൌ ശാന്തലാഭേ ബന്ധേ സ്വാമീ ധനീ ഭവേൽ
അനിസ്തേ ദശാഹേ തു ഭുണീ മോക്ഷിതുമർഹതി. ൪൪൯

കൊടുത്ത ദ്രവ്യത്തിനെരട്ടിവിലയുള്ള പണയം വാങ്ങിച്ച പലിശയ്ക്കു ദ്രവ്യം കൊടുത്തിരിക്കുമ്പോൾ പണയത്തിന്റെ മുതലോളം പലിശയും മുതലും കൂടിയാൽ പിന്നത്തതിൽ പത്തുദിവസത്തിനകം പണവും പലിശയും കൊടുത്തു വാങ്ങിച്ചു കൊള്ളണം. പത്തുദിവസം കഴിഞ്ഞാൽ പണയം പിടിച്ചവൻ തന്നെ പണയത്തിന് അവകാശിയായിട്ടുതീരും.

വ്യാസഃ:—

യാവൽപ്രകൃഷ്ടിതം തസ്യാത്താവന്ന ധനഭാഗ്ധനീ
ഭുണീ ന ലഭതേ ബന്ധം പരസ്പരമതം വിനാ. ൪൫൦

മേച്ചെഴുതിയ പണയം ഭോഗ്യമായാൽ ആയതു വൃദ്ധിയേക്കാൾ ഫലമെടുക്കുന്നതു്. അധികമാണെങ്കിൽ കുറഞ്ഞൊരുകാലം കഴിഞ്ഞാൽ കടം കൊടുത്തവൻ പണം പറ്റിപ്പോയെന്നു വരികയും ചെയ്യും. ഉടയവൻ കടം പിടിച്ചോയെന്നു തന്റെ വക്കയിൽ ഇറങ്ങി അനുഭവിക്കയുമാം. മേലുള്ളതിൽ പലിശയ്ക്കു

Digitized By Kerala Sahitya Akademi

കാണുകയില്ലെങ്കിൽ പണയം വച്ചവനു പണയം വരികയില്ല. വേണമെങ്കിൽ വെറിട്ട പലിശകൊടുത്തു പണയം എടുത്തുകൊള്ളണം. അതു കൊടുത്തവന്റേയും വാങ്ങിച്ചവന്റേയും അനുമതിയില്ലാത്തപക്ഷം. അനുമതിയുള്ള പക്ഷത്തിങ്കൽ വൃദ്ധിക്രുടിയാലും കുറഞ്ഞാലും പണം കൊടുക്കയും പണയം വാങ്ങിക്കയുമാം.

ചരിത്രബന്ധകകൃത്യം സവൃദ്ധ്യാ ദാപയേദ്ധനം.

നല്ല നേരും നിലയും ഉള്ളവനെന്നു വിശ്വസിച്ചു വളരെ വിലയുള്ള പണയം കൊടുത്തു കുറേ ദ്രവ്യത്തെ വാങ്ങിച്ചാൽ പലിശയോടു ക്രുടെ വാങ്ങിച്ച ദ്രവ്യം എരട്ടിച്ചുവെങ്കിലും പണയം പിടിച്ചവനു സിദ്ധിക്കയില്ല. പണവും പലിശയും പണയമുടയവനു കൊടുപ്പിക്കണം. ഇപ്രകാരം കുറേ വിലയുള്ള പണയം വാങ്ങിച്ചുംകൊണ്ട് അധികമായിട്ടു ദ്രവ്യം കൊടുത്തവനു കൊടുപ്പിച്ചു പണയം തിരിയെ കൊടുപ്പിക്കണം.

കാത്യായനഃ—

ആധാതാ യത്ര ന സ്യാത്തു ധനീ ബന്ധം നിവേദയേൽ
രാജ്ഞസ്തതസ്സു വിഖ്യാതോ വിക്രേയ ഇതി ധാരണാ.
സവൃദ്ധികം ഗൃഹീത്വാ തു ശേഷം രാജന്യഥാപ്പയേൽ.

[ർ ൫ ഫ

പണയം വച്ചവൻ പണവും പലിശയും കൊടുത്തു പണയം വാങ്ങിക്കാതെ മറെറാരുദ്ധിക്കിൽ പോയെങ്കിൽ അരവാശി എരട്ടി മുതലായ പലിശയും ക്രുടിപ്പായാൽ രാജാവിന്റെ സമക്ഷത്തിൽ ബോധിപ്പിച്ചു പ്രസിദ്ധപ്പെടുത്തി പിന്നത്തതിൽ നാലു തടസ്ഥന്മാരേക്കൊണ്ടു വിലയുള്ള പണയത്തിനെ വിറു പലിശയും മുതലും ദ്രവ്യം കൊടുത്തവനു *കൊടുത്തുംകൊണ്ടു ശിഷ്ടം ഉണ്ടെങ്കിൽ രാജാവിന്റെ അട്ടക്കൽ കൊടുക്കണം.

ആധേയാ ദ്വിവിധാ പ്രോക്താ ജംഗമാ സ്ഥാവരാസ്തഥാ
സിദ്ധിരസ്യോഭയസ്യ സ്യാൽ ഭോഗോ യദ്യസ്തി നാന്യഥാ.

[ർ ൫ ഖ

* 'കൊടുത്തവനെടുത്തുംകൊണ്ടു' (പാഠാന്തരം)

Digitized By Kerala Sahitya Akademi

മുൻപറഞ്ഞ നാലുവിധമുള്ള പണയങ്ങൾ ഇനിയും രണ്ടു വിധം. ജംഗമങ്ങൾ എന്നും സ്ഥാവരങ്ങൾ എന്നും. ജംഗമങ്ങൾ സഞ്ചരിക്കുന്ന പ്രാണികൾ; സ്ഥാവരങ്ങൾ സഞ്ചരിക്കാതെയിരിക്കുന്ന വസ്തുക്കൾ. ഇപ്രകാരം രണ്ടുവിധം ഉള്ള പണയങ്ങൾക്കും അനുഭവം ഉണ്ടെങ്കിൽ സിദ്ധിവരും; അല്ലെങ്കിൽ വരികയില്ല. ഗോപ്യാധികൾക്ക് അനുഭവം വാങ്ങിച്ചു സൂക്ഷിക്കുന്നത്: പണയമെന്ന വാക്കുകൊണ്ടു പറഞ്ഞാൽ പോരാ എന്നു താൽപര്യം.

ആധിമേകം ദ്വയോർയ്യുക്തം കയ്യാത്തൽ പ്രതിപദ്യതേ
തയോഃ പൂർവ്വതരം ഗ്രാഹ്യമാധാതാ ചോരദണ്ഡഭാക്. ൪൫൯

ഒരു പശുവിനെ മറെറാരുത്തന്റെ പക്കൽ പണയംവച്ച് എഴുതിക്കൊടുത്ത് ഏതാനും ദ്രവ്യം വാങ്ങി പിന്നത്തതിലും ആ വസ്തുവിനെ മറെറാരുത്തനു പണയമായിട്ട് എഴുതിക്കൊടുത്ത് ഏതാനും ദ്രവ്യം വാങ്ങിച്ചുവെങ്കിൽ ആ വസ്തു ആക്കു സിദ്ധിക്കുമെന്നാൽ മുൻപിൽ എഴുതി വാങ്ങിച്ചിരിക്കുന്നവനു; ഒരുവക രണ്ടു പേക്ക് എഴുതിക്കൊടുത്ത ദ്രവ്യം വാങ്ങിയവനെ ചോരദണ്ഡത്താൽ ദണ്ഡിപ്പിക്കണം.

ക്ഷേത്രമേകം ദ്വയോർബന്ധേ ദത്തം യത്സമകാലികം
യേന ഭുക്തം തയോഃ പൂർവ്വം തസ്യ തത്സിദ്ധിമാപ്നുയാൽ. ൪൫൮

ഒരുഭിവസ്തുതന്നെ രണ്ടുപേർക്കും എഴുതിക്കൊടുത്തുവെങ്കിൽ അപ്പോഴും മുമ്പിൽ ആര് അനുഭവിച്ചു എന്നാൽ അവനു സിദ്ധിക്കും.

തുല്യകാലേഽവസ്ഥിതേ പർദ്വയോരപി സമം ഭവേൽ
പ്രദാനേ വിക്രയേ ചൈവ വിധിസ്സ പരികീർത്തിതഃ. ൪൫൯

രണ്ടുപേരുമൊന്നിച്ചു സമകാലത്തു വസ്തു അനുഭവിപ്പാൻ ചെന്നാൽ ഒരു വസ്തു രണ്ടുപേക്ക് എഴുതിക്കൊടുത്തവനു വേറിട്ടവകയില്ലെങ്കിൽ അവർ രണ്ടുപേരും സമമായിട്ടു പകുത്ത് അനുഭവിച്ചുകൊള്ളണം. ഇപ്രകാരംതന്നെ ഒരുവക രണ്ടുപേക്കു ദാനമായിട്ടെങ്കിലും വിലയ്ക്കായിട്ടെങ്കിലും മുൻപിന്നായിട്ടെങ്കിലും സമകാലത്തിലെങ്കലും എഴുതിക്കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ ന്യായവും മേലെഴുതിയ പ്രകാരമത്രേ ആകുന്നത്.

Digitized By Kerala Sahitya Akademi

ആധ്യൂർത്തഃ കേവലാത്ഥശ്ച ധനിനോ യത്ര ദൃശ്യതേ
കേവലം പ്രഥമോ ദേയഃ പശ്ചാൽ സ്യാദാധിനിഷ്ക്രയഃ.

[ർ ഒന്ന

ഒരുത്തൻതന്നെ മറൊരുത്തനു പണയംവച്ച് ഏതാനും ദ്രവ്യവും പണയമില്ലാതെ വെറുംകടമായിട്ട് ഏതാനും ദ്രവ്യവും വാങ്ങിച്ചിരുന്നു എങ്കിൽ വെറുംകടമായിട്ടു വാങ്ങിച്ച ദ്രവ്യത്തിനെ മുൻപിൽ കൊടുപ്പിച്ചു പിന്നത്തതിൽ പണയംവച്ചു വാങ്ങിച്ച ദ്രവ്യത്തിനെ കൊടുപ്പിക്കണം.

സ്വാധീനാന്യപവാഗ്ഭോഗേ നിഷ്ക്രയോ നാസ്തി ധർമ്മതഃ
ബലാദ്ഭുക്തേഽതിഷപകാലേ വാ നിഷ്ക്രയാത്ത്രിഗുണോ ദമഃ.

[ർ ഒ ൈ

ദ്രവ്യം കൊടുത്ത് ഏഴുതി വാങ്ങിച്ചിരിക്കുന്ന പണയത്തിനെ പണയംവച്ചവനോടു ചോദിക്കാതെ അനുഭവിച്ചുവെങ്കിൽ പണയംപിടിച്ചവൻ കൊടുത്തിരിക്കുന്ന ദ്രവ്യം ധർമ്മന്യായത്തിനു വരികയില്ല. ബലാൽകാരംകൊണ്ട്, ഏഴുതിവാങ്ങിച്ചിരിക്കുന്ന അവധി വരുന്നതിനു മുൻപിൽ, ഇറങ്ങി അനുഭവിച്ചാൽ ആയവനേക്കൊണ്ടു പണവും, വാങ്ങിച്ചുകൊടുത്തിരിക്കുന്ന ദ്രവ്യത്തിനു മൂന്നു പങ്കു പ്രായശ്ചിത്തവും, വാങ്ങിക്കണം.

ഇത്യാധിവിധിഃ.

അഥ പ്രതിഭുവിധിഃ.

യാജ്ഞവല്ക്യഃ:—

ഭ്രാതൃണാമഥ ദമ്പത്യോഃ പിതുഃ പുത്രസ്യ ചൈവ ഹി
പ്രാതിഭാവ്യമൃണം സാക്ഷ്യമവിഭക്തേ ന തു സൂതം. ർ ദ വ്യ

ഇനി *ജാമ്യത്തിന്റെ വിധിയെ ചൊല്ലുന്നു. ജ്യേഷ്ഠാനുജന്മാർ ഭർതൃഭാര്യമാർ അച്ഛൻ മകൻ ഇവർ തമ്മിൽ വസ്തുവകയുടെ പകുത്ത് അംശം പിരിയാതെയൊന്നിച്ചിരിക്കുമ്പോൾ ജ്യേഷ്ഠൻ അനുജനോടു പറഞ്ഞു സമ്മതം വരുത്താതേയും ഇപ്രകാരംതന്നെ അനുജനും ഭർത്താവ് ഭാര്യ മുതലായവരും തമ്മിൽ പറഞ്ഞു സമ്മതം

* 'യാമ്യത്തിന്റെ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

വരുത്തിക്കൊള്ളാതെ സ്വമേധകൊണ്ടു മറൊരുത്തന്റെ ജാമ്യം കൊടുക്കയും കടം വാങ്ങുകയും സാക്ഷി ഏല്ക്കയും അരുതു്. അംശംപിരിച്ചു് അവരവരുടെ പ്രത്യേകമായിട്ടു വസ്തുവകകൾ അനുഭവിച്ചുവന്നു എങ്കിൽ തമ്മിൽ പറഞ്ഞുകൊള്ളാതെ സ്വമേധകൊണ്ടു ജാമ്യം മുതലായതു് ഏല്ക്കയും അതും.

ബൃഹസ്പതിഃ:—

ദർശനേ പ്രത്യയേ ദാനേ ദ്രവ്യാപ്പണേ തഥാ
ചതുഷ്പ്രകാരഃ പ്രതിഭ്രഷ്ടോ മനീഷിഭിഃ. ൪൭൩

ദർശനപ്രതിഭ്ര എന്നും, പ്രത്യയപ്രതിഭ്ര എന്നും ദാനപ്രതിഭ്ര എന്നും, പ്രത്യപ്പണപ്രതിഭ്ര എന്നും, ഇപ്രകാരം നാലു വിധം. ജാമ്യക്കാരനു പ്രതിഭ്രവു് എന്നു പേർ.

അഥൈനം ദർശയാമീതി സാധുരിത്യപരോ ബ്രുവീൽ
ദാതാഹമേവം ദ്രവിണമർപ്പയാമി പരോ വദൽ. ൪൭൪

ഇന്നവനേക്കണ്ടില്ലെങ്കിൽ ഞാൻ തന്നെ കാണിച്ചു തരാമെന്നും പറഞ്ഞു് ഏല്ക്കുന്ന ജാമ്യക്കാരൻ ദർശനപ്രതിഭ്രവു്. ഇന്നവൻ വഞ്ചിക്കുന്നവനല്ലെന്നും പുരയിടങ്ങളും വളരെയുള്ളവനെന്നും ആയതു ഞാൻ അറിയുമെന്നും വിശ്വസിച്ചു കൊടുക്കാമെന്നും പറഞ്ഞു കൊടുപ്പിക്കുന്നവൻ പ്രത്യയപ്രതിഭ്രവു്. ഇന്നവൻ തന്നില്ലെങ്കിൽ ഞാൻ തന്നെ തരാമെന്നു് ഏല്ക്കുന്നവൻ ദാനപ്രതിഭ്രവു്. ഇന്നവനിതു ദ്രവ്യം കൊടുക്കണമെന്നും ആയതു ഞാൻ തന്നെ തരാമെന്നും ഏല്ക്കുന്നവൻ പ്രത്യപ്പണപ്രതിഭ്രവു്. എന്നു പേരു്.

അന്യൈവ തു വിതഥേ ദാപ്യൈവ തൽകാലാവേദിതം ധനം
ഉത്തരൈവ തു വിസംവാദേ തൈവ വിനാ തൽസുതാവപി.

[൪൭൫

ഇന്നവനേക്കണ്ടില്ലെങ്കിൽ കാണിച്ചുതരാമെന്നു് ഏറ്റ ജാമ്യക്കാരൻ കടം വാങ്ങിച്ചവൻ ഒളിച്ചു പോയാൽ അവനെ കാണിച്ചു കൊടുത്തില്ലെങ്കിൽ ആ ജാമ്യക്കാരനേക്കൊണ്ടും, ഇന്നവനു വകയും ഗതിയും ഉണ്ടെന്നും വിശ്വാസമുള്ളവനെന്നും മറൊരുത്തനേക്കൊണ്ടു പറയിച്ചു ദ്രവ്യം വാങ്ങിച്ചവൻ അപ്രകാരം ദ്രവ്യം കൊടുക്കാതെ പോയാൽ മേലെഴുതിയ പ്രകാരം പറഞ്ഞുകൊടുപ്പിച്ച ജാമ്യക്കാരനേക്കൊണ്ടും, കടം കൊടുത്തവനു കൊടുത്ത

Digitized By Kerala Sahitya Akademi

ദ്രവ്യം കൊടുപ്പിക്കണം. ഇന്നവൻ തന്നില്ലെങ്കിൽ ഞാൻ തന്നേക്കാം തരാമെന്ന് ഏറ്റ ജാമ്യക്കാരനും ഇന്നവനു് ഇത്ര ദ്രവ്യം കൊടുക്കണമെന്നും ആയ്തു ഞാൻ തരാമെന്നും ഏറ്റ ജാമ്യക്കാരനും മേൽപ്പറഞ്ഞ പ്രകാരമത്രേ ന്യായം. ഇപ്പറഞ്ഞ രണ്ടു ജാമ്യക്കാരും കഴിഞ്ഞുപോയാൽ അവരുടെ പുത്രന്മാരെക്കൊണ്ടും അപ്ഛരൻ ജാമ്യമേറ്റ ദ്രവ്യം കൊടുപ്പിക്കണം.

സ്വാമീ രിപുനിരുദ്ധാധികൃതദണ്ഡിതസംശയാഃ
രിക്ഥിമിത്രാന്ത്യാവസായിരാജവൃത്തവീതരാഗ-
പ്രതിഭരിദ്രബാലവൃദ്ധസ്ത്രീരുഗ്ണാ ന പ്രതിഭുവഃ.*

ജാമ്യം വാങ്ങിക്കുന്നതിനു യോഗ്യമല്ലാത്ത ആളുകളേതൊക്കെയെല്ലാമെന്നു. തനിക്കു യജമാനനായിരിക്കുന്നവനോടും ശത്രുവായിരിക്കുന്നവനോടും തടവിലാക്കിയിരിക്കുന്നവനോടും പണ്ടാരഉദ്യോഗസ്ഥന്മാരോടും കോയിമ്മയിൽനിന്നും ദണ്ഡം ചെയ്യപ്പെട്ടിരിക്കുന്നവനോടും സംശയത്തിനിടയുള്ളവനോടും ദായാദിക്കാരോടും സ്നേഹിതനോടും വ്രതത്തെ അനുഷ്ഠിച്ചവരുന്ന ബ്രഹ്മചാരിയോടും രാജസേവന്മാരോടും ഉദാസീനന്മാരോടും വ്രതത്തെ അനുഷ്ഠിച്ചിരിക്കുന്നവരോടും ദരിദ്രന്മാരോടും ബാലന്മാരോടും വൃദ്ധന്മാരോടും സ്ത്രീകളോടും രോഗസ്ഥന്മാരോടും ജാമ്യം വാങ്ങിക്കരുതു്.

വ്യാസഃ:—

ഋണം പൈതാമഹം പൌത്രഃ പ്രാതിഭാവ്യാഗതം സുതഃ
സമം ദദ്യാത്തൽസുതേന ദാപ്യാവിതി വിനിശ്ചയഃ. ൪൯൨

അപ്ഛരന്റെ അപ്ഛരൻ വാങ്ങിച്ചിരിക്കുന്ന കടം മകന്റെ മകനും, അപ്ഛരൻ ജാമ്യം ഏറ്റ വകയിൽ കൊടുപ്പാനുള്ള ദ്രവ്യം മകനും മുതല്ക്കു മുതലായിട്ടു കൊടുക്കണം. പലിശ കൊട

*ഇവിടെ ഉദ്ധരിച്ചിട്ടുള്ള 'രിക്ഥി' തുടങ്ങിയുള്ള സ്മൃതിവാക്യം ഗദ്യമാണ്. വിജ്ഞാനേശ്വരൻ മിതാക്ഷരയിൽ കാത്യായനന്റെ

"ന സ്വാമീ ന ച വൈ ശത്രുഃ സ്വാമിനാഽധികൃതസ്ഥാ
നിരുദ്ധോ ദണ്ഡിതശ്ചൈവ സന്ദിശ്ധശ്ചൈവ ന ക്വചിൽ
നൈവ രിക്ഥീ ന മിത്രം ച ന ചൈവാന്ത്യനിവാസിനഃ
രാജകാര്യാധിയുക്തശ്ച യേ ച പ്രവ്രജിതാ നരാഃ
നാശക്തോ ധനിനേ ദാഹ്യം ദണ്ഡം രാജ്ഞേ ച തത്സമം
ജീവൻ വാപി പിതാ യസ്യ തഥൈവേച്ഛൻപ്രവർത്തകഃ
നാവിജ്ഞായ ഗൃഹീതവ്യഃ പ്രതിഭസ്സ്വക്രിയാം പ്രതി."

എന്ന വാക്യങ്ങളും ഒരു സന്ദർഭത്തിൽ ഉദ്ധരിക്കുന്നു.

Digitized By Kerala Sahitya Akademi

പ്പാൻ ആവശ്യമില്ല. പ്രപിതാമഹൻ വാങ്ങിച്ച കടം പ്രപിതാമഹന്റെ വസ്തുവിനെ എടുത്തില്ലെങ്കിൽ പ്രപൌത്രനും പിതാമഹൻ ജാമ്യമേറവുകയിൽ കൊടുപ്പാനുള്ളതു പൌത്രനും കൊടുപ്പാനാവശ്യമില്ല. പ്രപിതാമഹൻ അച്ഛന്റെ മുത്തച്ഛൻ; പ്രപൌത്രൻ മകന്റെ മുകുന്ദ മകൻ. പിതാമഹൻ അച്ഛന്റെ അച ഛൻ; പൌത്രൻ മകന്റെ മകൻ.

കാത്യായനഃ—

പ്രതിഭാവേന യദ്ദത്ത്വാൽ പീഡിതോ രോധനാദിഭിഃ
തിപക്ഷാൽ പരതസ്തത്തദ്ഗ്രിഹണം ലബ്ധുമർഹതി. ൪൯൯

കടം വാങ്ങിച്ചവൻ കൊടുത്തില്ലെങ്കിൽ ജാമ്യമേറവനെ ഞെരുക്കംചെയ്ത് ഉപദ്രവിച്ചാൽ പിന്നത്തതിൽ ജാമ്യമേറവൻ താൻ കൊടുപ്പിച്ച ദ്രവ്യത്തിനെ കടം കൊടുത്തവനു കൊടുപ്പിക്കണം. ജാമ്യമേറവൻ കടം കൊടുത്തുതീർത്ത നാല്പത്തഞ്ചു ദിവസത്തിനകം ജാമ്യക്കാരൻ കൊടുത്ത ദ്രവ്യത്തിനെ കടം വാങ്ങിച്ചവൻ ജാമ്യക്കാരനു കൊടുപ്പിക്കണം. നാല്പത്തഞ്ചുദിവസത്തിനകം കൊടുത്തില്ലെങ്കിൽ കടം വാങ്ങിച്ചവനേക്കൊണ്ടു മുതലും മുതലോളം പലിശയും ഉടൻ ജാമ്യക്കാരനു കൊടുപ്പിക്കാൻ ന്യായമുണ്ടു്.

പ്രജാപതിഃ—

ധാടകോ വിത്തഹീനസ്സ്യാല്ലഗ്നകോ വിത്തവാന്യദി
*മൂല്യം തസ്യ ഭവേദ്ദേയം ന വൃദ്ധിം ദാതുമർഹതി. ൪൯൪

കടം വാങ്ങിച്ചവനു വകയും ഗതിയുമില്ലെങ്കിൽ ജാമ്യമേറവനു വകയും ഗതിയുമുണ്ടെങ്കിൽ മേലെഴുതിയ പ്രകാരം നാല്പത്തഞ്ചു ദിവസം കഴിഞ്ഞുവെങ്കിലും മുതല്ക്കു മുതലായിട്ടുതന്നെ ജാമ്യമേറവനു കടം വാങ്ങിച്ചവനെക്കൊണ്ടു കൊടുപ്പിക്കണം.

ബൃഹസ്പതിഃ—

നഷ്ടസ്യാന്വേഷണേ കാലം ദദ്യാൽ പ്രതിഭുവേ ധനീ
ദേശാന്തരപ്രാപ്തഃ പക്ഷം മാസമബ്ദമഥാപി വാ. ൪൯൫

ജാമ്യമേല്പിച്ചു കടം വാങ്ങിച്ചവൻ ഓടിഒളിച്ചു പോയെങ്കിൽ അയവനെ അന്വേഷിപ്പാൻ ജാമ്യമേറവൻ അവധി ചോദിച്ചാൽ, ഒളിച്ചു പോയിരിക്കുന്നവൻ സമീപദേശത്തു

* 'മൂല്യം തസ്യൈവ തദ്ദേയം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

പോയിരിക്കുന്ന പ്രകാരം എങ്കിൽ ആയതും ദൂരദേശത്ത് എങ്കിൽ ആയതും വിചാരിച്ച് അവസ്ഥപോലെ പതിനഞ്ചു ദിവസമെങ്കിലും ഒരു മാസമെങ്കിലും ഒരു വർഷത്തിനകമെങ്കിലും ഒരവധി കൊടുക്കണം.

ഇതി പ്രതിഭുവിധിഃ.

അഥ ഋണസ്യ ദേയാദേയവിധിഃ.

പരഹസ്താൽ ഗൃഹീതം സ്വം കുസീദവിധിനാ തൃണം
യേന യത്ര യഥാ ദേയമദേയം ചോച്യതേ/ധുനാ. ൪൯൬

തനിക്ക് ആവശ്യമുണ്ടായിട്ട് ഒരുത്തന്റെ കൈയിൽ മാസമൊന്നിന് ഇത്ര ക്രുട്ടി തരാമെന്നു സമ്മതിച്ചു വാങ്ങിക്കുന്ന ദ്രവ്യത്തിന് ഋണമെന്നു പേരു്. ആയത് ഇന്നവൻ വാങ്ങിച്ചു കടം ഇന്നവൻ കൊടുക്കണമെന്നും ഇന്ന കാലത്തു കൊടുക്കണമെന്നും ഇന്ന പ്രകാരം കൊടുക്കണമെന്നും ഇപ്രകാരമുള്ള വിശേഷങ്ങളെ ചൊല്ലുന്നു.

കാത്യായനഃ—

യദ്ദേയം പിതുരിന്നിത്യം തദഭാവേ ച തൽസുതൈഃ
തദ്ധനം പുത്രപൌത്രൈർവാ ദേയം തത്സ്വാമിനേ തദാ.

[൪൯൭

അച്ഛൻ വാങ്ങിച്ചിരിക്കുന്ന കടം അച്ഛൻ കഴിഞ്ഞുപോയാൽ പിന്നത്തതിൽ പുത്രന്മാരു കൊടുക്കണം. പുത്രന്മാരില്ലെങ്കിൽ പൌത്രന്മാരു കൊടുക്കണം.

പ്രജാപതിഃ—

ദുർഭിക്ഷേ രാഷ്ട്രസംബാധേ ധർമ്മകാര്യേ തഥാ/പദി
ഋണം ദേയം മൂല്യമേവ ന വൃദ്ധിരിതി നിശ്ചയഃ. ൪൯൮

മഴയില്ലെങ്കിലും അധികമായിട്ടെങ്കിലും സംഘാതമരണം കൊണ്ടെങ്കിലും ദുർഭിക്ഷം തുടങ്ങിയിരിക്കുന്ന സമയത്തിലും ദുഷ്ടന്മാരായിട്ടുള്ള ചോരന്മാരേക്കൊണ്ടു പ്രജകൾക്കു ദോഷം വന്നിരിക്കുന്ന സമയത്തിലും ധർമ്മകാര്യത്തിനായിട്ടു കടം വാങ്ങിച്ചു ധർമ്മത്തിൽ ചിലവിട്ടിരിക്കുന്ന ദ്രവ്യത്തിനും കടം വാങ്ങിച്ചവന് ആപത്തു വന്നിരിക്കുന്ന സമയത്തിലും മുതല്ക്കു മുതലായിട്ടു തീർത്തു

Digitized By Kerala Sahitya Akademi

കൊടുക്കണം. പലിശ കൊടുപ്പാൻ ന്യായമില്ല. ഇപ്രകാരമത്രേ ധർമ്മശാസ്ത്രനിശ്ചയം.

പൂർവ്വം പൈതാമഹം ദേയം പിത്ര്യം ദേയം തതഃ പരം
പശ്ചാദ്ദേയമഥാത്മീയമേവം ദേയമൃണം സുതൈഃ. ർ൯൯

മുൻപിൽ അച്ഛന്റെ അച്ഛൻ വാങ്ങിച്ച കടം കൊടുക്കണം. പിന്നത്തതിൽ അച്ഛൻ വാങ്ങിച്ചത്; പിന്നത്തതിൽ താൻ വാങ്ങിച്ചത്; ഇപ്രകാരം ക്രമമായിട്ട പുത്രന്മാർ കടം കൊടുത്തുതീർക്കണം.

ബൃഹസ്പതിഃ—

പിതര്യുപരതേ പുത്രാ ഋണം ദദ്യുര്യഥാംശതഃ
വിഭക്താ അവിഭക്താ വാ യോ വാ താമുദവഹേദ്ധുരം.

[ർ൯൦

അച്ഛൻ മരിച്ചുപോയെങ്കിൽ അച്ഛൻ വാങ്ങിച്ചിരിക്കുന്ന കടം പുത്രന്മാരു വസ്തുവക പകുത്തിട്ടുണ്ടെങ്കിൽ അവരവരുടെ വീതത്തിനുള്ളത് അവരവരു കൊടുക്കണം. പകുത്തില്ലെങ്കിൽ ഒന്നിച്ചു പാർത്തുവെങ്കിലും വേറിട്ടു പാർത്തുവെങ്കിലും യാതൊരുത്തൻ പ്രമാണകായ്യം വിചാരിച്ചു വരുന്നു എന്നാൽ ആയവൻ കൊടുക്കണം.

നാരദഃ—

ഋണമാത്മീയവൽ പിത്ര്യം പുത്രൈർദേയം വിഭാവിതം
പൈതാമഹം സമം ദേയമദേയം തൽസുതേന തു. ർ൯൧

അച്ഛൻ വാങ്ങിച്ചിരിക്കുന്ന കടം താൻ വാങ്ങിച്ചതുപോലെ ക്രുടിയ പലിശയും മുതലും പുത്രൻ കൊടുക്കണം. പിതാമഹൻ വാങ്ങിച്ച കടം മുതല്ക്കു മുതലായിട്ട കൊടുത്തുതീർക്കണം. പ്രപിതാമഹന്റെ വസ്തുവക എടുത്തില്ലെങ്കിൽ പ്രപൌത്രൻ മേലെഴുതിയ കടം കൊടുത്തു തീപ്പാൻ ആവശ്യമില്ല.

ക്രമാദ്ഭ്യാഗതം പ്രാപ്യ പുത്രൈന്നപ്ത്രം സമുദ്ധൃതം
ദദ്യുഃ പൈതാമഹം പൌത്രാസ്തച്ചതുർത്ഥാന്നിവർത്തതേ.

[ർ൯൨

പൂർവ്വന്മാരുടെ പാരമ്പര്യത്തിൽ ഉണ്ടായിരിക്കുന്ന വസ്തുവക എടുത്തനുഭവിച്ചുകൊണ്ട് അച്ഛൻ മുതലായവരു വാങ്ങിച്ച

Digitized By Kerala Sahitya Akademi

ശ്രദ്ധിക്കുന്നതിനെ പുത്രന്മാരു കൊടുത്തുതീത്തില്ലെങ്കിൽ പുത്രന്മാരുടെ പുത്രരായുള്ള പൌത്രരെങ്കിലും കൊടുത്തുതീക്കണം; പൌത്രന്റെ പുത്രൻ കൊടുപ്പാനാവശ്യമില്ല.

യാജ്ഞവല്ക്യഃ:—

പിതരി പ്രോഷിതേ പ്രേതേ വ്യവഹാരിപ്ലുതേ പി വാ
പുത്രപൌത്രൈർണം ദേയം നിഹ്നവേ സാക്ഷിഭാവിതം.

[൪൯൨

വാങ്ങിച്ചകടം കൊടുക്കാതെ അച്ഛൻ ദേശാന്തരമെങ്കിലും മരിച്ചെങ്കിലും വല്ലതായിട്ടുള്ള വ്യവഹാരത്തോടുകൂടിയെങ്കിലും പോയാൽ പുത്രന്മാരില്ലെങ്കിൽ പൌത്രന്മാരും മേലെഴുതിയ കടം കൊടുത്തുതീക്കണം. അച്ഛൻ മുതലായവരു വാങ്ങിച്ച കടത്തിനു പുത്രന്മാക്കു സംശയം വന്നാൽ ലിഖിതസാക്ഷ്യാദിപ്രമാണത്താൽ ബോധം വരുത്തിക്കൊടുക്കുന്ന ദ്രവ്യം കൊടുക്കണം.

അനേകാർത്ഥാഭിയോഗേ തു യാവദ്വ്യവസംസാധയേദ്ധനീ
സാക്ഷിഭിസ്താവദേവാന്യേ ലിഖിതേ നാധികം തതഃ. ൪൯൩

ധനം ധാന്യം വസ്ത്രം മുതലായ അനേകാർത്ഥങ്ങൾ അച്ഛൻ കടം വാങ്ങിച്ചിരിക്കുന്നതു തരുവിക്കണമെന്നു മകനെക്കൊണ്ടു് ആവലാതി ബോധിപ്പിച്ചാൽ അയതു മകൻ ഏറ്റില്ലെങ്കിൽ ലിഖിതസാക്ഷ്യാദിപ്രമാണങ്ങളേക്കൊണ്ടു് എത്ര അർത്ഥം ബോധം വരുത്തിക്കൊടുക്കുന്നു എന്നാൽ അതുയും കൊടുപ്പിക്കണം. ആവലാതി ബോധിപ്പിച്ചതിൽ ഏതാനും അർത്ഥം ബോധം വരുത്തിക്കൊടുത്തില്ലെങ്കിൽ അയതു വരികയില്ല.

വിദ്യമാനേപി രോഗാർത്തേ സപ്രദേശാൽ പ്രോഷിതേപി വാ
വിംശസംവത്സരാദ്ദേയമൃണം പിതൃകൃതം സുതൈഃ. ൪൯൪

അച്ഛൻ ജീവിച്ചിരിക്കുമ്പോൾ തന്നെ എത്രയും രോഗിയായിപ്പോയി എങ്കിലും ദേശാന്തരം പോയെങ്കിലും പുത്രൻ ഇരുപതു സംവത്സരത്തിനകം അച്ഛൻ വാങ്ങിച്ച കടം കൊടുത്തുതീക്കണം.

ഏകച്ഛായാപ്രവിഷ്ടാനാം ദായ്യാ യസ്തത്ര ദൃശ്യതേ
പ്രോഷിതേ തൽസുതഃ സർവം പിതൃംശന്തു മൃതേ സുതഃ.

[൪൯൫

Digitized By Kerala Sahitya Akademi

നാലഞ്ചാളായിട്ട പ്രത്യേകം ജാമ്യമേറ്റ് ഒരുത്തനേക്കൊണ്ട മറെറാരുത്തനു കടം കൊടുപ്പിച്ചുവെങ്കിൽ കടം വാങ്ങിച്ചവൻ തിരിയെ കൊടുക്കാതെ ഓടിഒളിച്ചുപോയാൽ ജാമ്യമേറ്റതിലാരെയെങ്കിലും കണ്ടാൽ ആയവനേക്കൊണ്ടു കടം മുഴുവനും കൊടുപ്പിക്കണം. ജാമ്യമേറ്റവൻ ദേശാന്തരം പോയെങ്കിലും മരിച്ചുപോയെങ്കിലും അവന്റെ പുത്രൻ സമീപത്തിരുന്നാൽ അവനേക്കൊണ്ട് അച്ഛന്റെ ദ്രവ്യം മുഴുവനും കൊടുപ്പിക്കണം. അച്ഛൻ ജാമ്യമേറ്റ ദ്രവ്യം കൊടുക്കുന്നതിനു മുൻപിൽ മരിച്ചുപോയെങ്കിൽ അവന്റെ വീതമുള്ളതു മകനേക്കൊണ്ടു കൊടുപ്പിക്കണം.

പിതാമഹഃ:—

അവിഭക്താ ഋണം ദദ്യുഃ പിതൃം മാതൃകമേവ വാ
തദഭാവേ വിഭക്താശ്ച; ന ത്വേനം പ്രതിശ്രുതം. ര ൬ ൯

അച്ഛൻ വാങ്ങിച്ച കടവും അമ്മ വാങ്ങിച്ച കടവും തിരികെ കൊടുക്കുന്നതിനു മുൻപിൽ അവരു കഴിഞ്ഞുപോയാൽ വസ്തുവക പകുക്കാതെ അമ്മയോടും അച്ഛനോടുമൊന്നിച്ചു പാത്തിരുന്ന പുത്രന്മാർ ആ വക കൊടുക്കണം. അവരില്ലെങ്കിൽ വസ്തുവക പകുത്തു വേറിട്ടു പാർക്കുന്ന പുത്രന്മാരു കൊടുക്കണം. അച്ഛൻ കൈയിൽ ദ്രവ്യം വാങ്ങിക്കാതെ ഇത്ര പണം ദാനമായിട്ടു തരാമെന്ന ധർമ്മകായ്യമല്ലാതെ നിഷ്ഫലമായിട്ടുള്ള കായ്യത്തിൽ പ്രതിജ്ഞ ചെയ്യംവച്ച് ആയതു കൊടുക്കാതെ മരിച്ചുപോയാൽ ആയതു പുത്രന്മാരു പിന്നത്തതിൽ കൊടുപ്പാനാവശ്യമില്ല. ദേവക്കാരു മുതലായ ആളുകൾക്കു കൊടുക്കുന്നതു നിഷ്ഫലമെന്നറിഞ്ഞു കൊള്ളണം.

നാരദഃ:—

പിതൃവ്യേണാവിഭക്തേന ഭ്രാത്രാ വാ യദ്ധനം കൃതം
മാത്രാ വാ യൽ കുടുംബാർത്ഥേ ദദ്യുസ്തദ്രിക്ഥിനോഽഖിലം.
[ര ൬ ൨

അച്ഛനോടുകൂടിപ്പിറന്ന വലിയച്ഛൻ മുതലായവരെങ്കിലും സഹോദരന്മാരെങ്കിലും അമ്മയെങ്കിലും ഇതല്ലാതെ ആരെങ്കിലും കുടുംബം രക്ഷിപ്പാനായി കടംവാങ്ങിച്ചിലവിട്ടുംവച്ചു

Digitized By Kerala Sahitya Akademi

പിന്നത്തതിൽ തിരിയെക്കൊടുക്കാതെ കഴിഞ്ഞുപോയാൽ അവരുടെ വസ്തുവക എടുക്കുന്നവരു മേലെഴുതിയ കടം മുഴുവനും കൊടുത്തു തീക്കണം.

കാത്യായനഃ—

ന പ്രാപ്തവ്യവഹാരസ്യ പിതര്യുപരതേ കചിൽ
കാലേന വിധിനാ ദേയം വസേയുസ്തരകേഽന്യഥാ. ൫ ൽ

അച്ഛൻ വാങ്ങിച്ച കടം കൊടുക്കുന്നതിനു മുൻപിൽ കഴിഞ്ഞുപോയെങ്കിൽ പതിനാറു വയസ്സു കഴിഞ്ഞു മകനു വ്യവഹാരം പറയാൻ പ്രാപ്തിവന്നതിൽപിന്നെ അച്ഛൻ വാങ്ങിച്ച കടം കൊടുക്കണം. പ്രാപ്തിവരുന്നതിനു മുൻപിൽ കടക്കാക്കു കൊടുപ്പിക്കാൻ ന്യായമില്ല. പ്രാപ്തിവന്നിട്ടും അച്ഛൻ വാങ്ങിച്ച കടം വിധിപ്രകാരം മകൻ കൊടുക്കാഞ്ഞാൽ അച്ഛൻ മുതലായവക്കു നരകത്തിൽ വസിപ്പാൻ ഇടവരും.

ദക്ഷപ്രജാപതിഃ—

* തപസ്വീ ചാഗ്നിഹോത്രീ ച ഋണവാൻ മ്രിയതേ യദി
തപശ്ചൈവാഗ്നിഹോത്രഞ്ച തസ്വം ധനിനാം ധനം.

[ർ വ്യ ൦

കടം വാങ്ങിച്ചതിനെ തിരിയെക്കൊടുക്കാതെ മരിച്ചുപോയെങ്കിൽ കടം വാങ്ങിച്ചിരിക്കുന്നവൻ ചെയ്തിരിക്കുന്ന തപസ്സിന്റെ ഫലവും അഗ്നിഹോത്രം മുതലായ ക്രിയകളുടെ ഫലവും അല്ലാതെ കണ്ടുള്ള പുണ്യങ്ങളുടെ ഫലവും വാങ്ങിച്ചിരിക്കുന്ന കടത്തിനു പകരമായിട്ടു കടം കൊടുത്തവനു സിദ്ധിക്കും.

ബൃഹസ്പതിഃ—

ഉദ്ധാരാദികമാദായ സ്വാമിനേ ന ദദാതി യഃ
സ തസ്യ ദാസോ ഭൃത്യഃ സ്ത്രീ പശുർവ്വാ ജായതേ ഗൃഹേ. ർ വ്യ ഫ

വെറുങ്കടമായിട്ടു വാങ്ങിച്ചതു തിരിയെ കൊടുത്തു ഋണമോചനം വരുത്തിയില്ലെങ്കിൽ കടം കൊടുത്തവന്റെ ഭവനത്തിൽ ദാസനായിട്ട് എങ്കിലും ഭാര്യയായിട്ട് എങ്കിലും പശുവായിട്ട് എങ്കിലും ജനിക്കണം.

* 'ദക്ഷസ്യൂപസ്യാഗ്നിഹോത്രീ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

അതഃ പുത്രേണ ജാതേന സപ്താത്മൽസൃജ്യ യത്നതഃ
ഋണാൽ പിതാ മോചനീയോ യഥാ ന നരകം വ്രജേൽ.
[ർ വ്യ

ഋണമോചനം വരുത്തിയില്ലെങ്കിൽ മേലെഴുതിയ പ്രകാരമൊക്കയും വരുന്നതാകകൊണ്ടു പുത്രനായിട്ടു ജനിച്ച പ്രാപ്തിവന്നാൽ പിന്നെ ശേഷമുള്ള കായ്മൊക്കയും ത്യജിച്ച് അച്ഛൻ നരകം വരാതെയിരിക്കത്തക്കവണ്ണം ഋണമോചനം വരുത്തുന്നതിനുള്ള യത്നം ചെയ്ത് ഋണമോചനം വരുത്തണം. അല്ലെകിൽ പുത്രനായിട്ടു ജനിച്ചതിനു സാഫല്യം സിദ്ധിക്കയില്ല.

യാജ്ഞവല്ക്യഃ:—

ഗോപശൌണ്ഡികശൈലൂഷരജകവ്യാധയോഷിതാം
ഋണം ദത്ത്വാൽ പതിസ്ഥാനാം യസ്മാദ്വൃത്തിസ്തദാശ്രയാ.
[ർ വ്യന

ഏടയൻ, മദ്യമുണ്ടാക്കുന്നവൻ, വേഷക്കാരൻ, രജകൻ, വ്യാധൻ, ഇപ്രകാരമുള്ളവർ അവരുടെ സ്ത്രീകൾ ഏർപ്പെടുവരുന്ന പ്രവൃത്തികൊണ്ടു ജീവനം ചെയ്യുവരുന്നവരാകകൊണ്ടു സ്ത്രീകൾ വാങ്ങിച്ചിരിക്കുന്ന കടം അവരില്ലെങ്കിൽ ഭർത്താക്കന്മാരു കൊടുക്കണം.

കാത്യായനഃ:—

നിഷ്നൈരനപത്യൈശ്ച യൽകൃതം ശൌണ്ഡികാദിഭിഃ
തൽസ്ത്രീണാമുപഭോക്താ തു ദത്ത്വാത്തദൃണമേവ ഹി. ർ വ്യ ർ

ഏടയൻ മുതലായവർ കടം വാങ്ങിച്ചതു തിരിയെ കൊടുക്കാതെയും പുത്രന്മാരില്ലാതെയും മരിച്ചുപോയെങ്കിൽ അവരുടെ സ്ത്രീകളെ രണ്ടാംപ്രാവശ്യം കെട്ടി രക്ഷിച്ചുവരുന്നവൻ മുൻപിൽ കെട്ടിയിരിന്നവന്റെ കടം കൊടുത്തുതീക്കണം.

നാരദഃ:—

പരപൂർവ്വാഃ സ്ത്രിയസ്ത്വന്യാഃ സപ്ത പ്രോക്താ യഥാക്രമം
പുനർഭ്രസ്ത്രിവിധാ താസ്വാം സൈരിണീ തു ചതുർവിധാ.
[ർ വ്യ ഭ

രണ്ടാംപ്രാവശ്യം കെട്ടുന്ന സ്ത്രീകൾ ഏഴുവിധം. അതിൽ മൂന്നുവിധത്തിലുള്ളവർ പുനർഭ്രൂ; സൈരിണീ നാലുവിധം; ഇപ്രകാരം ഏഴുവിധം. ഈ ഏഴുവിധത്തിനേയും ക്രമമായിട്ടു ചൊല്ലുന്നു.

Digitized By Kerala Sahitya Akademi

കന്യൈവാക്ഷതയോനിയ്യാ പാണിഗ്രഹണദൂഷിതാ
പുനർഭ്രൂ: പ്രഥമാ സോക്താ പുനസ്സംസ്കാരകർമ്മണാ. ര വ്യ സ

ഒരുത്തൻ മുൻപിൽ വേളികഴിച്ചിരിക്കുന്ന കന്യകയുടെ ഭത്താവ് ഋതുവാകുന്നതിനു മുൻപിൽ കഴിഞ്ഞുപോയെങ്കിൽ രണ്ടാം പ്രാവശ്യം മറൊരുത്തനു കെട്ടിക്കൊടുക്കുന്ന കന്യക ഒന്നാമത്തെ പുനർഭ്രവ്.

ദേശധർമ്മാനവേക്ഷ്യ സ്ത്രീ ഗുരുഭിയ്യാ പ്രദീയതേ
ഉൽപന്നസാഹസാഽന്യസ്മൈ സാ ദ്വിതീയാ പ്രകീർത്തിതാ.
[ര വ്യ ൭

ഒരുത്തനു കെട്ടിക്കൊടുത്തിരിക്കുന്ന സ്ത്രീക്കു മറൊരുത്തനോടു സംയോഗമുണ്ടായി വ്യഭിചാരം കണ്ടുവെങ്കിൽ ആ സ്ത്രീയുടെ ഗുരുജനങ്ങൾ ക്രുടി അതതു ദേശാചാരത്തിൻവണ്ണം മറൊരുത്തനു കൊടുക്കുന്ന സ്ത്രീ രണ്ടാമത്തെ പുനർഭ്രവ്.

അസൽസു ദേവരേഷു സ്ത്രീ ബാന്ധവൈയ്യാ പ്രദീയതേ
*സവർണ്ണായ സപിണ്ഡായ സാ തൃതീയാ പ്രകീർത്തിതാ. ര വ്യ വ

ഒരുത്തൻ മുൻപിൽ വേളികഴിച്ചിരിക്കുന്ന വേളിയുടെ ഭത്താവു കഴിഞ്ഞുപോയാൽ ഭത്താവിന്റെ ജ്യേഷ്ഠാനുജന്മാർ ഇല്ലെങ്കിൽ സമാനജാതിയിൽ പുലയുള്ളതിൽ ഒരുത്തനു ബന്ധുക്കൾ ക്രുടിക്കൊടുക്കുന്ന സ്ത്രീ മൂന്നാമത്തെ പുനർഭ്രവ്.

സ്ത്രീ പ്രസൂതാ/പ്രസൂതാ വാ പത്യൌ സപ്രസ്ഥേ തു ജീവതി
കാമാൽ സമാശ്രയേദന്യം പ്രഥമാ സൈരിണീ തു സാ.
[ര വ്യൻ

ഇനി സൈരിണികളെ നാലുവിധത്തിലും ക്രമമായിട്ടു ചൊല്ലുന്നു. കെട്ടിയിരിക്കുന്ന ഭത്താവു സപ്രസ്ഥനായിട്ടിരിക്കുമ്പോൾ പ്രസവിച്ചവൾ എങ്കിലും പ്രസവിക്കാത്തവൾ എങ്കിലും കാമം കൊണ്ടു മറൊരുത്തനോടു സംസർഗ്ഗം ചെയ്യുവരുന്ന സ്ത്രീ ഒന്നാമത്തെ സൈരിണി.

കൌമാരം പതിമുൽസൃജ്യ യാഽന്യം പുരുഷമാശ്രിതാ
പുനഃ പത്യുർഗ്രഹം യായാൽ സാ ദ്വിതീയാ പ്രകീർത്തിതാ.
[ര൯ ൦

* 'സവർണ്ണായാസപിണ്ഡായ' എന്നു പരാശരമാധവീയത്തിൽ.

Digitized By Kerala Sahitya Akademi

സുന്ദരനായിരിക്കുന്ന ഭർത്താവിനെ വിട്ടുംവച്ച് അന്യപുരുഷസംസർഗ്ഗംചെയ്തു പിന്നത്തതിലും ഭർത്താവിനെ ആശ്രയിച്ചുവരുന്ന സ്ത്രീ രണ്ടാമത്തെ സൈരിണീ.

മൂതേ ഭർത്തരി യാ നാരീ ദേവരാദ്യനപാസ്യ തു
ഉപഗച്ഛേൽ പരം കാമാൽ സാ തൃതീയാ പ്രകീർത്തിതാ.
[ർൻ൨

കെട്ടിയിരിക്കുന്ന ഭർത്താവു കഴിഞ്ഞുപോയതിൽപിന്നീട് ഭർത്താവിന്റെ ക്രൂടെപ്പിറന്നവരെ വിട്ടുംവച്ച് അന്യപുരുഷനെ മോഹംകൊണ്ട് ആശ്രയിച്ചുവരുന്ന സ്ത്രീ മൂന്നാമത്തെ സൈരിണീ.

പ്രാപ്യാ ദേശാന്തരക്രീതാ ക്ഷുൽപിപാസാതുരാ ച യാ
തവാഹമിത്യുപഗതാ സാ ചതുർത്ഥാ പ്രകീർത്തിതാ. ർൻ൩

വില്ക്കപ്പെട്ട സ്ത്രീയും നിദാനത്തിന്നു ഗതിയില്ലാതെ ദേശാന്തരത്തിൽനിന്നും ഞാൻ നിനക്കു ഭാര്യയായിട്ടിരിക്കാമെന്നു പറഞ്ഞിരിക്കുന്ന സ്ത്രീയും നാലാമത്തെ സൈരിണി.

അന്തിമാ സൈരിണീ സാ ച പുനർഭ്രൂഃ പ്രഥമാ ച യാ
ക്രീണം തയോഃ പതികൃതം ഭർത്ര്യാദ്യസ്യ ഉപാശ്രിതഃ. ർൻ൪

നാലാമത്തെ സൈരിണിയേയും ഒന്നാമത്തെ പുനർഭ്രൂവിനേയും രണ്ടാംപ്രാവശ്യം കെട്ടി രക്ഷിച്ചുവരുന്നവൻ ആ സ്ത്രീകളുടെ മുൻപിലത്തെ ഭർത്താവു വാങ്ങിച്ചിരിക്കുന്ന കടം വീട്ടണം.

അധനസ്യ ഹ്യപുത്രസ്യ മൃതസ്യോപൈതി യഃ സ്ത്രിയം
ക്രീണം വോഢുസ്സ ഭജതേ തദ്ദേവാസ്യ ധനം സ്മൃതം. ർൻ൫

ധനഹീനനായിട്ടും പുത്രഹീനനായിട്ടും ഇരിക്കുന്നവൻ മരിച്ചുപോയാൽ ആയവനു സ്ത്രീതന്നെ ധനമാകകൊണ്ട് ആ സ്ത്രീയെ രണ്ടാംപ്രാവശ്യം കെട്ടുന്നവൻ മുൻപിലത്തെ ഭർത്താവു വാങ്ങിച്ചിരിക്കുന്ന കടം വീട്ടണം.

ധനസ്ത്രീഹാരിപുത്രാണാമൂണഭാഗ്യോ ധനം ഹരേൽ
പുത്രോ/സത്തോഃ സ്ത്രീധനിനോഃ സ്ത്രീഹാരീ ധനിപുത്രയോഃ.
[ർൻ൬

മരിച്ചുവന്റെ വസ്തുവക എടുക്കുന്നവൻ ധനഹാരീ; മരിച്ചുവന്റെ സ്ത്രീയേ രണ്ടാംപ്രാവശ്യം കെട്ടുന്നവൻ സ്ത്രീഹാരീ.

Digitized By Kerala Sahitya Akademi

അച്ഛന്റെ വസ്തുക്കൾ പകുത്തെടുക്കുന്നതിന് അഹ്തയില്ലാത്ത ഷണ്ഡൻ പതിതൻ മുതലായ പുത്രനേയും ശ്ലോകത്തിൽ ഇരിക്കുന്ന പുത്രപദത്തിന്റെ അർത്ഥം വ്യാപിക്കും. മേലെഴുതിയ മൂന്നുപേരിൽ മരിച്ചുപോയവന്റെ ധനത്തിൽ അവകാശംകൊണ്ട് എടുക്കുന്നവൻ മുൻപിൽ മരിച്ചുപോയവന്റെ കടം വീട്ടണം. സ്ത്രീഹാരിയും ധനഹാരിയുമില്ലെങ്കിൽ മേലെഴുതിയ പുത്രൻ കടം വീട്ടണം. ധനഹാരിയും പുത്രനുമില്ലെങ്കിൽ സ്ത്രീഹാരി കടം വീട്ടണം.

ഇതി ഋണസ്യ ദേയാദേയവിധിഃ.

അഥ ഉദ്ഗ്രഹണവിധിഃ.

മനുഃ:—

ധർമ്മേണ വ്യവഹാരേണ ചരിത്രേനാചരിതേന ച
പ്രയുക്തം സാധയേദർത്ഥം പഞ്ചമേന ബലേന വാ. ർൻന്ന

കടംകൊടുത്തതു തിരിയെ വാങ്ങിപ്പാനുള്ള ഉപായങ്ങളെ ചൊല്ലുന്നു. ഒന്നാമതു ധർമ്മോപായം. രണ്ടാമതു വ്യവഹാരം, മൂന്നാമതു ചരിത്രം, നാലാമത് ആചരിതം, അഞ്ചാമതു ബലം, ഇപ്രകാരം ഉള്ളതിൽ ഒരുപായത്താൽ വാങ്ങണം.

ബൃഹസ്പതിഃ—

പ്രതിപന്നമൃണം ദാപ്യസ്സാമാദിഭിരുപക്രമൈഃ
ധർമ്മാവധി ബലാൽക്കാരൈർഗൃഹസംരോധനേന ച. ർൻ൭

സാമഭേദദണ്ഡങ്ങളാകുന്ന മൂന്നുവിധമുപായങ്ങളേക്കൊണ്ടും മുൻപിൽ പറഞ്ഞിട്ടുള്ള ധർമ്മചരിതബലാൽകാരങ്ങളാലുംകൊണ്ടും ഗൃഹസംരോധം കൊണ്ടും കൊടുപ്പിക്കണം.

സുഹൃത്സംബന്ധിസന്ദിഷ്ടൈസ്സാമോക്ത്യാ/നുഗമേന ച
പ്രായേണ ച ഋണീ ദാപ്യോ ധർമ്മ ഏഷ ഉദാഹൃതഃ. ർൻവ

കടംവാങ്ങിച്ചവൻ ഏറെഴുതിയതിനെ കൊടുപ്പാൻ ശാഠ്യം പറഞ്ഞുവെങ്കിൽ കടംവാങ്ങിച്ചവന്റെ ബന്ധുക്കളേയും മറ്റും വരുത്തിപ്പറഞ്ഞു ബോധിപ്പിച്ചു കൊടുക്കുന്നതു ധർമ്മോപായം.

ഉത്തമനാ യാചിതം വാഽർത്ഥമാനീയ ഋണികാദ്ധനീ
അനപാഹിതാദി വാഽഹൃത്യ ദാപ്യതേ യത്ര സോപധിഃ.

[ർൻൻ

Digitized By Kerala Sahitya Akademi

കടം വാങ്ങിച്ചവൻ തിരിയെ കൊടുക്കാതെ ശഠ്യം പറഞ്ഞാൽ അനുസരിച്ചുവിട്ട ഉപേക്ഷകൊണ്ടു കാലംചെന്നതിനെ പിന്നെ ഉത്സവം കല്യാണം മുതലായ സംഗതിയിങ്കൽ അലങ്കാരത്തിന്ന് ആഭരണം തരണമെന്നും ഉത്സവം മുതലായതു കഴിഞ്ഞു ക്രുടുമ്പോൾ തിരിയെക്കൊണ്ടുവന്നു തരാമെന്നും പറഞ്ഞു താൻ കൊടുത്തിരിക്കുന്ന ദ്രവ്യത്തിന്ന പകരംവാങ്ങിക്കുന്നതു ഛലോപായം. ഇപ്രകാരമുള്ള ഛലത്തിൽ ഇരുവർക്കും തക്കം വന്നാൽ എരവുവാങ്ങിച്ചതും കടം കൊടുത്ത ദ്രവ്യവും സമമെന്നും അധികമെന്നും വിചാരിച്ചു ദ്രവ്യം കൊടുത്ത എരവുടയവനു കൊടുപ്പിക്കണം.

ബദ്ധാ സ്വഗൃഹമാനീയ താഡനാദ്യൈരുപക്രമൈഃ
ഋണികോ ദാപ്യതേ യത്ര ബലാൽകാരസ്സ കീർത്തിതഃ. ൪൦൦

വാങ്ങിച്ച കടം തിരിയെ കൊടുക്കാതെ ശാഠ്യം പറഞ്ഞാൽ ആയവനെ ബന്ധിച്ചു ഭവനത്തിൽ ക്രുട്ടിച്ചുകൊണ്ടു ചെന്നു താഡനം മുതലായതു ചെയ്തു വാങ്ങിക്കുന്നതും അപ്രകാരം ചെയ്തു കൊടുപ്പിക്കുന്നതും ബലോപായം. സാക്ഷി മുതലായ പ്രമാണങ്ങളെ കാണിച്ചു വ്യവഹരിച്ചു വാങ്ങിക്കുന്നതു വ്യവഹാരം. മറിപ്പുകിടന്ന് ഉപവാസംകിടന്നു വാങ്ങിക്കുന്നത് ആചരിതം. ഇപ്രകാരം ഉള്ള ഉപായത്താൽ വാങ്ങിക്കയും കൊടുപ്പിക്കയും വേണം.

കർമ്മണാപി സമം കുര്യ്യാദ്ധനികം വാ/ധമർണ്ണികഃ
സമോപകൃഷ്ടജാതിശ്ച ദദ്യാച്ഛ്രേയാംസ്തു തച്ഛര-
[നൈഃ. ൪൦൧

ഹീനജാതിം പരിക്ഷീണമുണാത്പ്രേ കർമ്മ കാരയേൽ
ബ്രാഹ്മണസ്തു പരിക്ഷ്വണശ്ചിരാന്നൈട്ടാപ്യോ യഥോദയം.
[൪൦൨

കടം വങ്ങിച്ചതിനെ തിരിയെ കൊടുപ്പാൻ വകയും ഗതിയുമില്ലെങ്കിൽ അവക്ക് ഋണമോചനം വരുത്തുവാൻ ഉള്ള ഉപായത്തെച്ചൊല്ലുന്നു. കടം വാങ്ങിച്ചവൻ കടം കൊടുത്തവനോടു സമജാതിയെങ്കിലും ഹീനജാതിയെങ്കിലും വാങ്ങിച്ച ദ്രവ്യം കൊടുപ്പാൻ ഗതിയില്ലെങ്കിൽ ആയവനേക്കൊണ്ടു കടം കൊടുത്തവൻ യുക്തമായിട്ടുള്ള വേല എടുപ്പിച്ചെങ്കിലും കടം തീർക്കണം.

Digitized By Kerala Sahitya Akademi

വേല എടുക്കുന്നത് അവന്റെറ കുടുംബത്തിനു വിരോധം ക്രൂരതയും തീക്ഷ്ണത കടത്തോളവും ആകണം. കടം വാങ്ങിച്ചവൻ കടം കൊടുത്തവനേക്കാം വലിപ്പമുള്ള ജാതിയിൽ ജനിച്ചവനെങ്കിൽ അവനേക്കൊണ്ടു വേല എടുപ്പിക്കരുതു്. വകയും ഗതിയും പോലെ നെടുനാളവണ്ണവച്ചു നെടുങ്കാലം അവധിവച്ചു് കുറയെക്കുറയെ കൊടുപ്പിക്കണം.

മനുഃ—

യൽസാധനം തച് ഛരന്നേന വേദയേദ്യാനികോ ന്യപം
സ രാജ്ഞേണ്ണചതുർഭാഗം ദദ്യാത്തസ്യ ച തദ്ധനം. ൪൦൫

കടം കൊടുത്തവൻ കടം വാങ്ങിച്ചവനെ അനുസരിച്ചു നാട്ടുനടപ്പുപോലെ കടം വീട്ടിച്ചു വരുമ്പോഠം സംഗതിയില്ലാതെ കടംവാങ്ങിച്ചവൻ കോയിമ്മയിൽ അന്യായം വച്ചാൽ വിചാരിക്കുമിടത്തിൽ കടംകൊടുത്തവൻ ന്യായപ്രകാരം കടം വീട്ടിച്ചു വരുന്നവെങ്കിൽ അവനേക്കൊണ്ടു സംഗതിയില്ലാതെ ആവലാതിബോധിപ്പിച്ചതിനു കടം വാങ്ങിച്ചുംകൊണ്ടു കൊടുപ്പാനുള്ള ദ്രവ്യവും കൊടുപ്പിച്ചു് ആ ദ്രവ്യത്തിന്റെറ നാലിലൊന്നു പ്രായശ്ചിത്തവും ചെയ്യിപ്പിച്ചുകൊള്ളണം.

അനിവേദ്യ തു രാജ്ഞേ യസ്സന്ദിശേദ്ധനം പ്രവത്തതേ
പ്രസഹ്യ സവിനേയസ്സ്യാൽ സ ചാതേഠാഽസ്യ ന സിദ്ധ്യതി.
[൪൦൬

തക്കം ഉണ്ടായി വ്യവഹാരത്തിൽ കിടക്കുന്ന ദ്രവ്യത്തിനു കടം വാങ്ങിച്ചവനെ കോയിമ്മയിൽ ബോധിപ്പിക്കാതെ ഞെരുക്കം ചെയ്തു വാങ്ങിപ്പാൻ തുടങ്ങിയെങ്കിൽ അയവനേക്കൊണ്ടും പ്രായശ്ചിത്തം ചെയ്യിപ്പിച്ചു കായ്യം കേട്ടുവരുമ്പോഠം കൊടുപ്പാൻ കണ്ടുവെങ്കിൽ കൊടുപ്പിക്കണം; അല്ലെങ്കിൽ സിദ്ധിക്കയില്ല.

രൂപസംഖ്യാവിശേഷേഷു യത്ര ഭ്രാന്തിർദ്വയോർഭവേൽ
ദേയാനാദേയയോർവ്വാപി സന്ദിശേദ്ധാഽത്ഥസ്സ കീർത്തിതഃ.
[൪൦൭

ഇന്നതു കൊടുക്കണമെന്നും ഇന്നതു കൊടുപ്പാനില്ലാത്തതെന്നും ആയതിന്റെറ സംഖ്യയും നിശ്ചയമില്ലാതെ വാദിപ്രതിവാദികളിലൊരുത്തൻ സംശയിച്ചു വ്യവഹാരം പറഞ്ഞു വരുന്ന ദ്രവ്യം തക്കമുള്ള വക എന്നറിഞ്ഞുകൊള്ളണം.

Digitized By Kerala Sahitya Akademi

പീഡയേത്തു ധനീ യത്ര ഋണികം ന്യായവാദിനം
തസ്മാദത്ഥാത്സ ഹീയേത തത്സമം പ്രാപ്നുയാദ്ദമം.

[ഒ ഠന്ന

കടം വാങ്ങിച്ചവൻ ന്യായം പറഞ്ഞു ന്യായത്തിൽത്തന്നെ നിന്നാൽ കടം കൊടുത്തവൻ മുഷ്യാദയില്ലാതെ പീഡിപ്പിച്ചുവെങ്കിൽ കടം കൊടുത്തവനു വരുവാനുള്ള ദ്രവ്യത്തിനു ഹാനിയും വന്നു; അതുയും ദ്രവ്യം പ്രായശ്ചിത്തവും ചെയ്യിപ്പിക്കണം

ഭരദ്വാജഃ:—

ഋണികസ്യ ധനാഭാവേ വിക്രേയശ്ചാനുപൂർവ്വശഃ
ക്ഷേത്രാഭാവേ തഥാരാമസ്തസ്യാഭാവേ ഗൃഹക്രയഃ
ദ്വിജാതീനാം ഗൃഹാഭാവേ കാലഹാരോ വിധീയതേ.

[ഒ ഠ ഒ

കടം വാങ്ങിച്ചവനു കടം വീട്ടുവാൻ ദ്രവ്യമില്ലെങ്കിൽ നിലത്തിനെ വിറ്റു കൊടുപ്പിക്കണം. നിലമില്ലെങ്കിൽ പുരയിടം; പുരയിടമില്ലെങ്കിൽ ഭവനം. ഇപ്രകാരം ക്രമമായിട്ടു വസ്തുവക വിറ്റിച്ചു കൊടുപ്പിക്കണം. ബ്രാഹ്മണക്കു ഗൃഹമില്ലെങ്കിൽ കാലക്രമംകൊണ്ടു് അവധിവച്ചു തീർപ്പിക്കണം.

ഹിരണ്യേ ദ്വിഗുണീഭൂതേ മൂതേ നഷ്ടേ/ധമർണ്ണികേ
ദ്രവ്യം തദീയം സംഗൃഹ്യ വിക്രീണീത സസാക്ഷികം.

[ഒ ഠ വ

കടം വങ്ങിച്ചവൻ വാങ്ങിച്ച ദ്രവ്യം തിരിയെ കൊടുക്കാതെ മരിച്ചുവെങ്കിലും ദേശാന്തരം പോയെങ്കിലും വാങ്ങിച്ച ദ്രവ്യം പലിശയോടുകൂടെ എഴുതിച്ചാൽ പിന്നത്തതിൽ ആയവന്റെ പൊൻ, വെള്ളി, ആളുടിമ, കന്നുകാലി, നിലം, പുരയിടം, മുതലായ വകകൾക്കു നാലു തടസ്ഥന്മാരേക്കൊണ്ടു വിലനിശ്ചയിപ്പിച്ചു വിലുക്കണം.

രക്ഷേദ്വാ കൃതമൂല്യന്തു ദശാഹം ജനസംസദി
ഋണാനുരൂപം പരതോ ഗൃഹ്ണീതാന്യച്ച വാജയേൽ.

[ഒ ഠൻ

സാധനഞ്ച സ്ഥിരീകൃത്യ ഗണനാകുശലൈർനരൈഃ
സബന്ധുജ്ഞാതിവിഹിതം പ്രഗൃഹ്ണൻ നാപരാധ്നുയാൽ.

[യാൽ. ഒ ഫ ഠ

Digitized By Kerala Sahitya Akademi

മേലെഴുതിയപ്രകാരം കടം വാങ്ങിച്ചു തിരിയെകൊടുക്കാതെ മരിച്ചുവെങ്കിലും ദേശാന്തരം പോയെങ്കിലും അവന്റെ വസ്തുവകകൾക്ക് അവന്റെ ബന്ധുക്കളേയും അല്ലാതെയുള്ളതടസ്ഥന്മാരേയും കൊണ്ടു * വില നിശ്ചയിച്ച് ആ ദ്രവ്യത്തെയും അവൻ എഴുതിക്കൊടുത്തിരിക്കുന്ന കടമുറിയിൽ ഉള്ള മുതലും പലിശയും കണക്ക് അറിയുന്നവനെക്കൊണ്ട് എഴുതിച്ച് ആ ദ്രവ്യത്തിനെ പത്തുദിവസം സജ്ജനങ്ങളുടെ സഭയിൽ ഏൾപ്പിച്ചു സൂക്ഷിപ്പിക്കണം. പിന്നത്തിലും ആരും ആവക ഏൾക്കുന്നതിന വന്നില്ലെങ്കിൽ കടക്കാക്ക കൊടുപ്പാനുള്ള മുതലും പലിശയും കൊടുപ്പിച്ച ശിഷ്ടമുണ്ടെങ്കിൽ അതയതു സൂക്ഷിക്കണം.

ഇത്യൂഢ്ഗ്രഹണവിധിഃ.

അഥ ജയപരാജയദണ്ഡവിധിഃ.

ഋണന്ദാതുമശക്തോ യഃ കൃത്വമിഥേർഹരൽ പുനഃ ക്രിയാം
സ ദതാ നിജ്ജിതാം വൃദ്ധിം കരണം പരിവർത്തയേൽ.

[൫൫

കടം വാങ്ങിച്ച പലിശ കൊടുത്തുവരുമ്പോൾ പലിശ മുടങ്ങിയാൽ മുടങ്ങിയ പലിശയും മുതലും കൊടുപ്പാൻ ഗതിയില്ലെങ്കിൽ ക്രുടിയ പലിശ മാത്രം കൊടുത്തു മുൻപിൽ എഴുതിക്കൊടുത്ത ഓലയേപ്പൊളിച്ചു പലിശയില്ലാതെ അവധിവച്ചു പിന്നത്തതിൽ ഒന്നെഴുതിക്കൊടുക്കണം.

അദർശയിതാ തത്തൈവ ഹിരണ്യം പരിവർത്തയേൽ.

പലിശയും കൊടുപ്പാൻ ഗതിയില്ലെങ്കിൽ പലിശയും മുതലും ക്രുട്ടിക്കണക്കിട്ടു തവണയാക്കി മേലെഴുതിയപോലെ എഴുതിക്കൊടുക്കണം.

യാജ്ഞവല്ക്യഃ:—

രാജ്ഞാധമർണ്ണികോ ദാപ്യസ്സാധിതാട്ടശകം ശതം
പഞ്ചകന്തു ശതം ദാപ്യഃ പ്രാപ്തോതോ ഹ്യുത്തമർണ്ണികഃ.

[൫൬

---

* 'വിലനിശ്ചയിച്ചു വില്പിച്ചു' (പാഠാന്തരം).

Digitized By Kerala Sahitya Akademi

കോയിമ്മയിൽ ആവലാതി ബോധിപ്പിച്ച വാദിപ്രതിവാദികളെ വരുത്തി വിസ്തരിച്ച കായ്യം നിശ്ചയിച്ച ലിഖിതസാക്ഷ്യാദിപ്രമാണങ്ങളാൽ സിദ്ധിച്ച ദ്രവ്യത്തിനെ സംഖ്യയിട്ട പത്തിനു കടം കൊടുത്തിരുന്ന ഉത്തമർണ്ണനേക്കൊണ്ടു കെട്ടിവയ്പിക്കണം. കടം വാങ്ങിച്ച നേരാംവണ്ണം കൊടുക്കാതെയിരുന്ന അധമർണ്ണനേക്കൊണ്ടു പത്തിന്മീനാന്ന കെട്ടിവയ്പിച്ച രാജാവും എടുത്തുകൊള്ളണം.

മന്വഃ:—

ഋണേ ദേയേ പ്രതിജ്ഞാതേ പഞ്ചകം ശതമർഹതി
അപഹ്നുതേ തദ്ദ്വിഗുണം; തന്മനോരനുശാസനം. ഇ ത്യനു

കടം കൊടുത്തവൻ ആവലാതിബോധിപ്പിച്ച പ്രതിവാദത്തെ വരുത്തിച്ചോദിക്കുമ്പോഠം കൊടുപ്പാനുള്ളതു തന്നെ എന്ന് ഏറ്റു എങ്കിൽ ആയവനേക്കൊണ്ടു പത്തിനരവീതവും, ചോദിക്കുമ്പോഠം ഏല്ക്കാതെ പിന്നത്തതിൽ സാക്ഷ്യാദിപ്രമാണത്താൽ ബോധിപ്പിച്ചാൽ പിന്നെ ഏറ്റുവെങ്കിൽ ആയവനേക്കൊണ്ടു പത്തിനൊന്നവീതവും പണ്ടാരവകയിൽ കെട്ടിവയ്പിച്ചുംകൊണ്ടു കായ്യം തീർത്തുകൊടുക്കണം.

ഇതി ജയപരാജയദണ്ഡവിധിഃ.

അഥ ഋണാദാനപ്രകരണം.

യാജ്ഞവല്ക്യഃ:—

ഗൃഹീതാനുക്രമാദ്ദ്യാപ്യോ ധനിനാമധമർണ്ണികഃ
ദാപ്യാ തു ബ്രാഹ്മണായൈവ നൃപതേസ്തദനന്തരം. ഇ ത്യർ

ഒരുത്തനേക്കൊണ്ടു് അനേകം പേർ ആവലാതി വച്ചുവെങ്കിൽ കൊടുപ്പിക്കേണ്ടുന്ന പ്രകാരത്തെച്ചൊല്ലുന്നു. സമജാതിയിൽ നാലഞ്ചാളായിട്ട് ഒന്നിച്ചു് ആവലാതിവയ്ക്കുന്നുവെങ്കിൽ കടം മുൻപിൽ കൊടുത്തവനു മുൻപിലും പിന്നെക്കൊടുത്തവനു് അതിൽ പിന്നെയും ഇപ്രകാരം ക്രമമായിട്ടു കൊടുപ്പിക്കണം. നാലുജാതിയിലുള്ളവർ ഒന്നിച്ചു വന്നുവെങ്കിൽ അപ്പോഠം ബ്രാഹ്മണനു മുൻപിലും ക്ഷത്രിയനു പിന്നത്തതിലും ഇപ്രകാരം ജാതി

Digitized By Kerala Sahitya Akademi

ക്രമംപോലെ കൊടുപ്പിക്കണം. ബ്രാഹ്മണൻ മുതലായ ഓരോ ജാതിയിൽത്തന്നെ നാലഞ്ചാള് ഒന്നിച്ച് ഒരു തീയതി കടം കൊടുത്തവർ ഒന്നിച്ച് ആവലാതിക്കു വന്നാൽ അപ്പോഠം കാഴ്ച്ച കേഠം കുന്നവരുടെ ഇച്ചരപോലെയത്രേ കൊടുപ്പിക്കേണ്ടും ക്രമമെന്നു താൽപര്യം.

നാരദഃ:—

ബ്രാഹ്മണസ്യ തു യദ്ദേയമാത്മജസ്യ സ നാസ്തി ചേൽ
സകലേഭ്യസ്സ നിവേത്തദ്ദോവൈ/സ്യ ബന്ധുഷു. ൪൨൪

ബ്രാഹ്മണനോട്ട വാങ്ങിച്ച ദ്രവ്യത്തിനു കടംകൊടുത്ത ബ്രാഹ്മണനില്ലെങ്കിൽ ആ ബ്രാഹ്മണന്റെ പുത്രന്മാരുടെ പക്കൽ കൊടുപ്പിക്കണം. പുത്രന്മാരില്ലെങ്കിൽ പത്തു പുലയുള്ളവരുടെ പക്കൽ കൊടുപ്പിക്കണം. അവരുമില്ലെങ്കിൽ മുപ്പുലയുള്ളവരുടെ പക്കൽ കൊടുപ്പിക്കണം.

ന ദദ്യാത്തു ന സങ്കല്പ്യാസ്സ്പൂർന്നാ ച സംബന്ധിബാന്ധവാഃ
തദാ ദദ്യാദ്ദ്വിജാതിഭ്യോ തേഷ്വസത്സു പ്രസിദ്ധിപേൽ.
[൪൨൫

മേലെഴുതിയ പ്രകാരമുള്ള ബന്ധുക്കളും ഇല്ലാതെ പുലയുള്ള സംബന്ധക്കാരും ആരും തന്നെയില്ലെങ്കിൽ മറ്റുബ്രാഹ്മണരുടെ പക്കൽ കൊടുക്കണം. ബ്രാഹ്മണരുമില്ലെങ്കിൽ സമുദ്രം നദി തടാകം മുതലായതിൽ ഇടണം.

ലേഖ്യസ്യ പൃഷ്ഠേ/ഭിലിഖേദ്ധതാം ദത്താം ധനന്തമണീ;
ധനീ ത്വോപഗമം ദദ്യാൽ സഹസ്തപരിചിഹ്നിതം. ൪൨൬

കടംവാങ്ങിച്ച ദ്രവ്യം ഒന്നിച്ചുകൊടുപ്പാൻ വകയില്ലെങ്കിൽ കുറയെക്കുറയെക്കൊടുത്ത് ഓലപ്പുറത്ത് എഴുതിക്കൊടുക്കണം. കടം കൊടുത്തവനും കുറയെക്കുറയെ പറ്റിയുംകൊണ്ടു പറ്റിയ ദ്രവ്യത്തിനു തന്റെ *കൈയൊപ്പും ഇട്ടുകൊടുക്കണം.

നാരദഃ:—

ന ദദ്യാദ്യാച്യമാനസ്തു ശേഷമഹ്നിമവാപ്നുയാൽ
ദത്താണ്ണം പാടയേല്ലേഖ്യം ശുദ്ധ്യൈ വാ/ന്യത്തു കാരയേൽ
സാക്ഷിമച്ച ഭവേദ്ദ്യദ്ധി തദ്ദാതവ്യം സസാക്ഷികം. ൪൨൭

* 'കൈയൊപ്പിട്ട പരുചീട്ട കൊടുക്കണം' (പാഠാന്തരം).

Digitized By Kerala Sahitya Akademi

വാങ്ങിച്ച ദ്രവ്യത്തിനു പറുചീട്ടുതരണമെന്നു ചോദിച്ചാൽ പണം പറഞ്ഞവൻ പറുചീട്ടു കൊടുത്തില്ലെങ്കിൽ പറഞ്ഞതുനീക്കി ശിഷ്ടം വരുവാനുള്ള ദ്രവ്യം കൊടുത്തില്ലെങ്കിൽ ഹാനിവരികയുംചെയ്യും. വാങ്ങിച്ച ദ്രവ്യം മുഴുവൻ കൊടുത്തുതീർന്നാൽ പിന്നത്തതിൽ എഴുതിക്കൊടുത്തിരുന്ന ചീട്ടു വാങ്ങിച്ചു കീറിക്കളയണം. എഴുതിക്കൊടുത്ത ചീട്ടു കണ്ടില്ലെങ്കിൽ ദ്രവ്യം മുഴുവനും പറഞ്ഞപ്രകാരവും മുൻപിൽ എഴുതിക്കൊടുത്ത ചീട്ടുകണ്ടാൽ കീറിക്കളയാമെന്നും വാചകം വച്ചു് എഴുതിവാങ്ങിക്കണം. കടം വാങ്ങുമ്പോൾ സാക്ഷി വച്ചിട്ടുണ്ടെങ്കിൽ കൊടുക്കുമ്പോഴും സാക്ഷിവച്ചു കൊടുക്കണം.

ഭരദ്വാജഃ:—

ഋണികസ്യാർത്ഥസദ്ഭാവ ഉത്തമർണ്ണേ ഭവേദ്യദി
തസ്മിന്നൃണേ ഹി തൽകാലേ തൽക്രമേണ വിധീയതേ.

[ഋ ഫ ൻ

കടം വാങ്ങിച്ചവന്റെ വകയെങ്കിലും കടം കൊടുത്തവന്റെ പക്കൽ വല്ലതും ചെന്നിരുന്നുവെങ്കിൽ കടം തിരിയെ കൊടുക്കുമ്പോൾ ആയതു വിലവച്ചു ദ്രവ്യം നീക്കി ശിഷ്ടമുള്ളതു കൊടുക്കണം.

വ്യാസഃ:—

ആദാനകാലികാദർത്ഥാദ്ഗ്രഹണം യദി കാലികം
മൂല്യമാത്രന്തു പാദോനന്തദർദ്ധം പാദമേവ വാ;
ദ്വിഗ്രഹണാദി ക്രമേണൈവ ധനികോ ലഭതേ ധനം. ഋ ഛ ഠ

പലിശയും മുതലും ഒന്നിച്ചു കെട്ടിക്കൊടുപ്പാൻ വകയില്ലാതെയിരിക്കുന്നവരേക്കൊണ്ടു കൊടുപ്പിക്കേണ്ടുംപ്രകാരത്തെ ചൊല്ലുന്നു. കാലംചെന്നു പലിശ മുടങ്ങി പലിശതന്നെ മുതൽദ്രവ്യത്തിനു സമം ആയാൽ പിന്നത്തതിൽ പലിശതന്നെ എഴുതിച്ചാൽ ഒന്നുപാതി ഇളച്ചു മുതലും അതുയും പലിശയും മുൻപിൽ ചൊല്ലിയപ്രകാരം വസ്തുവക വില്പിച്ചെങ്കിലും കൊടുപ്പിക്കണം. മുതലോളം പലിശ കൂടിയ പക്ഷത്തിൽ കൂടിയ പലിശയും മുതലും ഒന്നിച്ചു കൊടുപ്പാൻ വകയില്ലെങ്കിൽ പലിശമാത്രം മുൻപിൽ കൊടുപ്പിച്ചു പിന്നത്തതിൽ മുതൽ കൊടുപ്പിക്കയുമാം. മുക്കാൽത്തിട്ടവും അരവാശിയും കാൽവാശിയും

Digitized By Kerala Sahitya Akademi

പലിശ ക്രുടിയപക്ഷത്തിൽ പലിശയും മുതലും ഒന്നിച്ച് ഞെരുക്കം ചെയ്തു കൊടുപ്പിപ്പാൻ ആവശ്യമില്ല.

ഇതി ഋണാദാനപ്രകരണം.

അഥ ഉപനിധിപ്രകരണം.

നാരദഃ:—

സപ്രത്യയം യത്ര വിസ്രംഭാദപിക്ഷിപത്യവിശങ്കിതഃ
നിക്ഷേപോ നാമ തൽ പ്രോക്തം വ്യവഹാരപദം ബുധൈഃ.

[൫൨൯

ബൃഹസ്പതിഃ:—

രാജചോരാരാതിഭയാദ്ദായാദീനാഞ്ച വഞ്ചനാൽ
സ്ഥാപ്യതേ/ന്യഗൃഹേ ദ്രവ്യം ന്യാസസ്സ പരികീർത്തിതഃ

[൫൩൦

തന്നേറവക ദ്രവ്യം പൊൻ വെള്ളി വസ്ത്രം മുതലായതിനു രാജഭയംകൊണ്ടെങ്കിലും ശത്രുഭയംകൊണ്ടെങ്കിലും ചോരന്മാരുടെ ഭയംകൊണ്ടെങ്കിലും ദായാദിക്കാരനെ വഞ്ചിക്കുന്നതിനായിട്ടെങ്കിലും അന്യന്റെ ഭവനത്തിൽ സൂക്ഷിച്ചുകൊള്ളണമെന്നുംവച്ചു കൊടുക്കുന്ന ദ്രവ്യത്തിനു ന്യാസമെന്നു പേർ. നല്ല നേരും വിശ്വാസവും ഉള്ളവന്റെ പക്കൽ സൂക്ഷിച്ചുവച്ചു തിരിയെ ചോദിക്കുമ്പോൾ തരണമെന്നു വയ്ക്കുന്ന ദ്രവ്യത്തിന്റെ സംഖ്യയേയും സ്വരൂപത്തെയും ഒരു സന്ദേഹമില്ലാതെ കൊടുത്തുവെങ്കിൽ ആ ദ്രവ്യം മുതലായതിനു വ്യവഹാരവിഷയമായിട്ടുള്ള നിക്ഷേപമെന്നു പേർ.

അനാഖ്യാതം വ്യവഹിതമസംഖ്യാതമദർശിതം
മുദ്രാങ്കിതഞ്ച യദ്ദത്തം തദ്ദ്യുപനിധികം സ്മൃതം. ൫൩൧

ദ്രവ്യം മുതലായത് ഒരു പാത്രത്തിൽ വച്ചുപൂട്ടി മുദ്രയിട്ട് അതിലുള്ള ദ്രവ്യത്തിന്റെ സ്വരൂപത്തെ പറയാതെയും കാണിക്കാതെയും എണ്ണിക്കാതെയും മുദ്രയോടുംകൂടി സൂക്ഷിച്ചു തരണമെന്നു കൊടുക്കുന്നതിന് ഉപനിധി എന്നു പേര്.

കാത്യായനഃ:—

യച്ച സ്വകാര്യസിദ്ധ്യർത്ഥം പ്രതിദേയം യഥാതഥാ
യാചിതാ പ്രഗൃഹീതന്തു യാചിതന്തു തദുച്യതേ. ൫൩൨

Digitized By Kerala Sahitya Akademi

ഉത്സവം കല്യാണം മുതലായ അടിന്തിരത്തിന് അലങ്കാരത്തിനായിട്ട് ആഭരണം വസ്ത്രം മുതലായത് എടുപ്പലായിട്ട തരണമെന്നും അടിയന്തിരം കഴിഞ്ഞിട്ട തിരിയെ തരാമെന്നും യാചിച്ച ചോദിച്ച വാങ്ങിക്കുന്നതിന യാചിതം എന്ന പേര്.

അന്നമാദ്ഗ്ണ കായ്യേഷു അമുഷ്യ വചനാന്മയാ
ദ്യേയന്തയീതി യദ്ദത്തം തദനാഹിതമുച്യതേ. ൫൨൫

തന്റെ വക ദ്രവ്യം ഇന്നവന്റെ പക്കൽ കൊണ്ടുചെന്ന കൊടുക്കണമെന്നംവച്ച് ഒരുത്തന്റെ പക്കൽ കൊടുത്ത് അവൻ അപ്രകാരം കൊണ്ടുചെന്ന് ഇന്നാരു തന്നയച്ച എന്നും ആയതു സൂക്ഷിക്കണമെന്നും പറഞ്ഞു കൊടുക്കുന്ന ദ്രവ്യത്തിന് അനാഹിതമെന്ന പേര്.

മനുഃ—

കുലജ്ഞേ വൃത്തസമ്പന്നേ ധർമ്മജ്ഞേ സത്യവാദിനി
മന്ത്രാപക്ഷേ ¶ധനീ ന്യായ്യേ നിക്ഷേപം നിക്ഷിപേൽ ബുധഃ.

[൫൨൬

നിക്ഷേപം സൂക്ഷിപ്പാൻ കൊടുക്കേണ്ടുന്ന *ആളെ ചൊല്ലുന്നു: ബുധനായിരിക്കുന്നവൻ, നല്ല തറവാട്ടിൽ ജനിച്ചവനായും നല്ല ശീലത്തോടുകൂടിയവനായും ധർമ്മജ്ഞനായും സത്യവാനായും അനേകം ബന്ധുക്കളോടുകൂടിയവനായും ന്യായമുള്ളവനായും ഇരിക്കുന്നവന്റെ പക്കൽ നിക്ഷേപത്തെ സൂക്ഷിപ്പാൻ കൊടുക്കണം.

ബൃഹസ്പതിഃ—

സസാക്ഷികം രഹോദത്തം ദ്വിവിധം സമുദാഹൃതം
പൂർവ്വപരിപാല്യന്തദ്വിനശ്യത്യനവേക്ഷണാൽ.

[൫൨൭

സൂക്ഷിപ്പാൻ എഴുതിവാങ്ങിച്ച നിക്ഷേപത്തെ രക്ഷിക്കേണ്ടും പ്രകാരത്തെ ചൊല്ലുന്നു. സാക്ഷിവച്ച കൊടുക്കുന്നതും സാക്ഷിയില്ലാതെ രഹസ്യമായിട്ട കൊടുക്കുന്നതും ഇപ്രകാരം രണ്ടുവിധം. മേലെഴുതിയ രണ്ടുവിധത്തിലുള്ള നിക്ഷേപത്തെയും ശിഷ്ട

¶ 'ധനിന്യായ്യേ' എന്ന് പരാശരസ്മൃതി. * 'ആളുകളുടെ വ്വവരത്തെ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ക്കളെ പരിപാലിക്കുന്നതുപോലെ പരിപാലിച്ചു സൂക്ഷിച്ചു വയ്ക്കണം. ഉപേക്ഷകൊണ്ടു ക്രൂടക്രൂടെ നോക്കാതെയിരുന്നാൽ നാശത്തെ പ്രാപിക്കും.

ദദതോ യദ് ഭവേൽ പുണ്യം ഹേമരൂപ്യാംബരാദികം
തസ്യാൽ പാലയതോ ന്യാസം യഥാ ച ശരണാഗതം.

[ഒ വ്യ

ന്യാസദ്രവ്യത്തെ രക്ഷിച്ചുകൊടുത്തവരുടെ ഫലത്തെ ചൊല്ലുന്നു. ദ്രവ്യം പൊൻ വെള്ളി വസ്ത്രം മുതലായതിനെ ദാനം ചെയ്താൽ വരുന്ന ഫലവും, വേറിട്ട ഗതിയില്ലാതെ ശരണംപ്രാപിച്ചു വരുന്നവനെ രക്ഷിച്ചാൽ വരുന്ന ഫലവും, ന്യാസമായിട്ടു തന്ന ദ്രവ്യത്തിനെ സൂക്ഷിച്ചു തിരിയെ കൊടുക്കുന്നവനു സിദ്ധിക്കുന്നു.

ഭർതൃദ്രോഹേ യഥാ നാര്യാഃ *പുംസഃ പുത്രസുഹൃദ്വധേ
ദോഷോ ഭവേത്തഥാ ന്യാസേ ഭക്ഷിതോപേക്ഷിതേ നൃണാം.

[ഒ വ ൻ

ശത്രുഭയം രാജഭയം മുതലായതു രക്ഷിച്ചുതരണമെന്നും പറഞ്ഞു കൊടുത്തിരിക്കുന്ന ന്യാസദ്രവ്യത്തിനെ താൻ എടുത്തു ഭക്ഷിച്ചുവെങ്കിലും ഉപേക്ഷകൊണ്ടു സൂക്ഷിക്കാതെ നശിച്ചുപോയെങ്കിലും ഭാര്യയാൽ ചെയ്യപ്പെട്ട ഭർതൃവധത്തിൽ വരുന്ന ദോഷവും പുരുഷനാൽ ചെയ്യപ്പെട്ട പുത്രസുഹൃത്തുക്കളുടെ വധത്തിൽ വരുന്ന ദോഷവും സംഭവിക്കും.

ബൃഹസ്പതിഃ—

ദൈവരാജോപഘാതേന യദി നാശമവാപ്നുയാൽ
¶ഗൃഹീതദ്രവ്യസഹിതം തത്ര ദോഷോ ന വിദ്യതേ.

[ഒ ന ഠ

അഗ്നിഭയം, ജലഭയം, ചോരഭയം, മുതലായ ദൈവോപദ്രവംകൊണ്ടെങ്കിലും രാജോപദ്രവംകൊണ്ടെങ്കിലും സൂക്ഷിപ്പാൻ വാങ്ങിച്ചിരിക്കുന്ന നിക്ഷേപം തന്റെ വകയായിട്ടുള്ള ദ്രവ്യത്തോടുകൂടി നാശത്തെ പ്രാപിച്ചുവെങ്കിൽ നിക്ഷേപം സൂക്ഷിപ്പാൻ

* 'പുംസഃ പുത്രീസുഹൃദ്വധേ' (പാഠഭേദം). ¶ 'ഗൃഹീതദ്രവ്യസഹിതം' (പാഠഭേദം).

Digitized By Kerala Sahitya Akademi

വാങ്ങിച്ചവനു ദോഷംവരികയില്ല. ഏതെങ്കിലും വാങ്ങിച്ചവന്റെ ഉപേക്ഷകൊണ്ടു നിക്ഷേപം നശിച്ചില്ലെന്നു ജനങ്ങൾക്കു നിശ്ചയം വന്നുവെങ്കിൽ ആസ്ഥലത്തിൽ ഒക്കയും വാങ്ങിച്ചവനു ദോഷം വരികയില്ലെന്നു താൽപര്യം.

യാജ്ഞവല്ക്യഃ:—

ന ദാപ്യോഽപഹൃതം തത് തു രാജദൈവികതസ്കരൈഃ.

മേലെഴുതിയപ്രകാരമുള്ള ദൈവരാജതസ്കരോപദ്രവങ്ങളെക്കൊണ്ടു നിക്ഷേപം നശിച്ചുപോയെങ്കിൽ അപ്രകാരം നിശ്ചയം വന്നാൽ സൂക്ഷിപ്പാൻ വാങ്ങിച്ചവനേക്കൊണ്ടു കൊടുപ്പിക്കയുമരുതു്.

ബൃഹസ്പതിഃ:—

ഭോഗേനോപേക്ഷയാ ന്യാസം ഗൃഹീതം യദി നാശയേൽ
യാചമാനോ ന ദദ്യാദാ ദാപ്യസ്തുല്യാൽ സോദയം ഭവേൽ.

[ഇനി ഫ

സൂക്ഷിപ്പാൻ വാങ്ങിച്ച ന്യാസദ്രവ്യം ഭോഗം കൊണ്ടെങ്കിലും ഉപേക്ഷകൊണ്ടെങ്കിലും നശിച്ചുപോയെങ്കിൽ വാങ്ങിച്ച ദ്രവ്യത്തിനെ ഉടയവൻ ചോദിക്കുമ്പോൾ കൊടുത്തില്ലെങ്കിൽ ആയവനേക്കൊണ്ടു് ആ ന്യാസദ്രവ്യത്തിനു പലിശയും കൂട്ടി കൊടുപ്പിക്കണം.

യാജ്ഞവല്ക്യഃ:—

ഭ്രഷ്ടശ്ചന്നാഗ്നിതോയാദേ ദാപ്യോ ദണ്ഡഞ്ച തത്സമം.

തന്നിരിക്കുന്ന നിക്ഷേപത്തിനെ ഉടയവൻ ചോദിക്കുമ്പോൾ തിരിയെ കൊടുത്തില്ലെങ്കിൽ പിന്നത്തതിൽ ദൈവരാജോപദ്രവംകൊണ്ടു നശിച്ചുപോയെങ്കിലും ചോദിച്ചപ്പോൾ കൊടുക്കാതെയിരുന്നതിനു നിക്ഷേപസമമായിട്ടു പ്രായശ്ചിത്തവും ചെയ്യിപ്പിച്ചു് ഉടയവനു നിക്ഷേപവും കൊടുപ്പിക്കണം.

വ്യാസഃ:—,

ഭക്ഷിതം സോദയം ദാപ്യസ്സമം ദാപ്യ ഉപേക്ഷിതം
കിഞ്ചിന്ന്യൂനം പ്രദാപ്യസ്സ്യാദ് ദ്രവ്യമജ്ഞാനനാശിതം. ഇനി വ

Digitized By Kerala Sahitya Akademi

സൂക്ഷിപ്പാൻ കൊടുത്തിരിക്കുന്ന നിക്ഷേപത്തെ എടുത്ത് അടക്കിയവനേക്കൊണ്ടു ക്രൂടിയ പലിശയും മുതലും, ഉപേക്ഷകൊണ്ടു നശിപ്പിച്ചവനേക്കൊണ്ട് എഴുതിവാങ്ങിച്ച ദ്രവ്യത്തിനു മാത്രവും, പ്രമാദംകൊണ്ടു നശിപ്പിച്ചവനേക്കൊണ്ടു വാങ്ങിച്ചുതിൽ നാലിലൊന്നു കുറച്ചു ശിഷ്ടമുള്ള ദ്രവ്യവും, ഉടയവനു കൊടുപ്പിക്കണം.

മനുഃ:—

യോ നിക്ഷേപം നാപ്നുയതി യശ്ചാനിക്ഷിപ്യ യാചതേ
താവുഭൌ ചോരവച് ഛാസ്യൌ ദാപ്യൌ വാ തത്സമം ദമം.
[൪൯൯

സൂക്ഷിപ്പാൻ ഏറവുവാങ്ങിച്ചിരിക്കുന്ന നിക്ഷേപത്തിനെ ഉടയവൻ ചോദിക്കുമ്പോൾ തിരിയെ കൊടുക്കാതെയിരിക്കുന്നവനേക്കൊണ്ടും, നിക്ഷേപം സൂക്ഷിപ്പാൻ കൊടുക്കാതെയിരിക്കുമ്പോൾ താൻ വാങ്ങിച്ചിരിക്കുന്ന നിക്ഷേപത്തെ തിരിയെ തരണമെന്നു ചോദിക്കുന്നവനേക്കൊണ്ടും, ആ നിക്ഷേപത്തിനു സമമായിട്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കണം. അല്ലെങ്കിൽ ചോരദണ്ഡത്താൽ ദണ്ഡിപ്പിക്കണം.

ബൃഹസ്പതിഃ:—

രഹോ ദത്തേ നിധൌ യത്ര വിസംവാദോ/പി ജായതേ
വിഭാവകന്തത്ര ദിവ്യമുഭയോരപി ച സ്മൃതം. ൪൯൪

രഹസ്യമായിട്ടു സാക്ഷിവയ്ക്കാതെ കൊടുത്തിരിക്കുന്ന നിധയിടപെട്ട കാര്യത്തിൽ തക്കം വന്നാൽ രണ്ടുപേരിൽ ഒരുത്തനേക്കൊണ്ടു സത്യം ചെയ്യിപ്പിച്ചു നിശ്ചയിക്കണം..

ഗൃഹീതാ/പഹ്നവേ യത്ര സാക്ഷിഭിർഗ്ഗുപ്തഭേന വാ
വിഭാവ്യം ദാപയേന്ന്യാസം തത്സമം വിനയം തഥാ. ൪൯൫

വാങ്ങിച്ച നിക്ഷേപത്തിന് ഉടയവൻ വന്നു പിന്നത്തതിൽ ചോദിക്കുമ്പോൾ ഞാൻ നിക്ഷേപം വാങ്ങിച്ചിട്ടില്ലെന്നു പറഞ്ഞുവെങ്കിൽ നിക്ഷേപം വയ്ക്കുമ്പോൾ സാക്ഷിവച്ചിട്ടുണ്ടെങ്കിൽ ആ സാക്ഷികളേക്കൊണ്ടു നിശ്ചയിക്കണം. അല്ലെങ്കിൽ സത്യപ്രമാണത്താൽ നിശ്ചയിക്കണം. സാക്ഷികൾ വന്നു നിക്ഷേപം

Digitized By Kerala Sahitya Akademi

കൊടുത്തിരിക്കുന്നതു പരമാത്ഥമെന്നു സത്യംചെയ്തു പറഞ്ഞുവെങ്കിലും സത്യദോഷം ഭവിച്ചുവെങ്കിലും അയവനേകൊണ്ട്.. ആ ന്യാസസ്വരൂപനിക്ഷേപത്തെ ഉടയവനു കൊടുപ്പിച്ച് അതുയും പ്രായശ്ചിത്തവും ചെയ്യിപ്പിക്കണം.

മിഥ്യാ ദായഃ കൃതോ യേന ഗൃഹീതോ മിഥ ഏവ വാ
മിഥ ഏവ പ്രദാതവ്യോ യഥാ ദായസ്തഥാ ഗ്രഹഃ. ഇങ്ങനെ

രഹസ്യമായിട്ടു സാക്ഷിവയ്ക്കാതെ കൊടുത്തിരിക്കുന്ന നിക്ഷേപത്തിനെ തിരിയെ വാങ്ങിക്കുന്നതു രഹസ്യമായിരിക്കണം. സൂക്ഷിപ്പാൻ കൊടുക്കുമ്പോഠം ഇരിക്കുന്നതിൻവണ്ണംതന്നെ കൊടുക്കുമ്പോഴും ഭേദം വരാതെയിരിക്കണം.

സമ്യഗ്ഭ നാപ്നുയാൽ കിഞ്ചിദ്യുദ്ധി തസ്മാന്ന സംഹരേൽ.

അടയാളക്കെട്ടുംകെട്ടി മുദ്രയുമിട്ടു കൊടുത്തിരിക്കുന്നതിനെ തിരിയെ കൊടുക്കുമ്പോഠം കാലംചെന്ന ഹേതുവായിട്ട് അതിനകത്തു വച്ചിരിക്കുന്ന വസ്തുവിനു ചിതലുമുതലായതിന്റെ ഉപദ്രവംകൊണ്ടു ഛേതം വന്നുവെങ്കിലും കെട്ടിനും മുദ്രയ്ക്കും ഭേദം വന്നുവെങ്കിലും എഴുതിവാങ്ങിച്ചുവനു ദോഷം വരികയില്ല. കെട്ടഴിച്ചു വല്ലതും എടുത്തിട്ടുണ്ടെങ്കിൽ മുൻപിൽ ഏറവു വാങ്ങിക്കുമ്പോഠം ഇരുന്നതിൻവണ്ണംതന്നെ തിരിയെ കൊടുക്കണം.

നാരദഃ:—

ഏഷ ഏവ വിധിർദ്ദൃഷ്ടോ യാചിതാനാഹിതാദിഷു
ശില്പിഷൂപനിധൌ നാസേ പ്രതിന്യാസേ തഥൈവ ച. ഇന്നു

യാചിതാനാഹിതാദിദ്രവ്യങ്ങളിലും, തട്ടാൻ മുതലായ ശില്പികളിടത്തിൽ പുത്തനായിട്ടു പണിചെയ്യിക്കുന്നതിനും നന്നാക്കുന്നതിനും കൊടുത്തിരിക്കുന്ന വകകളിലും, ഉപനിധിയിലും, ന്യാസദ്രവ്യത്തിലും, പ്രതിന്യാസത്തിലും, സൂക്ഷിപ്പാൻ കൊടുക്കുന്ന നിധിയിൽ അതിൽ ഭേദം വരുത്തിച്ചാൽ പ്രായശ്ചിത്തം ചെയ്യിക്കേണ്ടതും വിധിയും മേച്ചെഴുതിയ പ്രകാരമത്രേ ആകുന്നു. പ്രതിന്യാസം എന്റെ വക നീയും നിന്റെ വക ഞാനും സൂക്ഷിച്ചുതരാമെന്നു പറഞ്ഞു കൈമാറിക്കൊടുക്കുന്നത്.

കാത്യായനഃ:—

ക്ഷയമൂലം കരാത്ഥഞ്ച നിക്ഷേപാപഹനവേ തഥാ
ചക്രവൃദ്ധ്യാ വിവദ്ധേത യാവൽ പഞ്ചഗുണം ഭവേൽ. ഇന്നു വ്യ

Digitized By Kerala Sahitya Akademi

ക്ഷയദ്രവ്യവും മിച്ചവാരത്തിൽ കൊടുപ്പാനുള്ളതും ആയി സൂക്ഷിപ്പാനൊത്തുവാങ്ങിയ ദ്രവ്യത്തെ ചോദിക്കുമ്പോൾ കൊടുത്തില്ലെങ്കിൽ പലിശയ്ക്കുപലിശ ക്രട്ടിക്കൊടുക്കണം. ആയതിന്ന് ഇപ്രകാരമുള്ള പലിശ മുതലിന് അഞ്ചു പങ്ക് ആകുന്നെടത്തോളവും വർദ്ധിക്കും.

യാചിതാനാഹിതന്യാസനിക്ഷേപാദിഷ്വയം വിധിഃ.

ത്രിപക്ഷാൽ പരതോ ദ്രവ്യത്ഥം ത്രിഭാസാത്ത്രിഗ്രണം ഭവേൽ;
ആത ഊർദ്ധം വിവർദ്ധേത ചക്രവൃദ്ധിർവ്യവസ്ഥയാ. ഒനുൻ

യാചിതാനാഹിതാദികളിലും ഉടയവൻ ചോദിക്കുമ്പോൾ തിരിയെ കൊടുത്തില്ലെങ്കിൽ അഞ്ചുപങ്കു വരയ്ക്കും പലിശ വർദ്ധിച്ചുവരും. ചോദിച്ചനാൾമുതൽ നാല്പത്തിയഞ്ചു ദിവസത്തിനകം കൊടുത്തില്ലെങ്കിൽ മുതലിനരവാശിയും മൂന്നുമാസം കഴിഞ്ഞാൽ മൂന്നുപങ്കും പിന്നത്തതിൽ അതുൽക്രട്ടുതലും ക്രട്ടിക്കൊടുക്കണം.

ഇത്യുപനിധിപ്രകരണം.

അഥ അസ്വാമിവിക്രയപ്രകരണം.

നാരദഃ:—

നിക്ഷിപ്തം വാ പരദ്രവ്യം നഷ്ടം ലബ്ധ്വോപഹത്യ വാ
വിക്രീയതേഽസമക്ഷം യൽ സ ജ്ഞേയോഽസ്വാമിവിക്രയഃ.

[ഒ൫൦

ഒരുത്തൻ സൂക്ഷിപ്പാൻ കൊടുത്തിരിക്കുന്ന നിക്ഷേപഞ്ഞിനെയെങ്കിലും, ഒരുത്തന്റെ വക കാണാതെ കളഞ്ഞുപോയതിനെ മറ്റൊരുത്തൻ അപഹരിച്ചുവെങ്കിലും, അന്യന്റെ വക മോഷ്ടിച്ചുവെങ്കിലും, ഉടയവനെ ബോധിപ്പിക്കാതെ ഉടയവൻ സമീപത്തിൽ ഇല്ലാതെയിരിക്കുമ്പോൾ മറ്റൊരുത്തൻ വിറ്റുവെങ്കിൽ ആയതിന് ഒക്കയും അസ്വാമിവിക്രയമെന്ന പേരു.

യാജ്ഞവല്ക്യഃ:—

വിക്രേതുർദർശനാച്ചാധ്യസ്വാമീ ദ്രവ്യം നുപോ ദമം
ക്രേതാ മൂല്യമവാപ്നോതി തസ്മാദ്യസ്തസ്യ വിക്രയീ. ഇർ൫

ഒരുത്തന്റെ വക മറ്റൊരുത്തൻ അപഹരിച്ചു വിറ്റുവെങ്കിൽ ആയതിനെ വാങ്ങിച്ചവൻ തനിക്കു വിറ്റവനെ കാണിച്ചു

Digitized By Kerala Sahitya Akademi

വെങ്കിൽ വാങ്ങിച്ചവനു ദോഷം വരികയില്ല. തനിക്കു ശുദ്ധി വരുവാനായിട്ടും കൊടുത്ത ദ്രവ്യം സിദ്ധിക്കുന്നതിനായിട്ടും വിറ്റവണ്ണം കാണിക്കണം. ഉടയവനു വാങ്ങിച്ച വസ്തുവിനേയും കൊടുപ്പിക്കണം. വിറ്റവനേക്കൊണ്ടു പ്രായശ്ചിത്തവും ചെയ്യിപ്പിക്കണം. വിറ്റു വിലവാങ്ങിച്ച ദ്രവ്യം വാല കൊടുത്തവനും കൊടുപ്പിക്കണം.

മനുഃ—

അപഹായ്യോ ഭവേദ്ദേഷ സാനന്യഃ ഷട് ശതം ദമം
നിരന്വയോ നാവസരഃ പ്രാപ്തസ്യാച്ചോരകില്ബിഷം

[൪൫൨

അനേന വിധിനാ ശാന്യഃ കുർവ്വന്നസ്വാമിവിക്രിയം
അജ്ഞാനാൽ; ജ്ഞാനപൂർവ്വന്തു ചോരവദ്ദണ്ഡമർഹതി. ൪൫൩

മറെറാരു സഹായക്കാരനോടുംകൂടി മറൊരുത്തൻ വകയപഹരിച്ചു വിറ്റുവെങ്കിൽ ആ സഹായക്കാരനും വിറ്റവനും പേരൊന്നിന് അറുനൂറു പണം പ്രായശ്ചിത്തം വിധിച്ചു വാങ്ങിക്കണം. സഹായക്കാരൻ ഇല്ലാതെ ഒരുത്തനായിട്ടു മേലെഴുതിയപ്രകാരം ചെയ്യുന്നവനെ ചോരസമനായിട്ടു ദണ്ഡിപ്പിക്കണം. അറിയാതെ ഒരുത്തന്റെ വക മറെറാരുത്തനു വിറ്റു പോയ്കിൽ അയവനേക്കൊണ്ടു മേലെഴുതിയപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം. അറിഞ്ഞുകൊണ്ടു മറെറാരുത്തന്റെ വക വിലക്കുന്നവനെ ചോരനു സമമായിട്ടു ദണ്ഡിപ്പിക്കണം.

മനുഃ—

അസ്വാമിനാ കൃതോ യസ്തു ക്രയോ വിക്രയ ഏവ വാ
അകൃതസ്തു തു വിജ്ഞേയോ വ്യവഹാരേ യഥാസ്ഥിതിഃ. ൪൫൫

ഒരുത്തന്റെ വക ഉടയവനല്ലാതെയിരിക്കുന്ന മറെറാരുത്തൻ, മറൊരുത്തനു വിറ്റതും മറെറാരുത്തൻ വാങ്ങിച്ചതും സിദ്ധിക്കയില്ല.

കാത്യായനഃ—

അസ്വാമിവിക്രയന്ദാനമാധിഞ്ചോപി നിവർത്തയേൽ.

ഉടയവനല്ലാത്തവൻ വിറ്റതും ദാനം ചെയ്തതും പണയംവച്ചതും വാങ്ങിച്ചവനു സിദ്ധിക്കയില്ല. ഉടയവനു തന്നെ കൊടുപ്പിക്കണം.

Digitized By Kerala Sahitya Akademi

നാരദഃ:—

ദ്രവ്യമസ്വാമിവിക്രീതം പൂർവ്വസ്വാമീ തദാപ്നുയാൽ.
സംഭോഗോ ദൃശ്യതേ യത്ര ന ദൃശ്യേതാഗമഃ കചിൽ
ആഗമഃ കാരണം തത്ര ന സംഭോഗ ഇതി സ്ഥിതിഃ.
[൫൮൭

ഒരുത്തന്റെ വക മറ്റൊരുത്തൻ വിറ്റുവെങ്കിൽ ആ വക യുടയവനു തന്നെ ആ വക സിദ്ധിക്കും. നിലം, പുരയിടം, ആളടിമ, കന്നുകാലി മുതലായ മറ്റൊരുത്തന്റെ വക മറ്റൊരുത്തൻ എടുത്തു വിറ്റുവെങ്കിൽ പിന്നത്തതിൽ ആവകയുടയവൻ ഞാനെന്നു രണ്ടുപേരു തർക്കിച്ചു വന്നുവെങ്കിൽ തന്റെ വക യെന്നുള്ളതിനു പ്രമാണമെന്തെന്നു രണ്ടുപേരോടും ചോദിക്കുമ്പോൾ ഒരുത്തൻ അനുഭവപ്രമാണത്തേയും മറ്റൊരുത്തൻ ലേഖ്യാദിപ്രമാണത്തേയും സാധകമായിട്ടു പറഞ്ഞാൽ അപ്പോൾ ലേഖ്യാദിപ്രമാണമുള്ളവനുതന്നെ കായ്യസിദ്ധി വരും.

സ്വം ലഭേതാന്യവിക്രീതം; ക്രേതുർദ്ദോഷോ/പ്രകാശിതേ;
ഹീനാദ്ഗ്രഹോ ഹീനമൂല്യേ വേലാഹീനേ ച തസ്കരഃ. ൫൮൮

ഒരുത്തന്റെ വക മറ്റൊരുത്തൻ വിറ്റുവെങ്കിൽ ആ വക ഉടയവനു സിദ്ധിക്കും. വാങ്ങിച്ചവൻ തനിക്കു വിറ്റവനെ കാണിച്ചില്ലെങ്കിലും നാലു തടസ്ഥന്മാരെ വച്ചുകൊണ്ടു പ്രകാശമായിട്ടു പിടിപ്പതു വില കൊടുത്തു വാങ്ങിച്ചുവെങ്കിൽ ദോഷം വരികയില്ല. പ്രകാശമല്ലാതെ രഹസ്യമായിട്ടു വാങ്ങിച്ചുവെങ്കിലും ഒട്ടും വകയില്ലാതെയിരിക്കുന്നവൻ വിലയ്ക്കു വില്പാൻ കൊണ്ടുവന്ന വക അവന്ന് ഏതുപ്രകാരം ഉണ്ടായെന്നു ചോദിച്ചറിയാതെ ഏകദേശപ്പാളിയായിരിക്കുന്നവനോടു വാങ്ങിച്ചുവെങ്കിലും പിടിപ്പതു വില കൊടുക്കാതെ കുറെ വില കൊടുത്തു വാങ്ങിച്ചുവെങ്കിലും മര്യാദയല്ലാതെ അർദ്ധരാത്രിയിൽ വില്പാൻ വന്നവനോടു വാങ്ങിച്ചുവെങ്കിലും ഇപ്രകാരമൊക്കെ വാങ്ങിച്ചവനു ചോരനു വരുന്ന ദോഷം വരും.

ബൃഹസ്പതിഃ:—

അവിജ്ഞാതാശ്രയാൽ ക്രീതം വിക്രേതാ യത്ര വാ മൃതഃ
സപാദീ തത്പാദമൂല്യസ്യ പ്രഗൃഹ്ണീയാൽ സപകം ധനം.
[൫൮൯

Digitized By Kerala Sahitya Akademi

മേലെഴുതിയപ്രകാരം വിറ്റവൻ മരിച്ചുപോയാലും ഇന്നെടത്ത് ഇന്ന കുടിയിരിപ്പുള്ളവനെന്ന് അറിയാൻ വഹിയാതെ പോയാലും വാങ്ങിച്ചവൻ ഒന്നുപാതികൊടുത്തു വിലയിൽ ഇളയ്ക്കണം. വകയ്ക്കുടയവൻ രക്ഷിക്കാതെയിരുന്നതിന് ഒന്നുപാതി വിറ്റ കൊടുത്തു തൻവകയെ വാങ്ങിച്ചുകൊള്ളണം.

വിക്രയേഽപി ഇ യഃ ക്രേതുർഭക്തിയോഗ്യന്ന സാധയേൽ
സ തസ്മൈ തത്സമം ദദ്യാദന്യഥാ ചോരദണ്ഡഭാക്. ഒ. ർ. വ്യ

നിലം പുരയിടം മുതലായ ഭൂമിയെ മറൊരുത്തൻ വിറ്റുവെങ്കിൽ പിന്നത്തതിൽ വാങ്ങിച്ചവന് അനുഭവിപ്പാൻ വഹിയാതെ അതിൽ തടവുണ്ടായാൽ വിറ്റവൻ തടവു തീർത്തുകൊടുക്കണം; അല്ലെങ്കിൽ അതിനു പകരമായിട്ടു വേറിട്ടു പിടിപ്പതു നിലം കൊടുക്കണം. അല്ലെങ്കിൽ ചോരദണ്ഡം വരും..

കാത്യായനഃ:—

യത്ര ക്രീതോഽഹിതാനാന്തു വിരോധേ നിഷ്ക്രയോ ഭവേൽ
ക്ഷേത്രം തത്സദൃശം ദദ്യാന്മൂല്യം വാ ക്രേതുരിച്ഛയാ.

[ഒ ർ ൻ

വിലയ്ക്കു വിറ്റ നിലം പുരയിടം മുതലായ ഭൂമി വാങ്ങിച്ചവന് അനുഭവിപ്പാൻ വഹിയാതെ വിരോധം ഉണ്ടായാൽ ആ വിരോധം ഒഴിച്ചുകൊടുക്കയെങ്കിലും അതിനു സമമായിട്ടു പകരം നിലം മുതലായവ വിട്ടുകൊടുക്കയെങ്കിലും ചെയ്യണം. വാങ്ങിച്ചവനു സമ്മതം ഉണ്ടെങ്കിൽ വില നിശ്ചയിച്ചു വാങ്ങിച്ച ദ്രവ്യത്തിനെ തിരിയെ കൊടുക്കയെങ്കിലും ചെയ്യണം.

ഇത്യസ്വാമിവിക്രയപ്രകരണം.

അഥ സംഭൂയസമുത്ഥാനപ്രകരണം.

വണിക്പ്രഭൃതയോ യത്ര കർമ്മ സംഭൂയ കുർവതേ
തത്സംഭൂയസമുത്ഥാനം വ്യവഹാരപദം സ്മൃതം. ൫൫൦

അഞ്ചെട്ടുപേരുകൂടെ ചെയ്യുന്ന കൃഷി, പണി, സംഗീതം മുതലായതിന്റെ വിധിയും, ലാഭത്തിനായിട്ട് അഞ്ചെട്ടു

Digitized By Kerala Sahitya Akademi

വ്യാപാരികൾക്കൂടി ചെയ്യുന്ന ക്രട്ടകച്ചവടം മുതലായ കമ്മത്തി ന്റെ വിധിയും, ഇതിൽവരുന്ന ലാഭം ചേരും വീതിച്ചെട്ടുക്കേ ണ്ടുംപ്രകാരത്തിന്റെ വിധിയും, ഇപ്രകാരം അനേകം ബ്രാഹ്മണർ ക്കൂടി ചെയ്യുന്ന യാഗക്രിയകളിൽ കൊടുക്കുന്ന ദക്ഷിണാദ്രവ്യത്തി നെ പകുത്തെട്ടുക്കേണ്ടും പ്രകാരത്തെയും, ചൊല്ലുന്ന പദത്തിനു വ്യവഹാരം വിഷയമായിട്ടുള്ള സംഭൂയസമുത്ഥാനമെന്നു പേരു്.

ബൃഹസ്പതിഃ—

അശക്തബാലസരോഗാത്മന്ദഭാഗ്യനിരാശ്രയാഃ
വാണിജ്യാദ്യാസ്സഹൈതൈസ്തു ന കർത്തവ്യാ ബുധൈഃ ക്രിയാഃ.

[൫ ൫ ഫ

അശക്തന്മാരോടും വേല എടുക്കുന്നതിനു മടി പിടിച്ചിരി ക്കുന്നവരോടും രോഗികളോടും മറും മേലെഴുതിയ ക്രട്ടകച്ചവടം മുതലായതു ചെയ്യരുതു്.

കുലീനദക്ഷാനലസൈഃ പ്രാജ്ഞൈഞ്ചാണകവേദിഭിഃ
ആയവ്യയജ്ഞൈശ്ശുചിഭിശ്ശൂരൈഃ കർയ്യാൽ സഹക്രിയാം.

[൫ ൫ ഛ

നല്ല കുടുംബത്തിൽ ജനിച്ചവരായും സമർത്ഥന്മാരായും വേ ലചെയ്യുന്നതിന് ഉത്സാഹികളായും വിദ്വാന്മാരായും നാണിയപ രീക്ഷ ഗ്രഹിച്ചവരായും ആദായം ചിലവ് ഇവ അറിയുന്നവരായും കപടമില്ലാത്തവരായും ശൌയ്യമുള്ളവരായും ഇരിക്കുന്നവരോടുകൂടി കച്ചവടം മുതലായതു ചെയ്യണം.

നാരദഃ—

സമോ/തിരിക്തോ ഹീനോ വാ യത്രാംശോ യസ്യ യാദൃശഃ
ക്ഷയവ്യയൌ തഥാ വൃദ്ധിസ്തത്ര തസ്യ തഥാവിധഃ.

[൫ ൫ ന

എല്ലാവരും കൂടി വീതിച്ചു ധനം എടുത്തു ലാഭത്തിനായിട്ടു ചെയ്യുവരുന്ന ക്രട്ടകച്ചവടം, ക്രട്ടകൃഷി മുതലായതിൽ അവന വൻ എടുത്തിരിക്കുന്ന ദ്രവ്യത്തിന്റെ സംഖ്യപോലെയും അവ നവനെടുക്കുന്ന പ്രവൃത്തി പോലെയും ഇന്ന പ്രവൃത്തിക്കിത്ര ലാഭംകൊടുക്കണമെന്നും, ചേരുത്തിനിന്ന പ്രകാരമെന്നും, എല്ലാ വരുംകൂടി സമ്മതിച്ചു വച്ചിരിക്കുന്ന ചട്ടത്തിൻവണ്ണം ലാഭവും

Digitized By Kerala Sahitya Akademi

ഭേചതവും ചിലവുമുതലായതും വീതിച്ച് അവരവരുടെ അംശത്തിനുള്ളത് അവരവരെടുത്തുകൊള്ളണം.

പരീക്ഷകാസ്സാക്ഷിണശ്ച ത ഏവോക്തായ പരസ്പരം
സന്ദിശേദ്യുർത്തേഷ്വവഞ്ചനായാം ന ചേദ്ദിദ്വേഷസംയുതായ.

[ഭാഗം 8 ശ്ലോ 8

മേലെഴുതിയപ്രകാരം എല്ലാവരുംകൂടി വ്യാപാരം മുതലായതു ചെയ്യുവരുമ്പോൾ വിറവകയിലെങ്കിലും വാങ്ങിച്ചവകയിലെങ്കിലും തക്കം സംശയം മുതലായതു് ഒരുത്തനു വന്നാൽ കൂടിയിരിക്കുന്നവരൊക്കയും തമ്മിൽ ദ്വേഷമില്ലാത്തവരെങ്കിൽ അവരു തന്നെ കൂടിയിരുന്നു വിചാരിക്കണം. ഒരുത്തൻ ചെയ്തതിനെ മറൊരുത്തൻ അറിഞ്ഞിരുന്നുവെങ്കിൽ അവൻ തന്നെ സാക്ഷിയായിട്ട് ഇരുന്ന് അവരുതന്നെ കായ്യം നിശ്ചയിച്ചുകൊള്ളണം.

ബൃഹസ്പതിഃ:—
യഃ കശ്ചിദ്വഞ്ചകസ്തേഷാം വിജ്ഞാതഃ ക്രയവിക്രയേ
ശ്പഥൈസ്തു വിശോദ്ധ്യസ്തു ച്ചാൽ സർവ്വാദേഷപയം വിധിഃ.

[ഭാഗം 8 ശ്ലോ 9

കൂട്ടുകച്ചവടം മുതലായതു ചെയ്യുവരുന്നവക്കു തമ്മിൽ നിരപ്പില്ലെങ്കിൽ ഒരുത്തൻ ചരക്കുവിറതിലെങ്കിലും വാങ്ങിച്ചതിലെങ്കിലും വിലവ്യത്യാസമായിട്ടു വഞ്ചനം ചെയ്തിരിക്കുന്നു എന്നു മറൊരുത്തനു സംശയം വന്നാൽ അപ്പോഠം സഭ്യന്മാരു സത്യപ്രമാണം കൊണ്ടു ശുദ്ധനെന്നും അശുദ്ധനെന്നും നിശ്ചയം വരുത്തണം.

യാജ്ഞവല്ക്യഃ:—
ജിഹ്മം താജേയുന്നില്ലാഭമശകേതാന്യേന കാരയേൽ.

മേലെഴുതിയ പ്രകാരം സത്യപ്രമാണത്താലെങ്കിലും സാക്ഷിവിസ്താരത്താലെങ്കിലും, ക്രയവിക്രയങ്ങളിൽ വ്യാജവ്യത്യാസഠം കാണിച്ച് അശുദ്ധനെന്നു നിശ്ചയം വന്നാൽ അവന്റെ വീതത്തിനുള്ള ലാഭത്തെ എടുത്തുംകൊണ്ട് അവനെ കൂട്ടുകച്ചവടം മുതലായതിൽനിന്നും ശേഷമുള്ളവർ എല്ലാവരും കൂടി നീക്കിക്കൊള്ളണം കൂടിയിരിക്കുന്നതിൽ ഒരുത്തനു കച്ചവടം മുതലായതു കൂടിയിരുന്നു ശ്രമിച്ചു നടത്തുന്നതിനു ശക്തിയില്ലെങ്കിൽ വേറിട്ടു നിജമായിട്ടുള്ളതിൽ ഒരാളെ ആക്കി നടത്തിക്കൊള്ളണം.

Digitized By Kerala Sahitya Akademi

ക്ഷയഹാനിയ്ദ്ദാ തത്ര ദൈവരാജകൃതാ ഭവേൽ
സർവ്വേഷാമേവ സന്ത്രാകൃതാ കല്പനീയാ യഥാംശതഃ.

[ഒ ഒന്ന

മേലെഴുതിയപ്രകാരം ക്രൂട്ടകച്ചുവടം മുതലായതു ചെയ്തുവരുമ്പോൾ ദൈവോപദ്രവംകൊണ്ടെങ്കിലും രാജോപദ്രവംകൊണ്ടെങ്കിലും ചിലവു മുതലായ ഹാനി വരുന്നുവെങ്കിൽ ആയത് അവരവരുടെ വീതംപോലെ എല്ലാവക്കും സംഭവിക്കും.

അനിഷ്ടോ വായ്യമാണഃ പ്രമാദാദ്യസ്യ നാശയേൽ
തേനൈവ തദ്ഭവേദ്ദേയം സർവ്വേഷാം സമവായിനാം.

[ഒ ഒ ര

ക്രൂട്ടകച്ചുവടം മുതലായതു ചെയ്തുവരുന്നതിൽ ഒരുത്തൻ ശേഷംപേരോടു ചോദിക്കാതെ സ്വബുദ്ധികൊണ്ടെങ്കിലും ശേഷംപേർ ഇക്കാര്യം ചെയ്യരുതെന്നു പറയുമ്പോൾ ആയതിനെ അനുസരിക്കാതെയെങ്കിലും പൊതുവേയുള്ളതിനു ചേതം വരുത്തിയെങ്കിൽ ആയതു ദ്രവ്യസംഖ്യയിട്ടു ശേഷംപേക്ക് അവൻ തന്നെ കൊടുക്കണം.

നാരദഃ:—

ദൈവതസ്കരരാജാഗ്നിവ്യസനേ സമുപസ്ഥിതേ
യസ്തൽ സ്വശക്ത്യാ രക്ഷേത്തു തസ്യാംശോ ദശമഃ സ്മൃതഃ.

[ഒ ഒ വ്യ

ദൈവോപദ്രവംകൊണ്ടെങ്കിലും, ചോരന്മാരുടെയുപദ്രവംകൊണ്ടെങ്കിലും, രാജഭയംകൊണ്ടെങ്കിലും, അഗ്നിഭയംകൊണ്ടെങ്കിലും ചരക്കുമുതലായതിനു ഹാനിവരുവാൻ തുടങ്ങുമ്പോൾ ഒരുത്തൻ ദൈവഭയം മുതല്പായതിൽനിന്നു ഹാനിവരാതെ രക്ഷിച്ചുവെങ്കിൽ ആയവനു രക്ഷണാംശമായിട്ടു രക്ഷിച്ച ദ്രവ്യത്തിൽ പത്തിലൊന്നു കൊടുക്കണം.

ഏകസ്യ ചേത്സ്യാന്മരണം ദായാദോഽസ്യ തദാപ്നയാൽ
അന്യോ വാഽസതി ദായാദേ ദത്തശ്ചേൽ സർവ്വ ഏവ വാ.

[ഒ ഒ ൻ

മേലെഴുതിയപ്രകാരം ക്രൂട്ടകച്ചുവടം മുതലായതു ചെയ്തുവരുമ്പോൾ ആതിൽ ഒരുത്തൻ മരിച്ചുപോയെങ്കിൽ അവന്റെ

Digitized By Kerala Sahitya Akademi

വകയായിട്ടുള്ള ദ്രവ്യം മുതലായത് അവന്റെ ദായാദിക്കാരൻ, മരിച്ചുപോയവൻ നടത്തിവന്ന കായ്യം നിവ്വഹിച്ച്, എടുക്കണം. ദായാദിക്കാർ ഇല്ലെങ്കിൽ കൂട്ടവ്യാപാരം മുതലായതു ചെയ്തവർ എല്ലാവക്കും ആ കായ്യം വിചാരിച്ചു വീതംവച്ചെടുക്കയും ആം.

ബൃഹസ്പതിഃ:—

രാജാഽദദേത ഷഡ്ഭാഗം നവമം ദ്വാദശം തഥാ
ക്ഷത്രവിട്ശൂദ്രജാതാനാം വിപ്രാദ്ഗൃഹ്ണീത വിംശകം.
[ഒന്നാ

മേലെഴുതിയപ്രകാരമുള്ള ദ്രവ്യത്തിൽ ക്ഷത്രിയന്റെ വകയെങ്കിൽ ആറിലൊന്നും വൈശ്യന്റെ വകയെങ്കിൽ ഒൻപതിലൊന്നും ശൂദ്രന്റെ വകയെങ്കിൽ പന്ത്രണ്ടിലൊന്നും ബ്രാഹ്മണന്റെ വകയെങ്കിൽ ഇരുപതിലൊന്നും രാജാവെടുക്കണം.

മനുഃ:—

പ്രനഷ്ടസ്വാമികം രിക്ഥം രാജാ ത്രൈബ്ദം നിധാപയേൽ;
അവ്വാക് ത്രൈബ്ദാദ്ധരേൽ സ്വാമീ; പരേണ നൃപതിർഹരേൽ.
[ഒന്നഞ

മരിച്ചുപോയവന്റെ വസ്തുവകയ്ക്ക് ആരും ഇല്ലെങ്കിൽ പണ്ടാരവകയിൽനിന്നും വസ്തുവക കണ്ടെടുത്തിച്ചു രാജാവു മൂന്നു സംവത്സരം വരെയും സൂക്ഷിച്ചുവയ്ക്കണം. മൂന്നു സംവത്സരത്തിനകം ഉടയവര് ആരും വന്നില്ലെങ്കിൽ പിന്നത്തതിൽ രാജാവുതന്നെ എടുത്തുകൊള്ളണം.

അസ്വാമികമദായാദം ദശവർഷസ്ഥിതം തതഃ
രാജാ തദാത്മസാൽകുയ്യാദേവം ധർമ്മോ ന ഹീയതേ. ഒന്നാ

മരിച്ചുപോയവന്റെ വസ്തുവക പണ്ടാരവകയിൽ നിന്നും കണ്ടെടുത്തി പത്തു സംവത്സരം വരയ്ക്കു സൂക്ഷിച്ച് അതിനകം ആരും ഉടയവൻ വന്നില്ലെങ്കിൽ പിന്നത്തതിൽ രാജാവ് എടുത്തുകൊള്ളണം. ഇപ്രകാരം ചെയ്താൽ ധർമ്മത്തിനു കുറവു വരികയില്ല.

ശ്രുതിജ്ഞോ വ്യസനേഽപ്യേവമന്യസ്തൽകർമ്മ വിസ്തരേൽ
ലഭേത ദക്ഷിണാഭാഗം സ തസ്മാൽ സന്ത്രകല്പിതം. ഒന്നാ

Digitized By Kerala Sahitya Akademi

ഋതുപിക്കിന് ഒരു കമ്മംചെയ്യാൻ സ്വസ്ഥതയില്ലാതെവന്നാൽ അന്യൻ ആ കമ്മത്തെ വിസ്തരിച്ചുചെയ്യ ദക്ഷിണാംശം വാങ്ങിക്കണം.

ശ്രൂയതാം കർഷകാദീനാം വിധാനമിദമുച്യതേ
വാഹ്യവാഹകബീജാദ്യൈഃ ക്ഷേത്രോപകരണേന ച
യേ സമാനാസ്തു തൈസ്സാർദ്ധം കൃഷിഃ കാര്യാ വിജാനതാ.

[ഒന്ന്

കൃഷിക്കുവേണ്ടുന്ന ആളും അടിമകളും, കാളകളും, വിത്തുവക മുതലായതും ഇതല്ലാതെ കലപ്പ മുതലായ ഉപകരണങ്ങളും ഇവയോടുകൂടിയിരിക്കുന്നവരോടു കൂട്ടുകൃഷി ചെയ്യണം.

പർവ്വതേ നഗരാഭ്യാശേ തഥാ രാജപഥസ്യ ച
ഊഷരം മൂഷികവ്യാപ്തം ക്ഷേത്രം യത്നേന വർജ്ജയേൽ.

[രണ്ട്

പർവ്വതങ്ങളുടേ സമീപത്തിലും നഗരങ്ങളുടേ സമീപത്തിലും രാജാവു പോകുന്ന മാർഗ്ഗത്തിന്റെ സമീപത്തിലും ഇരിക്കുന്ന നിലങ്ങളും, ഓരുള്ള നിലവും മൂഷികങ്ങൾ ഉള്ള നിലവും കൃഷിക്കു വർജ്ജിക്കണം.

ഗർത്താന്തരപം സുസേകഞ്ച സമന്താൽ ക്ഷേത്രസംയുതം
സങ്കൃഷ്ടം ച കൃതം കാലേ വാപയേൽ ഫലമശ്നുതേ.

[രണ്ടര

വെള്ളംനില്ക്കുന്ന കുളത്തിന്റെ സമീപത്തായും, വെള്ളം കൊണ്ടുവന്നു നനപ്പാൻ പ്രയാസമില്ലാത്തതായും, നാലുവശത്തിലും അയൽ ഉള്ളതായും, ഉഴുവാൻ പതമുള്ളതായും ഇരിക്കുന്ന നിലങ്ങളിൽ അതതുകാലത്തിൽ വിതച്ചു കൃഷിയിട്ടാൽ അതിന്റെ ഫലം സിദ്ധിക്കും.

കൃശാതിവൃദ്ധം ക്ഷുഞ്ജ* രോഗിണം പ്രപലായിനം
കാണം ഖഞ്ജഞ്ച നാദദ്യാദുഭയം പ്രാജ്ഞഃ കൃഷീവലഃ. മൂന്ന്

എതുയും കൃശമായും, വയസ്സു ചെന്നതായും, രോഗം പിടിച്ചതായും, ഉഴവിനു വരാതെ ഓടിപ്പോകുന്നതായും, മൂർഖതയുള്ള

* 'ക്ഷുദ്രഞ്ച' എന്നു പരാശരമാധവീയത്തിൽ.

Digitized By Kerala Sahitya Akademi

തായും, കൈകാൽ മുടങ്ങിയതായും, അന്ധനായും ഇരിക്കുന്ന കാള ഉഴവിനരുത്. സമർത്ഥനായിട്ടുള്ള കൃഷിക്കാരൻ മേലെഴുതിയ ദോഷങ്ങളില്ലാതെയിരിക്കുന്ന കാളയെ വാങ്ങണം.

ഏഷ ധർമ്മസ്സമാഖ്യാതഃ കർഷകാണാം പുരാതനഃ.

മേലെഴുതിയപ്രകാരം ചെയ്യുന്നതു മൻപിലേയുള്ള കൃഷിക്കാരുടെ ധർമ്മമെന്നു ചൊല്ലപ്പെട്ടുന്നു.

ഹേമകാരാദയോ യത്ര ശില്പം സംഭൂയ കുർവ്വതേ
കർമ്മാനുരൂപനിവേശം* ലഭേരംസ്തേ യഥാംശതഃ. ൪൯൫

പണിചെയ്യുന്ന ശില്പികർ നാലഞ്ചാളായിട്ടു കൂടി ഒരു പണി ചെയ്യുവെങ്കിൽ അവരവർ ചെയ്ത പണിക്കു തക്കവണ്ണം അവരവക്കു വീതമുള്ള കൂലി അവരവക്കു സിദ്ധിക്കണം.

കാത്യായനഃ:—

ശിക്ഷകാഭിജ്ഞകുശലാ ആചാര്യാശ്ചേതി ശില്പിനഃ
ഏകദ്വിത്രിചതുർഭാഗാൻ ലഭേരംസ്തേ യഥോത്തരം. ൪൯൬

ശില്പികർ ശിക്ഷകനെന്നും, അഭിജ്ഞനെന്നും, കുശലനെന്നും, ആചാര്യനെന്നും ഇപ്രകാരം നാലുവിധം. പണിചെയ്യിക്കുന്നവൻ ശിക്ഷകൻ; ഗുണദോഷമറിയുന്നവൻ അഭിജ്ഞൻ; പണിചെയ്യുന്നവൻ കുശലൻ; ബിംബം മുതലായ പണികളുടെ പ്രമാണങ്ങൾ അറിഞ്ഞു പഠിപ്പിച്ചുകൊടുക്കുന്നവൻ ആചാര്യൻ; ഇവരെല്ലാവരുംകൂടിച്ചെയ്യുന്ന പണിയിൽ വരുന്ന ദ്രവ്യം ആചാര്യനു നാലു പങ്കും, പണിചെയ്യുന്നവനു മൂന്നു പങ്കും, ചൊല്ലിക്കൊടുക്കുന്നവനു രണ്ടു പങ്കും, ചെയ്യിക്കുന്നവന് ഒരു പങ്കും ഇപ്രകാരം വീതിച്ചു കൊടുക്കണം.

ബൃഹസ്പതിഃ:—

ഹർമ്മ്യം ദേവഗൃഹം വാപി ചാർമ്മികോപസ്കരാണി ച
സംഭൂയ കുർവ്വതാം തേഷാം മുഖ്യോ/ധ്യർദ്ധാംശമർഹതി. ൪൯൭

അഞ്ചെട്ടു ശില്പികർ കൂടി മേട മുതലായതും ദേവാലയങ്ങൾ മുതലായതും ഉണ്ടാക്കിയാൽ, അതിൽ മുഖ്യനായിട്ടിരിക്കുന്നവനു പണിവകയിൽ വരുന്ന സമ്മാനം മുതലായ ദ്രവ്യത്തിനു

* നിവേശം = പണിക്രമം.

Digitized By Kerala Sahitya Akademi

പാതിക്കുമേൽ കൂറേക്കൂടിയും കൊടുക്കണം. തോൽപണി ചെയ്യുന്നവരുടെ വിധവും ഇപ്രകാരമത്രേ ആകുന്നു.

നഷ്ടകാനാമേഷ ഏവ ധർമ്മസ്സദ്ഭിരുദാഹൃതഃ
താളജ്ഞോ ലഭതേ/ർദ്ധ്യർദ്ധം ഗായകാസ്തു സമാംശിനഃ. ൪൬൫

മോഹിനിയാട്ടം മുതലായ ആട്ടക്കാക്കു ലഭിക്കുന്ന ദ്രവ്യം പകുത്തെടുക്കുന്ന വിധി ശില്പികളുടെ വിധിപോലെയത്രേ ആകുന്നതു്. ഇതിൽ താളജ്ഞാനമുള്ളവൻ പാതിക്കുമേലും പാട്ടുകാരനും ശേഷം ഉള്ളവരെല്ലാവരും സമമായിട്ടും എടുത്തുകൊള്ളണം.

കാത്യായനഃ:—

പരരാഷ്ട്രാദ്ധനം യത്സ്യാച്ചോരൈസ്സ്വാമ്യാജ്ഞയാ ഹൃതം
രാജ്ഞേ ദശാംശമുൽസൃജ്യ വിഭജേരൻ യഥാവിധി. ൪൬൬

രാജാവു തന്റെ രാജ്യത്തിലിരിക്കുന്ന ചോരന്മാരെ വരുത്തി തനിക്കു ശത്രുവായിട്ടുള്ളവന്റെ രാജ്യത്തിൽനിന്നു കൊള്ളയിട്ടു ദ്രവ്യങ്ങൾ കൊണ്ടുവരണമെന്നും പറഞ്ഞയച്ച കല്പനയോടുംകൂടി മേല്പെഴുതിയ ചോരന്മാർ വലുതായിട്ടുള്ള ശത്രുവിന്റെ രാജ്യത്തിൽചെന്നു കൊള്ളയിട്ടു കൊണ്ടുവന്ന ദ്രവ്യത്തിൽ രാജാവിനു പത്തിലൊരു പങ്കു കൊടുത്തു ശിഷ്ടമുള്ള ദ്രവ്യത്തെ ചോരന്മാർ വിധിപ്രകാരം പകുത്തു് എടുത്തുകൊള്ളണം.

ചോരാണാം മുഖ്യഭ്രത്തസ്യ ചതുരോംശാംസ്തതോ ഹരേൽ
ശൂരോംശാംസ്ത്രീൻ സമർത്ഥാ ദ്വൌ ശേഷസ്യൈകമേവ
[വാ. ൪൬൭

മേലെഴുതിയ ചോരന്മാരിൽ പ്രമാണിയായിട്ടുള്ളവനു രാജഭാഗം നീക്കി ശിഷ്ടമുള്ളതിന്റെ നാലു പങ്കും, അതിൽ ശൂരനായിട്ടും സമർത്ഥനായിട്ടും ആയുധം എടുത്തു യുദ്ധം ചെയ്യുന്നവനു മൂന്നു പങ്കും രണ്ടു പങ്കും വീതവും, ശേഷം ഉള്ളവക്ക് ഒരു പങ്കും വീതിച്ചെടുത്തുകൊള്ളണം.

തേഷാഞ്ച പ്രസൃതാനാം യോ ഗ്രഹണം സമവാപ്നുയാൽ
തന്മോക്ഷണായ യത്നം വഹേയുസ്തേ യഥാംശതഃ. ൪൬൮

ശത്രുരാജ്യത്തിൽ കൊള്ളയിടുവാൻ പോയതിൽ ഒരുത്തനെ ശത്രുവിനു പിടികിട്ടിയാൽ അയവുനേ വിടുവിക്കുന്നതിനായിട്ടു

Digitized By Kerala Sahitya Akademi

ചിലവിട്ടുന്ന ദ്രവ്യങ്ങളും മേലെഴുതിയ പ്രകാരംതന്നെ പ്രമാണക്കാരൻ നാല പങ്കും ശേഷം ഉള്ളവരു വീതമിട്ട് ഒന്നുപോലെയും ചിലവിടണം.

ബഹൂനാം സമ്മതോ യസ്തു ദദ്യാദേകോ ധനന്നരഃ
കരണം കാരയേദ്വാപി സ വൈരേവ കൃതം ഭവേൽ. ൫൬൫

കൂട്ടുകച്ചവടം മുതലായതിൽ കിട്ടിയിരിക്കുന്ന ദ്രവ്യത്തിന്റെ വിഷയത്തിൽ എല്ലാവക്കും സമ്മതനായിട്ടിരിക്കുന്നവൻ ധനത്തിനെ കൊടുക്ക എങ്കിലും, കരണം എഴുതിവാങ്ങിക്കയെങ്കിലും, ചെയ്താൽ ആയതു് എല്ലാവരുംകൂടി ചെയ്തതിനു സമം അത്രേ ആകുന്നു.

ഇതി സംഭൂയസമുത്ഥാനപ്രകരണം.

അഥ ദത്താപ്രദാനികപ്രകരണം.

നാരദഃ:—

ദത്വാ ദ്രവ്യമസമ്യഗ്വൈഃ പുനരാദാതുമിച്ഛതി
ദത്താപ്രദാനികന്നാമ തദ്വിവാദപദം സ്മൃതം. ൫൬൬

വഴിമാറ്റക്കേടായിട്ടു ദാനംചെയ്തുംവച്ചു് ആയതു തിരിച്ചു തരണമെന്നു് ഇച്ഛിച്ചുവെങ്കിൽ അപ്പോൾ ഇന്ന ദാനം സിദ്ധിക്കുമെന്നും, ഇന്നതു സിദ്ധിക്കയില്ലെന്നും, ഇന്നതു ദാനംചെയ്യാമെന്നും, ഇന്നതു ദാനംചെയ്യരുതെന്നും ഉള്ള വിധികളേച്ചൊല്ലുന്ന വ്യവഹാരപദത്തിനു ദത്താപ്രദാനമെന്നു പേരു്.

അദേയമഥ ദേയഞ്ച ദത്തഞ്ചാദത്തമേവ ച
വ്യവഹാരേഷു വിജ്ഞേയോ ദാനമാർഗ്ഗശ്ചതുർവിധഃ. ൫൬൭

ഇന്നവക ദാനംചെയ്യുന്നതിനു യോഗ്യമായിട്ടുള്ളതെന്നും, ഇന്നവക ദാനംചെയ്യുവാൻ യോഗ്യമല്ലെന്നും, ഇന്നപ്രകാരം ദാനംചെയ്താൽ ആയതു തിരിച്ചു വാങ്ങിക്കരുതെന്നും, ഇന്നപ്രകാരം ദാനംചെയ്താൽ ആയതു തിരിച്ചുവാങ്ങിപ്പാൻ ന്യായമുണ്ടെന്നും ഇപ്രകാരം ദാനമാർഗ്ഗം നാലുവിധം.

തത്രേഹാഷ്ടാവദേയാനി, ദേയമേകവിധം സ്മൃതം;
ദത്തം സപ്തവിധം ദദ്യാദ്ദത്തം ഷോഡശാത്മകം. ൫൬൮

മേലെഴുതിയതിൽ ദാനം ചെയ്യാൻ വഹിയാത്തവ എട്ടുവിധം; ദാനംചെയ്യാൻ യോഗ്യമായിട്ടുള്ളതു് ഏകവിധം; കൊടുത്ത

Digitized By Kerala Sahitya Akademi

വക തിരിച്ചുവാങ്ങിപ്പാൻ ന്യായമില്ലാത്തത് ഏഴുവിധം; ദാനം ചെയ്യുവെങ്കിലും അയയ്ക്കു തിരിച്ചുവാങ്ങിപ്പാൻ യോഗ്യതയുള്ളതു പതിനാറുവിധം.

നാരദഃ:—

അനാഹിതം യാചിതകമാധിസ്സാധാരണഞ്ച യൽ
നിക്ഷേപഃ പുത്രദാരാശ്ച സ്വസ്വം ചാന്വയേ സതി.

[൪ ൯ൻ

അനാഹിതദ്രവ്യവും, ഏരവു വാങ്ങിച്ചതും, പണയമായിട്ടു വാങ്ങിയതും, അഞ്ചിട്ടുപേക്ക് ഒരുത്തനേപ്പോലെ എല്ലാവക്കും സമമായിട്ടു സ്വാതന്ത്ര്യമുള്ള പൊതുവകയും, സൂക്ഷിപ്പാൻ വാങ്ങിച്ചിരിക്കുന്ന നിക്ഷേപവും, പുത്രന്മാരും, ഭാര്യമാരും, സന്തതി ഇരിക്കുമ്പോൾ സന്തതിക്കു വസ്തുവക പകുത്തുകൊടുത്ത് ഒതുക്കാതെ പൊതുവകയായിട്ടുള്ള സ്വസ്വവും ഇപ്രകാരം ഉള്ള എട്ടു വകകളും ദാനംചെയ്യാൻ യോഗ്യമല്ലാത്തത്. പുത്രൻ എന്നുപറഞ്ഞതിൽ ഏകപുത്രൻതന്നെയെങ്കിൽ ആ ഒരു പുത്രനേയും ബഹുപുത്രന്മാരെങ്കിൽ അതിൽ ജ്യേഷ്ഠപുത്രനേയും ദാനംചെയ്യാൻ വഹിയാ എന്ന താൽപര്യം. സന്തതിയില്ലെങ്കിലും, സന്തതിക്കു വസ്തുവക പകുത്തുകൊടുത്തുപോയെങ്കിലും സ്വസ്വദാനം ചെയ്യാമെന്ന താൽപര്യം.

ആപത്സ്വപി ഹി കഷ്ടാസു വർത്തമാനേന ദേഹിനാ
അദേയാന്യാഹരാചായ്യാ യച്ചാന്യസ്മൈ പ്രതിശ്രുതം. ൪ വ്യ ൦

വലുതായിട്ടുള്ള ആപത്ത് വന്നുവെങ്കിലും മേലെഴുതിയ എട്ടു വകകളും ഒരുത്തന് ഇന്നതു ദാനംചെയ്യുതരാമെന്നു വാക്കു കൊണ്ടു പ്രതിജ്ഞചെയ്തതും മറെറാരുത്തനു ദാനംചെയ്യരുത്.

ക്രമാഗതം ഗൃഹക്ഷേത്രം പിത്ര്യം പൈതാമഹം തഥാ
പുത്രപൌത്രസമൃദ്ധ്യസ്യ അദേയമനനുജ്ഞയാ. ൪ വ്യ ൧

മുത്തച്ഛൻ, അച്ഛൻ മുതലായ പൂർവന്മാരുടെ പാരമ്പര്യമായിട്ടു കുടുംബവകയായിട്ടുള്ള ഭവനം, നിലം, പുരയിടം, മുതലായതു പുത്രപൌത്രന്മാർ മുതലായി കുടുംബത്തിൽ ആളുകൾ ഉണ്ടായിരിക്കുമ്പോൾ അവരോടു ചോദിച്ചു സമ്മതം വരുത്തിക്കൂടാതെ ദാനം ചെയ്യരുതു്.

Digitized By Kerala Sahitya Akademi

ധർമ്മാർത്ഥം യേന ദത്തം സ്യാൽ കസ്മൈചിദ്യാചതേ ധനം
പശ്ചാച്ച ന തഥാ കുര്യാദുദയം ന തു തദ്ഭവേൽ. ഒ വ്യ ഠ

യാഗക്രിയമുതലായതു കഴിക്കേണ്ടുന്നതിന യാചകം തരണമെന്ന ചോദിച്ച ദ്രവ്യത്തിനെ വാങ്ങിച്ചുംകൊണ്ടു മേലെഴുതിയ ക്രിയയും കഴിക്കാതെയിരിക്കുന്നവെങ്കിൽ ആ ദ്രവ്യത്തിനെ തിരിച്ചു വാങ്ങിപ്പാൻ യാചകം കൊടുത്തവനു ന്യായമുണ്ടു. ദ്രവ്യത്തെ കൊടുക്കാതെയിരുന്നവെങ്കിൽ പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

കുടുംബഭരണാദ്ദ്രവ്യം യൽകിഞ്ചിദതിരിച്യതേ
തദ്ദേയമുപരുധ്യാത്ര ദദതോഷമവാപ്നുയാൽ. ഒ വ്യ ണ

ദാനം ചെയ്വാൻ യോഗ്യമായിട്ടുള്ളതിനെ ചൊല്ലുന്നു. കുടുംബപരിപാലനത്തിനു വേണ്ടുന്ന വക നീക്കി അധികം ഉണ്ടെങ്കിൽ ആയതു ദാനം ചെയ്വാൻ യോഗ്യമായിട്ടുള്ളത്. വൃദ്ധന്മാരായിരിക്കുന്ന മാതാപിതാക്കന്മാക്കും ഭാര്യ പുത്രന്മാർ മുതലായ കുടുംബത്തിലുള്ളവക്കും ഭക്ഷണം മുതലായതിനു ബുദ്ധിമുട്ടിച്ചും വച്ചു ദാനം ചെയ്തുവെങ്കിൽ ആയവനു ദോഷം സംഭവിക്കും.

ദാനമേകാത്മകം പ്രാഹുസ്തദ്ഭവേത്തോയപൂർവകം;
വിനാ തോയപ്രദാനേന ധർമ്മദാനം ന വിദ്യതേ. ഒ വ്യ ർ

മേൽ ചെഴുതിയപ്രകാരം കുടുംബം രക്ഷിച്ച് അധികം ഉള്ളതു ദാനം ചെയ്വാൻ യോഗ്യമായിട്ടുള്ളത് ഏകവിധം. ധർമ്മകാര്യത്തിനു ചെയ്യുന്ന ദാനം ഒക്കയും ഉദകധാരാപൂർവമായിട്ടു ചെയ്യണം. ഉദകധാരാപൂർവമല്ലാതെ ധർമ്മദാനമില്ല.

കാത്യായനഃ:—

സർവസ്വം ഗൃഹവർജ്ജന്തു കുടുംബഭരണാധികം
യദ്ദ്രവ്യം തത്സകം ദേയമദേയം സ്യാത്തതോന്യഥാ.
[ഒ വ്യ ഒ

സർവസ്വദാനം ചെയ്യണമെങ്കിൽ തന്റെ കുടുംബത്തിൽ അഹോവൃത്തികഴിപ്പാൻ വേണ്ടുന്ന വക നീക്കി അധികം ഉള്ളതിൽ കൂടിയിരിക്കുന്ന ഭവനം നീക്കി ശിഷ്ടം തന്റെവകയായിട്ടുള്ളതു സർവസ്വദാനം ചെയ്യാം. മേലെഴുതിയപ്രകാരമല്ലാതെ സർവസ്വദാനം ചെയ്യരുതു്.

Digitized By Kerala Sahitya Akademi

പണ്യമൂല്യം ഭൃതിസൃഷ്ട്യാ സ്നേഹാൽ പ്രത്യുപകാരതഃ
സ്ത്രീശുല്ക്കാനുഗ്രഹാത്ഥഞ്ച ദത്തം സപ്തവിധം സ്മൃതം. ഒ വ്യന്ന

ചരക്കു വാങ്ങിച്ചതിനു വിലയായിട്ടു കൊടുത്തതും, വേല യെടുത്തതിനു ക്കൂലി കൊടുത്തതും, മുൻപിൽ സന്തോഷംകൊണ്ടു സമ്മാനമായിട്ട് ആട്ടക്കാക്കും വിദ്വാന്മാർ മുതൽപേക്കും കൊടുത്തതും, സ്നേഹംകൊണ്ടു ബന്ധുജനങ്ങൾക്കു കൊടുത്തതും, മുൻപിൽ ഒരു ഉപകാരം ചെയ്തവനു പ്രത്യുപകാരമായിട്ടു കൊടുത്തതും, കന്യാവിവാഹത്തിനായിട്ടു കന്യകയുടെ മാതാപിതാക്കന്മാക്കു കൊടുത്തതും, അനുഗ്രഹസിദ്ധിക്കായിട്ടു കൊടുത്തതും ഇപ്രകാരമുള്ള ഏഴുവിധവും തിരിച്ചു വരികയില്ല.

ബൃഹസ്പതിഃ:—

സൌദായികം ക്രമായാതം ശൌണ്ഡ്യപ്രാപ്തഞ്ച യദ്ഭവേൽ
സ്ത്രീജ്ഞാതിസാമ്യനജ്ഞാതം ദത്തം സിദ്ധിമവാപ്നുയാൽ.

[ഒ വ്യ ൈ

അതതു ഭാര്യ സ്ത്രീധനമായിട്ടു കൊണ്ടുവന്ന വക അതതു ഭാര്യയുടെ സമ്മതം ക്രടാതെ ഭർത്താവു ദാനം ചെയ്തുവെങ്കിൽ ആയതും, പൂർവ്വന്മാരുടെ പാരമ്പര്യമായിട്ടു വരുന്ന നിലം പുരയിടം മുതലായതു പകുതി ചെയ്യാതെയിരിക്കുമ്പോൾ ജ്ഞാതികളോടു ചോദിച്ചു സമ്മതം വരുത്താതെ ഒരുത്തൻ ദനം ചെയ്തുവെങ്കിൽ ആയതും, ഒരുത്തന്റെ അടുക്കൽ ദാസ്യപ്രവൃത്തി എടുത്തുവരുന്നവൻ ശൌര്യംകൊണ്ടുണ്ടാക്കിയ വകയെ യജമാനൻ പറയാതെ ദാനം ചെയ്തുവെങ്കിൽ ആയതും സിദ്ധിക്കയില്ല. മേലെഴുതിയവരുടെ സമ്മതപ്രകാരമെങ്കിൽ ആയതു സിദ്ധിക്കും.

യാജ്ഞവല്ക്യഃ:—

പ്രതിഗ്രഹഃ പ്രകാശസ്സ്യാൽ സ്ഥാവരസ്യ വിശേഷതഃ
ദേയം പ്രതിശ്രുതഞ്ചൈവ ദത്താ നാപഹരേൽ പുനഃ.

[ഒ വ്യ വ്യ

ദാനം ചെയ്യുന്നതും പ്രതിഗ്രഹിക്കുന്നതും പ്രകാശമായിട്ടു ചെയ്യണം. നിലം, പുരയിടം, വൃക്ഷങ്ങൾ മുതലായ സ്ഥാവരവസ്തുവിനെ ദാനപ്രതിഗ്രഹങ്ങൾ ചെയ്യണമെങ്കിൽ വിശേഷിച്ച് എതുയും പ്രകാശമായിട്ട് സാക്ഷികളോടുംകൂടെ ചെയ്യണം. അല്ലെങ്കിൽ വ്യവഹാരത്തിനിടവരും. ധർമ്മകാര്യത്തിനായിട്ട് ഇതു ദ്രവ്യം

Digitized By Kerala Sahitya Akademi

തരാമെന്നു മറെറാരുത്തനോടു പ്രതിജ്ഞ ചെയ്തിട്ടുണ്ടെങ്കിൽ, ആ യവനും ധർമ്മിഷ്ഠൻ തന്നെ എങ്കിൽ ആയതും കൊടുക്കണം. ന്യായമാർഗ്ഗമായിട്ടു ദാനം ചെയ്തതു തിരിയെ അപഹരിക്കയുമരുതു്.

കാത്യായനഃ—

സേച്ഛയാ യഃ പ്രതിശ്രുത്യ ബ്രാഹ്മണായ പ്രതിഗ്രഹം
ന ദദ്യാദുണിവദ്ദാപ്യഃ പ്രാപ്നുയാൽ പൂർവസാഹസം.

[ഒ വ്യ ൻ

എനിക്കു ധർമ്മം നടത്തുന്നതിനു വല്ലതും ദാനം തരണമെന്നു ബ്രാഹ്മണൻ യാചിക്കാൻ വരാതെയിരിക്കുമ്പോൾ തന്റെ ഇച്ഛകൊണ്ടുതന്നെ ധർമ്മത്തിനു കുറവു ക്രൂടാതെ നടത്തുന്ന ഒരു ബ്രാഹ്മണനെ വിളിച്ചു് ഇന്നതു ദാനം വാങ്ങിക്കൊള്ളണമെന്നും വാശാനംചെയ്തു ബ്രാഹ്മണനും അപ്രകാരംതന്നെ എന്നു പ്രതിഗ്രഹത്തേയും സമ്മതിച്ചതിൽ പിന്നെ വാശാനം ചെയ്തവൻ കൊടുത്തില്ലെങ്കിൽ ആയതു കടംവാങ്ങിച്ച ദ്രവ്യംപോലെ വാശാനം ചെയ്തവനെക്കൊണ്ടു കൊടുപ്പിച്ചു പൂർവസാഹസത്തിലുള്ള പണത്തിൽ കുറവു ക്രൂടാതെ പ്രായശ്ചിത്തവും ചെയ്യിക്കണം.

പ്രതിശ്രുതാത്ഥാദാനേന ദത്തസ്യാചേ്ഛദനേന ച
വിവിധാൻ നരകാൻ ഗത്വാ തിര്യഗ്യോനൌ ച ജായതേ.

[ഒ ൻ ൦

ധർമ്മകാര്യത്തിനായിട്ടു് ഇന്നതു തരാമെന്നു വാശാനം ചെയ്തും വച്ചു് ആയതു കൊടുത്തില്ലെങ്കിലും, ന്യായമാർഗ്ഗമായിട്ടു ദാനംചെയ്തതിനെ തിരിയെ അപഹരിച്ചുവെങ്കിലും അനേകവിധത്തിലുള്ള നരകപ്രാപ്തിയും വന്നു നികൃഷ്ടയോനികളിൽ നികൃഷ്ടമായിട്ടുള്ള ജന്തുക്കളായിട്ടു ജനിപ്പാൻ സംഗതിവരും.

നാരദഃ—

അദത്തസ്യ ഭയക്രോധശോകവേഗസമന്വിതൈഃ
തത്ഫോൽകോചപരീഹാസവ്യത്യാസച്ഛലയോഗതഃ.

[ഒ ൻ ഫ

സിദ്ധിക്കാത്ത ദാനത്തെ ചൊല്ലുന്നു. ഒരുത്തനെ ഭയപ്പെട്ടു കൊടുത്ത ദ്രവ്യവും, പുത്രന്മാർ ദായാദിക്കാർ, ഇവരോടുള്ള നീരസംകൊണ്ടു കുടുംബത്തിലുള്ള ദ്രവ്യത്തിനെ മറെറാരുത്തനു കൊടുത്തതും, പുത്രശോകം മുതലായതു വന്നിരിക്കുമ്പോൾ ഇനി ധനമിരുന്നിട്ടു

x

Digitized By Kerala Sahitya Akademi

റ്റെന്തൊരു പ്രയോജനമെന്ന് ആ സമയത്തിലുണ്ടാകുന്ന ബുദ്ധികൊണ്ടു മറെറാരുത്തനു കൊടുത്തതും, തന്റെ കായ്ത്തിന് ഒരു കുറവുക്രടാതെ സാധിച്ചുതരണമെന്നും പറഞ്ഞ് ഉദ്യോഗസ്ഥന്മാക്കു കൈക്രുലിയായിട്ടു കൊടുത്തതും, നേരംപോക്കായിട്ടു പറഞ്ഞുകൊടുത്തതും, അന്യനെ വഞ്ചിക്കുന്നതിനായിട്ടു തനിക്കു ഞാൻ നാലുപേരുടെ സഭയിൽവച്ച് ഇത്ര ദ്രവ്യം തരാമെന്നും, അപ്രകാരം അന്യന്മാർ തരുന്ന ദ്രവ്യം വാങ്ങിച്ചുംകൊണ്ടു ഞാൻ തന്നതു രഹസ്യമായിട്ടു തിരിയെ എനിക്കു തരണമെന്നു വ്യാജം പറഞ്ഞു കൊടുത്തതും ന്യായമാർഗ്ഗമായിട്ടു ചെയ്ത ദാനമല്ലായ്കകൊണ്ടു മേലെഴുതിയ ഭയം മുതലായ ഹേതുക്കൾ നിവൃത്തിവരുമ്പോൾ ആയതു തിരിച്ചു വാങ്ങിപ്പാനും കൊടുപ്പിക്കുന്നതിനും ന്യായമുണ്ട്.

ബാലമൂഢാസ്വതന്ത്രാർത്തമത്തോന്മത്താപവർജ്ജിതൈഃ
കൃതാ മമേയം കർമ്മേതി പ്രതിലാഭേച്ഛയാ ച തൽ.

[ഋൺവ

ബാലനും ചൈതന്യമില്ലാത്ത മൂഢനും കൊടുത്തതും, അച്ഛൻ മുതലായവരിരിക്കുമ്പോൾ അസ്വതന്ത്രന്മാരായിരിക്കുന്ന പുത്രന്മാർ, ഭാര്യമാർ, ദാസന്മാർ ഇവരുടെ സ്വാധീനകൊണ്ടു കൊടുത്തതും, രോഗംകൊണ്ടു പരവശനായിരിക്കുന്നവൻ കൊടുത്തതും, ഭ്രാന്തുപിടിച്ചു നടക്കുന്നവൻ കൊടുത്തതും, യുക്തായുക്തങ്ങൾ അറിയാൻ വഹിയാത്തവൻ കൊടുത്തതും, എനിക്ക് ഇന്ന പ്രവൃത്തി എടുക്കണമെന്നും പറഞ്ഞു കൊടുത്ത ദ്രവ്യത്തെ വാങ്ങിച്ചുംകൊണ്ടു പ്രവൃത്തി എടുത്തില്ലെങ്കിൽ ആയതും, എനിക്കു പ്രത്യുപകാരമായിട്ടു ചെയ്യണമെന്നും പറഞ്ഞു കൊടുത്ത ദ്രവ്യത്തിനെ വാങ്ങിച്ചുംകൊണ്ടു പ്രത്യുപകാരമായിട്ട് ഇന്നതു ചെയ്തില്ലെങ്കിൽ ആയതും, ഇപ്രകാരം ചെയ്ത ദാനങ്ങൾ സിദ്ധമല്ലാത്തതാകകൊണ്ടു തിരിച്ചു വാങ്ങിപ്പാൻ ന്യായമുണ്ട്.

അപാത്രേ പാത്രമിത്യുക്തേ കാര്യേ വാ/ധർമ്മസംഹിതേ
ദത്തം യത്സ്യാദവിജ്ഞാനാദ്ദത്തം തദപി സ്മൃതം. ഋൺവ

ദാനത്തിനു പാത്രമല്ലാതെയിരിക്കുന്നവൻ പാത്രമാകുന്നു എന്നു പറഞ്ഞ വാക്കു പ്രമാണിച്ചു ഭമിച്ചു കൊടുത്തതും, അധർമ്മത്തിൽത്തന്നെ ചെലവു ചെയ്യുന്നവൻ ഇവൻ എന്നുവച്ചു കൊടുത്തതും സിദ്ധിക്കയില്ല. മേലെഴുതിയപ്രകാരം കൊടുത്തതൊക്കയും

Digitized By Kerala Sahitya Akademi

ദാനമായിട്ട കൊടുത്തതാണെങ്കിലും മറെറാരുവിധത്തിൽ കൊടുത്തതാകുന്നുവെങ്കിലും, കാമക്രോധാദിഹേതുക്കൾ കൊണ്ടു ചെയ്യപ്പെട്ട പതിനാറു വിധത്തിൽ ഉള്ള ദാനങ്ങൾ ഒക്കയും ന്യായത്തിനു സിദ്ധിക്കുന്നതല്ലായ്കകൊണ്ട് അയതൊക്കയും തിരിച്ചു വാങ്ങിപ്പാനും കൊടുപ്പാനും ന്യായമുള്ളതത്രേ അതുകൊണ്ട.

കാത്യായനഃ:—

കാമക്രോധാസ്വതന്ത്ര്യാത്ക്ലീബോന്മത്തപ്രമോഹിതൈഃ
വ്യാജാച്ച പരിഹാസാച്ച യദ്ദത്തം തൽ പുനർഭവേൽ.

[ഒൻര

കാമക്രോധങ്ങൾകൊണ്ടു പരവശപ്പെട്ടിരിക്കുമ്പോൾ ചെയ്യപ്പെട്ട ദാനവും, കുടുംബം ഭരിച്ചുവരുന്ന അച്ഛൻ മുതലായവരിരിക്കുമ്പോൾ തനിക്കു ബോധിച്ചപോലെ ദാനം ചെയ്വാൻ സ്വാതന്ത്ര്യമില്ലാതെയിരിക്കുന്ന പുത്രൻ മുതലായവരു ചെയ്ത ദാനവും, രോഗംകൊണ്ടു ബുദ്ധിക്കു ബോധമില്ലാതെയിരിക്കുന്നവൻ ചെയ്ത ദാനവും, നപുംസകനായിരിക്കുന്നവൻ ചെയ്ത ദാനവും, മത്തപ്രമത്തന്മാർ ചെയ്ത ദാനവും, വ്യാജംകൊണ്ടു ചെയ്ത ദാനവും, നേരംപോക്കായിട്ടുള്ള ദാനവും സിദ്ധിക്കയില്ലായ്കകൊണ്ടു മേലെഴുതിയപ്രകാരം ദാനംചെയ്ത കൊടുത്തവക കൊടുക്കാത്തതിനു സമമാകകൊണ്ടു തിരിച്ചുചോദിച്ചാൽ കൊടുത്തവനു സിദ്ധിക്കും.

മൂർഖോമിതി യദ്ദത്തം ന തത്സ്വത്വാപഹം ഭവേൽ,
തേനേദാനീമദത്തത്വാൽ മൃതേ രിക്ഥിനി സംക്രമാൽ.

[ഒൻഒ

ഞാൻ മരിച്ചതിൽപിന്നെ താനനുഭവിച്ചുകൊള്ളണമെന്നു ദാനംചെയ്ത കൊടുത്തവകയ്ക്ക്, ഇപ്രകാരം ദാനം ചെയ്തവൻ ജീവിച്ചിരിക്കുന്നവരെയും ദാനം ചെയ്താൽതന്നെ ഉടയവനാകകൊണ്ടു, മേലെഴുതിയപ്രകാരം ദാനംചെയ്തവന് അവക സിദ്ധിക്കയില്ല.

കാത്യായനഃ:—

നിയുക്തോ യസ്തു കാര്യേഷു സ ചേദ്ദൽകോചമാപ്നുയാൽ
സ ദാപ്യസ്തദ്ധനം കൃത്സ്നം ഭാഗം വൈകശതാധികം.

[ഒൻന

കാര്യവിചാരത്തിൻ ശമ്പളം കൊടുത്താക്കിയിരിക്കുന്ന ഉദ്യോഗസ്ഥൻ പ്രജകളുടെ പക്കൽനിന്നും കൈക്രൂലിയായിട്ടു ദ്രവ്യ

Digitized By Kerala Sahitya Akademi

ങ്ങളെ വാങ്ങിച്ചാൽ ആയവനെക്കൊണ്ടു വാങ്ങിച്ച ദ്രവ്യം കൈക്രൂച്ചിയായിട്ടു കൊടുത്തവനു കൊടുപ്പിച്ചു നൂറു പണത്തിൽ കുറവുകൂടാതെ അവസ്ഥപോലെ പ്രായശ്ചിത്തവും ചെയ്യിക്കണം.

അനിയുക്തസ്യ കായ്യാർത്ഥമുൽകോചം നൃപാവാപ്നുയാൽ
കൃതപ്രത്യുപകാരാർത്ഥം തസ്യ ദോഷോ ന വിദ്യതേ. ൫൯൬

ഉദ്യോഗസ്ഥനല്ലാതെയിരിക്കുന്നവൻ തിറമില്ലാതിരിക്കുന്നവന്റെ കായ്യം സാധിച്ചുകൊടുത്തതിനു പകരമായിട്ട് അവനോടു ദ്രവ്യങ്ങളെ വാങ്ങിച്ചുവെങ്കിൽ ആയതു് ഉപകാരപ്രത്യുപകാരമായിട്ടുള്ളതാകകൊണ്ടു വാങ്ങിച്ചവനു ദോഷമില്ല.

പ്രാണസംശയമാപന്നം യോ മാമുത്താരയേദിതഃ
സർവ്വസ്വം തസ്യ ദാസ്യാമീത്യുക്തോഽപി ന തഥാ ഭവേൽ.
[൫൯൭

പ്രാണസംശയത്തിനു ഹേതുവായിട്ടു വന്നിരിക്കുന്നരം ഈ ആപത്തിൽ നിന്നു് ആരെങ്കിലും കരയേറിയാൽ ആയവനു സർവ്വസ്വവും കൊടുക്കാമെന്നു പറഞ്ഞുവെങ്കിലും ആപത്തിൽനിന്നു കരയേറിയവനു് ആയവൻ പറഞ്ഞതിൻവണ്ണം സർവ്വസ്വവും വരികയില്ല.

യദി കായ്യസ്യ നിർവ്യുത്ഥമുൽകോചസ്സ്യാന്നൃതിശ്രുതഃ
തസ്മിന്നപി പ്രസിദ്ധോഽർത്ഥം ന ദേയസ്സ്യാൽ കഥഞ്ചന.
[൫൯൮

എന്റെ കായ്യം സാധിച്ചുതന്നാൽ ഇത്ര പണം കൈക്രൂലിയായിട്ടു തരാമെന്നു പറഞ്ഞു കേൾപ്പിച്ചു് ആയതു കൊടുക്കുന്നതിനു മുൻപിൽ കായ്യസിദ്ധിവന്നുവെങ്കിലും മുൻപിൽ കൈക്രൂലിയായിട്ടു തരാമെന്നു പറഞ്ഞിരിക്കുന്ന ദ്രവ്യത്തിനെ പിന്നത്തതിൽ ആയവനു കൊടുപ്പാനാവശ്യമില്ല.

അഥ പ്രാഗേവ ദത്തം സ്യാൽ പ്രതിദാപ്യഃ സ തദ്ബലാൽ
ദണ്ഡഞ്ചൈകാദശഗുണമാഹുർധർമ്മവിദോ ജനാഃ. ൫൯൯

മേലെഴുതിയപ്രകാരം കായ്യസിദ്ധി വരുത്തിത്തരുന്നതിനു മുൻപിൽത്തന്നെ കൈക്രൂലി കൊടുത്തുപോയെങ്കിൽ ആയതു വാങ്ങിച്ച ഉദ്യോഗസ്ഥനെക്കൊണ്ടു വാങ്ങിച്ച പണത്തിനെ തിരയെ ഉടയവനു കൊടുപ്പിച്ച ഒന്നിനു പത്തൊന്നു വീതം ഉള്ള

Digitized By Kerala Sahitya Akademi

ദ്രവ്യം പ്രായശ്ചിത്തം ചെയ്യിപ്പിക്കണം. ഇപ്രകാരമത്രേ ധർമ്മിഷ്ഠന്മാരായിരിക്കുന്ന ഋഷീശ്വരന്മാർ പറഞ്ഞിരിക്കുന്നത്.

നാരദഃ:—

സ്തേനസാഹസികോദ്വൃത്തപാരദാരികശംസനാൽ
ദുർന്നാദ്വൃത്തനഷ്ടസ്യ തഥാഽസത്യപ്രവർത്തനാൽ. ന്യ ൦ ൧

പ്രാപ്തമേതൈസ്തു യൽകിഞ്ചിദ്ദൽകോചാഖ്യം തദുച്യതേ;
ന ദാതാ തത്ര ദണ്ഡ്യസ്സ്യാന്മധ്യസ്ഥശ്ചൈവ ദോഷഭാക്.

[ന്യ ൦ ൨

എനിക്കിത്ര ദ്രവ്യം തന്നില്ലെങ്കിൽ നീ ചെയ്ത മോഷണക്കായ്യം ഞാൻ വെളിയിൽ പ്രകാശിപ്പിക്കുമെന്നു പറഞ്ഞു ബോധിപ്പിച്ചു മോഷ്ടിക്കുന്നവനോടു വാങ്ങിക്കുന്ന ദ്രവ്യവും, മേലെഴുതിയപ്രകാരം പിടിച്ചുപറിക്ക മുതലായ സാഹസം ചെയ്യുവരുന്നവനോടു പറഞ്ഞു വാങ്ങിക്കുന്ന ദ്രവ്യവും, പരസ്ത്രീസംഗം മുതലായ ജാതിഭ്രഷ്ടുള്ള കായ്യം ചെയ്യുവരുന്നവനോടു മെലെഴുതിയപ്രകാരം പറഞ്ഞു ഭയപ്പെടുത്തി വാങ്ങിക്കുന്ന ദ്രവ്യവും മറും, കൈക്രൂലി എന്നു ചൊല്ലപ്പെട്ടും. ഇപ്രകാരം കൈക്രൂലി കൊടുത്തവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കരുത്. മൂന്നാമനായിട്ടിരുന്നു പറഞ്ഞു ബോധിപ്പിച്ചു കൈക്രൂലിവാങ്ങിച്ചു കൊടുപ്പിക്കുന്നവനെക്കൊണ്ടു കൈക്രൂലി വാങ്ങിച്ചവനെപ്പോലെ പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

*യോഗാഗമനവിക്രീതം യോഗദാനപ്രതിഗ്രഹം
യത്ര വാപ്യുപധിം പശ്യേത്തത്സർവ്വം വിനിവർത്തയേൽ.

[ന്യ ൦ ൩

ഇനിയും സിദ്ധിക്കാതെയിരിക്കുന്ന ദാനം മുതലായതിനെ ചൊല്ലുന്നു. കാമം ക്രോധം മുതലായ ഒരു ഉപധിവശത്താൽ പണയമായിട്ടു ചെയ്യപ്പെട്ടതും, വിലയ്ക്കുവിറ്റതും, ദാനംചെയ്തതും, പ്രതിഗ്രഹിച്ചതും, ഇപ്രകാരമല്ലാതെ വ്യാജംകൊണ്ടു ചെയ്യപ്പെട്ടതും ഇവ ഒക്കെയും സിദ്ധിക്കയില്ല; മേലെഴുതിയപ്രകാരം കൊടുത്തവനു തിരിയെ കൊടുപ്പിക്കയുമാം. ഒരു വസ്തുവിൽ താൻ കൂടിയ ഹേതുവാൽ ദോഷത്തെ ഉണ്ടാക്കുന്നതിനു് ഉപധി എന്നു പേർ.

* യോഗംചതി.

Digitized By Kerala Sahitya Akademi

നാരദഃ:—

ഗ്രഹ്ണാത്വാദത്തം യോ മോഹാദ്യശ്ചാദേയം പ്രയച്ഛതി
ദണ്ഡനീയാവുഭാവേതൌ ധർമ്മജ്ഞേന മഹീക്ഷിതം. ന്യ ൦ ൪

യാതൊരുത്തനെങ്കിലും ദാനംചെയ്യാൻ ഔയാഗ്യമല്ലാതെയിരിക്കുന്ന വസ്തുവിനേയും, ദാനം ചെയ്താൽ സിദ്ധിക്കയില്ലാത്ത വസ്തുവിനേയും, ദാനം ചെയ്യിക്കയും പ്രതിഗ്രഹിക്കയും ചെയ്യുന്നോ, എന്നാൽ ആയവനെക്കൊണ്ടു ധർമ്മജ്ഞനായിരിക്കുന്ന രാജാവു പ്രായശ്ചിത്തം ചെയ്യിക്കണം.

അദേയം യശ്ച ഗ്രഹ്ണാതി യശ്ചാദേയം പ്രയച്ഛതി
താവുഭൌ ചോരവച്ഛാസ്യൌ ദാപ്യൌ ചോത്തമസാ-
[ഹസം. ന്യ ൦ ൫

മെലെഴുതിയ പ്രകാരം രണ്ടുപേരെയും ചോരസമമായിട്ടു ദണ്ഡിപ്പിക്ക എങ്കിലും, ഉത്തമസാഹസപ്രായശ്ചിത്തം ചെയ്യിപ്പിക്ക എങ്കിലും കായ്ത്തിന്റെ അവസ്ഥപോലെ ചെയ്യണം.

കാത്യായനഃ:—

സ്വസ്ഥനാതേന വാ ദത്തം ശ്രാവിതം ധർമ്മകാരണാൽ
അദത്വാ തു മൃതേ ദാപ്യസ്തൽസുതോ നാത്ര സംശയഃ.
[ന്യ ൦ ന്യ

സ്വസ്ഥനായിരിക്കുമ്പോഴെങ്കിലും രോഗാദികൾ കൊണ്ടു പീഡിതനായിരിക്കുമ്പോഴെങ്കിലും ധർമ്മകായ്ത്തിനായിട്ടു പ്രതിജ്ഞ ചെയ്യപ്പെട്ടതും ദാനം ചെയ്യപ്പെട്ടതും കൊടുക്കാതെ മരിച്ചുപോയെങ്കിൽ മേലെഴുതിയപ്രകാരം ചെയ്യുവന്റെ പുത്രന്മാരെക്കൊണ്ടെങ്കിലും സംശയം കൂടാതെ കൊടുപ്പിക്കണം.

ഇതി ദത്താപ്രദാനികപ്രകരണം.

അഥാഭ്യുപേത്യാശുശ്രൂഷാപ്രകരണം.

അഭ്യുപേത്യ തു ശുശ്രൂഷാം യസ്മാന്ന പ്രതിപദ്യതേ
അശുശ്രൂഷാഭ്യുപേതൈതദപിവാദപദമുച്യതേ. ന്യ ൦ ൬

ഒരുത്തന്റെ ആജ്ഞകേട്ടനടക്കുന്നതു ശുശ്രൂഷ. ശുശ്രൂഷ ചെയ്യാമെന്ന് ഏറ്റുംകൊണ്ടു പിന്നത്തതിൽ ചെയ്യാതെയിരിക്കു

Digitized By Kerala Sahitya Akademi

ന്നവന്റെ വിധിയേയും ശുശ്രൂഷകന്മാരുടെ വിധിയേയും ചൊല്ലുന്ന പക്ഷത്തിന് അഭ്യുപേത്യാശുശ്രൂഷ എന്ന പേര്.

ശുശ്രൂഷകഃ പഞ്ചവിധശ്ശാസ്ത്രദൃഷ്ടോ മനീഷിഭിഃ,
ചതുർവിധഃ കർമ്മകരഃ ശേഷാ ദാസാസ്ത്രിപഞ്ചകാഃ. സ്മൃ വ്യ
ശിഷ്യാന്തേവാസിഭൃതകാശ്ചതുർത്ഥസ്തദധികർമ്മകൃൽ
ഏതേ കർമ്മകരാ ജ്ഞേയാ ദാസാസ്ത്വഷ്ടൗ ഗൃഹജാദയഃ. സ്മൃ ൯ൻ

ശിഷ്യനെന്നും, അന്തേവാസി എന്നും, ഭൃതകനെന്നും, അധികർമ്മകൃത്തെന്നും, ദാസനെന്നും ഇപ്രകാരം ശുശ്രൂകന്മാർ അഞ്ചു വിധം. അതിൽ മുൻ പറഞ്ഞ നാലുപേരും കർമ്മകരന്മാരെന്നു ചൊല്ലപ്പെട്ടുന്നു. ദാസന്മാർ പതിനഞ്ചു വിധം. ഇപ്രകാരം ശുശ്രൂഷകന്മാരുടെ ഭേദത്തിനെ അറിഞ്ഞുകൊള്ളണം.

ബൃഹസ്പതിഃ:—

വിദ്യാ ത്രയീ സമാഖ്യാതാ ഋഗ്യജുസ്സാമലക്ഷണാ
തദർത്ഥം ഗുരുശുശ്രൂഷാം പ്രകുർവ്വീത പ്രചോദിതാം. സ്മൃ ൫ ൦

ഋഗ്വേദമെന്നും, യജുർവ്വേദമെന്നും, സാമവേദമെന്നും ചൊല്ലപ്പെട്ട മൂന്നുവേദങ്ങളിൽ അതതു വേദവിദ്യയെ ഗുരുവിന്റെ അടുക്കൽ ചെന്നു ശാസ്ത്രത്തിൽ ചൊല്ലിയിരിക്കുന്നപ്രകാരം ഗുരുവിനു വേണ്ടുന്ന ശുശ്രൂഷയുംചെയ്ത് അഭ്യാസം ചെയ്യുന്നവൻ ശിഷ്യൻ.

ആവിദ്യാഗ്രഹണാച്ഛരിഷ്യഃ ശുശ്രൂഷേൽ പ്രയതോ ഗുരും
തദ്വൃത്തിർഗുരുദാരേഷു ഗുരുപുത്രേ തഥൈവ ച. സ്മൃ ൫ ൫

മേലെഴുതിയ വേദവിദ്യാഭ്യാസം ചെയ്യുന്നെടത്തോളവും എതുയും വ്രതനിയമത്തോടുകൂടെ ഗുരുവിനു ശുശ്രൂഷചെയ്യണം. അപ്രകാരം തന്നെ ഗുരുപത്നിക്കും ഗുരുപുത്രനും ശുശ്രൂഷ ചെയ്യണം. ഭിക്ഷവാങ്ങിച്ചു ഭക്ഷിച്ചു ഗുരുവിന്റെ സമീപത്തിൽ വസിച്ചു വേദാഭ്യാസം ചെയ്യണമെന്നു താൽപര്യം.

വിജ്ഞാനമന്യതേ ശില്പം ഹേമരൂപ്യാദിസംസ്കൃതേഃ
ന്യത്താദികർമ്മ; തൽപ്രാപ്തം കുർവ്വാൽ കർമ്മ ഗുരോർഗൃഹേ.
[സ്മൃ ൫

സ്വശില്പമിച്ഛന്നാഹർത്തും ബാന്ധവാനാമനുജ്ഞയാ
ആചാര്യസ്യ വസേദന്തേ കാലം കൃത്വാ സുനിശ്ചിതം. സ്മൃ ൫

Digitized By Kerala Sahitya Akademi

പൊൻപണി, വെള്ളിപ്പണി, ചെമ്പുപണി, മരപ്പണി, കല്പണ, മുതലായതു ചൊല്ലുന്നിരിക്കുന്ന ശാസ്ത്രവും, സംഗീതശാസ്ത്രവും, മന്ത്രശാസ്ത്രം മുതലായതും ശില്പശാസ്ത്രമെന്നു ചൊല്ലപ്പെട്ടും. മേലെഴുതിയ ശില്പശാസ്ത്രത്തിന്റെ നില അറിഞ്ഞിരിക്കുന്നവൻ ആചാര്യൻ; ശില്പവിദ്യ അഭ്യസിക്കുന്നവൻ അന്തേവാസി. ശില്പശാസ്ത്രമഭ്യസിക്കണമെന്നു വന്നവനെ ആചാര്യൻ അഭ്യസിപ്പിക്കണം. ആ അന്തേവാസിയും ആചാര്യന്റെ ഭവനത്തിൽ പാത്തു പൊൻ വെള്ളി മുതലായ പണിവേല ചെയ്യണം. പണിവേല അഭ്യസിപ്പാൻ അച്ഛൻ മുതലായവരുടെ സമ്മതത്തോടുംകൂടെ ആചാര്യന്റെ അടുക്കൽ ചെന്നാൽ ആചാര്യൻ ഇത്ര സംവത്സരം കൊണ്ട് അഭ്യസിപ്പിച്ചു തരാമെന്നും അതുവരെയും ആചാര്യന്റെ ഭവനത്തിൽ തന്നെ പാത്തു വേല ചെയ്യണമെന്നും പറഞ്ഞാൽ അപ്രകാരം സമ്മതിച്ചു പാത്തു പണിവേല അഭ്യസിക്കണം.

ആചാര്യുശ്ശിക്ഷയേദേനം സപുത്രേ ഭത്തഭോജനം
ന ചാന്യൽ കാരയേൽ കർമ്മ പുത്രവച്ചൈനമാചരേൽ.

[സ്മൃതി

മേലെഴുതിയപ്രകാരം സമ്മതിച്ചു വന്നിരിക്കുന്ന അന്തേവാസിക്ക് അവൻ അപേക്ഷിച്ചു വന്നിരിക്കുന്ന പണിവേലയെ ആചാര്യൻ ഭക്ഷണം കൊടുത്തു നല്ലവണ്ണം അഭ്യസിപ്പിച്ചു കൊടുക്കണം. അന്തേവാസി എടുക്കുന്ന പണിയുടെ ക്രൂലിയും ആചാര്യനു കൊടുക്കണം. പണിവേലയല്ലാതെ വേറിട്ട് ഒരു വേല എടുപ്പിക്കരുത്. പണിവേല അഭ്യസിപ്പാൻ വരുന്നവനെ പുത്രനെപ്പോലെ രക്ഷിക്കണം.

യസ്തു ന ഗ്രാഹയേച്ഛില്പം കർമ്മാണ്യന്യാനി കാരയേൽ
പ്രാപ്നുയാൽ സാഹസം പൂർവ്വം തസ്യാച്ഛിഷ്യോ നിവർത്തതേ.

[സ്മൃതി

ആചാര്യൻ പണിവേല മുതലായ ശില്പവേലയെ അഭ്യസിപ്പിച്ചു കൊടുക്കാതെയിരിക്കയും വേറിട്ടുള്ള വേലകളെ അന്തേവാസിയെക്കൊണ്ട എടുപ്പിക്കയും ചെയ്താൽ ആചാര്യനെക്കൊണ്ടു പൂർവ്വസാഹസത്തിനുള്ള പണം പ്രായശ്ചിത്തം ചെയ്യിക്കണം. അഭ്യസിക്കാൻ വന്ന അന്തേവാസി ആചാര്യനെ വിട്ടു മാറിക്കൊള്ളണം.

Digitized By Kerala Sahitya Akademi

ശിക്ഷയന്തമദുഷ്ടഞ്ച യസ്തുചാചാര്യം പരിത്യജേൽ
ബലാൽകാരയിതവ്യസ്സ്യാദ്വധബന്ധൌ ച സോ/ർഹതി.

[നാരദൻ

ഒരു ദോഷംകൂടാതെ നല്ലതിൻവണ്ണം അഭ്യസിപ്പിച്ചുവരുന്ന ആചാര്യനെ അഭ്യസിപ്പാൻ വന്ന അന്തേവാസി തള്ളിക്കളഞ്ഞ് അഭ്യസിപ്പാൻ പോകാതെയിരുന്നുവെങ്കിൽ ആ അന്തേവാസിയെ പിടിച്ചുകെട്ടി അടിച്ച് ആചാര്യന്റെ സമീപത്തിൽ ഏല്പിക്കണം.

നാരദൻ:—

ഗൃഹീതശില്പസ്സമയേ കൃതചാര്യം പ്രദക്ഷിണം
* ശക്തിതശ്ചാനുമന്യൈനമന്തേവാസീ നിവർത്തതേ. നാ ൫

ശില്പവിദ്യാഭ്യാസം കഴിഞ്ഞതിൽപിന്നെ ആചാര്യനെ പ്രദക്ഷിണംചെയ്ത് അവന്റെ ശക്തിപോലെ ദക്ഷിണ മുതലായതു കൊടുത്തു സമ്മാനിച്ച് അന്തേവാസി തന്റെ ഭവനത്തിൽ പൊയ്ക്കൊള്ളണം.

ശിക്ഷിതോ/പി കൃതം കാലമന്തേവാസീ സമാപയേൽ;
തത്ര കർമ്മ ച യൽ കുര്യാദാചാര്യസ്യൈവ തൽഫലം. നാ ൫൨

ആചാര്യൻ മുൻപിൽ പറഞ്ഞിട്ടുള്ള കാലസംഖ്യ കഴിയുന്നതിനു മുൻപിൽതന്നെ ശില്പവിദ്യാഭ്യാസം കഴിഞ്ഞുവെങ്കിലും കാലസംഖ്യ കഴിയുന്നെടത്തോളവും ആചാര്യന്റെ ഭവനത്തിൽതന്നെ പാർത്ത് അവൻ അഭ്യസിപ്പിച്ച ശില്പവേലയെ ചെയ്ത് അതിൽവരുന്ന ക്രൂലിയും ആചാര്യനുതന്നെ കൊടുക്കണം. കാലസംഖ്യ കഴിഞ്ഞുകൂടുമ്പോൾ ആചാര്യനെ സമ്മാനിച്ച് അവന്റെ ഭവനത്തിൽ പൊയ്ക്കൊള്ളണം.

ബഹ്വർത്ഥഭൃതഃ പ്രോക്തസ്തഥാ ഭാഗഭൃതോ/പരഃ
ഹീനമദ്ധ്യോത്തമതയാ സർവേഷാമേവ ചോദിതം. നാ ൫൩

† ഉത്തമസ്തുപായുധീയോ/ത്ര മദ്ധ്യമസ്തു കൃഷീവലഃ
അധമോ ഭാരവാഹീ സ്യാദിത്യേവം ത്രിവിധം സ്മൃതം. നാ ൫൪

ഇനി ഭൃതകന്മാരുടെ വിധി. ഭൃതകൻ രണ്ടുവിധം; അർത്ഥഭൃതകനെന്നും ഭാഗഭൃതകനെന്നും. ദിവസംപ്രതി ക്രൂലിവാങ്ങിച്ചു

* 'ക്ഷേത്രിതശ്ചാനുമന്യൈനം' (പാഠാന്തരം). † 'ഉത്തമഃ കാർഷുകസ്ത്വാ ച' എന്നു പരാശരമാധവീയം.

Digitized By Kerala Sahitya Akademi

വേല ചെയ്യുവരുന്നവൻ അത്ഭൃതകൻ. വേലചെയ്ത് അതു കൊണ്ടുണ്ടാകുന്ന ഫലത്തിനെ പകുത്തെടുക്കുന്നവൻ ഭാഗഭൃതകൻ. അവനവനെടുക്കുന്ന വേലയ്ക്കു തക്കവണ്ണം ഒരു പണത്തിനുള്ള വേലക്കാരനെന്നും രണ്ടു പണത്തിനുള്ള വേലക്കാരനെന്നും: ഇപ്രകാരം ക്രയിവാങ്ങിച്ചു വേല എടുത്തുവരുന്ന അത്ഭൃതകന്മാർ അനേകവിധം. ഉത്തമനെന്നും മധ്യമനെന്നും അധമനെന്നും ഇപ്രകാരം ഭൃതകന്മാർ ഇനിയും മൂന്നു വിധം. അതിൽ ആയുധമെടുത്തു സേവിച്ചുവരുന്നവൻ ഉത്തമൻ; കലപ്പപിടിച്ചു ഴയ്ക്കുകൃഷി വലയെടുത്തുവരുന്നവൻ മദ്ധ്യമൻ; ചുമടുചുമക്കുന്നവൻ അധമൻ.

ബൃഹസ്പതിഃ:—

ദ്വിപ്രകാരോ ഭാഗഭൃതഃ കൃഷിഗോജീവനാൽ സ്മൃതഃ
ജാതസസ്യാത്തഥാ ക്ഷീരാല്ലഭതേ പരിഭാഷിതം. ന്യാ.പ്ര.

ഭാഗഭൃതകൻ രണ്ടുവിധം. കൃഷിവേലചെയ്ത് അതിലുണ്ടാകുന്ന ഫലത്തിനെ പകുത്തെടുക്കുന്നവൻ ഒന്നാമൻ; പശുക്കളെ രക്ഷിച്ചു പശുവിന്റെ പാലു മുതലായതു പിരിച്ചു വാങ്ങിവരുന്നവൻ രണ്ടാമൻ. ഇന്ന നിലം കൃഷചെയ്തു വിളവുണ്ടാക്കിയാൽ അതിൽ ഇത്ര പങ്കു തരണമെന്നും അപ്രകാരം തരാമെന്നും മുൻപിൽ തന്നെ പറഞ്ഞിട്ടുള്ള ഭാഗം കൃഷിക്കാരന്റെ അംശം; അപ്രകാരം തന്നെ പശു രക്ഷിക്കുന്നവനും വരും.

അത്യേഷ്ടധികൃതോ യസ്സ്യാൽ കുടുംബസ്യ തഥോപരി
സോഽധികമ്മകരോ ജ്ഞേയസ്സ ച കൌടുംബികഃ സ്മൃതഃ.
[ന്യാ.പ്ര.

മേലെഴുതിയ വേലക്കാരിൽ മുമ്പലയായിട്ടു വിചാരിപ്പാൻ ആക്കപ്പെട്ടവനും കുടുംബകാര്യം വിചാരിക്കാനാക്കപ്പെട്ടവനും അധികമ്മകൃത്ത്. അതിൽ കുടുംബകാര്യം വിചാരിക്കാനാക്കപ്പെട്ടവൻ കൌടുംബികനെന്നും ശേഷമുള്ള കാര്യവിചാരത്തിൽ മുമ്പലയായിട്ടു വിചാരിക്കാനാക്കപ്പെട്ടവൻ ഉദ്യോഗസ്ഥനെന്നും ചൊല്ലപ്പെട്ടുന്നു.

ശുഭകമ്മകരാ ഹ്യേതേ ചത്വ രസ്സമുദാഹൃതാഃ
ജഘന്യകമ്മഭാജസ്തു ശേഷാ ദാസാസ്ത്രിപഞ്ചകാഃ. ന്യാ.പ്ര.

Digitized By Kerala Sahitya Akademi

മേൽപ്പറഞ്ഞ പ്രകാരം ശിഷ്യനും, അന്തേവാസിയും, ഭൃതകനും, അധികമ്മകൃത്തും ഇവർ നാലുപേരും ശുഭകമ്മങ്ങളെ ചെയ്യുന്നവർ. ശേഷം ദാസന്മാർ പതിനഞ്ചുവിധം; അശുഭകമ്മങ്ങളെ ചെയ്യുന്നവർ.

കമ്മാപി ദ്വിവിധം പ്രോക്തമശുഭം ശുഭമേവ ച
അശുഭം ദാസകമ്മോക്തം ശുഭമന്യദുദീരിതം. നാ. ര

അശുഭമെന്നും ശുഭമെന്നും കമ്മം രണ്ടുവിധം. ദാസന്മാരുടെ കമ്മം അശുഭം. ശേഷമുള്ള കമ്മം ശുഭം.

നാരദഃ:—

ഗൃഹദ്വാരാദ്ശുചിസ്ഥാനരത്ഥ്യാവസ്കരശോധനം
ഗൃഹ്യാംഗസ്പൃശ്നോച്ഛിഷ്ടവിൺമൂത്രഗ്രഹണോദ്ധനം.
ന്നാ. ര

ഇഷ്ടസ്യസ്വാമിനശ്ചാംഗൈരുപസ്ഥാനമഥാന്തതഃ
അശുഭം കമ്മ വിജ്ഞേയം ശുഭമന്യദതഃ പരം. നാ. ന

ദാസന്മാർ ചെയ്യേണ്ടുന്ന അശുഭകമ്മങ്ങളെച്ചൊല്ലുന്നു. മുറ്റംമുതലായതു തൂത്തുതളിക്കുക, എച്ചിൽക്കുഴി മുതലായതു ശോധന ചെയ്തു നന്നാക്കുക, കുപ്പവാരിക്കളഞ്ഞു നന്നാക്കുക വസ്ത്രപാത്രാദി ശുദ്ധിവരുത്തുക, ഗൃഹ്യാംഗങ്ങളെ സ്പർശിച്ച യജമാനന്റെ ഇഷ്ടമനുസരിച്ച പാക്ക, ഉച്ഛിഷ്ടം, വിഷ്ഠ, മൂത്രം ഇവ വാരിക്കളക, തേച്ചു കുളിപ്പിക്ക, പെരിപ്പു, പടിക്കം, കുട ഇവ എടുക്കുക ഇപ്രകാരം ഉള്ള കമ്മങ്ങൾ അശുഭങ്ങൾ. ഇതല്ലാതെ മുൻപിൽ പറഞ്ഞ ശില്പശാസ്ത്രം മുതലായ കമ്മങ്ങൾ ശുഭകമ്മങ്ങൾ.

കാത്യായനഃ:—

വിൺമൂത്രോത്സർജ്ജനഞ്ചൈവ നഗ്നതാകുപരിമാർജ്ജനം
പ്രായോ ദാസീസുതഃ കുര്യാൽ പാദാദിഗ്രഹണം ച യൽ.
[ന്നാ. ര

മേലെഴുതിയപ്രകാരം ഉള്ള കമ്മങ്ങളിൽ വിഷ്ഠാമൂത്രങ്ങൾ എടുത്തുകളയുന്നതും, നഗ്നനായിരിക്കുമ്പോൾ കുളിപ്പിക്കുന്നതും, മറ്റും ഭവനത്തിൽത്തന്നെ ഒരു പുറത്ത് ഒതുക്കമായിട്ടു പുരകെട്ടിക്കൊട്ടത്തു തൂത്തുതളി മുതലായ വേല എടുക്കുന്നതിനു പാപ്പിച്ചിരിക്കുന്ന ഗൃഹദാസിയുടെ മകൻ ചെയ്യണം.

Digitized By Kerala Sahitya Akademi

നാരദഃ:—

ഗൃഹജാതസ്തഥാ ക്രീതോ ലബ്ധോ ദായാദുപാഗതഃ
അനാകാലഭൃതസ്തദ്വദാഹൃതസ്സ്വാമിനാ ച യഃ; ന്യ വ്യ
മോക്ഷിതോ ഭൂണതശ്ചൈകുട്ടുംബൈപ്രാപ്തഃ പണേ ജിതഃ
തവാഹമിത്യുപഗതഃ പ്രവ്രജ്യാവസിതഃ കൃതഃ. ന്യ വ ൻ
ഭക്തദാസശ്ച വിജ്ഞേയസ്തഥൈവ ബഡവാഹൃതഃ
വിക്രേതാത്മാനമാസ്ഥായ ദാസാഃ പഞ്ചദശ സ്മൃതാഃ.ന്യവ ൦

ദാസന്മാർ പതിനഞ്ചുവിധത്തിലുള്ളവരുടെ ഭേദത്തെ ക്രമമായിട്ടു ചൊല്ലുന്നു. ഭവനത്തിൽതന്നെ ഒരുക്കമായിട്ട് ഒരു പുരതീർത്തു കൂടിയിരുത്തി ദാസ്യപ്രവൃത്തി എടുക്കുന്നതിനായിട്ടു പാപ്പിച്ചിരിക്കുന്ന വേലക്കാരിയുടെ മകൻ ഗൃഹജാതൻ. ദ്രവ്യം കൊടുത്തു വിലയ്ക്കു വാങ്ങപ്പെട്ടവൻ ക്രീതൻ. പ്രതിഗ്രഹത്തിൽ കിട്ടിയവൻ ലബ്ധൻ. ദായാദന്മാരുടെ കാലത്തിൽതന്നെ ദാസ്യപ്രവൃത്തി എടുത്തുവന്ന വസ്തുവകപകുത്തെടുക്കുമ്പോൾ പകുതിയായി കിട്ടിയവൻ ദായോപാഗതൻ. ദുർഭിക്ഷകാലത്തു കഞ്ഞികുടിപ്പാൻ വകയില്ലാതെ കിടക്കുന്നവനെ കഞ്ഞിമുതലായതു കൊടുത്തു പിന്നത്തതിൽ ദാസ്യപ്രവൃത്തി എടുപ്പാനായിട്ട് ആ സമയത്തിൽ രക്ഷിക്കപ്പെട്ട ദാസൻ അനാകാലഭൃതൻ. വാങ്ങിച്ചിരിക്കുന്ന കടം കൊടുപ്പാൻ വകയില്ലാതെ ദാസ്യപ്രവൃത്തി എടുത്തിട്ടെങ്കിലും ഋണമോചനം വരുത്താമെന്നു സമ്മതിച്ചു വന്നവൻ ഋണദാസൻ. യജമാനനാൽ പണയം വയ്ക്കപ്പെട്ടവൻ ആഹിതൻ. യുദ്ധത്തിങ്കൽ അപജയംവന്നു പിടികിട്ടിയവൻ യുദ്ധപ്രാപ്തൻ. ചൊക്കട്ടാൻകളി മുതലായതിൽ ജയിക്കപ്പെട്ടുവെങ്കിൽ തനിക്കു ദാസനായിട്ടു ഭവിക്കാമെന്നു വിവാദംകുറിച്ചു അപജയപ്പെട്ട ദാസനായിട്ടു വന്നവൻ പണജിതൻ. തനിക്കു ഞാൻ ദാസനായിട്ടിരിക്കാമെന്നു താൻതന്നെ സമ്മതിച്ചുപോയവൻ സ്വയംപ്രതിപന്നൻ. ഭ്രഷ്ടസന്ന്യാസി പ്രവ്രജ്യാവസിതൻ. ക്ഷപ്തകാലത്തേക്കു ദാസത്വമാക്കപ്പെട്ടുന്നവൻ കൃതൻ, എനിക്കുള്ള നാൾവരെയും വേണ്ടുംവണ്ണം ഭക്ഷണംതന്നാൽ ഞാൻ ദാസ്യപ്രവൃത്തി എടുക്കാമെന്നും പറഞ്ഞു ഭക്ഷണത്തിനായിട്ടു വന്നവൻ ഭക്തദാസൻ. ഭവനത്തിൽ വേല എടുക്കുന്നതിനായിട്ടു പാപ്പിച്ചിരിക്കുന്ന ദാസിയെ ആഗ്രഹിച്ചുവന്ന് അവളെ കെട്ടിച്ചേന്ന് അവളുടെ യജമാനദാസ

Digitized By Kerala Sahitya Akademi

നായിട്ടു ഭവിക്കാമെന്നു വന്ന ദാസൻ ബന്ധുവാഹൃതൻ. തന്നെ താൻതന്നെ വിലയ്ക്കുവിറ്റു ദ്രവ്യം വാങ്ങിച്ചുവൻ ആത്മവിക്രയീ. ഇപ്രകാരം ദാസന്മാർ പതിനഞ്ചുവിധം. ആളടിമ എന്നു പൊല്ലുന്നതും ഇവരേതേ ആകുന്നു. ഇവരൊക്കെ സ്വാതന്ത്ര്യമില്ലാത്തവരെന്നറിഞ്ഞുകൊള്ളണം.

അത്ര പൂർവ്വമ്പ്രുവ്ട്ടോ ദാനുതപാന്ന വിമുച്യതേ
പ്രസാദാൽ സ്വാമിനോ/ന്യത്ര ദാസ്യമേഷാം ക്രമാഗതം.

[ന്യനു ഫ

-മുൻപിൽ പറഞ്ഞ പതിനഞ്ചു ദാസന്മാരിൽ ഗൃഹജാതൻ മുതലായ നാലു ദാസന്മാക്കു ദാസ്യനിവൃത്തി വരണമെങ്കിൽ യജമാനന്റെ പ്രസാദംകൊണ്ടു വേണം. ഇവർ നിത്യദാനുന്മാരാകകൊണ്ടു ദാസ്യപ്രവൃത്തിയിൽനിന്നു മോചനം വരികയില്ല.

വിക്രീണീതേ/സ്വതന്ത്രസ്സ്സൻ യ ആത്മാനം നരാധമഃ
സ ജഘന്യതമസ്തേഷാം സോ/പി ദാസ്യാന്ന മുച്യതേ. ന്യനു വ

യാതൊരുത്തൻ താൻതന്നെ മറെറാരുത്തനു വിലപ്പെട്ടന്നോ ആയവൻ എല്ലാവരേക്കാം എത്രയും നികൃഷ്ടനായിട്ടുള്ള ദാസൻ. ആനുവനു ദാസ്യനിവൃത്തി വരികയില്ല.

യാജ്ഞവല്ക്യഃ—

പ്രവ്രജ്യാവസിതോ രാജ്ഞോ ദാസ ആമരണാന്തികം.

ദുഷ്ടനായിട്ടുള്ള സന്യാസി മരിക്കുന്നെടത്തോളവും രാജാവിനു ദാസ്യപ്രവൃത്തി എടുത്ത ദാസനായിരിക്കണം.

അനാകാലഭൃതോ ദാസ്യാന്മുച്യതേ ഗോയുഗം ദദൽ
ഭക്ഷിതം വാപി ദുർഭിക്ഷേ ന തദ്ഗ്രഹ്യേത കർമ്മണാ.

[ന്യനുന

ദുർഭിക്ഷകാലത്തു രക്ഷിക്കപ്പെട്ടുംകൊണ്ടു ദാസനായിട്ടു വന്നവനു ദാസ്യനിവൃത്തി വന്ന് ഒഴിയണമെങ്കിൽ അവൻ ഭക്ഷിച്ചതിനെ ഒക്കെയും ദ്രവ്യസംഖ്യയിട്ടു പലിശയും മുതലുമായിട്ടു കൊടുക്കണം. അല്ലെങ്കിൽ രണ്ടു ഗോവിന്റെ വിലയെങ്കിലും കൊടുക്കണം. അവൻ എടുത്ത വേലകൊണ്ടുതന്നെ ശുദ്ധിവരികയില്ല

ആഹിതോ/പി ധനം ദത്വാ സ്വാമീ യദ്യേനമുദ്ധരേൽ;
ഊനന്തു സോദയം ദത്വാ ഊനീ ദാസ്യാദപിമുച്യതേ. നുനു ര

Digitized By Kerala Sahitya Akademi

പണയം വയ്ക്കപ്പെട്ട ദാസനെ പണയംവച്ചു വാങ്ങിച്ച ദ്രവ്യം കൊടുത്തു യജമാനൻ വാങ്ങിച്ചാൽ പണയം വാങ്ങിച്ചവനിടത്തിൽനിന്നും ദാസ്യനിവൃത്തിവരും. ഋണദാസനെ വാങ്ങിയിരിക്കുന്ന ദ്രവ്യവും പലിശയും കൊടുത്താൽ ദാസ്യമോചനം വരും.

യുദ്ധപ്രാപ്തഃ പണജിതസ്തവാഹമിതി ചാഗതഃ
പ്രീതിശീഷ്പ്രദാനേന മുച്യേരംസ്തുല്യകർമ്മണാ. നാര ൪

യുദ്ധത്തിൽ പിടികിട്ടിയവനും വാതുകൂറിച്ച് അപജയപ്പെട്ടവനും എന്നും ദാസനായിട്ടവന്നവനും ദാസ്യപ്രവൃത്തിയിൽനിന്നു മോചനം വരണമെങ്കിൽ പകരം ആളെ വിട്ടുകൊടുക്കണം.

കൃതകാലവ്യുപരമാൽ കൃതകോപി വിമുച്യതേ;
ഭക്തസ്യാപേക്ഷണാദ്ഭക്തോ ഭക്തദാസഃ പ്രമുച്യതേ.
നിഗ്രഹാദ്ബന്ധവായാശ്ച മുച്യതേ ബന്ധവാഹൃതഃ. നാര:൯

ഇത്ര സംവത്സരം ദാസ്യപ്രവൃത്തി ഏടുക്കാമെന്നു കാല സംഖ്യ വച്ചിട്ടുണ്ടെങ്കിൽ കാലസംഖ്യ കഴിഞ്ഞുകൂടുമ്പോഴും ആയവനു ദാസ്യമോചനം വരും. ഭക്ഷണത്തിനു വന്നിരിക്കുന്ന ദാസൻ ഭക്ഷണത്തെ ഉപേക്ഷിച്ചുവെങ്കിൽ ദാസ്യമോചനം വരും. ദാസിയെ ആഗ്രഹിച്ചുവന്നവൻ അവളെ ഉപേക്ഷിച്ചാൽ ദാസ്യനിവൃത്തിവരും.

കാത്യായനഃ:—

സ്വദാസീം യസ്തു സംഗച്ഛേദ്രഹസി പ്രസൂതാ ച ഭവേത്തതഃ
അപേക്ഷണീയബീജാ സ്യാദ്ദാസീ സാനപയാ തു സാ.

[നാര ൬

തന്റെ വേല എടുപ്പാൻ പാടിച്ചിരിക്കുന്ന ദാസിയോടു സ്വാമിയായിട്ടിരിക്കുന്നവൻ സംസർഗ്ഗംചെയ്തു ഗർഭമുണ്ടായാൽ പിന്നത്തതിൽ ആ ദാസിയെ സന്തതിയോടും കൂടെ ദാസ്യമോചന വിധിപ്രകാരം ദാസ്യത്തിൽനിന്നും മോചനം വരുത്തണം. പിന്നത്തതിൽ ദാസ്യപ്രവൃത്തി എടുപ്പിക്കരുതു്.

ദാസീസുതാശ്ച ദാസാസ്തു ഭൃദ്ദാസ്യാഃ പത്യാ പരേണ വാ;
ഉൽപാദകോ യദി സ്വാമീ ന ദാസാ ദാരസൂനവഃ. നാര വ്യ

മേലെഴുതിയ ദാസിയെ കെട്ടിയവനെങ്കിലും മറെറാരുത്തനെങ്കിലും സംസർഗ്ഗംചെയ്തു സന്തതിയുണ്ടായാൽ ആ സന്തതികളും

Digitized By Kerala Sahitya Akademi

ദാസിയുടെ സ്വാമിക്കു ദാസന്മാരായി ഭവിക്കും. സ്വാമിതന്നെ സംസർഗ്ഗംചെയ്തു സന്തതിയുണ്ടായാൽ ആ സന്തതികൾ പുത്രന്മാക്കു സമാനമാകകൊണ്ടു ദാസന്മാരായിട്ടു ഭവിക്കയില്ല.

യശ്ചൈഷാം സ്വാമിനം കശ്ചിന്മോക്ഷയേൽ പ്രാണ-
[സംശയാൽ
സ ദാസതാദിമുച്യേത പുത്രഭാവം ഭജേത ച. നാരദൻ

യാതൊരു ദാസനെങ്കിലും സ്വാമിക്കു വ്യാഘ്രാദിഭയം കൊണ്ടു പ്രാണാപത്തു വന്നിരിക്കുമ്പോൾ ആ ഭയത്തിൽനിന്നും സ്വാമിയെ രക്ഷിച്ചു വിടുവിക്കുന്നു എന്നാൽ അന്നുമുതൽക്ക് ആ യവനെക്കൊണ്ടു ദാസ്യപ്രവൃത്തി എടുപ്പിക്കരുത്. പിന്നത്തതിൽ ആയവനെ പുത്രനേപ്പോലെ രക്ഷിക്കണം.

സ്വദാസമിച്ഛേദ്ഭൃഃ കർത്തുമദാസം പ്രീതമാനസഃ
സ്കന്ധാദാദായ തസ്യാസൌ ഭിദ്യാൽ കുംഭം സഹാംഭസാ.
[നാ. സ്മൃ. ൦

അക്ഷതാഭിസ്സുപുഷ്പാഭിർമൂർധ്നി ചൈനമവാകിരേൽ
ന ദാസ ഇതി ചോക്ത്വാ ത്രിഃ പ്രാങ്മുഖം തമഥോത്സൃ-
[ജേൽ.. നാ. സ്മൃ. ൧൮

നിത്യദാസനായിരിക്കുന്നവനു ദാസ്യമോചനം വരുത്തണമെന്നു സ്വാമിക്കു പ്രസാദമുണ്ടായാൽ ആ ദാസനോടു കൂടത്തിൽ വെള്ളംകോരി കൊണ്ടുവരത്തക്കവണ്ണം പറഞ്ഞു സ്വാമിയായിട്ടുള്ളവൻ തോളിൽനിന്നും കൂടമെടുത്തു് ഉടച്ചു് ആ ദാസന്റെ ശിരസ്സിൽ പുഷ്പവും അക്ഷതയും ക്രമേണ ഇട്ടു് എനിക്കു നീ ദാസനല്ലെന്നു മൂന്നുപ്രാവശ്യം പറഞ്ഞു പ്രാങ്മുഖനായിട്ടു പോകത്തക്കവണ്ണം പറഞ്ഞയയ്ക്കണം. പിന്നത്തതിൽ ദാസ്യമോചനം വന്ന ദാസന്മാരല്ലാത്തവരെപ്പോലെ സംഭാഷണാദിയോഗ്യരായിട്ടു ഭവിപ്പുരെന്നും, ഇപ്രകാരംതന്നെ വേല എടുത്തുവരുന്ന ദാസസ്ത്രീകൾക്കും ദാസ്യമോചനം വരുത്തുന്ന വിധി എന്നും സ്മൃതിചന്ദ്രികയിൽ ചൊല്ലീട്ടുമുണ്ടു്.

കാത്യായനഃ:—

ദാസേനോഢാ തദാധീയാ സാപി ദാസീത്വമാപ്നുയാൽ
യസ്യുച്ചാൽ ഭർത്തുഃ പുത്രസ്തസ്യ സ്വാമ്യധീനോഽപ്രഭുഃ സ്മൃതഃ.
[നാ. സ്മൃ.

Digitized By Kerala Sahitya Akademi

ദാസനായിരിക്കുന്നവൻ ഒരുത്തിയെ താലികെട്ടി പൊറുപ്പിച്ചുവെങ്കിൽ ആ ദാസന സ്വാമി ആരെന്നാൽ ആയവന് ആ ദാസന്റെ കെട്ടിയവളും ദാസിയായി ഭവിക്കും.

ഭ്രാതൃപുത്രശ്ച ദാസശ്ച യത്ര ഏവാധനാഃ സ്മൃതാഃ;
യത്തേ സമധിഗച്ഛന്തി യസ്യൈതേ തസ്യ തദ്ധനം.
[നാരദ

ഭ്രാതൃയും, പുത്രനും, ദാസനും, ദാസിയും ഉണ്ടാക്കുന്ന ധനത്തിന് അവർ അവകാശി ആകയില്ല. മേലെഴുതിയ ഭ്രാതൃ മുതലായവരു യാതൊരുത്തനെ സംബന്ധിച്ചവരോ ആ സംബന്ധപ്രകാരം ഭ്രാതൃയുടെ ധനം ഭർത്താവിനും, പുത്രന്റെ ധനം അച്ഛനും, ദാസന്റെയും ദാസിയുടേയും ധനം സ്വാമിക്കും അവകാശം. ഭർത്താവു മുതലായവര് ഇരിക്കുമ്പോഴും ഭ്രാതൃ മുതലായവക്കു സ്വാതന്ത്ര്യമില്ലെന്നു താൽപര്യം.

അന്യദീയാ തു യാ ദാസീ ന ദാസ്യന്യസ്യ സാ ഭവേൽ;
ന ദേവദാസ്യധിഗമേ ശുല്കതോ ദാസതാം വ്രജേൽ.
[നാരദ

ഒരുത്തന്റെ അടുക്കൽ വേലയെടുത്തു പാത്തുവരുന്ന ദാസി അന്യനു ദാസിയായിട്ടു ഭവിക്കയില്ല. ദേവദാസിക്കു ചിലവിനു കൊടുത്തു രക്ഷിച്ചുവരുന്നവൻ ദാസനായിട്ടു ഭവിക്കയില്ല.

കാമാത്തു സംശ്രിതാം യസ്തു ദാസീം കുര്യാൽ ബലാൽ സ്വിയം
സംക്രാമേത വാന്യത്ര ദണ്ഡ്യസ്തച്ചാകൃതം ഭവേൽ. നാരദ

ഒരു സ്ത്രീ ഒരുത്തനെ കാമിച്ചു് ആശ്രയിച്ചു വന്നാൽ അവൻ അവളെ ദാസിയാക്കിയാലും പിന്നെ ഒരുത്തനോടു സംബന്ധിപ്പിച്ചാലും ആയതു വസ്തുവാകയില്ല. ഇങ്ങനെ ചെയ്യുന്നവൻ ദണ്ഡ്യൻ.

ബാലധാത്രീമദാസീഞ്ച ദാസീമിതി ഭുനക്തി യഃ
പരിചാരകപത്നീം വാ പ്രാപ്നുയാൽ പൂർവ്വസാഹസം.
[നാരദ

യാതൊരുത്തൻ കുഞ്ഞിനു മുലകൊടുത്തു രക്ഷിച്ചുവരുന്നവളേയും, തന്റെ ഭൃത്യന്റെ ഭാര്യയേയും, തന്റെ ദാസിയെപ്പോലെ വേല എടുപ്പിച്ചു വരുന്നു എന്നാൽ ആയവനു പൂർവ്വസാഹസം വരും.

Digitized By Kerala Sahitya Akademi

ആക്രോശമാനാം യോ ഭോക്താ ദാസീം വിക്രീതുമിച്ഛതി
അനാപദീസ്ഥഗുകുത്സ്സൻ പ്രാപ്നയാൽ ദ്വിശതം ദമം.

[ന്യർ ൭

തനിക്കടിമപ്പെട്ട വേലകായ്മം എടുത്തുവരുന്ന ദാസനെങ്കിലും ദാസിയെങ്കിലും മറെറാരുത്തനു വിലപ്പെട്ടുവാൻ സമ്മതമില്ലാതെയിരിക്കുമ്പോൾ തനിക്ക് ഒരാപത്തും ഇല്ലാതെ ശകുനായിരിക്കുന്നവൻ ദ്രവ്യം മോഹിച്ചു മറെറാരുത്തനു വില്പാൻ തുടങ്ങിയാൽ ആയവനെക്കൊണ്ട് ഇരുന്നൂറുപണം പ്രായശ്ചിത്തം ചെയ്യിച്ചു വില്ക്കാതെയിരിക്കത്തക്കവണ്ണം ചട്ടംകെട്ടി കൊള്ളണം. അടിമപ്പെട്ടിരിക്കുന്ന ദാസീദാസന്മാക്കു വിലപ്പെടുന്നതു സമ്മതംതന്നെ എങ്കിലും തനിക്കു അടിമ വിറെറല്ലാതെ കഴികയില്ല എന്നു് ഒരു ആപത്തു വരുമെങ്കിലും അപ്പോൾ വിൽക്കാമെന്നു താൽപര്യം.

നാരദഃ:—

യദാ ഗോശ്വോഷ്ട്രദാസീഷു മഹിഷ്യാജാവികാദിഷു
നോല്പാദകഃ പ്രജാഭാഗീ തഥൈവാന്ത്യാംഗനാസ്വപി.

[ന്യർ ൮

ഒരുത്തന് അടിമപ്പെട്ടിരിക്കുന്ന ദാസികളിടത്തിൽ മറെറാരുത്തൻ സംസർഗ്ഗംചെയ്തു സന്തതിയുണ്ടായാൽ സന്തതി ഉണ്ടാക്കിയവന് അവകാശമായിട്ടു വരികയില്ല; ആ ദാസിയുടെ സ്വാമിക്കത്രേ അവകാശം. ഇപ്രകാരം ഒരുത്തന്റെ പശു കുതിര മുതലായതിൽ മറെറാരുത്തന്റെ വൃഷഭം മുതലായതു ക്രീഡിച്ചുണ്ടാക്കിയ സന്തതിയിൽ വൃഷഭം മുതലായതിന്റെ ഉടയവന് അവകാശം വരികയില്ല. മേലെഴുതിയപ്രകാരം അന്യസ്ത്രീകളോടു മറെറാരുത്തൻ സംസർഗ്ഗംചെയ്തു് ഉണ്ടാക്കിയാൽ ആ സന്തതി ഉണ്ടാക്കുന്നവന് അവകാശം സിദ്ധിക്കയില്ല.

ഓഘവാതാഹൃതം ബീജം ക്ഷേത്രേ യസ്യ പ്രരോഹതി
ഫലഭാങ് നിയതം ക്ഷേത്രീ ന ബീജീ ലഭതേ ഫലം.

[ന്യർ ൯

ഒരുത്തന്റെ വിത്തു വെള്ളംകൊണ്ടെങ്കിലും കാറുകൊണ്ടെങ്കിലും മറെറാരുത്തന്റെ നിലത്തുചെന്നു ഫലമുണ്ടായാൽ ആ ഫലത്തിനു നിലത്തിന്റെ ഉടയവനത്രേ അവകാശം. വിത്തുടയവനു വരികയില്ല.

Digitized By Kerala Sahitya Akademi

ക്ഷേത്രികാന്നമൃതേ ബീജം യസ്യ ക്ഷേത്രേ സമർപ്യതേ
തദപത്യം ദ്വയോരേവ ബീജിക്ഷേത്രികയോർമതഃ.

[സ്മൃ ൪ ൦

അന്യസ്ത്രീക്കുടയവനോട് പറഞ്ഞു സമ്മതം വരുത്തി ഉണ്ടാകുന്ന സന്തതിയിലും, ഇരുവക്കും അവകാശമെന്നു നിശ്ചയിച്ച്. അന്യസ്ത്രീയോട് മറെറാരുത്തൻ സംസർഗ്ഗംചെയ്തുണ്ടാക്കിയ സന്തതിയിലും, ഇരുവക്കും അവകാശം ഉണ്ട്. ഇപ്രകാരം പറഞ്ഞുവച്ച് ഒരുത്തന്റെ നിലത്തിൽ മറെറാരുത്തൻ വിത്തിട്ട് അതിൽ ഫലമുണ്ടായാൽ ആയതിനും ഇരുവക്കും അവകാശം ഉണ്ട്. നിലമുടയവനോട് പറയാതെ മറെറാരുത്തൻ ആ നിലത്തിൽ വിത്തിട്ട ഫലമുണ്ടായാൽ വിത്തുടയവനു വരികയില്ല.

ത്രിഷു വർണ്ണേഷു വിജ്ഞേയോ ദാസ്യം വിപ്രസ്യ നാപദി
വർണ്ണാനാമാനുലോമ്യേന ദാസ്യം ന പ്രതിലോമതഃ.

[സ്മൃ ൪ ൫

ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഈ മൂന്നു ജാതികൾക്കും ദാസ്യപ്രവൃത്തി എടുക്കയും എടുപ്പിക്കയും ആം. ബ്രാഹ്മണക്കു ദാസ്യപ്രവൃത്തി അരുത്. ബ്രാഹ്മണനു, ക്ഷത്രിയവൈശ്യശൂദ്രന്മാരും, വൈശ്യനു ശൂദ്രൻ മാത്രവും, ഇപ്രകാരം ജാതിക്രമമായിട്ടു ദാസ്യം ചെയ്യണം ജാതിക്രമംപോലെ ദാസ്യപ്രവൃത്തി എടുക്കുന്നതല്ലാതെ വിപരീതമായിട്ടു ക്രമംവിട്ടു ചെയ്യരുത്.

സമവർണ്ണേ തു വിപ്രസ്യ ദാസത്വം നൈവ കാരയേൽ;
ശ്രുതാധ്യയനസമ്പന്നേ ന ന്യൂനം കർമ്മ കാമതഃ. സ്മൃ ൪ ൬

തത്രാപി നാശുഭം കർമ്മ പ്രകുർവീത ദ്വിജോത്തമഃ;
ബ്രാഹ്മണസ്യ ഹി ദാസത്വാന്യുപതേജോ വിഹന്യതേ.

[സ്മൃ ൪ ൭

ബ്രാഹ്മണനെക്കൊണ്ടു ബ്രാഹ്മണൻ ദാസ്യപ്രവൃത്തി ചെയ്യിക്കരുത്. എത്രയും വേദശാസ്ത്രസമ്പന്നനായും, നല്ല ശീലത്തോടുകൂടിയവനായും ഇരിക്കുന്ന ബ്രാഹ്മണനു ശുശ്രൂഷചെയ്യണമെന്നു മറെറാരു ബ്രാഹ്മണന് ഇച്ഛയുണ്ടെങ്കിൽ ശുഭമായിട്ടുള്ള കർമ്മങ്ങളെ ചെയ്യണം. അശുഭമായിട്ടുള്ള കർമ്മങ്ങളെ ചെയ്യരുത്. ബ്രാഹ്മണൻ ദാസ്യപ്രവൃത്തി എടുത്താൽ രാജാവിന്റെ ശക്തിക്കു കുറവു വരും.

Digitized By Kerala Sahitya Akademi

നാരദഃ:—

വിഷ്ണ്വുസ്മൃത്തമം കർമ്മ വർണ്ണദാസ്യേ നിയോജയേൽ;
സ്വധർമ്മത്യാഗിനോഽന്യത്ര; ദാരവട്ടാസതാ മതാ.
തസ്യോത്തമസാഹസദണ്ഡഃ. [നാ ഒ ർ

യാതൊരുത്തനെങ്കിലും തനിക്കുയർന്ന ജാതിയിൽ ജനിച്ചവനെക്കൊണ്ടു ദാസ്യപ്രവൃത്തി എടുപ്പിക്കുന്നുവെന്നാൽ അയവനെക്കൊണ്ട് ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

കണ്വഃ:—

അജ്ഞാതയോനയസ്സർവ്വേ നൈവ ദാസാ ദ്വിജന്മനാം
വിദ്യാധികസ്സജാതിശ്ച സപിണ്ഡോ ഗുരവോഽപി ച. [നാ ഒ ഒ

ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരാകുന്ന മൂന്നു ജാതികൾക്കും ഇന്ന ജാതിയിൽ ജനിച്ചവരെന്ന് അറിയാൻ വഹിയാതെയിരിക്കുന്നവർ ദാസ്യപ്രവൃത്തി എടുക്കയും, അവരെക്കൊണ്ട് എടുപ്പിക്കയും അരുത്. ഇപ്രകാരം വിദ്യാധികരെക്കൊണ്ടും, സമജാതിയിൽ ജനിച്ചവരെക്കൊണ്ടും, ദായാദിക്കാരെക്കൊണ്ടും, ഗുരുവിനെക്കൊണ്ടും ദാസ്യപ്രവൃത്തി എടുപ്പിക്കരുത്.

മനുഃ:—

ശൂദ്രന്തു കാരയേദ്ദാസ്യം ക്രീതമക്രീതമേവ വാ
ദാസഭാവേ ഹി സൃഷ്ടോഽസൌ സ്വയമേവ സ്വയംഭുവാ. [നാ ഒ സ

ബ്രഹ്മാവു ശൂദ്രരെ ദാസ്യപ്രവൃത്തി എടുക്കുന്നതിനായിട്ടു സൃഷ്ടിച്ചിരിക്കകൊണ്ടു വിലപ്പെട്ട ശൂദ്രനെക്കൊണ്ടും അല്ലാത്തവനെക്കൊണ്ടും എല്ലാവക്കും ദാസ്യപ്രവൃത്തി എടുപ്പിക്കാം.

ഇത്യുപാദ്ധ്യായശ്രീശങ്കരപ്രകരണം.

അഥ വേതനാനപാകർമ്മപ്രകരണം.

നാരദഃ:—

ഭൃതാനാം വേതനസ്യോക്തോ ദാനാദാനവിധിക്രമഃ
വേതനസ്യാനപാകർമ്മ തദ്വിവാദപദം സ്മൃതം. [നാ ഒ ൎ

Digitized By Kerala Sahitya Akademi

വേല എടുക്കുന്നവക്ക് ഇന്നവിധത്തിൽ കൂലി കൊടുക്കണമെന്നും ഇന്ന വിധത്തിലുള്ള വേലക്കാക്ക് കൂലി കൊടുക്കേണ്ടാ എന്നും ഉള്ള വിധിയെ ചൊല്ലുന്ന വിവാദപദത്തിനു വേതനാനപാകർമ്മമെന്നു പേര്.

ഭൃതായ വേതനം ദദ്യാൽ കർമ്മസ്വാമീ യഥാക്രമം
ആദൌ മധ്യേ/വസാനേ വാ കർമ്മണോ യദ്വിനിശ്ചിതം.

[നാരദൻ

വേല ചെയ്യുന്നവന് അവൻ ചെയ്യുന്ന വേലയ്ക്കുതക്കവണ്ണം വേല എടുപ്പിക്കുന്ന യജമാനൻ കൂലി കൊടുക്കണം. ദിവസം ഒന്നിന് ഇത്ര പണം തരാമെന്നു മുൻപിൽത്തന്നെ നിശ്ചയിച്ചിട്ടുള്ള കൂലി വേല എടുപ്പാൻ തുടങ്ങുമ്പോഴും എങ്കിലും, വേലയുടെ മധ്യത്തിൽ എങ്കിലും, അന്ത്യത്തിങ്കൽ എങ്കിലും കൊടുക്കണം.

ഭൃതാവനിശ്ചിതായാന്തു ദശഭാഗമവാപ്നുയുഃ
ലാഭഗോവീര്യസസ്യാനാം വണിഗ്ഗോപകൃഷീവലാഃ.നാരദൻ

കൂലി നിശ്ചയിക്കാതെ വേല എടുപ്പിച്ചുവെങ്കിൽ അപ്പോഴും കൂലികൊടുക്കേണ്ടും പ്രകാരത്തെ ചെല്ലുന്നു. കച്ചവടക്കാര്യത്തിൽ വേല എടുപ്പിച്ചാൽ അതിൽവരുന്ന ലാഭത്തിൽ പത്തിലൊന്നും പശു രക്ഷിച്ചാൽ കറക്കുന്ന പാലിൽ പത്തിലൊന്നും കൃഷിവേല എടുപ്പിച്ചാൽ വിളവിൽ പത്തിലൊന്നും ഇപ്രകാരം വേലക്കാക്ക് പകുത്തു കൊടുപ്പിക്കണം.

ബൃഹസ്പതിഃ:—

ത്രിഭാഗം പഞ്ചഭാഗം വാ ഗൃഹ്ണീയാൽ സീരവാഹകഃ
*ക്ഷേത്രാദിട്ടതകസ്സ്വാദ്ഭാഗം ഗൃഹ്ണീത പഞ്ചകം
ജാതസന്യാത്ത്രിഭാഗന്തു പ്രഗൃഹ്ണീതാ/പരോ ഭൃതഃ.

[നാരദൻ

എതുയും പ്രയത്നംചെയ്തു കൃഷിചെയ്വാനുള്ള നിലത്തിൽ കൃഷിയിട്ടു വിളവുണ്ടായാൽ ആ വിളവിൽ മൂന്നിലൊരുപങ്ക് എങ്കിലും കൃഷിചെയ്തവനു കൊടുക്കണം. ക്ഷേത്രദാസനെങ്കിൽ അഞ്ചിലൊരു ഭാഗവും മറുള്ള ദാസന്മാരെങ്കിൽ മൂന്നിൽ ഒരു പങ്കും കൊടുപ്പിക്കണം.

* 'ക്ഷേത്രാച്ചാരാദ്ഭൃതഃ' എന്ന പരാശ്രമാധവീയത്തിൽ.

Digitized By Kerala Sahitya Akademi

വൃദ്ധാമനുഃ:—

സമുദ്രയാനകുശലാ ദേശകാലാത്ഥദർശിനഃ
നിശ്ചയേയുർഭൃതിം താം തു യാ സ്യാൽ പ്രാഗകൃതാ യദി.

[ന്നസ്ത

ഇന്ന വേലയ്ക്ക് ഇത്ര ക്രൂലി തരാമെന്ന നിശ്ചയിക്കാതെയിരുന്ന പിന്നത്തതിൽ യജ്മാനനും വേല എടുക്കുന്ന ദാസനും തമ്മിൽ തക്കം വന്നാൽ കപ്പലോട്ടം ഉൾപ്പെട്ട വ്യാപാരികളും ദേശത്തിന്റെ അവസ്ഥയും കാലത്തിന്റെ അവസ്ഥയും അറിഞ്ഞിരിക്കുന്ന തടസ്ഥരും കൂടി നിശ്ചയിക്കുന്ന ക്രൂലി യജമാനൻ കൊടുക്കയും ദാസൻ വാങ്ങിക്കയും വേണം.

ബൃഹസ്പതിഃ:—

ഗൃഹീതവേതനഃ കർമ്മ ന കരോതി യതോ ഭൃതഃ
സമർത്ഥശ്ചേദ്ദമം ദാപ്യോ ദ്വിഗുണം തച്ച വേതനം.

[ന്നന്നവ

വേലചെയ്യാമെന്ന സമ്മതിച്ചു വന്ന ക്രൂലിയും വാങ്ങിച്ചുകൊണ്ട് ഒരു രോഗാദിക്രൂടാതെ ശക്തനായിരിക്കുമ്പോൾ തന്നെ വേലചെയ്യാതെ ഇരുന്നുവെങ്കിൽ ആയവനെക്കൊണ്ടു വാങ്ങിച്ച ക്രൂലിയും എരട്ടിയും തിരിയെ കൊടുപ്പിച്ചു ഗതിപോലെ പ്രായശ്ചിത്തവും ചെയ്യിപ്പിക്കണം.

നാരദഃ:—

കർമ്മാകുർവ്വൻ പ്രതിശ്രുത്യ കാര്യോ ദതപാ ഭൃതിം ബലാൽ.
കാലേഽപൂർണ്ണേ ത്യജൻ കർമ്മ ഭൃതേർനാശമവാപ്നുയാൽ.

[ന്നന്നൂ

വേലയ്ക്കു വരാമെന്ന സമ്മതിച്ചുംവച്ചു വേല എടുക്കുന്ന സമയത്തിൽ വേല എടുക്കാതെയിരുന്നുവെങ്കിൽ ആയവനു കൊടുപ്പാനുള്ള ക്രൂലിയുംകൊടുത്തു ബലാൽകാരം ചെയ്തെങ്കിലും വേല എടുപ്പിച്ചുകൊള്ളണം. ഇത്ര ദിവസം വേല എടുക്കാമെന്ന സമ്മതിച്ചവൻ വേല എടുത്തുവരുമ്പോൾ ആയവധികഴിയുന്നതിനുമുൻപിൽ വേല എടുക്കാതെ മധ്യത്തിൽതന്നെ പോയെങ്കിൽ മുൻപിൽ എടുത്ത വേലയ്ക്കുള്ള ക്രൂലിയും ആയവനു വരികയില്ല.

സ്വാമിദോഷാദപക്രാമൻ യാവൽകൃതമവാപ്നുയാൽ.

Digitized By Kerala Sahitya Akademi

വേല എടുക്കുന്നതിനു വന്നവനെ യജമാനൻ മറ്റൊരാളെ കൊണ്ടു ശകാരിക്കുന്നതു സഹിപ്പാൻ വഹിയാതെ യജമാനന്റെ ദോഷംകൊണ്ടു വേല എടുത്തുവരുന്നവൻ മദ്ധ്യത്തിൽ പോയെങ്കിൽ ചെയ്ത വേലയ്ക്കുള്ള കൂലി ആയവനു സിദ്ധിക്കും.

മനുഃ:—

ഭൃതോ നാർത്തോ ന കുപ്യേദ്യോ ദണ്ഡ്യാൽ കർമ്മ യഥോദിതം
സ ദണ്ഡ്യഃ കൃഷ്ണലാന്യഷ്ടൌ ന ദേയഞ്ചാസ്യ വേതനം.

[സ്വന്തർ

വേല എടുത്തുവരുന്ന ഭൃത്യൻ ഒരു രോഗാദികളും കൂടാതെ സ്വസ്ഥനായിരിക്കുമ്പോൾ ശാഠ്യംകൊണ്ടു വേല എടുക്കാതെയിരുന്ന എങ്കിൽ ആയവനു കൂലിയുടെ ഹാനിയും വരുത്തി എട്ടു കൃഷ്ണലം പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

അരാജദൈവികം നഷ്ടം ഭാണ്ഡം ദാപ്യസ്തു വാഹകഃ
പ്രസ്ഥാനവിഘ്നകൃച്ചൈവ പ്രദാപ്യോ ദ്വിഗുണാം ഭൃതിം.

[സ്വന്ത

മറ്റൊരാളപോലെയുള്ള കൂലിയും നിശ്ചയിച്ചു ചുമട്ടുകാരൻ വശം ഇന്നദിക്കിൽ ഏൽപ്പിക്കണമെന്നും പറഞ്ഞ് ഏൽപ്പിച്ച പാക്കുചുമട്ടു മുതലായത് ആ ദിക്കിൽ എത്തിക്കാതെ രാജകൈവികോപദ്രവങ്ങളും കൂടാതെ ഉപേക്ഷാദോഷംകൊണ്ടു ചുമട്ടിനു ഹാനി വരുത്തിയാൽ ആ ചുമട്ടുകാരനേക്കൊണ്ട് ഉടയവനു പകരം ചുമടെങ്കിലും അതിന്റെ വില എങ്കിലും കൊടുപ്പിക്കണം. ഇന്ന മാസം ഇത്രാംതീയതി ഇന്ന ആഴ്ചയിൽ ഇത്ര നാഴികയ്ക്കു വിവാഹം മുതലായ മുഹൂർത്തകാര്യത്തിനായിട്ട് ഇന്ന ദിക്കിൽ പോകണമെന്നു മുൻപിൽതന്നെ പറഞ്ഞു കൂലിയും നിശ്ചയിച്ചു ചട്ടം കെട്ടിയിരിക്കുമ്പോൾ ആയതനുസരിച്ചു വരാമെന്ന് ഏറ്റിരുന്നവൻ ആ സമയത്തു വരാതെ വിഘ്നം വരുത്തിയാൽ ആയവനെക്കൊണ്ടു മുൻപിൽ നിശ്ചയിച്ച കൂലിക്ക് എരട്ടി കൊടുപ്പിക്കണം.

പ്രക്രാന്തേ സപ്തമം ഭാഗം ചതുർത്ഥം പഥി സന്ത്യജൻ
ഭൃതിമർദ്ധപഥേ സർവ്വാം പ്രദാപ്യസ്തു ക്രാജകോർപി ച.

[സ്സന്തന

Digitized By Kerala Sahitya Akademi

ഇന്നയിടത്തിൽ യാത്രപുറപ്പെട്ടുപോകണമെന്നും ആയതി
ന്ന ക്രൂലി ഇത്ര തരാമെന്നും നീ ക്രൂടെ വരണമെന്നും പറഞ്ഞതന്ന
സമ്മതിച്ച് ഏറ്ററിരുന്നവൻ പുറപ്പെടുന്ന സമയത്തിന്ന മുൻപിൽ
തന്നെ വന്ന ഞാൻ വരികയില്ലെന്ന പറഞ്ഞുവെങ്കിൽ ആയവ
നെക്കൊണ്ടു നിശ്ചയിച്ചിരുന്ന ക്രൂലിയിൽ ഏഴിലൊരുപങ്കു കുറ
ച്ചും ഒട്ടെടം വന്നംവച്ചു പിന്നത്തതിൽ വിഘ്നം വരുത്തിയവ
നെക്കൊണ്ടു നാലിലൊരുപങ്കും പാതിവഴി വന്നംവച്ചു പോയെ
ങ്കിൽ ആയവനെക്കൊണ്ടു നിശ്ചയിച്ചിരുന്ന ക്രൂലി ഒക്കയും കൊടു
പ്പിക്കണം. മുൻപിൽ തന്നെ ക്രൂലി പറഞ്ഞിട്ടുണ്ടെങ്കിൽ ആയതും
മേലെഴുതിയപ്രകാരമുള്ളതും കൊടുപ്പിക്കണം. ഒരുത്തനെ ഒരു
ടിക്കിൽ പോകുന്നതിനായിട്ടു വരണമെന്ന ക്രൂലിയും നിശ്ചയിച്ചു
പറഞ്ഞിരുന്നവനെ തള്ളി വേറിട്ട് ആളംകൊണ്ടു പോയാൽ
മേലെഴുതിയപ്രകാരം മുമ്മടുകാരന്ന യജമാനനെക്കൊണ്ടു കൊടു
പ്പിക്കണം.

കാത്യായനഃ—

തൃജേൽ പഥി സഹായം യശ്ശ്രാന്തം രോഗാത്തമേവ വാ
പ്രാപ്നുയാൽ സാഹസം പൂർവ്വം ഗ്രാമേ തൃഹമപാലയൻ.

[ന്നുന്ന

വഴിനടക്കുമ്പോൾ സഹായത്തിനായിട്ടു വരുന്നവന്ന തള
ർച്ചയെങ്കിലും ഒരു രോഗമെങ്കിലുമുണ്ടായാൽ ക്രൂടെ പോകുന്നവൻ
ഒരു ഗ്രാമം മുതലായതിൽ ആയവനെ ക്രൂട്ടിക്കൊണ്ടുചെന്ന മൂന്ന
ദിവസം താനും ക്രൂടെയിരുന്ന സൂക്ഷിക്കണം. ഇപ്രകാരം ചെ
യ്യാതെ വഴിമേൽവച്ചുതന്നെ ഇട്ടംവച്ചുപോയാൽ ആയവനെ
ക്കൊണ്ടു പൂർവ്വസാഹസം പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

ശുല്കം ഗൃഹീത്വാ പണ്യസ്ത്രീ നേച്ഛന്തീ ദാതുമുദ്യമം വഹേൽ;
അനിച്ഛൻ ശുല്കദാതാപി ശുല്കഹാനിമവാപ്നുയാൽ.

[ന്നുവ

യാതൊരു വേശ്യാസ്ത്രീ ഒരു പുരുഷനോട് അനുഭോഗത്തി
നായിട്ട് ഇത്ര പണം തരണമെന്ന നിശ്ചയിച്ചു പണത്തെ വാങ്ങി
ച്ചുകൊണ്ടു പിന്നത്തതിൽ ഭോഗത്തിന്ന സമ്മതിച്ചില്ലെങ്കിൽ ആ
വേശ്യാസ്ത്രീയേക്കൊണ്ടു വാങ്ങിച്ച ദ്രവ്യത്തിന് ഏറ്റി കൊടുപ്പി
ക്കണം. കൊടുത്തവൻതന്നെ എനിക്കു ഭോഗത്തിന് ഇച്ഛ

Digitized By Kerala Sahitya Akademi

യില്ലെന്നും തന്ന ദ്രവ്യത്തിനെ തിരിയെ തരണമെന്നും ചോദിച്ചാൽ കൊടുത്തവനു വരികയില്ല.

ബൃഹസ്പതിഃ—

വ്യാധിതാ സശ്രമാ വ്യഗ്രാ രാജകർമ്മപരായണാ
ആമന്ത്രിതാ ച നാഗച്ഛേ ദ്ദദവാച്യാ ബന്ധവാ സ്മൃതാ.

[ന്യന്യൻ

മേലെഴുതിയപ്രകാരം ദ്രവ്യം വാങ്ങിച്ചിരുന്ന വേശ്യ വ്യാധികൊണ്ടെങ്കിലും ഒരു തളച്ചുകൊണ്ടെങ്കിലും ഇതല്ലാതെ ആവശ്യമായിട്ട് ഒരു കായ്യത്തിൽ നില്ക്കുമ്പോളെങ്കിലും രാജകായ്യത്തിൽ പ്രവർത്തിച്ചിരിക്കുമ്പോളെങ്കിലും ദ്രവ്യം കൊടുത്തവന്റെ ഇഷ്ടമനുസരിച്ചു പാർത്തില്ലെങ്കിൽ വാങ്ങിച്ച ദ്രവ്യത്തിനു ഹാനിവരികയില്ല.

നാരദഃ—

അപ്രയച്ഛംസ്ഥാ ശുല്കമനഭ്രയ പുമാൻ സ്ത്രിയം
അക്രമേണ തു സംഗച്ഛൻ ഖാദൻ ദന്തനഖാദിഭിഃ;

[സ്വ ൦

അയോനൌ യസ്സമാക്രാമേദ് ബഹ്വഭിവ്വാ വിവാസയേൽ
ശുല്കം സോഷ്ടഗുണം ദാപ്യോ വിനയന്താവദേവ തു.

[സ്വ ൧

ഇതു ദ്രവ്യം തരാമെന്നുറഞ്ഞു വേശ്യാസ്ത്രീയോടു ഭോഗം ചെയ്യുംവച്ചു പിന്നത്തതിൽ കൊടുക്കാതെയിരുന്നാൽ ആയവനെക്കൊണ്ടും, മന്ത്രംകൊണ്ടും നഖങ്ങൾകൊണ്ടും ന്യായക്കേടായിട്ട് അതിക്രമിച്ചു പ്രവർത്തിച്ചു വ്രണം ഉണ്ടാക്കുന്നവനെക്കൊണ്ടും യോനിദ്വാരം ഒഴിച്ചു മറുള്ള ദ്വാരങ്ങളിൽ പ്രവർത്തിക്കുന്നവനെക്കൊണ്ടും അനേകമാളുകളെ കൂട്ടിച്ചേർകൊണ്ടുചെന്നു പ്രവർത്തിക്കുന്നവനെക്കൊണ്ടും, നിശ്ചയിച്ച ദ്രവ്യത്തിൽ എട്ടു പങ്കു കൂട്ടി ആ വേശ്യാസ്ത്രീക്കു കൊടുപ്പിച്ച് അതുയും പണം അവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കണം.

ഗൃഹീത്വാ വേതനം വേശ്യാ ലാഭാദന്യത്ര ഗച്ഛതി
താം ദമം ദാപയേദ്ഭർത്രാദിതരസ്യാപി ഘാടകം. സ്വ ൨

ഒരുത്തന്റെപക്കൽ ദ്രവ്യം വാങ്ങിച്ചുംകൊണ്ടു പിന്നത്തതിൽ ദ്രവ്യാശകൊണ്ടു മറൊരുവനിടത്തിൽ പോയാൽ, ആയവ

Digitized By Kerala Sahitya Akademi

ളെക്കൊണ്ടു പ്രായശ്ചിത്തവും ചെയ്യിപ്പിച്ചു മുൻപിൽ വാങ്ങിച്ച ദ്രവ്യവും തിരിയെ കൊടുപ്പിക്കണം.

വേശ്യാപ്രധാനാ യേ തത്ര കാമുകാസ്തദ്ഗൃഹോഷിതാഃ
തഞ്ചമത്ഥേഷു കാര്യേഷു നിർണ്ണയസ്തൈഃ പ്രകീർത്തിതഃ.

[ന്യൂനെ

മേലെഴുതിയ കാര്യങ്ങൾകൊണ്ടു വ്യവഹാരമുണ്ടായാൽ വേശ്യകളുടെ ഗൃഹത്തിൽ പതിവായിട്ടു പാർക്കുന്നവരായും വേശ്യാപരരായും ഇരിക്കുന്ന പുരുഷന്മാരെക്കൊണ്ടു കാര്യനിശ്ചയം വരുത്തണം.

നാരദഃ:—

പരഭ്രമൌ ഗൃഹം കൃത്വാ *സ്തോമം ദത്വാ വസേത്തു യഃ
സ തദ് ഗൃഹീത്വാ നിർഗ്ഗച്ഛേൽ തൃണകാഷ്ഠേഷ്ടകാദികം.

[ന്യൂനെർ

ഒരുത്തന്റെ തറയിൽ മറ്റൊരുത്തൻ ഭവനംകെട്ടി പാർക്കുന്നവകയ്ക്ക്, ആ തറയുടയവനു മാസം ഒന്നിന് ഇത്ര പണം തരാമെന്നു നിശ്ചയിച്ച് അതിൻവണ്ണം മാസംതോറുമുള്ള പാട്ടപ്പണം കൊടുത്തു പാർത്തുവരുമ്പോൾ, ആ ഭവനം കെട്ടിയവൻ ആ സ്ഥലം ഉപേക്ഷിച്ചു മറ്റൊരുസ്ഥലത്തു പോകുമ്പോൾ, അവനായിട്ട് ആ തറയിൽ കൊണ്ടുവന്നിട്ട ഓല തടി ചെങ്കൽ ആദിയായിട്ടുള്ള തൊക്കയും കൊണ്ടുപോകയുമാം.

സ്തോമാദിനാ വസിത്വാ തു പരഭ്രമാവനിശ്ചിതഃ
നിർഗ്ഗച്ഛൻ തൃണകാഷ്ഠാദി ന ഗൃഹ്ണീയാൽ കഥഞ്ചന.

[ന്യൂനെ ഒ

യാന്യേവ തൃണകാഷ്ഠാനി തദിഷ്ടകാ വാ നിവേശിതാ
നിർഗ്ഗച്ഛൻ സ തു തസ്മൈ ഭ്രമിസ്വാമിം നിവേദയേൽ.

[ന്യൂനെന്യൂ

മറ്റൊരുത്തന്റെ തറയിൽ ഭവനംകെട്ടി കുടിയിരിക്കുന്നവകയ്ക്കു കുടിയിരിപ്പുക്രമപ്രകാരമായിട്ടു മാസം ഒന്നിന് ഇത്ര പണം തരാമെന്നു തറയുടയവനോടു മുൻപിൽതന്നെ പറഞ്ഞു നിശ്ചയം വരുത്താതെ ഭവനംകെട്ടിയിരുന്നുവന്നാൽ, ആ തറ ഉപേക്ഷിച്ചു മറ്റൊരു ദിക്കിൽ പോകുമ്പോൾ അതിൽ പുത്തനായിട്ടു കൊണ്ടു

* സ്തോമം = (ഓടം) പാട്ടം.

Digitized By Kerala Sahitya Akademi

ചെന്നിട്ടുള്ള ഓല തടി ചെങ്കൽ ആദിയായിട്ടുള്ളതൊന്നും ഭവനം കെട്ടിയവനു വരികയില്ല. തറയുടയവന്റെ പക്കൽ മേലെഴുതിയ വകകളൊക്കയും ഏല്പിച്ചും വച്ചു പൊയ്ക്കൊള്ളണം.

കാത്യായനഃ—

ഗൃഹവാസ്ത്വാപണാദീനി ഗൃഹീത്വാ ഹാടകേന യഃ
സ്വാമിനോ നാപ്നുയേദ്യാവത്താവദ്ദാപ്യസ്തു ഹാടകം. ന്യാ

ഒരുത്തന്റെ ഭവനമെങ്കിലും, വെള്ളം കോരുന്ന പാത്രം മുതലായതും, കച്ചവടം ചെയ്യുന്നതിനായിട്ടു കേട്ടിയിരിക്കുന്ന സ്ഥലവും വാങ്ങി അനുഭവിക്കുന്നവകയുടെ മാസം ഒന്നിന് ഇത്ര ദ്രവ്യം തരാമെന്നും ഇത്ര മാസം എനിക്കുതന്നെ തന്നേയ്ക്കണമെന്നും പറഞ്ഞു വാങ്ങിച്ച വകയെ അയവധിക്കു തിരിയെ കൊടുത്തില്ലാ എങ്കിൽ, പിന്നത്തതിൽ കൊടുക്കുന്ന നാൾവരെയും കൂടിയ പാട്ടപ്പണം കെട്ടിക്കൊടുപ്പിക്കണം.

നാരദഃ—

സ്തോമവാഹീനി ഭാണ്ഡാനി പൂർണ്ണകാലാന്യുപാനയേൽ
ഗൃഹീതുർദ്ദാപയേദ്ഭഗ്നം നഷ്ടം ചാന്യത്ര സംപ്ലവാൽ.

[ന്യാ വ്യ

എണ്ണ ശക്കര മുതലായതു കെട്ടിസൂക്ഷിക്കേണ്ടുന്നതിനു മറ്റൊരുത്തന്റെ വകയായിട്ടുള്ള തോൽ തുരുത്തി മുതലായിട്ടുള്ളതിനെ വാടകയ്ക്ക് അവധിവച്ചു വാങ്ങിച്ചിരുന്നാൽ അയവധിക്കു തിരിയെ കൊണ്ടുചെന്നു കൊടുക്കണം. വാടകയ്ക്കു വാങ്ങിച്ചിരുന്ന വസ്തുവിനു ദൈവികരാജകോപദ്രവം കൂടാതെ, വാങ്ങിച്ചവന്റെ ഉപേക്ഷാദോഷംകൊണ്ടു കുറെ ചേതമെങ്കിലും മുഴുവനും ഹാനിയെങ്കിലും വന്നാൽ, അയതു പുത്തനായിട്ടു തീപ്പിച്ചുകൊടുക്കയെങ്കിലും അയതിന്റെ വില കൊടുക്കയെങ്കിലും ചെയ്യണം.

ഇതി വേതനാനപാകർമ്മപ്രകരണം.

അഥ സ്വാമിപാലവിവാദപ്രകരണം.

മനുഃ—

പശുഷു സ്വാമിനാഞ്ചൈവ പാലാനാഞ്ച വ്യതിക്രമേ
വിവാദം സമ്പ്രവക്ഷ്യാമി യഥാവദ്ധർമ്മതത്ത്വതഃ. ന്യാ

Digitized By Kerala Sahitya Akademi

പശുക്കളെ മേച്ചു രക്ഷിക്കുന്ന ഇടയൻ മുതലായവക്കും ആ പശുവിന്റെ യജമാനനും ക്രലി മുതലായ കായ്ത്തിൽ തമ്മിൽ തക്കം വന്നാൽ അപ്പോൾ നിശ്ചയിക്കേണ്ടുന്ന വിധിപ്രകാരത്തേയും, പശുക്കൾ ചെന്ന പയിർകളെ അഴിച്ചാൽ അഴിവുചേതം മുതലായതിന്റെ വിധിയും സംഗതിവശാൽ ഈ പദത്തിൽ ചൊല്ലുവാനുള്ളതാകകൊണ്ട് ആയതും ചൊല്ലുന്നു.

ഗവാം ശതാദ്വത്സതരീ ധേനുസ്സ്യാദ്ദ്വിശതാൽ ഭൃതിഃ
പ്രതിസംവത്സരം ഗോപേ സന്ദോഹശ്ചാഷ്ടമേഽഹനി.
യഥാ ധേനുഭൃതഃ ക്ഷീരം ലഭേത ഹ്യഷ്ടമേഽഖിലം. നാ വ ൦

നൂറു പശുക്കൾ മേച്ചു രക്ഷിക്കുന്നവനു സംവത്സരംതോറും കൂടിമാറിയതിൽ ഒരു പശുക്കിടാവും, ഇരുനൂറു പശുവിനെ മേച്ചു രക്ഷിച്ചാൽ ആയവനു ക്രലിയായിട്ട് ഒരു സംവത്സരത്തേക്ക് എട്ടു ദിവസത്തിന് ഒരിക്കൽ, കറക്കുന്ന പശുവിന്റെ പാൽ അതുയും, ഒരു പശുവിനേയും അതിന്റെ കിടാവിനേയും കൊടുക്കണം.

ഉപാനയേദ്ഗാ ഗോപാലഃ പ്രത്യഹം രജനീക്ഷയേ
ചീർണ്ണാ പീതാശ്ച താ ഗാവസ്സായായാഹ്നേ പ്രത്യുപാനയേൽ.
യഥാപ്പിതാൻ പശൂൻ ഗോപസ്സായം പ്രത്യപ്പയേത്തഥാ.
[നാ വ ൧

മാടു മേയ്ക്കുന്നവൻ കാലത്തെ വന്നു മാടുകളെ എണ്ണി ഏറവു വെളിയിൽ കൊണ്ടുചെന്നു നല്ലതിൻവണ്ണം തീററി വെള്ളം ഇവ കൊടുത്ത് അസ്തമനസമയത്തു താൻ ഏറവ മാട്ടിനേയൊക്കെയും എണ്ണി ഉടയവനെ ഏൽപ്പിക്കണം. ഇപ്രകാരം ദിവസംപ്രതിയും ചെയ്യണം.

മനുഃ—

ദിവാ വക്തവ്യതാ പാലേ രാത്രൌ സ്വാമിനി തദ്ഗൃഹേ
യോഗക്ഷേമോഽന്യഥാ ചേത്തു പാലോ വക്തവ്യതാമിയാൽ.

യാജ്ഞവല്ക്യഃ—

പ്രമാണമൂനനഷ്ടാംശ്ച പ്രദാപ്യഃ കൃതവേതനഃ. നാ വ ൨

Digitized By Kerala Sahitya Akademi

വെളിയിൽ കൊണ്ടുചെന്ന മാടുമേച്ചുവരുമ്പോൾ നല്ല തിൻവണ്ണം സൂക്ഷിക്കാത്ത ദോഷംകൊണ്ടു പകൽ പശുക്കൾക്കു വല്ലതും ഹാനിവന്നാൽ അവനെക്കൊണ്ടു പശുക്കളുടെ ഉത്തരം പറയിച്ചു പശുക്കളേയും തിരിയെ കൊടുപ്പിക്കണം.

വ്യാസഃ:—

ബാലഗ്രഹേ ബ്രഹ്മഘാതേ തഥാ രാഷ്ട്രസ്യ വിപ്ലവേ
യൽ പ്രനഷ്ടം ഹൃതം വാ സ്യാന്ന പാലസ്യതു കില്ബിഷീ.

[സൂവ്യ.

പശുക്കൾക്കു നോവു മുതലായതുകൊണ്ടു ഹാനിവന്ന ഏങ്കിൽ ആയതും, രാജ്യത്തിന്ന വലുതായ ക്ഷോഭം വന്നിരിക്കുമ്പോൾ നശിച്ചുപോയതും മറൊരുത്തൻ അപഹരിച്ചുകൊണ്ടുപോയതും മാടുമേയ്ക്കുന്നവൻ ഉത്തരം പറയാൻ ന്യായമില്ല.

നാരദഃ:—

സ്യാച്ചേൽ ഗോവ്യസനം ഗോപോ വ്യായച്ഛേത്തു

[ശകുതിഃ.

അശകുതസ്സുണ്ണമാഗത്യ സ്വാമിനേ തന്നിവേദയേൽ. സൂവ്യ ർ

വെളിയിൽ മാടുമേച്ചുവരുമ്പോൾ വ്യാഘ്രാദികളുടെ ഭയമെങ്കിലും ചോരന്മാരുടെ ഭയമെങ്കിലും പശുക്കൾക്കു വന്നാൽ, തന്നാലാകുന്നെടത്തോളം നിലവിളിയും പ്രയത്നങ്ങളും ചെയ്ത് ആ ഭയത്തിൽനിന്നും നിവൃത്തി വരുത്തണം. ആയതിന്ന ശക്തിയില്ലെങ്കിൽ ഉടൻതന്നെ ഓടിച്ചെന്ന പശുക്കളുടെ ഉടയവനെ ഗ്രഹിപ്പിക്കണം.

അവ്യായച്ഛന്നവിക്രോശൻ സ്വാമിനേ ചാനിവേദയൻ
ദ്വാതുമർഹതി ഗോപസ്താം വിനയഞ്ചൈവ രാജനി. സൂവ്യ ഭ

മേലെഴുതിയ പ്രകാരം പശുക്കൾക്കു ചോരന്മാർ മുതലായവരുടെ ഉപദ്രവം വന്നിരിക്കുമ്പോൾ ആയതു നിവൃത്തിപ്പാന്നുള്ള യത്നം ചെയ്യാതേയും വ്യാഘ്രാദികൾ വന്നാൽ നിലവിളിച്ചു വിരട്ടാതേയും ഇതിന്ന ശക്തിയില്ലെങ്കിൽ പശുവുടയവനെ ഉടൻ വന്ന ഗ്രഹിപ്പിക്കാതേയും ഇരുന്നാൽ, പശുമേയ്ക്കുന്നവൻ ചേതം വന്നുപോയ പശുക്കളുടെ വില ഉടയവന്ന കൊടുത്തു രാജാവിന്ന പ്രായശ്ചിത്തം ചെയ്യണം.

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ—

പാലദോഷാദിനാശേ തു പാലേ ദണ്ഡോ വിധീയതേ
അർദ്ധത്രയോദശപണഃ സ്വാമിനേ ദ്രവ്യമേവ ച. ന്യൂന്യ
പശുക്കളെ രക്ഷിച്ചു സൂക്ഷിപ്പാൻ ഏറവൻ നല്ലതിൻ
വണ്ണം സൂക്ഷിച്ചു രക്ഷിക്കാതെ ഉപേക്ഷിച്ചിരുന്ന കാരണത്താൽ
പശുക്കൾക്കു ഹാനിവന്നാൽ ആയവനെക്കൊണ്ടു പതിമ്മൂന്നരപ്പ
ണം പ്രായശ്ചിത്തം ചെയ്യിച്ചു നശിച്ചുപോയ പശുക്കളുടെ വി
ലയെങ്കിലും പകരം പശുവെങ്കിലും ഉടയവനു കൊടുപ്പിക്കണം.

നാരദഃ—

അജാവികേ തു സംരുദ്ധേ വൃകൈഃ പാലേ തപനായതി
യാം പ്രസഹ്യ വൃകോ ഹന്യാൽ പാലേ തൽ കില്ബിഷം
[ഭവേൽ. ന്യൂന

ആടു മുതലായതുകളെ മേച്ചുവരുന്ന സ്ഥലത്തു പാപ്പി
ച്ചു വരുമ്പോൾ, ചെന്നാ മുതലായ ദുഷ്ടജന്തുക്കൾ വളഞ്ഞ് അ
വയെ ഹിംസിപ്പാൻ വന്നുവെങ്കിൽ ആയതു നിവർത്തിപ്പാനുള്ള
യത്നങ്ങൾ ചെയ്തു ഓടിക്കണം. മേലെഴുതിയ പ്രകാരം ചെയ്യാ
തെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ അപ്പോൾ ദുഷ്ടജന്തുക്കൾ വന്നു
കൊന്ന ആടു മുതലായതിന്റെ വില മേയ്ക്കുന്നവനെക്കൊണ്ട്
ഉടയവനു കൊടുപ്പിക്കണം.

നഷ്ടം വിനഷ്ടം കൃമിഭിർഗ്ഗൃഹീതം വിഷമേ മൃതം
ഹീനം പുരുഷകാരേണ പ്രദദ്യാൽ ഗോപ ഏവ തൽ.

[ന്യൂന്യൂ

സൂക്ഷിപ്പാൻ ഏൽപ്പിച്ചിരുന്ന പശുവു കണ്ണിൽ കാ
ണാതെ തെറിപ്പോയതും, കൃമികളുടെ ഉപദ്രവംകൊണ്ടു നശി
ച്ചുപോയതും, ചെന്നാമുതലായ ദുഷ്ടജന്തുക്കൾ കൊന്നതും, കുഴിക
ളിൽ വീണുമരിച്ചതും, മേയ്ക്കുന്നവൻ സൂക്ഷിക്കാത്ത കാരണത്താൽ
വന്ന ദോഷം ആകുന്നുവെങ്കിൽ ആയതു മേയ്ക്കുന്നവൻതന്നെ ഉടയ
വനു കൊടുക്കണം. തെറിപ്പോയതു് ആകുന്നെടത്തോളം അന്വേ
ഷിച്ചുവെങ്കിൽ ആയതും, കൃമികൾ മുതലായ ഉപദ്രവം ഉണ്ടാ
യാൽ മേയ്ക്കുന്നവൻ ചെയ്വാനുള്ള യത്നങ്ങളൊക്കയും ചെയ്തു ര
ക്ഷിച്ചു വരുമ്പോൾ മരിച്ചുപോയെങ്കിൽ ആയതും മേയ്ക്കുന്നവൻ
തിരിച്ചുകൊടുപ്പാനാവശ്യമില്ല. പുരുഷപ്രയത്നം ചെയ്യാതെയി

Digitized By Kerala Sahitya Akademi

രിക്കുന്നവെങ്കിൽ മേയ്ക്കുന്നവൻ തന്നെ നശിച്ചുപോയ പശു വിന്റെ വില മുതലായതു കൊടുക്കണം.

അനേന സർവ്വപാലാനാം വിവാദസ്സമുദാഹൃതഃ
മൂതേ/ത്ര തു വിശുദ്ധസ്സ്യാൽ പാലസ്യസ്യാംഗദർശനാൽ. ന്യവൻ
മനുഃ:—

*കർണ്ണൌ ച ശൃംഗവാലൌ ച വസ്തിം സ്നായും ച രോചനാം
പശുഷു സ്വാമിനേ ദദ്യാന്മൃതേഷ്വംഗാനി ദർശയേൽ.

[ന്യൻ ഠ

പശുക്കളെ ഏറ്റു വെളിയിൽ കൊണ്ടുചെന്നു തീററി സൂക്ഷിച്ചുവരുമ്പോൾ അതിൽ ചില പശുക്കൾ മരിച്ചുപോയാൽ ആ മരിച്ചുപോയ പശുക്കളുടെ വാലും തലയും ചെവിയും കൊമ്പും വസ്തിയും ഞരമ്പും രോചനയും എടുത്തു പശുവുടയവനെ കാണിക്കണം. അല്ലെങ്കിൽ ഇവൻതന്നെ അപഹരിച്ചു എന്നുള്ള ശങ്കവന്ന് അശുദ്ധനായി ഭവിക്കും. മേലെഴുതിയ അംഗങ്ങളെ കാണിച്ചുവെങ്കിൽ ശുദ്ധനാകും.

ആന കുതിര കോഴി മുതലായതു രക്ഷിക്കുന്നവനും ഉടയവനും വിവാദം വന്നാലും ഇപ്രകാരം അതേ വിധിയാകുന്നത്.

യാജ്ഞവല്ക്യഃ:—

ഗ്രാമേ ച്ഛയാ ഗോപ്രചാരോ ഭ്രമീ രാജവശേന വാ
ധന്യസ്യ ഗതം പരീണാഹോ ഗ്രാമക്ഷേത്രാന്തരം ഭവേൽ. ന്യൻ ക

പശുക്കൾക്കു സഞ്ചരിച്ചു തൃണാദികൾ ഭക്ഷിക്കുന്നതിനായിട്ടു നൂറു ധനുസ്സിന്റെ വിസ്താരത്തിനു കുറവു കൂടാതെയുള്ള ഉറച്ചസ്ഥലമായിട്ടുള്ള ഭ്രമി ഗ്രാമത്തിനും കൃഷിനടക്കുന്നതിനും നടുവിൽ ഗ്രാമജനങ്ങൾക്കും എങ്കിലും രാജാവെങ്കിലും വിട്ടുകൊടുക്കണം.

¶ദ്വേ ശതേ പത്തനസ്യ സ്യാന്നഗരസ്യ ചതുർഗ്ഗുണം.

പട്ടണമെങ്കിൽ ഇരുനൂറു ധനുസ്സു വിസ്താരമുള്ള ഭ്രമിയും, നഗരമെങ്കിൽ നാനൂറു ധനുസ്സിന്റെ വിസ്താരമുള്ള ഭ്രമിയും പശുക്കൾക്കു സഞ്ചരിക്കുന്നതിനു വിട്ടുകൊടുക്കണം.

---

* 'കർണ്ണൌ ചർമ്മ ച വാലശ്ച' എന്നു മിതാക്ഷരയിൽ. ¶ 'ദ്വേ ശതേ ഖഡ്ഗ മസ്യ' (പാഠാന്തരം). ഖഡ്ഗടം=കണ്ടകപൂർണ്ണമായ സ്ഥലം.

Digitized By Kerala Sahitya Akademi

തത്രാപരിവൃതം ധാന്യം വിഹിംസ്യുഃ പശവോ യദി
ന തത്ര പ്രണയേദ്ദണ്ഡം നൃപതിഃ പശ്വുരക്ഷിണാം. ൨൧൯ൻ

പഥി ഗ്രാമ¶വിവീതാന്തേ ക്ഷേത്രേ ദോഷോ ന വിദ്യതേ;
അകാമതഃ കാമചാരീ ചോരവദ്ദണ്ഡമർഹതി. ൨൨൦ൻ

പലരും നടക്കുന്ന മാർഗ്ഗത്തിന്റെ സമീപത്തിലും, ഗ്രാമത്തിന്റെ സമീപത്തിലും, പശുക്കൾ സഞ്ചരിച്ചു പുല്ലു ഭക്ഷിപ്പാനായിട്ടു വാങ്ങിച്ചു കാവലുമാക്കിയിരിക്കുന്ന കാടിന്റെ സമീപത്തിലും ഇരിക്കുന്ന നിലങ്ങളിൽ കൃഷിയിടണമെങ്കിൽ മുൻപിൽ വേലി കെട്ടി പിന്നത്തതിൽ കൃഷിയിടണം. വേലി കെട്ടിയില്ലെങ്കിൽ ആ നിലങ്ങളിൽ വന്ന പശുക്കൾ പയിർകാൽ അഴിച്ചാൽ ആ പശുക്കളെ മേയ്ക്കുന്നവനു ദോഷം വരികയില്ല. മേയ്ക്കുന്നവൻ തന്നെ ബുദ്ധിപൂർവ്വമായിട്ടു പശുവിനെ വിട്ടു പയിർകാൽ അഴിച്ചു എങ്കിൽ അപ്പോൾ ചോരനുള്ള പ്രായശ്ചിത്തം മേയ്ക്കുന്നവനു വരികയും ചെയ്യും.

കാത്യായനഃ:—

പഥി ക്ഷേത്രേ വൃതിഃ കാര്യാ *യാമുഷ്ട്രോ നാവലോഹയേൽ
ന ലംഘയേൽ പശുർനോഷ്ട്രോ ന ഭിന്ദ്യാതാം ശപസൂകരൌ.

[൨൨൧ൻ

ജനങ്ങൾ നടക്കുന്ന പെരുവഴിയുടെ സമീപത്തിൽ ഇരിക്കുന്ന നിലങ്ങളിൽ, പശുക്കൾ വന്നു വീർത്തിരിക്കുന്നത് അഴിക്കാതെയിരിക്കത്തക്കവണ്ണം വേലി കെട്ടണം. ഒട്ടകത്തിനു എത്താതെ ഉന്നതമായും, പശുക്കൾ ചാടിവീഴാതെയിരിക്കത്തക്കവണ്ണവും പന്നിയും നായും മുഖം ഇട്ടു കടക്കാതെയിരിക്കത്തക്കവണ്ണവും പുറവേലി കെട്ടണം.

നാരദഃ—

ആജാതേഷ്വേവ സസ്യേഷു കൃഷ്ടാദാവരണം മഹൽ;
ദുഃഖേന ഹി നിവാര്യന്തേ ലബ്ധസ്വാദുരസാ മൃഗാഃ. ൨൨൨ൻ

മേലെഴുതിയ നിലങ്ങളിൽ പൈരുകാൽ കരുക്കുന്നതിനു മുൻപിൽത്തന്നെ പശുക്കൾ ചാടി അഴിക്കാതെയിരിക്കത്തക്ക

¶ വിവീതം=കന്നുകാലിൻമേച്ചിൽസ്ഥലം. * 'യാമുഷ്ട്രോ നാവലോകയേൽ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

വണ്ണം വേലികെട്ടികൊള്ളണം. വിതകാം കുരുത്ത മൃഗങ്ങാം വന്നു ഭക്ഷിച്ചു. രസമറിഞ്ഞുപോയാൽ, പിന്നത്തതിൽ മൃഗങ്ങളെ ഓടിപ്പാൻ എത്രയും പ്രയത്നം വേണ്ടിവരുന്നതാകകൊണ്ടു മുൻപിൽ തന്നെ വേലി കെട്ടിക്കൊള്ളണം.

ഗോഭിവ്വിനാശിതം ധാന്യം സാമന്തൈരനുമോദിതം
ക്ഷേത്രിണേ ഗോമിനാ ദേയം; ധാന്യം യത്നേന സിദ്ധ്യതേ.

[ന്യൂൻന്യ

ഒരുത്തൻ കൃഷിയിട്ടിരിക്കുന്ന നിലത്തിൽ മറൊരുത്തന്റെ പശുക്കാം വന്നു വിതയഴിച്ചുവെങ്കിൽ, ആ നിലത്തിനു സമീപത്തിലുള്ള അയൽക്കാരരേ ക്രട്ടി അഴിവുവന്നതു കണ്ടെഴുതി, അവർ നിശ്ചയിച്ചിരിക്കുന്നതിൻവണ്ണം ഉള്ള ധാന്യം നിലത്തിന്റെ ഉടയവന് ആ പശുവിന്റെ ഉടയവൻ കൊടുക്കണം.

കാത്യായനഃ:—

യാവത്സസ്യം വിനശ്യേത താവദ്ദേയഞ്ച ഗോമിനാ.

ഇതിനും മേലെഴുതിയ പ്രകാരമത്രേ അർത്ഥമാകുന്നതു്.

യാജ്ഞവല്ക്യഃ:—

മാഷാനഷ്ടൗ തു മഹിഷീ സസ്യഘാതസ്യ കാരിണീ
ദണ്ഡനീയാ തദർദ്ധന്തു ഗൌസ്തദർദ്ധമജാവികം.
സമമേഷാം വിവീതേഽപി ചരോഷ്ടം മഹിഷീസമം.

[ന്യൂൻ ഒ

ഒരുത്തന്റെ നിലത്തിൽ മറൊരുത്തന്റെ എരുമ ഇറങ്ങി പയിര് അഴിച്ചാൽ ആ എരുമയുടയവനെകൊണ്ടു് എട്ടു മാഷത്തൂക്കമുള്ള സ്വർണ്ണവും, പശുവ് അഴിച്ചാൽ നാലു മാഷവും, ആടെങ്കിൽ രണ്ടു മാഷവും തൂക്കം സ്വർണ്ണവും പ്രായശ്ചിത്തം ചെയ്യിക്കണം. ഇപ്രകാരംപശുക്കളെ തീറുന്നതിനായിട്ട് ഒരുത്തൻ വിലയ്ക്കു വാങ്ങി കാവലുമാക്കിയിരിക്കുന്ന പുല്ലുള്ള കാട്ടിൽച്ചെന്ന മറൊരുത്തന്റെ പശു എരുമ മുതലായത് ഇറങ്ങി പുല്ലുകാം ഭക്ഷിച്ചു എങ്കിൽ ആ പശുവുടയവനെക്കൊണ്ടു മെലെഴുതിയ പ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം. കഴുതയും ഒട്ടകവും പയിരുകാം നശിപ്പിച്ചു എങ്കിൽ എരുമ അഴിച്ചതിനു സമമായിട്ടു പ്രായശ്ചിത്തം ചെയ്യിക്കണം.

Digitized By Kerala Sahitya Akademi

നാരദഃ:—

വസതാം ദ്വിഗുണം ദണ്ഡം സവത്സാനാം ചതുർഗുണം.

ഒരുത്തന്റെ നിലത്തിൽ ഇറങ്ങി മറ്റൊരുത്തന്റെ ഏരുമ മുതലായതു പയിരുകളെ അഴിച്ചുംവച്ച് അവിടെത്തന്നെ കിടന്നുവെങ്കിൽ മുൻപിൽ ചൊല്ലിയ പ്രായശ്ചിത്തത്തിന് ഏരുമയുടെ, കിടാക്കളോടുകൂടിച്ചെന്നു പയിരുകളെ അഴിച്ചുംവച്ച് അവിടെത്തന്നെ കിടന്നു എങ്കിൽ മുൻപിൽ ചൊല്ലിയ പ്രായശ്ചിത്തത്തിനു നാലുപങ്കും ഏരുമ മുതലായതിന്റെ ഉടയവനെക്കൊണ്ടു കെട്ടിവയ്പിക്കണം.

ന തത്ര സ്വാമിനോ ദോഷഃ പാലേ സതി ചതുഷ്പദാം
അപാലേ സ്വാമിനോ ദോഷസ്സസ്യഘാതേ സ്മൃതോ ബുധൈഃ
[നാൻ വ്യ
യാ നഷ്ടാ പാലദോഷേണ ഗൌസ്തു സസ്യാനി നാശയേൽ
ന തത്ര ഗോമിനോ ദണ്ഡഃ പാലസ്തദ്ദണ്ഡമർഹതി.
[നാൻ൯

പശുക്കളെ രക്ഷിക്കുന്നതിനായിട്ടു ക്രൂലിയും കൊടുത്ത് ഒരുത്തനെ ആക്കി അവന്റെപക്കൽ പശുക്കളെ ഏൽപ്പിച്ചിരിക്കുമ്പോൾ ആയവൻ നല്ലതിൻവണ്ണം പശുക്കളെ സൂക്ഷിക്കാത്ത കാരണത്താൽ പശുക്കൾ ഇറങ്ങി പയിരുകൾ അഴിച്ചുവെങ്കിൽ അപ്പോൾ ആ പശുമേയ്ക്കുന്നവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കണം. പശുവുടയവനു പ്രായശ്ചിത്തം വരികയില്ല. പശുക്കളെ രക്ഷിപ്പാൻ ആളാക്കിയില്ലെങ്കിൽ ഉടയവൻതന്നെ പ്രായശ്ചിത്തം കൊടുക്കണം. പശു രക്ഷിപ്പാൻ ആളാക്കിയിരിക്കുന്ന സ്ഥലത്തിലും അല്ലാത്ത സ്ഥലത്തിലും പശുക്കൾ പയിരുകൾ ഭക്ഷിച്ചുവെങ്കിൽ, കറക്കുന്ന പാൽ മുതലായ അനുഭവം ഉടയവന് ആകകൊണ്ടു് അഴിവുചിലവും ഉടയവനെക്കൊണ്ടു കെട്ടിവയ്പിക്കണമെന്നു താൽപര്യം.

അദണ്ഡ്യാ ഹസ്തിനോ ഹ്യശ്വാഃ പ്രജാപാലാ ഹി തേ സ്മൃതാഃ
അദണ്ഡ്യൌ കാണകുബ്ജൌ ച വൃഷഭഃ കൃതലക്ഷണഃ.
അദണ്ഡ്യാഗ്നുകീ ഗൌശ്ച സൂതികാ ചാതിസാരിണീ ൧൦൦
അദണ്ഡ്യാശ്ചോത്സവേ ഗാവശ്ശ്രാദ്ധാദിഷു ച കർമ്മസു
മഹോക്ഷാൽസൃഷ്ടപശവസ്സൂതികാഗ്നുകാദയഃ. ൧൦൫

Digitized By Kerala Sahitya Akademi

പ്രജകളെ രക്ഷിക്കുന്നതിനായിട്ടുണ്ടാക്കിയിരിക്കുന്ന ആനകളും കുതിരകളും, കൈകാൽ ഒടിഞ്ഞതായും കണ്ണറിവാൻ വഹിയാത്തതായും ഇരിക്കുന്ന പശുക്കളും, ദേവങ്കലേക്കുവഴിപാടായിട്ടു ശൂലം ചാർത്തി വിട്ടിരിക്കുന്ന കാളയും, പശുക്കൂട്ടത്തിൽനിന്നു മിക്കു പിഴച്ചുപോന്ന പശുവും, അതിസാരമുള്ള പശുവും, പ്രസവിച്ചു പത്തു ദിവസം കഴിയാതെയിരിക്കുന്ന പശുവും, ഗോക്കളുടെ ഉത്സവത്തിലും തന്റെ പിതാവു മുതലായിട്ടുള്ളവരുടെ ശ്രാദ്ധദിവസത്തിലും, ദേവയോഗ്യമായിരിക്കുന്ന വൃഷഭങ്ങളും, വൃഷോത്സർജ്ജനമെന്ന കർമ്മത്തിങ്കൽ ദേവനായിക്കൊണ്ടു നിയോഗിക്കപ്പെട്ട വൃഷഭങ്ങളും പയിരുകറം അഴിച്ചുവെങ്കിൽ ദണ്ഡ്യങ്ങളല്ല.

കാത്യായനഃ:—

ഗവാം നിർഗ്ഗമതാം കാമാൽ കക്ഷ്യിൽ പാശേ പ്രമാദതഃ
ഗ്രസേന്നിർഗ്ഗത്യ സസ്യാനി ന ദോഷസ്സ്വാമിപാലയോഃ

[6 0 2

പശുക്കളെ കൊണ്ടുപോകുമ്പോൾ ഒരുപുറത്ത് ഒതുങ്ങിയിരുന്ന് അറിവാൻ വാഹിയാതേ ഇറങ്ങി പയിരുകാം കടിച്ചുതുങ്കിൽ അപ്പോഴും പശുവിന്റെ ഉടയവനും രക്ഷിക്കുന്നവനും ദോഷം വരികയില്ല.

ഇതി സ്വാമിപാലവിവാദപ്രകരണം.

അഥ സമയാനപാകർമ്മപ്രകരണം.

ബൃഹസ്പതിഃ:—

ഗ്രാമശ്രേണിഗണാനാഞ്ച സങ്കേതഃ സമയക്രിയാ
സാധുകാര്യേ തു സാ കാര്യാ ധർമ്മകാര്യേ തഥൈവ ച.

[9 0 4

ഗ്രാമജനങ്ങളും വ്യാപാരികളും സമൂഹക്കാരും ഇതല്ലാതെ ഓരോവിധത്തിലുള്ള മതക്കാരും അവരവരുടെ ജാതിധർമ്മം നടക്കേണ്ടുന്നതിനായിട്ടും, ഗ്രാമധർമ്മം മുതലായതു നടക്കേണ്ടുന്നതിനായിട്ടും പൊതുവിൽ ധർമ്മകാര്യം നടക്കേണ്ടുന്നതിനായിട്ടും എല്ലാവരുംകൂടി സങ്കേതം ചെയ്തു ഗ്രാമത്തിലൊരു കാര്യമുണ്ടായാൽ

Digitized By Kerala Sahitya Akademi

എല്ലാവരുംകൂടിവന്ന് ഇന്നപ്രകാരം നടക്കണമെന്നും ഇന്ന് ധർമ്മ കായ്യം ഇന്ന പ്രകാരം നടത്തണമെന്നും ഗ്രാമജനങ്ങൾ എല്ലാവരുംകൂടി നിശ്ചയിച്ചുവയ്ക്കുന്ന ചട്ടത്തിനും, ഇപ്രകാരം വ്യാപാരികൾ മുതലായവർ വ്യാപാരകായ്യം മുതലായത് ഇന്നപ്രകാരം ചെയ്യണമെന്നു നിശ്ചയിച്ചുവയ്ക്കുന്ന ചട്ടത്തിനും, സമയക്രിയയെന്നും സങ്കേതക്രമമെന്നും പേർ.

കോശേന ലേഖക്രിയയാ മധ്യസ്ഥൈർവാ പരസ്പരം
വിശ്വാസം പ്രഥമം കുര്യുഃ കുര്യുഃ കായ്യാണ്യനന്തരം. ൭൦൪

മേലെഴുതിയ ഗ്രാമജനങ്ങൾ എല്ലാവരുംകൂടി തീർത്ഥപാനം ചെയ്താലും, നടക്കേണ്ടും കായ്യത്തിനു എല്ലാവരുംകൂടി ഒരുവരിയോല എഴുതിവെച്ചാലും, തമ്മിൽ തമ്മിൽ ജാമ്യമേറെറങ്കിലും, മേൽ നടക്കേണ്ടും കായ്യത്തിന് ഒരു ഭേദംകൂടാതെയിരിക്കത്തക്കവണ്ണം എല്ലാവരുംകൂടി ശപഥം മുതലായതുചെയ്തു പിന്നത്തതിൽ കായ്യങ്ങളെ ചെയ്യണം.

ബൃഹസ്പതിഃ:—
ദ്വേ ത്രയഃ പഞ്ച വാ കായ്യാസ്സമൂഹഹിതവാദിനഃ
കർത്തവ്യം വചനം തേഷാം ഗ്രാമശ്രേണിഗണാദിഭിഃ.

[൭൦൫

ഗ്രാമകായ്യം മുതലായതു വച്ചിരിക്കുന്ന ചട്ടത്തിൻവണ്ണം നടത്തേണ്ടുന്നതിനു രണ്ടുപേരേയെങ്കിലും മൂന്നുപേരേയെങ്കിലും അഞ്ചുപേർക്കധികമല്ലാതെയെങ്കിലും പ്രമാണികളെ നിശ്ചയിച്ചുകൊള്ളണം. ഇതിൽ അധികമാകരുത്. അതധികമായാൽ അവരവരുടെബുദ്ധി ഓരോരോപ്രകാരം പ്രവർത്തിക്കുന്നതാകകൊണ്ട് എല്ലാവരുംകൂടി കായ്യം നടത്തുവാൻ എത്രയും പ്രയാസമായിട്ടുവരും; എന്നതുകൊണ്ടു പ്രമാണികളെ അധികമായിട്ടാക്കരുത്. അവരുടെ വാക്ക് അനുസരിച്ചു ശേഷം ഉള്ളവർ നടക്കണം.

വിദ്വേഷിണോ വ്യസനിനശ്ശാലീനാലസഭീരവഃ
ലുബ്ധാതിവൃദ്ധബാലാശ്ച ന കായ്യാഃ കായ്യചിന്തകാഃ.

[൭൦൬

തമ്മിൽ ദ്വേഷികളായും എപ്പോഴും വ്യസനികളായും എത്രയും ലജ്ജയോടുകൂടിയവരായും ലുബ്ധന്മാരായും ഇരിക്കുന്ന

Digitized By Kerala Sahitya Akademi

വരെയും, ആലസ്യംകൊണ്ടു പ്രവൃത്തിചെയ്യാൻ മടിയുള്ളവരായും ഭീരുക്കളായും ഏറ്റവും വൃദ്ധന്മാരായും ബാലന്മാരായും ഇരിക്കുന്നവരെയും, കാര്യങ്ങൾ ആലോചിച്ചു നടത്തേണ്ടുന്നതിനു പ്രമാണികളായിട്ട് ആക്കരുത്

*ശ്രുതയോ വേദധർമ്മജ്ഞാ ദക്ഷാ ദാന്താഃ കുലോദ്ഭവാഃ
സർവകാര്യപ്രവീണാശ്ച കർത്തവ്യാഃ കാര്യചിന്തകാഃ. ൭൦൭

വ്യാജബുദ്ധിയില്ലാത്തവരായും ധർമ്മബുദ്ധിയുള്ളവരായും സമർത്ഥന്മാരായും ക്ഷമയുള്ളവരായും നല്ല തറവാട്ടിൽ ജനിച്ചവരായും എല്ലാകാര്യവും നടത്തുവാൻ ശക്തിയുള്ളവരായും ഇരിക്കുന്നവരെ പ്രമാണികളായിട്ടു ഗ്രാമകാര്യത്തിൽ ആക്കണം.

അവിരോധെന ധർമ്മസ്യ നിശ്ചിതം രാജശാസനം
തസ്യൈവാചരണം പൂർവം കർത്തവ്യന്തു നൃപാജ്ഞയാ.

[൭൦൮

വേദശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന ധർമ്മത്തിനു വിരോധംകൂടാതെയും, രാജാവു വച്ചിരിക്കുന്ന ചട്ടത്തിനു കുറവുവരാതെയും രാജാജ്ഞപ്രകാരം ജനങ്ങൾ ഒക്കയും നടക്കണം.

രാജ്ഞാ പ്രവർത്തിതാൻ ധർമ്മാൻ യോ നരോ നാനുപാലയേൽ
ഗർഹ്യസ്സ പാപോ ദണ്ഡ്യശ്ച ലോപയൻ രാജശാസനം.

[൭൦൯

രാജാവിനാൽ വയ്ക്കപ്പെട്ട ചട്ടത്തിൻപ്രകാരമുള്ള ധർമ്മങ്ങളെ പരിപാലനംചെയ്തു നടക്കാതെ അതിക്രമിച്ചു നടക്കുന്നവൻ രാജശാസനം അഴിക്കുന്നവനാകകൊണ്ട് അയവൻ നിന്ദ്യനായും ദണ്ഡ്യനായും ഭവിക്കും.

യാജ്ഞവല്ക്യൻ:—

ഗണദ്രവ്യം ഹരേദ്യസ്തു സംവിദം ലങ്ഘയേച്ച യഃ
സർവസ്വഹരണം കൃത്വാ തം രാഷ്ട്രാദ്വിപ്രവാസയേൽ.

[൭൧൦

സമൂഹം മുതലായ പൊതുമുതൽ അപഹരിക്കയും, സമൂഹക്കാർ മുതലായവർ വച്ചിരിക്കുന്ന ചട്ടത്തിനേയും രാജാവു വച്ചി

* 'ശ്രുതയോ വേദധർമ്മജ്ഞാ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ച്ചിരിക്കുന്ന ചട്ടത്തിനേയും ലംഘിക്കുകയും ചെയ്യുന്നവന്റെ സവ്സ്വവും എടുത്ത് അയവനെ രാജ്യത്തിന്ന വെളിയിൽ ആക്കുകയും വേണം. ഇപ്രകാരം ചട്ടം അഴിച്ചു നടത്തിയ കായ്യം വലിപ്പമെങ്കിൽ ചെയ്യണം. അല്ലെങ്കിൽ കായ്യസംഗതിപോലെയും പ്രായശ്ചിത്തം ചെയ്യിക്കണം.

മതഭേദമുപേക്ഷാം വാ യഃ കശ്ചിൽ കുരുതേ നരഃ
ചതുസ്സുവണ്ണഷ്ഷണ്ണിഷ്കസ്തസ്യ ദണ്ഡാ വിധീയതേ. ൫൭൫

മതഭംഗം ചെയ്തു നടക്കുന്നവനെക്കൊണ്ടും, വച്ചിരിക്കുന്ന ചട്ടത്തിൻവണ്ണം ഉള്ള കായ്യം നടത്തുവാൻ ശക്തിയുള്ളവൻതന്നെ നടത്താതെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ അയവനെക്കൊണ്ടും, നാലു സുവണ്ണം എങ്കിലും ആറു നിഷ്കമെങ്കിലും പ്രായശ്ചിത്തം ചെയ്യിക്കണം.

കാത്യായനഃ:—

ശവംകൈവീജ്യമാനം ബ്രാഹ്മണം വൃഷ്ഠശേഖരം
ദിഗ്വസ്ത്രം ഗമയേദ്രാജാ ദുഷ്ടം സമയലംഘിനം. ൫൭൬

വച്ചിരിക്കുന്ന സങ്കേതമഴിച്ചു നടക്കുന്നവൻ ബ്രാഹ്മണനെങ്കിൽ ആ ദുഷ്ടബ്രാഹ്മണനെ തലചെരുപ്പിച്ചു ശവത്തിന്റെ കേശംകൊണ്ടു വീശിപ്പിച്ചു നഗ്നശരീരത്തോടു പ്രസിദ്ധപ്പെടുത്തി രാജ്യത്തിന്നുവെളിയിൽ കളയണം.

ബൃഹസ്പതിഃ —

അരുന്തുദസ്സൂചകശ്ച ഭേദകൃത്സാഹസീ തഥാ
ശ്രേണീപൂഗഗണപദ്വിഡ് ക്ഷിപന്നിവ്വാസ്യതേ തതഃ.
[൫൭൭

അരുന്തുദനേയും, രഹസ്യമായിട്ട് എല്ലാപേരുംകൂടി നിശ്ചയിച്ചിരിക്കുന്ന കായ്യത്തിനെ പുറത്തു പലരോടും പറയുന്നവനേയും, തമ്മിൽ പറഞ്ഞു ബുദ്ധിഭേദം വരുത്തി ദ്വേഷത്തെ ഉണ്ടാക്കുന്നവനേയും, സാഹസം ചെയ്യുന്നവനേയും, ശ്രേണികൾക്കും സമൂഹക്കാക്കും രാജാവിന്നും ദ്വേഷിയായിട്ടുള്ളവനേയും, സംഗതിക്രടാതെ അധിക്ഷേപമായിട്ടുള്ള വാക്കു പറയുന്നവനേയും ആ സമൂഹം മുതലായതിൽനിന്നും വെളിയിൽ നീക്കിക്കൊള്ളണം. പിന്നത്തതിൽ അവരെ കൊള്ളിക്കയുമരുതു്.

Digitized By Kerala Sahitya Akademi

യസ്തു സാധാരണം ഹിംസ്യാൽ ക്ഷിപേൽ തത്തൈവിദ്യമേവ വാ
സാക്ഷിക്രിയാം വിഹന്യാദ്വാ സ നിവാസ്യസ്തതഃ പുരാൽ.

[ൈ ഫ ർ

എല്ലാപേരുംകൂടി പൊതുവായിട്ടു വച്ചിരിക്കുന്ന ധർമ്മത്തെ അഴിക്കുന്നവനോട്ടു പ്രായശ്ചിത്തം വാങ്ങുവാനുള്ളതിന് അവനു സഹായിച്ചു പ്രായശ്ചിത്തം ഇല്ലാതെ ആക്കുന്നവനേയും, വേദ ശാസ്ത്രസമ്പന്നനായിരിക്കുന്ന ബ്രാഹ്മണനെ അധിക്ഷേപം പറയുന്നവനേയും, സാക്ഷിവാദത്തെ ഇല്ലാതേകണ്ടാക്കി അഴിക്കുന്നവനേയും ആ സമൂഹസ്ഥാനം മുതലായതിൽനിന്നും കളയണം.

ഏകപാത്ര്യഥ പംക്ത്യാം വാ സംഭോക്താ യേന യോ ഭവേൽ
അകൃവ്യംസ്തത്തദാ ഭണ്ഡ്യസ്തസ്യ ദോഷമദർശയൻ. ൈ ഫ ി

ഒരു പന്തിയിൽ കൂടിയിരുന്നു ഭക്ഷിച്ചുവരുന്നവനേയും, ഒരു പാത്രത്തിൽതന്നെ കൂടിയിരുന്നു ഭക്ഷിച്ചുവരുന്നവനേയും, ഒരു സംഗതിക്കുടാതെ ഇനി ഇരുന്നു ഭക്ഷിക്കരുതെന്നു വിലക്കിയാൽ ആയവനേയുംകൊണ്ടു സംഗതിപോലെ പ്രായശ്ചിത്തം വാങ്ങിക്കണം. പന്തിയിൽക്കൂടിയിരുന്നു ഭക്ഷിപ്പാൻ യോഗ്യമല്ലാത്ത ദോഷംചെയ്തപ്രകാരം ഗ്രഹിപ്പിച്ചുവെങ്കിൽ ആയവനെ വിലക്കിയതുകൊണ്ടു പ്രായശ്ചിത്തം വരികയില്ല.

ബൃഹസ്പതിഃ:—

കുലശ്രേണിഗണാദ്ധ്യക്ഷാഃ പുരരാഷ്ട്രനിവാസിനഃ
വാശുധിക്യണ്ഡം പരിത്യാഗം പ്രകുർയ്യുഃ പാപകാരിണം.

[ൈ ഫന്ന

സമൂഹം മുതലായതിൽ പ്രമാണികളായിരിക്കുന്നവർക്ക് ആ സമൂഹം എടപെട്ടതിൽ ഒരുത്തൻ പിഴച്ചു എങ്കിൽ ആയവനു പ്രായശ്ചിത്തം ആയിട്ടു വാശുണ്ഡവും ധിശുണ്ഡവും, ആയവനെ ത്യജിക്കയും, ചെയ്യാം.

തൈഃ കൃതം യത്സപധർമ്മേണ നിഗ്രഹാനുഗ്രഹം ഗുണാം
തദ്രാജ്ഞാപ്യന്തമന്തവ്യം; നിസ്സൃഷ്ടാത്മാ ഹി തേ സ്മൃതാഃ.

[ൈ ഫ ൈ

സമൂഹം മുതലായതിൽ ഒരുത്തൻ അതിക്രമം കാണിച്ചുവെങ്കിൽ സമൂഹത്തിൽ പ്രമാണികളായിട്ടുള്ളവർ പ്രായശ്ചിത്തം

Digitized By Kerala Sahitya Akademi

ചെയ്തിച്ചു റ്റെങ്കിൽ ആയതും, ഒരുത്തനെ രക്ഷിച്ചുവെങ്കിൽ ആയതും, രാജാവായിരിക്കുന്നവൻ അപ്രകാരംതന്നെ വ്യവസ്ഥ സമ്മതിച്ചു സന്തോഷിക്കണം.

ബാധാം കുര്യുർയ്യുർഭൈകസ്യ സംഭ്രതാ ദോഷ ഉംയുതാഃ
രാജ്ഞാ തേ വിനിവാര്യാസ്സൃഷ്ടാസ്യാശ്ചൈവാനുബന്ധതഃ.

[ൈ ഫ വ്യ.

സമൂഹം മുതലായതിൽ പ്രമാണികളായിട്ടിരിക്കുന്നവർ റ്റെല്ലാവരും ക്രൂടി ആ സമൂഹത്തിലുള്ളതിൽ ഒരുത്തനെ ദോഷത്തോടുംക്രൂടി ഉപദ്രവം ചെയ്തുവെങ്കിൽ ആയതു രാജാവായിരിക്കുന്നവൻ വിചാരണചെയ്തു ദോഷിക്കാതെയിരിക്കത്തക്കവണ്ണം നിദാനം വരുത്തി ഉപദ്രവിച്ചവരെക്കൊണ്ടു കായ്യസംഗതിപോലെ പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

മുഖ്യൈസ്സഹ സമൂഹാനാം സംവിവാദോ യദാ ഭവേൽ
തദാ വിചാരയേദ്രാജാ സഭാമദ്ധ്യേ സ്ഥാപയേച്ച താൻ.

[ൈ ഫൻ

സമൂഹം മുതലായതിൽ പ്രമാണികളായിട്ടുള്ള ആളുകൾക്കും അവർ പറയുന്നതുകേട്ടു നടന്നുവരുന്ന സമൂഹം മുതലായതിൽ ഉള്ള ആളുകൾക്കും തമ്മിൽ ഒരു കായ്യംകൊണ്ടു വ്യവഹാരമുണ്ടായാൽ ആയതു രാജാവായിരിക്കുന്നവൻ വിചാരണചെയ്തു ആ വ്യവഹാരം തീർത്തുകൊടുത്തു എല്ലാപേരേയും സമതവരുത്തി മുൻപിൽ ഇരുന്നതിൻവണ്ണം ഒന്നിച്ചു സമൂഹം മുതലായതിൽ ഇരിപ്പാൻ തക്കവണ്ണം പറഞ്ഞയച്ചു അപ്രകാരം ശട്ടംകെട്ടിക്കൊള്ളണം.

യാജ്ഞവല്ക്യഃ—

സമൂഹകായ്യ ആയാതാൻ കൃതകായ്യാൻ വിസജ്ജയേൽ
സർവ്വാ സമ്മാനസൽകാരൈഃ പൂജയിത്വാ മഹീപതിഃ.

[ൈ ഫ ർ

സമൂഹകായ്യംകൊണ്ടുവന്നിരിക്കുന്ന ആളുകളുടെ കായ്യം വേഗത്തിൽ ന്യായംപോലെ സാധിപ്പിച്ചു ആയവക്കു സമ്മാനം മുതലായതും കൊടുത്തു ബഹുമാനിച്ചു രാജാവു പറഞ്ഞയയ്ക്കണം.

തതോ ലാഭതയ്ക്കിഞ്ചിൽ നാവേക്ഷ്യമേവ തത്സമം.

Digitized By Kerala Sahitya Akademi

സമൂഹകാര്യത്തിനായിട്ടു വന്നിരിക്കുന്നവക്കു സമ്മാനം മുതലായി കിട്ടിയതൊക്കയും സമൂഹത്തിൽ കൊണ്ടുചെന്ന് ഏൽപ്പിക്കണം. പിന്നത്തതിൽ എല്ലാവരും കൂടിയിരുന്നു വീതിച്ചു സമമായിട്ടെടുത്തുകൊള്ളണം.

ദേയം വാ നിസ്സ്വവൃദ്ധാതുരസ്ത്രീബാലാതുരരോഗിഷു;
യത്തൈഃ പ്രാപ്തം രക്ഷിതം വാ ഗണാത്ഥേ വാ ഋണം കൃതം
രാജപ്രസാദലബ്ധം സർവ്വേഷാമേവ തത്സമം. (൫൮

മേലെഴുതിയ സമൂഹക്കാക്കു സമ്മാനമായിട്ടു കിട്ടിയത് അസാരമായിട്ടുള്ള വസ്തുവെങ്കിൽ ദരിദ്രന്മാരായിരിക്കുന്നവക്കും, വൃദ്ധന്മാരായിരിക്കുന്നവക്കും, രോഗംപിടിച്ചു പരവശപ്പെട്ടിരിക്കുന്നവക്കും, സ്ത്രീകൾക്കും, കുട്ടികൾക്കും, യാചകമായിട്ടു കൊടുക്കണം. സമൂഹത്തിൽ പെട്ടതിൽ ഒരുത്തൻ പ്രയത്നംചെയ്തു ഉണ്ടാക്കിയതും, ചോരന്മാർ വന്ന് അപഹരിപ്പാൻ തുടങ്ങിയ മുതലിനെ സമൂഹത്തിൽ ഒരുത്തന്റെ ശക്തികൊണ്ടു രക്ഷിച്ചുവെങ്കിൽ ആയതും, രാജാവു പ്രസാദിച്ചു കൊടുത്തതും, സമൂഹകാര്യത്തിനായിട്ട് ഒരുത്തൻ വാങ്ങിച്ച കടവും, ആ സമൂഹത്തിൽ ഉൾപ്പെട്ട എല്ലാപേരും വീതിച്ച് എടുക്കണം.

കാത്യായനഃ—

ഗണമുദ്ദിശ്യ യൽ കിഞ്ചിൽ കൃതമാണ്ണം ഭക്ഷിതം ഭവേൽ
ആത്മാർത്ഥം വിനിയുക്തം വാ ദേയം തൈരേവ തദ്ഭവേൽ.
[൫൯

സമൂഹകാര്യത്തിനായിട്ട് ഒരുദിക്കിൽ പോയിരിക്കുമ്പോൾ സമൂഹത്തിന്റെ പേരു പറഞ്ഞു കടംവാങ്ങിച്ചു പോയവൻ തന്നെ ഭക്ഷിച്ച് അവന്റെ കുടുംബകാര്യത്തിനു ചെലവിട്ടുവെങ്കിൽ ആയത് അവൻ ഒരുത്തൻതന്നെ കടം വീട്ടണം. സമൂഹക്കാർ കൊടുപ്പാൻ ആവശ്യമില്ല. സമൂഹകാര്യത്തിനു പോയവനു മറ്റുള്ളതുപോലെ വഴിച്ചിലവിനുമാത്രം സമൂഹക്കാർ സമൂഹത്തിൽനിന്നും കൊടുക്കണം.

സമൂഹകൃത്യപ്രഹിതോ യല്ലഭേത തദപ്നുയേൽ
ഏകാദശഗുണം ദാപ്യോ യദ്യസൌ നാപ്നുയേത്സ്വയം.
[൬൦

Digitized By Kerala Sahitya Akademi

സമ്മാനകാംക്ഷിത്തിനായിട്ടു പോയവനു കിട്ടിയ സമ്മാനം മുതലായതൊക്കയും സമൂഹക്കാർ അറിഞ്ഞു ചോദിക്കുന്നതിനു മുൻപിൽ സമൂഹത്തിൽ കൊണ്ടുചെന്നു കൊടുക്കണം. അതിൻ വണ്ണം കൊടുക്കാതെ, പോയവൻതന്നെ എടുത്ത് ഒളുക്കിയെങ്കിൽ അയവനെക്കൊണ്ട് ഒളുക്കിയ ദ്രവ്യത്തിന് ഒന്നിനു പതിനൊന്നു വീതമുള്ള ദ്രവ്യം പ്രായശ്ചിത്തം ചെയ്യിക്കണം.

ഇതി സമയാനപാകർമ്മപ്രകരണം.

അഥ വിക്രീയാ/സംപ്രദാനപ്രകരണം.

നാരദഃ—

വിക്രീയ പണ്യം മൂല്യേന യഃ ക്രേതുർന പ്രയച്ഛതി
വിക്രീയാ/സമ്പ്രദാനന്തദിഹാദപദമുച്യതേ. ൧൨൪

ചരക്കിനു വില നിശ്ചയിച്ചു വിലയും വാങ്ങി വിറ്റുംവച്ചു പിന്നത്തതിൽ ചരക്കു കൊടുപ്പാൻ സമ്മതിച്ചില്ലെങ്കിൽ ആ സംഗതി എടപെട്ടുള്ള ന്യായങ്ങളെ ചൊല്ലുന്ന പദത്തിനു വിക്രീയാ/സംപ്രദാനമെന്നു പേർ.

ലോകേ/സ്മിൻ ദ്വിവിധം ദ്രവ്യം സ്ഥാവരം ജംഗമം തഥാ;
ക്രയവിക്രയധർമ്മേഷു സർവ്വം തൽ പണ്യമുച്യതേ. ൧൨൫

ലോകത്തിങ്കൽ സ്ഥാവരമെന്നും ജംഗമമെന്നും വസ്തു രണ്ടു വിധം. സഞ്ചരിക്കാത്തവസ്തു സ്ഥാവരം; സഞ്ചരിക്കുന്നതു ജംഗമം. ഈ രണ്ടു വിധത്തിലും ഉള്ള വസ്തുവും വില നിശ്ചയിച്ചു വില്ക്കയും വാങ്ങിക്കയും ചെയ്യുമ്പോൾ പണ്യമെന്നു ചൊല്ലപ്പെട്ടും. പണ്യം= ചരക്ക്

ഷഡ്വിധസ്തസ്യ തു ബുധൈർദാനാദാനവിധിഃ സ്മൃതഃ
ഗണിമം തുലിമം മേയം ക്രിയയാ രൂപതശ്ശ്രിയാ.

[൧൨൬

ചരക്കു വില്ക്കുന്നതും വാങ്ങിക്കുന്നതും ആറുവിധം. എണ്ണം കാണിച്ചു വില്ക്കുന്നതും, തൂക്കി വില്ക്കുന്നതും, അളന്നു വില്ക്കുന്നതും, ക്രിയകളെ പരീക്ഷിച്ചു വില്ക്കുന്നതും, സൌന്ദര്യം കണ്ടു വില്ക്കുന്നതും, ശോഭ കണ്ടു വില്ക്കുന്നതും; ഇപ്രകാരം. എണ്ണി വില്ക്കുന്നതു പാക്ക മുതലായത്. തൂക്കിവില്ക്കുന്നതു പൊൻ വെള്ളി വെങ്കല

Digitized By Kerala Sahitya Akademi

പാത്രം മുതലാ ത് അളന്ന വില്ക്കുന്നതു നെല്ലു മുതലായത്. സൌന്ദര്യം കണ്ടു വില്ക്കുന്നതു സ്ത്രീകളെ. ശോഭ കണ്ടു വില്ക്കുന്നതു രത്നങ്ങൾ. പരീക്ഷിച്ചു വില്ക്കുന്നതു ഗജം അശ്വം ഗോവു മുതലായത്.

സ്ഥാവരസ്യ ക്ഷയം ദ്യാപ്യോ ജംഗമസ്യ ക്രിയാഫലം.

വില വാങ്ങിച്ചുകൊണ്ടു വിറ്റ വസ്തും മുതലായ ചരക്കിനെ വാങ്ങിച്ചവൻ തരണമെന്നു ചോദിച്ചിട്ടു വിറ്റവൻ കൊടുത്തില്ലെങ്കിൽ ആയവനെക്കൊണ്ടു വിറ്റനാൾ മുതല്ക്കുള്ള അനുഭവ ദ്രവ്യവുംകൂട്ടി ചരക്കിനെ കൊടുപ്പിക്കണം. കറക്കുന്ന പശുക്കൾ മുതലായതിനെ ദ്രവ്യംവാങ്ങിച്ചു വിറ്റുംവച്ചു കൊടുക്കാതെ ശഠത്വം പറഞ്ഞുവെങ്കിൽ ആയവനെക്കൊണ്ടു വിറ്റനാൾ മുതല്ക്കു പാൽ അനുഭവിച്ചതിനുള്ള ദ്രവ്യവുംകൂട്ടി വിറ്റ പശു മുതലായതിനേയും കൊടുപ്പിക്കണം.

അത്ഥശ്ചോദപഹീയേത ദോഷദയം പണ്യാംഗനായാഹേൽ
സ്ഥാനിനാമേഷ നിയമോ; ദിഗ്ലാഭം ദിഗ്വിചാരിണാ.

[൫൬

വില വാങ്ങിച്ചുകൊണ്ടു വിറ്റ ചരക്ക് ഉടയവൻ ചോദിക്കുന്നോളം കൊടുക്കാതെയിരുന്നുവെങ്കിൽ പിന്നത്തതിൽ വിലക്കുറവുവന്നുപോയാൽ വിലക്കുറവിൽക്കുടിയ ദ്രവ്യത്തിനുള്ള ചരക്കും, അതിന്റെ പലിശയും, വിറ്റ ചരക്കിനു വിലകൊടുത്തു വാങ്ങിച്ചവനു കൊടുപ്പിക്കണം. മറ്റൊരുടിക്കിൽ കൊണ്ടുചെന്നു വ്യാപാരം ചെയ്യുവാൻ വാങ്ങിച്ച ചരക്കാകുന്നു എങ്കിൽ ആടിക്കിൽ കൊണ്ടുചെന്ന വിറ്റാൽ എത്ര ലാഭം കിട്ടുമെന്നാൽ അത്രയും കൂട്ടി കൊടുപ്പിക്കണം.

യാജ്ഞവല്ക്യഃ—

ഗൃഹീതമൂല്യം യഃ പണ്യം ക്രേതുർനൈവ പ്രയച്ഛതി
സോദയം തസ്യ ദാപ്യോഽസൌ ദിഗ്ലാഭസ്തു ദിഗാഗതേ.

[൫൭

വില നിശ്ചയിച്ചു വിലയും വാങ്ങിച്ചു വിറ്റുപോയ വസ്തും മുതലായ ചരക്കിനെ വാങ്ങിച്ചവൻ ചോദിച്ചിട്ടും കൊടുക്കാഞ്ഞാൽ ആയതിനു ന്യായപ്രകാരമുള്ള പലിശയും, ദേശാന്തരത്തിൽ കൊണ്ടുചെന്നു വില്പാൻ വ്യാപാരികൾ വാങ്ങിച്ചതാകുന്നു

Digitized By Kerala Sahitya Akademi

വെങ്കിൽ ആ ദിക്കിൽ വിറ്റാൽ കിട്ടുന്ന ലാഭവും, ക്രട്ടി വിറ്റ ചരക്കിനെ വാങ്ങിച്ച വ്യാപാരികഠംക്ക കൊടുപ്പിക്കണം.

ഉപഹന്യേത വാ പണ്യം ദേഹ്യതാപ്ഹ്രിയേത വാ.
വിക്രേതുരേവ തന്മൂല്യം വിക്രീയാസംപ്രയച്ഛതഃ. [൩൨൯

വിലനിശ്ചയിച്ച വിലയും വാങ്ങിച്ചു, വിറ്റുപോയ ചരക്കിനെ വാങ്ങിച്ചവൻ കൊണ്ടുപോകുമ്പോൾ ഉടൻതന്നെ കൊടുക്കാതെ വിറ്റവന്റെപക്കൽതന്നെ ചരക്കിരിക്കുമ്പോൾ ആ ചരക്ക് നഷ്ടം വന്നുപോയെങ്കിലും മോഷ്ടിച്ചുപോയെങ്കിലും അഗ്നിചതം ഒക്കയും വിറ്റവൻതന്നെ അനുഭവിക്കണം; വാങ്ങിച്ചവൻ അനുഭവിപ്പാനാവശ്യമില്ല.

സ്വദേശപണ്യേ തു വണിക് ശതം ഗ്രഹ്ണീത പഞ്ചകം
പാരദേശ്യേ തു ദശകം യസ്സ്വയം ക്രയവിക്രയീ. [൩൨൰

വ്യാപാരികഠം ഒരു ദേശത്തിൽ ചരക്കിനെ വാങ്ങി ഉടൻ ആ ദേശത്തിൽതന്നെ ലാഭത്തിനായിട്ടു വിറ്റാൽ പത്തിന് അരവീതവും, ദേശാന്തരത്തിൽ നിന്നു വാങ്ങിച്ചുകൊണ്ടുവന്ന ചരക്കിന് അകുന്നുവെങ്കിൽ പത്തിന് ഒന്നുവീതവും, ലാഭം എടുത്തുംകൊണ്ടു കൊടുക്കണം. ചുങ്കവും ചുമട്ടുകൂലിയുംക്രട്ടി മേലെഴുതിയപ്രകാരം ലാഭമെടുക്കണമെന്നു താൽപര്യം.

മനുഃ—

ക്രീത്വാ വിക്രീയ വാ കിഞ്ചിദ്യസ്യേഹാനുശയോ ഭവേൽ
സോന്തർദശാഹാത്തദ്ദ്രവ്യം ദദ്യാച്ചൈവാദദീത ച. [൩൨൱

വിലയുറപ്പിച്ചുവിറ്റ ചരക്കിനെ, വാങ്ങിച്ചവനെങ്കിലും കൊടുത്തവനെങ്കിലും ചരക്കിന് ഒരു ദോഷംകൊണ്ടു സംശയംവന്നാൽ, പത്തു ദിവസത്തിനകം തിരിയെ കൊടുക്കയും വാങ്ങിക്കയും വേണം.

പരേണ തു ദശാഹസ്യ ന ദദ്യാന്നൈവ ദാപയേൽ.
പത്തു ദിവസം കഴിഞ്ഞാൽ പിന്നത്തതിൽ വിറ്റ ചരക്കിനേ കൊടുപ്പിക്കയും കൊടുക്കയും അരുത്.

ക്രീത്വാ പ്രാപ്തം ന ഗ്രഹ്ണീയാദ്യോ ന ദദ്യാദ്ദൂഷിതം
സ മൂല്യാദ്ദശഭാഗന്തു ദത്വാ ദ്രവ്യമവാപ്നുയാൽ. [൩൨൲

Digitized By Kerala Sahitya Akademi

വിലകൊടുത്തു ചരക്കിനെ വാങ്ങിച്ചുംവച്ചു പിന്നത്തതിൽ ചരക്കിനെ എടുത്തുംകൊണ്ടു ഞാൻ തന്ന ദ്രവ്യത്തെ തരണമെന്നു വാങ്ങിച്ചുവൻ ചോദിച്ചാൽ, കൊടുത്ത ദ്രവ്യത്തിൽ പത്തിനൊന്ന് ഇളച്ചു പറണം. വിറവൻ ചരക്കു കൊടുക്കാതെ തന്ന ദ്രവ്യത്തിനെ വാങ്ങിച്ചുകൊള്ളണമെന്നു പറഞ്ഞാൽ വാങ്ങിച്ച ദ്രവ്യത്തിനു പത്തിനൊന്നു കൂട്ടികൊടുക്കണം.

നാരദഃ:—

നിർദ്ദോഷം ദർശയിത്വാ തു സദോഷം യഃ പ്രയച്ഛതി
മൂല്യന്തദ്ദ്വിഗുണം ദാപ്യോ വിനയന്ത്യാവദേവ തു. നെ. ൧൨൮

ചരക്കു വാങ്ങിപ്പാൻവന്ന വ്യാപാരി ചരക്കിന്റെ മാതിരി കാണണമെന്നു ചോദിക്കുമ്പോൾ നല്ലതിൻവണ്ണം ചരക്കു കാണിച്ചു വിലവാങ്ങിച്ചുംകൊണ്ടു പിന്നത്തതിൽ ദോഷമുള്ള ചരക്കിനെ കൊടുത്തുവെങ്കിൽ, ആയവനെക്കൊണ്ടു ചരക്കു വാങ്ങിച്ചുവന് എരട്ടി വിലയും കൊടുപ്പിച്ച് അതുയും ദ്രവ്യം പ്രായശ്ചിത്തവും ചെയ്യിക്കണം.

ബൃഹസ്പതിഃ:—

ജ്ഞാത്വാ സദോഷം യഃ പണ്യം വിക്രീണീതേ/വിചക്ഷണഃ
തദേവ ദ്വിഗുണം ദാപ്യസ്തുല്യമം വിനയം തഥാ. നെ. ൧൮

ചരക്കിലുള്ള ദോഷത്തെ അറിഞ്ഞുകൊണ്ടു് ആ ദോഷത്തെ വെളിയിൽ പറയാതെ വില വാങ്ങിച്ചുംകൊണ്ടു മറെറാരുത്തനു വിറവുവെങ്കിൽ ആയവനെക്കൊണ്ടു വിറവ ചരക്കിന് എരട്ടി വാങ്ങിച്ചുവനു കെട്ടിക്കൊടുപ്പിച്ച് അതുയും പ്രായശ്ചിത്തവും ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

സത്യങ്കാരകൃതം ദ്രവ്യം ദ്വിഗുണം പ്രതിദാപയേൽ.

ഒരു ചരക്കിനു വില നിശ്ചയിച്ചു, വിലയുപകരം മോതിരമിട്ടു കൈമാറിയാൽ, ചരക്കിനെ വിറവുവൻ ഉടൻ കൊടുത്തില്ലെങ്കിൽ ആയവനെക്കൊണ്ടു പിന്നത്തതിൽ എരട്ടി ചരക്കിനെ കൊടുപ്പിക്കണം.

ദീയമാനം ന ഗൃഹ്ണാതി ക്രീത്വാ പണ്യഞ്ച യഃ ക്രയീ
വിക്രീണനാത്തദന്യസ്യ വിക്രേതാ നാപരാധ്നുയാൽ. നെ. ൫

Digitized By Kerala Sahitya Akademi

വിക്രീതമപി വിക്രേയം പൂവ്വക്രുതയ്യുഗ്രഹ്ണതി
ഹാനിശ്ചേൽ ക്രേതുദോഷേണ ക്രേതുരേവ ഹി സാ ഭവേൽ.

[നെന്നു

വിലകൊടുത്തു ചരക്കിനെ വാങ്ങിച്ചുംവച്ചു പിന്നത്തതിൽ സംശയിച്ചു ചരക്കു വാങ്ങിക്കയില്ലെന്നു പറഞ്ഞുവെങ്കിൽ, ആ ചരക്കിനെ മറൊരുത്തനു വിറ്റതുകൊണ്ടു വിറ്റവനു പ്രായശ്ചിത്തം വരികയില്ല. ചരക്കിനെ എടുത്തുകൊണ്ടു പോകണമെന്നു പറഞ്ഞിട്ടും കൊണ്ടുപോകാതെ വിറ്റവന്റെ പക്കൽതന്നെ ഇട്ടുംവച്ചുപോയാൽ അപ്പോൾ ചരക്കിനു വല്ലതും ചേതംവന്നാൽ ആയതൊക്കയും വാങ്ങിച്ചവൻതന്നെ അനുഭവിക്കണം. വിറ്റവനു ചേതം വരികയില്ല.

ദൈവരാജോപഘാതേന ചാന്യോ ദോഷമുപാഗതേ
ഹാനിർവ്വിക്രേതുരേവ സ്യാദ്ദ്യാചിതസ്യാപ്രയച്ഛതഃ. നെ൦൬

വിലവാങ്ങിച്ചുംകൊണ്ടു വിറ്റുപോയ ചരക്കിനെ വാങ്ങിച്ചവൻ തരണമെന്നു ചോദിച്ചിട്ടും വിറ്റവൻ കൊടുക്കാതെ പാത്തുവെങ്കിൽ അപ്പോൾ ആ ചരക്കിന് അഗ്നിഭയം മുതലായ ദൈവോപദ്രവം കൊണ്ടെങ്കിലും രാജോപദ്രവം കൊണ്ടെങ്കിലും ചേതം വന്നതൊക്കയും വിറ്റവൻതന്നെ അനുഭവിക്കണം. വാങ്ങിച്ചവൻ ചോദിക്കാതേയും വിറ്റവൻ എടുത്തുകൊണ്ടുപോകണമെന്നു വാങ്ങിച്ചവനോടു പറയാതേയും ഇരുന്നു പിന്നെ ചരക്കിനു ചേതം വന്നാൽ, അപ്പോൾ ഇരുവക്കും കുറവുള്ളതാകകൊണ്ട് ഇരുവരും ഒന്നുപാതി ചേതം അനുഭവിക്കണം.

ദത്തമൂല്യസ്യ പണ്യസ്യ വിധിരേഷ പ്രകീർത്തിതഃ
അദത്തേഽന്യത്ര സമയാന്ന വിക്രേതുരതിക്രമഃ. നെ൦൭

ഇപ്രകാരം പറഞ്ഞ ന്യായങ്ങൾ ഒക്കയും ചരക്കിനു വില നിശ്ചയിച്ചു വിലയും വാങ്ങിച്ചിരുന്ന സ്ഥലത്തിൽ അത്രേ ആകുന്നു. ചരക്കിനു വില നിശ്ചയിച്ചു വാക്കുകൊണ്ടു പറഞ്ഞതല്ലാതെ വില കൊടുക്കുകയും വാങ്ങിക്കുകയും ഉണ്ടായിട്ടില്ലെങ്കിൽ മേലെഴുതിയപ്രകാരം ന്യായം വരികയില്ല. വിലകൊടുത്തില്ലെങ്കിലും ഇന്നപ്രകാരമെന്ന് ഇരുപേരുംകൂടി ഒരു ഭാഷയുണ്ടാക്കി പറഞ്ഞുവച്ചിട്ടുണ്ടെങ്കിൽ അപ്രകാരം നടന്നുകൊള്ളുണം.

ഇതി വിക്രീയാസംപ്രദാനപ്രകരണം.

Digitized By Kerala Sahitya Akademi

അഥ ക്രീതാനുശയപ്രകരണം.

ക്രീത്വാ മൂല്യേന യഃ പണ്യം ക്രേതാ ന ബഹുമന്യതേ
ക്രീതാനുശയ ഇത്യേതദഭിവാദപദമുച്യതേ. എന്നാൽ

വിലകൊടുത്തു ചരക്കിനെ വാങ്ങിച്ചുംവച്ചു പിന്നത്തതിൽ ചരക്കു കൊണ്ടുപോവാൻ സംശയിച്ചു വാങ്ങിച്ചവൻ പാത്തിരുന്നാൽ അപ്പോൾ വേണ്ടുന്ന ന്യായങ്ങളെ ചൊല്ലുന്ന പദത്തിനു ക്രീതാനുശയമെന്നു പേർ.

ക്രീത്വാ മൂല്യേന യഃ പണ്യം ദുഷ്ക്രീതം മന്യതേ ക്രയീ
വിക്രേതുഃ പ്രതിദേയന്തത്തസ്മിന്നേവാഹ്നി വിക്ഷതം.

[൫൮൦

വിലകൊടുത്തു ചരക്കിനെ വാങ്ങിച്ചതിൽപിന്നെ സമ്മതമല്ലെന്നും ചരക്കിനെ തിരിയെ എടുത്തുകൊള്ളാമെന്നും സംശയിച്ചുപറഞ്ഞാൽ വാങ്ങിച്ചദിവസംതന്നെ ചരക്കിന് ഒരു ഹാനി വരുത്താതെ വാങ്ങിച്ചതിൻവണ്ണം തിരിയെ കൊടുക്കണം.

ദ്വിതീയേഽഹ്നി ദദൽ ക്രേതാ മൂല്യാൽ ത്രിംശാംശമാവഹേൽ
ദ്വിഗുണം തു തൃതീയേഽഹ്നി പരതഃ ക്രേതുരേവ തൽ. ൫൮൧

വിലകൊടുത്തു വാങ്ങിച്ച ചരക്കിനെ രണ്ടാംദിവസം കൊണ്ടുചെന്നു ചരക്കിനെ എടുത്തുംകൊണ്ടു ഞാൻ വിലതന്ന ദ്രവ്യത്തിനെ തരണമെന്നു ചോദിച്ചാൽ, കൊടുത്തവിലയിൽ മുപ്പതിലൊന്നുപേക്ഷിച്ചും, മൂന്നാംദിവസം കൊണ്ടുചെന്നു കൊടുത്താൽ പതിനഞ്ചിൽ ഒന്നു ഉപേക്ഷിച്ചും, ശിഷ്ടമുള്ളതു വിലകൊടുത്തവൻ പറയണം. മൂന്നു ദിവസം കഴിഞ്ഞാൽ ചരക്കു വിറ്റവൻ തിരിയെ ചരക്കു വാങ്ങിപ്പാൻ ന്യായമില്ല. ഈ മൂന്നു ദിവസത്തിനകം വാങ്ങിച്ചവൻ തിരിയെ കൊണ്ടുചെന്നു കൊടുക്കുമ്പോൾ ചരക്കിനു വാങ്ങിച്ചതിൽപിന്നെ ചേതം വന്നിട്ടുണ്ടെങ്കിൽ അതിനു നാലുപേർ നിശ്ചയിക്കുന്നതിൻവണ്ണം ഉള്ള വിലയുംകൊടുത്തു ചരക്കിനേയും കൊടുക്കണമെന്നു താൽപര്യം.

യാജ്ഞവല്ക്യഃ:—

ക്ഷയം വൃദ്ധിഞ്ച പണ്യാനാം വണിജാ ച വിജാനതാ
ക്രീത്വാ നാനുശയഃ കാര്യഃ; കുർവൻ ഷഡ്ഭാഗദണ്ഡഭാക്.

[൫൮൨

Digitized By Kerala Sahitya Akademi

ചരക്കിന്റെ ഗുണദോഷങ്ങൾ നല്ലതിൻവണ്ണമറിഞ്ഞിരിക്കുന്ന വ്യാപാരി ചരക്കിനെ പരീക്ഷിച്ചു വിലകൊടുത്തു വാങ്ങിച്ചുംവച്ചു പിന്നത്തതിൽ സംശയം പറയരുതു്. അപ്രകാരം പറയുന്ന വ്യാപാരിയെക്കൊണ്ടു ചരക്കുവിലയിൽ ആറിലൊന്നു പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ:—

പരീക്ഷേത വ്യയം പണ്യമന്യേഷാഞ്ച പ്രദർശയേൽ
പരീക്ഷിതം ബഹുമതം ഗൃഹീത്വാ ന പുനസ്ത്യജേൽ.

[൪൫൨

ചരക്കു വാങ്ങിപ്പാൻ പോകുമ്പോൾതന്നെ നല്ലതിൻവണ്ണം ചരക്കു പരീക്ഷിച്ചു ചരക്കിന്റെ ഗുണദോഷം അറിഞ്ഞിരിക്കുന്ന വ്യാപാരികൾക്കു കാണിച്ചു തിട്ടംവരുത്തി പിന്നത്തതിൽ വിലകൊടുത്തു വാങ്ങിക്കണം. ഇപ്രകാരം പരീക്ഷിച്ചു വാങ്ങിച്ച ചരക്കിനെ തിരിയെകൊടുപ്പാൻ ന്യായമില്ല.

വ്യാസഃ:—

ചർമ്മകാഷ്ഠേഷ്ടകാസൂത്രധാന്യാസവരസസ്യ ച
വസ്ത്രുത്രപ്യഹിരണ്യാനാം സദ്യ ഏവ പരീക്ഷണം. ൪൫൩

ചർമ്മങ്ങൾ, ഇന്ധനങ്ങൾ, ചെങ്കൽ, നൂൽ, ധാന്യങ്ങൾ, മദ്യം, ഇതല്ലാതെ വസ്ത്രങ്ങൾ, ഈയം, പിച്ചള മുതലായതും വെള്ളി, സ്വർണ്ണം ഈ വകകൾക്കും ചെമ്പു മുതലായ രസദ്രവ്യങ്ങൾ ഈ വകകൾക്കും ഉടൻതന്നെ പരീക്ഷചെയ്തു വാങ്ങിക്കണം. വാങ്ങിച്ചുംവച്ചു തിരിയെകൊടുപ്പാൻ ന്യായമില്ല. ഇപ്രകാരം അനുഭവംകൊണ്ടു നശിച്ചുപോകുന്ന ഫലാദികൾക്കും ഉടൻ പരീക്ഷചെയ്തു വിലകൊടുത്തു വാങ്ങിക്കണം. മോഹംകൊണ്ടു വിലകൊടുത്തു വാങ്ങിയുംവച്ചു തിരിയെ കൊണ്ടുചെന്നു കൊടുക്കരുതെന്നു താൽപര്യം.

പരീക്ഷ്യാഭിമതം ക്രീതം വിക്രേതുർന ഭവേൽ പുനഃ.

ചരക്കിനെ പരീക്ഷിച്ചു സമ്മതിച്ചു വിലയുംകൊടുത്തു വാങ്ങിച്ചു പിന്നെ തിരിയെ കൊണ്ടുചെന്നു ചരക്കു നല്ലതല്ലെന്നും എനിക്കു് ആവശ്യമില്ലെന്നും ഞാൻതന്ന ദ്രവ്യത്തിനെ തന്നു ചരക്കു് എടുത്തുകൊള്ളണമെന്നും പറഞ്ഞാൽ വിറവാൻ തിരിയെ ചരക്കിനെ ഏൽപ്പാൻ ന്യായമില്ല.

Digitized By Kerala Sahitya Akademi

ദശൈകപഞ്ചസപ്താഹമാസത്രിഹാർദ്ധമാസികം*
ബീജായോവാഹ്യരത്നസ്ത്രീദോവ്യപുംസാം പരീക്ഷണം.

[൫൫൭

വിലകൊടുത്തു വാങ്ങിച്ച ചരക്കിനെ സമ്മതമല്ലാതെ തിരിയെ കൊണ്ടുചെന്നു കൊടുക്കണമെങ്കിൽ ഇത്ര ദിവസത്തിനകം കൊണ്ടുചെന്നു കൊടുക്കണമെന്നുള്ള അവധിയെ ചൊല്ലുന്നു. ധാന്യം മുതലായ വിത്തുവകയെങ്കിൽ പത്തു ദിവസത്തിനകവും, ഇരുമ്പിനു വാങ്ങിച്ച ദിവസംതന്നെയും, കാള കുതിര മുതലായതിന് അഞ്ചു ദിവസത്തിനകവും, മുത്തു പവിഴം മുതലായ രത്നങ്ങളെങ്കിൽ ഏഴു ദിവസത്തിനകവും, ദാസസ്ത്രീകളെങ്കിൽ ഒരു മാസത്തിനകവും, കറവയുള്ള പശു മുതലായതെങ്കിൽ മൂന്നു ദിവസത്തിനകവും, ദാസ്യപ്രവൃത്തിയെടുക്കുന്ന പുരുഷന്മാരെങ്കിൽ പതിനഞ്ചു ദിവസത്തിനകവും പരീക്ഷ ചെയ്തു സമ്മതമല്ലെങ്കിൽ തിരിയെ കൊണ്ടുചെന്നു കൊടുക്കുന്നതിനും വിറ്റവൻ വാങ്ങിപ്പാനും ന്യായമുണ്ട്. മുൻപിൽതന്നെ പരീക്ഷിച്ചു വാങ്ങിച്ചതെങ്കിൽ തിരിയെ കൊടുപ്പാൻ ന്യായമില്ല.

ബൃഹസ്പതിഃ:—

അതോഽന്യോക്തപണ്യദോഷസ്യ യദി സഞ്ജായതേ ക്രചിൽ
വിക്രേതുഃ പ്രതിദേയം തൽ ക്രേതാ മൂല്യമവാപ്നുയാൽ

[൫൫൮

പരീക്ഷിക്കാതെ വാങ്ങിച്ചതെങ്കിൽ, വല്ലതും ഒരു ദോഷം കണ്ടെങ്കിൽ മേലെഴുതിയ അവധിക്കകം ചരക്കിനെ കേടുവരുത്താതെ കൊടുക്കണം. അപ്രകാരം കൊണ്ടുവന്നാൽ വിറ്റ ചരക്കിനെ വാങ്ങിച്ചുംകൊണ്ടു പറഞ്ഞ ദ്രവ്യം തിരിയെ കൊടുപ്പാൻ ന്യായമുണ്ട്.

നാരദഃ:—

നാന്യമന്യേന സംസൃഷ്ടരൂപം വിക്രയമർഹതി;
ന ചാവഖ്യം ന ച ന്യൂനം ന ദൂരേ ന തിരോഹിതം.

[൫൫൯

ഒരു ചരക്കിൽ മറ്റൊരു ചരക്കുകൂട്ടി വില്ക്കുകയും, കേടുവന്ന ചരക്കിനേയും, ദൂരദേശത്ത് ഇട്ടിരിക്കുന്ന ചരക്കിനേയും, വില പിടിയാത്ത ചരക്കിനേയും, അറ, പെട്ടകം മുതലായതിൽ

---

*വൃത്തം അനുഷ്ടുപ്പിനാൽ സാധു.

Digitized By Kerala Sahitya Akademi

ഇട്ട പൂട്ടിയിരിക്കുന്ന ചുരക്കിനേയും കാണിക്കാതേ വില്ക്കുകയും ചെയ്യരുതു്. വിറ്റാൽ പിന്നത്തതിൽ തക്കത്തിന് എടവരുമെന്ന താൽപര്യം.

നാരദഃ:—

പരിഭുക്തന്തു യദ്വാസഃ ക്ലിഷ്ടരൂപം മലീമസം
നദോഷമപി തൽക്രീതം വിക്രേതുർന ഭവേൽ പുനഃ.

[൬൪ വ

ഉടുത്തു മുഷിഞ്ഞു ജീർണ്ണമായിരിക്കുന്ന വസ്ത്രത്തിനെ ചൊല്ലി കാണിച്ചു വിറ്റാൽ, അതു നോക്കി വില സഹായമായിട്ടു വാങ്ങിച്ചവൻ പിന്നത്തതിൽ അതു തിരിയെ കൊണ്ടുചെന്നു ഞാൻ തന്നിരിക്കുന്ന വില തരണമെന്നു ചോദിച്ചാൽ, വിറ്റവൻ ആ വസ്ത്രത്തെ വാങ്ങിച്ചുംകൊണ്ടു വില കൊടുപ്പാൻ ന്യായമില്ല.

സാധാരണന്തു യൽ ക്ഷേത്രം നൈകോ ദദ്യാന്നരാധമഃ
ന ദദ്യാന്ന ച ഗൃഹ്ണീയാന്ന വിക്രീയാന്ന ചൈവ ഹി.

[൬൫ൻ

അഞ്ചേട്ട് ആളുകൾക്കുകൂടെ പൊതുവേയുള്ള നിലം, പുരയിടം, മുതലായതിനെ അതിൽ ഒരുത്തനായിട്ട് എല്ലാപേരേയും ബോധിപ്പിക്കാതെ വില്ക്കയും ദാനം ചെയ്കയും ആയതു മറൊരുത്തൻ വാങ്ങിക്കയും അരുതു്.

മൂല്യാഷ്ടഭാഗോ ഹീയേത സകൃദ്ധൌതസ്യ വാസസഃ
ദ്വിർദ്വിപാദസ്ത്രിസ്ത്രിപാദശ്ചതുർദ്ധൌതേർദ്ദിനേ ച. ൬൬ ൦-

അദ്ധ്വക്ഷയാത്തു പരതഃ പാദാംശാപചയഃ ക്രമാൽ;
യാവൽക്ഷീണദശം ജീർണ്ണം ഷഷ്ഠസ്യാംശനിയമഃ ക്ഷയേ.

[൬൭ ഫ

വിലകൊടുത്തു വാങ്ങിച്ച കോടിവസ്ത്രം ഒരിക്കൽ അലക്കിയാൽ കൊടുത്ത വിലയിൽ എട്ടിൽ ഒരുപങ്കു വിലയും, രണ്ടു പ്രാവശ്യം അലക്കിയാൽ എട്ടിൽ രണ്ടു പങ്കു വിലയും, മൂന്നുപ്രാവശ്യം അലക്കിയാൽ എട്ടിൽ മൂന്നുപങ്കു വിലയും, നാലുപ്രാവശ്യം അലക്കിയാൽ കൊടുത്ത വിലയിൽ പാതിയും, അഞ്ചുപ്രാവശ്യം അലക്കിയാൽ എട്ടിൽ അഞ്ചു പങ്കുവിലയും, ഇപ്രകാരം അലക്കിയ വസ്ത്രത്തിനു വില കുറവുവരും. ആറു പ്രാവശ്യം അലക്കി

Digitized By Kerala Sahitya Akademi

യെങ്കിൽ കൊടുക്കുന്നവനേറയും വാങ്ങിക്കുന്നവനേറയും സമ്മതപ്രകാരം വിലവരും. ഇത് ഉപഭോഗംകൊണ്ടു ജീർണ്ണമായിരിക്കുന്ന വസ്തുത്തിന്റെ വിലക്കുറവു്.

തദർഹദ്രവ്യപഞ്ചാംശത്രിംശൈർനിഷ്ക്രയയോജനം
ത്രിഭിസ്ത്രിദ്ധാസ്യയോ ദ്ധാപ്യശ്ചതുർത്ഥാംശോ ന പഞ്ചമഃ.

[ൈ ൫ ൨.

ദ്രവ്യം സപ്തം പഞ്ചധാ കൃത്വാ ത്രിഭാഗോ മൂല്യമുച്യതേ;
ലാഭശ്ചതുർത്ഥോ ഭാഗസ്സ്യാൽ പഞ്ചമോ സഹ്യമുച്യതേ.

[ൈ ൫ ൩.

ഒരു ചരക്കിനു വിലകൊടുത്തുവാങ്ങിച്ചു അന്നുതന്നെ വഴക്കു വന്നാൽ ആ ചരക്കിനെ തിരിയേ കൊടുത്തു വില വാങ്ങിച്ചുകൊള്ളണം. രണ്ടാം ദിവസമെങ്കിൽ വിലയിൽ മുപ്പതിൽ ഒന്നും മൂന്നാം ദിവസമെങ്കിൽ പതിനഞ്ചിൽ ഒന്നും, കുറച്ചുകൊടുത്തു വില തിരിയെ പറയണം. ഇപ്രകാരം വില കുറച്ചുകൊടുപ്പിക്കേണ്ടതിനു, വാങ്ങിച്ച ചരക്കിനു തന്നെ വിലവ്യത്യാസംകൊണ്ടു തക്കം വന്നാൽ, ചരക്കു നാലുപേരെ കാണിച്ചു വില നിശ്ചയിച്ചു് ആ ദ്രവ്യത്തിനെ അഞ്ചു പങ്കാക്കി, അതിൽ മൂന്നു പങ്കു കോഠംമുതലും, ഒരു പങ്കു ലാഭവും, ഒരു പങ്കു ചെലവുമാക്കി കല്പിച്ചു, മൂന്നു ദിവസത്തിനകത്തു വില തിരിച്ചു കൊടുക്കത്തക്കവണ്ണം തീരുന്ന കായ്ത്തിനു മൂന്നു പങ്കു വിലയും ഒരു പങ്കു ലാഭവും ക്രട്ടി അതിനെ വിലയായി കല്പിച്ചു് അതിൽ കുറപ്പാനുള്ളതു കുറച്ചു വില കൊടുപ്പിച്ചുകൊള്ളണം. മൂന്നു ദിവസത്തിനു മേലായാൽ അഞ്ചു പങ്കു ക്രട്ടി കോഠംമുതലാക്കി മേലെഴുതിയപ്രകാരം നടത്തിക്കൊള്ളണം.

* ബൃഹസ്പതിഃ—

മണീഭാശ്വാശ്വതരീണാമാഗമൈർമൂല്യകല്പനാ
പ്രപാജ്ഞയാ/പണസ്ഥനാം; ഗോഭ്രമ്യോരുഭയേച്ഛയാ.

[ൈ ൫ ൪

രത്നങ്ങൾ, ആന, കുതിര, കോവർകഴുത ഈ വകകൾക്കു വിലവച്ചു വില്ക്കണമെങ്കിൽ, രാജാവിങ്കൽ ബോധിപ്പിച്ച രത്നപരീക്ഷ മുതലായത് അറിഞ്ഞിരിക്കുന്നവരെക്കൊണ്ടു വില നിശ്ചയിപ്പിക്കണം. പശുവിനും ഭൂമിക്കും വില്ക്കുന്നവനേറയും വാങ്ങിക്കുന്നവനേറയും ഉഭയസമ്മതപ്രകാരം വിലവയ്ക്കണം.

* പ്രജാപതിഃ എന്നു (പാഠാന്തരം).

Digitized By Kerala Sahitya Akademi

വ്യാസഃ:—

ആത്മീയസ്യ വിജാതീയദ്രവ്യമാദായ ചാന്യതഃ
ക്രയോ മൂല്യസ്യ സന്ത്യാഗസ്സ്വത്വഹേതുഃ പരസ്പരം. ൬ ൫ ൫

തന്റെ ദ്രവ്യത്തിനെ മറെറാരുത്തന്റെ കൈയിൽ കൊട്ടത്ത് അവന്റെ കൈയിൽനിന്നും ഒരു വസ്തുവിനെ വാങ്ങിച്ചാൽ ആയതിനു വില എന്നു പേർ. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു രണ്ടുപേക്കും ഈ രണ്ടു വസ്തുവിലും സ്വത്വവും സ്വാമിത്വവും മാറിവരും.

പരിവൃത്തിസ്സജാതീയദ്രവ്യേ; വിനിമയസ്സമേ;
വൈഷമ്യേ ച ക്രയഃ പ്രോക്തോ; മിശ്രോ വിനിമയഃ സ്മൃതഃ.
അല്പാധികേന ദ്രവ്യേണ മിശ്രിതം പരിവർത്തനം [൬ ൫൩
ക്രയ ഏവ ഭവേന്ന്യൂനോ വിപരീതസമാവുഭൌ
തത്ര കോട്യന്തരം വിദ്യാന്മൃഗശ്രുപമനുഷ്യവൽ. ൬ ൫ ൬

ഒരു നിലം കൊടുത്ത് അതിനു പകരം സമമായിരിക്കുന്ന മറെറാരു നിലം വാങ്ങിക്കുന്നതും, ഒരു കുതിരയെക്കൊടുത്തു മറെറരു കുതിരയെ വാങ്ങിക്കുന്നതും, ഇപ്രകാരം ഒരു വസ്തു കൊടുക്കുന്നതിനു സജാതീയമായിട്ടു മറെറാരു വസ്തുവിനെ വാങ്ങിക്കുന്നതിനൊക്കയും പരിവർത്തനം എന്നു പേർ. സമമായിട്ടു വാങ്ങിക്കുന്നതു വിനിമയം. രണ്ടുപ്രകാരത്തിലുള്ള വസ്തുക്കളെ കൊടുത്തു വാങ്ങിച്ചാൽ ക്രയമെന്നു പേർ. പരിവർത്തനത്തിനും വിനിമയത്തിനും ക്രയംപോലെതന്നെ ന്യായം.

ഇതി ക്രീത്വാഽനുശയപ്രകരണം.

അഥ സീമാവിവാദപ്രകരണം.

ആധിക്യം ന്യൂനതാ ചാംശേ അസ്തിനാസ്തിത്വമേവ ച
അതോഗച്ഛതിസ്സീമാ ച ഷഡ് ഭ്രുവാദസ്യ ഹേതവഃ.
[൬ ൫ വ

ഭൂമിസംബന്ധമായിട്ടു വരുന്ന വ്യവഹാരങ്ങൾ ആറുവിധം. അതിനു ഹേതുക്കളും ആറുവിധം. ഇന്നപ്രകാരം ഇതു പറക്കണ്ട

Digitized By Kerala Sahitya Akademi

ത്തിനെക്കാൾ എനിക്ക് അധികം നിലം ഉണ്ടെന്നും, അധികമി ല്ലെന്നും വരുന്ന വ്യവഹാരം ആധിക്യം ഹേതുവായിട്ടു വരുന്നതും; എനിക്ക് ഇന്ന ദിക്കിൽ ഇത്ര പറക്കണ്ടമുണ്ടെന്ന വാദിയും അതിൽ കുറച്ചേയുള്ളു എന്ന പ്രതിവാദിയും പറഞ്ഞുണ്ടാകുന്നത് ന്യൂനത ഹേതുവായിട്ടു വരുന്നതും; ഇന്ന ദിക്കിൽ ഇത്ര പറക്കണ്ടം എനിക്കു ള്ളതെന്ന വാദിയും ഈ ദിക്കിൽ തനിക്ക് ഒട്ടുംതന്നെ നിലം ഇല്ല എന്ന പ്രതിവാദിയും തമ്മിൽ തക്കിച്ചു പറഞ്ഞത് അസ്തി നാസ്തിഭേദം ഹേതുവായിട്ടു രണ്ടുവിധമായി വരുന്നതും; ഇ ന്നദിക്കിൽ ഇതിനുമുൻപിൽ അനുഭവമില്ലാത്ത നിലത്തിനെ ഇ പ്പോൾ അനുഭവിച്ചുവരുന്നുവെന്നത് അനുഭവംഹേതുവായിട്ടു വരു ന്നതും; എന്റെ വക നിലത്തിന് എല്ലുക ഇന്ന സ്ഥലത്തെന്നും അവിടെ ൽല്ലെന്നും ഉള്ളത് എല്ലുകത്തക്കം കൊണ്ടുവരുന്നതും; ഇപ്രകാരം ആറുവിധം.

ക്രപവാപീതടാഗാനി ചൈത്യാരാമസുരാലയാഃ
സ്ഥലനിമ്നനദീസ്രോതഃകുരഗ്രന്മാടിരാശയഃ
പ്രകാശചിഹ്നാന്യേതാനി സീമായാഃ കാരയേദ്ബുധാ. ൈ൭൫൯

എല്ലുകയുടെ സന്ധിപ്രദേശങ്ങളിൽ കിണറുകളം, കല്പടി കെട്ടിയ കുളം, കല്ലുകളംകൊണ്ടുണ്ടാക്കിയ തറ, തോട്ടം, നദീപ്രവാ ഹങ്ങളം, കുശ, ദർഭ മുതലായ തൃണവിശേഷങ്ങളം നിറഞ്ഞ പുരയി ടങ്ങളം, ദേവാലയങ്ങളം, ഇപ്രകാരമുള്ള അടയാളങ്ങളെ എല്ലുക ത്തക്കം വരാതെയിരിക്കേണ്ടുന്നതിനായിട്ട് ഉണ്ടാക്കണം. ഇപ്ര കാരമുള്ളതു പ്രകാശമായിട്ടുള്ള അടയാളങ്ങളം.

അശ്മനോഽസ്ഥീനി ഗോബാലാംസ്തുഷാൻ ഭസ്മകപാലികാഃ
കരീഷമിഷ്ടകാംഗാരശക്കരാ വാലുകാം തഥാ. ൈ൭൫൰

യാനി ചൈവംപ്രകാരാണി കാലാത്ഭവിന്ന ഭക്ഷയേൽ
താനി സർവ്വാണി സീമായാഃ പ്രകാശാനി ച കാരയേൽ.

[ൈ൭൫൱

പ്രക്ഷിപ്യ കംഭേഷ്വേതാനി സീമാന്തേഷു നിധാപയേൽ;
തതഃ പൌഗണ്ഡബാലാനാം പ്രയത്നേന പ്രദർശയേൽ.

[ൈ൭൫൲

ചെറിയ കല്ലുകളും, പശുക്കളുടെ അസ്ഥികളും, വാലില്ല ള്ള രോമങ്ങളും, ഉമിയും, ചാമ്പലും, തലയോടുകളും, ഉണങ്ങിയ ചാണകങ്ങളും, മണലും ഇതിൻവണ്ണം നിലത്തിൽ കുഴിച്ചിട്ടാൽ

Digitized By Kerala Sahitya Akademi

ഹാനി വരാതെയിരിക്കുന്ന വസ്തുക്കളെ കുടത്തിനകത്തിട്ട് അടച്ചു മൂടി അതിർത്തിസ്ഥലത്തിങ്കൽ സ്ഥാപിക്കണം. അതിനെ ബോധമുള്ള ബാലന്മാരെ കാണിച്ചു സ്ഥാപിക്കണം.

വാദ്മീകേ ച ശിശ്നോദേ ദർശയേയുസ്തഥൈവ ച
ഏവം പരമ്പരാജ്ഞാതേ സീമാഭ്രാന്തിർന ജായതേ. എന്നു

ഇപ്രകാരമുള്ള അടയാളങ്ങളെ സ്ഥാപിക്കുമ്പോൾ കൂടി ക്കണ്ടറിഞ്ഞിരിക്കുന്ന ബാലന്മാർക്കു വാർദ്ധക്യംവന്നാൽ അവരും ചില ബാലന്മാരെ ഗ്രഹിപ്പിക്കണം. ഇപ്രകാരം ചെയ്താൽ ഏ ലുകത്തക്കം വരികയില്ല.

ഏതെങ്കിലൊരു നിമിത്തംകൊണ്ട് സീമാരാജാ വിവാദത്തിനു കാരണം ഉണ്ടാകാം.

ഏലുകത്തക്കം കൊണ്ടു വിവാദമുണ്ടായി ജനങ്ങളും വന്നാൽ രാജാവായിരിക്കുന്നവൻ മേലെഴുതിയ അടയാളങ്ങളെക്കൊണ്ട് ഏ ലുക നിശ്ചയം വരുത്തണം.

* യത്ര സംശയ ഏവ സ്യാല്ലിംഗാനാമപി ദർശനേ
സാക്ഷിപ്രത്യയ ഏവ സ്യാദഥവാപ്യേ സീമ്നി നിശ്ചയഃ.
[എന്നു

മേലെഴുതിയ അടയാളങ്ങളെക്കൊണ്ട് ഏലുകയുടെ സംശ യനിവൃത്തി വന്നില്ലെങ്കിൽ ഏലുകയുടെ തിട്ടം അറിഞ്ഞിരിക്കുന്ന സാക്ഷികളേക്കൊണ്ട് ഏലുക നിശ്ചയം വരുത്തണം.

സാക്ഷ്യഭാവേ യു ചതുരോ ഗ്രാമസീമാന്തവാസിനഃ
സീമാവിനിർണ്ണയം കുര്യുഃ പ്രയതാ രാജസന്നിധൌ. എന്നു

മേലെഴുതിയ സാക്ഷികൾ ഇല്ലെങ്കിൽ തക്കം വന്നിരിക്കുന്ന ഏലുകയ്ക്ക് അയൽപുറത്തുള്ള നാല് സാമന്തന്മാരെ വരുത്തി അ വരെക്കൊണ്ട് ഏലുക നിശ്ചയം വരുത്തണം.

കാത്യായനഃ:—

സപ്താത്മസിദ്ധൌ പ്രഭുഷ്വേഷു സാമന്തേഷ്വതഗൌരവാൽ
തത്സംസക്തൈസ്തു കർത്തവ്യ ഉഭയോരേ നാത്ര സംശയഃ.
[എന്നു

മേലെഴുതിയ സാമന്തന്മാരിൽ ചിലർ സ്വായം പറയാതെ രാഗദ്വേഷാദികൾ കൊണ്ടു ഒന്നിന്മാരായിഭവിച്ചുവെങ്കിൽ അവരെ

* 'യദി സംശയ ഏവ സ്യാൽ' (പാഠം).

Digitized By Kerala Sahitya Akademi

വിട്ടു മറവുള്ള സാമന്തന്മാരെക്കൊണ്ട് എഴുക നിശ്ചയം വരുത്തണം. ഇതിൽ സംശയമില്ല.

മനുഃ—

ശിരോഭിസ്തു ഗൃഹീത്വാവീം സ്രഗ്വിണോ രക്തവാസസഃ
സുകൃതൈശ്ചാപിതാസ്സ്വൈസ്സ്വൈർനയേയുസ്തേ സമഞ്ജസം.

[ന്നെ

മേലെഴുതിയ സാമന്തന്മാർ ഭൂമിയിൽ കിടക്കുന്ന ചെങ്കൽ എടുത്തു ശിരസ്സിൽ ധരിച്ചു രക്തവർണ്ണമായിരിക്കുന്ന മാലയും വസ്ത്രവും ധരിച്ചുംകൊണ്ടു ബ്രാഹ്മണരെങ്കിൽ ബ്രാഹ്മണക്കു സാക്ഷി പ്രകരണത്തിൽ ചൊല്ലിയിരിക്കുന്ന സത്യങ്ങളും ചെയ്യണം. ഇപ്രകാരം അതതു ജാതിക്കു ചൊല്ലിയിരിക്കുന്ന സത്യങ്ങളെ അതതു ജാതിയിലുള്ള സാമന്തന്മാർ ചെയ്ത് അസത്യംകൂടാതെ എഴുക നിശ്ചയം ചെയ്യണം.

നാരദഃ—

നൈകസ്സുമന്നയേത്സീമാം നരഃ പ്രത്യയവാനപി
ഗുരുതാദസ്യ കാര്യസ്യ; ക്രിയൈഷാ ബഹുഷു സ്ഥിതാ. ന്നു

നല്ലവണ്ണം എഴുകത്തിട്ടം അറിഞ്ഞിരിക്കുന്നവനാകുന്ന എങ്കിലും എഴുക നിശ്ചയം വരുത്തുന്നതു വലിയ കാര്യം ആകകൊണ്ടും അഞ്ചേട്ട് ആം ക്രടി നിശ്ചയിപ്പാനുള്ളതാകകൊണ്ടും ഒരുത്തനായിട്ട് എഴുക നിശ്ചയം വരുത്തരുതു്.

എകോ യദ്വിനയേത്സീമാമുഭയോരപി സമ്മതഃ.

വാദിപ്രതിവാദികഠം രണ്ടുപേക്കും എഴുക നിശ്ചയിക്കുന്നതിനു് ഒരുത്തൻ സമ്മതനായിരിക്കുന്നുവെങ്കിൽ അവൻ ഒരാളായിട്ടും അതിൽത്തി നിശ്ചയം വരുത്താം.

നാരദഃ—

സീമാവാദേ തഥാ കോശേ പാദസ്ഫുർശേ തഥൈവ ച
ത്രിപക്ഷപക്ഷസപ്താഹാദ്ദേവരാജകമിഷ്യതേ. ന്നൻ

സത്യംചെയ്ത് എഴുക നിശ്ചയം വരുത്തിയ തട്ടസ്ഥന്മാക്കും കോശപാനം ചെയ്ത സാക്ഷിക്കാക്കും മാതാപിതാക്കൾ മുതലായ ഗുരുക്കളുടെ പാദങ്ങളെ തൊട്ടു സത്യം ചെയ്തവക്കും നാല്പത്തഞ്ചു

Digitized By Kerala Sahitya Akademi

ദിവസത്തിനകമെങ്കിലും, പതിനഞ്ചു ദിവസത്തിനകമെങ്കിലും, ഏഴുദിവസത്തിനകമെങ്കിലും ദൈവരാജോപദ്രവം അസത്യം ഗ്രഹിഞ്ഞതുനിമിത്തമായിട്ടു കാണും. അസത്യദോഷം കണ്ടെങ്കിൽ മുൻപിൽ നിശ്ചയിച്ച തടസ്ഥന്മാരെ ദണ്ഡിപ്പിച്ചു വേറിട്ട് ആളുകളെവരുത്തി എഴുക നിശ്ചയം വരുത്തണം എന്നു താൽപര്യം.

നാരദഃ:—

അഥ ചേദന്യതം ബ്രൂയുസ്സാമന്താസ്തദഹിന് ർണ്ണയേ
സർവേ പൃഥക് പൃഥക് ദണ്ഡ്യാ രാജ്ഞാ മധ്യമസാഹസം.

[൭൭൬

എഴുക നിശ്ചയം വരുത്തിയതിൽ അസത്യവാദികം എന്നറിയപ്പെട്ട സാമന്തന്മാരെക്കൊണ്ടു പ്രത്യേകം പ്രത്യേകം മധ്യമസാഹസത്തിനുള്ള അഞ്ഞൂറിനാല്പതു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

അഭാവേ ജ്ഞാതൃചിഹ്നാനാം രാജാ സീമ്നഃ പ്രവർത്തകഃ
സത്യോൽസൃഷ്ടാ രാജദത്താ യസ്യ തസ്യൈവ സാ മഹീ.

[൭൭൭

എഴുകയുടെ തിട്ടം അറിഞ്ഞിരിക്കുന്ന സാക്ഷി മുതലായവരും എഴുകയ്ക്ക് അടയാളമായിട്ടുള്ള വൃക്ഷങ്ങളും കിണറുകളും മുതലായതും ഇല്ലെങ്കിൽ അപ്പോൾ രാജാവായിരിക്കുന്നവൻ നോക്കി എഴുക നിശ്ചയം വരുത്തണം. രാജാവു നിശ്ചയിച്ചതിൻവണ്ണം വാദിപ്രതിവാദികൾ ഇരുവരും അനുസരിക്കണം.

അന്യഥാ ന ഭവേല്ലോപോ നരാണാം രാജദൈവികേ.
ക്ഷയോദയൌ ജീവനഞ്ച ദൈവരാജവശം ഗണാം;
തസ്മാത്സർവേഷു കാര്യേഷു തൽകൃതം ന വിചാലയേൽ.

[൭൭൮

രാജാവിനാൽ നിശ്ചയിക്കപ്പെട്ട കാര്യത്തിലും ദൈവവശാൽ വന്നിരിക്കുന്ന കാര്യത്തിലും അന്യഥാവായിട്ടു പറയരുതു്. ജനങ്ങൾക്കു വൃദ്ധിക്ഷയങ്ങളും ജീവനവും രാജവശത്താലും ദൈവവശത്താലും വരുന്നതാകകൊണ്ടു് അവർ ചെയ്യുന്ന കാര്യത്തിന് ഇളക്കം വരുത്തുകയുമരുതു്.

Digitized By Kerala Sahitya Akademi

ക്ഷേത്രം സസ്യമുല്ലംഘ്യ ഭ്രമിശ്ചരിന്നാ യദാ ഭവേൽ
നദീസ്രോതഃപ്രവാഹേണ പൂർവ്വസ്വാമീ ലഭേത താം.

[ൈ ൈ൨

ഒരുത്തന്റെ നിലത്തിനെ മറെറാരുത്തൻ പണയമായിട്ടും പാട്ടമായിട്ടും എഴുതിവാങ്ങി കൃഷിയിട്ട് അനുഭവിച്ചു വരുമ്പോൾ നദീപ്രവാഹങ്ങളും മുതലായതുകൊണ്ടു കൃഷികാലം മുങ്ങി നിലങ്ങളിൽ മണലുകേറി കൃഷിയിടുന്നതിനു യോഗ്യമല്ലാതെപോയാൽ ആ ഭ്രമിക്കു മുൻപിൽ ജന്മിയായിരുന്നവൻ തന്നെ ആ ഭ്രമിയെ എടുത്തുകൊള്ളണം.

യാജ്ഞവല്ക്യഃ:—

ആരാമായതനഗ്രാമനിപാനോദ്യാനവേശ്മസു
ഏഷ ഏവ വിധിർജ്ഞേയോ വർഷാംബുപ്രവഹാദിഷു.

[ൈ ൈ൪

നിലം, പുരയിടം, ദേവാലയങ്ങൾ, ക്രീഡിക്കുന്നതിനുണ്ടാക്കിയിരിക്കുന്ന തോട്ടങ്ങൾ, കിണറു കുളം മുതലായതു, ഭവനങ്ങൾ, ഈ വകകളിൽ ഏലുകത്തക്കം മുതലായതു വന്നാൽ, ആയതു നിശ്ചയം വരുത്തേണ്ടവിധി മേലെഴുതിയപ്രകാരം അതേ ആകുന്നു എന്നറിഞ്ഞുകൊള്ളണം. വെള്ളം പായുന്നതിന്റെ തക്കത്തിനും ഇപ്രകാരമത്രേ വിധി

വ്യാസഃ:—

യാ രാജ്ഞാ ക്രോധലോഭേന മൗഢ്യാന്ന്യായേന വാ ഹൃതാ
പ്രദത്താന്യസ്യ ദുഷ്ടേന സാ സിദ്ധിമവാപ്നുയാൽ.

[ൈ ൈ൫

ഒരുത്തന്റെ നേരെ ക്രോധംകൊണ്ടെങ്കിലും, ലോഭംകൊണ്ടെങ്കിലും, വ്യാജമായിട്ടും, അന്യായമായിട്ടും ആയവന്റെ വക നിലത്തിനെ അപഹരിച്ചു മറെറാരുത്തനിൽ ഉള്ള സന്തോഷംകൊണ്ടു രാജാവു കൊടുത്തുവെങ്കിലും ആയതു വാങ്ങിച്ചവനു സിദ്ധിക്കയില്ല.

നാരദഃ:—

പരക്ഷേത്രസ്യ മധ്യേ തു സേതുർന പ്രതിഷിധ്യതേ
മഹാഹ്രണോഽല്പബാധസ്യ വൃദ്ധിരിഷ്ടാഽക്ഷയേ സതി. ൈ ൈ൬

Digitized By Kerala Sahitya Akademi

വെള്ളമില്ലാതെ കൃഷികൾക്കു കരിവുചേതം വന്നിരിക്കുന്ന സമയത്തിൽ ഒരുത്തന്റെ നിലത്തിൽ അണ കെട്ടുക ഹേതുവായിട്ടു ബഹുനിലങ്ങൾക്കു വെള്ളംപാഞ്ഞ് ഉപകാരം വരുന്നതായും അണകെട്ടുന്ന നിലത്തിനു കുറെ ചേതം വരുന്നതായും ഇരുന്നപ്പെങ്കിൽ, ആ നിലത്തിനുടയവനോടു യാചിച്ചെങ്കിലും അല്പം കൊടുത്തെങ്കിലും ചോദിച്ചാൽ, അണകെട്ടുന്നതിനു നിലത്തിന്റെ ഉടയവൻ സ്ഥലം കൊടുക്കണം. അതിനു തടയരുതു്.

പരഭ്രമിം ഹരൻ ക്രുപസ്സുല്പക്ഷേത്രോ ബഹ്വഭകം.
സ്വാമിനേ യോ/നിവേദ്യൈവ ക്ഷേത്രേ സേതും പ്രകല്പ-
[യേൽ;

ഉല്പന്നേ സ്വാമിനോ ഭോഗസ്തദഭാവേ മഹീപതേ. ൭൯൫

ഒരുത്തന്റെ നിലത്തിൽ ആ നിലത്തിന്റെ ഉടയവനോടു ബോധിയാതെ/വെള്ളമുണ്ടാകുന്ന കിണറെങ്കിലും അണയെങ്കിലും മറെറാരുത്തന്റെ/ തന്റെ നിലത്തിൽ വെള്ളം പായുന്നതിനായിട്ടു് ഉണ്ടാക്കിയതിൽ ആ വെള്ളം കൊണ്ടുണ്ടാകുന്ന ഫലാനുഭവം ആ കിണറുകുഴിച്ച നിലത്തിന്റെ ഉടയവനു സിദ്ധിക്കും. ആ നിലത്തിന്റെ/ടയവനില്ലെങ്കിൽ, രാജാവിനു സിദ്ധിക്കും.

സേതുസ്തു ദ്വിവിധഃ പ്രോക്തഃ ഖേയോ ബന്ധ്യസ്തഥൈവ ച;
തോയപ്രവർത്തനാൽ ഖേയോ ബന്ധ്യസ്സ്യാത്തന്നിവർത്തനാൽ.
[൭൯൬

ഖേയമെന്നും ബന്ധ്യമെന്നും സേതു രണ്ടുവിധം; വെള്ളമൊഴുക്കി മറെറാരു ഭിക്കിൽ കൊണ്ടുപോകുന്നതിനായിട്ടു് ഉണ്ടാക്കുന്ന സേതുവിനു ഖേയമെന്നു പേർ. കുളം മുതലായതിൽ ചേറുത്തിരിക്കുന്ന വെള്ളത്തിൽ പോക്കു വിടുന്നതിനായിട്ടു് ഉണ്ടാക്കുന്ന സേതുവിനു ബന്ധ്യമെന്നുപേർ. ചിറ എന്നും അണ എന്നും വമ്പു് എന്നും പറയപ്പെടുന്നതു സേതു.

മൂതേ തു സ്വാമിനി പുനസ്തദപംശ്യേ വാപി മാനവേ,
രാജാനമാമന്ത്ര്യ തതഃ കുര്യാൽ സേതുപ്രവർത്തനം. ൭൯൭

ചിറകെട്ടിയുണ്ടാക്കുവാൻ യോഗ്യമായിട്ടുള്ള നിലത്തിനു് ഉടയവൻ മരിച്ചുപോയെങ്കിൽ അവന്റെ ദായാദിക്കാരനെ

Digitized By Kerala Sahitya Akademi

ബോധിപ്പിച്ച ചിറകെട്ടിയുണ്ടാക്കണം. ആയവനും മരിച്ചുപോയാൽ ആ നിലത്തിന് ഉടയവൻ ആരുമില്ലെങ്കിൽ രാജാവ് ഉടയവനാകകൊണ്ടു രാജാവിങ്കൽ ബോധിപ്പിച്ച ചിറ ഉണ്ടാക്കിക്കൊള്ളണം.

കാത്യായനഃ:—

അസ്വാമ്യനുമതേനൈവ സംസ്കാരം കുരുതേ തു യഃ
ഗ്രഹോദ്യാനതടാഗാനാം സംസ്കൃത്യാ ലഭതേ ന തു. (വ്യ ഠ

ഒരുത്തന്റെ വക ഭവനം, തോട്ടം, കുളം മുതലായതിനെ അതിന്റെ ഉടയവനെ ബോധിപ്പിക്കാതെ മറൊരുത്തൻ നന്നാക്കിയാൽ ആ ഭവനം മുതലായതു നന്നാക്കിയ ഹേതുവായിട്ടുണ്ടാകുന്ന ഫലം ആ ഭവനം മുതലായതിന്റെ ഉടയവനു സിദ്ധിക്കുന്നതല്ലാതെ നന്നാക്കിയവനു സിദ്ധിക്കയില്ല.

ദിവം സ്വാമിനി ചായാതേ ന നിവേദ്യ ധനേ യദ്ദി
അഥാവേദ്യ പ്രയുക്തസ്യ തദ്ധനം ലഭതേ വ്യയം. (വ്യ ഛ

ഒരുത്തന്റെ വക നിലത്തിൽ മറൊരുത്തൻ കിണറു മുതലായത് ഉണ്ടാക്കണമെങ്കിൽ ആ നിലത്തിന്റെ ഉടയവനെ ബോധിപ്പിച്ച് ഉണ്ടാക്കണം. ഉടയവൻ മരിച്ചുപോയെങ്കിൽ ആ വംശത്തിൽ ഉള്ളവരോടെങ്കിലും ബോധിപ്പിക്കണം. അവരുമില്ലെങ്കിൽ രാജാവിനോടു ബോധിപ്പിക്കണം. അങ്ങനെ ബോധിപ്പിക്കാതെ ചിലവിട്ടു കിണറു മുതലായത് ഉണ്ടാക്കിയതിന്റെശേഷം ആ നിലത്തിന്റെ ഉടയവൻ വന്നുവെങ്കിൽ ഉണ്ടാക്കിയവനു ചിലവിട്ട ദ്രവ്യം സിദ്ധിക്കുന്നതല്ലാതെ ഉണ്ടാക്കിയ കിണറു മുതലായതും അതിൽ ഉണ്ടാകുന്ന ഫലവും സിദ്ധിക്കയില്ല.

നാരദഃ:—

അശക്തപ്രേതനഷ്ടേഷു ക്ഷേത്രികേഷ്വനിവാരിതഃ
ക്ഷേത്രഞ്ചേദ്വപികുഷേൽ കശ്ചിദശ്നവീത സ തൽഫലം.
[(വ്യ ഫ

ഒരുനിലത്തിന്റെ ഉടയവൻ കൃഷി ഇടുന്നതിന് അശക്തനായിട്ടുപോയെങ്കിലും മരിച്ചുപൊയെങ്കിലും ദേശാന്തരത്തിൽ

Digitized By Kerala Sahitya Akademi

പോയെങ്കിലും ആ നിലത്തിൽ മറെറാരുത്തൻ കൃഷിയിടുന്നതിന് ആരും തടവു ചെയ്തില്ലെങ്കിൽ ആ കൃഷിയിലുണ്ടാകുന്ന വിളവിൽ ഉടയവന്റെറ ഭാഗം നീക്കി ശിഷ്ടമുള്ള ഫലം കൃഷിയിട്ടവനു സിദ്ധിക്കും.

വികൃഷ്യമാണേ ക്ഷേത്രേ ചേൽ ക്ഷേത്രികഃ പുനരാവ്രജേൽ
ഖിലോപചാരം തത്സർവ്വം ദത്വാ സ്വം ക്ഷേത്രമാപ്നുയാൽ. [൭൫൨

ഒരുത്തൻ തന്റെറവക നിലത്തിനെ കൃഷിചെയ്യാതെ തരിശായി ഇട്ടുംവച്ചു മറെറാരുദിക്കിൽ പോയിരിക്കുമ്പോൾ ആ നിലത്തിൽ മറെറാരുത്തൻ വെട്ടിനന്നാക്കി വളമിട്ട് ഉഴുതു കൃഷിയിറക്കുവാൻ തുടങ്ങുമ്പോൾ ആ നിലത്തിന്റെറ ഉടയവൻ വന്നുവെങ്കിൽ മറവൻ ചിലവിട്ട വിത്തും കൂലിയും കൊടുത്ത് ഉടയവൻ നിലം കൃഷിചെയ്തുകൊള്ളണം.

കാത്യായനഃ:—

അശക്തിതോ ന ദദ്യാച്ചേൽ ഖിലാത്ഥേ യഃ കൃതോ വ്യയഃ
തദൃഷ്ടഭാഗഹീനന്തു *ക്ഷേത്രികഃ ഫലമാപ്നുയാൽ. [൭൫൩

മേലെഴുതിയ പ്രകാരം ഒരുത്തന്റെറ നിലത്തിൽ മറെറാരുത്തൻ ചിലവിട്ടിരിക്കുന്ന വിത്തും കൂലിയും കൊടുക്കുന്നതിനു നിലം ഉടയവനു വകയില്ലെങ്കിൽ കൃഷിയിട്ട വിളവ് എടുക്കുമ്പോൾ എടുക്കുന്ന വിളവിൽ എട്ടിൽ ഒന്നു മുൻപു വേലചെയ്തുവനു കൊടുത്തു ശിഷ്ടം ഫലം ഉടയവൻ എടുത്തുകൊള്ളണം.

സംവത്സരേണാദ്യഖിലം ഖിലം സ്യാദത്സരൈസ്ത്രിഭിഃ
പഞ്ചവർഷ്യാവസന്നന്തു ക്ഷേത്രം സ്യാദടവീസമം. [൭൫൪

കൃഷിചെയ്തുവരുന്ന നിലത്തിന് ഒരു സംവത്സരം കൃഷിചെയ്യാതെയിരുന്നുവെങ്കിൽ ആയതുകൊണ്ട് ആ നിലം നേർപാതി ക്ഷേത്രം വന്നും, മൂന്നുസംവത്സരം കൃഷിയിടാതെ തരിശായികിടന്നുവെങ്കിൽ ആയതുകൊണ്ടു മുഴുവനും ക്ഷേത്രമായിട്ടും, അഞ്ചു സംവത്സരം തരിശായിട്ടു കിടന്നുവെങ്കിൽ ആ നിലം വനത്തിനു സമമായിട്ടും, തന്നെ ഭവിക്കും.

* 'കർഷകസ്യ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

വ്യാസഃ:—

ക്ഷേത്രം ഗൃഹീത്വാ യഃ കശ്ചിന്ന കുര്യ്യാന്ന ച കാരയേൽ;
സ്വാമിനേ സ ശദ്ധം ദ്യാപ്യോ രാജ്ഞേ ദണ്ഡം ച തത്സമം.

[6 വ്യസ

ഒരുത്തന്റെ നില്ത്തിനെ കൃഷിചെയ്യാമെന്ന് ഏറ്റുംകൊണ്ടു പിന്നത്തതിൽ കൃഷിചെയ്യാതേയും മറെറാരുത്തനെക്കൊണ്ടു ചെയ്യിക്കാതേയുമിരുന്നാൽ ആയവനെക്കൊണ്ടു് ആ നിലത്തിന് അയൽക്കാരായിട്ടുള്ളവർ നിശ്ചയിക്കുന്നതിൻവണ്ണം ഉള്ള പാട്ടം നിലത്തിന്റെ ഉടയവനെ കൊടുപ്പിച്ചു് അതുയും പ്രായശ്ചിത്തവും ചെയ്യിക്കണം.

മനുഃ:—

ചിരാവസന്നേ ദശമം കൃഷ്യമാണേ തഥാഷ്ടമം
സുസംസ്കൃതേ ഷഷ്ഠം സ്യാൽ പരികല്പ്യം യഥാസ്ഥിതി.

[6 വ്യ 6

അനേകസംവത്സരം തരിശായിട്ടു കിടന്ന നിലത്തിനെ വെട്ടിത്തിരുത്തി കൃഷിചെയ്യാമെന്നു് ഏറ്റു മറെറാരുത്തൻ കൃഷിയിട്ടുവെങ്കിൽ ഉണ്ടാകുന്ന ഫലത്തിൽ പത്തിൽ ഒന്നും, ഉഴുതു വെട്ടിത്തിരുത്തി നിലത്തിന്റെ ഭാഷവരുത്തിയാൽ പിന്നത്തതിൽ എട്ടിലൊന്നും, നല്ലതിൻവണ്ണം വളം വരുത്തിയിരിക്കുന്ന നിലമെങ്കിൽ ആറിൽ ഒന്നും പങ്കും, നിലമുടയവനു കൊടുത്തു ശിഷ്ടം മുഴുവൻ ഉഴുവൻ എടുക്കണം.

വിഷ്ണുഃ:—

ഗ്രാമദ്വയമധ്യാദാഭേദേ ദ്വിശതം; ക്ഷേത്രമധ്യ ദാഭേദേ അഷ്ടശതം; സീമാതിക്രമണേ അഷ്ടസഹസ്രം; ക്ഷേത്രാൽ ക്ഷേത്രോദകാഹരണേ തദുപരോധേനാഷ്ടശതം ദണ്ഡ.ഃ.

ശംഖഃ:—

സീമാഭേത്താരം ഉത്തമസാഹസം ദണ്ഡയിത്വാ
പുനസ്സീമാം കാരയേൽ.

രണ്ടു ഗ്രാമത്തിനു നടുവിലുള്ള എലുക വെട്ടിമുറിച്ചവനെക്കൊണ്ടു് ഇരുന്നൂറു പണവും, രണ്ടു നിലത്തിന്റെ നടുവിലിരിക്കുന്ന എലുക വെട്ടിമുറിച്ചവനെക്കൊണ്ടു് എണ്ണൂറുപണവും, എലുക ലംഘ്യ.

Digitized By Kerala Sahitya Akademi

ച്ച മറെറാരു ഗ്രാമത്തിലുള്ള നിലത്തിനെ ബലേന കരേറി കൃഷി യിടുന്നവനെക്കൊണ്ട് എണ്ണായിരം പണവും, ഒരു നിലത്തിൽ കെട്ടിനില്ക്കുന്ന വെള്ളത്തിനെ മറെറാരു കണ്ടത്തിൽ വരമ്പുവെട്ടി മുറിച്ചു കൊണ്ടുപോകുന്നവനെക്കൊണ്ട് എണ്ണൂറുപ്പണവും പ്രായശ്ചിത്തം ചെയ്യിക്കണം. എലുക വെട്ടി ഭേദംവരുത്തിയവനെ കൊണ്ടു ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിച്ചു, അവനെ കൊണ്ടുതന്നെ ആ എലുകയും ഇട്ടുവിക്കണമെന്ന ശംഖനെന്ന മഹർഷിയാൽ ചൊല്ലപ്പെട്ടു.

കാത്യായനഃ—

സീമാമധ്യേ തു ജാതാനാം വൃക്ഷാണാം ക്ഷേത്രയോർദ്വയോഃ
പുഷ്പം ഫലഞ്ച സാമാന്യാൽ ക്ഷേത്രസ്വാമിഷു നിർദ്ദിശേൽ.

[ൈ വ്യ വ്യ

രണ്ടു നിലങ്ങൾക്കു നടുവിലിട്ടിരിക്കുന്ന വരമ്പിൽ ഉണ്ടായി നില്ക്കുന്ന വൃക്ഷങ്ങളുടെ പുഷ്പവും ഫലവും ആ രണ്ടു നിലത്തിന്റെ ഉടയവർക്കും പൊതുവേയുള്ളതാകകൊണ്ട് ഇരുവരും പകുത്ത് എടുക്കണം.

അന്യക്ഷേത്രേ തു ജാതാനാമഗ്രശാഖാഃ പരത്ര ചേൽ
സ ഏവ താസാം സ്വാമീ സ്യാദ്യൽക്ഷേത്രോപരി താ സ്ഥിതാഃ.

[ൈ വ്യൻ

ഒരുത്തന്റെ നിലത്തിൽ ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ ശാഖാഗ്രങ്ങൾ മറെറാരുത്തന്റെ പറമ്പിൽ എത്തി വ്യാപിച്ചാൽ ആ ശാഖാഗ്രങ്ങൾക്ക് ആ പറമ്പിന് ഉടയവൻ സ്വാമിത്വമുള്ളവനാകകൊണ്ട് ആ ശാഖാഗ്രങ്ങളിൽ ഉണ്ടാകുന്ന ഫലത്തിനെ ആ പറമ്പുടയവൻതന്നെ എടുക്കണം.

ബീജിനേ തു തൃതീയാംശം ദദ്യാദ്വൃക്ഷാത്തു തേ ശുഭം
ദ്വയവംശൌ ക്ഷേത്രിണസ്സ്യാതാം; സ്വാമിഭാഗഃ പ്രശസ്യതേ.

[ൈ ൻ ഠ

മറെറാരുത്തന്റെ നിലത്തിൽ വ്യാപിച്ചിരിക്കുന്ന ശാഖാഗ്രങ്ങളിൽ ഉണ്ടാകുന്ന ഫലങ്ങളെ മൂന്നു പങ്കായിട്ടു പകുത്ത് ആ വൃക്ഷത്തിന്റെ ഉടയവന് ഒരു പങ്കും ശാഖാഗ്രങ്ങൾ എത്തിയിരിക്കുന്ന പറമ്പിന്റെ ഉടയവനു രണ്ടു പങ്കും ആയിട്ടു പകുത്ത് എടുക്കണം.

Digitized By Kerala Sahitya Akademi

യദ്യേതേനോപരാധസ്സ്യാച്ഛാഖിനാന്യപ്രരോഹിണാ.
കദളീക്രമുകാദീനാം തത്ര സ്വാമ്യേവ ഭാഗഭാക്. (൯൯൫

ഒരുത്തന്റെ നിലത്തിൽ ഉണ്ടായിരിക്കുന്ന വൃക്ഷച്ഛായകളെക്കൊണ്ടു മറെറാരുത്തന്റെ നിലത്തിനു ചേതംവരുന്നുവെങ്കിൽ മേലെഴുതിയപ്രകാരം ഫലം പകുത്തു കൊടുക്കണം. വാഴ കമുകു തെങ്ങു ഇപ്രകാരമുള്ള വൃക്ഷങ്ങളുടെ ഛായകൊണ്ടു നിലത്തിനു ദോഷം വരുന്നതല്ലായ്കകൊണ്ടു മേലെഴുതിയ വൃക്ഷങ്ങളും മറെറാരുത്തന്റെ നിലത്തിൽ ഏത്തിയിട്ടുണ്ടെങ്കിലും വൃക്ഷങ്ങളുടെ ഉടയവനുതന്നെ ഫലം സിദ്ധിക്കും. മറവനു പകുത്തുകൊടുപ്പാൻ ആവശ്യമില്ല.

കാത്യായനഃ:—

പരക്ഷേത്രേ സമുൽപന്നം ഹ്യന്യക്ഷേത്രേ ഫലം ദ്രുമൽ
ശാഖാഃ ഛേത്ത്യാസ്തു തത്രസ്ഥാഃ; ഫലം വാ വിഭജേത്തതഃ.

[൯൯൬

ഒരുത്തന്റെ നിലത്തിൽ ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ ശാഖകളും മറെറാരുത്തന്റെ നിലത്തിൽ വ്യാപിച്ച ഫലമുണ്ടായാൽ ആ ശാഖകളെ ഛേദിക്കയെങ്കിലും അതിൽ ഉണ്ടാകുന്ന ഫലം പകുത്തുകൊടുക്കയെങ്കിലും ചെയ്യണം.

ഇതി സീമാവിവാദപ്രകരണം.

അഥ വാക്പാരുഷ്യപ്രകരണം.

നാരദഃ:—

ദേശജാതികുലാദീനാമാക്രോശന്യംഗസംയുതം
യദ്വചഃ പ്രതിക്രൂലാർത്ഥം വാക്പാരുഷ്യം തദുച്യതേ.

[൯൯൭

ഒരു ദേശത്തിനെക്കൊണ്ടും ഒരു ജാതിയെക്കൊണ്ടും നിന്ദിച്ചുപറയുന്നതും മറെറാരുത്തനു ഭയംവരുവാൻ തക്കവണ്ണം പറയുന്നതും വാക്പാരുഷ്യമെന്നു ചൊല്ലപ്പെട്ടും.

കാത്യായനഃ:—

ഹുങ്കാരം ശാസനം ചൈവ ലോകേ യച്ച വിഗർഹിതം
അനുകൂല്യാദഥ ബ്രൂയാദ്വാക്പാരുഷ്യം തദുച്യതേ. (൯൯൮

Digitized By Kerala Sahitya Akademi

ഹങ്കാരം ചെയ്യുന്നതും, ധിക്കരിച്ചു വാക്കിലേററം പറയുന്നതും, ലോകത്തിങ്കൽ നിന്ദ്യമായിരിക്കുന്ന വാക്കു പറയുന്നതും, ഒരുത്തൻ പറയുന്നത് അനുസരിച്ചുപറയുന്നതും വാക്പാരുഷ്യമെന്നു കാത്യായനരാൽ ചൊല്ലപ്പെട്ടു.

ഭഗിനീമാതൃസംബന്ധ്യുപപാതകശംസനം
പാരുഷ്യം മദ്ധ്യമം പ്രോക്തം വാചികം ശാസ്ത്രവേദിഭിഃ.

[ൻെ ൈ

മാതാവിനോടും സഹോദരിയോടും സംസർഗ്ഗം ചെയ്തപ്രകാരവും ഗോഹത്തി ചെയ്തവനുള്ള ഉപപാതകദോഷംകൊണ്ടു ദൂഷിച്ചുപറയുന്നതും മദ്ധ്യമമായിട്ടുള്ള വാക്പാരുഷ്യമെന്നു ചൊല്ലപ്പെട്ടും.

അഭക്ഷ്യപേയകഥനം മഹാപാതകദൂഷണം
പാരുഷ്യമുത്തമം പ്രോക്തം തീവ്രം മർമ്മാതിഘട്ടനം. ൻെ ന്നു

അഭക്ഷ്യഭക്ഷണം, സുരാപാനം മുതലായ മഹാപാതകങ്ങൾ ഇപ്രകാരമുള്ള ദോഷങ്ങളെക്കൊണ്ടു നിന്ദിച്ചുപറയുന്നതു വാക്പാരുഷ്യത്തിൽ വലുതായിട്ടുള്ളത് മർമ്മഭേദിയായിട്ടു പറയുന്ന വാക്കു കഠിനമായിട്ടുള്ള വാക്പാരുഷ്യമെന്നു ചൊല്ലപ്പെട്ടും.

ബൃഹസ്പതിഃ:—

സമാനയോസ്സമോ ദണ്ഡോ ന്യൂനസ്യാദ്വിഗുണസ്തയഃ
ഉത്തമസ്യാദ്ധികഃ പ്രോക്തോ വാക്പാരുഷ്യേ പരസ്പരം.

[ൻെ ൈ

സമജാതിയിലുള്ളവർ തമ്മിൽ വാക്കിലേററം പറഞ്ഞുവെങ്കിൽ വാക്പാരുഷ്യത്തിൽ വിധിച്ചിരിക്കുന്ന ദണ്ഡം ഇരുവക്കും സമമായിട്ടും, തന്നെക്കാം ഉൽകൃഷ്ടനേ വാക്കിലേററം പറഞ്ഞവനു വിധിപ്രകാരമുള്ള ദണ്ഡം ഏരട്ടിയായിട്ടും, തന്നെക്കാൾം നികൃഷ്ടനായിട്ടുള്ളവനെ വാക്കിലെററം പറഞ്ഞുവെങ്കിൽ വിധിച്ചിരിക്കുന്ന ദണ്ഡത്തിൽനിന്നു പാതിയും, ഇപ്രകാരം വാക്പാരുഷ്യത്തിൽ ദണ്ഡഭേദം ചൊല്ലപ്പെട്ടു.

യാജ്ഞവല്ക്യഃ:—

അർധോർധമേഷു ദ്വിഗുണം പരസ്ത്രീഷൂത്തമേഷു ച
ദണ്ഡപ്രണയനം കാര്യം വർണ്ണജാത്യുത്തരാധരൈഃ. ൻെ വ

Digitized By Kerala Sahitya Akademi

ജാതികൊണ്ടും ഗുണംകൊണ്ടും അധമന്മാരായിരിക്കുന്ന വരെ അവരെക്കാൾ ഉൽകൃഷ്ടൻ വാക്കിലേററം പറഞ്ഞുവെങ്കിൽ വിധിച്ചിരിക്കുന്ന ദണ്ഡത്തിൽ പാതിയും, തന്നെക്കാൾ ഉൽകൃഷ്ട നേയും പരസ്ത്രീകളേയും വാക്കിലേററം പറഞ്ഞുവെങ്കിൽ ആയ വന് എരട്ടി ദണ്ഡവും, ഇപ്രകാരം ഉത്തമാധമഭാവം വിചാരിച്ചു പ്രായശ്ചിത്തം ചെയ്യിക്കണം.

നാരദഃ:—

മദാൽ പ്രമാദാൽ സഞ്ജല്പാൽ പ്രീത്യൈവോക്തം മയേതി യഃ
ഭ്രയോ നചൈവം വക്ഷ്യാമീത്യേവം സോഽപ്യർധദണ്ഡഭാക്.

[ൈൻൻ

മദംകൊണ്ടും പ്രമാദംകൊണ്ടും പരിഹാസമായിട്ടും സ്നേഹം കൊണ്ടും ഇപ്രകാരമുള്ള വാക്കിലേററം വന്നുപോയെന്നും ഇനി ഇപ്രകാരം പറകയില്ലെന്നും വാക്കിലേററം പറഞ്ഞുംവച്ചു പറയുന്നവനെക്കൊണ്ടു വിധിച്ചിരിക്കുന്ന ദണ്ഡത്തിൽ ഒന്നുപാതി പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ:—

സമജാതിഗുണാനാന്തു വാക്പാരുഷ്യേ പരസ്പരം
വിനയോഽഭിഹിതശ്ശാസ്ത്രേ പണാനഷ്ത്രയോദശാൻ. വ്യ ൦ ൦

ജാതികൊണ്ടും ഗുണങ്ങൾകൊണ്ടും സമന്മാരായിരിക്കുന്നവർ തമ്മിൽ വാക്കിലേററം പറഞ്ഞുപോകിൽ ആയവരെ പതിമ്മൂന്നരപ്പണം പ്രായശ്ചിത്തം ചെയ്യിക്കണം.

മനുനാരദൌ:—

കാണം വാപ്യഥ വാ ഖഞ്ജമന്ധം വാപി തഥാവിധം
തത്തുല്യനാപി ബ്രുവൻ ദാപ്യോ ദണ്ഡം കാഷ്ഠാപണദ്വയം.

[വ്യ ൦ ക

അന്ധനെ നോക്കി അന്ധനെന്നും, ഞൊണ്ടിയെ നോക്കി ഞൊണ്ടിയെന്നും, ഇതല്ലാതെ ഉള്ള അംഗഹീനനെ അംഗഹീനനെന്നും മറെറാരുത്തൻ പറഞ്ഞുവെങ്കിൽ ആയവനെക്കൊണ്ടു രണ്ടു താമ്രികപണമെങ്കിലും പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

അഭിഗന്താസ്മി ഭഗിനീം മാതരം വാ തവേതി ച
ശപന്തം ദാപയേദ്രാജാ പഞ്ചവിംശതികം ദമം. വ്യ ൦ ഖ

Digitized By Kerala Sahitya Akademi

തന്റെ സഹോദരിയോടും മാതാവിനോടും ഞാൻ സംസ്ഗ്ഗംചെയ്യുവെന്ന് അപരാധമായിട്ടുള്ള വാക്കിലേറെറം പറയുന്നവനെക്കൊണ്ട് ഇരുപത്തഞ്ചു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

ബാഹുഗ്രീവാനേത്രസക്ഥ്നിവിനാശേ വാചികേ ദമഃ
* ശത്യസ്തദർധികഃ പാദനാസാകർണ്ണകരാദിഷു. വ്യ ൦ ൫

തന്റെ ബാഹുക്കളേയും, ഗളത്തിനേയും ഞാൻ ഛേദിക്കുമെന്നും തന്റെ നേത്രങ്ങളെ കുത്തിക്കളയുമെന്നും തന്റെ തുട ഛേദിക്കുമെന്നും ഇപ്രകാരം പറയുന്നവനെക്കൊണ്ടു നൂറുപണവും, പാദങ്ങൾ നാസിക ചെവികൾ ഹസ്തങ്ങൾ ഇപ്രകാരം ഉള്ള അംഗങ്ങളെ ഛേദിക്കുമെന്നു പറയുന്നവനെക്കൊണ്ട് അൻപതു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

അശക്തസ്യ വദന്നേവം ദണ്ഡനീയഃ പണാൻ ദശ
തഥാ ശക്തഃ പ്രതിഭുവം ദാപ്യഃ ക്ഷേമായ തസ്യ തു. വ്യ ൦ ൬

മേലെഴുതിയപ്രകാരം അംഗഛ്ഛേദം ചെയ്യുന്നതിനു ശക്തിയില്ലാതെ വാദ്ധ്ക്യം മുതലായതുകൊണ്ടു ക്ഷീണഗതിയെ പ്രാപിച്ചിരിക്കുന്ന ദുർബലനായിട്ടുള്ളവൻ തന്നെക്കാൾ ബലവാനായിരിക്കുന്നവനെ മേലെഴുതിയപ്രകാരമുള്ള വാക്കിലേറെറം പറഞ്ഞുപോകിൽ അയവനെക്കൊണ്ടു പത്തുപണം പ്രായശ്ചിത്തം ചെയ്യിക്കണം. ദുർബലനായിരിക്കുന്നവനെ താൻ പറഞ്ഞുതിൻവണ്ണം നടത്തുവാൻ ശക്തിയുള്ളവൻ മേലെഴുതിയ പ്രകാരമുള്ള അംഗഛ്ഛേദം ചെയ്യുമെന്നുള്ള വാക്കിലേറെറം പറഞ്ഞുവെങ്കിൽ അയവനെക്കൊണ്ടു മുൻപിൽ പറഞ്ഞതിൻവണ്ണമുള്ള പണം നൂറും പ്രായശ്ചിത്തം ചെയ്യിച്ചു ദുർബലനെ അംഗഛ്ഛേദം ചെയ്യാതെയിരിക്കേണ്ടുന്നതിന് ഒരു ജാമ്യവും വാങ്ങിക്കണം.

മാതരം പിതരം ജായാം ഭ്രാതരം ശ്വശ്രൂരം ഗുരും
ആക്ഷാരയൻ ശതം ദാപ്യഃ പന്ഥാനഞ്ചാദദദ് ഗുരോഃ.
[വ്യ ൦ ൭

അച്ഛൻ, അമ്മ, സഹോദരൻ, ശ്വശ്രൂരൻ; ഗുരുജനങ്ങൾ ഇപ്രകാരമുള്ളവർ ഒരു ദോഷം കാണിച്ചുവെങ്കിലും അയവരെ വാക്കിലേറെറം പറയുന്ന പുരുസ്മുതൽപരെക്കൊണ്ടു നൂറു പണവും, ഒരു ദോഷം ചെയ്യാതെയിരിക്കുന്ന ഭാര്യയെ വാക്കിലേറെറം

* ശത്യം=ശതപരിമിതമായ ദണ്ഡം (വിജ്ഞാനേശ്വരൻ).

Digitized By Kerala Sahitya Akademi

പറയുന്നവനെക്കൊണ്ടും ഗുരുവിനു മാത്രം വിട്ടുകൊടുക്കാതെയിരിക്കുന്നവനെക്കൊണ്ടും നൂറു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

ക്ഷിപൻ സപ്രാദികം ദണ്ഡ്യാൽ പഞ്ചാശൽപണകം ദമം.

ഉടപ്പുറന്നവഠം മുതൽപേരെ അധിക്ഷേപം പറയുന്നവനെക്കൊണ്ട് അൻപതു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ:—

ശതം ബ്രാഹ്മണമാക്രുശ്യ ക്ഷത്രിയോ ദണ്ഡമർഹതി
വൈശ്യോഽപ്യർദ്ധശതം ചൈവ ശൂദ്രസ്തു വധമർഹതി.

[വ്യ ഠ ന്യ

ബ്രാഹ്മണരെ അധിക്ഷേപംപറയുന്ന ക്ഷത്രിയനെക്കൊണ്ടു നൂറു പണവും വൈശ്യനെക്കൊണ്ടു നൂററൻപതു പണവും ശൂദ്രനെങ്കിൽ താഡനം മുതലായ ശരീരദണ്ഡവും പ്രായശ്ചിത്തം ചെയ്യിക്കണം.

പഞ്ചാശദ് ബ്രാഹ്മണോ ദണ്ഡ്യഃ ക്ഷത്രിയസ്യാഭിശംസനേ
വൈശ്യേ സ്യാദർദ്ധപഞ്ചാശച് ഛൂദ്രേ ദ്വാദശകോ ദമഃ.

[വ്യ ഠ ഒ

ക്ഷത്രിയനെ വാക്കിലേററം പറയുന്ന ബ്രാഹ്മണനെക്കൊണ്ട് അൻപതു പണവും വൈശ്യനെ വാക്കിലേററം പറയുന്ന ബ്രാഹ്മണനെക്കൊണ്ട് ഇരുപത്തഞ്ചു പണവും ശൂദ്രനെ അധിക്ഷേപം പറയുന്ന ബ്രാഹ്മണനെക്കൊണ്ടു പന്ത്രണ്ടു പണവും ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ:—

സച് ഛൂദ്രസ്യായമുദിതോ വിനയോ നാപരാധിനഃ;
ഗുണഹീനസ്യ പാരുഷ്യ ബ്രാഹ്മണോ നാപരധ്നുയാൽ.

[വ്യ ഠ വ

ഒരു ദോഷം ചെയ്യാതെയിരിക്കുന്ന ശൂദ്രനെ ബ്രാഹ്മണൻ ഒരു സംഗതിക്കുടാതെ വാക്കിലേററം പറഞ്ഞുവെങ്കിൽ ആ ബ്രാഹ്മണനെക്കൊണ്ടു മനുവഴുതിയ പ്രകാരം പന്ത്രണ്ടു പണം പ്രായശ്ചിത്തം ചെയ്യിക്കണം. ഗുണഹീനനായും ദോഷയുക്തനായും ഇരിക്കുന്ന ശൂദ്രനെ ബ്രാഹ്മണൻ വാക്കിലേററം പറഞ്ഞുവെങ്കിൽ ആ ബ്രാഹ്മണനു പ്രായശ്ചിത്തം വരികയില്ല.

Digitized By Kerala Sahitya Akademi

വൈശ്യസ്യ ക്ഷത്രിയാക്രോശേ ദണ്ഡനീയശ്ശതം ഭവേൽ
തദർദ്ധം ക്ഷത്രിയോ വൈശ്യം ക്ഷിപൻ വിനയമർഹതി.
[വ്യ ൦ൻ

ക്ഷത്രിയനെ വാക്കിലേററം പറയുന്ന വൈശ്യനെക്കൊണ്ടു നൂറു പണവും വൈശ്യനെ അധിക്ഷേപം പറയുന്ന ക്ഷത്രിയനെക്കൊണ്ടു് അൻപതു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

ശൂദ്രാക്രോശേ ക്ഷത്രിയസ്യ പഞ്ചവിംശതികോ ദമഃ
വൈശ്യസ്യ ചൈതദ്ദ്വിഗുണം ശാസ്ത്രവിദ്ഭിരുദാഹൃതഃ.
[വ്യ ൦

ശൂദ്രനെ അധിക്ഷേപം പറയുന്ന ക്ഷത്രിയനെക്കൊണ്ടു് ഇരുപത്തിയഞ്ചു പണവും വൈശ്യനെക്കൊണ്ടു് അൻപതുപണവും പ്രായശ്ചിത്തം ചെയ്യിക്കണമെന്നു ശാസ്ത്രജ്ഞന്മാരായിരിക്കുന്ന ഋഷികളാൽ ചൊല്ലപ്പെട്ടു.

വൈശ്യമാക്ഷാരയൻ ശൂദ്രോ ദാപ്യസ്സ്യാൽ പ്രഥമന്ദമഃ
ക്ഷത്രിയം മധ്യമം ചൈവ വിപ്രമുത്തമസാഹസം. വ്യ ൦൨

വൈശ്യനെ അധിക്ഷേപം പറയുന്ന ശൂദ്രനെക്കൊണ്ടു പ്രഥമസാഹസത്തിനുള്ള പണം നൂറും, ക്ഷത്രിയനെ വാക്കിലേററം പറഞ്ഞുവെങ്കിൽ മധ്യമസാഹസത്തിനുള്ള പണം അഞ്ഞൂറും, ബ്രാഹ്മണനെ വാക്കിലേററം പറഞ്ഞുവെങ്കിൽ ഉത്തമസാഹസത്തിനുള്ള പണം ആയിരവും പ്രായശ്ചിത്തം ചെയ്യിക്കണം.

മനുനാരദൻ:—

ഏകജാതിർദ്വിജാതിന്തു വാചാ ദാരുണയാ വദൻ
ജിഹ്വായാഃ പ്രാപ്നുയാച്ഛേദം ജഘന്യപ്രഭവോ ഹി സഃ.
[വ്യ ൦൩

ശൂദ്രൻ ഉപനയനാദികർമ്മങ്ങൾക്കു യോഗ്യന്മാരായിട്ടുള്ള ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരെ എത്രയും കഠിനമായിട്ടുള്ള വാക്കുകൊണ്ടു ശകാരിച്ചുവെങ്കിൽ ആ ശൂദ്രന്റെ ജിഹ്വാച്ഛേദം ചെയ്യണം.

നാമജാതിഗ്രഹണേഷാമഭിദ്രോഹേണ കുർവതാം
നിക്ഷേപോ/യോമയശ്ശങ്കുർജ്വലന്നാസ്യേ ദശാംഗുലഃ വ്യ ൦൪

Digitized By Kerala Sahitya Akademi

ഉൽകൃഷ്ടന്മാരായിരിക്കുന്ന ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെ പേരുച്ചരിച്ച് ഏതുരയും ദോഷങ്ങളാരിട്ടുള്ള ആധിക്ഷേപവാക്കുകൾ പറയുന്ന ശൂദ്രരുടെ വായിൽ പത്തുവിരൽ നീളമുള്ള ഇരുമ്പുനാരായം പഴുപ്പിച്ച് ഇടണം.

ധർമ്മോപദേശം ദർപ്പേണ ദ്വിജാനാമസ്യ കുർവതഃ
തപ്തമാസേചയേത്തൈലം വക്ത്രേ ശ്രോത്രേ ച പാർത്ഥിവഃ.

[വ ഫ ര

ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർക്കു ശൂദ്രനായിട്ടുള്ളവൻ അഹങ്കാരംകൊണ്ടു ധർമ്മോപദേശം ചെയ്യുവെങ്കിൽ ആ ശൂദ്രന്റെ വായിലും ചെവിയിലും എണ്ണ തിളപ്പിച്ച് ഒഴിക്കണം.

യമഃ:—

വേദധ്വനിം ച ശൂദ്രസ്യ ശ്രുണ്വതശ്ചാസനം ശ്രുണേ;
തപ്തനാ ജതുസീസാഭ്യാം ശ്രോത്രേ സന്തപ്യ പൂരയേൽ.

[വ ഫ ഭ

ബ്രാഹ്മണൻ വേദാധ്യയനം ചെയ്യുവരുമ്പോൾ അടുക്കൽ നിന്നു കേട്ടുവരുന്ന ശൂദ്രന്റെ ചെവിയിൽ തുത്തനാകവും അരക്കും ഈയവും ഉരുക്കി ഒഴിക്കണം.

ഖണ്ഡശശ്ചഛേദയേജ്ജിഹ്വാമുച്ചം വൈ യദ്ദുദാഹരേൽ.

വേദവാക്യത്തെ ഉച്ചരിക്കുന്ന ശൂദ്രന്റെ ജിഹ്വയെ ഖണ്ഡം ഖണ്ഡമായിട്ടു ഛേദിക്കണം.

ന കിൽബിഷേണാപവദേച് ഛാസ്ത്രതഃ കൃതപാവനം
ന രാജ്ഞാ കൃതദണ്ഡശ്ച; ദണ്ഡഭാക് തു വ്യതിക്രമാൽ.

[വ ഫ ന

ഒരുത്തൻ ഒരു പാപം ചെയ്തു പിന്നെ ശാസ്ത്രപ്രകാരം പ്രായശ്ചിത്തം ചെയ്തു ശുദ്ധനായാൽ ആയവനെ പിന്നത്തതിൽ പാപം ചെയ്തവനെന്നു് അപവാദം പറയരുതു്. കുറവാളിയായിരിക്കുന്നവനെ രാജാവു ദണ്ഡം ചെയ്യിപ്പിച്ചതിന്റെ ശേഷം പിന്നത്തതിൽ അവൻ കുറക്കാരൻ എന്നു് അപവാദം പറയരുതു്. പിന്നത്തതിലും അപവാദം പറഞ്ഞാൽ പറഞ്ഞവനു പ്രായശ്ചിത്തം വരും.

Digitized By Kerala Sahitya Akademi

വ്യാസഃ:—

പാപോപപാപവക്താരോ മഹാപാതകശംസകാഃ
ആദ്യമധ്യോത്തമാൻ ദണ്ഡാൻ ദദ്യുസ്തേ യഥാക്രമം. വ്യ ഫ 6

സാമാന്യമായിട്ടുള്ള പാപങ്ങളെ ചൊല്ലി ദൂഷ്യം പറയുന്നവനെക്കൊണ്ടു പ്രഥമസാഹസവും ഗോഹത്തിമുതലായ ഉപപാതകങ്ങളെ ചൊല്ലി ദൂഷ്യം പറയുന്നവനെക്കൊണ്ടു മധ്യമസാഹസവും, സപണ്ണസ്തേയം മുതലായ മഹാപാതകങ്ങളെ ചൊല്ലി ദൂഷ്യം പറയുന്നവനെക്കൊണ്ട് ഉത്തമസാഹസവും പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

ത്രൈവിദ്യസ്യാപദേവാനാം ക്ഷേപേ ഉത്തമസാഹസം
മധ്യമോ ജാതിപൂഗാനാം പ്രഥമോ ഗ്രാമദേശയോഃ. വ്യ ഫ വ്യ

വേദശാസ്ത്രജ്ഞനായിരിക്കുന്ന ബ്രാഹ്മണശ്രേഷ്ഠനേയും ജനങ്ങളെ പരിപാലിച്ചുവരുന്ന രാജാവിനേയും ദേവന്മാരെയും ഒരുത്തൻ അധിക്ഷേപം പറഞ്ഞുവെങ്കിൽ ആയവനെക്കൊണ്ട് ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിക്കണം. മൂഢാവസികളുടെ സംഘങ്ങളെ അധിക്ഷേപം പറയുന്നവനെക്കൊണ്ടു മധ്യമസാഹസവും, ഒരു ഗ്രാമത്തെ എങ്കിലും ഒരു ദേശത്തെ എങ്കിലും അധിക്ഷേപം പറഞ്ഞു ദൂഷിക്കുന്നവനെക്കൊണ്ടു പ്രഥമസാഹസവും പ്രായശ്ചിത്തം ചെയ്യിക്കണം. ബ്രാഹ്മണൻ ക്ഷത്രിയസ്ത്രീയോടു സംസർഗ്ഗംചെയ്തു ജനിച്ചവൻ മൂഢാവസികനത്രേ. ആയവൻ ബ്രഹ്മണനെക്കാൾ ഹീനൻ; ക്ഷത്രിയനെക്കാൾ ഉൽകൃഷ്ടൻ.

നാരദഃ:—

അവമത്യ ച രാജാനം വർത്തനി സേച വ്യവസ്ഥിതം
ജിഹ്വാച്ഛേദാദ് ഭവേച്ഛുദ്ധിസ്സർവ്വസ്വഹരണേന വാ.

[വ്യ ഫൻ

നീതിപ്രകാരം രാജ്യപരിപാലനം ചെയ്തുവരുന്ന രാജാവിനെ ഒരുത്തൻ അവമാനിച്ചു് അധിക്ഷേപം പറഞ്ഞുവെങ്കിൽ ആയവന്റെ ജിഹ്വാച്ഛേദമെങ്കിലും സർവ്വസ്വവും എടുക്കുകയെങ്കിലും ചെയ്താൽ ആയവനു ദോഷനിവൃത്തി വന്നു ശുദ്ധിവരും.

Digitized By Kerala Sahitya Akademi

നാരദഃ:-

ലോകേഽസ്മിന്ദ്വാവവ്യവഹാരണ്ഡ്യൗ ച പ്രകീത്തിതൌ
ബ്രാഹ്മണൈശ്ചൈവ രാജ്ഞാ ച തൌ ഹീദം ബിഭ്രതോ ജഗത്.

[വ്യ ക ഠ

ബ്രാഹ്മണരുടെ അനുഗ്രഹംകൊണ്ടും രാജാവിന്റെ നീതി കൊണ്ടും രാജ്യത്തിന്റെ പരിരക്ഷണം വരുന്നതാകകൊണ്ടു ബ്രാഹ്മണരേയും രാജാവിനേയും അധിക്ഷേപംപറകയും താഡനാദികർമ്മം കൊണ്ടു ദണ്ഡിക്കയും അരുത്

വസിഷ്ഠഃ:—

പതിതം പതിതേത്യുക്ത്വാ ചോരം ചോരേതി വാ പുനഃ
വചനാത്തുല്യദോഷസ്സ്യാന്മിഥ്യാ ദുർഭാഷകോ ഭവേൽ.

[വ്യ ക ഛ

പാതിത്യദോഷം ചെയ്തിരിക്കുന്നവനെ പതിതനെന്നു പറകയും ചോരന്റെ ചോരനെന്നു പറകയുംചെയ്താൽ അപ്രകാരം പറഞ്ഞവനും ആ ദോഷം സമമായിട്ടു വരും. പാതിത്യദോഷം മുതലായതു ചെയ്യാതെയിരിക്കുന്നവനെ പതിതനെന്നു മിഥ്യാപവാദംപറഞ്ഞാൽ ആയവനു പാതിത്യദോഷം എരട്ടിയായിട്ടു വരും.

ഉശനാഃ:—

യത്ര നോക്തോ ദമസ്സുർവൈരാനന്ത്യാച്ച മഹർഷിഭിഃ
തത്ര കായ്യം പരിജ്ഞായ കർത്തവ്യം ദണ്ഡധാരണം. വ്യ ക ഡ

ലോകത്തിൽ കായ്യങ്ങൾ ബഹുവിധങ്ങളായിട്ട് ഉണ്ടായിവരുന്നതാകകൊണ്ടു യാതൊരുകായ്യത്തിൽ മഹർഷികൾ വിശേഷിച്ചു പ്രായശ്ചിത്തം ചൊല്ലിയിട്ടില്ലയോ എന്നാൽ അക്കായ്യത്തിൽ ബലാബലം വിചാരിച്ച് അറിഞ്ഞു കായ്യത്തിന്റെ അവസ്ഥപോലെ പ്രായശ്ചിത്തം ചെയ്യിക്കണം.

ഇതി വാക്പാരുഷ്യപ്രകരണം.

അഥ ദണ്ഡപാരുഷ്യപ്രകരണം.

ബൃഹസ്പതിഃ:—

ഹസ്തപാദാണലഗ്രൈർദ്വേഷ്മകർമ്മ പാംസുഭിഃ
ആയുധൈശ്ചൈവ പ്രഹരണം ദണ്ഡപാരുഷ്യമുച്യതേ. വ്യ ക ന

Digitized By Kerala Sahitya Akademi

ഹസ്തങ്ങഠം കല്ലുകഠം വടി ഇതിൽ ഒന്നുകൊണ്ടെങ്കിലും, ചാമ്പൽ ചളി പൂഴി ഇതിൽ ഒന്നുകൊണ്ടെങ്കിലും ഒരുത്തന്റെ ശരീരത്തിൽ മറെറാരുത്തൻ ഉപദ്രവം ചെയ്യുന്നതു ദണ്ഡപാരുഷ്യമെന്നു ചൊല്ലപ്പെട്ടും.

തസ്യാപി ദ്വിഷ്ടം ത്രൈവിധ്യം ഹീനമധ്യോത്തമക്രമാൽ
അവഗോരണനിസ്സംഗപാതനക്ഷതദർശനൈഃ. വ്യ ര

ദണ്ഡപാരുഷ്യം അവഗോരണമെന്നും, നിസ്സംഗപാതനമെന്നും, ക്ഷതദർശനമെന്നും ഇപ്രകാരം മൂന്നുവിധം.

ഹീനമധ്യോത്തമാനാന്തു ദ്രവ്യാണാം സമതിക്രമേ
ത്രീണ്യേവ സാഹസാന്യാഹുസ്തത്ര കണ്ടകശോധനം; വ്യ ര

ഹീനമെന്നും മധ്യമമെന്നും ഉത്തമമെന്നും ഇപ്രകാരം ദ്രവ്യങ്ങഠം മൂന്നുവിധം. ഈ മൂന്നുവിധത്തിൽ ഹീനദ്രവ്യത്തെ അതിക്രമിച്ചാൽ പ്രഥമസാഹസമെന്നും മധ്യമദ്രവ്യത്തെ അതിക്രമിച്ചാൽ മധ്യമസാഹസമെന്നും ഉത്തമദ്രവ്യത്തെ അതിക്രമിച്ചാൽ ഉത്തമസാഹസമെന്നും ഇപ്രകാരം സാഹസം മൂന്നുവിധം.

യാജ്ഞവല്ക്യഃ:—

ഭസ്മപങ്കരജസ്സ്പർശേ ദണ്ഡോ ദശപണഃ സ്മൃതഃ;
അമേധ്യപാർശ്വനിഷ്ഠൂതസ്പർശനേ ദ്വിഗുണഃ സ്മൃതഃ. ന്യ

ഒരുത്തന്റെ ശരീരത്തിൽ മറെറാരുത്തൻ ഭസ്മംകൊണ്ടെങ്കിലും ചളികൊണ്ടെങ്കിലും പൂഴികൊണ്ടെങ്കിലും എറിഞ്ഞാൽ അവനെക്കൊണ്ടു പത്തു പണവും, അമേധ്യം ഉച്ഛിഷ്ടം മുതലായ അശുദ്ധദ്രവ്യങ്ങളെ പൂട്ടുത്തു മറെറാരുത്തന്റെ ശരീരത്തിൽ ഇട്ടുന്നവനേയും കാലിന്റെ പിൻവശം കൊണ്ടു മറെറാരുത്തനെ ചവിട്ടുകയും കാറിത്തുപ്പുകയും ചെയ്യുന്നവനെയുംകൊണ്ടു മേലെഴുതിയ പത്തു പണത്തിനു് ഏഴരട്ടി ഇരുപതുപണവും പ്രായശ്ചിത്തം ചെയ്യിക്കണം.

സമേഷ്വേവം പരസ്ത്രീഷു ദ്വിഗുണസ്തത്രമേഷു ച
ഹീനേഷ്വർദ്ധമോ; മോഹമദാദിഭിരദണ്ഡനം. വ്യ ര

തമ്മിൽ സമജാതി ആയിട്ടും ഗുണങ്ങഠംകൊണ്ടു സമനായിട്ടും ഇരിക്കുന്നവനെ ഒരുത്തൻ മേലെഴുതിയപ്രകാരം ദണ്ഡപാരുഷ്യം ചെയ്താൽ ആയവനെക്കൊണ്ടു മേലെഴുതിയപ്രകാരവും,

Digitized By Kerala Sahitya Akademi

പരസ്ത്രീകളേയും തന്നേക്കാൾ ഉൽകൃഷ്ടന്മാരായിരിക്കുന്നവരേയും ഭസ്മോദികൾകൊണ്ട് എറിഞ്ഞാൽ മേലെഴുതിയ പ്രായശ്ചിത്തത്തിന് ഏരട്ടി പ്രയശ്ചിത്തവും ചെയ്യിക്കണം. മോഹംകൊണ്ടും മദ്യപാനംചെയ്യ മദംകൊണ്ടും മേലെഴുതിയ ദണ്ഡപാരുഷ്യം ചെയ്യുവനെ പ്രായശ്ചിത്തം ചെയ്യിക്കരുത്. തന്നെക്കാൾ നികൃഷ്ടനായിരിക്കുന്നവനെ ഭസ്മാദികൾകൊണ്ട് എറിഞ്ഞാൽ ആയവനെക്കൊണ്ടു മുൻപിൽ പറഞ്ഞ പത്തു പണത്തിലും ഇരുപതു പണത്തിലും ഒന്നുപാതി പ്രായശ്ചിത്തം ചെയ്യിക്കണം.

കാത്യായനഃ—

ഛർദ്ദിമൂത്രപുരീഷാദ്യൈരാപാദ്യാ * യശ്ചതുർഗ്രണഃ
ഷഡ്ഗ്രണഃ കായമധ്യേ തു മൂർദ്ധ്നി തച്ഛതഗ്രണോ ഭവേൽ

[വ്യ ക വ്യ

ഒരുത്തൻ മറെറാരുത്തന്റെ ശരീരത്തിൽ ഛർദ്ദിക്കയും മൂത്രംകൊണ്ടും മലംകൊണ്ടും അശുദ്ധം വരുത്തുകയും ചെയ്താൽ ആയവനെക്കൊണ്ടും ചലം ചോര മുതലായതിനെ മറെറാരുത്തന്റെ ശരീരത്തിൽ ഇടുന്നവനെക്കൊണ്ടും മുൻപിൽപറഞ്ഞ പത്തുപണത്തിൽ നാലുപങ്കുകൂട്ടി നാല്പതുപണവും, ഛർദ്ദ് മൂത്രം മുതലായ അശുദ്ധദ്രവ്യങ്ങളെ ശരീരമധ്യത്തിൽ ഇടുന്നവനെക്കൊണ്ടു മുൻപിൽ പറഞ്ഞ ദണ്ഡത്തിൽ ആറു പങ്കുകൂട്ടി അറുപതു പണവും, മേലെഴുതിയ അശുദ്ധവസ്തുക്കളെ തലയിൽ ഇടുന്നവനെക്കൊണ്ട് എൺപതു പണവും, ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം.

ഉദ്ഗാരണേ തു ഹസ്തസ്യ കായ്യോ ദ്വാദശകോ ദമഃ
സ ഏവ ദ്വിഗുണഃ പ്രോക്തഃ പാദേന തു സജാതിഷു.

[വ്യ ക ൻ

സമജാതിയായിട്ടിരിക്കുന്നവനെ തല്ലുന്നതിനായിട്ടു കൈയോങ്ങിയാൽ ആയവനെക്കൊണ്ടു പന്ത്രണ്ടു പണവും തല്ലിയാൽ അവനെക്കൊണ്ട് ഇരുപത്തിനാലു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ—

ഇഷ്ടകോപലകാഷ്ഠൈസ്തു താഡനേ തു ദ്വിമാഷകഃ
ദ്വിഗുണശ്ലോണിതോദ്ഭേദേ ദണ്ഡഃ കാര്യ്യോ മനീഷിഭിഃ.

[വ്യ ക ൦

* 'പാദാതൈഃ' എന്നു പരാശരസ്മൃതി.

Digitized By Kerala Sahitya Akademi

ചെങ്കൽ, കല്ല്, വിറക് ഇതിൽ ഒന്നുകൊണ്ടു മറെറാരുത്തനെ തല്ലിയാൽ ആയവനെക്കൊണ്ടു രണ്ടുമാഷവും, ചോരകാണത്തക്കവണ്ണം തല്ലിയാൽ അവനെക്കൊണ്ടു നാലുമാഷവും പ്രായശ്ചിത്തം ചെയ്യിക്കണം.

ശോണിതേന വിനാ ദുഃഖം കുർവൻ കാഷ്ഠാദിഭിർനരഃ
ദ്വാത്രിംശതം പണാൻ ദണ്ഡ്യോ ദ്വിഗുണം ദശ്നേ/സൃജഃ.
[വ്യവഹാ

വിറകുകമ്പുമുതലായതുകൊണ്ടു ചോരകാണാതെയിരിക്കത്തക്കവണ്ണം മറെറാരുത്തന്റെ ശരീരത്തിൽ പതുക്കെ തല്ലിയവനെക്കൊണ്ടു മുപ്പത്തിരണ്ടു പണവും ചോരകാണത്തക്കവണ്ണം തല്ലിയാൽ അവനെക്കൊണ്ട് അറുപത്തിനാലു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ:—

ത്വഗ്ഭേദകൃത്തം ദണ്ഡ്യോ ലോഹിതസ്യ ച ദർശകഃ
മാംസഭേത്താ തു ഷണ്ണിഷ്കാൻ പ്രവാസ്യസ്ഥിഭേദകഃ.
[വ്യവ.പ

തൊലിപറിയത്തക്കവണ്ണം അടിച്ചവനെക്കൊണ്ടും ചോരവെളിയിൽ വരത്തക്കവണ്ണം അടിച്ചവനെക്കൊണ്ടും നൂറുപണം പ്രായശ്ചിത്തം ചെയ്യിക്കണം. മാംസം വെളിയിൽ വരത്തക്കവണ്ണം അടിച്ചവനെക്കൊണ്ട് അറു നിഷ്കം പ്രായശ്ചിത്തം ചെയ്യിക്കണം. എല്ലും ഞരമ്പും മുറിയത്തക്കവണ്ണം അടിച്ചവനെ കൊണ്ടുചെന്നു നാട്ടിനുപുറത്തുകളയണം.

ബൃഹസ്പതിഃ:—

ത്വഗ്ഭേദേ പ്രഥമോ ദണ്ഡോ മാംസഭേദേ തു മധ്യമഃ
ഉത്തമസ്ഥിഭേദേ തു ഘാതനേ ച പ്രമാപണം. വ്യവഹ

തൊലിപറിയത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു നൂറുപണത്തിൽ കുറവുക്കൂടാതെ ഉള്ള പ്രഥമസാഹസവും, മാംസം വെളിയിൽ കാണത്തക്കവണ്ണം അടിച്ചവനെക്കൊണ്ട് അഞ്ഞൂറു പണത്തിൽ കുറവുക്കൂടാതെ ഉള്ള മധ്യമസാഹസവും, എല്ലു മുറിയത്തക്കവണ്ണം അടിച്ചവനേക്കൊണ്ട് ആയിരം പണത്തിനു കുറവുക്കൂടാതെ ഉള്ള ഉത്തമസാഹസവും, ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം. കൊന്നവനെ കൊല്ലണം.

Digitized By Kerala Sahitya Akademi

കാത്യായനഃ:—

കർണ്ണോഷ്ഠഘ്രാണപാദാക്ഷിജിഹ്വാശിശ്നകരസ്യ ച
ഛേദനേ തുത്തമോ ദണ്ഡോ ഭേദനേ മധ്യമഃ സ്മൃതഃ. വുന ർ

കണ്ണങ്ങൾ, ചുണ്ടു, മൂക്കു, പാദങ്ങൾ, നേത്രങ്ങൾ, നാവു, ശിശ്നം കരം ഈ അംഗങ്ങളിൽ ഒന്നു ഛേദിക്കുന്നവണ്ണമൊണ്ടു ഉത്തമസാഹസവും മുറിയത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു മധ്യമസാഹസവും ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ:—

മനുഷ്യാണാം പശൂനാം ച ദുഃഖായ പ്രഹൃതേ യദി
യഥാ യഥാ മഹാദുഃഖം ദണ്ഡം കുർവ്വീത തഥാ തഥാ വുന ഭ

മനുഷ്യരെ എങ്കിലും പശുക്കളെ എങ്കിലും ദുഃഖംവരുവാൻ തക്കവണ്ണം ഒരുത്തൻ പ്രഹരിച്ചാൽ അപ്രകാരം മനുഷ്യക്കും പശുക്കൾക്കും ഉണ്ടായിരിക്കുന്ന ഉപദ്രവത്തിന്റെ അവസ്ഥപോലെ വിചാരിച്ചു പ്രായശ്ചിത്തം ചെയ്യിക്കണം.

നാരദഃ:—

യേനാംഗേനാപരോ വർണ്ണോ ബ്രാഹ്മണസ്യാപരാധ്നു-
[യാൽ
തദേവ തസ്യ ഛേത്തവ്യമേവം ശുദ്ധിമവാപ്നുയാൽ.
[വുന്ന

ബ്രാഹ്മണജാതിയിൽ കീഴ്പ്പെട്ടിരിക്കുന്ന ജാതിയിൽ ജനിച്ചവൻ ബ്രാഹ്മണനെ യാതൊരു അംഗംകൊണ്ടു ഉപദ്രവം ചെയ്യുവെന്നാൽ അവന്റെ ആയംഗത്തിനെ ഛേദിക്കണം. ഛേദിച്ചാൽ ശുദ്ധിയെ പ്രാപിക്കും.

ബ്രാഹ്മണം ഹന്തി ചേച്ഛ്രോത്രോ ജ്ഞാനതോ/ജ്ഞാനതോ-
[പി വാ
മഹിഷീപാദയോർബദ്ധാ വികർഷേത്/ നിപാതനാൽ.
[വുന ഒ

ബ്രാഹ്മണനെ ബുദ്ധിപൂർവ്വമായിട്ടെങ്കിലും അജ്ഞാനംകൊണ്ടെങ്കിലും അപായം വരുത്തിയ ശൂദ്രനെ എരുമയുടെ കാലിൽ കെട്ടി ജീവൻ പോകുന്നിടത്തോളം വലിപ്പിക്കണം.

Digitized By Kerala Sahitya Akademi

രാജനി പ്രഹരേദ്യസ്തു കൃതാഗസ്യപി ദുർമ്മതിഃ
മൂഢന്തമഗ്നൗ വിപചേൽ ബ്രഹ്മഹത്യാശതാധികം.

[വ്യ വ്യ

രാജാവ് ഒരു ദോഷം കാണിച്ചുവെന്നുവച്ചു ദുർബുദ്ധിയായിരിക്കുന്ന ഒരുത്തൻ രാജാവിനെ പ്രഹരിച്ചുവെങ്കിൽ മൂഢനായിരിക്കുന്ന ആയവനെ അഗ്നിയിൽ ഇട്ടു ദഹിപ്പിക്കണം.

യമഃ:—

യേനകേനചിദംഗേന ഹിംസ്യാച്ഛ്രേയാംസമന്യുജഃ
ഛേത്തവ്യം തത്തദേവാസ്യ തന്മനോരനുശാസനം. വ്യ൯

നികൃഷ്ടജാതിയിൽ ജനിച്ചിരിക്കുന്നവൻ തന്നെക്കാൾ ഉൽകൃഷ്ടനായിരിക്കുന്നവനെ യാതൊരംഗംകൊണ്ടു ഹിംസിക്കുന്നുവോ എന്നാൽ അവന്റെ ആ അംഗത്തിനെ ഛേദിക്കണമെന്നു മനു എന്ന മഹർഷിയുടെ അനുശാസനം.

സഹാസനമഭിപ്രേപ്സുരുൽകൃഷ്ടസ്യാപകൃഷ്ടജഃ
കട്യാം കൃതാങ്കോ നിർവാസ്യഃ സ്ഫിചം വാസ്യ നികൃന്തയേൽ.

[വ്യ ർ ൦

നികൃഷ്ടജാതിയിൽ ജനിച്ചവൻ ഉൽകൃഷ്ടജാതിയിൽ ജനിച്ചവനോടു് ഒരു് ആസനത്തിൽ കൂടി ഒന്നിച്ചിരിക്കണമെന്നു ഭാവിച്ചാൽ ആയവന്റെ കടിപ്രദേശത്തിൽ എന്നും കാണത്തക്കവണ്ണമുള്ള അടയാളംവച്ചു് ആയവനെ വെളിയിൽ തള്ളിക്കളകയെങ്കിലും ആസനപ്രദേശത്തെ ഛേദിക്കയെങ്കിലും ചെയ്യണം.

അവനിഷ്ഠീവതോ ദർപ്പാദ്ഭാവോഷ്ഠൗ ച്ഛേദയേന്നൃപഃ
അവമൂത്രയതോ മേഢ്രമവശർദ്ധയതോ ഗുദം. വ്യ ർ ൧

ഒരുത്തന്റെ ശരീരത്തിൽ മറെറാരുത്തൻ ഗർവുകൊണ്ടു തുപ്പിയാൽ അവന്റെ ചുണ്ടു രണ്ടും ഛേദിക്കണം. മറെറാരുത്തന്റെ ശരീരത്തിൽ അഹങ്കാരംകൊണ്ടു മൂത്രമൊഴിക്കുന്നവന്റെ ശിശ്നവും മലമിടുന്നവന്റെ ആസനപ്രദേശവും ഛേദിക്കണം.

കേശേ ത്വ ഗ്രഹ്ണതോ ഹസ്തൗ ഛേദയേച്ചാവിചാരയൻ
പാദയോസ്സാസികായാഞ്ച ശ്മശ്രണി വൃഷണേ തഥാ. വ്യ ർ ൨

മറെറാരുത്തന്റെ തലമുടി പിടിച്ചുവലിക്കുന്നവന്റെ ഹസ്തങ്ങളെ സംശയംകൂടാതെ ഛേദിക്കണം. മറെറാരുത്തന്റെ

Digitized By Kerala Sahitya Akademi

പാദങ്ങൾ നാസിക കണ്ഠപ്രദേശം വൃഷണം ഈ അംഗങ്ങളിൽ ഒന്നിനെ പിടിച്ചുവലിക്കുന്നവന്റെ ഹസ്തങ്ങളേയും ഒരുസംശയം കൂടാതെ ഛേദിക്കണം.

അംഗാവപീഡനേ ചൈവ ഭേദനേ ഛേദനേ തഥാ
സമുത്ഥാനവ്യയം ദാപ്യഃ കലഹാപഹൃതഞ്ച യൽ. വ്യ ർ ന

മറൊരുത്തന്റെ അംഗത്തിൽ പീഡിപ്പിക്കയെങ്കിലും ഖണ്ഡിക്ക എങ്കിലും ഒരുത്തൻ ചെയ്താൽ ആയവനെക്കൊണ്ടു മുറിവ് ഉണക്കുന്നതിനു ചിലവിടേണ്ടുന്ന ദ്രവ്യങ്ങൾ ഒക്കയും അടി മുറിവുകൊണ്ടവനു കൊടുപ്പിക്കണം. അപഹരിച്ച ദ്രവ്യവും കൊടുപ്പിക്കണം.

മനുഃ:—

ഭാര്യാ പുത്രശ്ച ദാസശ്ച ശിഷ്യാ ഭ്രാതാ സഹോദരഃ
പ്രാപ്താപരാധോ ദണ്ഡ്യസ്സ്യാദ്രജ്ജുവേണുദളേന വാ.

[വ്യ ർ ൪

ഭാര്യ പുത്രൻ വേല എടുക്കുന്ന ദാസൻ വിദ്യാഭ്യാസത്തിനു വന്നിരിക്കുന്ന ശിഷ്യൻ കൂടെപ്പിറന്ന സഹോദരൻ ഇതിൽ ഒരുത്തൻ ഒരു കുറ്റം ചെയ്താൽ ആയവനെ ചെറിയ കയറുകൊണ്ടെങ്കിലും ചെറിയ ചൂരൽകൊണ്ടെങ്കിലും തല്ലണം.

പുഷ്പിതസ്യ ശരീരസ്യ നോത്തമാംഗേ കഥഞ്ചന
അതോഽന്യഥാ തു പ്രഹരൻ പ്രാപ്തസ്സ്യാച്ചോരകില്ബിഷം.

[വ്യ ർ ൫

ഭാര്യ മുതലായപേരെ മേലെഴുതിയപ്രകാരം കയറുമുതലായതുകൊണ്ടു ശരീരത്തിന്റെ പുറത്തു തല്ലണം. ഇപ്രകാരമല്ലാതെ വടി മുതലായതുകൊണ്ടു ശരീരത്തിന്റെ മൻപുറത്തും ശിരസ്സിലും പ്രഹരിച്ചാൽ ആയവനു ചോരദണ്ഡം വരും.

നാരദഃ:—

പുത്രാപരാധേന പിതാ ന ശപ്യവാൻ ശ്രുതി ദണ്ഡഭാക്
ന മക്കടേ തു തത്സ്വാമീ തൈവ പ്രഹിതോ ന ചേൽ.

[വ്യ ർ ന

മകൻ മറ്റൊന്നു അപരാധകൊണ്ടു ഒരു ദോഷംചെയ്യുവെങ്കിൽ ആയതിനുള്ള ദണ്ഡം അച്ഛനു വരികയില്ല. ശപ്യവിനേയും

Digitized By Kerala Sahitya Akademi

കരങ്ങിനേയും വളക്കുന്നവൻ പറയാതെ ശപിച്ചാലും കരങ്ങുകിലും മറെറാരുത്തനെ കടിച്ചാൽ ആയതു വളക്കുന്നവനു പ്രായശ്ചിത്തം വരികയില്ല. വളക്കുന്നവൻ പറഞ്ഞിട്ടു കടിച്ചുവെങ്കിൽ ആയവനു പ്രായശ്ചിത്തം വരും.

യാജ്ഞവല്ക്യഃ:—

ശക്തോ ഹ്യമോക്ഷയൻ സ്വാമീ ദംഷ്ട്രിണാം ശൃംഗിണാം [തഥാ

പ്രഥമം സാഹസം ദദ്യാദഭിക്രുഷ്ടേ ദ്വിഗുണം തഥാ. വ്യ ർ ൬

തേറപ്പല്ലുകൊണ്ടും കൊമ്പുകൊണ്ടും ഹിംസിക്കുന്ന ദുഷ്ട ജന്തുക്കളെ വശപ്പെടുത്തി വളക്കുന്നവൻ അടുക്കൽ നില്ക്കുമ്പോഠം മേച്ചെഴുതിയ ജന്തുക്കഠം ചെന്നു മറൊരുത്തനെ ഉപദ്രവിച്ചാൽ ആയതു വിലക്കി ഓടിക്കുന്നതിനു വളക്കുന്നവൻ ശക്തനായിരുന്നുംകൊണ്ടു വരുത്തുകയെങ്കിലും ഓടിക്കുകയെങ്കിലും ചെയ്യാതേയിരുന്നാൽ അപ്പോഠം വളക്കുന്നവനെക്കൊണ്ടു പ്രഥമസാഹസവും ഉപദ്രവംകൊണ്ടവൻ വിലക്കണമെന്നു പറഞ്ഞതു കേട്ടുംകൊണ്ടു വിലക്കാതേയിരുന്നവനെക്കൊണ്ടു പ്രഥമ സാഹസത്തിൽ എരട്ടിയും പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ:—

വിവിക്തേ താഡിതോ യസ്തു ഹതോ ദൃശ്യേത വാ ഭവേൽ
ഹന്താ തദനുമാനേന വിജ്ഞേയസ്ത്വുപചാരേണ വാ വ്യ ർ വ

മനുഷ്യസഞ്ചാരമില്ലാതേയിരിക്കുന്ന രഹസ്യപ്രദേശത്തിൽ വച്ചു് ഒരുത്തൻ മറെറാരുത്തനേ അടിക്കയെങ്കിലും കൊല്ലുകയെങ്കിലും ചെയ്താൽ കൊല്ലപ്പെട്ടവനെ കാണുന്നതല്ലാതെ കൊന്നവനെ കണ്ടില്ലെങ്കിൽ കൊല്ലപ്പെട്ടവനു ദ്വേഷിയായിട്ടുള്ളവൻ അതെന്നും അവനോടുകൂടി അരെങ്കിലും ആയുധംമുതലായതു് എടുത്തുകൊണ്ടു പോയിട്ടുണ്ടോ എന്നും വിചാരിച്ചു് ഊഹംകൊണ്ടെങ്കിലും ഊഹത്താൽ നിശ്ചയംവന്നില്ലെങ്കിൽ സത്യപ്രമാണത്താൽ എങ്കിലും ശങ്കിതന്മാരുടെ നിശ്ചയം വരുത്തണം.

ദ്വയോഃ പ്രഹരതോർദണ്ഡസ്സമയേ/സ്യ സമഃ സ്മൃതഃ
ആരംഭതോ/നുബന്ധീ ച ദാപ്യസ്സ്യാദധികം ദമം. വ്യ ർ ൯

ഏകകാലത്തിൽ വാദിപ്രതിവാദികഠം രണ്ടുപേരും തമ്മിൽ അടിച്ചുവരാകുന്നുവെങ്കിൽ രണ്ടുപേക്കും ദണ്ഡം സമമായിട്ടു

Digitized By Kerala Sahitya Akademi

വരും. അതിൽ ഒരുത്തൻ മുൻപിൽ കലശലിട്ട് അടിച്ചവനെങ്കിൽ ആയവനും, കലശലിട്ടു പിരിഞ്ഞാൽ പിന്നത്തതിലും കലശൽ ഇട്ടുവാൻ തുടങ്ങിയവനും, പ്രായശ്ചിത്തം അധികം വരും.

ആക്രുഷ്ടസ്യ സമാക്രോശൻ താഡിതഃ പ്രതിതാഡയൻ
ഹതപാ/തതായിനം ചൈവ നാപരാധീ ഭവേന്നരഃ. വ്യ-ര 0

ഒരുത്തൻ വാക്കിലേററം പറഞ്ഞതിനു പകരമായിട്ടു മറൊരുത്തൻ വാക്കിലേററം പറയുന്നവെങ്കിൽ ആയവനും, ഒരുത്തൻ തല്ലിയാൽ അതിനു പകരം തല്ലുന്നവനും, ആയുധം മുതലായതു കൈകൾ വച്ചുംകൊണ്ടു കൊല്ലുവാനായിട്ടു വരുന്നവനെ കൊല്ലുന്നവനും, രാജദണ്ഡം വരികയില്ല.

കാത്യായനഃ:—

അസ്പൃശ്യധൂർത്തദാസാനാം നരാണാം പാപകാരിണാം
പ്രാതിലോമ്യപ്രസൂതാനാം താഡനം നാത്മതോ ദമഃ.

[വ്യ ര ഫ

നീചന്മാരും ധൂർത്തന്മാരും വേല ഏറ്റുക്കുന്ന ദാസന്മാരും ഉൽകൃഷ്ടജാതിയിൽ ജനിച്ച സ്ത്രീയോടു നികൃഷ്ടജാതിയിൽ ജനിച്ചവൻ സംസർഗ്ഗംചെയ്തു ഉണ്ടായിരിക്കുന്നവരും ഒരു കുററം കാണിച്ചുവെങ്കിൽ ആയവരെക്കൊണ്ടു പണം പ്രായശ്ചിത്തം വാങ്ങിക്കരുതു്. അവരെ അടിപ്പിക്കണം.

യാജ്ഞവല്ക്യഃ:—

ദുഃഖേ ച ശോണിതോൽപാദേ ശാഖാംഗച്ഛേദനേ തഥാ
ദണ്ഡഃ ക്ഷുദ്രപശൂനാന്തു ദ്വിപണപ്രഭൃതിക്രമഃ. വ്യ ര ഫ

ആജം മുതലായ ക്ഷുദ്രപശുവിനെ അടിച്ചവനെക്കൊണ്ടു രണ്ടു പണവും ചോരവരുത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു നാലു പണവും കൊമ്പു മുറിയത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു് അറു പണവും കൈകാൽ മുറിച്ചവനെക്കൊണ്ടു് എട്ടു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

ലിംഗസ്യ ച്ഛേദനേ മൂത്ര്യേ മധ്യമോ മൂല്യമേവ ച
മഹാപശൂനാമേതേഷു സ്ഥാനേഷു ദ്വിഗുണോ ദമഃ.

[വ്യ ര ന

Digitized By Kerala Sahitya Akademi

അജം മുതലായ ക്ഷുദ്രപശുക്കളുടെ ലിംഗത്തിനെ ഛേദിക്കയും ക്ഷുദ്രപശുക്കളെ കൊല്ലുകയും ചെയ്താൽ ആയവനെക്കൊണ്ടു മധ്യമസാഹസം പ്രായശ്ചിത്തം ചെയ്യിച്ച് ഉടയവനു വിലയും കൊടുപ്പിക്കണം. മഹാപശുക്കളായിരിക്കുന്ന ഗോക്കളേയും അശ്വങ്ങളേയും അടിക്കയെങ്കിലും അംഗഛേദം ചെയ്കയെങ്കിലും ചെയ്താൽ മുൻപിൽപറഞ്ഞിട്ടുള്ള രണ്ടു പണം മുതലായ ദണ്ഡത്തിന് ഏരട്ടി ദണ്ഡം ചെയ്യിക്കണം.

കാത്യായനഃ—

ത്രിപണോ ദ്വാദശപണോ വധേ തു മൃഗപക്ഷിണാം
സപ്തമാജ്ജാരനകുലശ്വസൂകരവധേ ന്യൂനാം. വ്യ ര

മൃഗപക്ഷിവധംചെയ്തവനെക്കൊണ്ടു മൂന്നു പണവും സപ്തം പൂച്ച കീരി നായ് പന്നി ഈവകയെ വധിക്കുന്നവനെക്കൊണ്ടു പന്ത്രണ്ടു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ—

ഗോകുമാരീം ദേവപശുമുഷ്ടാണം വൃഷഭം തഥാ
വാഹയൻ സാഹസം പൂർവം പ്രാപ്നുയാദുത്തമം വധേ.

[വ്യ ഒ ഒ

നല്ല പശുവിനെയും ദേവന്മാക്കു വിട്ടിരിക്കുന്ന പശുവിനെയും മഹാവൃഷഭത്തേയും കൊണ്ടു ചുമടു് എടുപ്പിച്ചാൽ അവനെക്കൊണ്ടു പ്രഥമസാഹസവും മേലെഴുതിയ പശുക്കളെ വധിച്ചവനെക്കൊണ്ട് ഉത്തമസാഹസവും പ്രയാശ്ചിത്തം ചെയ്യിക്കണം.

വിഷ്ണുഃ—

ഗജാശ്വാഷ്ടഗോഘ്നാതീ ഹ്യേകകരപാദികഃ
കാര്യഃ; വിമാംസവിക്രയീ ച; ഗ്രാമ്യപശുഘ്നാതീ
കാർഷാപണശതം ദണ്ഡ്യഃ; പശുസ്വാമിനശ്ച മൂല്യം ദദ്യാൽ
പശുസ്യ പശുഘ്നാതീ; കീടോപഘ്നാതീ കാർഷാപണം.

ഗജങ്ങൾ അശ്വങ്ങൾ ഒട്ടകം ഗോവ് ഈവകകളെ വധിച്ചവന്റെ ഒരു കാലും ഒരു കൈയും ഛേദിക്കണം. അഭക്ഷ്യമായിട്ടുള്ള ഉമ്മാംസങ്ങൾ വില്ക്കുന്നവനേയും മേലെഴുതിയപ്രകാരം ചെയ്യണം. ശ്വാവ് പന്നി മുതലായതിനെ കൊല്ലുന്നവനെക്കൊണ്ടു നൂറു കാഷ്ാപണം പ്രായശ്ചിത്തം ചെയ്യിക്കണം. കൊന്നവനെ

Digitized By Kerala Sahitya Akademi

ക്കൊണ്ട് ഉടയവന്ന് വിലയും കൊടുപ്പിക്കണം. കീടത്തിനെ വധിച്ചവനെക്കൊണ്ട് ഒരു കാഷ്ഠാപണം പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ:—

മനുഷ്യമാരണേ ക്ഷിപ്രം ചോരവൽ കില്ബിഷം ഭവേൽ
പ്രാണഭൃൽസു മഹത്സത്ത്വം ഗോഹയോഷ്ട്രഗജാദിഷു.

[വ ൫൩

മനുഷ്യനെ മരിപ്പിച്ചാൽ ആയവനെക്കൊണ്ട് ഉത്തമസാഹസത്തിനുള്ള പണം ആയിരത്തെണ്ണൂറും പ്രായശ്ചിത്തം ചെയ്യിക്കണം. ഗോക്കളേയും ഒട്ടകങ്ങളേയും ഗജങ്ങളേയും അശ്വങ്ങളേയും മരിപ്പിച്ചവനെക്കൊണ്ടു മധ്യമസാഹസത്തിനുള്ള പണം ആഞ്ഞൂററിനാല്പതും പ്രായശ്ചിത്തം ചെയ്യിക്കണം ചോരകില്ബിഷം ഉത്തമസാഹസമെന്നും ആയതു് അത്ഥശൂപമെന്നും മനുവ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്.

കാത്യായനഃ:—

പ്രമാപണേ പ്രാണഭൃതാം പ്രതിരൂപന്തു ദാപയേൽ
തസ്യാന്തരൂപം മൂല്യം വാ ഭാഷ്യ ഇത്യബ്രവീന്മനുഃ. വ ൫൪

പശുക്കൾമുതലായ പ്രാണികളെക്കൊന്നവനെക്കൊണ്ടു പശുവുടയവന്ന പകരം പശുവെങ്കിലും ആ പശുവിന്റെ വിലയെങ്കിലും കൊടുപ്പിക്കണം.

യാജ്ഞവല്ക്യഃ:—

പ്രരോഹിശാഖിനാം ശാഖാസ്കന്ധസർവ്വവിദാരണേ
ഉപജീവ്യദ്രുമാണാന്തു വിംശതേർദ്വിഗുണോ ദമഃ. വ ൫൫

കൊമ്പുകൾ വെട്ടിമുറിച്ചാൽ പിന്നെയും കുരുത്തു വളർന്നുവരുന്ന ആൽ മുതലായ വൃക്ഷങ്ങളുടെ ശാഖകളെ വെട്ടിമുറിച്ചവനെക്കൊണ്ട് ഇരുപതു പണവും, ആ ശാഖകൾ ഉണ്ടാകുന്ന മൂലശാഖകളെ വെട്ടിമുറിച്ചവനെക്കൊണ്ടു നാല്പതു പണവും, ആ വൃക്ഷങ്ങളെ മൂടോടെ മുറിച്ചവനെക്കൊണ്ട് എൺപതു പണവും, ഫലാനുഭവം ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ ശാഖാച്ഛേദനം മുതലായതു ചെയ്തവനെക്കൊണ്ടു മേലെഴുതിയപ്രകാരവും പ്രായശ്ചിത്തം ചെയ്യിക്കണം.

വനസ്പതീനാം സർവ്വേഷാമുപഭോഗോ യഥാ യഥാ
തഥാ തഥാ ദമഃ കാര്യോ ഹിംസായാമിതി ധാരണാ. വ ൫൮

Digitized By Kerala Sahitya Akademi

യാതൊരു വൃക്ഷത്തെയെങ്കിലും ഛേദിച്ചോ എന്നാൽ ആ വൃക്ഷംകൊണ്ടുണ്ടാകുന്ന ഫലാനുഭവത്തിന്റെ അവസ്ഥ വിചാരിച്ചു ഛേദിച്ചവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കണം.

ചൈത്യശ്മശാനസീമാസു പുണ്യസ്ഥാനേ സുരാലയേ
ജാതദ്രുമാണാം ഛിദ്രണോ ദമോ വൃക്ഷേ/ഥ വിശ്രുതേ. വസ്ത്ര ൦

മാർഗ്ഗങ്ങളിൽ നടക്കുന്ന ജനങ്ങൾക്ക് ഇരുന്ന് ആശ്വാസം വരുന്നതിനായിട്ട് ഒരു കൽത്തറയുംകെട്ടി അതിലും അതിന്റെ സമീപപ്രദേശങ്ങളിലും ശ്മശാനപ്രദേശങ്ങളിലും എരുകസന്ധിയിലും പുണ്യസ്ഥലങ്ങളിലും ദേവാലയത്തിലും ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ ശാഖകളെ വെട്ടിമുറിച്ചവനെക്കൊണ്ടു മുൻപിൽ പ്പറഞ്ഞ ദണ്ഡത്തിന് ഏരട്ടി നാല്പതു പണവും, മൂലശാഖകളെ ഛേദിക്കുന്നവനെക്കൊണ്ട് എൺപതു പണവും, മൂടോടു മുറിച്ചവനെക്കൊണ്ട് നൂററി അറുപതു പണവും പ്രായശ്ചിത്തം ചെയ്യിക്കണം. യാഗം മുതലായ ക്രിയകൾക്കു യോഗ്യമായിരിക്കുന്ന പലാശവൃക്ഷം മുതലായതു ഛേദിക്കുന്നവനെക്കൊണ്ട് ഇപ്രകാരം തന്നെ പ്രായശ്ചിത്തം ചെയ്യിക്കണം.

കാത്യായനഃ:—

വാക്പാരുഷ്യേ യഥൈവോക്താഃ പ്രതിലോമാനുലോമതഃ
തഥൈവ ദണ്ഡപാരുഷ്യേ പാത്ര്യാ ദണ്ഡാ യഥാക്രമം.

[വ്യവഹ

ഉൽകൃഷ്ടജാതിയിലുള്ളവനെ നികൃഷ്ടജാതിയിലുള്ളവൻ അടി പിടി മുതലായ ദണ്ഡപാരുഷ്യം ചെയ്യുവെങ്കിൽ ആയവന്റെ ദണ്ഡഭേദവും, ഉൽകൃഷ്ടജാതിയിലുള്ള സ്ത്രീയോടു നികൃഷ്ടജാതിയിലുള്ളവൻ സംസർഗ്ഗംചെയ്തുണ്ടായവനെ ഒരുത്തൻ അടിക്കുയെങ്കിലും മറെറാരു ദണ്ഡപാരുഷ്യമെങ്കിലും കാണിച്ചാൽ ആയവന്റെ ദണ്ഡഭേദവും, ജാതിയുടേയും ഗുണങ്ങളുടേയും അവസ്ഥ വിചാരിച്ചു വിധിപ്പാനുള്ള ദണ്ഡഭേദവും, വാക്പാരുഷ്യത്തിൽ ചൊല്ലിയിരിക്കുന്നതിൻവണ്ണം അതേ ദണ്ഡപാരുഷ്യത്തിലും ആകുന്നത്.

ഇതി ദണ്ഡപാരുഷ്യപ്രകരണം.

Digitized By Kerala Sahitya Akademi

അഥ സ്തേയപ്രകരണം.

മനുഃ—

സാഹസം സ്യാദനപായവൽ പ്രസഭം കർമ്മ യൽ കൃതം;
നിരനപായം ഭവേൽ സ്തേയം കൃതപാപവ്യയതേ സ യൽ.

[വ്യസ

ഒരു സ്ഥലത്തു ദ്രവ്യത്തെ വച്ചു സൂക്ഷിപ്പാനായിട്ടു തവണ വച്ചു് ആളാക്കിയിരിക്കുമ്പോൾ മറെറാരുത്തൻ വന്നു ബലാൽകാരമായിട്ടു് അപഹരിക്കുന്നതു സാഹസമെന്നു പൊല്ലപ്പെട്ടം. സൂക്ഷിപ്പാനാളില്ലാതെയിരിക്കുമ്പോൾ ഒളിച്ചുവച്ചു് അപഹരിക്കുന്നതും ആളിരിക്കുമ്പോൾ വന്നു് അപഹരിച്ചുംവച്ചു പിന്നത്തതിൽ ചോദിക്കുമ്പോൾ ഞാൻ അപഹരിച്ചിട്ടില്ലെന്നു പറയുന്നതും സ്തേയമെന്നു പൊല്ലപ്പെട്ടം. സ്തേയം=മോഷണം.

നാരദഃ—

തദപി ത്രിവിധം പ്രോക്തം ദ്രവ്യാപേക്ഷം മഹർഷിഭിഃ
ക്ഷുദ്രമധ്യോത്തമാനാന്തു ദ്രവ്യാണാമപകർഷണാൽ. വ്യസ

ക്ഷുദ്രദ്രവ്യമെന്നും മധ്യമദ്രവ്യമെന്നും ഉത്തമദ്രവ്യമെന്നും മൂന്നവിധം. ഈ മൂന്നിൽ ക്ഷുദ്രദ്രവ്യത്തെ അപഹരിച്ചാൽ അതിനു പ്രഥമസാഹസമെന്നും മധ്യമദ്രവ്യാപഹാരത്തിനു മധ്യമസാഹസമെന്നും ഉത്തമദ്രവ്യാപഹാരത്തിന് ഉത്തമസാഹസമെന്നും ഇപ്രകാരം ദ്രവ്യഭേദംകൊണ്ടു മേലെഴുതിയ സാഹസവും മൂന്നവിധമെന്നു മഹർഷികളാൽ പൊല്ലപ്പെട്ടു.

മൃദ്ഭാണ്ഡാസനഖടപാസ്ഥിദാരുചർമ്മതൃണാദി യൽ
രമീധാന്യം കൃതാന്നം ച ക്ഷുദ്രദ്രവ്യമുദാഹൃതം. വ്യസ

ചട്ടി കലം മുതലായവയും, ആസനം കട്ടിൽ അസ്ഥി മരം തേങ്ങൽ പുല്ലു വയ്ക്കോൽ മുതലായവയും, തൃണങ്ങളും ഉഴുന്നു പയറു മുതലായവ, ധാന്യം ചോറ്, ഈ വകകളും ഒക്കയും ക്ഷുദ്രദ്രവ്യങ്ങളാം.

വ്യാസഃ—

കൌശേയവജ്രം വസനം ഗോവജ്രം പശവസ്തഥാ
ഹിരണ്യവജ്രം ലോഹാനാം മധ്യം വ്രീഹിയവാ അപി.

[വ്യസ

Digitized By Kerala Sahitya Akademi

പട്ടവസ്ത്രം നീക്കിയിട്ടുള്ള വസ്ത്രങ്ങളും, ഗോവു നീക്കിയിട്ടുള്ള ക്ഷുദ്രപശുക്കളും, സ്വർണ്ണം നീക്കിയിട്ടുള്ള ലോഹങ്ങളും, നെല്ലും യവധാന്യവും, മധ്യമദ്രവ്യം.

ഹിരണ്യരത്നകൌശേയസ്ത്രീപുംഗോഗജവാജിനഃ
ദേവബ്രാഹ്മണരാജ്ഞാം ച ദ്രവ്യം വിജ്ഞേയമുത്തമം. വ്യന്യസ്യ

സ്വർണ്ണം, രത്നം, പട്ടവസ്ത്രം, സ്ത്രീകൾ, പുരുഷന്മാർ, ഗോക്കൾ, ആന, കുതിര ഈ വകകൾ ഒക്കയും ഉത്തമദ്രവ്യങ്ങൾ.

പ്രകാശാശ്ചാപ്രകാശാശ്ച തസ്കരാ ദ്വിവിധാ മതാഃ;
സപ്തഭിർഹേതുഭിരേവ വിജ്ഞേയാശ്ചാദ്യതസ്കരവേദിഭിഃ.

[വ്യന്യെ

പ്രകാശമായിട്ടു മോഷ്ടിക്കുന്നവരും അറിയാതെ രഹസ്യമായിട്ടു മോഷ്ടിക്കുന്നവരും ഇപ്രകാരം തസ്കരന്മാർ രണ്ടുവിധം. ഇപ്രകാരമുള്ള തസ്കരന്മാരെ തസ്കരന്മാരുടെ ലക്ഷണങ്ങളെ അറിഞ്ഞിരിക്കുന്ന ആളുകളെ അയച്ചു ചോരന്മാരുടെ ചിഹ്നങ്ങളെക്കൊണ്ട് അറിയണം.

നാരദഃ:—

പ്രകാശവഞ്ചകാസ്തത്ര ക്രൂടമാനതുലാശ്രിതാഃ
ഉൽകോചകാസ്സോപധികാഃ കിതവാഃ പണ്യയോഷിതഃ

[വ്യന്യവ

പ്രതിരൂപകരാശ്ചൈവ മംഗലാദേശവൃത്തയഃ
ഇത്യേവമാദയോ ജ്ഞേയാഃ പ്രകാശാസ്തസ്കരാ ദ്വിധാ. വ്യന്യൻ

അടുക്കൽ ഇരുന്നു നോക്കിയിരിക്കുമ്പോഠം അളക്കുന്ന നാഴി ഇടങ്ങഴി മുതലായതുകൊണ്ടും തൂക്കുന്ന ത്രാസു മുതലായതുകൊണ്ടും അളക്കുന്നതിലും തൂക്കുന്നതിലും ദ്രവ്യങ്ങളെ അപഹരിക്കുന്നവരും, കൈക്കൂലിവാങ്ങിക്കുന്നവരും, വ്യാജക്കാരും, ധൂർത്തന്മാരും, വേശ്യാസ്ത്രീകളും, ഉരുപ്പടി മാറാട്ടംചെയ്യുന്നവരും, കാവിവസ്ത്രം മുതലായത് ഉടുത്തു യോഗീശ്വരന്മാരുടെ വേഷധാരികളായിട്ടു വന്നു ദ്രവ്യങ്ങളെ അപഹരിക്കുന്നവരും പ്രകാശതസ്കരന്മാർ.

നാരദഃ:—

അപ്രകാശാസ്തു വിജ്ഞേയാ ബഹിരന്തരാശ്രിതാഃ
സൂപ്തമത്തപ്രമത്താംശ്ച മുഷ്ണന്ത്യാക്രമ്യ യേ നരാഃ. വ്യ ൦

ഉറങ്ങുന്നവരേയും മദ്യപാനംചെയ്തിട്ടും ചിത്തഭ്രമംകൊണ്ടും

Digitized By Kerala Sahitya Akademi

മടിച്ചിരിക്കുന്നവരേയും വഞ്ചിച്ച് അകത്തും പുറത്തും സഞ്ചരിച്ചു ദ്രവ്യങ്ങളെ അപഹരിക്കുന്ന മനുഷ്യർ അപ്രകാശതസ്കരന്മാർ.

സന്ധിച്ഛിദഃ പാന്ഥമുഷോ ഭേചതുഷ്പദഹാരിണഃ
ഉൽക്ഷേപകാസ്സുസ്വഹരാ ജ്ഞേയാഃ പ്രച്ഛന്നതസ്കരാഃ.

[വ്യ ൈ ഫ

ഭവനങ്ങളുടെ മധ്യത്തിൽ വച്ചിരിക്കുന്ന ഭിത്തിയെ ഇടിച്ച് അകത്തുകടന്ന ദ്രവ്യത്തെ അപഹരിക്കുന്നവരും, വഴിനടക്കുന്നവരുടെ പക്കൽ ഉള്ള ദ്രവ്യം വഴിയിൽ വച്ച പിടിച്ചുപറിക്കുന്നവരും, നാല്ക്കാലിജന്തുക്കളേയും കോഴിമുതലായ രണ്ടുകാൽ ജന്തുക്കളേയും അപഹരിക്കുന്നവരും, ഒരു വസ്ത്രത്തിൽ കെട്ടിവച്ചിരിക്കുന്ന ദ്രവ്യങ്ങളെ ഉടയവന്റെ അജാഗ്രതനോക്കി ആ വസ്ത്രത്തോടുകൂടി അപഹരിച്ചു കൊണ്ടുപോകുന്നവരും, വിളവ് അപഹരിച്ചുകൊണ്ടുപോകുന്നവരും അപ്രകാശതസ്കരന്മാർ എന്ന് അറിഞ്ഞുകൊള്ളണം.

വ്യാസഃ:—

ഉൽക്ഷേപകസ്സന്ധിഭേത്താ പാന്ഥമുഡ്ഗ്രന്ഥിഭേദകഃ
സ്ത്രീപുംഗോഽശപശ്വസ്തേയീ ചോരോ നവവിധഃ സ്മൃതഃ.

[വ്യ ൈ ഫ

വസ്ത്രങ്ങളിൽ കെട്ടിവച്ചിരിക്കുന്ന ദ്രവ്യം മേലെഴുതിയപ്രകാരം അപഹരിക്കുന്നവനും, ഭിത്തിയിടിച്ച് അപഹരിക്കുന്നവനും, വഴിയിൽവച്ച പിടിച്ചുപറിക്കുന്നവനും, മന്ത്രി അഴിച്ച് അപഹരിക്കുന്നവനും, സ്ത്രീകളെ പിടിച്ചുകൊണ്ടുപോകുന്നവനും, പുരുഷന്മാരെ പിടിച്ചുകൊണ്ടുപോകുന്നവനും, ഗോവിനെ പിടിച്ചുകൊണ്ടുപോകുന്നവനും, കുതിരയെ കൊണ്ടുപോകുന്നവനും, പശുവിനെ കൊണ്ടുപോകുന്നവനും, ഇപ്രകാരം ചോരന്മാർ ഒൻപതുവിധം.

മനുഃ:—

താൻ വിദിത്വാ സുചരിതൈർഗ്രൂഢൈസ്തൽകർമ്മകാരിഭിഃ
ചാരൈശ്ചാനേകസംസ്ഥാനൈഃ പ്രോത്സാഹ്യ വശമാനയേൽ.

[വ്യ ൈ ഫ

ചോരന്മാരുടെ ലക്ഷണമറിഞ്ഞു പിടിക്കുന്നതിനു സമർത്ഥന്മാരായിരിക്കുന്ന ചാരപുരുഷന്മാരെ നാലുദിക്കുകളിലുമാക്കി ചോര

Digitized By Kerala Sahitya Akademi

ന്മാരെ പിടിച്ച് ഏൽപ്പിച്ചാൽ അവക്ക് വേണ്ടുന്ന സമ്മാനം കൊടുക്കാമെന്നു പറഞ്ഞു സന്തോഷിപ്പിച്ച് അവരെക്കൊണ്ടു ചോരന്മാരെ പിടിപ്പിക്കണം.

തേഷാം ദോഷാനഭിഖ്യാപ്യ സ്വേ സ്വേ കർമ്മണി തത്പരാഃ
കുവ്വീത ശാസനം രാജാ സമ്യക് സാരാപരാധതഃ. വ്യ ൈ൪

മേലെഴുതിയപ്രകാരം ചോരന്മാരെ പിടിച്ച് അവർ ചെയ്ത മോഷണം മുതലായ കർമ്മങ്ങളിൽ ഉണ്ടായിരിക്കുന്ന ദോഷങ്ങളെ പ്രസിദ്ധപ്പെടുത്തി അവർ ചെയ്ത ദോഷങ്ങളുടെ അവസ്ഥയ്ക്കു തക്ക വണ്ണം സമ്യക്കായിട്ട് രാജാവു ദണ്ഡിപ്പിക്കണം.

മനുഃ—

പരമം യത്നമാതിഷ്ഠേൽ സ്തേനാനാന്നിഗ്രഹേ നൃപഃ;
സ്തേനാനാന്നിഗ്രഹാദസ്യ യശോ രാഷ്ട്രഞ്ച വർദ്ധതേ. വ്യ ൈ ൈ

ചോരന്മാരെ ദണ്ഡിപ്പിക്കുന്നതിനു രാജാവു നല്ലവണ്ണം യത്നം ചെയ്യണം. ചോരന്മാരെ പിടിച്ചു നിഗ്രഹംചെയ്താൽ അതുകൊണ്ടു രാജാവിനു യശസ്സും രാജ്യവും വർദ്ധിക്കും.

അശാസംസ്തസ്കരാൻ യസ്തു ബലിം ഗൃഹ്ണാതി പാർത്ഥിവഃ
തസ്യ പ്രക്ഷുഭ്യതേ രാജ്യം സപദ്യാച്ച പരിഹീയതേ. വ്യ ൈ൯

സമ്യക്കായിട്ടു ചോരന്മാരെ വിചാരിച്ചു ശിക്ഷിക്കാതെ പ്രജകളോട് കരംമാത്രം വാങ്ങിച്ചുവരുന്ന രാജാവിന്റെ രാജ്യം ക്ഷയത്തെ പ്രാപിക്കും. ആ രാജാവിനു പുണ്യലോകഹാനിയും വരും.

വ്യാസഃ—

തുലാമാനവിശേഷേണ ലേഖ്യേന ഗണനേന ച
അഹ്നസ്യ വൃദ്ധിഗ്രാസേന മുഷ്ണന്തി വണിജോ നരാൻ. വ്യ ൈ ൈ
തുലാശാസനമാനാനാം കൂടകൃന്നാണകസ്യ ച
ഏഭിശ്ച വ്യവഹർത്താ ച സ ദാപ്യോ ദമമുത്തമം. വ്യ ൈ വ

ത്രാസുകൊണ്ടു തൂക്കുന്നതിലും, ഇടങ്ങഴി മുതലായതുകൊണ്ട് അളക്കുന്നതിലും, ലേഖ്യങ്ങളിൽ കൃട്ടിയും കുറച്ചും-എഴുതിയും, എണ്ണത്തിൽ കുറച്ചും, ഇപ്രകാരം വ്യാജമായിട്ടു വ്യാപാരികളും ദ്രവ്യങ്ങളെ അപഹരിക്കും. വ്യാജമായിട്ടു കൃട്ടിയും കുറച്ചും ത്രാസും പടിയും ഉണ്ടാക്കിവയ്ക്കുകയും, വ്യാജമായിട്ടു ലേഖ്യം എഴുതിയുണ്ടാക്കിവയ്ക്കുകയും, ഇടങ്ങഴി മുതലായതിൽ കൃട്ടിയും കുറച്ചുമുണ്ടാക്കി

Digitized By Kerala Sahitya Akademi

വയ്ക്കുകയും, കള്ളക്കമ്മട്ടം അടിക്കുകയും, ഇപ്രകാരം വ്യാജം ചെയ്യുന്നവരെക്കൊണ്ടും അവരോടുകൂടി നടക്കുന്നവരെക്കൊണ്ടും ഉത്തമസാഹസം ആയിരത്തിഎൺപതു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:

ഭേഷജസ്നേഹലവണഗന്ധധാന്യഗുഡാദിഷു
പണ്യേഷു പ്രക്ഷി ൻ ഹീനം പണാൻ ദാപ്യസ്തു ഷോഡശ.

[വ്യ ൻ

ഔഷധങ്ങളും എണ്ണകളും ഉപ്പ് ഗന്ധവസ്തുക്കളും ധാന്യങ്ങളും ശക്കരമുതലായത്, ഇങ്ങനെയുള്ള ചരക്കുകളിൽ ലാഭം എടുക്കേണ്ടുന്നതിനു കൂട്ടുചേർത്തു വില്ക്കുന്നവരെക്കൊണ്ടു പതിനാറു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

മിത്ഥ്യാവദൻ പരീമാണം ശ്രുല്കസ്ഥാനാദപക്രമൻ
ദാപ്യസ്തച്ഛുല്കഗ്രഹണം യശ്ച സവ്യാജക്രയവിക്രയീ. വ്യ വ്യ o

ചുങ്കസ്ഥലത്തിൽ കൊണ്ടുവന്നിട്ടിരിക്കുന്ന ചരക്കിനെ ചുങ്കസ്ഥലത്തിലുള്ള ആളുകൾ എത്രയുണ്ടെന്നു ചോദിക്കുമ്പോൾ തോഷ്ക്കായിട്ടു കുറച്ചു പറയുന്നവനെക്കൊണ്ടും, തീരുവകൊടുക്കാതെ ചുങ്കസ്ഥലം കടന്നു ചരക്കുകൊണ്ടുപോയവനെക്കൊണ്ടും, വ്യാജച്ചരക്കു വില്ക്കുന്നവനെക്കൊണ്ടും വാങ്ങിക്കുന്നവനെക്കൊണ്ടും ആ ചരക്കിന്റെ വിലയിൽ ഒന്നിന് എട്ടുപങ്കു പ്രായശ്ചിത്തം ചെയ്യിക്കണം.

അല്പപ്രക്ഷേപണാദപിംശം ഭാഗം ശ്രുല്കം നൃപോ ഹരേൽ;
*വ്യാസിദ്ധം രാജയോഗ്യം ച വിക്രീതം രാജഗാമി തൽ. വ്യ വ്യ ഫ

ചരക്കുകൾക്കു രാജാജ്ഞപ്രകാരം വച്ചിരിക്കുന്ന വിലയിൽ ഇരുപതിൽ ഒന്നു ചുങ്കം വാങ്ങിക്കണം. ഇന്ന ചരക്ക് ഇന്നേടത്തു കൊണ്ടുവന്നു വില്ക്കരുതെന്നു ചട്ടം വച്ചിരിക്കുമ്പോൾ, അതു തഴിച്ചു വിറ്റ ചരക്കും, രാജയോഗ്യങ്ങളായിട്ടുള്ള രത്നങ്ങളെ രാജാവിനെ ബോധിപ്പിക്കാതെ വിറ്റു എങ്കിൽ അതുമുതലും വിലകൊടുക്കാതെ രാജാവിനു സിദ്ധിക്കും.

ബൃഹസ്പതിഃ:—

അജ്ഞാതൗഷധമന്ത്രസ്യ യസ്യ വ്യാധേരതത്ത്വവിൽ
രോഗിഭ്യോ ദ്രവ്യമാദത്തേ സ ദണ്ഡ്യശ്ചോരവൽ ഭിഷക്.

[വ്യ വ്യ ഫ

* വ്യാസിദ്ധം=വ്യാജച്ചരക്ക്.

Digitized By Kerala Sahitya Akademi

ഔഷധങ്ങളുടെ സ്വരൂപത്തേയും, മന്ത്രങ്ങളുടെ സ്വരൂപത്തേയും, വ്യാധിയുടെ സ്വരൂപത്തേയും അറിയാതെ ഒന്നിനൊന്നായിട്ടു വൈദ്യംചെയ്തു രോഗികളോടു ദ്രവ്യത്തെ വാങ്ങിക്കുന്ന വൈദ്യനെ ചോരനെപ്പോലെ ദണ്ഡിപ്പിക്കണം.

ചികിത്സകാനാം സർവ്വേഷാം മിത്ഥ്യാപ്രചരതാം ഭൃശം
അമാനുഷേഷു പ്രഥമോ മാനുഷേഷു തു മധ്യമഃ. വ്യ വ്യ

ഔഷധം അറിയാതേയും, വ്യാധിയുടെ തിട്ടം അറിയാതേയും ഇന്ന വ്യാധിക്ക് ഇന്നപ്രകാരം ഔഷധംകൊണ്ടു നിവൃത്തിവരുമെന്നു തോന്നുംപറഞ്ഞു സഞ്ചരിക്കുന്ന വൈദ്യന്മാർ, മനുഷ്യർക്കിഷ്ടമുള്ള പുസ്തകം മുതലായതിൽ മേലെഴുതിയപ്രകാരം ഔഷധപ്രയോഗം ചെയ്താൽ പ്രഥമസാഹസവും, മനുഷ്യരോടു പ്രയോഗിച്ചാൽ മധ്യമസാഹസവും, പ്രായശ്ചിത്തം ചെയ്യണം.

യാജ്ഞവല്ക്യഃ—

കൂടസ്വർണ്ണവ്യവഹാരീ വിമാംസസ്യ ച വിക്രയീ
*ത്ര്യംഗഹീനസ്യ കർത്തവ്യോ ദാപ്യശ്ചോത്തമസാഹസം. വ്യ വ്യ

സ്വർണ്ണത്തിൽ ചെമ്പു മുതലായതുചേർത്തു വില്ക്കുന്നവനേയും, ദുർമ്മാംസം വില്ക്കുന്നവനേയും മൂന്ന് അംഗങ്ങൾക്കു കുറവുവരുത്തി ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിക്കണം.

വസാനസ്യാപണാൻ ദണ്ഡ്യോ രജകസ്യ പരാംശുകം;
വിക്രയാവക്രയാധാനയാചിതേഷു പണാന്ദശ. വ്യ വ്യ

അലക്കുവാൻ കൊടുത്തിരിക്കുന്ന വസ്ത്രങ്ങളെ രജകൻതന്നെ എടുത്ത് ഉടുത്താൽ അവനെക്കൊണ്ടു മൂന്നു പണവും, മേലെഴുതിയപ്രകാരമുള്ള വസ്ത്രങ്ങളെ വില്ക്കുകയും, മാറിക്കൊടുക്കുകയും, പണയം വയ്ക്കുയും, എരവലായിട്ടു മറെറാരുത്തനു കൊടുക്കുകയും ചെയ്യുന്ന രജകനെക്കൊണ്ടു പത്തു പണവും, പ്രായശ്ചിത്തം ചെയ്യിക്കണം. വസ്ത്രങ്ങൾ വില്ക്കുയും കളകയും ചെയ്താൽ വസ്ത്രത്തിന്റെ അവസ്ഥപോലെയുള്ള വില രജകനെക്കൊണ്ട് ഉടയവനു കൊടുപ്പിക്കണമെന്നു താൽപര്യം.

മുച്ചമ്മമണിസൂത്രായഃകാഷ്ഠവല്കലവാസസാം
അജാതൌ ജാതികരണേ വിക്രയേഷ്ടഗുണോ ദമഃ. വ്യ വ്യ

* 'അംഗഹീനസ്യ' എന്നു മിതാക്ഷരയിൽ.

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ—

അല്പമൂല്യന്തു സംസ്കൃത്യ നയന്തി ബഹുമൂല്യതാം
സ്ത്രീബാലകാൻ വഞ്ചയന്തി ദണ്ഡ്യാസ്തേ/ത്ഥാനുസാരതഃ.

[വ്യ വ്യ ൭

ഏറെ വിലപിടിക്കാതെ ഇരിക്കുന്ന വസ്തുവിൽ ലാഭത്തിനായിട്ട മറെറാരു വസ്തുചേത്തു വില്ക്കുന്നവന്റെ ദണ്ഡത്തെ പൊ ല്ലുന്നു. —നല്ലമണ്ണിൽ ഗന്ധങ്ങളം ചേത്തു വില്ക്കയും, പൂച്ചത്തോലിൽ പുള്ളികുത്തി പുലിത്തോലെന്നു പറഞ്ഞു വില്ക്കയും, സ്ഫടികത്തിൽ ചായംതേച്ചു മുകപ്പുരത്നമെന്നു കാണിച്ചു വില്ക്കയും, പരുത്തിനൂലിൽ ചായംകേററി പട്ടനൂൽ എന്നുപറഞ്ഞു വില്ക്കയും, ഇരുമ്പിൽ വെള്ളിപൂശി വെള്ളിയെന്നുപറഞ്ഞു വില്ക്കയും, ബിലപകാഷ്ഠത്തിൽ ഗന്ധവസ്തുക്കളെക്കൊണ്ടു വാസനകേററി ചന്ദനമുട്ടിയെന്നുപറഞ്ഞു വില്ക്കയും, പരുത്തിനൂലുകൊണ്ടുണ്ടാക്കിയ വസ്ത്രത്തിൽ ചായംകേററി പട്ടെന്നുപറഞ്ഞു വില്ക്കയും, ഇപ്രകാരം ചെയ്യുന്നവരെക്കൊണ്ടു് അതുമാതിരിക്കുള്ള നല്ലചരക്കിന്റെ വിലയിൽ എട്ടുപങ്കു പ്രായശ്ചിത്തം ചെയ്യിക്കണം. ഇപ്രകാരം വിലപിടിയാത്ത വസ്തുവിൽ കൂട്ടുചേത്തു വളരെ വിലകാണത്തക്കവണ്ണം ഉണ്ടാക്കി സ്ത്രീബാലന്മാരെ വഞ്ചിച്ചു വില്ക്കുന്നവനെക്കൊണ്ടു് അതുതാനുരൂപമായിട്ട പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ—

സർവ്വകണ്ടകപാപിഷ്ഠം ഹേമകാരന്തു പാർത്ഥിവഃ
പ്രവർത്തമാനമന്യായേ ഛേദയേല്ലുവശഃ ക്ഷുരൈഃ. വ്യ വ്യ വ്യ

ലോകത്തിലുള്ള ചോരന്മാരിൽ എതുമയും പാപിഷ്ഠനായും വളരെ അന്യായത്തിൽതന്നെ പ്രവർത്തിച്ചവനായും ഇരിക്കുന്നതുകൊണ്ടു് ഖണ്ഡം ഖണ്ഡമായിട്ട ഛേദിക്കണം.

നാരദഃ—

ലോഹാനാമപി സർവ്വേഷാം ഹേതുരഗ്നിഃ ക്രിയാവിധൌ
ക്ഷയസ്സംക്രിയമാണാനാം തേഷാം ദൃഷ്ടോ/ഗ്നിസംഗമാൽ.

[വ്യ വ്യൻ

Digitized By Kerala Sahitya Akademi

പൊൻ വെള്ളി ഇരുമ്പു മുതലായ പഞ്ചലോഹങ്ങളെ അഗ്നിയിൽ ഇട്ടു പഴുപ്പിച്ച് അടിക്കുമ്പോൾ കുറവുണ്ടെങ്കിൽ തിട്ടം വരുന്നതാകകൊണ്ടു മേലെഴുതിയ പഞ്ചലോഹങ്ങളുടെ പരീക്ഷയിൽ അഗ്നി ഹേതുവായിട്ടുള്ളതു്

യാജ്ഞവല്ക്യഃ—

അഗ്നൌ സുവർണ്ണമക്ഷീണം രജതേ ദ്വിപലം ശതം
അഷ്ടൌ തു ത്രപുസീസേഷു താമ്രേ പഞ്ച ദശായസി.

[വ്യൻ ൦

നല്ല സുവർണ്ണത്തിനെ അഗ്നിയിൽ ഇട്ട് എത്ര പ്രാവശ്യം പഴുപ്പിച്ചാലും തൂക്കത്തിനു കുറവു വരികയില്ല. എന്നതുകൊണ്ടു ആഭരണമുണ്ടാക്കുന്നതിനു തട്ടാന്മാരുടെ കൈയിൽ തൂക്കി തിട്ടംവരുത്തി സ്വർണ്ണത്തിനെ കൊടുത്താൽ അതുയും തൂക്കം കാണിച്ചു് ആഭരണമുണ്ടാക്കി കൊടുക്കണം. വെള്ളിയിൽ നൂറു പലത്തിനു ണ്ടു പലവും നാകത്തിലും ഈയത്തിലും നൂറിന് എട്ടു പലവും ചെമ്പിൽ അഞ്ചു പലവും ഇരുമ്പിൽ പത്തു പലവും കാച്ചി അടിക്കുമ്പോൾ കുറവു വരും.

മനുഃ—

തന്തുവായോ ദശപലം ദദ്യാദേകപലാധികം
ജതോഽന്യഥാ വർത്തമാനോ ദണ്ഡ്യോ ദ്വാദശകം പണം.

[വ്യൻ ഫ

തന്തുവായൻ വസ്ത്രം നെയ്യുന്നതിനു നൂലു തൂക്കി എടുപ്പിച്ചാൽ വസ്ത്രമായിട്ടു കൊടുക്കുമ്പോൾ പത്തു പലത്തിന് ഒരുപലം അധികം കൂട്ടി കൊടുക്കണം. ഇപ്രകാരം ചെയ്യാതെ കുറവുവരുത്തിയാൽ അയവനെക്കൊണ്ടു പന്ത്രണ്ടു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ—

ശതേ ദശപലാ വൃദ്ധിരൌർണ്ണേ കാർപ്പാസികേ തഥാ
മധ്യേ പഞ്ചപലാ സൂത്രേ സൂക്ഷ്മേ തു ത്രിപലാ മതാ. വ്യൻ വ

കരിമ്പടം മുതലായതു് ഉണ്ടാക്കുന്നതിന് ആടുവിശേഷത്തിന്റെ രോമങ്ങളും മൃഗവിശേഷത്തിന്റെ രോമങ്ങളും നൂറു പലത്തിനു പത്തു പലം അധികമായിട്ടും, മുത്തും കട്ടിനൂലുകളെ തൂക്കി വസ്ത്രംനെയ്യുന്നതിനു എടുപ്പിച്ചാൽ മേലെഴുതിയപ്രകാരം

Digitized By Kerala Sahitya Akademi

പഞ്ഞു പലം അധികമായിട്ടും, നടുത്തരത്തിൽ ഉള്ള നൂല് ഏഴും പ്പിച്ചാൽ നൂറിന് അഞ്ചുപലവും സൂക്ഷ്മമായിട്ടുള്ള നൂല് ഏഴും പ്പിച്ചാൽ നൂറിന മൂന്നുപലവും അധികമായിട്ടും വസ്ത്രമായിട്ട കൊടുക്കുമ്പോൾ തൂക്കിക്കൊടുക്കണം.

തിംശാംശോ രാമബദ്ധസ്യ ക്ഷയശ്ചമ്മകൃതസ്യ ച;
കൌശേയവല്കലാദീനാം നൈവ വൃദ്ധിർന ച ക്ഷയഃ. വ്യൻന

വണ്ണമുള്ള പരമധാനി നെയ്യുന്നതിന് ഏൎപ്പിച്ച പട്ടുകളിലും തുരുത്തി മുതലായതു് ഉണ്ടാക്കുന്നതിന് ഏൎപ്പിച്ച തോലുകളിലും ഉരുപ്പടി ഉണ്ടാക്കുമ്പോൾ മുപ്പതിലൊന്നു കുറവുവരും. പട്ടു നെയ്യുന്നതിന് ഏൎപ്പിച്ച പട്ടുനൂലിലും വല്കലവിഷയത്തിലും ക്രൂടുതലും കുറവും വരികയില്ല. വല്കലം = വൃക്ഷവിശേഷത്തിന്റെ തൊലി.

വിശ്വാമിത്രഃ:—

ഷാണ്മസികമഥോ വാസ ഉത്തരഞ്ചാബ്ദികം ഭവേൽ
ദ്വിവഷ്ടന്തു പ്രാവരണം യഥാഭോഗം പയോ ഗവാം. വ്യൻ ൪
ദേശം കാലഞ്ച ഭോഗഞ്ച ജ്ഞാത്വാ നഷ്ടേ ബലാബലം
ദ്രവ്യാണാം കുശലാ ബ്രൂയുസ്തത്ത്വാപ്യമസംശയം. വ്യൻ ൫

വസ്ത്രം പുതപ്പു മുതലായതു് ഒരുത്തന്റെ പക്കൽ ഏൎപ്പിച്ചിരിക്കുമ്പോൾ കളഞ്ഞുപോയാൽ അതു വാങ്ങിച്ചു് ആറുമാസം ഒരു വർഷം രണ്ടുവർഷം അനുഭവിച്ചതാകുന്നുവെങ്കിൽ അക്കാലത്തിന്റേയും അനുഭവത്തിന്റേയും അവസ്ഥ വിചാരിച്ചു നാലുപേർ പറഞ്ഞതിൻവണ്ണം ഉള്ള വില കളഞ്ഞവനെക്കൊണ്ടു് ഒരു സംശയംകൂടാതെ കൊടുപ്പിക്കണം.

മനുഃ:—

സന്ധിം ഛിത്ത്വാ തു യേ ചൌര്യം രാത്രൌ കുർവന്തി തസ്കരാഃ
തേഷാമ്ഛിത്ത്വാ തുപോ ഹസ്തൌ തീക്ഷ്ണാഗ്രേ നിഹാത-
[യേൽ. വ്യൻന

രാത്രികാലത്തിൽ ഭവനം മുതലായതിന്റെ ചുവരിടിച്ചു് അകത്തുകടന്നു ദ്രവ്യങ്ങളെ മോഷ്ടിക്കുന്ന ചോരന്മാരുടെ ഹസ്തങ്ങളെ ഛേദിച്ചു രാജാവു മേലെഴുതിയ ചോരന്മാരെ ശൂലത്തിൽ ഇട്ടുവിക്കണം.

Digitized By Kerala Sahitya Akademi

മന്വഃ.—

പുരുഷാണാം കുലീനാനാം നാരീണാഞ്ച വിശേഷതഃ
മുഖ്യാനാഞ്ചൈവ രത്നാനാം ഹരണേ വധമർഹതി. വ്യൻ൬

വലിയതറവാട്ടിൽ ജനിച്ചിരിക്കുന്ന പുരുഷന്മാരെ അപഹരിച്ചുകൊണ്ടുപോകുന്നവനേയും സ്ത്രീകളെ അപഹരിച്ചുകൊണ്ടുപോകുന്നവനേയും വലുതായിട്ടുള്ള രത്നങ്ങൾ അപഹരിക്കുന്നവനേയും വധിക്കണം. അടിക്കുന്നതും കൊല്ലുന്നതും ഇതല്ലാതെ ഉപദ്രവിക്കുന്നതും വധശബ്ദത്തിന്റെ അർത്ഥം; അതായതു കായ്ത്തിന്റെ അവസ്ഥപോലെ ഇതിൽ ഒന്നിനാൽ ദണ്ഡിക്കണമെന്ന താൽപര്യം.

സ്ത്രീഹർത്താ ലോഹശയനം ദഗ്ധവ്യോ വൈ കടാഗ്നിനാ;
നരഹർത്താ ഹസ്തപാദൌ ഛിത്ത്വാ സ്ഥാപ്യശ്ചതുഷ്പഥേ.

[വ്യൻ൭

സ്ത്രീകളെ അപഹരിക്കുന്നവനെ ഇരുമ്പുപാളം പഴുപ്പിച്ച് അതിലിട്ടു ദഹിപ്പിക്കണം. പുരുഷന്മാരെ അപഹരിക്കുന്നവന്റെ ഹസ്തത്തിനേയും പാദത്തിനേയും ഛേദിച്ചു നാലുവഴിക്കുട്ടുന്ന സന്ധിപ്രദേശത്തിൽ ആക്കണം.

പാന്ഥമുട്കണ്ടകാദ്ധേ ത്വ ബദ്ധ്വാ വൃക്ഷേ വലംബയേൽ.
സപദേശഘ്നാതിനോ യേ സ്യുസ്ത്വാ മാർഗ്ഗനിരോധിനഃ
തേഷാം സർവ്വസ്വമാദായ രാജാ ശൂലേ നിവേശയേൽ. വ്യൻ൮

വഴിനടക്കുന്നവരെ വഴിമദ്ധ്യേ തടഞ്ഞു അവരുടെ പക്കലുള്ള ദ്രവ്യങ്ങളെ പിടിച്ചുപറിച്ച് അപഹരിക്കുന്നവന്റെ സർവ്വസ്വവും എടുത്തു രാജാവ് ആയവനെ ശൂലത്തിൽ ഇടുവിക്കണം.

നാരദഃ:—

രാജ്ഞഃ കോശാപഹർത്തുംശ്ച പ്രാതിക്ര്യേഷു പണ്ഡിതാൻ
അരണാമുപജപ്തുംശ്ച ഘാതയേദവിചാരയൻ.

[൯൦൦

രാജാവിന്റെ മൂലധനത്തെ അപഹരിക്കുന്നവരേയും രാജാവിങ്കൽ വിപരീതം ചെയ്യുന്നവരേയും രാജാവിനു ശത്രുവായിരിക്കുന്നവരുടെ അടുക്കൽ ചെന്നു രാജ്യത്തിന്റെ മർമ്മങ്ങളെ രഹസ്യമായിട്ട് ഉപദേശിക്കുന്നവരേയും അനേകവിധമായിട്ടുള്ള വധബന്ധത്താൽ ശിക്ഷിക്കണം.

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ:—

ഗോഹർത്തുന്നാസികാം ഛിത്വാ ബദ്ധ്വാ ചാംഭസി മജ്ജയേൽ.

ഗോവിനെ അപഹരിക്കുന്നവന്റെ മൂക്കറുത്തു പിടിച്ചു കെട്ടി വെള്ളത്തിൽ മുക്കിക്കണം.

യാജ്ഞവല്ക്യഃ:—

ബന്ദിഗ്രാഹാംസ്ഥഥാ വാജികുഞ്ജരാണാഞ്ച ഹാരിണഃ
പ്രസഹ്യ ഘാതിനശ്ചൈവ ശൂലാരോപയേന്നരാൻ. ൯൦൫

ബന്ദിഹാരികളേയും ആനകുതിരകളെ അപഹരിക്കുന്നവരേയും മറ്റും ശൂലത്തിൽ ഇടുവിക്കണം.

ഉൽക്ഷേപകഗ്രന്ഥിഭേത്തൌ കരസന്ദംശഹീനകൌ
കായ്യൌ ദ്വിതീയാപരാധേ കരപാദൈകഹീനകൌ ൯൦൬
അംഗുലീർഗ്രന്ഥിഭേദസ്യ ച്ഛേദയേൽ പ്രഥമേ ഗ്രഹേ
ദ്വിതീയേ ഹസ്തചരണൌ തൃതീയേ വധമർഹതി. ൯൦൭

മടിശ്ശീലമുതലായതിൽ വച്ചിരിക്കുന്ന ദ്രവ്യം സമയംനോക്കി എടുത്തുകൊണ്ടുപോകുന്നവന്റേയും മന്ത്രി അഴിച്ചു ദ്രവ്യങ്ങൾ കൊണ്ടുപോകുന്നവന്റേയും അഴിച്ച് എടുക്കുന്നതിനു ഹേതുവായിട്ടുള്ള അംഗുഷ്ഠം തർജ്ജനി ഈ രണ്ടുവിരലും ഛേദിക്കണം. ഇപ്രകാരം ഒരിക്കൽചെയ്തിട്ടും രണ്ടാംപ്രാവശ്യവും തുടങ്ങിയാൽ അയവന്റെ ഒരു കൈയും കാലും ഛേദിക്കണം. മൂന്നാം പ്രാവശ്യവും തുടങ്ങിയാൽ വധിക്കണമെന്നു താൽപര്യം.

ബൃഹസ്പതിഃ:—

ധാന്യം ദശഭ്യഃ കുംഭേഭ്യോ ഹരണ്യാദ്ധ്യധികം വധഃ
ശേഷേഷ്വേകാദശഗ്രഹണം ദാപ്യസ്തസ്യ ച തദ്ധനം. ൯൦൮

പത്തുകുംഭം* അളവുള്ള ധാന്യത്തിനെക്കാൾ അധികം അപഹരിച്ചുവെങ്കിൽ വധദണ്ഡവും അതിൽകുറച്ച് അപഹരിച്ചാൽ അപഹരിച്ച ധാന്യത്തിന്റെ വിലയ്ക്ക് ഒന്നിനു പതിനൊന്നുവീതം കൂട്ടി പ്രായശ്ചിത്തവും ചെയ്യിക്കണം. ഒരു പുരുഷന് ഒരു വത്സരം രക്ഷിക്കുന്നതിനു പരിപൂർണ്ണമായിട്ടു വേണ്ടുന്ന ധാന്യം പത്തു കുംഭമളവുള്ളതു്.

---

* "വിംശതിർദ്രോണകഃ കുംഭഃ" എന്നു വിജ്ഞാനേശ്വരൻ.

Digitized By Kerala Sahitya Akademi

തുലാധരിമമേയാനാം ശതാദ്ധ്യധികേ വധഃ.
സുവർണ്ണരജതാദീനാമുത്തമാനാഞ്ച വാസസാം, ൯൦ ൫
പഞ്ചാശതസ്തദ്ധ്യധികേ ഹന്യാച്ഛതമിഷ്യതേ.
ശേഷേഷ്വേകാദശഗുണം മൂല്യാദ്ദണ്ഡം പ്രകല്പയേൽ. ൯൦ ൬

തൂക്കി തിട്ടമറിയുന്ന പൊൻ വെള്ളി മുതലായതിനെ അതായ ദേശത്തു വ്യാപരിക്കുന്നതിൻവണ്ണം നൂറുകഴഞ്ചു മുതലായ പരിമാണത്തിന് അധികം അപഹരിക്കുന്നവനു വധദണ്ഡംവരും. അൻപതു കഴഞ്ചിനുമേൽ നൂറു കഴഞ്ചിന് അകം അപഹരിക്കുന്നവൻറെയും പട്ടുവസ്ത്രംമുതലായതു് അൻപതു് ഉരുപ്പടിക്കു് അധികം അപഹരിക്കുന്നവൻറെയും ഹസ്തച്ഛേദം ചെയ്യണം. അതിൽകുറച്ചു് അപഹരിച്ചുവെങ്കിൽ ഒന്നിനു പതിനൊന്നു വീതം ഉള്ള വില പ്രായശ്ചിത്തം ചെയ്യിക്കണം.

യമഃ:—

പരിപൂതേഷു ധാന്യേഷു ശാകമൂലഫലേഷു ച
നിരന്വയേ ശതം ദണ്ഡ്യസ്സാന്വയേഽർദ്ധശതം ദമഃ. ൯൦ ൭

പതിരുമുതലായതു നീക്കി കളത്തിൽ കൂട്ടിയിരിക്കുന്ന ചെറുധാന്യങ്ങളെ അപഹരിക്കുന്നവനെക്കൊണ്ടു നൂറു പണവും അതിൽകുറെ അപഹരിക്കുന്നവനെക്കൊണ്ടു് അൻപതു പണവും പ്രായശ്ചിത്തം ചെയ്യിക്കണം. ഇപ്രകാരം ശാകങ്ങളേയും കിഴങ്ങുകളേയും അപഹരിക്കുന്നവനെക്കൊണ്ടും മേൽപ്പറഞ്ഞപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം.

വ്യാസഃ:—

അല്പധാന്യാപഹരണേ ക്ഷീരേ തദ്വികൃതൌ തഥാ
സ്വാമിനേ തത്സമം ദാപ്യോ ദണ്ഡസ്തു ദ്വിഗുണം നരഃ.

[൯൦ ൮

വരകു, ചാമ മുതലായ അല്പധാന്യങ്ങളേയും പാൽ, തൈർ മുതലായതിനേയും അപഹരിക്കുന്നവനെക്കൊണ്ടു് അതിൻറെ വിലയ്ക്കു് ഏരട്ടി പ്രായശ്ചിത്തവും ചെയ്യിച്ചു് അപഹരിച്ചതിനുള്ള വില ഉടയവനു കൊടുപ്പിക്കണം.

യസ്തു രജ്ജും ഘടം ക്രപാദ്യാരേൽ ഭിന്ദ്യാച്ച യഃ പ്രപാം
സ ദണ്ഡം പ്രാപ്നുയാന്മാഷം തച്ച തസ്മിൻ സമാഹരേൽ.

[൯൦ ൯

Digitized By Kerala Sahitya Akademi

പലക്കും വെള്ളംകോരികുടിക്കുന്നതിനു കിണറുകല്ലിൽ വച്ചിരിക്കുന്ന കുടവും കയറും അപഹരിക്കുന്നവനെക്കൊണ്ടും തണ്ണീപ്പന്തൽ പൊളിച്ചുകൊണ്ടുപോകുന്നവനെക്കൊണ്ടും ഒരു മാഷം പ്രായശ്ചിത്തം ചെയ്യിച്ചു കയറും കുടവും കിണറുകല്ലിൽ കൊണ്ടുചെന്നുവയ്പിച്ചു തണ്ണീപ്പന്തലും കെട്ടിക്കണം.

യാജ്ഞവല്ക്യഃ:—

ക്ഷുദ്രമധ്യമഹാദ്രവ്യഹരണേ സാരതോ ഭമഃ;
ദേശകാലൌ വയശ്ശക്തിസ്സഞ്ചിന്ത്യാ ദണ്ഡകർമ്മണി. ൯൫൦

മൺപാത്രം മുതലായ ക്ഷുദ്രദ്രവങ്ങളേയും പരുത്തിനൂൽ കൊണ്ടു നെയ്യുന്ന വസ്ത്രം മുതലായ മധ്യമദ്രവ്യങ്ങളേയും പട്ടുവസ്ത്രം മുതലായ ഉത്തമദ്രവ്യങ്ങളേയും ഒരുത്തൻ അപഹരിച്ചുവെങ്കിൽ അയതിന്റെ അവസ്ഥപോലെയും അപഹരിച്ചവന്റെ ശക്തി വയസ്സ് ഇവ പോലെയും ദേശകാലത്തിന്റെ സംഗതിപോലെയും വിചാരിച്ച് അവസ്ഥയ്ക്കു തക്കവണ്ണം പ്രായശ്ചിത്തം ചെയ്യിക്കണം.

കാത്യായനഃ:—

യേന യേന പരദ്രവ്യം കരോത്യംഗേന തസ്കരഃ
തദിന്ദ്രിയാത്തതസ്തസ്യ ന കരോതി തഥാ പുനഃ.

[൯൫൧

യാതൊരു അംഗംകൊണ്ടു തസ്കരൻ മറൊരുത്തനെ ഉപദ്രവിക്കുന്നോ എന്നാൽ പിന്നത്തതിൽ ആ അംഗംകൊണ്ട് ഉപദ്രവിക്കാതെയിരിപ്പാൻ തക്കവണ്ണം അയ്യംഗത്തിനെ ഛേദിക്കണം.

ബൃഹസ്പതിഃ:—

വൃത്തസാദ്ധ്യായവാംസ്തേയീ ബന്ധനൈഃ ക്ലിശ്യതേ ചിരം
സ്വാമിനേ തദ്ധനന്ദദ്യാച്ച പ്രായശ്ചിത്തഞ്ച കാരയേത്.

[൯൫൨

നല്ലശീലത്തോടും വേദാദ്ധ്യയനത്തോടും ഇരിക്കുന്നവൻ മോഷ്ടിച്ചുവെങ്കിൽ അയവനെ ഏറിയ ദിവസം തടവിലുമാക്കി പ്രായശ്ചിത്തവും ചെയ്യിക്കണം. ഉടയവനു മുതലും കൊടുപ്പിക്കണം.

ചോരം പ്രതാപ്യാപഹൃതം ഘാതയേദവിചാരയൻ;
സചിഹ്നം ബ്രാഹ്മണം കൃത്വാ സ്വരാഷ്ട്രാദ്വിപ്രവാസ-

[യേൽ. ൯൫൩

Digitized By Kerala Sahitya Akademi

ബ്രാഹ്മണൻ നീക്കിയിട്ടുള്ള ചോരന്മാർ മോഷ്ടിച്ച ദ്രവ്യം അവരെക്കൊണ്ടു് ഉടയവനു കൊടുപ്പിച്ചു് അനേകം പ്രകാരത്തിലുള്ള വധബന്ധങ്ങളാൽ ബന്ധിപ്പിക്കണം. ബ്രാഹ്മണരു മോഷ്ടിച്ചു എന്നാൽ കാണത്തക്കവണ്ണമുള്ള അടയാളം ഇട്ടു രാജ്യത്തിനപുറത്തു കളയണം.

മനുഃ:—

ന ഹോദ്ധനവിനാ ചോരം ഘാതയേദ്ധാർമികോ നൃപഃ
സഹോദ്ധം സോപകരണം ഘാതയേദവിചാരയൻ. [൯൫൪

മോഷണം ഏൾക്കാതേയിരുന്നാലും തൊണ്ടി മുതലായതു കണ്ടുവെങ്കിൽ ഒരു സംശയം കൂടാതെ ഹനിക്കയും വേണം.

നാരദഃ:—

ഗവാദിഷു പ്രണഷ്ടേഷു ദ്രവ്യേഷുപഹൃതേഷു ച
പദേനാന്വേഷണം കുര്യുസ്തൻമൂലാത്തദ്വിശോ ജനാഃ.

[൯൫൫

ഗോക്കൾ മുതലായ ദ്രവ്യങ്ങൾ കാണാതെ പോയെങ്കിലും മോഷണം പോയെങ്കിലും ചെയ്താൽ ആയവയുടെ കാൽചുവടും അപഹരിച്ചവന്റെ കാൽചുവടും നോക്കി ചോരന്മാരുടെ ലക്ഷണം അറിഞ്ഞിരിക്കുന്നവർ മോഷ്ടിച്ചവനെ അന്വേഷിക്കണം.

മനുഃ:—

സഭാ പ്രപാ പൂഗശാലാ വേളീ മദ്യാന്നവിക്രയാഃ
ചതുഷ്പഥാശ്ചൈത്യവൃക്ഷാസ്സമാജപ്രേക്ഷണാനി ച [൯൫൬
ജീർണ്ണോദ്യാനാന്യരണ്യാനി കാരുകാവേശനാന ചി
ഏവംവിധാന്യന്യപോ ദേശാൽ ഗ്രഹ്മൈഃ സ്ഥാവരജംഗമൈഃ

[൯൫൭

തസ്കരപ്രതിഷേധാർത്ഥം ചാരൈശ്ചാപ്യനുചാരയേൽ.
വർണ്ണസ്വരാകാരഭേദാൽ നരിശ്ചിവിനിവേദനാൽ [൯൫൮
അദേശകാലദൃഷ്ടതാന്നിവേശസ്യാപി ശോധനാൽ
ദൃതസ്ത്രീപാനസക്ത്യാ ച നിരായവ്യയകർമ്മഭിഃ
ഏതൈരുപ്യവഗന്തവ്യാ ന ഹോഭൈരേവ കേവലം.

[൯൫൯

ചോരന്മാരെ അന്വേഷിച്ചറിയേണ്ടും പ്രകാരത്തെ ചൊല്ലുന്നു. എല്ലാവരും വന്നിരിക്കുന്ന പൊതുസ്ഥലത്തിലും, തണ്ണീപ്പു

Digitized By Kerala Sahitya Akademi

ന്തലിലും മദ്യം ചോറു മുതലായതു വില്ക്കുന്ന സ്ഥലത്തിലും നാലു വ
ഴിക്കൂടുന്ന സന്ധിപ്രദേശങ്ങളിലും ആൽത്തറയിലും ജീർണ്ണമായി
രിക്കുന്ന തോട്ടങ്ങളിലും തട്ടാൻ മുതലായ ശില്പികളുടെ വീടുകളി
ലും ആളുകളെ അയച്ചു ചോരന്മാരെ അന്വേഷിക്കണം. കാ
വൽക്കാരു ചോരന്മാരെ അന്വേഷിപ്പാൻ പോകുമ്പോൾ വഴി
മേൽവച്ചു ഒരുത്തരോടു ഊരും പേരും ചോദിച്ചാൽ മുഖത്തിൽ
വൈവർണ്യം പ്രാപിക്കുന്നതുകൊണ്ടും അവർ പറയുന്ന സ്വര
ങ്ങൾകൊണ്ടും അവരുടെ ആകൃതികൊണ്ടും ഊരും പേരും സം
ശയിച്ചുപറയുന്നതുകൊണ്ടും ചോരന്മാരെ അറിയണം. ഇപ്പ്ര
കാരം മൂത്തുവിളയാട്ടം സ്ത്രീസംഗം മദ്യപാനം ഇതിൽ വളരെമോ
ഹമുള്ളവനേയും ഒരു വരവു് ഇല്ലാതിരിക്കുമ്പോൾ വളരെ ചിലവി
ടുന്നവനേയും ഇതിൻവണ്ണം വളരെ സംശയം ഉള്ളവനേയും വരു
ത്തി സംശയനിവൃത്തിവരുത്തുവാൻ തക്കവണ്ണം ചോദിക്കണം.

അസത്യാസ്സത്യസങ്കാശാസ്സത്യാശ്ചാസത്യസന്നിഭാഃ
ദൃശ്യന്തേ വിവിധാ ഭാവാസ്തസ്മാദ്ദൃക്തം പരീക്ഷണം. ൻ൨ ൦

മോഷ്ടിക്കാതെയിരിക്കുന്നവൻ മോഷ്ടിച്ചവനെപ്പോലെയും
മോഷ്ടിച്ചവൻ മോഷ്ടിക്കാത്തവനെപ്പോലെയും ചിലപ്പോൾ കാ
ണുന്നതാകകൊണ്ടു ശങ്കിച്ചുവരുത്തിയവനെ നല്ലവണ്ണം പരീ
ക്ഷിച്ചു ശുദ്ധനെന്നും അശുദ്ധനെന്നും അറിയണം.

നാരദഃ:—

ഏതൈരുപായൈരന്യൈശ്ച യുക്തോ നിത്യമതന്ദ്രികഃ
സ്തേനാൻ രാജാ നിഗ്രഹ്ണീയാൽ സ്വരാഷ്ട്രപരഗുവ ച.

[ൻ൨ ഫ

മേലെഴുതിയപ്രകാരമുള്ള ഉപായങ്ങൾകൊണ്ടും ഇതല്ലാ
തെയുള്ള ഉപായങ്ങൾകൊണ്ടും രാജാവു ദിവസംപ്രതി ഉപേക്ഷ
ക്കുടാതെ തന്റെ രാജ്യത്തിലും അന്യരാജ്യത്തിലും ചോരന്മാരെ
അന്വേഷിപ്പിച്ചു ശിക്ഷിക്കണം.

ഗ്രാമേഷ്വപി ച യേ കേചിച്ചോരാണാം ഭക്തദായകാഃ
ഭാണ്ഡാവകാശദാശ്ചൈവ സർവ്വാംസ്താനപഘാതയേൽ.

വ്യാസഃ:— [ൻ൨ ൨

യേ ചാസ്യ ഭാണ്ഡാഗ്നൃദകമന്ത്രോപകരണപ്രദാഃ
കേതാവകാശദാശ്ചൈവ തേഷ്വപി തദ്വോഷിണഃ സ്മൃതാഃ.

[ൻ൨ ന

Digitized By Kerala Sahitya Akademi

ഗ്രാമങ്ങഠം മുതലായതിൽ ആരെങ്കിലും ചോരന്മാക്ക ഭക്ഷണം കൊടുക്കയും മോഷ്ടിപ്പാൻ പാത്രങ്ങളും പാക്കുന്നതിന ഗ്രാമങ്ങഠം മുതലായതിൽ സ്ഥലവും അഗ്നി ജലം കാഷ്ഠം മുതലായ സാധനങ്ങളും കൊടുക്കയും മോഷ്ടിക്കുന്നതിന വേണ്ടുന്ന ഉപായമന്ത്രങ്ങളെ ഗ്രഹിപ്പിക്കയും ചെയ്താൽ ആയവരും മോഷ്ടിച്ചവരോടു തുല്യദോഷികളാകുകൊണ്ട് അവരേയും ചോരന്മാരെപ്പോലെ ശിക്ഷിക്കണം.

ക്രേതാരശ്ചൈവ ഭാണ്ഡാനാം പ്രതിഗ്രാഹിണ ഏവ ച
സമദണ്ഡാഃ സ്മൃതാസ്സർവേ യേ ച പ്രച്ഛാദയന്തി തേ. ൻ ഛ ർ

മോഷണംപോയ വക വില്ക്കയും വാങ്ങിക്കയും ചെയ്യുന്നവരേയും ചോരന്മാരോടു ചോദിച്ച തന്റെ വക മോഷണം പോയതു വാങ്ങിച്ചുംകൊണ്ട് അവരെ പ്രകാശപ്പെടുത്താതെ വിട്ടുകളയുന്നവരേയും ചോരന്മാക്ക സമം ദണ്ഡിക്കണം.

നാരദഃ:—

ഉത്ക്രോശതാം ജനാനാന്തു ഹ്രിയമാണേ തദാ ധനേ
ശ്രുത്വാ യേ നാഭിധാവന്തി തേഽപി തദ്ദോഷഭാഗിനഃ. ൻ ഛ ദ

ചോരന്മാർ ഭവനം മുതലായതിൽവന്ന മോഷ്ടിക്കയും ധനങ്ങളെ പിടിച്ചുപറിക്കയും ചെയ്യുമ്പോഠം നിലവിളിച്ചാൽ സമീപിത്തിലിരുന്ന കേട്ടുകൊണ്ട് ഉടൻ ചെല്ലുന്നില്ലെങ്കിൽ അവരും ചോരന്മാരോടു തുല്യദോഷികഠം.

ഗൌതമഃ:—

ചോരസമസ്സചിവോ മതിപൂർവം പ്രതിഗ്രഹീതാപി.

മോഷ്ടിക്കുന്നതിനുവേണ്ട ഉപായമന്ത്രങ്ങളെ ചോരന്മാക്ക ഉപദേശിക്കുന്നവനും, ചോരനെന്ന് അറിഞ്ഞുകൊണ്ട് അവന്റെ പക്കൽ ഇരിക്കുന്ന മോഷ്ടിച്ചവകകളെ വാങ്ങിക്കുന്നവനും ചോരസമമായിട്ട ചൊല്ലപ്പെട്ടവൻ.

കാത്യായനഃ:—

യേന ദോഷേണ ശൂദ്രസ്യ ദണ്ഡോ ഭവതി ധർമ്മതഃ
തേന വിട്ക്ഷത്രുവിപ്രാണാം ദ്വിഗുണോ ദ്വിഗുണോ ഭവേൽ.

[ൻ ഛ സ്യ

Digitized By Kerala Sahitya Akademi

മോഷണംചെയ്ത ശൂദ്രനെ ധർമ്മശാസ്ത്രത്തിൽ വിധിച്ചിരിക്കുന്ന ദണ്ഡത്തിൽ എരട്ടി ദണ്ഡം വൈശ്യനും, ക്ഷത്രിയനെ നാല്പപങ്കും, ബ്രാഹ്മണന് എട്ടുപങ്കും, ഇപ്രകാരം ദണ്ഡം ജാതിഭേദംകൊണ്ടു വർദ്ധിപ്പുവരും.

'മനുഃ:—

അഷ്ടാപാദ്യം ഹി ശൂദ്രസ്യ സ്തേയേ ഭവതി കില്ബിഷം
ഷോഡശൈവ തു വൈശ്യസ്യ ദ്വാത്രിംശൽ ക്ഷത്രിയസ്യ തു.
[ൻവ ൈ

ബ്രാഹ്മണസ്യ ചതുഷ്ഷഷ്ടിഃ പൂർണ്ണം വാപി ശതം ഭവേൽ
ദ്വിഗുണാ വാ ചതുഷ്ഷഷ്ടി;സ്തദ്ദോഷഗുണവിദ്ധി സഃ. ൻവ വ്വ

മോഷ്ടിച്ചവൻ ശൂദ്രനെങ്കിൽ മോഷ്ടിച്ച വസ്തുവിന്റെ വിലയിൽ ഒന്നിന് എട്ടു വീതവും, വൈശ്യനെങ്കിൽ ഒന്നിന പതിനാറു വീതവും, ക്ഷത്രിയനെങ്കിൽ ഒന്നിന മുപ്പത്തിരണ്ടു വീതവും, ബ്രാഹ്മണനെങ്കിൽ ഗുണദോഷങ്ങളെ അറിയുന്നവനാകകൊണ്ട് ഒന്നിന് അറുപത്തിനാലു വീതവും, നൂറു വീതവും, നൂറിരുപത്തെട്ടു വീതവും പ്രായശ്ചിത്തം ചെയ്യിക്കണം.

അഥപസ്തംബഃ:—

ഗ്രാമേഷു നഗരേഷപി ചാപ്യാൻ ശുചീൻ സത്യശീലാൻ
പ്രാപ്പാന്നിദധ്യാൽ; തേഷാം പുരുഷാസ്തദ്വിധാ ഏവ സ്യുഃ

സർവതോ യോജനം നഗരതസ്തസ്കരേഭ്യോ രക്ഷ്യം
ക്രോശോ ഗ്രാമേഭ്യഃ തത്ര യന്മുഷ്യതേ തൈസ്തത് പ്രദാപ്യം.

ഗ്രാമങ്ങളിലും നഗരങ്ങളിലും ചൌര്യംചെയ്യാതെ ശുദ്ധന്മാരായും സത്യശീലന്മാരായും ഇരിക്കുന്ന കാവൽക്കാരെ ഗ്രാമം മുതലായതു രക്ഷിക്കുന്നതിന രാജാവ് ആക്കണം. കാവൽക്കാരുടെ കീഴിലാക്കുന്ന ആളുകളും മേലെഴുതിയപ്രകാരം ഇരിക്കണം. പട്ടണമെങ്കിൽ നാലുദേശത്തും പത്തുനാഴികവരെയും, ഗ്രാമമെങ്കിൽ രണ്ടരനാഴികവരെയും ആ കാവൽക്കാരന്മാർ തസ്കരന്മാർ വരാതെ സൂക്ഷിക്കണം. ഇതിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മോഷണം പോയാൽ ചോരന്മാരെ പിടിച്ച് ഏൽപ്പിച്ചില്ലെങ്കിൽ ആ കാവൽക്കാരന്മാരെക്കൊണ്ടു മോഷണംപോയ മുതലിന്റെ വില കെട്ടിവയ്പിച്ച് ഉടയവനു കൊടുപ്പിക്കണം.

Digitized By Kerala Sahitya Akademi

കാത്യായനഃ:—

സപദേശേ യസ്യ യൽകിഞ്ചിദ്ധൃതം ദേയം ന്യപേണ തൽ
ഗ്രഹ്ണീയാത്തൽ സപയം നഷ്ടം പ്രാപ്തമനപിഷ്യ പാത്ഥിവഃ.
[ൻ൨ ൻ

ഒരു രാജാവിന്റെ രാജ്യത്തിൽ ഒരുത്തന്റെ വക മോഷ്ട
ണംപോയാൽ ആ രാജാവു മോഷണംപോയ വസ്തുവിന്റെ വില
ഉടയവനു കൊടുക്കണം. പിന്നത്തതിൽ മോഷണംചെയ്തവനെ
അന്വേഷിച്ചു പിടിച്ചു മോഷ്ടിച്ചവക രാജാവു വാങ്ങിച്ചുകൊ
ള്ളണം.

അരക്ഷിതാരം രാജാനം ബലിഷഡ്ഭാഗഹാരിണം
തമാഹുസ്സുവ്വലോകസ്യ സമഗ്രമലഹാരിണം. ൻ൩ ൦

ദുഷ്ടന്മാരായിട്ടുള്ള ചോരന്മാർ മുതലായവരുടെ ഉപദ്രവം
വരാതെയിരിക്കുന്നതിനായിട്ടു പ്രജകളൊക്കയും നീതിപ്രകാരമുള്ള
ആറിലൊന്നു കരം കൊടുത്തുവരുമ്പോൾ രാജാവു് ആയതു വാ
ങ്ങിച്ചുംകൊണ്ടു ചോരന്മാരെ ശിക്ഷിച്ചു ജനങ്ങളെ രക്ഷിക്കാതെ
യിരുന്നുവെങ്കിൽ ആ രാജാവിനു ജനങ്ങൾ ഒക്കയും ചെയ്ത പാപ
ങ്ങൾ സംഭവിക്കും.

സ്തേനേഷപലഭ്യമാനേഷു രാജാ ദദ്യാത്സപതോ ധനാൽ;
ഉപേക്ഷമാണോ ഹ്യനസപീ ധർമ്മാദ്ഭ്രശ്യാച്ച ഹീയതേ.
[ൻ൩ ഫ

രാജ്യത്തിൽ മോഷ്ടിച്ചു നടക്കുന്ന ചോരന്മാരെ അന്വേഷി
ക്കുമ്പോൾ പിടികിട്ടിയില്ലെങ്കിൽ രാജാവു തന്റെവക ധനത്തിൽ
നിന്നും മോഷണംപോയ വസ്തുവിന്റെ ഉടയവനു വില കൊട്ട
ക്കണം. ചോരന്മാരെ അന്വേഷിക്കാതെയും ഉടയവനു മുതലു
കൊടുക്കാതെയും ഉപേക്ഷിച്ചിരുന്നാൽ ആ രാജാവിനു ദോഷ
പ്രാപ്തിയും ധർമ്മഹാനിയും അർത്ഥനാശവും വരും.

യാജ്ഞവല്ക്യഃ:—

ശൌൽകികൈഃ സ്ഥാനപാലൈർവ്വാ നഷ്ടാപഹൃതമാഹൃതം
അർവ്വാക് സംവത്സരാത്സ്വാമീ, പരതോ ന്യപതിർഹരേൽ.
[ൻ൩ ൟ

ചുങ്കസ്ഥലത്തിലാക്കിയിരിക്കുന്ന സ്ഥാനപാലന്മാരെങ്കിലും
ഓരോ സ്ഥാനത്തിലാക്കിയിരിക്കുന്ന ഉദ്യോഗസ്ഥന്മാരെങ്കിലും

Digitized By Kerala Sahitya Akademi

ഒരുത്തന്റെ വക കളഞ്ഞുപോയതെങ്കിലും, ചോരന്മാരുടെ പക്കൽ നിന്നു പിടിച്ചുപറിച്ചതെങ്കിലും, രാജാവിങ്കൽ കൊണ്ടുചെന്ന് ഏൽപ്പിച്ചാൽ ആ വകകളുടെ ഉടയവൻ ഒരു സംവത്സരത്തിനകം വന്നാൽ അതുയും ഉടയവനു കൊടുക്കണം. ഒരു സംവത്സരം കഴിഞ്ഞാൽ രാജാവ് എടുത്തുകൊള്ളണം.

യാജ്ഞവല്ക്യഃ—

ആദദീതാഥ ഷഡ്ഭാഗം പ്രണഷ്ടാധിഗതാന്നൃപഃ
ദശമം ദ്വാദശം വാപി സതാം ധർമ്മമനുസ്മരൻ. [നാര

പ്രണഷ്ടസ്വാമികം രിക്ഥം രാജാ ത്രീണ്യം നിധാപയേൽ;
അവ്യാക്രിയാസ്വരേൽ സ്വാമീ പരതോ ന്യാസധാരിണേ. [നാര

സ്ഥാനപാലന്മാർ മുതലായവർ കൊണ്ടുവന്ന് ഏൽപ്പിച്ചിരിക്കുന്ന വകകൾ പ്രസിദ്ധപ്പെടുത്തി മൂന്നു സംവത്സരം വരയ്ക്കും സൂക്ഷിക്കണം. ഒരു സംവത്സരത്തിനകം ഉടയവൻ വന്നാൽ അതുയും ഉടയവനു കൊടുക്കണം. രണ്ടാം സംവത്സരം വന്നുവെങ്കിൽ സൂക്ഷിച്ചിരിക്കുന്ന വകയിൽ പന്ത്രണ്ടിലൊന്നും മൂന്നാം സംവത്സരത്തിൽ വന്നാൽ പത്തിലൊന്നും നാലാം സംവത്സരത്തിൽ വന്നാൽ ആറിലൊന്നും രാജാവു് എടുത്തുംകൊണ്ടു ശിഷ്ടം ഉടയവനു കൊടുക്കണം. രാജാവ് എടുത്ത ഭാഗത്തിൽ നാലിലൊന്നു കൊണ്ടുവന്ന് ഏൽപ്പിച്ച സ്ഥാനപാലന്മാക്കു കൊടുക്കണമെന്നു, ഗൌതമധർമ്മത്തിൽ ചൊല്ലിയിട്ടും ഉണ്ടു്.

യാജ്ഞവല്ക്യഃ—

പ്രണഷ്ടാധിഗതം ദേയം നൃപേണ ധനിനേ ധനം
വിഭാവയന്ന ചേല്ലിംഗൈസ്തുല്യമം ദണ്ഡമർഹതി. [നാര

സ്ഥാനപാലന്മാർ കൊണ്ടുവന്ന് ഏൽപ്പിച്ചിരിക്കുന്ന ഉടയവനില്ലാത്ത വക പ്രസിദ്ധപ്പെടുത്തുമ്പോൾ ഒരുത്തൻ വന്ന് ഈ വക എനിക്കുള്ളതെന്നു പറഞ്ഞുവെങ്കിൽ അയവനോടു തന്റെവക എന്തെല്ലാമുണ്ടെന്നും എത്രയുണ്ടെന്നും എപ്പോൾ മോഷണം പോയെന്നും ഇപ്രകാരം അടയാളങ്ങളെ ചോദിക്കുമ്പോൾ അവൻ പറയുന്നതു നേരായിട്ടിരുന്നുവെങ്കിൽ അയവന്ന് അ വക കൊടുക്കണം. അയവൻ പറയുന്നതും അ വസ്തുവിന്റെ

Digitized By Kerala Sahitya Akademi

സ്വരൂപവും ഭേദിച്ചു കണ്ടുവെങ്കിൽ ആയവനെക്കൊണ്ടു് ആ വസ്തുവിന്റെ വിലയ്ക്കു സമമായിട്ടു പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ—

യാംസ്തു ചോരാൻ ഗ്രഹ്ണീയാത്താന്ദ്രാ/ജേ ഭനഘാതയേൽ.

രാത്രികാലങ്ങളിൽ വന്നു് അതിക്രമം കാണിച്ചു മോഷ്ടിച്ചു ദ്രവ്യം കൊണ്ടുപോകുന്ന ചോരന്മാരെ സ്ഥാനപാലന്മാർ പിടിച്ചു് ഏൽപ്പിച്ചുവെങ്കിൽ രാജാവു് ആ ചോരന്മാരെ ആനയുടെ കാലിൽ കെട്ടി വലിപ്പിച്ചു വധിപ്പിക്കണം. സ്ഥാനപാലന്മാർ = കാവൽക്കാർ.

മനുഃ—

ദ്വിജോ/ധ്വഗഃ ക്ഷീണവൃത്തിർ/ദ്വാവിക്ഷൂ ദ്വേ ച മൂലകേ
ആദദാനഃ പരക്ഷേത്രാന്ന ദണ്ഡന്ദാതുമർഹതി. ൻനു

വഴിനടന്നു ക്ഷീണഗതിയെ പ്രാപിച്ചിരിക്കുന്ന ദ്വിജൻ മറ്റൊരുത്തന്റെ കരിമ്പുതോട്ടത്തിൽ ചെന്നു രണ്ടു കരിമ്പെങ്കിലും ഇതല്ലാതെ രണ്ടു കിഴങ്ങു മുതലായതു് ഏങ്കിലും അപഹരിച്ചുവെങ്കിൽ ആയതിനു പ്രായശ്ചിത്തം ഇല്ല.

യമഃ—

പുഷ്പേ ശാകോദകേ കാഷ്ഠേ തഥാ മൂലേ തൃണേഷു ച
അദത്താദാനമേതേഷാമസ്തേയന്തു യമോ/ബ്രവീൽ.

യാജ്ഞവല്ക്യഃ—

ദ്വിജസ്തൃണൈധഃപുഷ്പാണി സ്വതസ്സുപപദാ ഹരേൽ.
ൻനു

ഒരുത്തന്റെ തോട്ടത്തിൽ ദേവന്മാരെ അർച്ചിക്കുന്നതിനു പുഷ്പങ്ങളെടുക്കയും ഭക്ഷണസാധനമായിട്ടുള്ള ചീര മുതലായതും വെള്ളം വിറകു കിഴങ്ങു് ഈ വകയും കുറെ എടുക്കുകയും ഗോഭക്ഷണത്തിനായിട്ടു തൃണങ്ങൾ പറിച്ചുകയും ചെയ്താൽ ആയതു കൊണ്ടു ദ്വിജന്മാക്കു മോഷണദോഷം വരികയില്ല. ഈ വക കഥ ഒക്കെയും എവിടെയെങ്കിലും ഉണ്ടായിരുന്നാൽ ആയതു ദ്വിജന്മാക്കു കൊണ്ടുവരികയും ആം.

Digitized By Kerala Sahitya Akademi

കാത്യായനഃ:—

*തുപുസേ ദ്വേ കതേ ദ്വേ തു പഞ്ചാമ്രം പഞ്ചഡാഡിമം
ഖർജ്ജൂരം ബകുളാദ്ദിനി ഗൃഹ്ണൻ മുച്ചന്ന ദോഷഭാക്.

[ൻന വ്യ

മറൊരുത്തന്റെ വകയായിട്ടുള്ളതിൽ ഭക്ഷിക്കുന്നതിനായിട്ട് അഞ്ചു മാമ്പഴവും അഞ്ചു മാതളമ്പഴവും പേരിച്ചുംപഴം മുതലായതും എടുക്കയും അപഹരിക്കയും ചെയ്താൽ ആയതു കൊണ്ടു ദോഷം വരികയില്ല.

തഥൈവ സപ്തമേ ഭക്തേ ഭക്തദാനി ഷഡ്ഡനശ്നതാ
അശ്വസ്തനവിധാനേന ഹർത്തവ്യം ഹീനകർമ്മണഃ. ൻന൯

ആറുനാൾ ഉപവാസം ഹേതുവായിട്ടു ക്ഷീണഗതിയെ പ്രാപിച്ചിരിക്കുന്നവൻ അന്നം ഭക്ഷിക്കുന്നതിനുമാത്രം ഏതെങ്കിലും ഒരുവക അപഹരിച്ചു ഭക്ഷിക്കയും ആം.

ബലാൽ ക്ഷുത്ക്ഷാമഗാരാദ്ധ്യാ യതോ വാപ്യുപലഭ്യതേ
ആഖ്യാതവ്യന്തു തത്സർവ്വം പൃച്ഛതേ യദി പൃച്ഛതി.

[ൻ ർ ൦

കളത്തിലെങ്കിലും ഭവനത്തിലെങ്കിലും നിലത്തിലെങ്കിലും ചെന്നു ധാന്യം മുതലായതിനെ സ്വല്പം അപഹരിക്കുന്നത് ഉടയവൻ കണ്ടു ചോദിച്ചാൽ ഉടയവനോടു പരമാർത്ഥം പറയണം.

മനുഃ:—

യജ്ഞശ്ചേൽ പ്രതിരുദ്ധസ്സ്യാൽ പശ്ചന്യൈകേന യജ്വനഃ
ബ്രാഹ്മണസ്യ വിശേഷേണ ധാർമ്മികേ സതി രാജനി ൻ ർ ഫ

യോ വൈശ്യസ്സ്യാൽ ബഹുപശ്വൻഹീനക്രതുരസോമപഃ
കുടുംബാത്തസ്യ തദ്ദ്രവ്യമാഹരേദ്യജ്ഞസിദ്ധയേ. ൻ ർ വ

യജ്ഞം ചെയ്യുവരുന്ന ബ്രാഹ്മണന് ഒരു പശുവില്ലാതെ ധാർമ്മികനായിരിക്കുന്ന രാജാവ ഇരിക്കുമ്പോൾ യജ്ഞത്തിനു മുടക്കം വന്നുവെങ്കിൽ യാഗം മുതലായതു ചെയ്യാതെയിരിക്കുന്ന വൈശ്യന് അനേകം പശുക്കാം ഉണ്ടായിരുന്നാൽ ആയതിലൊന്നു യജ്ഞസിദ്ധിവരുത്തുവാൻ കൊണ്ടുവരികയും ആം.

ആഹരേത്ത്രീണി വാ ദ്വേ വാ കാമം ശൂദ്രസ്യ വേശ്മനഃ;
ന ഹി ശൂദ്രസ്യ വിത്തേഷു കശ്ചിദസ്തി പരിഗ്രഹഃ. ൻ ർ ൻ൨

* 'പഞ്ചാമ്രം' മുതലുള്ള ഭാഗമേ വ്യാഖ്യാനത്തോടുകൂടിയ ഗ്രന്ഥങ്ങളിൽ കാണുന്നുള്ളൂ. രണ്ടു വെള്ളരിക്കയും രണ്ടു ചേറാമ്പരലുംകൂടിച്ചേർക്കാം എന്നു താൽപര്യം.

Digitized By Kerala Sahitya Akademi

ശ്രുത്രന്റെ ദ്രവ്യങ്ങളിൽ പ്രതിഗ്രഹം സിദ്ധിച്ചിട്ടില്ലാഴി കകൊണ്ടു ശ്രുത്രന്റെ ഭവനത്തിൽ വളരെ ഉണ്ടായിരുന്നാൽ അതിൽ രണ്ടെങ്കിലും മൂന്നെങ്കിലും യജ്ഞസിദ്ധിവരുത്തുവാനായി ക്കൊണ്ടു് അപഹരിച്ചു കൊണ്ടുവരികയും ആം.

യോ നാഹിതാഗ്നിശ്രുതവൃന്ത യജ്വാ ച സഹസ്രുഃ
തയോരപി കുടുംബ്യാമാഹരേദവിചാരയൻ. ൻ ർ ർ

അഗ്നിഹോത്രം ചെയ്യാതെയിരിക്കുന്ന ക്ഷത്രിയവൈശ്യന്മാരുടെ പക്കൽ നൂറു പശുവുണ്ടായിരുന്നാൽ ആയതിൽനിന്നും, സോമയാഗം ചെയ്യാതെ ഇരിക്കുന്നവന്റെ പക്കൽ ആയിരം പശുവുണ്ടായിരുന്നാൽ ആയതിൽനിന്നും, യജ്ഞസിദ്ധിവരുത്തുവാൻ വേണ്ടുന്ന പശുക്കളെ ഒരു വിചാരം കൂടാതെ കൊണ്ടുവരികയും ആം.

ബ്രാഹ്മണസ്വം ന ഹർത്തവ്യം ക്ഷത്രിയേണ കദാചന
ദസ്യുനിഷ്ക്രിയയോസ്തു സ്വമജീവൻ ഹർത്തുമർഹതി. ൻ ർ ൿ

ക്ഷത്രിയൻ ബ്രഹ്മസ്വം ഒരിക്കലും അപഹരിക്കരുതു്. ചോരന്മാരുടേയും കർമ്മഹീനന്മാരുടേയും വസ്തുവിനെ ക്ഷത്രിയന് അപഹരിക്കാം.

ന തസ്മിൻ ധാരയേദ്ദണ്ഡം ധാർമ്മികഃ പൃഥിവീപതിഃ
ക്ഷത്രിയസ്യ തു ബാലിശ്യാൽ ബ്രാഹ്മണസ്സീദതി ക്ഷുധാ.
[ൻ ർ ന്യ

പൃഥിവീപതിയായും ധർമ്മിഷ്ഠനായുമിരിക്കുന്ന രാജാവു ബ്രാഹ്മണനെ ദണ്ഡിപ്പിക്കരുതു്. ക്ഷത്രിയൻ മൂഢബുദ്ധിയായും ബാലിശനായും ഇരുന്നാൽ അപ്പോൾ ബ്രാഹ്മണൻ വിശപ്പുകൊണ്ടു ദുഃഖിക്കും.

കല്പയിത്വാസ്യ വൃത്തിഞ്ച രക്ഷേദേനം സമന്തതഃ
രാജാ ഹി ധർമ്മഷഡ്ഭാഗസ്തസ്മാദാപ്നോതി രക്ഷിതഃ. ൻ ർ ൿ

ബ്രാഹ്മണനു വിശപ്പു മുതലായതുകൊണ്ടു ദുഃഖംവരാതെയിരിപ്പാൻ തക്കവണ്ണം വൃത്തിയും കല്പിച്ചു് ആരും ഉപദ്രവിക്കാതെയിരിക്കത്തക്കവണ്ണം രാജാവു രക്ഷണാംശമായിട്ടു ധർമ്മന്യായമായിട്ടുള്ള ആറിലൊന്നു കരം ബ്രാഹ്മണരോടു വാങ്ങിക്കണം.

അനേന വിധിനാ രാജാ കുർവ്വാണഃ സ്തേനനിഗ്രഹം
യശോഽസ്മിൻ പ്രാപ്നുയാല്ലോകേ പ്രേത്യ ചാനുത്തമം സുഖം.
[ൻ ർ വ

Digitized By Kerala Sahitya Akademi

മേലെഴുതിയപ്രകാരമൊക്കയും ചോരന്മാരെ ശിക്ഷിച്ചു പ്രജകളെ രക്ഷിച്ചുവരുന്ന രാജാവിന്ന് ഇഹലോകസൌഖ്യവും കീർത്തിയും വന്ന പരലോകത്തിലും വലുതായിട്ടുള്ള സൌഖ്യപ്രാപ്തി വരികയും ചെയ്യും.

ഇതി സ്തേയപ്രകരണം.

അഥ സാഹസപ്രകരണം.

മനുഷ്യമാരണം ചൌര്യം പരദാരാഭിമർശനം
പാരുഷ്യമുഭയം ചേതി സാഹസം പഞ്ചധാ സ്മൃതം. [൯൫൯

മനുഷ്യരെ മരിപ്പിക്കുന്നതും, മോഷണവും, പരസ്ത്രീകളോട് അകാലത്തിങ്കൽ സംഭാഷണം അംഗസ്പർശനം സഹവാസം സംസർഗ്ഗം മുതലായതു ചെയ്യുന്നതും; വാക്പാരുഷ്യം ദണ്ഡപാരുഷ്യം രണ്ടും ചെയ്യുന്നതും, ഇപ്രകാരം സാഹസം അഞ്ചുവിധം.

സഹസാ ക്രിയതേ കർമ്മ യൽകിഞ്ചിദ് ബലദർപ്പിതൈഃ
തത്സാഹസമിതി പ്രോക്തം സഹോ ബലമിഹോച്യതേ. [൯൫൰

ബലംകൊണ്ടും അഹങ്കാരംകൊണ്ടും മുൻപിൻ വിചാരിക്കാതെയും ചെയ്യുന്ന കായ്യങ്ങളാം ഒക്കയും സാഹസമെന്നു ചൊല്ലപ്പെട്ടും. സഹസ്സ് ബലം.

തൽപുനസ്ത്രിവിധം ജ്ഞേയം പ്രഥമം മധ്യമം തഥാ
ഉത്തമം ചേതി ശാസ്ത്രജ്ഞൈസ്തസ്യലോകം ലക്ഷണം പൃഥക്. [൯൫൱

പ്രഥമസാഹസമെന്നും മധ്യമസാഹസമെന്നും ഉത്തമസാഹസമെന്നും ഇപ്രകാരം സാഹസം മൂന്നുവിധം. ഈ മൂന്നിനും പ്രത്യേകമായിട്ടുള്ള ലക്ഷണങ്ങളും ശാസ്ത്രജ്ഞന്മാരാൽ ചൊല്ലപ്പെട്ടു.

ഫലമൂലോദകാദീനാം ക്ഷേത്രോപകരണസ്യ ച
ഭംഗോൽക്ഷേപാപമർദ്ദാദ്യൈഃ പ്രഥമം സാഹസം സ്മൃതം. [൯൫൲

പഴം, കിഴങ്ങു, വെള്ളം ഈ വകയും നിലം കൃഷിചെയ്യുന്നതിന്ന സാധനമായിട്ടുള്ള കലപ്പ മുതലായതും മുറിക്കയും അപഹരിക്കയും നശിപ്പിക്കയും ചെയ്താൽ ആയതൊക്കയും പ്രഥമസാഹസമെന്നു ചൊല്ലപ്പെട്ടും.

Digitized By Kerala Sahitya Akademi

വാസഃപശ്ചന്നധാന്യാനാം ഗൃഹോപകരണസ്യ ച
ഏതേഷാമേവ പ്രകാരേണ മധ്യമം സാഹസം സ്മൃതം. ൻ ൫൩

വസ്ത്രങ്ങൾ, പുസ്തകൾ, ചോറു, ചെറുധാന്യങ്ങൾ, ഭവനത്തിനു വേണ്ടുന്ന പാത്രങ്ങൾ, ഉരൽ മുതലായ സാധനങ്ങൾ ഇവകളെ അപഹരിക്കയും നശിപ്പിക്കയും ചെയ്താൽ അയതൊക്കയും മധ്യമസാഹസമെന്നു ചൊല്ലപ്പെട്ടും.

വ്യാപാദോ വിഷശസ്ത്രാഭ്യൈഃ പരദാരപ്രധർഷണം
പ്രാണോപരോധി യച്ചാന്യദുത്തമം സാഹസം സ്മൃതം. ൻ ൫൪

വിഷം ആയുധങ്ങളാം മുതലായതുകൊണ്ടു കൊല്ലുന്നതും പരസ്ത്രീകളെ ബലാൽകാരം ചെയ്ത് ആക്രമിക്കുന്നതും ഇപ്രകാരമല്ലാതെ പ്രാണഹാനിവരുത്തുവാൻ ചെയ്യുന്നതൊക്കയും ഉത്തമസാഹസമെന്നു ചൊല്ലപ്പെട്ടും.

നാരദഃ:—

തസ്യ ദണ്ഡഃ ക്രിയാപേക്ഷഃ പ്രഥമസ്യ ശതാവരഃ
മധ്യമസ്യ തു ശാസ്ത്രജ്ഞൈർദ്ദിഷ്ടഃ പഞ്ചശതാവരഃ. ൻ ൫൫

മേലെഴുതിയ മൂന്നു സാഹസത്തിലും അതാതു സാഹസത്തിനു തക്കവണ്ണം ദണ്ഡഭേദത്തെ ചൊല്ലുന്നു. പ്രഥമസാഹസത്തിനു നൂറു പണത്തിനു കുറവുക്കൂടാതെയും മധ്യമസാഹസത്തിന് അഞ്ഞൂറു പണത്തിനു കുറവുവരാതെയും പ്രായശ്ചിത്തം ചെയ്യിപ്പിക്കണം.

ഉത്തമേ സാഹസേ ദണ്ഡസ്സഹസ്രാവര ഇഷ്യതേ.
വധസ്സ്വസ്വാപഹരണം പുരാന്നിർവ്വാസനാങ്കനേ
തദംഗച്ഛേദ ഇത്യുക്തോ ദണ്ഡ ഉത്തമസാഹസേ. ൻ ൫൬

ഉത്തമസാഹസത്തിന് ആയിരം പണത്തിനു കുറവുക്കൂടാതെ പ്രായശ്ചിത്തം ചെയ്യിക്കണം. വധം ചെയ്യിക്കയും സ്വസ്വവും എടുക്കയും നിർവ്വാസനവും അങ്കനവും അംഗങ്ങളെ ഛേദിക്കയും കായ്ത്തിന്റെ അവസ്ഥപോലെ ഇതിൽ ഒന്നെങ്കിലും രണ്ടെങ്കിലും എല്ലാംതന്നെ എങ്കിലും ഉത്തമസാഹസത്തിൽ ദണ്ഡം ചെയ്യണം.

യാജ്ഞവല്ക്യഃ:—

പിതൃപുത്രസ്വസൃഭ്രാതൃദമ്പത്യാചാര്യശിഷ്യകാഃ
ഏഷാമപതിതാനാം യസ്ത്യാഗീ സ ശതദണ്ഡഭാക്. ൻ ൫൭

Digitized By Kerala Sahitya Akademi

അച്ഛൻ മകൻ സഹോദരീസഹോദരന്മാർ ഭാര്യ ഭ
ർത്താവു ഗുരു ശിഷ്യൻ ഇതിൽ ഒരുത്തൻ ജാതിഭ്രഷ്ടായിട്ടുള്ള
ദോഷം ചെയ്യാതെയിരിക്കുമ്പോൾ കുടുംബത്തിൽനിന്നും തമ്മിൽ
അച്ഛൻ മകനേയും മകൻ അച്ഛനേയും ഇപ്രകാരം ശേഷം
പേർ ശേഷംപേരേയും നീക്കിയാൽ അയവരെക്കൊണ്ടു നൂറു
പണം പ്രായശ്ചിത്തം ചെയ്യിക്കണം.

ദ്രവ്യാണി ഹിംസ്യാദ്യോ യസ്യ ജ്ഞാനതോ/ജ്ഞാനതോ/പി വാ
സ തസ്യോൽപാദയേത്തുഷ്ടിം ദണ്ഡം ദദ്യാച്ച തത്സമം.
[ൻ ൫ വ

യാതൊരുത്തനെങ്കിലും ഒരുത്തന്റെ വക വസ്തുക്കൾ മുതലായ
ദ്രവ്യങ്ങളെ നശിപ്പിക്കയും അപഹരിക്കയും ചെയ്താ എന്നാൽ
അയവനെക്കൊണ്ട് ആ ദ്രവ്യത്തിനു പകരമെങ്കിലും ആ ദ്രവ്യ
ത്തിന്റെ വില എങ്കിലും ഉടയവനു കൊടുത്തു പ്രസാദിപ്പിച്ച്
ആ വിലയ്ക്കു സമം പ്രായശ്ചിത്തവും ചെയ്യിക്കണം.

വ്യാസഃ:—

വിപ്രം ദൂഷ്യന്നഭക്ഷ്യേണ ദാപ്യസ്തുത്തമസാഹസം
ക്ഷത്രഞ്ചാദ്ധം വിശന്താപ്യം ശൂദ്രന്ദാപ്യസ്തദർദ്ധകം. ൻ ൫ ൻ

ഒരുത്തൻ ബ്രാഹ്മണനെ അഭക്ഷ്യമായിരിക്കുന്ന വസ്തുവി
നെക്കൊണ്ടു ദോഷം വരുത്തി എങ്കിൽ അവനെക്കൊണ്ട് ഉത്തമ
സാഹസവും, ഇപ്രകാരം ക്ഷത്രിയനു ദോഷം വരുത്തിയവനെ
ക്കൊണ്ടു മധ്യമസാഹസവും, വൈശ്യനു ദോഷം വരുത്തിയവനെ
ക്കൊണ്ടു പ്രഥമസാഹസവും, ശൂദ്രനു ദോഷം വരുത്തിയവനെ
ക്കൊണ്ട് അതിൽ പാതിയും പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

പിതാപുത്രവിരോധേ തു സാക്ഷിണാം ത്രിപണോ ദമഃ.

അച്ഛനും മകനും തമ്മിൽ വിരോധംകൊണ്ടു കലശലി
ട്ടതു സാക്ഷി അംഗീകരിച്ചു പറവാൻ വരുന്നവരെക്കൊണ്ടു മൂന്നു
പണം പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ:—

സംക്രമധ്വജയഷ്ടീനാം പ്രതിമായാശ്ച ഭേദകഃ
പ്രതികുര്യ്യാച്ച തത്സർവ്വം പഞ്ച ദദ്യാച്ഛതാനി ച. ൻന്നു ൦

Digitized By Kerala Sahitya Akademi

പാലം ഇട്ടിരിക്കുന്ന തടിയും കൊടിമരത്തടിയും ദേവബിംബങ്ങളേയും വെട്ടിമുറിക്കുന്നവനെക്കൊണ്ട് അഞ്ഞൂറുപണം പ്രായശ്ചിത്തം ചെയ്യിക്കണം. പാലവും കൊടിമരവും ദേവബിംബവും അവനെക്കൊണ്ടുതന്നെ ഉണ്ടാക്കിക്കണം.

പ്രാകാരസ്യ ച ഭേത്താരം പരിഖായാശ്ച പൂരകം
ദ്വാരാണാഞ്ചൈവ ഭേത്താരം ക്ഷിപ്രമേവ പ്രവാസയേൽ. [ൻസ്മൃ

കോട്ടമതിൽ ഇടിച്ചവനേയും കിടങ്ങു നികത്തിയവനേയും കോട്ടവാതിൽ പൊളിച്ചവനേയും രാജ്യത്തിനു വെളിയിൽ ഉടൻതന്നെ കളയണം.

തടാഗഭേദകം ഹന്യാദപ്സു ശുദ്ധവധേന വാ
തച്ചാപി പ്രതിസംസ്കുര്യാദ്ദ്യാച്ചോത്തമസാഹസം. [ൻസ്മൃ

ജലം നിറഞ്ഞിരിക്കുന്ന തടാകത്തിന്റെ ചിറ വെട്ടിമുറിക്കുന്നവനെക്കൊണ്ടു മുൻപിലത്തെപ്പോലെ ചിറയും കെട്ടിച്ച് ഉത്തമസാഹസം പ്രായശ്ചിത്തവും ചെയ്യിച്ചു വെള്ളത്തിൽമുക്കി ത്താഴ്ത്തീട്ടെങ്കിലും മറെറാരു വിധത്തിലെങ്കിലും വധിക്കണം.

വിഷാഗ്നിദാം പതിഘ്നഞ്ച നിജാപത്യപ്രമാപണീം
വികണ്ണകരനാസോഷ്ഠീം കൃത്വാ ഗോഭിഃ പ്രമാപയേൽ. [ൻസ്മൃ

വിഷം കൊടുത്തു ജനങ്ങളെ കൊല്ലുന്നവളേയും, തീവയ്ക്കുന്നവളേയും, ഭർത്താവു ഗുരു തന്റെ കുഞ്ഞുങ്ങൾ ഇവരെ കൊല്ലുന്നവളേയും, കാതും കൈയും മൂക്കും ചുണ്ടും ഛേദിച്ച മൂർഖനായിട്ടുള്ള കാളയുടെ കാലിൽകെട്ടി കൊല്ലണം.

യാജ്ഞവല്ക്യഃ—

ക്ഷേത്രവേശ്മഗ്രാമഖലവിവീതാദേശ്ച ദാഹകാഃ
രാജപത്ന്യഭിഗാമീ ച ദഗ്ധവ്യാസ്സ്ത്രീ കടാഗ്നിനാ. [ൻസ്മൃ

നിലങ്ങൾ ഭവനങ്ങൾ ഗ്രാമം കളം ഗോക്കൾസഞ്ചരിക്കുന്നതിനായിട്ടു വിലയ്ക്കുവാങ്ങി സൂക്ഷിച്ചുവരുന്ന തൃണമുള്ള കാട് ഇവ വകകാം തീവച്ചു ദഹിപ്പിക്കുന്നവരേയും രാജസ്ത്രീയോടുകൂടി രമിക്കുന്നവരേയും തൃണകാഷ്ഠങ്ങളെക്കൊണ്ടു് അഗ്നിയെ ജ്വലിപ്പിച്ചു് അതിലിട്ടു ദഹിപ്പിക്കണം.

Digitized By Kerala Sahitya Akademi

ക്രടാശാസനകർത്തൃംശ്ച പ്രകൃതീനാഞ്ച ദൂഷകാൻ
സ്ത്രീബാലബ്രാഹ്മണഘ്നാംശ്ച ഹന്യാദ്ദ്വിഷ്ടോ വിനസ്തധാ.
൯൯൭

രാജശാസനം മുതലായതിനെ വ്യാജമായിട്ട് എഴുതിയുണ്ടാക്കുന്നവരേയും, സേനാംഗങ്ങളായിട്ടുള്ള ഏഴു പ്രകൃതികളെ ഹിംസിക്കുന്നവരേയും, സ്ത്രീകളും ബാലന്മാർ ബ്രാഹ്മണർ ഇങ്ങനെയുള്ളവരെ കൊല്ലുന്നവരേയും, ഒരു രാജാവിന്റെ രാജ്യത്തിൽ ഒരുത്തന്റെ ക്രടെ പാക്കുന്നവർ രാജാവു മുതലായവക്കു ശത്രുവായിരിക്കുന്നവരുടെക്രടെ നടന്നുസവിച്ചുവന്നുവെങ്കിൽ അവരേയും, ഹനിക്കണം.

വ്യാസഃ:—

പരിക്ലേശേന പൂർവ്വസ്ത്രാൽ ദ്വൈഷ്യേന തു മധ്യമഃ
പ്രഹാരേണ തു ഗർഭസ്യ പാതനേ ദണ്ഡ ഉത്തമഃ. ൯൯൮

ഗർഭമുള്ള സ്ത്രീയെ സങ്കടപ്പെടുത്തി ഗർഭം കീഴ്പോട്ടു വീഴുത്തുക്കവണ്ണം ചെയ്യുന്നവനെക്കൊണ്ടു പ്രഥമസാഹസവും മരുന്നുകൊണ്ടു ഗർഭം അലസിക്കുന്നവനെക്കൊണ്ടു മധ്യമസാഹസവും പ്രഹരിച്ചു് അലസിക്കുന്നവനെക്കൊണ്ടു് ഉത്തമസാഹസവും പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ:—

മിത്രപ്രാപ്തൃർത്ഥലോഭൈർവ്വാ രാജ്ഞാ ലോകഹിതൈഷിണാ
ന മോക്തവ്യാസ്സാഹസികാസ്സർവ്വഭ്രതഭയാവഹാഃ. ൯൯൯

പ്രജകൾക്കു സൌഖ്യമുണ്ടാകണമെന്നു് ഇച്ഛിക്കുന്ന രാജാവ് ഒരുത്തന്റെ സ്നേഹത്തിനായിട്ടെങ്കിലും ദ്രവ്യമോഹംകൊണ്ടെങ്കിലും പ്രജകൾക്കു ഭയങ്കരമായിരിക്കുന്ന സാഹസത്തെ മോഷണം ചെയ്തു നടക്കുന്നവരെ ശിക്ഷിക്കാതെ വിട്ടയക്കരുത്.

ബൌധായനഃ:—

ക്ഷത്രിയാദീനാം ബ്രാഹ്മണവധേ വധസ്സർവ്വസ്വഹരണഞ്ച;
തേഷാമേവ തുല്യാപകൃഷ്ടവധേ യഥാബലാനുരൂപം ദണ്ഡം കല്പയേൽ.

ക്ഷത്രിയവൈശ്യശൂദ്രന്മാരിൽ ആരെങ്കിലുമൊരുത്തൻ ബ്രാഹ്മണവധം ചെയ്താൽ ആയവന്റെ സർവ്വസ്വവും എടുത്തു് ആയവനേയും വധിക്കണം. ക്ഷത്രിയൻ മുതലായവർ തമ്മിൽ

Digitized By Kerala Sahitya Akademi

ഒരുത്തനെ ബലാൽകാരംചെയ്തു വധിച്ചാൽ അയതിനു യോഗ്യമായിട്ടുള്ള ദണ്ഡം അവസ്ഥവിചാരിച്ചു കല്പിക്കണം.

ബൃഹസ്പതിഃ—

ഏകഞ്ചേൽ ബഹവോ യത്ര പ്രഹരന്തി രുഷാന്വിതാഃ
മർമ്മപ്രഹാരകോ യസ്തു ഘാതകസ്സ ഉദാഹൃതഃ. ൯൯൫
മർമ്മഘാതീ തു യസ്തേഷാം യഥോക്തം ദാപയേദ്ദമം;
ആരംഭകൗസഹായാശ്ച ദോഷഭാജസ്തദർദ്ധതഃ. ൯൯൬

എട്ടുപത്ത് ആളുകൾകൂടി എതിരേയും ദ്വേഷത്തോടുകൂടെ ഒരുത്തനെ അടിച്ചു കൊന്നുവെങ്കിൽ അതിൽ മർമ്മപ്രദേശങ്ങളിൽ പ്രഹരിച്ചുകൊന്നവൻ മാത്രം ഘാതകനെന്നു ചൊല്ലപ്പെടുന്നവൻ; എന്നതുകൊണ്ട് അയവനുമാത്രം വധദണ്ഡം വരും. ഒരുത്തനെ കൊല്ലുന്നതിനായിട്ടു മുൻപിൽ ആരംഭംചെയ്തവനും അയതിനു സഹായമായിട്ടു കൂടിയിരിക്കുന്നവക്കും ആഘാതകന്റെ ദോഷത്തിൽ പാതിവരും. അവനവൻ ചെയ്ത കായ്ത്തിന്റെ അവസ്ഥപോലെ വിചാരിച്ച് ഈ സഹായക്കാക്കു പ്രായശ്ചിത്തം കല്പിക്കണം.

നാരദഃ—

അവിശേഷേണ സർവ്വേഷാമേഷ ദണ്ഡവിധിഃ സ്മൃതഃ;
വധാദൃതേ ബ്രാഹ്മണസ്യ ന വധം ബ്രാഹ്മണോഽർഹതി. ൯൯൭

മേലെഴുതിയ പ്രകാരം ചൊല്ലിയ ദണ്ഡം നാലുജാതികൾക്കും സമമായിട്ടുള്ളതു്. ബ്രാഹ്മണനു ബ്രാഹ്മണനേക്കൊന്നെങ്കിൽ അല്ലാതെ വധദണ്ഡം കല്പിക്കരുതു് ശിഷ്ടമുള്ള ദണ്ഡങ്ങൾ വിധിപ്രകാരം ചെയ്യിക്കണം.

ശിരസോ മുണ്ഡനം ദണ്ഡസ്തസ്യ നിർവ്വാസനം പുരാൽ
ലലാടേ ചാഭിശസ്താങ്കഃ പ്രയാണം ഗർഹണേന ച. ൯൯൮

ബ്രാഹ്മണൻ മറെറാരുത്തനെ വധം മുതലായതു ചെയ്താൽ ആ ബ്രാഹ്മണന്റെ തലയും ചിരപ്പിച്ചു നെറ്റിയിൽ എന്തും കാണത്തക്കവണ്ണമുള്ള അടയാളമുദ്രയും വച്ചു കഴുതപ്പുറത്തുകേറ്റി പ്രസിദ്ധപ്പെടുത്തി രാജ്യത്തിനു പുറത്തു കളയണം.

യമഃ—

ന ശാരീരോ ബ്രാഹ്മണസ്യ ദണ്ഡോ ഭവതി കർഹിചിൽ.

Digitized By Kerala Sahitya Akademi

ഹ്രസ്വേ ഋ ബന്ധനേ ബദ്ധ്വാ രാജാ ഭക്തം പ്രദാപയേൽ;
അവധ്യാ ബ്രാഹ്മണാസ്സർവേ ലോകേഽസ്മിൻ വൈദികീ ശ്രുതിഃ.
[ൻ ൈ ഫ

ബ്രാഹ്മണനെ ഒരിക്കലും അടിവധം മുതലായ ദണ്ഡം ചെയ്യരുത്. പിന്നേയൊ എന്നാൽ തടവിലാക്കി ബന്ധിച്ച ചോറു കൊടുപ്പിക്കണം. ബ്രാഹ്മണർ വധ്യരല്ലെന്നു വേദത്തിൽ ചൊല്ലിയിട്ടുമുണ്ട്.

ബൃഹസ്പതിഃ:—

ഹതസ്സന്ദൃശ്യതേ യത്ര ഘാതകസ്തു ന ദൃശ്യതേ
പൂർവ്വൈരാന്തമാനേന ജ്ഞാതവ്യസ്സു മഹീഭുജാ. ൻ ൈ ന

പ്രതിവേശ്യാന്തവേശ്യൗ ച തസ്യ മിത്രാരിബാന്ധവാഃ
പ്രഷ്ടവ്യാ രാജപുരുഷൈസ്സാമാദിഭിരുപക്രമൈഃ ൻ ൈ ർ

ഒരുത്തനെ ഒരുത്തൻ കൊന്നുംവച്ചു പോയാൽ കൊന്നവനെ കണ്ടില്ലെങ്കിൽ മരിച്ചുപോയവന്റെ നേരെ മുൻപിൽ ദ്വേഷമുള്ളവർ ആരെന്നൂഹിച്ചു കൊന്നവരെ അറിയണം. ഇപ്രകാരം രാജപുരുഷന്മാരും മരിച്ചുപോയവന്റെ ഭവനത്തിനു സമീപമുള്ള ഭവനങ്ങളിൽ ഉള്ളവരോടും സാമം ഭേദം മുതലായിട്ടുള്ള ഉപായങ്ങൾകൊണ്ടു ചോദിക്കണം. ചോദിച്ചു വിചാരിച്ചു കൊന്നവർ ഇന്നാരെന്ന് അറിയണം

ഏഷോദിതാ ഘാതകാനാം തസ്കരാണാഞ്ച ഭാവനാ.

വധിച്ചു നടക്കുന്നവരേയും മോഷ്ടിച്ചുനടക്കുന്നവരേയും അറിയേണ്ടുമുപായം മേലെഴുതിയ പ്രകാരമത്രെ ആകുന്നു.

ഗൃഹീതശ്ലോകയാ യസ്തു ന തൽ കാര്യം പ്രപദ്യതേ
ശപഥൈസ്തുവിശോദ്ധ്യസ്തു സർവ്വാദേഷോപയം വിധിഃ. ൻ ൈ ഞ

മേലെഴുതിയ പ്രകാരം വിചാരിച്ചുവരുമ്പോൾ ഒരുത്തനു സംശയമുണ്ടായാൽ ആയവനെ വരുത്തി ചോദിക്കുമ്പോൾ ആയവൻ മോഷണം മുതലായത് ഏറ്റില്ലെങ്കിൽ സത്യപ്രമാണം ചെയ്യിച്ച് ആയവൻ ശുദ്ധനെന്നും അശുദ്ധനെന്നും അറിയണം. എല്ലാ വ്യവഹാരത്തിലും ഇപ്രകാരമുള്ള വിധി പ്രവർത്തിക്കും.

ബൌധായനഃ:—

*ഹാസ്യാർത്ഥമപി ബ്രാഹ്മണ ആയുധം നാദദീത.

* 'ഹാസ്യാർത്ഥമപി' (പാഠാന്തരം).

Digitized By Kerala Sahitya Akademi

ബ്രാഹ്മണാർത്ഥേ ഗവാർത്ഥേ വാ വർണ്ണാനാം വാപി സങ്കരേ
ഗൃഹ്ണീയാതാം വിപ്രവിശൌ ശസ്ത്രം ധർമ്മവ്യതിക്രമേ.
[ൻ ൈ ന

ബ്രാഹ്മണൻ ഹാസ്യമായിട്ടെങ്കിലും ആയുധമെടുക്കരുത്. ബ്രാഹ്മണനും വൈശ്യനും മറൊരു ബ്രാഹ്മണനും ഗോവിനും ആപത്തുവന്നുവെങ്കിൽ ആയത് നിവർത്തിപ്പാനും പരസ്ത്രീകളെ അതിക്രമിച്ചു ജാതിസങ്കരം വരുത്തി നടക്കുന്നവനെ ശിക്ഷിപ്പാനും തടാകം മുതലായതിന്റെ ധർമ്മത്തിനെ രക്ഷിപ്പാനും ആയുധമെടുക്കാം. ഇങ്ങനെയുള്ള സംഗതിക്കല്ലാതെ ആയുധമെടുക്കരുത് എന്ന താൽപര്യം.

അഗ്നിദോ ഗരദശ്ചൈവ ശസ്ത്രപാണിർധനാപഹഃ
ക്ഷേത്രദാരഹരശ്ചൈവ ഷഡേതേ ആതതായിനഃ. ൻ ൈ ൈ

കാത്യായനഃ:—

ഉദ്യതാസിവിഷാഗ്നിശ്ച ചാപോദ്യതകരം തഥാ
ആഥർവ്വണേന ഹന്താരം പിശുനശ്ചൈവ രാജസു
ഭേദ്യാതിക്രമണശ്ചൈവ വിദ്യാദ്ബ്രഹ്മപ്രാതതായിനഃ. ൻ ൈ വ

ഭവനം മുതലായതു തീ വയ്ക്കുന്നവനും, വിഷം കൊടുക്കുന്നവനും, ആയുധങ്ങളെ കൈയിൽ എടുത്തു കൊല്ലുവാൻ വരുന്നവനും, മറൊരുത്തന്റെ നിലവും പുരയിടവും സ്ത്രീകളെയും അപഹരിക്കുന്നവനും, വില്ലെടുത്തു കൊല്ലുവാൻ വരുന്നവനും, ക്ഷുദ്രംവച്ചു കൊല്ലുവാൻ വരുന്നവനും, രാജാവിനോടു പൈശുന്യം പറയുന്നവനും, ഭാര്യയെ ഉപേക്ഷിച്ചു് അതിക്രമം ചെയ്തു നടക്കുന്നവനും, ഇവരൊക്കയും ആതതായികൾ ആകുന്നു.

മനുഃ:—

ഗുരും വാ ബാലവൃദ്ധൌ വാ ബ്രാഹ്മണം വാ ബഹുശ്രുതം
ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ. ൻ ൈ ൻ

നാതതായിവധേ ദോഷോ ഹന്തുർഭവതി കശ്ചന
പ്രകാശം വാ/പ്രകാശം വാ മന്യുസ്തം മന്യുമൃച്ഛതി. ൻ വ ം

ബാലനെങ്കിലും വൃദ്ധനെങ്കിലും വേദശാസ്ത്രസമ്പന്നനായിരിക്കുന്ന ബ്രഹ്മണനെങ്കിലും ഉദാസീനനായിട്ട് ഒരു ദോഷത്തിൽ പ്രവർത്തിക്കാതെയിരിക്കുന്നവനെ ശസ്ത്രം മുതലായത് എടുത്തും

Digitized By Kerala Sahitya Akademi

കൊണ്ടു കൊല്ലുവാൻ വന്നാൽ ആയവനെ മറെറാരു പ്രകാരം നിവൃത്തുവാൻ കഴികയില്ലെങ്കിൽ ഒരു വിചാരംക്രൂടാതെ കൊല്ലുകയുമാം. മേലെഴുതിയ പ്രകാരമുള്ള ആതതായികളെ കൊന്നതുകൊണ്ട് ഒരു ദോഷം വരികയില്ല. കൊല്ലുവാൻ വരുന്ന ആതതായിയുടെ കോപത്തിനെ മറെറാരുത്തന്റെ കോപം ഹനിക്കുന്നു. എന്നതുകൊണ്ടു കൊന്നവനു ദോഷം വരികയില്ല.

ദേവലഃ:—

ആത്മത്യാഗഃ പരത്യാഗാൽ പാപീയാൻ പാതകാദപി;
പാതകേ നിഷ്കൃതിഃ പ്രോക്താ; കഥമാത്മനി നിഷ്കൃതിഃ?

സുമന്തുഃ:— [ൻ വ്യ ഫ

ആതതായിനി ന ദോഷോ ƒന്യത്ര ഗോബ്രാഹ്മണവധാൽ.

തന്റെ പ്രാണഹാനിവരുന്ന സംഗതിയിൽ ആകുന്നേടത്തോളം യത്നംചെയ്തു രക്ഷിക്കാതെ ഉപേക്ഷിച്ച് ആത്മത്യാഗം ചെയ്യുന്നതു പരവധം മുതലായ പാതകത്തെക്കാൾ വലുതായിട്ടുള്ള പാപഹേതുവായിട്ടുള്ളത്. പാതകംചെയ്തവനെങ്കിലും പ്രായശ്ചിത്തം ചൊല്ലിയിട്ടുണ്ട്; ആത്മത്യാഗം ചെയ്തവന് ഒരിക്കലും പ്രായശ്ചിത്തമില്ല. എന്നതുകൊണ്ടു കൊല്ലുവാനായിട്ടു വരുന്നവരിൽ ഗോബ്രാഹ്മണർനീക്കി ശിഷ്ടമുള്ളവരെ കൊല്ലുകയുമാം.

കാത്യായനഃ:—

ആതതായിനി ചോൽകൃഷ്ടേ തപസ്സാദ്ധ്യായജന്മതഃ
വധസ്തസ്യ തു നൈവ സ്യാൽ; പാപഹീനേƒവധോ ഭവേൽ.

ബൃഹസ്പതിഃ:— [ൻ വ്യ ഫ

ആതതായിനമുൽകൃഷ്ടം വൃത്തസാദ്ധ്യായസംയുതം
യോ ന ഹന്യാദവധപ്രാപ്തം സോƒശ്വമേധഫലം ലഭേൽ.

[ൻ വ്യ ന

കൊല്ലുവാൻ വരുന്നവൻ വ്രതനിയമാദിതപസ്സുകൊണ്ടെങ്കിലും വേദാദ്ധ്യയനംകൊണ്ടെങ്കിലും ജാതികൊണ്ടെങ്കിലും ശീലംകൊണ്ടെങ്കിലും തന്നെക്കാൾ ഉൽകൃഷ്ടനായിരുന്നുവെങ്കിൽ ആയവനെ വധിക്കരുതു്. മേലെഴുതിയ ഗുണങ്ങൾകൊണ്ടു ഹീനനെങ്കിൽ വധിക്കയുമാം. തന്നെ കൊല്ലുവാൻവന്ന ഉൽകൃഷ്ടനെ

Digitized By Kerala Sahitya Akademi

വധിക്കാതെയിരുന്ന എങ്കിൽ അയവന്ത് അശ്വമേധയാഗംചെയ്ത ഫലം സിദ്ധിക്കും.

ഇതി സാഹസപ്രകരണം.

അഥ സ്ത്രീസംഗ്രഹണപ്രകരണം.

മനുഃ —

ഉപകാരക്രിയാ കേളിസ്പർശോ ഭ്രഷണവാസസാം
സഹഖട്വാസനഞ്ചൈവ സർവം സംഗ്രഹണം സ്മൃതം. ൻവ്യ ർ-

മറെറാരുത്തന്റെ സ്ത്രീക്ക് അസംഗതിയായിട്ട് ഉപകാരം ചെയ്യുന്നതും അ സ്ത്രീയുടെ വസ്ത്രങ്ങളേയും ആഭരണങ്ങളേയും പരിഹാസത്തോടുകൂടി സ്പർശിക്കുന്നതും ഒരു കട്ടിൽ മുതലായതിൽ ഒന്നിച്ചിരിക്കുന്നതും സ്ത്രീസംഗ്രഹണമെന്ന ചൊല്ലപ്പെട്ടും.

ബൃഹസ്പതിഃ—

പാപമൂലം സംഗ്രഹണം ത്രിപ്രകാരം നിബോധത;
ബലോപധികൃതേ ദ്വേ തു തൃതീയമനുരാഗജം. ൻവ്യ ഭ

പാപഹേതുവായിട്ടുള്ള ഈ സ്ത്രീസംഗ്രഹണം ബലാൽകാരം കൊണ്ടു ചെയ്യുന്നതും വ്യാജമായിട്ട നടത്തുന്നതും അനുരാഗം കൊണ്ടുണ്ടാകുന്നതും ഇപ്രകാരം മൂന്നുവിധം.

തൽ പുനസ്ത്രിവിധം പ്രോക്തം പ്രഥമം മധ്യമോത്തമം
അനിച്ഛന്ത്യാ യൽ ക്രിയതേ മത്തോന്മത്തപ്രമത്തയാ
പ്രലപന്ത്യാ തു രഹസി ബലാൽകാരകൃതന്തു തൽ. ൻവ്യന്യ

ഇനിയും സ്ത്രീസംഗ്രഹണം പ്രഥമമെന്നും മധ്യമമെന്നും ഉത്തമമെന്നും മൂന്നുവിധം. പരപുരുഷസംസർഗ്ഗത്തെ ഇച്ഛിക്കാതേയും മദ്യപാനം മുതലായതു ചെയ്യകൊണ്ടു മദിച്ചും ഇരിക്കുന്ന സ്ത്രീയോടു രഹസ്യപ്രദേശത്തിൽവച്ചു ബലംകൊണ്ടു ചെയ്യപ്പെടുന്ന ക്രീഡ മുതലായതു ബലാൽകാരകൃതം.

ഛദ്മനാ ഗ്രഹമാനീയ മദ്യപാ വാ മദകാരണം
സംയോഗഃ ക്രിയതേ യൽസ്യാത്തത്തുപധികൃതം വിദുഃ.

[ൻവ്യ ഒ

മറെറാരുത്തന്റെ സ്ത്രീയെ വ്യാജമായിട്ടു തന്റെ ഭവനത്തിൽ വരുത്തിയെങ്കിലും ചിത്തഭ്രമം വരുവാൻ തക്കവണ്ണം

Digitized By Kerala Sahitya Akademi

മദ്യം ഔഷധം മുതലായതു കൊടുത്ത് എങ്കിലും അന്യസ്ത്രീയോട് ചെയ്യപ്പെടുന്ന സംസർഗ്ഗത്തിനു വ്യാജകൃതമെന്നുപേർ.

അന്യോന്യചക്ഷുരാഗേണ ദൂതസംപ്രേഷണേന വാ
കൃതം ശ്രുപാത്ഥലോഭേന ജ്ഞേയന്തദനുരാഗജം. ൯൬

അനുരാഗത്താൽ തമ്മിൽ കടക്കൺകൊണ്ടുനോക്കിചെയ്യപ്പെടുന്നതും, ദൂതീദൂതന്മാരെ അയച്ചെങ്കിലും അത്ഥത്തിലും സൌന്ദര്യത്തിലും മോഹംകൊണ്ട് എങ്കിലും ചെയ്യപ്പെടുന്നതും, ഇപ്രകാരമുള്ള സ്ത്രീസംഗ്രഹണമൊക്കയും അനുരാഗജമെന്നു ചൊല്ലപ്പെടും.

ബൃഹസ്പതിഃ:—

അപാംഗപ്രേക്ഷണം ഹാസ്യം ദൂതീസന്പ്രേഷണന്തഥാ
സ്പർശോ ഭ്രഷണവസ്ത്രാണാം പ്രഥമഃ സംഗ്രഹഃ സ്മൃതഃ. ൯൭

അന്യസ്ത്രീയും അന്യപുരുഷനും തമ്മിൽ അനുരാഗത്തോടു കടക്കണ്ണുകൊണ്ടു നോക്കുക, ദൂതികളെ അയയ്ക്കുക, ആഭരണവസ്ത്രങ്ങളെ സ്പർശിക്ക, ഇതൊക്കയും പ്രഥമസംഗ്രഹമെന്നു ചൊല്ലപ്പെടും.

പ്രേഷണം ഗന്ധമാല്യാനാം ഫലമദ്യാന്നവാസസാം
സംഭാഷണഞ്ച രഹസി ദ്വിതീയം സംഗ്രഹം വിദുഃ. ൯൮

ചന്ദനം പനിനീരു ജവാതു മുതലായ സുഗന്ധവസ്തുക്കളും പുഷ്പങ്ങളും മാലകളും നല്ല പഴങ്ങളും മദകരമായിരിക്കുന്ന വസ്തുക്കളും ഭക്ഷണസാധനമായിരിക്കുന്ന അന്നവും നല്ല വസ്ത്രങ്ങളും ഈ വകകളെ സ്ത്രീകൾക്കു കൊടുത്തയയ്ക്കുന്നതും രഹസ്യപ്രദേശത്തിൽവച്ച് അനുരാഗത്തോടു സംസാരിക്കുന്നതും ഇതൊക്കയും മധ്യമസംഗ്രഹണമെന്നു ചൊല്ലപ്പെടും.

ഏകശയ്യാസനം ക്രീഡാ ചുംബനാലിംഗനം തഥാ
ഏതത്സംഗ്രഹണം പ്രോക്തമുത്തമം ശാസ്ത്രവേദിഭിഃ. ൯൯

ഒരു ചപ്രമഞ്ചക്കട്ടിൽ മുതലായ ശയനവസ്തുവിൽ ഒന്നിച്ചിരിക്കയും ഒരു ആസനത്തിൽ ഇരിക്കയും ആലിംഗനംചെയ്കയും ചുംബനംചെയ്കയും ക്രീഡിക്കയും ചെയ്യുന്നതൊക്കയും ഉത്തമസംഗ്രഹണമെന്നു ശാസ്ത്രജ്ഞന്മാരാൽ ചൊല്ലപ്പെടും.

ത്രയാണ്യമപി ചൈതേഷാം പ്രഥമോ മധ്യമോത്തമൌ
ഖിനയഃ കല്പനീയസ്സ്യാദധികോ ദ്രവിണാധികേ. ൧൦൦

Digitized By Kerala Sahitya Akademi

മേലെഴുതിയ പ്രകാരം മൂന്നുവിധമായിട്ടുള്ള പരസ്ത്രീസംഗ്രഹണങ്ങളെ ചെയ്യുന്നവരുടെ ദണ്ഡഭേദത്തെ ചൊല്ലുന്നു. പ്രഥമസംഗ്രഹണത്തെ ചെയ്യുന്നവനെക്കൊണ്ടു പ്രഥമസാഹസവും മധ്യമസംഗ്രഹണത്തെ ചെയ്യുന്നവനെക്കൊണ്ടു മധ്യമസാഹസവും ഉത്തമസംഗ്രഹണത്തെ ചെയ്യുന്നവനെക്കൊണ്ടു ഉത്തമസാഹസവും ദ്രവ്യം അധികമുള്ളവനെങ്കിൽ ഈ സാഹസങ്ങളിൽ അധികവും പ്രായശ്ചിത്തം ചെയ്യിക്കണം.

മനുഃ:—

ഭിക്ഷുകാ വന്ദിനശ്ചൈവ ദീക്ഷിതാഃ കാരവസ്തഥാ
സംഭാഷണം ഗൃഹേ സ്ത്രീഭിഃ കുർവ്വതപ്രതിവാരിതാഃ. ൻൻ൨

ഭിക്ഷുകന്മാക്കും സ്തുതിപാഠകന്മാക്കും ദീക്ഷിതന്മാക്കും ശില്പികൾക്കും മറെറാരുത്തന്റെ ഭവനത്തിൽ ചെന്നു സ്ത്രീകളോടു സംഭാഷണം ചെയ്യാം. സംഭാഷണം ചെയ്യരുതെന്നു വിലക്കിയാൽ പിന്നത്തതിൽ അവക്കും ചെയ്യരുത്.

ന സംഭാഷാ ഗൃഹസ്ത്രീഭിഃ പ്രതിഷിദ്ധാസ്സമാചരേൽ
നിഷിദ്ധോ ഭാഷമാണസ്തു സുവർണ്ണം ദണ്ഡമർഹതി. ൻൻ൪

ഭവനത്തിൽ ഇരിക്കുന്ന സ്ത്രീകളോടു രഹസ്യമായിട്ടു സംസാരിക്കരുത് എന്നു ഭർത്താവു മുതലായവർ വിലക്കിയിരിക്കുമ്പോൾ, മേലെഴുതിയപ്രകാരം ആളുകൾ സംസാരിച്ചുവെങ്കിൽ സുവർണ്ണം പ്രായശ്ചിത്തം ചെയ്യിക്കണം.

യാജ്ഞവല്ക്യഃ:—

സ്ത്രീ നിഷേധേ ശതം ദദ്യാദ്ദ്വിശതന്തു ദമം പുമാൻ
അനിഷേധേ തയോർദ്ദണ്ഡോ യഥാ സംഗ്രഹണേ തഥാ.

[ൻൻ ഭ

സംസാരിക്കരുതെന്നു വിലക്കിയിരിക്കുമ്പോൾ പുരുഷനോടു സംസാരിക്കുന്ന സ്ത്രീയെക്കൊണ്ടു നൂറുപണവും ആ പുരുഷനെക്കൊണ്ടു ഇരുനൂറു പണവും പ്രായശ്ചിത്തം ചെയ്യിക്കണം. വിലക്കിയിട്ടില്ലെങ്കിൽ സംഗ്രഹണത്തിൽ ചൊല്ലിയിരിക്കുന്ന ദണ്ഡം ചെയ്യിക്കണം.

മനുഃ:—

പരദാരാഭിമർശേഷു പ്രവൃത്താൻ നൃമഹീപതിഃ
ഉദ്വേജനകരൈർദ്ദണ്ഡൈശ്ചിഹ്നയിത്വാ പ്രവാസയേൽ.

[ൻൻന്യ

Digitized By Kerala Sahitya Akademi

തസ്മാത്തോ ഹി ലോകസ്യ ജായതേ വർണ്ണസങ്കരഃ;
യേന മൂലഹരോ ധർമ്മസ്സർവ്വനാശായ കല്പതേ. ൻൻ൭

ഒരുത്തന്റെ സ്ത്രീയെ സ്വജാതിയിൽ ഉള്ളവനും ഹീനജാതിയിലുള്ളവനും സംസർഗ്ഗംചെയ്യുന്നതു ഹേതുവായിട്ടു ബ്രാഹ്മണനെന്നും ശൂദ്രനെന്നും ഉള്ള നിയമഹാനിയും ജാതിസങ്കരവും വന്ന് അതുഹേതുവായിട്ടു ധർമ്മവും നശിച്ചു സർവ്വഹാനിയും വന്നുകൂട്ടുമ്പോഠം രാജ്യത്തിലുള്ള പ്രജകൾക്കു ഹാനിവരുന്നതാകകൊണ്ട് ഇപ്രകാരം ജാതിവിവേകം ഇല്ലാതെ പരസ്ത്രീസംസർഗ്ഗംചെയ്തുവരുന്ന പുരുഷന്മാരെ എത്രയും കഠിനമായിട്ടുള്ള ദണ്ഡം ചെയ്യിച്ചു അടയാളമുദ്രയും ധരിപ്പിച്ചു രാജ്യത്തിനു വെളിയിൽ കളയണം.

അബ്രാഹ്മണസ്സംഗ്രഹണേ പ്രാണാന്തം ദണ്ഡമർഹതി;
ചതുർണ്ണാമപി വർണ്ണാനാം ദാരാ രക്ഷ്യതമാ സ്മൃതാഃ. ൻൻ൰

ബ്രാഹ്മണൻനീക്കി ശിഷ്ടമുള്ള ക്ഷത്രിയവൈശ്യശൂദ്രന്മാരിൽ ഒരുത്തൻ അന്യസ്ത്രീസംഭാഷണം സംസർഗ്ഗം മുതലായതു ചെയ്യുവെങ്കിൽ ആയവനെ വധം വരയ്ക്കുള്ള ദണ്ഡം ചെയ്യിക്കണം. ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാരെന്നു ചൊല്ലപ്പെട്ടനാലുജാതികളും അവരവരുടെ ഭാര്യമാരെ എത്രയും താൽപര്യമായിട്ടു ദോഷംവരാതെ രക്ഷിച്ചുകൊള്ളണം.

ബൃഹസ്പതിഃ—

ക്ഷത്മനാ കാമയേദ്യസ്തു തസ്യ സർവ്വഹരോ ദമഃ;
അങ്കയിത്വാ ഭഗാങ്കേന പുരാന്നിർവ്വാസയേത്തതഃ. ൻൻൻ

അന്യസ്ത്രീയെ വ്യാജമായിട്ടു ഭവനത്തിൽ വരുത്തി സംസർഗ്ഗം ചെയ്യുന്നവന്റെ സർവ്വസ്വവും എടുത്തുംകൊണ്ടു ഭഗാകാരമായിട്ട് അടയാളമുദ്രയും ഇട്ടു രാജ്യത്തിനു പുറത്തു കളയണം.

യാജ്ഞവല്ക്യഃ —

സജാതാവുത്തമോ ദണ്ഡ ആനുലോമ്യേ തു മധ്യമഃ
പ്രാതിലോമ്യേ വധഃ പുംസാം സ്ത്രീണാം *നാസാദികൃന്തനം.
[൨൦൦൫

തമ്മിൽ അനുരാഗത്താൽ സമജാതിയിലുള്ള അന്യസ്ത്രീയാട്ടു സംയോഗിക്കുന്നവനെക്കൊണ്ട് ഉത്തമസാഹസവും, തന്നെ

* 'കർണ്ണാദികൃന്തനം' എന്നു മിതാക്ഷരയിൽ.

Digitized By Kerala Sahitya Akademi

ക്കാഠം നികൃഷ്ടജാതിയിലുള്ള അന്യസ്ത്രീയോട്ട സംയോഗിക്കുന്നവ
നെക്കൊണ്ടു മദ്ധ്യമസാഹസവും തന്നെക്കാഠം ഉൽകൃഷ്ടജാതിയി
ലുള്ള അന്യസ്ത്രീയോട്ട സംയോഗിക്കുന്നവനെക്കൊണ്ടു വധദ
ണ്ഡവും ഇപ്രകാരം പ്രയശ്ചിത്തം ചെയ്യിക്കണം. മേലെഴുതിയ
പ്രകാരം പരപുരുഷന്മാരോട്ട സംയോഗിക്കുന്ന സ്ത്രീകളുടെ മൂക്കു,
ചെവി മുതലായ അംഗങ്ങളെ ഛേദിക്കണം.

ദമസ്സമസ്സമായാന്തു ഹീനായാമദ്ധികഃ സൂതഃ
പുംസഃ കായ്യോർദ്ധികായാന്തു ഗമനേ സന്ത്രമാപണം.

[ഫ ൦ ൦ ഫ

സമജാതിയിലുള്ള അന്യസ്ത്രീയോട്ട സംയോഗിക്കുന്നവ
നെക്കൊണ്ടു വ്യാജമായിട്ടു ഭവനത്തിൽ അന്യസ്ത്രീകളെ വരു
ത്തി സംയോഗിക്കുന്നവനു വിധിച്ചിരിക്കുന്ന ദണ്ഡവും, ഹീനജാ
തിയിലുള്ളവളോട്ട സംയോഗംചെയ്യുന്നവനെക്കൊണ്ടു അതിൽ
പാതിയും, ഉത്തമജാതിയിലുള്ളവളോട്ട സംയോഗംചെയ്യുന്നവനു
വധവും, ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കണം.

പിതുസ്സപത്നീം മാതുശ്ച മാതുലാനീം സ്നുഷാമപി.
മാതുസ്സപത്നീം ഭഗിനീമാചാര്യതനയാം തഥാ ഫ ൦ ൦ ര
ആചാര്യപത്നീം സപത്നുതാം ഗച്ഛംസ്തു ഗുരുതല്പഗഃ;
ക്ഷിപ്രാ ലിംഗം വധസ്തസ്യ സകാമായാസ്ത്രിയാസ്ത്വഥാ.

[ഫ ൦ ൦ ന

അച്ഛനേറയും അമ്മയുടേയും ക്രടെപ്പിറന്നവളോട്ടും അ
മ്മാവന്റെ ഭാര്യയോട്ടും പുത്രഭാര്യയോട്ടും സപത്നീമാതാവോട്ടും
സഹോദരിയോട്ടും ഗുരുപുത്രിയോട്ടും ഗുരുപത്നിയോട്ടും തന്റെ
പുത്രിയോട്ടും സംയോഗിക്കുന്നവൻ ഗുരുതല്പഗനെന്നും മഹാപാപി
എന്നും ചൊല്ലപ്പെട്ടും. ആയവന്റെ ലിംഗം ഛേദിച്ചു വധി
ക്കണം. അനുരാഗംകൊണ്ടു മേലെഴുതിയപ്രകാരം സംയോഗി
ക്കുന്ന സ്ത്രീയേയും അപ്രകാരം ചെയ്യിക്കണം.

വസിഷ്ഠഃ—

ശൂദ്രശ്ചേൽ ബ്രാഹ്മണീമഭിഗച്ഛേൽ വീരണൈർവേഷ്ട
യിത്വാ ശൂദ്രമഗ്നൗ പ്രാസ്യേത; ബ്രാഹ്മണ്യാഃ ശിരോ
വാപയിത്വാ സർപ്പിഷാഭ്യജ്യ നഗ്നാം ഖരമാരോപ്യ
മഹാപഥമനുസംപ്രാജയേൽ, പൂതാ ഭവതീതി വിജ്ഞായതേ.

Digitized By Kerala Sahitya Akademi

ഏവം വൈശ്യോ രാജന്യാ മൈഥുനമാചരൻ ശൂദ്രശ്ച രാജന്യാവൈശ്യയോഃ.

ബ്രാഹ്മണന്റെ സ്ത്രീയോട് സംയോഗംചെയ്യുന്ന ശൂദ്രനെ തുണവിശേഷങ്ങാംകൊണ്ടു ചുറ്റിക്കെട്ടി ജ്വലിക്കുന്ന അഗ്നി യിൽ ഇടണം. മേലെഴുതിയപ്രകാരം ചെയ്ത ബ്രാഹ്മണസ്ത്രീ യുടെ തല മുണ്ഡനമാക്കി നഗ്നരൂപം ധരിപ്പിച്ചു കഴുതപ്പുറത്തു കേറ്റി തലയിൽ വിളക്കുംവയ്പിച്ചു പെരുവഴികളിൽ പ്രസി ദ്ധപ്പെടുത്തി തള്ളിക്കളയണം. മേലെഴുതിയപ്രകാരം ബ്രാഹ്മ ണസ്ത്രീയോട് സംയോഗംചെയ്ത ക്ഷത്രിയനേയും വൈശ്യനേയും ഈറവസ്ത്രങ്ങളെക്കൊണ്ടു പൊതിഞ്ഞുകെട്ടി അഗ്നിയിൽ ഇട ണം. ഇപ്രകാരം ബ്രാഹ്മണസ്ത്രീയേയും മുൻപിൽ പറഞ്ഞവ ണ്ണം കഴുതപ്പുറത്തുകയറ്റി പ്രസിദ്ധപ്പെടുത്തി തള്ളിക്കളയണം. രാജസ്ത്രീയോടും വൈശ്യസ്ത്രീയോടും സംസർഗ്ഗംചെയ്യുന്ന ശൂദ്ര നേയും അഗ്നിയിൽ വസ്ത്രംകൊണ്ടു പൊതിഞ്ഞുകെട്ടി ഇടണം.

മനുഃ—

വൃഷലം സേവതേ യാ തു ബ്രാഹ്മണീ മദമോഹിതാ
താം ശ്വഭിഃ ഖാദയേദ്രാജാ സംസ്ഥാനേ ബഹുസംസ്ഥിതേ.

[ഫ ൦ ൭ ർ

വൈശ്യം വാ ക്ഷത്രിയം വാപി ബ്രാഹ്മണീ സേവതേ തു യാ
ശിരസോ മുണ്ഡനന്തസ്യാഃ പ്രയാണം ഗർദ്ദഭേന തു. ഫ ൦ ൦ ൪

ഗൃഹമാഗത്യ യാ നാരീ പ്രലോഭ്യ സ്പൃശ്നാദിനാ
കാമയേത്തത്ര സാ ഭണ്ഡ്യാ നരസ്യാദ്ധ്വമഃ സൃതഃ. ഫ ൦ ൦ ന

ഛിന്നനാസോഷ്ഠകർണ്ണാം തു പരിഭ്രാമ്യാപ്സു മജ്ജയേൽ
ഖാദയേച്ഛ സാരമേയൈസ്സംസ്ഥാനേ ബഹുസംസ്ഥിതേ.

[ഫ ൦ ൧ ൭

ഭർത്താരം ലംഘയേദ്യാ തു സ്ത്രീ ജാതിഗുണദർപ്പിതാ
താം ചാഭിഖാദയേദ്രാജാ സംസ്ഥാനേ ബഹുസംസ്ഥിതേ.

[ഫ ൦ ൧ വ

മദമോഹിതയായിരുന്നുകൊണ്ടു ശൂദ്രനോടു സംയോഗിക്ക ന്ന ബ്രാഹ്മണസ്ത്രീയുടെ ഊരുപ്രദേശത്തിൽ നായെ വിട്ടു കടി പ്പിക്കണം. ക്ഷത്രിയനോടും വൈശ്യനോടും സംയോഗിക്കുന്ന ബ്രാഹ്മണസ്ത്രീയുടെ തല മുണ്ഡനംചെയ്യിച്ചു കഴുതപ്പുറത്തുകേറ്റി

Digitized By Kerala Sahitya Akademi

പ്രസിദ്ധപ്പെടുത്തി കളയണം. മറെറാരുത്തന്റെ ഭവനത്തിൽ ചെന്നു സ്പർശം മുതലായതുചെയ്തു പുരുഷനെ മോഹിപ്പിച്ചു സംയോഗം ചെയ്യുന്ന സ്ത്രീക്കു മുൻപിൽ പറഞ്ഞതിൻവണ്ണമുള്ള ദണ്ഡങ്ങളെ കല്പിക്കണം. ഇപ്രകാരം ചെയ്യുന്ന സ്ത്രീയോടു സംയോഗംചെയ്യുന്ന പുരുഷനെ സ്ത്രീസംഗത്തിനു പുരുഷനു വിധിച്ചിരിക്കുന്ന ദണ്ഡത്തിനു പകുതി പ്രായശ്ചിത്തം ചെയ്യിക്കണം. തന്റെ ഭർത്താവിനെ ലംഘിച്ചു സൌന്ദര്യാദിമൂലമായിട്ടുള്ള അഹങ്കാരംകൊണ്ടു പരപുരുഷസംസർഗ്ഗംചെയ്യുന്ന സ്ത്രീകളുടെ ചെവിയും മൂക്കും ഛേദിച്ച് ആ സ്ത്രീകളുടെ ഊരുപ്രദേശത്തിൽ നായെ വിട്ടു കടിപ്പിക്കണം.

ബൃഹസ്പതിഃ—

അനിച്ഛന്തീ തു യാ ഗച്ഛാ ദ്ഭക്താ താം വാസയേദ് ഗൃഹേ
മലിനാംഗീമധശ്ശയ്യാം പിണ്ഡമാത്രോപജീവിനീം. ൧൦൦൯

പരപുരുഷസംസർഗ്ഗത്തെ ഇച്ഛിക്കാതെ രക്ഷിക്കപ്പെട്ടവരുന്ന സ്ത്രീയോടു മറെറാരു പുരുഷൻ സംയോഗംചെയ്തു ദോഷം വരുത്തിയാൽ ആ സ്ത്രീക്കു മലിനമായിട്ടുള്ള വസ്ത്രവും ചോറും കൊടുത്തു ഭവനത്തിൽതന്നെ ഒരു പുരയും കെട്ടിക്കൊടുത്തു പാർപ്പിക്കണം.

ഇതി സ്ത്രീസംഗ്രഹണപ്രകരണം.

അഥ ദായവിഭാഗപ്രകരണം.

*വ്യാസഃ—

വിദ്യാപ്രാപ്തം ശൌര്യധനം യച്ച സൌദായികം ഭവേൽ
വിഭാഗകാലേ തത്തസ്യ നാനേഷ്ടവ്യം സപരിക്രഥിഭിഃ.

[൧൦൧൦

വിദ്യാശൌര്യശ്രോത്രിയലബ്ധം സ്ത്രീധനം മാധുപക്കികം
മൈത്രമൌദ്വാഹികം ഭ്രാതുർഭ്രക്തുഭിർന വിഭജ്യതേ.

[൧൦൧൧

ക്രമാദ്ഭ്യാഗതം ദ്രവ്യം ഹൃതമഭ്യുദ്ധരേത യഃ
ദായാദേഭ്യോ ന തദ്ദദ്യാദ്വിദ്യയാ പ്രാപ്തമേവ ച. ൧൦൧൨

* 'വ്യാസഃ' എന്നും പാഠം.

Digitized By Kerala Sahitya Akademi

ദായാദിക്കാക്കു പകുത്തുകൊടുപ്പാൻ ന്യായമില്ലാത്ത ദ്രവ്യങ്ങളുടെ സ്വരൂപത്തെ ചൊല്ലുന്നു. ഒരു കുടുംബത്തിൽ ഒരുത്തൻ എവിടെയെങ്കിലും ചെന്നു വിദ്യാഭ്യാസംചെയ്തു് ആ വിദ്യമൂലമായിട്ടു സമ്പാദിച്ച ദ്രവ്യവും, തന്റെ ശൌര്യംകൊണ്ടുണ്ടാക്കുന്ന ദ്രവ്യവും, വിവാഹസംബന്ധം എടപെട്ടുവരുന്ന ദ്രവ്യവും, താൻതന്നെ ഒരു ദിക്കിൽചെന്നു കൃഷിയിട്ടുണ്ടാക്കിയതും, താനായിട്ടു് ഒരുത്തനെ സ്നേഹിച്ചുണ്ടാക്കിയതും, എല്ലാവരുംകൂടി വസ്തു പകുക്കുന്ന സമയത്തു ദായാദിക്കാക്കു വരികയില്ല. ഇപ്രകാരം പൂർവ്വന്മാരുടെ പാരമ്പര്യത്തിൽ ഉണ്ടായിരുന്ന വസ്തു മറൊരുത്തൻ ബലാൽകാരമായിട്ടു് അപഹരിച്ചുകൊണ്ടുപോയതിനെ ഒരുത്തൻ തിരിയെ വരുത്തിയാൽ ആയതു ദായാദിക്കാക്കു വരികയില്ല.

പരദത്തോപയോഗേന വിദ്യാ പ്രാപ്താ/ന്യതസ്തു യാ
തയാ പ്രാപ്തന്തു വിധിനാ വിദ്യാപ്രാപ്തം തദുച്യതേ.

[ഫ ൦ ഫസ

ശിഷ്യാദാത്പിജ്യതഃ പ്രശ്നാൽ സന്ദിശ്യപ്രശ്നനിർണ്ണയാൽ
സഭജ്ഞാനശംസനാദ്വാദാല്ലബ്ധം വാ/ദ്ധ്യയനാച്ച യൽ
വിദ്യാധനന്തു തൽപ്രാഹുസ്സാമാന്യം യദതോ/ന്യഥാ. ഫ ൦ ഫ ൪

വിദ്യാധനത്തിന്റെ ലക്ഷണത്തെ ചൊല്ലുന്നു. അച്ഛൻമുതലായവർ സമ്പാദിച്ചിരിക്കുന്ന വസ്തുവിനെക്കൊണ്ടു് അഹോവൃത്തികഴിച്ചു് അഭ്യസിച്ച വിദ്യയല്ലാതെ അന്യന്മാരുടെ അടുക്കൽചെന്നു ഭക്ഷിച്ചു് അന്യന്മാർ അഭ്യസിപ്പിച്ച വിദ്യകൊണ്ടു് ഉണ്ടാക്കിയ ധനവും, ശിഷ്യദക്ഷിണയും, അന്യന്റെ യാഗത്തിൽ ചെന്നു ക്രിയ കഴിച്ചു് ഉണ്ടാക്കിയ ദ്രവ്യങ്ങളും, അന്യന്മാക്കു പ്രായശ്ചിത്തം വിധിച്ചു് ഉണ്ടാക്കിയ ദ്രവ്യവും, വേദാദ്ധ്യയനം കൊണ്ടുണ്ടാക്കിയ ദ്രവ്യവും മറ്റും വിദ്യാധനമെന്നു ചൊല്ലപ്പെട്ടു. ഇപ്രകാരമല്ലാതെ കുടുംബവകകൊണ്ടു് അഹോവൃത്തി കഴിച്ചു കുടുംബത്തിലുള്ളവരോടു് അഭ്യസിച്ചുവന്ന വിദ്യയെക്കൊണ്ടു് ഉണ്ടാക്കിയ ദ്രവ്യം എല്ലാപേക്കും പൊതുവായിട്ടുള്ളതു്

കാത്യായനഃ—

നാവിദ്യാനാന്തു *വൈദ്യേന ദേയം വിദ്യാധനം കചിൽ
സമവിദ്യാധികാനാന്തു ദേയം വൈദ്യേന തദ്ധനം. ഫ ൦ ഫ ൭

* വൈദ്യൻ=വിദ്യാസമ്പന്നൻ.

Digitized By Kerala Sahitya Akademi

മേലെഴുതിയപ്രകാരം സമ്പാദിച്ച വിദ്യാധനം അവിഭാ
ന്മാരായിട്ടുള്ള സഹോദരന്മാക്കു പകുതിയിൽ വരികയില്ല. ത
ന്നെക്കാൾ അധികമായിട്ടും, സമമായിട്ടും വിദ്യയുള്ളവരെങ്കിൽ പ
കുത്തുകൊടുക്കണം.

നാരദഃ:—

ശൌര്യ്യഭാര്യ്യാധനേ ഹിതപാ യച്ച വിദ്യാധനം കചിൽ
ത്രീണ്യേതാന്യവിഭാജ്യാനി പ്രസാദോ യശ്ച പൈതൃകഃ

[ഫ o ഫസ്യ

ശൌര്യ്യംകൊണ്ട് ഉണ്ടാക്കിയതും സ്ത്രീധനമായിട്ടു വന്നതും വിദ്യാധനവും അച്ഛൻ ഒരുത്തനു പ്രസാദിച്ചുകൊടുത്തതും പകുക്കുമ്പോൾ ദായാദികൾക്കു വരികയില്ല.

ബൃഹസ്പതിഃ:—

പിതാമഹപിതൃഭ്യാഞ്ച ദത്തം മാത്രാ ച യദ്ഭവേൽ
തസ്യ തന്നാപഹർത്തവ്യം ശൌര്യ്യഭാര്യ്യാധനം തഥാ. ഫ o ഫ ൬

മനുഃ:—

അനുപഘ്നൻ പിതൃദ്രവ്യം ശ്രമേണ യദുപാർജ്ജിതം
സ്വയമീഹിതലബ്ധം തന്നാകാമോ ദാതുമർഹതി. ഫ o ഫ വ്യ

അമ്മച്ഛന്റെ അച്ഛനും അച്ഛനും അമ്മയും സമ്പാദിച്ച സംഗതിപോലെ കൊടുത്തതും ശൌര്യ്യംകൊണ്ട് ഉണ്ടാക്കിയതും സ്ത്രീധനവും പിതൃദ്രവ്യസംബന്ധം ഇല്ലാതെ താനായിട്ടു ശ്രമിച്ച് ഉണ്ടാക്കിയതും ദായാദിക്കാക്കു കൊടുക്കുന്നതിനു തനിക്കു മനസ്സില്ലെങ്കിൽ കൊടുപ്പാൻ ആവശ്യമില്ല.

വസ്ത്രം പത്രമലങ്കാരം കൃതാന്നമുദകം സ്ത്രിയഃ
യോഗക്ഷേമം പ്രചാരഞ്ച ന വിഭാജ്യം പ്രചക്ഷതേ.

[ഫ o ഫൻ

ഏകാം സ്ത്രീം കാരയേൽ കർമ്മ യഥാംശേന ഗൃഹേ ഗൃഹേ;
ബഹ്വ്യസ്സമാംശഭാഗാ ദേയാ; ദാസാനാമപ്യയം വിധിഃ.

[ഫ o ൬ o

പകുക്കുന്നതിനു മുൻപിൽ അവരവർ ധരിച്ചിരിക്കുന്ന വസ്ത്രവും അലങ്കാരവും ലേഖ്യത്തിലുള്ള പൊതുക്കടവും ദാസ്യപ്രവൃത്തി എടുക്കുന്ന സ്ത്രീയും ഇരിക്കുന്ന സമ്പത്തിനെക്കാൾ അധികം ഉണ്ടാക്കുന്നതിനു വച്ചിരിക്കുന്ന ധർമ്മവും ഇരിക്കുന്നതു രക്ഷിപ്പാ

Digitized By Kerala Sahitya Akademi

ന്നാക്കിയിരിക്കുന്ന ഭാരപാലകന്മാർ മുതലായവരും ഇവയൊക്കയും പകുത്ത് എടു രുതു്. കിണറു മുതലായതിൽ ഉള്ള വെള്ളത്തും പുരയിടം മുതലായതിലുള്ള വഴിയും ചിറയും പകുക്കരുത്. ദാസി ഒരുത്തിതന്നെ എങ്കിൽ അവളെക്കൊണ്ടു എല്ലാപേരുടെ വേണ്ത്തിലും ദിവസം വീതിച്ചു വേല എടുപ്പിക്കണം. ദാസന്മാരും ദാസികളും വളരെ ഉണ്ടെങ്കിൽ സമമായിട്ടു പകുത്തുകൊള്ളണം.

നാരദഃ:—

കുടുംബം ബിഭൃയാദ് ഭ്രാതൃഭ്യോ വിദ്യാമധിഗച്ഛതി
ഭാഗം വിദ്യാധനാത്തസ്മാൽ സ ലഭേതാശ്രുതോഽപി സൻ.

[ഫ ൭ ക

കുടുംബത്തിൽ ഒരുത്തൻ കുടുംബകാര്യം വിചാരിച്ചു കുടുംബത്തിലുള്ള ആളുകളെ രക്ഷിച്ചുവരുമ്പോൾ മറെറാരുത്തൻ വിദ്യാഭ്യാസം ചെയ്തുണ്ടാക്കിയ ധനത്തിനെ ആ കുടുംബം ഭരിച്ചു വന്നവൻ വിദ്വാനല്ലെങ്കിലും അയവനു പകുത്തു കൊടുക്കണം.

അവിദ്യാനാന്തു സർവ്വേഷാമാഹൃതജ്ഞേധനം ഭവേൽ
സമസ്തത്ര വിഭാഗസ്സ്യാദപിത്ര്യ ഇതി ധാരണാ. ഫ ൭ ക

എല്ലാപേരും അവിദ്വാന്മാരായിരിക്കുമ്പോൾ അവക്കു കിട്ടിയ ധനം എല്ലാവരും സമമായിട്ടു പകുത്ത് എടുക്കണം.

വ്യാസഃ:—

സാധാരണം സമാശ്രിത്യ യൽകിഞ്ചിദുപാഹനായുധം
ശൌയ്യാദിനാപ്നോതി ധനം ഭ്രാതരസ്തസ്യ ഭാഗിനഃ.
തസ്യ ഭാഗദ്വയം ദേയം; ശേഷാസ്തു സമഭാഗിനഃ .ഫ ൭ കന

കുടുംബത്തിൽ പൊതുവായിരിക്കുന്ന ദ്രവ്യം എടുത്തതു മൂലമായിട്ടു് ഉണ്ടാക്കിയ വാഹനം ആയുധം മുതലായതിലും ആ ദ്രവ്യം സംബന്ധിച്ചു് ശൌയ്യാദികർമ്മംകൊണ്ടുണ്ടാക്കിയതിലും ദായാദന്മാർ എല്ലാപേക്കും പകുക്കുമ്പോൾ അംശം സിദ്ധിക്കും. അതിൽ ദ്രവ്യം ഉണ്ടാക്കിയവനു് ഒരു പങ്കു കൂട്ടികൊടുക്കണം.

പുരുഷസ്യ സ്ത്രിയശ്ചൈവ ധർമ്മ്യേ വർത്മനി തിഷ്ഠതോഃ
സംയോഗേ വിപ്രയോഗേ ച ധർമ്മാൻ വക്ഷ്യാമി ശാശ്വതാൻ.

[ഫ ൭ കർ

ശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന മാർഗ്ഗത്തിൽ പ്രവർത്തിച്ചിരിക്കുന്ന സ്ത്രീപുരുഷന്മാർ ഒന്നിച്ചു് ഇരിക്കുമ്പോഴും പിരിയുമ്പോ

Digitized By Kerala Sahitya Akademi

ദേശാന്തരത്തിൽ പോയിരിക്കുമ്പോഴും അവർ ചെയ്യേണ്ടും പ്രകാരത്തെച്ചൊല്ലുന്നു.

അസ്വതന്ത്രാ സ്ത്രിയഃ കാര്യ്യാഃ പുരുഷൈസ്സൈർദ്ദിവാനിശം;
വിഷയേ സ്വേ നിജേ സംസ്ഥാപ്യാ ഹ്യാത്മനോ വശേ. [ഫ ൦ ൨ ൫

സ്ത്രീകളെ അസ്വതന്ത്രകളായിട്ടു വച്ചു സൂക്ഷിക്കണം. സ്ത്രീകൾക്കു സ്വാതന്ത്ര്യത്തിന് ഏടകൊടുക്കരുത്. ഒരു കാര്യത്തിൽ പ്രവത്തിച്ചുവെങ്കിലും അതു നിവത്തിപ്പിച്ചു സ്വാധീനമാക്കിക്കൊള്ളണം.

രക്ഷേൽ കന്യാം പിതാ പുത്രാം പതിഃ പുത്രസ്തു വാർദ്ധകേ
അഭാവേ ജ്ഞാതയസ്ത്വേഷാം സ്വാതന്ത്ര്യം ന കചിൽ [സ്ത്രിയഃ. ഫ ൦ ൨൯

പിതാ രക്ഷതി കൌമാരേ ഭത്താ രക്ഷതി യൌവനേ
പുത്രശ്ച സ്ഥവിരേ ഭാവേ; ന സ്ത്രീ സ്വാതന്ത്ര്യമർഹതി. [ഫ ൦ ൨ ൬

കന്യകയായിട്ടു മറെറാരുത്തനു വേളികഴിച്ചു കൊടുക്കാതെയിരിക്കുമ്പോൾ അച്ഛനും യൌവനാവസ്ഥയിൽ ഭത്താവും വാൎദ്ധക്യത്തിൽ പുത്രനും സ്ത്രീകളെ രക്ഷിക്കണം. അവർ ആരുമില്ലെങ്കിൽ ജ്ഞാതികൾ രക്ഷിക്കണം. ഇപ്രകാരമല്ലാതെ സ്ത്രീകൾക്ക് ഒന്നിനും സ്വാതന്ത്ര്യമില്ല.

അനാഖ്യായ ഭടൻ ദോഷം ദണ്ഡ്യ ഉത്തമസാഹസം;
അദുഷ്ടാം യസ്ത്യജേൽ കന്യാം ദൂഷയംശ്ച മൃഷാ ശതം. [ഫ ൦ ൨ ൭

കന്യകയ്ക്ക് ഒരുദോഷം ഉണ്ടായിരിക്കുമ്പോൾ അതു വെളിയിൽ പറയാതെ മറെറാരു പുരുഷനു കൊടുക്കുന്നവനെക്കൊണ്ട് ഉത്തമസാഹസവും ദോഷമില്ലാതെയിരിക്കുന്ന കന്യകയെ ത്യജിക്കുന്നവനെക്കൊണ്ടും ദോഷമുണ്ടായിട്ടു ദോഷം പറയുന്നവനെക്കൊണ്ടും നൂറു പണവും പ്രായശ്ചിത്തം ചെയ്യിക്കണം.

ബൃഹസ്പതിഃ:—

സൂക്ഷ്മേഭ്യോപി പ്രസംഗേഭ്യോ നിവാര്യ്യാ സ്ത്രീ ച ബന്ധുഭിഃ.
സകാമേ വത്തമാനാ തു യാ സ്നേഹാന്ന നിവാരിതാ
അവശ്യാ സാ ഭവേൽ പശ്ചാദ്ധാ വ്യാധിരുപേക്ഷിതാ. [ഫ ൦ ൭൯

Digitized By Kerala Sahitya Akademi

സ്ത്രീകളെ പരപുരുഷസംഭാഷണം സംസർഗ്ഗം മുതലായതു വരാതെയിരിപ്പാൻ തക്കവണ്ണം ബന്ധുക്കൾ നല്ലവണ്ണം സൂക്ഷിച്ചുകൊള്ളണം. ചെറുപ്പമായിരിക്കുമ്പോൾ വാത്സല്യംകൊണ്ടു സ്ത്രീകളെ ഇച്ഛാപ്രകാരം തന്നെ അനുസരിച്ചു വിലക്കാതെ ബന്ധുക്കൾ ഉപേക്ഷിച്ചിരുന്നാൽ ഉടൻ ഔഷധം സേവിക്കാതെയിരുന്ന വ്യാധികൾപോലെ നിറുത്തുവാൻ വഹിയാത്ത ദോഷങ്ങൾകൊണ്ട് അസ്വാധീനകളായിട്ടു ഭവിക്കും.

യാദൃശം ഭജതേ ഹി സ്ത്രീ പുത്രം സൂതേ തഥാവിധം:
അഥ പ്രജാവിശുദ്ധ്യർത്ഥം സ്ത്രിയോ രക്ഷ്യാഃ പ്രയത്നതഃ.
[ഫ ൦ ന ൦

സ്ത്രീകൾ യാതൊരു ജാതിയിൽ യാതൊരു വിധത്തിലുള്ള പുരുഷന്മാരെ അംഗീകരിക്കുന്നോ എന്നാൽ ആ പുരുഷന്മാരുടെ ഗുണങ്ങളെ അനുസരിച്ചു കുഞ്ഞുങ്ങൾ ഉണ്ടാകുന്നതുകൊണ്ടും അശുദ്ധന്മാരെ അംഗീകരിച്ചാൽ ആ കുഞ്ഞുങ്ങൾക്കും അശുദ്ധിവരുന്നതാകകൊണ്ടും ആയതു വരാതെയിരിക്കേണ്ടുന്നതിനായിട്ടു സ്ത്രീകളെ എത്രയും പ്രയത്നം ചെയ്തു സൂക്ഷിക്കണം.

ഋതുസ്നാതാ തു യാ നാരീ ഭർത്താരം നോപഗച്ഛതി;
താം ഗ്രാമമധ്യേ വിഖ്യാപ്യ ഭ്രൂണഹ്നീതി വിവാസയേൽ.
[ഫ ൦ ന ഫ

ഋതുസ്നാനംചെയ്തുവരുന്ന യാതൊരു സ്ത്രീ ഭർത്താവിനോടുകൂടി സംയോഗത്തിനു സമ്മതിക്കാതേയും ഭർത്താവിന്റെ സമീപത്തിൽ ചെല്ലാതേയും പാർക്കുന്നോ എന്നാൽ ആ സ്ത്രീയെ ഗ്രാമത്തിലുള്ള ജനങ്ങളുടെ മധ്യത്തിൽ വരുത്തി ഭ്രൂണഹത്തിദോഷം ചെയ്യുന്നവളെന്നു പ്രസിദ്ധപ്പെടുത്തി ഗ്രാമത്തിനു വെളിയിൽ കളയണം.

അപ്രജാം ദശമേ വർഷേ സ്ത്രീപ്രജാം ദ്വാദശേ ത്യജേൽ
പ്രേതപ്രജാം പഞ്ചദശേ സദ്യസ്ത്വപ്രിയവാദിനീം. ഫ ൦ ന ഫ

ഒരു സ്ത്രീയെ ഒരുത്തൻ വിവാഹവുംചെയ്തു ഋതുസ്നാനവും കഴിഞ്ഞു തമ്മിൽ സംയോഗാദികളും ചെയ്തുവരുമ്പോൾ ഗർഭം ധരിച്ചു പ്രസവിച്ചില്ലെങ്കിൽ ആ സ്ത്രീയെ പത്തുസംവത്സരത്തിനമേലും സ്ത്രീയായിട്ടുതന്നെ പ്രസവിച്ചുവരുന്നവളേ പതിനഞ്ച

Digitized By Kerala Sahitya Akademi

സംവത്സരത്തിനുമേലും പ്രേതപ്രജകളേ പ്രസവിക്കുന്നവളേ പതിനഞ്ചു സംവത്സരത്തിനുമേലും ത്യജിക്കയുമാം. ഇങ്ങനെയുള്ള വർക്ക് അന്നവസ്ത്രങ്ങളും കൊടുത്തു ഭവനത്തിൽ തന്നെ പാർപ്പിച്ചു പുത്രനുണ്ടാകുന്നതിനു വേറിട്ടു വിവാഹം ചെയ്തുകൊള്ളണമെന്നു താൽപര്യം. ഭർത്താവിനോടു സാഹസാ അപ്രിയംപറഞ്ഞു പാർക്കുന്ന സ്ത്രീയെ ഉടൻ ഉപേക്ഷിക്കണം.

ഭാര്യാമെയെ വ്യഭിചാരിണ്യൈ പരിത്യാഗോ ന വിദ്യതേ;
ഭർത്രാൽ പിണ്ഡം കുലേലബ്ധ അധഗ്ഭ്യാബ്ധ ശായയേൽ.

[ഫ ൦ നമ

വ്യഭിചാരദോഷം വന്നിരിക്കുന്ന ഭാര്യയ്ക്കു ജീർണ്ണവസ്ത്രവും ചോറും കൊടുത്ത് ഒരുപുരയും കെട്ടിക്കൊടുത്ത് അതിൽ പാർപ്പിക്കണം. വെളിയിൽ ത്യജിക്കരുത്.

പൂർവവാത്ഥാനം ഗുരുഷച്ചാ ഭോജനവ്യഞ്ജനക്രിയാ
ജഘന്യാശനശായിത്വം കർമ്മ സ്ത്രീണാമുദാഹൃതം. ഫ ൦ ന ൪

കുലസ്ത്രീകൾ നടക്കേണ്ടും പ്രകാരത്തെ ചൊല്ലുന്നു. ഗുരുജനങ്ങളെ കണ്ടാൽ ഉടൻ എഴുന്നേല്ക്കയും ഗുരുജനങ്ങളെ പൂജിക്കയും ഗുരുജനങ്ങൾ ഭക്ഷിച്ചതിൽപിന്നെയുള്ളതുകൊണ്ടു ഭക്ഷിക്കയും ഇപ്രകാരമൊക്കയും ചെയ്യണം.

ദ്വാരോപവേശനം നിത്യം ഗവാക്ഷാവേക്ഷണന്തഥാ
അസൽപ്രലാപോ ഹാസശ്ച ദൂഷണം കുലയോഷിതാം.

[ഫ ൦ ന ൫

ദിവസംപ്രതി പടിപ്പുരയ്ക്കുവെളിയിൽ വന്നിരിക്കയും ഗവാക്ഷമാർഗ്ഗമായിട്ടു വെളിയിൽ പോകുന്നവരെ നോക്കുകയും ദുഷ്ടന്മാരോടു സംസാരിക്കയും ഹാസ്യം ചെയ്കയും ഇതൊക്കയും കുലസ്ത്രീകൾക്കു ദോഷമായിട്ടുള്ളതു്.

ക്രീഡാം ശരീരസംസ്കാരം സമാജോത്സവദർശനം
ഹാസം പരഗൃഹം യാനം ത്യജേൽ പ്രോഷിതഭർതൃകാ.

[ഫ ൦ ന ൬

ഭർത്താവു ദേശാന്തരത്തിൽ പോയിരിക്കുമ്പോൾ സ്ത്രീകൾ വജ്ജിപ്പാനുള്ളതെ ചൊല്ലുന്നു. പന്തുമുതലായതുകൊണ്ടു ക്രീഡിക്കയും നല്ലതിൻവണ്ണം ശരീരത്തിനെ അലങ്കരിക്കയും ജനങ്ങൾകൂടിയിരിക്കുന്ന ദിക്കിൽ ചെല്ലുകയും ഉത്സവം മുതലായതു നോക്കു

Digitized By Kerala Sahitya Akademi

കയും ഹാസംചെയ്കയും പരഗൃഹത്തിൽ ഗമിക്കയും വാഹനങ്ങളിൽ കേറുകയും ഇതൊക്കയും അരുത്.

മൃതേ ഭർത്തരി യാ നാരീ സമാരോഹേദ്ധുതാശനം
സാ/രുന്ധതീസമാ രാമാ സപ്തലോക മഹീയതേ. ഫ ൦ന൬൭

ഭർത്താവു മരിച്ചുപോയാൽ ആ ഭർത്താവോടുകൂടി ആ ഭാര്യ ചിതയിൽകേറി അഗ്നിപ്രവേശം ചെയ്യണം. ഇപ്രകാരമുള്ള സ്ത്രീ അരുന്ധതീദേവിക്കു സമമായിട്ടു ഭവിച്ചു സപ്തലോകത്തെ പ്രാപിക്കയും ചെയ്യും.

പൃഥക് ചിതാം സമാരുഹ്യ ന വിപ്രാ ഗന്തുമർഹതി
ദേശാന്തരേ മൃതേ തസ്മിൻ സാധ്വീ തൽപാദുകാദ്വയം
[ഫ ൦ന൬൭
നിധായോരസി സശ്രദ്ധാ പ്രവിശേജ്ജാതവേദസം.
തത്ര സാ ഭർതൃപരമാ പരാപരമദാലസാ ഫ ൦ന൬൭
ക്രീഡതേ പതിനാ സാർദ്ധം യാവദിന്ദ്രാശ്ചതുർദ്ദശ.

വിഷ്ണുഃ—

മൃതൌ ഭർത്തുർബ്രഹ്മചര്യം തദനാരോഹണം തഥാ.
[ഫ ൦ ൪ ൦

ഭർത്താവു മരിച്ചതിൽ പിന്നെ ഉടൻ അഗ്നിപ്രവേശം ചെയ്യാതെ വേറിട്ടുള്ള ചിതയിൽ അഗ്നിപ്രവേശം ചെയ്യരുത്. ഭർത്താവു ദേശാന്തരത്തിൽചെന്ന് അവിടെത്തന്നെ മരിച്ചുപോയാൽ ഭാര്യ കേട്ടുകൂടുമ്പോൾ ആ ഭർത്താവിന്റെ പാദുകകളെ വക്ഷഃപ്രദേശത്തിൽ എടുത്തുവച്ചുംകൊണ്ട് എത്രയും ഭക്തിയോടും ശ്രദ്ധയോടുംകൂടി അഗ്നിയിൽ പ്രവേശിക്കണം. ഇപ്രകാരം ചെയ്യുന്ന സ്ത്രീക്കു പതിന്നാല് ഇന്ദ്രപ്പട്ടം മാറിവരുന്നേടത്തോളം സപ്തലോകത്തിൽ എത്രയും സൌഖ്യമായിട്ടു തന്റെ ഭർത്താവിനോടുകൂടി വസിച്ചു ക്രീഡിപ്പാൻ സംഗതിവരും. ഭർത്താവു ദോഷയുക്തനാകുന്നുവെങ്കിലും ഇപ്രകാരം ചെയ്യുന്ന ഭാര്യയുടെ പാതിവ്രത്യമാഹാത്മ്യംകൊണ്ടു ശുദ്ധനായിട്ടു ഭവിച്ച് അയവൻ സപ്തലോകത്തെ പ്രാപിക്കുമെന്നു താൽപര്യം. ഭർത്താവു മരിച്ചുപോയാൽ ഭാര്യ മേലെഴുതിയപ്രകാരം ചെയ്യണം. അല്ലെങ്കിൽ വിധവാധർമ്മ ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണമുള്ള നിയമത്തോടും കൂടിയിരിക്കണം.

Digitized By Kerala Sahitya Akademi

നാരദഃ:—

വിഭാഗോഽത്ഥസ്യ പിതൃസ്യ പുത്രൈസ്തത്തോപകല്പതേ
ദായഭാഗ ഇതി പ്രോക്തം തദ്വിവാദപദം ബുധൈഃ.

[ഫ ൦ ൪ ഫ

അച്ഛന്റേയും അമ്മയുടേയും വകയായിട്ടുള്ള വസ്തുവകകളെ പുത്രന്മാർ എല്ലാപേരും വീതിച്ച് എടുക്കുന്നതിനു ദായഭാഗമെന്നു പേർ. അതു വ്യവഹാരപദമെന്നു ചൊല്ലപ്പെട്ടുന്നു.

മനുഃ:—

ഊർദ്ധ്വം പിതുശ്ച മാതുശ്ച സമേത്യ ഭ്രാതരസ്സമം
ഭജേരൻ പൈതൃകം രിക്ഥമനീശാസ്തു ഹി ജീവതോഃ.

[ഫ ൦ ൪ ഖ

അച്ഛനും അമ്മയും കഴിഞ്ഞുപോയതിൽപിന്നെ അവരുടെ വസ്തുവകകളെ പുത്രന്മാർ എല്ലാപേരുംകൂടി പകുത്ത് എടുക്കണം. അച്ഛനും അമ്മയും ജീവിച്ചിരിക്കുമ്പോഴം അവരുടെ വസ്തുവകയിൽ പുത്രന്മാർക്കു സ്വാതന്ത്ര്യമില്ല.

ദേവലഃ:—

പിതര്യുപരതേ പുത്രാ വിഭജേയുഃ പിതുർധനം;
അസ്വാമ്യം ഹി ഭവേത്തേഷാം നിർദ്ദോഷേ പിതരി സ്ഥിതേ.

[ഫ ൦ ൪ ന

അച്ഛനു വസ്തുവകയിൽ ഇച്ഛ ഇല്ലെങ്കിലും ഒരു ദോഷകാരനായിട്ടെങ്കിലും പോയാൽ അച്ഛന്റെ വകയായിട്ടുള്ള ദ്രവ്യത്തിനെ അച്ഛൻ ജീവിച്ചിരിക്കുമ്പൊഴും പുത്രന്മാർക്കു പകുത്ത് എടുക്കാം. അച്ഛൻ മേൽപ്പറഞ്ഞപ്രകാരമല്ലാതെ ദ്രവ്യേച്ഛയുള്ളവനായും ദോഷമില്ലാത്തവനായും ഇരുന്നാൽവെങ്കിൽ അപ്പോഴും അച്ഛന്റെ വകയിൽ പുത്രന്മാർക്കു സ്വാതന്ത്ര്യമില്ലായ്കകൊണ്ട് അച്ഛന്റെ സമ്മതമില്ലാതെ പകുത്ത് എടുക്കരുത്.

പിത്രോരഭാവേ ഭ്രാതൄണാം വിഭാഗസ്സമ്പ്രദർശിതഃ
മാതുർനിവൃത്തേ രജസി ജീവന്ത്യാമപി ശസ്യതേ. ഫ ൦ ൪ ൪

നാരദഃ:—

മാതുർനിവൃത്തേ രജസി പുത്രാസു ഭഗിനീഷു ച
നിവൃത്തേ ചാപി മരണാൽ പിതര്യുപരതസ്പൃഹേ.

[ഫ ൦ ൪ ഉ

Digitized By Kerala Sahitya Akademi

അച്ഛനും അമ്മയും മരിച്ചുപോയാൽ പിന്നത്തതിൽ പുത്രന്മാരെല്ലാപേരുംകൂടി അച്ഛന്റെയും അമ്മയുടേയും വസ്തുവക പകുത്ത് എടുക്കണം. മാതാവിനു വയസ്സുകൊണ്ട് ജ്യേഷ്ഠനിവൃത്തിവന്നാൽ മാതാവു ജീവിച്ചിരിക്കുമ്പോഴും മാതാവിന്റെവക പകുത്തുകൊള്ളുകയുമാം. സഹോദരികൾക്കു വിവാഹംമുതലായതു കഴിഞ്ഞില്ലെങ്കിൽ പൊതുവക ദ്രവ്യത്തിൽനിന്നും എടുത്തു വിവാഹം കഴിപ്പിച്ചു പിന്നത്തതിൽ പകുതി ചെയ്തുകൊള്ളണം. ഇപ്രകാരം അച്ഛൻ ജീവിച്ചിരിക്കുമ്പോഴും അച്ഛനു വസ്തുവകയിൽ ഇച്ഛ ഇല്ലാതെയിരുന്നാൽ അച്ഛന്റെവക പകുത്തുകൊള്ളാം.

ജീവതി പിതരി പുത്രാണാമത്മദാനവിസർഗ്ഗാക്ഷേപേഷ്വസ്വാതന്ത്ര്യമിതി.

അച്ഛൻ ജീവനോടുകൂടി പ്രാപ്തിയുള്ളവനായിരിക്കുമ്പോൾ അച്ഛന്റെ സമ്മതംകൂടാതെ കുടുംബവകയെ വേണ്ടുവണ്ണം എടുത്ത് അനുഭവിക്കയും ചിലവിടുകയും കുടുംബത്തിലുള്ള ആളുടിമ മുതലായ ദാസജനങ്ങളെ ശിക്ഷിക്കയും ഇപ്രകാരം ചെയ്യുന്നതിനു പുത്രന്മാർക്കു സ്വാതന്ത്ര്യമില്ല.

ഏവം സഹവസേയുവ്വാ പൃഥഗ്വാ ധർമ്മകാമ്യയാ
പൃഥഗ്വിവർത്തതേ ധർമ്മോ യസ്മാദ്ധർമ്മ്യാ പൃഥക്ക്രിയാ.

[ഫ ൦ ർന്നു

ചിലവ് അധികംവരാതെ അത്ഥങ്ങൾ വർദ്ധിച്ചുവരണമെന്ന് ഇച്ഛയോടുംകൂടിയിരിക്കുന്ന സഹോദരന്മാർ തമ്മിൽ പകുക്കാതെ ഒന്നിച്ചു വസിക്കണം ഒന്നിച്ചു വസിച്ചാൽ അത്ഥവൃദ്ധിവരും. ധർമ്മം വർദ്ധിച്ചുവരണമെന്ന് ഇച്ഛയോടുകൂടിയിരിക്കുന്നവർ തമ്മിൽ വിഭാഗംചെയ്തു വസ്തുവകകൾ എടുത്ത് അവരവർ വേറിട്ട ഭവനം ഉണ്ടാക്കി പാർക്കണം.

ഏകപാകേന വസതാം പിതൃദേവദ്വിജാർച്ചനം
ഏകം ഭവേദ്വിഭക്താനാം തദ്ദേവ ന്യായ്യാൽ ഗൃഹേ ഗൃഹേ.

[ഫ ൦ ർ൭

ഒന്നിച്ചു പാർത്താൽ അത്ഥവൃദ്ധി വരുംപ്രകാരത്തേയും തമ്മിൽ പകുത്തു വേറിട്ടുപാർത്താൽ ധർമ്മവൃദ്ധി വരുംപ്രകാരത്തേയും അതിന്റെ കാരണത്തേയും ചൊല്ലുന്നു. സഹോദരന്മാർ മുതലായ ദായാദന്മാർ വസ്തുവക പകുത്തുകൊള്ളാതെ ഒരു ഭവ

Digitized By Kerala Sahitya Akademi

നത്തിൽതന്നെ പാത്ത് എല്ലാപേക്കും വേറിട്ട് അരിവയ്ക്കാതെ ഏകപാകമായിട്ട വച്ചു ഭക്ഷണം മുതലായതു ചെയ്തുവരുന്നവക്കു മരിച്ചുപോയവരുടെ ബലിമുതലായതും കുടുംബത്തിൽ ദേവ ന്മാരെ പൂജിക്കുന്നതും ബ്രാഹ്മണപൂജ മുതലായ ധർമ്മവും ഒരു ഭവനത്തിൽ ഒരുത്തൻ കഴിച്ചാൽ മതി; വേറിട്ട പാത്തുവെങ്കിൽ മേലെഴുതിയ ധർമ്മമൊക്കയും അവരവരുടെ ഭവനത്തിൽ വേറിട്ട കഴിക്കുമ്പോഠം അത്ഥച്ചിലവും ധർമ്മവൃദ്ധിയും വരുമെന്നതാൽ പയ്യും.

ക്രമാഗതേ ഗൃഹേ ക്ഷേത്രേ പിതൃപുത്രാസ്സമാംശിനഃ
യാജ്ഞവല്ക്യഃ:—

ഭ്രയ്യോ പിതാമഹോപാത്തോ നിബന്ധോ ദ്രവ്യമേവ

[ഫ ൦ ർ വ

തത്ര സ്യാൽ സദൃശം സ്വാമ്യം പിതുഃ പുത്രസ്യ ചോഭയോഃ
പൈതാമഹം സമാനം സ്യാൽ പിതുഃ പുത്രസ്യ ചോഭയോഃ.

[ഫ ൦ ർ ൻ

അച്ഛന്റെ അച്ഛൻ മുതലായ പൂർവ്വന്മാരുണ്ടാക്കി പാരംപര്യമായിട്ടിരിക്കുന്ന ഭവനം, നിലം, പുരയിടം, മൂലധനമായിരിക്കുന്ന പൊൻവെള്ളി മുതലായ ദ്രവ്യം ഈ വക വസ്തുക്കളിലും അച്ഛന്റെ അച്ഛൻ മകമ ആയിട്ടുണ്ടാക്കിയിരിക്കുന്ന വസ്തുവിലും അച്ഛനും മകനും സ്വാമിത്വം സമമാകകൊണ്ടു മേലെഴുതിയ വസ്തുവക അച്ഛനും മകനും പകുക്കുന്നവെങ്കിൽ സമമായിട്ട പകുത്ത് എടുത്തുകൊള്ളണം. രാജാവും അല്ലാതെയുള്ള ധനവാന്മാരെങ്കിലും വ്യാപാരികഠംമുതലായവരുടെ പക്കൽ ഇന്ന ധർമ്മത്തിനായിട്ട വ്യാപാരത്തിന്നു കൊണ്ടുവരുന്ന ചരക്കുകളിൽ മാസമൊന്നിന് ഇത്ര കൊടുക്കണമെന്ന വകവച്ചു് ഏർപ്പെടുത്തിരിക്കുന്ന ദ്രവ്യത്തിന്നു മകമ എന്ന പേരു.

യദി കുര്യുഃസമാനാംശാൻ പത്ന്യഃ കുര്യുസ്സമാംശികാഃ
ന ഭർത്തും സ്ത്രീധനം യാസാം ഭർത്രാ വാ ശ്വശ്രുരേണ വാ.

[ഫ ൦ ൭ ൦

അച്ഛൻതന്നെ പുത്രന്മാക്കു സമമായിട്ട വസ്തുവക പകുത്തുകൊടുക്കുന്നവെങ്കിൽ അപ്പോഠം ഭർത്താവിനോട് എങ്കിലും ഭർത്തൃവിന്റെ അച്ഛനോട് എങ്കിലും സ്ത്രീധനംവാങ്ങിക്കാതെ

൦൦

Digitized By Kerala Sahitya Akademi

യിരിക്കുന്ന ഭാഗ്യകർമ്മങ്ങൾക്കും പുത്രന്മാരോട് സമമായിട്ട് പകുത്തു കൊടുക്കണം.

മനുഃ:—

ഭ്രാതൄണാമവിഭക്താനാം യദ്യുത്ഥാനം ഭവേത്സഹ
ന തത്ര ഭാഗം വിഷമം പിതാ ദദ്യാൽ കഥഞ്ചന.
പിതൈവ വാ നയേത്സമം പുത്രാൻ വിഭജേദപ്യസംസ്ഥിതഃ.
[ഫ ൦ ൭ ഫ

പകുതി ചെയ്യാതെ ഒന്നിച്ചു പാർത്തുവരുന്ന സഹോദരന്മാക്ക് എല്ലാപേർക്കും ഒന്നിച്ചു ലാഭമായിട്ടു കിട്ടിയ ദ്രവ്യത്തിനെ അച്ഛൻ സമമായിട്ട് പകുത്തു കൊടുക്കണം അച്ഛൻ ഏറിയ വയസ്സായാൽ പുത്രന്മാക്ക് അച്ഛൻതന്നെ പകുത്തു കൊടുക്കുകയുമാം.

ഹാരീതഃ:—

ജീവന്നേവാത്മധനം പുത്രാണാം വിഭജ്യ വനമാശ്രയേൽ;
ആശ്രമാന്തരം വാ ഗച്ഛേൽ; സന്ന്യസേന വാ സംവിഭജ്യ
ത്രയിഷ്ടുമാദായ വസേൽ; യദ്യുപദസ്യേൽ പുനഃസ്തേഭ്യോ
ഗൃഹ്ണീയാൽ; ക്ഷീണാംശ്ച വിഭജേത.

അച്ഛൻ ജീവിച്ചിരിക്കുമ്പോഴും തന്നെ പുത്രന്മാക്കു വസ്തുവക പകുത്തുകൊടുത്തു വാനപ്രസ്ഥാശ്രമം സ്വീകരിച്ചു വനത്തിൽച്ചെന്നു നിത്യമത്തോടുംകൂടി കർമ്മാദികൾചെയ്യുംകൊണ്ടു പാർക്കയെങ്കിലും സന്ന്യാസാശ്രമം സ്വീകരിക്കയെങ്കിലും ചെയ്യണം. പുത്രന്മാക്കു കുറെ വസ്തുവക പകുത്തുകൊടുത്ത അധികംവക താൻ എടുത്തുംകൊണ്ടു വേറിട്ടു പാർക്കയുമാം. ഇപ്രകാരം പാർത്തുവരുമ്പോൾ തനിക്കു ദാരിദ്ര്യം വന്നാൽ വേറിട്ടു പാർത്തുവരുന്ന പുത്രന്മാരോട് ദ്രവ്യം വാങ്ങിക്കയും പുത്രന്മാർതന്നെ ദരിദ്രന്മാരായിഭവിച്ചാൽ തന്റെ ദ്രവ്യത്തിൽനിന്നും പകുത്തുകൊടുക്കയും ആകാം.

വ്യാധിതഃ കോപിതശ്ചൈവ വിഷയാസക്തമാനസഃ
അനുശാസ്യകാരീ ച ന വിഭാഗേ പിതാ പ്രഭുഃ. ഫ ൦ ൭ ഖ

അച്ഛൻ അകാരണത്തിൽ കോപമുള്ളവനായും ദീർഘരോഗമുള്ളവനായും സ്ത്രീകാമുകനായ വിഷയത്തിൽത്തന്നെ മനസ്സു പ്രവർത്തിച്ചിരിക്കുന്നവനായും ശാസ്ത്രത്തെ ലംഘനംചെയ്തു നടക്കുന്നവനായും ഇരുന്നുവെങ്കിൽ അപ്പോൾ അച്ഛൻ വസ്തുവക

Digitized By Kerala Sahitya Akademi

പകുത്തു പുത്രന്മാക്കു കൊടുക്കുന്നതിനു സ്വാതന്ത്ര്യമില്ല. എന്നതു കൊണ്ടു് അച്ഛന്റെ സമ്മതംകൂടാതെയും പുത്രന്മാക്കു പകുത്തു് എടുക്കാം എന്നു താൽപര്യം.

യാജ്ഞവല്ക്യഃ—

വിഭാഗമേൽ പിതാ കുര്യാദിച്ഛയാ വിഭജേൽ സുതാൻ.

വിഷ്ണുഃ—

പിതാ ചേൽ പുത്രാൻ വിഭജേൽ തസ്യ നേച്ഛാതഃ
സ്വയമുപാത്തേ/തേ്ഥ.

അച്ഛൻ താൻതന്നെ ഉണ്ടാക്കിയവക പുത്രന്മാക്കു പകുത്തുകൊടുക്കുന്നുവെങ്കിൽ തന്റെ ഇച്ഛപോലെ പുത്രന്മാർ എല്ലാപേക്കും സമമായിട്ടു് എങ്കിലും ജ്യേഷ്ഠാംശം മുതലായതു ജ്യേഷ്ഠന് അധികംവച്ചെങ്കിലും പകുത്തു കൊടുക്കാം.

നാരദഃ—

പിതൈ/വ തു വിഭജേതാ യേ സമന്യൂനാധികൈർധനൈഃ
ഏഷാം സ ഏവ ധർമ്മസ്സ്യാൽ സ്വസ്യേ ഹി പിതാ പ്രഭുഃ.

[ഫ ം ഭ്ന

ബൃഹസ്പതിഃ—

സമന്യൂനാധികാ ഭാഗാഃ പിത്രാ യേഷാം പ്രകല്പിതാഃ
തഥൈവ തേ പാലനീയാ വിനേയാസ്സൂരതോ/ന്യഥാ.

യാജ്ഞവല്ക്യഃ—

ന്യൂനാധികവിഭക്താനാം ധർമ്മ്യഃ പിതൃകൃതഃ സ്മൃതഃ. ഫ ം ഭ ർ

അച്ഛൻതന്നെ പുത്രന്മാക്കു തന്റെ വക പകുത്തുകൊടുക്കുമ്പോൾ ഒരുത്തന് അധികമായിട്ടും മറെറാരുത്തനു കുറച്ചും ജ്യേഷ്ഠാംശം മുതലായതുവച്ചു പകുത്തുവെങ്കിൽ അയാൾ എല്ലാപേരും അനുസരിക്കണം. അച്ഛൻ തന്റെവക ഇച്ഛപോലെ പകുത്തു കൊടുക്കുന്നതിനു സ്വാതന്ത്ര്യമുള്ളവനാകകൊണ്ടും പുത്രന്മാക്കും അതുതന്നെ ധർമ്മന്യായത്തിൽ വരുന്നതാകകൊണ്ടും ഒരുത്തന് അധികം കൊടുപ്പാൻ എന്തൊരു സംഗതി എന്നു പുത്രന്മാർ തർക്കിക്കരുത്. തർക്കിച്ചാൽ അയവരെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കണം.

Digitized By Kerala Sahitya Akademi

മനുഃ:—

പൈതൃകന്തു പിതാ ദ്രവ്യമനവാപ്തം യദാപ്നുയാൽ
ന തൽ പുത്രൈർഭജേത്സാദ്ധ്മകാമഃ സ്വയമാർജ്ജിതം.

കാത്യായനഃ:— [ഫ 0 ഉ

സ്വയം തൂപാർജ്ജിതേ പുത്രോ ന പുനസ്സ്വാമ്യമർഹതി
പൈതാമഹം ഹൃതം പിത്രാ സ്വശക്ത്യാ യദുപാർജ്ജിതം

[ഫ 0 ഉസ

വിദ്യാശൌര്യാദിനാ വാപ്തം തത്ര സ്വാമ്യം പിതുഃ സ്മൃതം;
പ്രദാനഞ്ചൈവ കന്യാദ് ഭോഗശ്ചൈവ തതോ ധനാൽ.
തദഭാവേ തു ദായാദാസ്സമാംശാഃ പരികീർത്തിതാഃ. ഫ 0 ഉ ഒ

അച്ഛൻ മൂത്തച്ഛന്റെ ദ്രവ്യസംബന്ധംകൂടാതെ താൻതന്നെ വിദ്യകൊണ്ടെങ്കിലും ശൌര്യംകൊണ്ടെങ്കിലും ഇതല്ലാതെ മറെറാരു കാരണംകൊണ്ടെങ്കിലും ഉണ്ടാക്കിയ വസ്തുവകയിൽ തനിക്കുതന്നെ സ്വാമിത്വം ഉള്ളതാകകൊണ്ടും പുത്രന്മാക്കു താൻ ജീവിച്ചിരിക്കുമ്പോൾ അതിൽ സ്വാമിത്വം ഇല്ലായ്കകൊണ്ടും അവക പുത്രന്മാക്കു പകുത്തു കൊടുപ്പാൻ അവശ്യമില്ല. തനിക്കു ബോധിച്ചപോലെ ദാനം ചെയ്കയും അനുഭവിക്കയും ആകാം. അച്ഛൻ മരിച്ചുപോയാൽ പിന്നത്തതിൽ അച്ഛന്റെ വക സമമായിട്ടു പകുത്ത് എടുക്കണം.

മനുഃ:—

ജ്യേഷ്ഠേന ജാതമാത്രേണ പുത്രീ ഭവതി മാനവഃ
പിതൃണാമനൃണശ്ചൈവ; സ തസ്മാൽ സർവ്വമർഹതി. ഫ 0 ഇ വ

ജ്യേഷ്ഠപുത്രൻ ജനിച്ചുകൂടുമ്പോൾതന്നെ അച്ഛൻ പുത്രവാനായും പിതൃക്കളുടെ ഋണത്തിൽനിന്നു മോചനം പ്രാപിച്ചവനായും ഭവിച്ചാൻ എന്നതുകൊണ്ട് ആ ജ്യേഷ്ഠപുത്രൻതന്നെ അച്ഛന്റെ വക മുഴുവനും എടുപ്പാനർഹതയുള്ളവൻ.

യസ്മിന്നൃണം സന്നമതി യേന വാനന്ത്യമശ്നുതേ
സ ഏവ ധർമ്മതഃ പുത്രഃ; കാമജാനിതരാൻ വിദുഃ. ഫ 0 ഇ ൻ

യാതൊരു പുത്രനിടത്തിൽ പിണ്ഡപ്രദാനാദിയായ ഋണവും യാതൊരു പുത്രനാൽ അച്ഛൻ സൌഖ്യഫലാനുഭവവും വരുന്നോ ആ പുത്രൻതന്നെ ധർമ്മത്തിനായിട്ടു ജനിച്ച പുത്രൻ; ശിഷ്ടമുള്ള പുത്രന്മാർ കാമത്തിനായിട്ടു ജനിച്ചവർ. നല്ല വൃത്തിയോടു

Digitized By Kerala Sahitya Akademi

വേദശാസ്ത്രങ്ങളോടും കൂടിയിരിക്കുന്ന പുരുൻ ജ്യേഷ്ഠപുത്രൻ. മുൻപിൽ ജനിച്ചവൻ ദോഷയുക്തനായിട്ടു ഭവിച്ചുവെങ്കിൽ അവൻ ജ്യേഷ്ഠപുത്രനല്ലെന്നു താൽപര്യം.

പിതേവ പാലയേൽ പുത്രാൻ ജ്യേഷ്ഠോ ഭ്രാതാ കവീയസഃ;
പുത്രവച്ചാപി വത്തേരൻ ജ്യേഷ്ഠേ ഭ്രാതരി ധർമ്മതഃ . ക്ഷ ഠ ന്യ ഠ

ജ്യേഷ്ഠ ഏവ തു ഗൃഹ്ണീയാൽ പിത്ര്യം ധനമശേഷതഃ
ശേഷാസ്തമുപജീവേയുരൈവ പിതരം യഥാ. ക്ഷ ഠ ന്യ ഢ

ജ്യേഷ്ഠപുത്രനായിട്ടുള്ളവൻ അച്ഛൻ കഴിഞ്ഞുപോയാൽ പിന്നത്തതിൽ അന്തരന്നെ അച്ഛന്റെ വസ്തുവകയൊക്കെയും ഏറ്റെടുത്ത് അനുജന്മാരെ അച്ഛൻ പരിപാലിച്ചുവന്നതുപോലെ താനും പരിപാലിക്കണം. അനുജന്മാരും ജ്യേഷ്ഠനെ അച്ഛനെപ്പോലെ ഭാവിച്ച് അനുചരിച്ചു വരണം.

യദാഹ;

ജ്യേഷ്ഠസ്യ വിംശ ഉദ്ധാരസ്സുവ്രവ്യാച്ച യദ്വരം
തതോഽർദ്ധം മധ്യമസ്യ സ്യാത്തുരീയന്തു യവീയസഃ. ക്ഷ ഠ ന്യ ക

ജ്യേഷ്ഠാനുജന്മാർ എല്ലാപേരും തമ്മിൽ ഒന്നിച്ചു പാക്കാതെ തമ്മിൽ വസ്തു പകുത്തുകൊണ്ടുവെങ്കിൽ അപ്പോഴം പൊതുവേയുള്ള വസ്തുവിൽ ഇരുപതു പങ്കുകളൊന്നും അതിൽ ശ്രേഷ്ഠമായിരിക്കുന്ന ഒരു വസ്തുവും ജ്യേഷ്ഠാംശമായിട്ടു ജ്യേഷ്ഠനും, നാല്പതിലൊരുപങ്കും മധ്യമദ്രവ്യത്തിൽ ഒരു ദ്രവ്യവും രണ്ടാമതു പുത്രനും, എൺപതിലൊരു പങ്കും അസാരമായിട്ടുള്ളതിൽ ഒരു ദ്രവ്യവും മൂന്നാം പുത്രനും ഏറ്റെടുത്തു ശിഷ്ടമുള്ളത് എല്ലാവരും സമമായിട്ട് എടുത്തുകൊള്ളണം.

യമയോരപ്യേകമേവ ഗർഭേ തു ജന്മതോ ജ്യേഷ്ഠതാ മതാ
ഏവം സമുദ്ധൃതോദ്ധാരേ സമാനാംശാൻ പ്രകല്പയേൽ.
[ക്ഷ ഠ ന്യന്ത

ജനനംകൊണ്ടു ജ്യേഷ്ഠനായിട്ടുള്ളവൻ ജ്യേഷ്ഠൻ. രണ്ടു പുരുഷന്മാരെ ഒന്നിച്ചു ഗർഭം ധരിച്ചു പ്രസവിക്കുന്ന സ്ഥലത്തിലും മുൻപിൽ ജനിച്ചവൻതന്നെ ജ്യേഷ്ഠൻ. അയവൻ അതെന്നാൽ പ്രസവിക്കുന്ന സമയത്തിൽ രണ്ടാമതു ഭൂമിയിൽ വീണവൻ ജ്യേഷ്ഠൻ. അതിന്റെ കാരണമെന്തെന്നാൽ ഉദരത്തിൽ മുൻപിൽ

Digitized By Kerala Sahitya Akademi

ജനിച്ചവൻ മേൽഭാഗത്തും പിന്നെ ജനിച്ചവൻ കീഴ്ഭാഗത്തിലു മിരിക്കുന്നതാകകൊണ്ടും ഭൂമിയിൽ വീഴുമ്പോഠം രണ്ടാമതു ജനിച്ച വനു മുൻപിലും മുൻപിൽ ജനിച്ചവനു പിന്നത്തതിലും ഭൂസ്പർശം വരുന്നതാകകൊണ്ടും രണ്ടാമതു പ്രസവിക്കുന്നവൻ ജ്യേഷ്ഠൻ എന്നു ധർമ്മശാസ്ത്രങ്ങളിൽ ചൊല്ലിയിട്ടുമുണ്ട മേലെഴുതിയപ്രകാരം ജ്യേഷ്ഠാംശംവച്ചു പകുക്കുന്ന പക്ഷത്തിൽ മുൻപിൽ ചൊല്ലിയ തിൻവണ്ണം ജ്യേഷ്ഠാംശംവച്ചു ശിഷ്ടമുള്ളത് എല്ലാവരും സമമായിട്ട എടുത്തുകൊള്ളണം.

യാജ്ഞവല്ക്യഃ—

വിഭജേരൻ സുതാഃ പിത്രോരൂർദ്ധ്വം ഋക്ഥമൃണം സമം.

നാരദഃ.—

സമാനഭാഗിനീ മാതാ *പുത്രാണാം സ്യാദവിഭാഗതഃ.

വ്യാസഃ:— [ഫ ൦ സ്ര

അസുതാസു പിതുഃ പത്ന്യഃ സമാനാംശാഃ പ്രകീർത്തിതാഃ

പിതാമഹ്യശ്ച സർവ്വാസ്സാ മാതൃതുല്യാഃ പ്രകീർത്തിതാഃ.

ജനന്യസ്ത്വധനാഃ പുത്രൈർവിഭാഗാംശം സമം ഹരേൽ.

[ഫ ൦ സ്ര

അച്ഛനും അമ്മയും കഴിഞ്ഞുപോയാൽ പിന്നത്തതിൽ പുത്രന്മാരെല്ലാപേരുംകൂടി അച്ഛന്റെയും അമ്മയുടേയുംവക പകുത്ത് എടുക്കുമ്പോഠം മാതാവിനും സപത്നീമാതാക്കഠം അച്ഛന്റെ മാതാക്കഠം ഇവക്കും ധനത്തിൽ അധികം കടം ഉണ്ടെങ്കിൽ ഉള്ള ധനവും കടവും എല്ലാവരും വീതിച്ചു പകുത്ത് എടുക്കണം. പുത്രന്മാർ പകുത്ത് എടുക്കുമ്പോഠം മാതാവിനും സപത്നീമാതാക്കഠം അച്ഛന്റെ മാതാക്കഠം ഇവക്കും തങ്ങളുടെ അംശത്തിൽ നിന്നും എടുത്ത് അഛോവൃത്തി കഴിപ്പാൻ വേണ്ടുംവണ്ണമുള്ളവക കൊടുക്കണം. അവക്കു സ്ത്രീധനമായിട്ടു കൊടുത്തിരിക്കുന്ന വക കൊണ്ട് അഛോവൃത്തി കഴിയുമെങ്കിൽ അപ്പോഠം കൊടുപ്പാൻ അവശ്യമില്ല. അച്ഛന്റെയും അമ്മയുടേയും വക അല്പം തന്നെ എങ്കിൽ അപ്പോഠം മേലെഴുതിയ സ്ത്രീകഠക്കും സമമായിട്ട ഭാഗം കൊടുക്കണം. അവക്ക് അതുകൊണ്ട് അഛോവൃത്തി കഴികയില്ലെങ്കിൽ അധികം വരികയില്ല. ഇതുതന്നെ സമശബ്ദത്തിന്റെ താൽപര്യം.

* പുത്രാണാം സ്യാൻമൃതേ ധവേ' (പാഠാന്തരം).

Digitized By Kerala Sahitya Akademi

യാജ്ഞവല്ക്യഃ:—

അനേകപിതൃകാണാന്തു പിതൃതോ ദായകല്പനാ
തൽപുത്രാ വിഷമസമാഃ *പിതൃഭാഗഹരാഃ സ്മൃതാഃ. ഫ ഠ ന്നന്ന

അച്ഛനും അച്ഛന്റെ ജ്യേഷ്ഠാനുജന്മാരും തമ്മിൽ വ സ്തുവക പകുക്കാതെ ഒന്നിച്ചു പാർത്തുവരുമ്പോൾ അവർ കഴിഞ്ഞു പോയാൽ അതിലൊരുത്തനു രണ്ടു പുത്രന്മാരും ഒരുത്തനു മൂന്നു പുത്രന്മാരും ഇപ്രകാരം സമമായിട്ടും അധികമായിട്ടും പുത്രന്മാരുണ്ടായിരുന്നാൽ അവരവരുടെ അച്ഛനുള്ള വീതം അവരവർക്കു വരും. ഇപ്രകാരമല്ലാതെ പുത്രന്മാരുടെ സംഖ്യാപ്രകാരം ഭാഗം വരികയില്ല.

അവിഭക്തേഽനുജേ പ്രേതേ തൽസുതം രിക്ഥഭാഗിനം
കുർവീത ജീവനം യേന ലബ്ധം നൈവ പിതാമഹാൽ.

[ഫ ഠ ന്നെ

ലഭേതാംശം സപിതൃവ്യസ്തു പിതൃവ്യാത്തസ്യ വാ സുതാൽ;
സ ഏവാംശസ്തു സർവേഷാം ഭ്രാതൃണാം ന്യായതോ ഭവേൽ.

[ഫ ഠ ന്നവ

ഭ്രാതാക്കന്മാർ വസ്തുവക പകുക്കാതെ ഒന്നിച്ചു പാർത്തുവരുമ്പോൾ അതിൽ ഒരുത്തൻ കഴിഞ്ഞുപോയാൽ കഴിഞ്ഞുപോയവന്റെ പുത്രൻ മൂത്തച്ഛന്റെ വക എടുത്തില്ലെങ്കിൽ ആ പുത്രന് അവന്റെ അച്ഛനുള്ള അംശം കൊടുക്കണം. കഴിഞ്ഞുപോയവന്റെ പുത്രന്മാർ എല്ലാപേരും ആ അംശത്തിനു സമമായിട്ടു പകുത്ത് എടുക്കണം.

ലഭേത തൽസുതോ വാഽപി നിവൃത്തിഃ പരതോ ഭവേൽ.

ദേവലഃ:—

അവിഭക്തവിഭക്താനാം കല്യാനാം വസതാം സഹ
ഭ്രേയാ ദായവിഭാഗസ്സ്യാദാചതുർഥാദിതി സ്ഥിതിഃ. ഫ ഠ ന്നൻ

ജ്യേഷ്ഠാനുജന്മാർ തമ്മിൽ പകുക്കാതെ ബഹുകാലമായിട്ട് ഒന്നിച്ചു പാർത്തുവരുമ്പോൾ സംഗതിവശാൽ പകുതിചെയ്യാൻ തുടങ്ങിയാൽ അപ്പോൾ ക്രുടസ്ഥനായിരിക്കുന്നവന്റെ വക ഇതു തലമുറവരെയുള്ളവർക്കു വരുമെന്നും ഇതു തലമുറ കഴിഞ്ഞാൽ വരികയില്ലെന്നും ഉള്ള ക്രമത്തെ ചൊല്ലുന്നു. വൃദ്ധപിതാമഹൻ തുട

*വൃത്തം അനുഷ്ടുപ്പിനാൽ സാധു.

Digitized By Kerala Sahitya Akademi

ങ്ങീട്ട നാലുമുറവരെയും ഉള്ള ദായാദന്മാക്ക വസ്തുവിൽ വിഭാഗം വരും; അഞ്ചാംതലമുറ മുതല്ക്കു വിഭാഗം വരികയില്ല. അച്ഛന്റെ അച്ഛൻ പിതാമഹൻ; പിതാമഹന്റെ അച്ഛൻ പ്രപിതാമഹൻ; പ്രപിതാമഹന്റെ അച്ഛൻ വൃദ്ധപ്രപിതാമഹൻ; ഇപ്രകാരം നാലു തലമുറയുടെ ക്രമം.

വിധിരേഷ സവർണ്ണാനാം ബഹ്വനാം സമുദാഹൃതഃ
യത ഏവാസവർണ്ണസ്യ ദായോ/പ്യത്ര ന വിദ്യതേ. ഫ ൦ ൭ ൦

സമജാതിയിൽ വേളികഴിച്ചിട്ടുള്ള സ്ത്രീകളുടെ പുത്രന്മാർ തമ്മിൽ പകുത്ത് എടുക്കേണ്ടുന്ന വിധി ഇപ്രകാരമത്രേ ആകുന്നു. നികൃഷ്ടജാതിയിലുള്ള സ്ത്രീകാംക്ഷ ജനിച്ച പുത്രന്മാക്ക വിഭാഗം വരികയില്ല.

മനുഃ:—

ബ്രാഹ്മണാം യസ്തു നേഹേത ധനം ശകുതസ്സുകമ്മണാ
സ വിഭാജ്യഃ സപകാദംശാൽ കിഞ്ചിദ്ദത്തേപജീവനം.

യാജ്ഞവല്ക്യഃ:—

ശകുതസ്യാനീഹമാനസ്യ കിഞ്ചിദ്ദത്തപാപൃഥക്ക്രിയാ ഫ ൦ ൬ ഫ

സഹോദരന്മാരിൽ ഒരുത്തൻ പൊതുവക പകുത്ത് എടുക്കുമ്പോഠം പൊതുവക എനിക്ക് ആവശ്യമില്ലെന്നും എനിക്കു വേണ്ടുന്നതു ഞാൻ തന്നെ ഉണ്ടാക്കിക്കൊള്ളാമെന്നും പറഞ്ഞുവെങ്കിലും ആയവന്റെ പുത്രന്മാർ പിന്നത്തതിൽ തക്കിച്ചു വ്യവഹാരത്തിനു വരാതെയിരിക്കുന്നതിന് ആയവനും പൊതുവകയിൽനിന്നും കുറെയെങ്കിലും കൊടുത്തു ശിഷ്ടമുള്ളവരും പകുത്തുകൊള്ളണം.

ആപസ്തംബഃ:—

സർവേ ധർമ്മയുകതാ രിക്ഥഭാഗിനഃ; യസ്ത്വധർമ്മേണ പ്രതിപാദയതി; ജ്യേഷ്ഠമപി തമഭാഗിനം കുർവീത.

സഹോദരൻ മുതലായ ദായാദന്മാരിൽ ധർമ്മയുക്തന്മാരായിരിക്കുന്നവക്ക വിഭാഗം സിദ്ധിക്കും. അധർമ്മത്തിൽ തന്നെ ദ്രവ്യങ്ങളെ ചിലവിടുന്നവരായും പാതിത്യഹേതുവായിട്ടുള്ള ദോഷങ്ങളോടു കൂടിയവരായും ഉള്ളവക്ക ഭാഗം വരികയില്ല. ജ്യേഷ്ഠൻ തന്നെ ഇപ്രകാരമുള്ളവനാകുന്നുവെങ്കിലും ആ ജ്യേഷ്ഠനും ഭാഗം സിദ്ധിക്കയില്ല.

Digitized By Kerala Sahitya Akademi

ബൃഹസ്പതിഃ—

അസവർണ്ണാസുതോ യസ്യ നാർഹസ്സ ച്ചാൽ പൈതൃകേ ധനേ
തൽപിണ്ഡകാശ് ശ്രോത്രിയാ യേ തേഷാം തദ്ഭിധീയതേ.

[ഫ ൭ ൬൨

തന്നെക്കാൾ നികൃഷ്ടജാതിയിൽ ജനിച്ചിരിക്കുന്ന സ്ത്രീയോട് സംസർഗ്ഗംചെയ്തു ജനിച്ചിരിക്കുന്ന പുത്രന് അച്ഛന്റെ വകയിൽ അവകാശം വരികയില്ല. ശ്രോത്രിയന്മാരായിട്ടുള്ളതായതൊരു പുത്രന്മാർ അച്ഛനു പിണ്ഡപ്രദാനം ചെയ്യുന്നതിന് അർഹതയുള്ളവരോ ആ പുത്രന്മാക്ക് അച്ഛന്റെ ധനത്തിൽ അവകാശം വരും.

ഉത്തമണ്ണാധമണ്ണ്ട്യഃ പിതരം ത്രായതേ സുതഃ;
അതസ്തു വിപരീതേന നാസ്തി തേന പ്രയോജനം. ഫ ൭ ൬൩

വേളികഴിച്ചിരിക്കുന്ന സജാതിയിലുള്ള സ്ത്രീയുടെ പുത്രൻ അച്ഛനു പിതൃക്കളുടെ ഋണം ദേവന്മാരുടെ ഋണം ഇതിലും, കടം വാങ്ങിച്ചിരിക്കുന്ന ദ്രവ്യരൂപമായിട്ടുള്ള ഋണത്തിലും, നിന്നു മോചനം വരുത്തുന്നവൻ. അസമജാതിയിൽ ജനിച്ച പുത്രനെക്കൊണ്ട് അച്ഛന് ഒരു പ്രയോജനവും സിദ്ധിക്കയില്ല. പിതൃക്കളുടെ ഋണം=പിണ്ഡപ്രദാനാദികർമ്മം. ദേവന്മാരുടെ ഋണം=യാഗം മുതലായ കർമ്മം.

ബൃഹസ്പതിഃ—

തയാ ഗവാ കിം ക്രിയതേ യാ ന ധേനുർന ഗർഭിണീ?
കൊർത്ഥഃ പുത്രേണ ജാതേന യോ ന വിദ്വാനധാർമ്മികഃ?

[ഫ ൭ ൬൪

ഗർഭം ധരിക്കാതേയും പാലില്ലാതേയും ഇരിക്കുന്ന പശുവിനാൽ ഒരു പ്രയോജനം ഇല്ലാത്തപോലെ അവിദ്വാനായും അധാർമ്മികനായുമിരിക്കുന്ന പുത്രനാൽ അച്ഛന് ഒരു പ്രയോജനവും സിദ്ധിക്കയില്ല.

ശാസ്ത്രശൌചാത്മരഹിതസ്തപോവിജ്ഞാനവർജ്ജിതഃ
ആചാരഹീനഃ പുത്രസ്തു മൂത്രോച്ചാരസമഃ സ്മൃതഃ. ഫ ൭ ൬൫

ശാസ്ത്രജ്ഞാനം, ശുചികരമായിട്ടുള്ള ക്രിയകൾ, തപസ്സുകൾ ജ്ഞാനം, ആചാരം, ഈവകയില്ലാത്ത പുത്രൻ തന്റെ ഉദര

Digitized By Kerala Sahitya Akademi

ത്തിൽ നിന്നും ജനിച്ചവനാകുന്നവെങ്കിലും വിഷ്ണുമൂത്രങ്ങൾപോ ലെ നിന്ദ്യനായിട്ടുള്ളവൻ.

യാജ്ഞവല്ക്യഃ:—

പതിതസ്യൽസുതഃ ക്ലീബഃ പംഗ്വന്ധത്തകോ ജളഃ
അന്ധോഽചികിത്സ്യരോഗശ്ച ഭർത്തവ്യാസ്സ നിരംശകാഃ. [ഫ 0 ൈസ

ഔരസാഃ ക്ഷേത്രജാസ്തേഷാം നിർദ്ദോഷാ ഭാഗഹാരിണഃ;
സുതാശ്ചൈഷാം പ്രഭർത്തവ്യാ യാവദ്വൈ ഭർതൃസാത് കൃതാഃ. [ഫ 0 ൈ

അപുത്രയോഷിതശ്ചൈഷാം ഭർത്തവ്യാസ്സാധുവൃത്തയഃ
നിവാസ്യാ വ്യഭിചാരിണ്യഃ പ്രതികൂലാസ്തഥൈവ ച.

വസിഷ്ഠഃ:— [ഫ 0 ൈ വ

അനംശാസ്തു ചാശ്രമാന്തരഗതാഃ ക്ലീബോന്മത്തപതിതാശ്ച;
ഭരണം ക്ലീബോന്മത്താനാം.

പതിതൻ, പതിതന്റെ പുത്രൻ, നപുംസകൻ, അംഗഹീനൻ, ചിത്തഭ്രാന്തിയുള്ളവൻ, കായ്യബോധമില്ലാത്തവൻ, അന്ധൻ, മാറാത്ത രോഗമുള്ളവൻ, ഇങ്ങനെയുള്ളവക്ക് അച്ഛന്റെ വസ്തുവിൽ ഭാഗം വരികയില്ല പതിതന്റെ പുത്രൻ നീക്കിശിഷ്ടമുള്ളവക്കു നിർദ്ദോഷന്മാരായിട്ടുള്ള പുത്രരുണ്ടെങ്കിൽ അവക്കു ഭാഗം സിദ്ധിക്കും. പതിതപുത്രൻ പാതിത്യദോഷമുള്ളവനാകകൊണ്ട് അവനു വരികയില്ല. പതിതൻ നീക്കി ശിഷ്ടമുള്ള ക്ലീബാദികൾക്ക് അന്നവസ്ത്രങ്ങൾ കൊടുത്ത് ആയവരേയും അവരുടെ സ്ത്രീകളേയും അച്ഛന്റെ വസ്തു പകുത്ത് എടുക്കുന്നു നിർദ്ദോഷന്മാരായിട്ടുള്ള പുത്രന്മാർ രക്ഷിക്കണം. ക്ഷേത്രജപുത്രൻ തന്നെ കലിയുഗത്തിൽ നിഷിദ്ധനാകകൊണ്ട് ആയവനും അച്ഛന്റെ വകയിൽ ഭാഗം വരികയില്ല. ഒരുത്തന്റെ അനുവാദത്തോടുകൂടെ അവന്റെ സ്ത്രീയോടു മറ്റൊരുത്തൻ സംയോഗം ചെയ്തു ഉണ്ടാകുന്ന പുത്രൻ ക്ഷേത്രജൻ.

നാരദഃ:—

യേഷാന്തു ന കൃതാഃ പിത്രാ സംസ്കാരവിധയഃ ക്രമാൽ
കർത്തവ്യാ ഭ്രാതൃഭിസ്തേഷാം പൈതൃകാദ്ദേവ തേ ധനാൽ. [ഫ 0 ൈൻ

Digitized By Kerala Sahitya Akademi

അവിദ്യമാനേ പിതൃ/ർഭ്രാതൃ സപാംശാദ്ധരേത് വാ പുനഃ
അവശ്യകായ്യാ ഭ്രാതൃണാം സംസ്കാരാഃ പൂർവ്വസംസ്കൃതൈഃ.

യാജ്ഞവല്ക്യഃ:— [ഫ 0 വ്യ 0

അസംസ്കൃതാസ്തു സംസ്കാര്യാ ഭ്രാതൃഭിഃ പൂർവ്വസംസ്കൃതൈഃ;
ഭഗിന്യശ്ച നിജാദംശാദ്ദത്തപാംശസ്തു തുരീയകം. ഫ 0 വ്യ ഫ

അച്ഛനും അമ്മയും കഴിഞ്ഞുപോയാൽ പിന്നത്തതിൽ പുത്രന്മാരെല്ലാപേരും വസ്തുവക പകുക്കുമ്പോഴും അതിൽ ചില പുത്രന്മാക്ക് ഉപനയനംവരെയുള്ള കർമ്മങ്ങളും കഴിഞ്ഞില്ലെങ്കിൽ ആയവക്കു, മൻപിൽ ഉപനയനാദി കഴിഞ്ഞിരിക്കുന്ന ഭ്രാതാക്കന്മാർ, പൊതുവകയായിട്ടുള്ള അച്ഛന്റെ ധനത്തിൽനിന്നും എടുത്ത് ഉപനയനംവരെയുള്ള കർമ്മങ്ങളും കഴിക്കണം. അച്ഛന്റെ വകയായിട്ട് ഒന്നുംതന്നെയില്ല എങ്കിൽ തങ്ങളുടെ വകയിൽനിന്ന് എടുത്ത് എങ്കിലും ആയവക്ക് ഉപനയനം വരെയുള്ള കർമ്മങ്ങളും കഴിക്കണം. വേളികഴിച്ചു കൊടുക്കാതേയിരിക്കുന്ന സഹോദരികളുണ്ടെങ്കിൽ ആയവക്കും തങ്ങളുടെ അംശംപോലെ ഒര് അംശം വച്ച് ആ അംശത്തിൽനിന്നും നാലിലൊരു പങ്ക് എടുത്ത് ആ സഹോദരികൾക്കു കൊടുക്കണം.

കന്യകാനാന്തപത്നീനാം ചതുർത്ഥോ ഭാഗ ഇഷ്യതേ
ഭ്രാതൃണാഞ്ച ത്രയോ ഭാഗാസ്സമഃ സപ്ലവധനേ സ്മൃതഃ.

[ഫ 0 വ്യ ഫ

അച്ഛന്റെ വക വളരെയുണ്ടെങ്കിൽ അപ്പോൾ സഹോദരികളും സഹോദരന്മാരും സംഖ്യകൊണ്ടു സമമായിരുന്നാൽ സഹോദരന്മാക്ക് അച്ഛന്റെ വകയിൽ മൂന്നു പങ്കും കന്യകമാരായിട്ടുള്ള സഹോദരികൾക്ക് ഒരു പങ്കും ഇപ്രകാരം പകുത്ത് എടുക്കണം. അച്ഛന്റെ ധനം അല്പംതന്നെ എങ്കിൽ അപ്പോൾ സമമായിട്ട പകുക്കണം.

സേപത്നീകാനാശ്ച കന്യായാഃ പ്രദദ്യുർഭ്രാതരഃ പൃഥക്
സപാത്സപാദംശാച്ചതുർഭാഗം; പതിതാസ്സുരദിത്സവഃ.

[ഫ 0 വ്യ ഫ

സഹോദരന്മാർ ബഹുക്കളായും കന്യകയായിട്ടുള്ള സഹോദരികൾ സംഖ്യ കുറഞ്ഞും ഉണ്ടായാൽ അപ്പോൾ സഹോദരന്മാർ എല്ലാവരും കൂടി പൊതുദ്രവ്യത്തിൽ നാലിലൊരു പങ്കെടുത്തു

Digitized By Kerala Sahitya Akademi

കന്യകകൾക്കു കൊടുക്കണം. കൊടുത്തില്ലെങ്കിൽ പതിതന്മാരായി ഭവിക്കും.

ശംഖഃ—

വിഭജ്യമാനേ മാതൃത്ഥ കന്യാലങ്കാരം വൈവാഹികം
സ്ത്രീധനഞ്ച കന്യാ ലഭേത.

ബൌധായനഃ—

മാതൃരലങ്കാരം ദുഹിതൃസ്സാംപ്രദായികം ലഭേരൻ.

പൊതുദ്രവ്യത്തിനെ എല്ലാപേരും പകുത്ത് എടുക്കുമ്പോൾ കന്യകകൾക്ക് അവർ ധരിച്ചിരിക്കുന്ന ആഭരണവും വിവാഹസംബന്ധത്തിൽ വന്നതും ചതുർത്ഥാംശമായിട്ടു കിട്ടിയതും മാതൃപാരമ്പര്യത്തിൽ വരുന്ന ആഭരണങ്ങളും പുത്രികൾക്കും സിദ്ധിക്കും.

പൈതാമഹഞ്ച പിത്ര്യഞ്ച യച്ചാന്യത്സ്വയമാർജ്ജിതം
ദായാദാനാം വിഭാഗേ തു സർവ്വമേതദ്വിഭജ്യതേ. ഫ 0 വ്യ ർ

അച്ഛനേറയും മൂത്തച്ഛനേറയും വകയായിട്ടുള്ളതും മേലെഴുതിയവരുടെ ദ്രവ്യം ഹേതുവായിട്ട് ഉണ്ടാക്കിയവകയും ദായാദന്മാർ തമ്മിൽ പകുത്തുകൊള്ളണം.

യച്ഛരിഷ്ടം പിതൃദായേഭ്യോ ദത്വാർണ്ണം പൈതൃകഞ്ച യൽ
ഭ്രാതൃഭിസ്തദ്വിഭക്തവ്യമൂണീ ന സ്യാദ്ധ്രുവാ പിതാ. ഫ 0 വ്യ ർ

അച്ഛന്റെ വക പകുത്ത് എടുക്കുമ്പോൾ അച്ഛൻ വാങ്ങിച്ചിരിക്കുന്ന കടം ഒക്കയും ആ വകയിൽനിന്നും എടുത്തു തീർത്തുംവച്ചു ശിഷ്ടം ഉള്ള വകകളെ എല്ലാപേരും പകുത്ത് എടുക്കണം.

ജംഗമം സ്ഥാവരം ഹേമ കുപ്യം ധാന്യമഥാംബരം
ആദായ ദാപയേച്ഛ്രാദ്ധം മാസഷ്ഷാണ്മാസികാബ്ദികം.

[ഫ 0 വ്യന്ന

അച്ഛൻ കഴിഞ്ഞുപോയാൽ പിന്നത്തതിൽ അച്ഛനു പ്രതിമാസം കഴിപ്പാനുള്ള ശ്രാദ്ധംതുടങ്ങി ആട്ടശ്രാദ്ധം വരെയുള്ള ക്രിയകൾ പൊതുമുതലായിട്ടുള്ള പൊൻ വെള്ളി ദ്രവ്യം മുതലായത് എടുത്തു ചിലവിട്ടു കഴിക്കണം.

രിക്ഥം പ്രീതിപ്രദാനന്തു ദത്വാ ശേഷം വിഭാജയേൽ.

Digitized By Kerala Sahitya Akademi

ധർമ്മാർത്ഥം പ്രീതിദത്തഞ്ച യദ്ധനം സ്വനിയോജിതം
തദ്ദ്രശ്യമാനം വിഭജേന്ന ദാനം പൈതൃകാദ്ധനാൽ.

[ഫ ഠ വ ര

അച്ഛൻ നിരിക്കുമ്പോൾ മറൊരുത്തനു പ്രീതികൊണ്ട് ഇത്ര ദ്രവ്യം തരാമെന്ന് അച്ഛനാൽ പ്രതിജ്ഞചെയ്യപ്പെട്ടതും ധർമ്മത്തിനായിട്ടു പ്രതിജ്ഞചെയ്യപ്പെട്ടതും ഇതല്ലാതെ പുത്രന്മാരുടെ പക്കൽ അച്ഛൻ ഏൽപ്പിച്ചിരിക്കുന്ന ദ്രവ്യവും അച്ഛൻ കഴിഞ്ഞുപോയാൽ പിന്നത്തതിൽ പുത്രന്മാരു പകുത്ത് എടുക്കുമ്പോൾ പുത്രന്മാരെല്ലാപേരും മേലെഴുതിയകടം ഒക്കയും പകുത്തുകൊള്ളണം. ഇപ്രകാരമല്ലാതെ അച്ഛന്റെ ബലികർമ്മം മുതലായതു നടത്തുവാൻ വകവച്ചിരിക്കുന്ന ദ്രവ്യത്തിനെ മേലെഴുതിയ കടം തീർപ്പാനായിട്ട് എടുത്തു കൊടുക്കരുത്.

കാലേ വിനീതവിദ്യാനാം ഭ്രാതൄണാം പിതൃതോഽപി വാ
തയാ പ്രാപ്തന്തു യദ്ധനം വിഭാജ്യം തദ്ബൃഹസ്പതിഃ.

[ഫ ഠ വ വ

യോഗ്യകാലത്തിൽ ഉപനയനം മുതലായതു ചെയ്തു വിദ്യാഭ്യാസം ചെയ്തിരിക്കുന്ന ഭ്രാതാക്കളോടെങ്കിലും പിതാവോടെങ്കിലും സഹോദരന്മാരിൽ ഒരുത്തൻ വിദ്യാഭ്യാസംചെയ്ത് ആ വിദ്യമൂലമായിട്ട് ഉണ്ടാക്കിയ ദ്രവ്യം സഹോദരന്മാർ എല്ലാപേരും കൂടി പകുത്തെടുക്കണം.

ഏഷോപസ്കരവാഹ്യാശ്വ ഭോഹ്യാഭരണകമ്മിണഃ
ദൃശ്യമാനാ വിഭജ്യന്തേ കോശം ഗ്രന്ഥേഷ്വിവീദ്ധൃഗഃ.

[ഫ ഠ വ ന

ദ്രവ്യനങ്ങളും, അതിനുവേണ്ടുന്ന ഉപകരണങ്ങളും, കാള കുതിര മുതലായതും, ദാസന്മാരും, ആഭരണങ്ങളും ഇതിൽ ഏതെങ്കിലും ഒരുവക സഹോദരന്മാരിൽ ഒരുത്തന്റെ പക്കൽ കണ്ടുവെങ്കിൽ ആയത് എല്ലാപേക്കും കൂടി പകുത്ത് എടുക്കാം. ഒരുത്തൻ സഹോദരന്മാരെ വഞ്ചിച്ച് ഏതാനും ദ്രവ്യങ്ങളും ഒതുക്കിയിട്ടുണ്ടെന്നു ശങ്കതോന്നിയാൽ ആയവനെക്കൊണ്ടു കോശപാനം എന്ന സത്യത്തിനാൽ നിശ്ചയം വരുത്തിക്കൊള്ളണം.

അദ്ധ്യഗ്ന്യദ്ധ്യാഹവനികം ദത്തഞ്ച പ്രീതികമ്മണി
ഭ്രാതൃമാതൃപിതൃപ്രാപ്തം ഷഡ്വിധം സ്ത്രീധനം സ്മൃതം.

[ഫ ഠ ൻ ഠ

Digitized By Kerala Sahitya Akademi

പിതൃമാതൃപതിഭ്രാതൃദത്തമധ്യഗ്ന്യുപാഗതം
ആധിവേദനികാദ്യഞ്ച സ്ത്രീധനം പരികീർത്തിതം.
വൃത്തിരാഭരണം ശുല്കം ലാഭശ്ച സ്ത്രീധനം ഭവേത്. ഫ ഠ ൻ ഫ

അധ്യഗ്നി എന്നും അധ്യാഹവനികമെന്നും പ്രീതിദത്തമെന്നും സഹോദരന്മാർ കൊടുത്തതും മാതാവു കൊടുത്തതും പിതാവു കൊടുത്തതും ഇപ്രകാരം സ്ത്രീധനം ആറുവിധം. ഇതല്ലാതെ ഭർത്താവു കൊടുത്തതും ആഭരണമായിട്ടും മൂലധനമായിട്ടും ഇപ്രകാരമുള്ളതൊക്കയും സ്ത്രീധനമെന്നു പൊല്ലപ്പെട്ടും.

കാത്യായനഃ:—

വിവാഹകാലേ യൽ സ്ത്രീഭ്യോ ദീയതേ ഹ്യഗ്നിസന്നിധൌ
തദധ്യഗ്നികൃതം സദ്ഭിഃ സ്ത്രീധനം പരികീർത്തിതം. ഫ ഠ ൻ ഠ

വെളികഴിക്കുന്ന സമയത്തിൽ അഗ്നിസന്നിധാനത്തിൽ വച്ചു സ്ത്രീജനങ്ങൾക്കു കൊടുക്കുന്ന സ്ത്രീധനം അധ്യഗ്നി എന്നു പൊല്ലപ്പെട്ടും.

'യത് പുനർല്ലഭതേ നാരീ ദീയമാനാ പിതൃർഗൃഹാൽ
അധ്യാഹവനികം നാമ സ്ത്രീധനം പരികീർത്തിതം.
[ഫ ഠ ൻ ഡ

വെളികഴിച്ചതിൽപിന്നെ അച്ഛന്റെ ഭവനത്തിൽ നിന്നു ഭർത്താവിന്റെ ബന്ധുജനങ്ങളെങ്കിലും ഭർത്താവെങ്കിലും വന്നു ഭർത്താവിന്റെ ഭവനത്തിൽ സ്ത്രീയെ കൂട്ടിച്ചുകൊണ്ടു പോകുമ്പോൾ കിട്ടിയ സ്ത്രീധനം അധ്യാഹവനികമെന്നു പൊല്ലപ്പെട്ടും.

പ്രത്യാ ദത്തഞ്ച യൽകിഞ്ചിൽ ശ്വശ്രൂവാ ശ്വശ്രൂരേണ വാ
പാദവന്ദനികം ചൈവ പ്രീതിദത്തന്തദുച്യതേ. ഫ ഠ ൻ ർ

ഭർത്താവിന്റെ അച്ഛനെങ്കിലും അമ്മയെങ്കിലും പുത്രന്റെ ഭാര്യയ്ക്കു പ്രീതികൊണ്ടു കൊടുക്കുന്ന സ്ത്രീധനവും മേലെഴുതിയ ഭർത്താവിന്റെ അച്ഛൻ അമ്മ മുതലായ ഗുരുജനങ്ങളുടെ പാദങ്ങളെ വന്ദിക്കുന്ന സമയത്തിൽ കിട്ടിയ സ്ത്രീധനവും പ്രീതിദത്തമെന്നു പൊല്ലപ്പെട്ടും.

ഊഢയാ കന്യയാ വാപി ഭർത്തുഃ പിതൃഗൃഹേഽപി വാ
ഭ്രാതൃസ്സകാശാൽ പിതൃോവാ ലബ്ധം സൌദായികം സ്മൃതം
[ഫ ഠ ൻ ള

Digitized By Kerala Sahitya Akademi

വേളികഴിഞ്ഞതിന്റെശേഷമങ്കിലും കന്യകയായിരിക്കുമ്പോഴും എങ്കിലും ഭർത്താവിന്റെ ഭവനത്തിലെങ്കിലും വച്ചു സഹോദരന്മാർ മാതാവ് പിതാവ് ഇതിൽ ആരോടെങ്കിലും ലബ്ധമായിരിക്കുന്ന സ്ത്രീധനം സൌദായികമെന്നു ചൊല്ലപ്പെട്ടും.

വിവാഹാൽ പരതോ യത്തു ലബ്ധം ഭർതൃകുലാൽ സ്ത്രിയാ
അനാധ്യേയന്തദുക്തന്തല്ലബ്ധം ബന്ധുകുലാത്ഥാ. ഫ ഠ൯ന

വേളികഴിഞ്ഞതിന്റെശേഷം ഭർത്താവിന്റെ കുടുംബത്തിൽനിന്നെങ്കിലും അല്ലാതെയുള്ള ബന്ധുകുലത്തിൽ നിന്നെങ്കിലും ലബ്ധമായിരിക്കുന്ന സ്ത്രീധനം അനാധ്യേയമെന്നു ചൊല്ലപ്പെട്ടും.

ഗ്രഹോപസ്കരവാഹ്യാനാം ദോഹ്യാഭരണകർമ്മിണാം
മൂലം ലബ്ധന്തു യൽകിഞ്ചിച്ഛുല്ക്കന്തൽ പരികീർത്തിതം.

[ഫ ഠ൯ട

സ്ത്രീധനമായിട്ടു കിട്ടിയിരിക്കുന്ന ഭവനത്തിന്റെ ഉപകരണങ്ങളും കാള കുതിര മുതലായതും കറവയുള്ള പശുക്കളും മുതലായതും ആഭരണങ്ങളും വേല എടുത്തുവരുന്ന ദാസന്മാരും മൂലധനമായിട്ടു കിട്ടിയ ദ്രവ്യവും ഇപ്രകാരമുള്ള സ്ത്രീധനമൊക്കയും ശുല്കമെന്നു ചൊല്ലപ്പെട്ടും.

ഭർത്തുർദ്ദായം മൃതേ പത്യൌ വിന്യസേൽ സ്ത്രീ യഥേഷ്ടതഃ;
വിദ്യമാനേ തു സംരക്ഷേൽ ക്ഷേപയേത്തൽകുലേഽന്യഥാ.

[ഫ ഠ൯വ

ഭാർയ്യയുടെ ഭർത്താവു സ്ത്രീധനമായിട്ടു കൊടുത്തിരിക്കുന്ന ആഭരണം മുതലായതു ഭർത്താവു കഴിഞ്ഞുപോയാൽ പിന്നത്തതിൽ ഭാർയ്യയുടെ ബോധിച്ചതിൻവണ്ണം അനുഭവിക്കയും ചിലവിടുകയും ആകാം. ഭർത്താവ് ഇരിക്കുമ്പോഴും താൻ സൂക്ഷിക്കയെങ്കിലും ഭർത്താവിന്റെ കുടുംബത്തിൽ ഏൽപ്പിച്ചുവയ്ക്കയെങ്കിലും ചെയ്യണം.

ന ഭർത്താ നൈവ ച സുതോ ന പിതാ ഭ്രാതരോ ന ച
ആദാനേ വാ വിസർഗ്ഗേ വാ സ്ത്രീധനേ പ്രഭവിഷ്ണവഃ. ഫ ഠ൯ന

സ്ത്രീജനങ്ങൾക്കു സ്ത്രീധനമായിട്ടു കിട്ടിയിരിക്കുന്ന വക അനുഭവിക്കയും ചിലവിടുകയും ചെയ്യുന്നതിൽ ഭർത്താവു പുത്രൻ പിതാവു സഹോദരന്മാർ ഇവക്കാക്കും സ്വാതന്ത്ര്യമില്ല.

Digitized By Kerala Sahitya Akademi

യദി ത്വേകതരശ്ചേഷ്ടാം സ്ത്രീധനം സേച്ഛയാ ഹരേൽ
സ വൃദ്ധിം പ്രതിദാപ്യസ്സ്യാദ്ഭണ്ഡം ചൈവ സമാപ്നുയാൽ [ഫ ഫ ൦ ൦

മേലെഴുതിയ ഭർത്താവു മുതലായ ആളുകളിൽ ആരെങ്കിലു മൊരുത്തൻ സ്ത്രീജനങ്ങളുടെ സ്ത്രീധനത്തിനെ അവരുടെ സമ്മതം കൂടാതെ അപഹരിച്ചുവെങ്കിൽ ആയവനെക്കൊണ്ട് അപഹരിച്ചനാൾമുതല്ക്കുള്ള പലിശയുംകൂട്ടി കൊടുപ്പിച്ച് അവസ്ഥപോലെ പ്രായശ്ചിത്തം ചെയ്യിക്കണം.

തദ്ദേവ യദ്യനുജ്ഞാപ്യ ഭക്ഷയേൽ പ്രീതിപൂർവകം
മൂലമേവ തദാ ദദ്യാദ്യദ്യസൌ ധനവാൻ ഭവേൽ. ഫ ഫ ൦ ഫ

സ്ത്രീജനങ്ങളുടെ സമ്മതത്തോടുംകൂടി സ്നേഹപൂർവമായിട്ട സ്ത്രീധനത്തിനെ ഭക്ഷിച്ചുവെങ്കിൽ ആയവൻ ധനവാനെങ്കിൽ ഭക്ഷിച്ച ദ്രവ്യത്തിനെ കൊടുപ്പിക്കണം.

യാജ്ഞവല്ക്യഃ—

ദുർഭിക്ഷേ ധർമ്മകാര്യേ ച വ്യാധൌ സമ്പ്രതിരോധനേ
ഗൃഹീതം സ്ത്രീധനം ഭർത്താ നാകാമോ ദാതുമർഹതി. ഫ ഫ ൦ ൬

ദുർഭിക്ഷകാലത്തിലും ധർമ്മകാര്യത്തിലും രോഗം വന്നിരിക്കുന്ന സമയത്തിലും അടിപിടി തടവു മുതലായ ഉപദ്രവം വന്നിരിക്കുന്ന സമയത്തിലും ഭാര്യയുടെ സ്ത്രീധനം എടുത്ത ഭർത്താവു ചിലവിട്ടുവെങ്കിൽ ആയതു തിരിയെ ഉണ്ടാക്കിക്കൊടുക്കുന്നതിനു ഭർത്താവിന് ഇച്ഛയില്ലെങ്കിൽ ആവശ്യമില്ല.

കാത്യായനഃ—

അപകാരകൃതാഽയുക്താ നിർല്ലജ്ജാ വാർത്തനാശനീ
വ്യഭിചാരരതാ യാ ച സ്ത്രീധനം ന ച സാർഹതി. ഫ ഫ ൦ ൭

എപ്പോഴും വിപരീതം ചെയ്യുന്നവളായും ലജ്ജാഹീനയായും അർത്ഥനാശം വരുത്തുന്നവളായും വ്യഭിചാരത്തിൽതന്നെ പ്രവർത്തിച്ചിരിക്കുന്നവളായും ഇരിക്കുന്ന സ്ത്രീയുടെ ധനത്തിൽ ആസ്ത്രീക്കു സ്വാതന്ത്ര്യം വരികയില്ല.

പിത്രാ പ്രതിശ്രുതം ദേയമൂഢവൽ സ്ത്രീധനം സുതൈഃ.

സ്ത്രീജനങ്ങൾക്കു സ്ത്രീധനമായിട്ട് ഇന്നതു തരാമെന്ന് അച്ഛൻ പ്രതിജ്ഞചെയ്തുംവച്ച് ആയതു കൊടുക്കുന്നതിനു മുൻ

Digitized By Kerala Sahitya Akademi

പിൽ കഴിഞ്ഞുപോയാൽ പിന്നത്തതിൽ പുത്രന്മാർ ആയതു കടംവാങ്ങിച്ച ദ്രവ്യംപോലെ കൊടുത്തുതീക്കണം.

അതീതായാമപ്രജസ്ത്രീബാന്ധവാസ്തദ്വാപ്നുയുഃ. ഫ ഫ ൦ ൪

സ്ത്രീധനം വാങ്ങിച്ചിരിക്കുന്ന സ്ത്രീമരിച്ചുപോയാൽ പിന്നത്തതിൽ ആ സ്ത്രീയുടെ പുത്രികാംക്കും അവരുടെ പുത്രികാംക്കും പുത്രിയുടെ പുത്രന്മാക്കും പുത്രനും പുത്രന്റെ പുത്രന്മാക്കും ഇപ്രകാരം ക്രമമായിട്ട് ആ സ്ത്രീധനത്തിൽ മേലെഴുതിയവക്ക് അവകാശം വരും. ഇതിൽ ആരുമില്ല എങ്കിൽ ഭർത്താവു മുതലായ ബന്ധുജനങ്ങൾക്ക് അവകാശം സിദ്ധിക്കും.

യാജ്ഞവല്ക്യഃ:—

അപ്രജസ്ത്രീധനം ഭർത്തുർബ്രാഹ്മാദിഷു ചതുർഷപി
ദുഹിതൄണാം പ്രസൂതാചേച്ഛേഷേഷു പിതൃഗാമി തൽ.

[ഫ ഫ ൦ ൭

മനുഃ:—

ബ്രാഹ്മദൈവാഷ്ഗാന്ധവ്പ്രാജാപത്യേഷു യദ്ധനം
അതീതായാമപ്രജസ്ത്രീഭർത്തുരേവ തദിഷ്യതേ. ഫ ഫ ൦ ന

ബ്രാഹ്മമെന്നും ദൈവമെന്നും ആഷ്മെന്നും പ്രാജാപത്യമെന്നും ഗാന്ധവ്മെന്നും ആസുരമെന്നും രാക്ഷസമെന്നും പൈശാചമെന്നും ഇപ്രകാരം വിവാഹങ്ങൾ എട്ടു വിധം. ഇതിൽ മുൻപിൽ പറഞ്ഞിട്ടുള്ള അഞ്ചു വിവാഹങ്ങളിൽ ഒരു വിവാഹം കൊണ്ടു പാണിഗ്രഹണം കഴിച്ചിരിക്കുന്ന സ്ത്രീയുടെ സ്ത്രീധനം ആ സ്ത്രീ മരിച്ചുപോയെങ്കിൽ മേലെഴുതിയ പുത്രി മുതലായതിൽ ആരുമില്ലെങ്കിൽ ആ സ്ത്രീയുടെ ഭർത്താവിനു മുൻപിൽ അവകാശമായിട്ടുവരും. ഭർത്താവ് ഇല്ലെങ്കിൽ ഭർത്താവിന്റെ സഹജന്മാക്കുവരും. ആസുരം മുതലായ വിവാഹങ്ങളിൽ ഒരു വിവാഹംകൊണ്ടു പാണിഗ്രഹണം ചെയ്തിരിക്കുന്ന സ്ത്രീയുടെ സ്ത്രീധനമോ എന്നാൽ ആ സ്ത്രീയുടെ മാതാവിനും പിതാവിനും. പുത്രി മുതലായവർ ആ സ്ത്രീക്ക ഉണ്ടെങ്കിൽ ആ സ്ത്രീയുടെ ധനം മേലെഴുതിയ എട്ടു വിവാഹങ്ങളിൽ ഏതു വിവാഹംകൊണ്ടു പാണിഗ്രഹണം കഴിച്ചിരിക്കുന്നവെങ്കിലും ആ പുത്രികാം മുതലായവക്കുതന്നെ അവകാശമായിട്ടുവരും.

൭൭

Digitized By Kerala Sahitya Akademi

സ്ത്രീധനം തദപത്യാനാം ഭർതൃഗാമ്യപ്രജസ്ത്രിയഃ
ബ്രാഹ്മാദിഷു ചതുഷ്പാച്ഛഃ പിതൃഗാമീ തദേഷു ച.

[ഫ ഫ ഠ ട

യത്തചൈസ്യ സ്യാദ്ധനം ദത്തം വിവാഹേഷ്വാസുരാദിഷു
അപ്രജായാമതീതായാം മാതാപിത്രോസ്തദിഷ്യതേ. ഫ ഫ ഠ വ

ബന്ധുദത്തന്തു ബന്ധൂനാമഭാവേ ഭ്രാതൃഗാമി തൽ
ഭഗിന്യോ ബാന്ധവൈസ്സാർദ്ധം വിഭജേയുസ്സഭർതൃകാഃ.

[ഫ ഫ ഠ ൻ

ബന്ധുദത്തം തഥാ ശുല്ക്കമനാധേയകമേവ ച
അപ്രജായാമതീതായാം ബാന്ധവാസ്തദവാപ്നുയുഃ. ഫ ഫ ഫ ഠ

സ്ത്രീധനത്തിന് ഉടയവളായിരിക്കുന്ന സ്ത്രീ മരിച്ചുപോയാൽ പിന്നെത്തതിൽ ആ സ്ത്രീയുടെ സന്തതികൾക്ക് ആ സ്ത്രീധനത്തിന്റെ അവകാശം വരും. ആ സ്ത്രീക്ക സന്തതിയില്ലെങ്കിൽ മുൻപിൽ വിവാഹഭേദംകൊണ്ടു പറഞ്ഞതിൻവണ്ണം ഭർത്താവിനും മാതാപിതാക്കന്മാർക്കും അവകാശം വരും. അമ്മാവൻ മുതലായ ബന്ധുജനങ്ങൾ കൊടുത്തിരിക്കുന്ന സ്ത്രീധനത്തിൽ ആ ബന്ധുജനങ്ങൾക്കുതന്നെ അവകാശംവരും. അപത്യഹീനയായിട്ടുള്ള സ്ത്രീ കഴിഞ്ഞുപോയാൽ ആ സ്ത്രീ ആസുരാദിവിവാഹം കൊണ്ടു പാണിഗ്രഹണം ചെയ്യപ്പെട്ടവളെങ്കിൽ അപ്പോൾ ബന്ധുജനങ്ങൾ കൊടുത്തിരിക്കുന്ന സ്ത്രീധനത്തിൽ അവകാശം കൊടുത്ത ബന്ധുജനങ്ങൾക്കു തന്നെ വരുമെന്നു താൽപര്യം.

ഗൌതമഃ:__

സ്ത്രീധനം ദുഹിതൄണാം അപ്രജസാം അപ്രതിഷ്ഠിതാനാം ചേതി. ഭഗിനീശുല്ക്കസ്സോദര്യാണാമൂർദ്ധ്വം മാതുഃ.

കഴിഞ്ഞുപോയ സ്ത്രീയുടെ ധനത്തിൽ മുൻപിൽ കന്യകകളായിട്ടുള്ള പുത്രികൾക്ക അവകാശം വരും. പിന്നത്തതിൽ വേളികഴിഞ്ഞിരിക്കുന്ന പുത്രികൾക്ക് അവകാശം. അതിലും മുൻപിൽ അപ്രതിഷ്ഠിതകളായിട്ടുള്ള പുത്രികൾക്കും പിന്നത്തതിൽ പ്രതിഷ്ഠിതകളായിട്ടുള്ള പുത്രികൾക്കും ക്രമമായിട്ട് അവകാശം വരും. ധനഹീനമായിട്ടും സന്തതിഹീനമായിട്ടും ഇരിക്കുന്നത് എന്ന പ്രതിഷ്ഠിതപദത്തിന്റെ അർത്ഥം. സഹോദരികളെ വിവാഹം കഴിക്കുന്നവൻ വിവാഹംകഴിക്കുന്നതിനായിട്ട കൊടുത്ത ശുല്ക്ക

Digitized By Kerala Sahitya Akademi

ദ്രവ്യത്തിനു സഹോദരന്മാക്കത്രേ അവകാശം. അവക്കുമേൽ മാതാവിന് അവകാശംവരും. വേളികഴിക്കപ്പെട്ട സ്ത്രീ കഴിഞ്ഞുപോയെങ്കിലും വേളികഴിക്കുമ്പോൾ ശുല്കമായിട്ട് ആ കന്യകയുടെ ജ്ഞാതിജനങ്ങൾ കൊടുത്ത ദ്രവ്യം കൊടുത്തവക്കു വരികയില്ലെന്നു താൽപര്യം.

മനുഃ:—

യാസ്ത്രീസാം സ്വദുഹിതരസ്ത്രീസാമപി യഥാർഹതഃ
മാതാമഹീധനാൽ കിഞ്ചിൽ പ്രദേയം പ്രീതിപൂർവകം.

[ഫ ഫ ഫ ഫ

മരിച്ചുപോയ മാതാവിന്റെ സ്ത്രീധനത്തിൽ പുത്രികൾക്കു മുൻപിൽ അവകാശം. പുത്രികൾ മാതാവിന്റെ സ്ത്രീധനമെടുക്കുമ്പോൾ അവക്കും പുത്രികൾ ഉണ്ടായിരുന്നാൽ ആ പുത്രികൾക്കും സ്നേഹംകൊണ്ടു കുറെ കൊടുക്കണം.

മാതുർദുഹിതരോഽഭാവേ ദുഹിതൄണാം തദന്വയഃ.

മാതാവിന്റെ സ്ത്രീധനം മുൻപിൽ പുത്രികൾക്ക് അവകാശമായിട്ടുവരും. പുത്രികൾ ഇല്ലെങ്കിൽ അവരുടെ സന്തതിക്ക് അവകാശം വരും.

മനുഃ:—

സ്ത്രിയാസ്തു യദ് ഭവേദ്വിത്തം പിത്രാ ദത്തം കഥഞ്ചന
ബ്രാഹ്മണീ തദ്ഹരേൽ കന്യാ തദപത്യസ്യ വാ ഭവേൽ.

[ഫ ഫ ഫ ഫ

ബ്രാഹ്മണൻ ബ്രാഹ്മണസ്ത്രീയേയും ക്ഷത്രിയസ്ത്രീമുതലായവരേയും വേളികഴിച്ചിരുന്നുവെങ്കിൽ അതിൽ ക്ഷത്രിയസ്ത്രീക്ക് അച്ഛൻമുതലായവർ കൊടുത്തിരിക്കുന്ന സ്ത്രീധനം എടുക്കുന്നതിന് ആ ക്ഷത്രിയസ്ത്രീക്കു സന്തതിയില്ലെങ്കിൽ ബ്രാഹ്മണസ്ത്രീയുടെ കന്യകയ്ക്കും ആ കന്യകയുടെ സന്തതിക്കും അവകാശം. ഇപ്രകാരം ക്ഷത്രിയനും വൈശ്യനും തനിക്കു സമാനജാതിയിലും നികൃഷ്ടജാതിയിലും വേളികഴിച്ചിരുന്നുവെങ്കിൽ അപ്പോൾ നികൃഷ്ടജാതിയിലുള്ള സ്ത്രീയുടെ ധനം എടുക്കുന്നതിന് ആ സ്ത്രീക്കു സന്തതിയില്ലെങ്കിൽ ആ സ്ത്രീയെക്കാൾ ഉൽകൃഷ്ടജാതിയിൽ വേളികഴിച്ചിട്ടുള്ള സ്ത്രീയുടെ സന്തതിക്കും അവകാശം വരുമെന്നു താൽപര്യം.

Digitized By Kerala Sahitya Akademi

ദത്താ കന്യാം ഹരൻ ദാതവ്യാ വ്യയം ദാപ്യഞ്ച സോഭയം.
ദത്താമപി ഹരേൽ കന്യാം ശ്രേയാംശ്ചേദപര ആവ്രജേൽ.
മൃതായാം ദത്തമാദദ്യാൽ പരിശോധ്യോഭയവ്യയം. ൧൧൨൯

ഒരുത്തനു് ഇന്ന കന്യകയെ വേളികഴിച്ചുതരാമെന്നു പറഞ്ഞു കന്യാശുല്കമായിട്ടു് ഏതാനും ദ്രവ്യം വാങ്ങിച്ചു വിവാഹം നിശ്ചയിച്ചതിന്റെശേഷം, പിന്നത്തതിൽ ആയവനു വിവാഹം കഴിച്ചുകൊടുക്കാതെ ആ കന്യകയുടെ ഉടയവരു കൊണ്ടുപോയ്ക്കളഞ്ഞുവെങ്കിൽ ആയവനെക്കൊണ്ടു് അവസ്ഥയ്ക്കു തക്കവണ്ണം പ്രായശ്ചിത്തം ചെയ്യിപ്പിച്ചു കന്യകയെ വേളികഴിപ്പാൻ വന്നവനോടു വാങ്ങിച്ച ദ്രവ്യത്തിനും അവന്റെ വിവാഹം കഴിപ്പാനായിട്ടു ചിലവിട്ടിരിക്കുന്നതിനും പലിശയുംകൂട്ടി കൊടുപ്പിക്കണം. മുൻപിൽ വേളികഴിപ്പാൻ വന്നവനെക്കാൾ ഉൽകൃഷ്ടനായിട്ടു മറെറാരുത്തൻ വേളികഴിപ്പാൻ വരികയും മുൻപിൽ വേളികഴിപ്പാൻ വന്നവനു ദോഷം കാണുകയും ചെയ്താൽ അപ്പോൾ മുൻപിൽ നിശ്ചയിച്ചവനു പ്രായശ്ചിത്തം വരികയില്ല. അവനോടു വാങ്ങിച്ച ദ്രവ്യവും ചിലവിട്ടതും കൊടുക്കണം. വേളികഴിച്ചുകൊടുക്കാമെന്നു സമ്മതിച്ച കന്യക വേളികഴിക്കുന്നതിനു മുൻപിൽ മരിച്ചുപോയെങ്കിൽ ഇരുവരും ചിലവിട്ടതിന്റെ കണക്കുനോക്കി ചിലവുനീക്കി വേളികഴിച്ചുകൊടുക്കുന്നതിനു വാങ്ങിച്ച ദ്രവ്യത്തിന്റെ മിച്ചം ഉള്ളതു തിരിയെ കൊടുക്കണം.

രിക്ഥം മൃതായാഃ കന്യായാ ഗൃഹ്ണീയുസ്സോദരാസ്സ്വയം
തദഭാവേ ഭവേന്മാതുസ്തദഭാവേ പിതുർഭവേൽ. ൧൧൨൮

കന്യകയായിട്ടിരിക്കുമ്പോൾ ബന്ധുജനങ്ങൾ ആ കന്യകയ്ക്കു് ഇട്ടിരിക്കുന്ന ആഭരണം മുതലായതിൽ ആ കന്യക മരിച്ചുപോയാൽ പിന്നത്തതിൽ ആ കന്യകയുടെ സഹോദരന്മാക്കു് അവകാശം, സഹോദരന്മാരില്ലെങ്കിൽ മാതാവിനും മാതാവുമില്ലെങ്കിൽ പിതാവിനും അവകാശം.

മാതുഷ്വസാ മാതുലാനീ പിതുർവ്യസ്രുഃ പിതുഷ്വസാ
ശ്വശ്രൂഃ പൂർവ്വജപത്നീ ച മാതൃതുല്യാഃ പ്രകീർത്തിതാഃ.

[൧൧൨൯

യദ്ദാന്ധ്യമൈശ്വരസോ ന സ്യാൽ സുതോ ദൌഹിത്ര ഏവ വാ
തൽസുതോ വാ ധനം താസാം സപത്നീയാദ്ദ്യാസ്സുമാപ്നുയുഃ.

[൧൧൩൦

Digitized By Kerala Sahitya Akademi

മാതാവിനു സമമായിട്ടുള്ള ഗൌണമാതാക്കളേയും അവരുടെ ധനത്തിൽ അവകാശികളായിട്ടുള്ളവരേയും ചൊല്ലുന്നു. മാതാവിന്റെ സഹോദരിയും അമ്മാവിയും പിതൃസഹോദരന്മാരുടെ സ്ത്രീയും പിതാവിന്റെ സഹോദരിയും വേളികഴിച്ചിരിക്കുന്ന സ്ത്രീയുടെ മാതാവും ജ്യേഷ്ഠന്റെ ഭാര്യയും ഇവരൊക്കയും മാതാവിനു തുല്യമാരെന്നു ചൊല്ലപ്പെട്ടു. മേൽചൊന്നതിയ സ്ത്രീജനങ്ങൾ പ്രസവിച്ചിട്ട് ഒരു പുത്രനും പുത്രിയുടെ പുത്രനും ആ പുത്രന്റെ പുത്രനും ഇല്ലെങ്കിൽ മേൽചൊന്നതിയവരുടെ ധനത്തിൽ ചിറമ്മ മുതലായവരുടെ പുത്രന്മാക്ക് അവകാശം വരും.

ഋണേ ധനേ ച സർവ്വസ്മിൻ പ്രവിഭക്തേ യഥാവിധി
പശ്ചാദ്ദൃശ്യേത യൽകിഞ്ചിൻ തത്സർവം സമതാം നയേൽ

[ഫ ഫ ഫ ൭

സഹോദരന്മാർ എല്ലാപേരുംകൂടെ അച്ഛൻ മുതലായവരുടെ കടവും ധനവും ധർമ്മശാസ്ത്രപ്രകാരം അംശംവച്ചു പകുത്തുകൊടുത്തതിന്റെശേഷം പൊതുമുതലായിട്ടുള്ളവക എന്തെങ്കിലും പകുതിയിൽ ഉൾപ്പെടാതെ കണ്ടുവെങ്കിൽ അതു എല്ലാപേരുംകൂടെ സമമായിട്ടു പകുത്തു എടുക്കണം. ഇതിൽ ജ്യേഷ്ഠാംശം വരികയില്ലെന്നു താൽപര്യം.

കാത്യായനഃ:—

അന്യോന്യോപഹൃതം ദ്രവ്യം ദുർവിഭക്തേഷു യദ്ഭവേൽ
പശ്ചാൽ പ്രാപ്തം വിഭജ്യേത സമഭാഗേന തദ്ധ്രുവം.

[ഫ ഫ ഫ ൮

സഹോദരന്മാർ പകുത്ത് എടുക്കുമ്പോൾ പകുതിയിൽ കാണിക്കാതെ ഒരുത്തനെ ഒരുത്തൻ വഞ്ചിച്ച് ഒതുക്കിയിരിക്കുന്നതും നേരാംവണ്ണം പകുത്തിട്ടില്ലാത്തതും പിന്നത്തതിൽ അറിഞ്ഞു പകുക്കുമ്പോൾ എല്ലാവരും സമമായിട്ടു പകുക്കണം.

മനുഃ:—

സപിണ്ഡേഷ്വേ സംസ്ഥിതായാന്തു സപിണ്ഡമുൽപാദയേത്തു യം
തമൌരസം വിജാനീയാൽ പുത്രം പ്രഥമകല്പിതം. ഫ ഫ ഫ൯

ധർമ്മശാസ്ത്രപ്രകാരം വിവാഹംകഴിച്ചിട്ടുള്ള സ്ത്രീയിൽ തനിക്കുണ്ടായ പുത്രൻ ഔരസൻ എന്നു ചൊല്ലപ്പെട്ടും. ആ പുത്രൻതന്നെ മുഖ്യനായിട്ടുള്ള പുത്രനെന്നു അറിഞ്ഞുകൊള്ളണം.

Digitized By Kerala Sahitya Akademi

മാതാ പിതാ വാ ദദ്യാതാം യമദ്ഭിഃ പുത്രമാപദി
സദൃശപ്രീതിനാംയുക്തൈഃ സ ജ്ഞേയോ ദത്തിമസ്സുതഃ.

[ഫഫ൨൧

ദത്തപുത്രന്റെ ലക്ഷണത്തെ ചൊല്ലുന്നു. ദുർഭിക്ഷാദികാലത്തിൽ മാതാവും പിതാവും ആയിട്ടു കൂടി അവരുടെ പുത്രനെ അവക്കു സമജാതിയായിട്ടുള്ളവനു വിധിപ്രകാരം സ്നേഹത്തോട്ടുംകൂടി ദാനംചെയ്യുവെങ്കിൽ ആ പുത്രൻ ദത്തപുത്രനെന്നു ചൊല്ലപ്പെട്ടും. തനിക്കു കീഴ്പ്പെട്ട ജാതിയിലുള്ള സ്ത്രീകളെ വേളികഴിക്കുന്നതും അവക്കുണ്ടാകുന്ന പുത്രന്മാക്കു പകുത്തുകൊടുക്കുന്നതും ക്രീതപുത്രൻ മുതലായവരെ ചേക്കുന്നതും കലിയുഗത്തിൽ അരുതു് ഋഷീശ്വരന്മാർ സങ്കേതംചെയ്തു നിഷേധിച്ചിരിക്കുന്നതുകൊണ്ടു് ആ ക്രീതപുത്രന്മാരുടെ സ്വരൂപത്തേയും അവരുടെ വിഭാഗക്രമത്തേയും പറയുന്നതു ഗ്രന്ഥവിസ്താരമല്ലാതെ കലിയുഗത്തിൽ ഒരു പ്രയോജനവും നടപ്പും ഉള്ളതല്ലെന്നു "സ്മൃതിചന്ദ്രികയി"ൽ പറഞ്ഞിട്ടും ഉണ്ടു്. അതുകൊണ്ടത്രേ ഈ ഗ്രന്ഥത്തിലും എഴുതാത്തതു്. തനിക്കു പിറക്കുന്ന പുത്രനും മയ്യാദപ്രകാരം ദത്തു വാങ്ങിക്കുന്ന പുത്രനും കലിയുഗത്തിൽ ന്യായമായിട്ടുള്ളവർ.

ഉപപന്നോ ഗുണൈസ്സുവൈഃ പുത്രോ യസ്യ തു ദത്തിമഃ
സ ഹരേദേവ തദ്രിക്ഥം സംപ്രാപ്തോഽപ്യന്യഗോത്രതഃ.

[ഫഫ൨ഫ

വേണ്ടുന്ന ഗുണങ്ങളോടുകൂടിയിരിക്കുന്ന ഒരു പുത്രനെ അന്യഗോത്രത്തിൽ നിന്നും ദത്തു് എടുത്തു സ്വീകരിച്ചുവെങ്കിൽ ആ പുത്രൻ ദത്തു് എടുത്തവന്റെ ധനത്തേയും ഗോത്രത്തേയും പ്രാപിപ്പാൻ അർഹതയുള്ളവൻ.

ഗോത്രരിക്ഥേ ജനയിതുർന ഹരേദ്ദത്തിമസ്സുതഃ.

വസിഷ്ഠഃ:—

തസ്മിംശ്ചേൽ പ്രതിഗൃഹ്ണീത ഔരസഃ പുത്ര ഉൽപദ്യേത സ ചതുർത്ഥഭാഗീ സ്യാൽ.

ദത്തപുത്രന്റെ അച്ഛൻ ജനിച്ച ഗോത്രവും ധനവും വരികയില്ല. ഒരു പുത്രനെ ദത്തെടുത്തതിന്റെശേഷം ദത്തെടുത്തവനു തന്റെ സ്ത്രീയിൽ പുത്രനുണ്ടായാൽ അപ്പോൾ ദത്തുപുത്രനു ദത്തെടുത്തവന്റെ ധനത്തിൽ നാലിലൊരു പങ്കു് അവകാശമായിട്ടുവരും.

Digitized By Kerala Sahitya Akademi

ഭ്രാതൃണാമേകജാതാനാമേകശ്ചേൽ പുത്രവാൻ ഭവേൽ
സർവ്വേ തേനൈവ പുത്രേണ പുത്രിണോ മനുരബ്രവീൽ.
[ഫ ഫ ൨ ൨

സ്ത്രീണാമപ്യേകജായാനാമേകാ ചേൽ പുത്രിണീ ഭവേൽ
സർവ്വാസ്താസ്തേന പുത്രേണ പുത്രിണ്യോ മനുരബ്രവീൽ.

ബൃഹസ്പതിഃ:—
[ഫ ഫ ൨൧

ബഹ്വീനാമേകപത്നീനാമേഷ ഏവ വിധിഃ സ്മൃതഃ
ഏകാ ചേൽ പുത്രിണീ താസാം സർവ്വാസാം പിണ്ഡദസ്സ സഃ.
[ഫ ഫ ൨൪

സഹോദരന്മാരിൽ ഒരുത്തനു പുത്രനുണ്ടെങ്കിൽ ആയവനെക്കൊണ്ട് ആ അപുത്രന്മാരായിരിക്കുന്ന സഹോദരന്മാരൊക്കയും പുത്രവാന്മാരെന്നും ഇപ്രകാരം ഒരുത്തൻ വേളികഴിച്ചിരിക്കുന്ന രണ്ടുമൂന്നു സ്ത്രീകളിൽ ഒരുത്തിക്കു പുത്രനുണ്ടായാൽ ആയവനെക്കൊണ്ടു മേലെഴുതിയപ്രകാരമുള്ള എല്ലാ സ്ത്രീകളും പുത്രസഹിതകളെന്നും ചൊല്ലപ്പെട്ടും. ആ പുത്രൻ തന്നെ മേലെഴുതിയവക്കു പിണ്ഡം വയ്ക്കുന്നവൻ. ഇതിന്റെ താൽപര്യം സഹോദരന്മാക്കു രണ്ടുമൂന്നു പുത്രന്മാരുണ്ടായിരിക്കുമ്പോൾ അന്യഗോത്രത്തിൽ ചെന്നു ദത്ത് എടുക്കരുത് എന്നും ആ പുത്രൻ മുഖ്യനായിട്ടുള്ളവനെന്നും.

മനുഃ:—

പുന്നാമ്നോ നരകാദ്യസ്മാൽ പിതരം ത്രായതേ സുതഃ
തസ്മാൽ പുത്ര ഇതി പ്രോക്തസ്സ്വയമേവ സ്വയംഭുവാ.
[ഫ ഫ ൨ ൫

മുഖ്യപുത്രന്മാരെ പ്രശംസിക്കുന്നു. ജനിച്ചുകൂടുമ്പോൾതന്നെ പുന്നാമമായിട്ടുള്ള നരകത്തിൽ നിന്നും കരയേറി പിതാവിനെ രക്ഷിക്കുന്നവനാകകൊണ്ടു പുത്രനെന്നു ചൊല്ലപ്പെട്ടുന്നു.

ജീണമസ്മിൻ സന്നയതി അമൃതത്വഞ്ച ഗച്ഛതി
പിതാ പുത്രസ്യ ജാതസ്യ പശ്യേച്ചേജ്ജീവതോ മുഖം.
[ഫ ഫ ൨൬

തനിക്കുപിറന്നു ജീവിച്ചിരിക്കുന്ന പുത്രന്റെ മുഖത്തെ കണ്ടുകൂടുമ്പോൾതന്നെ ആ പുത്രനിൽ തന്റെ ജീണത്തെ സംബന്ധി

Digitized By Kerala Sahitya Akademi

പ്പിച്ച പിതാവ് അമൃതത്വത്തെ പ്രാപിക്കും. അമൃതത്വം=മരണമില്ലാതെയിരിക്കുന്നത്.

മനുവസിഷ്ഠൻ:—

പുത്രേണ ലോകാജ്ജയതി പൌത്രേണാനന്ത്യമശ്നുതേ
അഥ പുത്രസ്യ പൌത്രേണ ബ്രധ്നസ്യാപ്നോതി വിഷ്ടപം.

[ഫ ഫ ഒ ൭

പുത്രനുണ്ടായിക്കുട്ടുമ്പോൾ ആ പുത്രനെക്കൊണ്ടു പിതാവു പിതൃലോകത്തെ ജയിക്കും. പുത്രനും പൌത്രനും ഉണ്ടായിക്കുട്ടുമ്പോൾ അനന്തമായിട്ടു സൌഖ്യത്തെ പ്രാപിക്കും. പൌത്രന്റെ പുത്രനുണ്ടെങ്കിൽ സൂര്യലോകത്തുവരുവാൻ സംഗതിവരും.

ബൃഹസ്പതിഃ:—

യഥാ ജലം കൂപ്പുവേന തരൻ മജ്ജതി മാനവഃ
തഥാ പിതാ കുപുത്രേണ തമസ്യന്ധേ നിമജ്ജതി.

മനുഃ:— [ഫ ഫ ഒ വ

യാദൃശം ഗ്രണമാപ്നോതി കൂപ്പുവൈസ്സന്തരൻ ജലം
താദൃശം ഗ്രണമാപ്നോതി കുപുത്രൈസ്സന്തരൻ തമഃ.

[ഫ ഫ ഒ ൻ

ഉറപ്പില്ലാതെയുള്ളതായും ദോഷയുക്തമായുമിരിക്കുന്ന ചങ്ങാടംകൊണ്ടു വലുതായിട്ടുള്ള നദിയെ കടപ്പാൻ തുടങ്ങിയവർ മധ്യത്തിൽ വച്ചു മുങ്ങിപ്പോകുന്നതുപോലെ നിന്ദ്യനായിട്ടുള്ള പുത്രനാൽ പിതാവ് അന്ധകാരാവൃതമായിട്ടുള്ള നരകത്തെ പ്രാപിക്കും.

അപുത്രാ ശയനം ഭർത്തുഃ പാലയന്തീ വ്രതേ സ്ഥിതാ
പത്യൌ പ്രദദ്യാത്തദ്ധിത്തം കൃത്സ്നമംശം ലഭേത ച.

[ഫ ഫ ഒ ൦

തമ്മിൽ പകുതികഴിഞ്ഞിരിക്കുമ്പോൾ ദായാദന്മാരിൽ ഒരുത്തൻ കഴിഞ്ഞുപോയാൽ ആയവന്റെ ധനം എടുക്കുന്നതിന് അർഹതയുള്ളവരെ ക്രമമായിട്ടു പൊല്ലുന്നു. പുത്രഹീനനായിട്ടുള്ളവൻ മരിച്ചുപോയാൽ ആയവന്റെ ഭാര്യ ഭർത്താവിന്റെ ശയനത്തെ പരിപാലിച്ചുവരുന്നവളായിട്ടും പാതിവ്രത്യാദിവ്രതയുക്തയായിട്ടുമിരിക്കുന്നുവെങ്കിൽ ആ ഭാര്യതന്നെ ഭർത്താവിനു ബലി

Digitized By Kerala Sahitya Akademi

കമ്മം പിണ്ഡപ്രദാനം മുതലായതുചെയ്യു ഭർത്താവിന്റെ ധനത്തെ എടുക്കണം. മൻപിൽ ഭാര്യ അർഹതയുള്ളവൾ.

ആമ്നായേ സ്മൃതിതന്ത്രേ ച ലോകാചാരേ ച സൂരിഭിഃ
ശരീരാർദ്ധം സ്മൃതാ ജായാ പുണ്യാപുണ്യഫലേ സമാ. ഫ ഫനു ഫ
യസ്യാ നോചരതാ ഭാര്യാ ദേഹാർദ്ധം തസ്യ ജീവതി
ജീവത്യർദ്ധശരീരേത്ഥം കഥമന്യസ്സമാപ്നുയാൽ. ഫ ഫനു ഫ
കല്പ്യേഷു വിദ്യമാനേഷു പിതൃഭ്രാതൃസനാഭിഷു
അസുതസ്യ പ്രമീതസ്യ പത്നീ തദ്ഭാഗഹാരിണീ. ഫ ഫനു ഫ

വേദത്തിലും ധർമ്മശാസ്ത്രത്തിലും ലോകാചാരത്തിലും ഭാര്യ ഭർത്താവിന്റെ ശരീരത്തിൽ അർദ്ധശരീരസ്വരൂപയെന്നും ഭർത്താവിന്റെ പുണ്യഫലത്തിലും പാപഫലത്തിലും സമമായിട്ടുള്ളവളെന്നും വിദ്വാന്മാരാൽ ചൊല്ലപ്പെട്ടുന്നു. ഭർത്താവു കഴിഞ്ഞുപോയെങ്കിലും അവന്റെ അർദ്ധശരീരയായിട്ടുള്ള ഭാര്യ ജീവിച്ചിരിക്കുമ്പോൾ മറ്റൊരുത്തന് ആയവന്റെ ധനം എടുക്കുന്നതിന് ഒട്ടും അവകാശമില്ലായ്കകൊണ്ടു ഭർത്താവിന്റെ മാതാപിതാക്കളും സഹോദരന്മാരും ഉണ്ടെങ്കിലും ഭാര്യതന്നെ ആയവന്റെ ധനത്തിൽ അവകാശമുള്ളവൾ.

ബൃഹസ്പതിഃ:—

തസപിണ്ഡാ ബാന്ധവാ യേ തസ്യാശ്ച പരിപന്ഥിനഃ
ഹിംസ്യുർദ്ധനാനി താൻ രാജാ ചോരദണ്ഡേന ദണ്ഡയേൽ.
[ഫ ഫനു ർ

ഭർത്താവു കഴിഞ്ഞുപോയതിന്റെശേഷം ആയവന്റെ ഭാര്യയ്ക്കു ശത്രുക്കളായിരിക്കുന്ന ഭർത്താവിന്റെ ദായാദന്മാരും ബന്ധുജനങ്ങളും ഭർത്താവിന്റെ ധനം എടുക്കുന്നതിനു സമ്മതിക്കാതെ വിരോധിച്ചുവെങ്കിൽ ആയവരെ ചോരദണ്ഡംകൊണ്ടു രാജാവു ദണ്ഡിപ്പിക്കണം.

കാത്യായനഃ:—

പത്നീ ഭർത്തുർധനഹരീ യാ സ്യാദവ്യഭിചാരിണീ;
തദഭാവേ തു ദുഹിതാ യദ്യന്ധ്യാ ഭവേത്തദാ. ഫ ഫനു ഒ

വ്യഭിചാരദോഷം കൂടാതെയിരിക്കുന്ന ഭാര്യയ്ക്കു മരിച്ചുപോയ പുത്രഹീനനായിട്ടിരിക്കുന്ന ഭർത്താവിന്റെ ധനത്തിനു

Digitized By Kerala Sahitya Akademi

മൻപിൽ അവകാശം. ഭാര്യയില്ലെങ്കിൽ പിന്നത്തതിൽ വേളി കഴിഞ്ഞിട്ടില്ലാതെനിരിക്കുന്ന പുത്രിക്ക് അവകാശം വരും.

പുത്രാഭാവേ തു ദുഹിതാ തുല്യസന്താനദർശനാൽ
പുത്രശ്ച ദുഹിതാ ചോഭൌ പിതുസ്സന്താനകാരകൌ.

[ഫ ക്നസ

മരിച്ചുപോയവനു പുത്രനും ഭാര്യയുമില്ലെങ്കിൽ പിതാവിനു ശ്രാദ്ധാദികർമ്മം ചെയ്യാൻ യോഗ്യനായിട്ടുള്ള ദൌഹിത്രനെ പ്രസവിച്ച് പിതാവിന്റെ ഋണത്തിനു പുത്രനെപ്പോലെ പുത്രിയും നിവർത്തിപ്പിക്കുന്നവളാകകൊണ്ടു പിതാവിന്റെ ധനത്തിൽ പുത്രിക്ക് അവകാശം വരും.

യഥൈവാത്മാ തഥാ പുത്രഃ പുത്രേണ ദുഹിതാ സമാ
തസ്യാമാത്മനി തിഷ്ഠന്ത്യാം കഥമന്യോ ധനം ഹരേൽ?

[ഫ ക്നമ

അംഗാദംഗാത്സംഭവതി പുത്രവദ്ദുഹിതാ ഋണാം
തസ്യാഃ പിതൃധനം തസ്യഃ കഥം ഗ്രാഹ്യം ഹരേത മാനവഃ?

[ഫ ക്നമവ

തന്റെ ശരീരത്തിനു സമമായിട്ടുള്ളവൻ പുത്രൻ; ആ പുത്രനു സമമായിട്ടുള്ളവൾ പുത്രി; ഇപ്രകാരം തന്റെ ശരീരത്തിൽ നിന്നും പുത്രനെപ്പോലെ ഉദ്ഭൂതയായും പുത്രനോടു സമയായും ഇരിക്കുന്ന് പുത്രി ഇരിക്കുമ്പോൾ മറെറാരുത്തന് ആ പുത്രിയുടെ പിതാവിന്റെ ധനത്തിന് അവകാശം വരികയില്ല.

വിജ്ഞാനേശ്വരൻ:—

അപുത്രപുത്രസന്താനേ ദൌഹിത്രാ ധനമാപ്നുയുഃ.
സവർണ്ണാസു സവർണാകാരേ പൌത്രദൌഹിത്രകൌ മതൌ
പൌത്രദൌഹിത്രയോർല്ലോകേ വിശേഷോ നാസ്തി ധർമ്മതഃ.

[ഫ ക്നമൻ

പുത്രപൌത്രഹീനനായിരിക്കുന്നവൻ മരിച്ചുപോയാൽ ആയവനു പുത്രിയുമില്ലെങ്കിൽ പുത്രിയുടെ പുത്രന്മാക്ക് അവകാശം വരും. പുത്രന്റെ പുത്രനും പുത്രിയുടെ പുത്രനും പൂർവ്വന്മാരുടെ ശ്രാദ്ധാദിക്രിയചെയ്യുന്നതിനു സമമായിട്ടുള്ളവരാകകൊണ്ടു പുത്രിയുടെ പുത്രന്മാക്കും അവകാശം വരും.

Digitized By Kerala Sahitya Akademi

ദേവലഃ:—

തതോ ദായമപുത്രസ്യ വിഭജേരൻ സഹോദരാഃ

ബൃഹസ്പതിഃ:—

ഭ്രാതൃസുതവിഹീനസ്യ തനയസ്യ മൃതസ്യ തു
മാതാ രിക്ഥഹരീ ജ്ഞേയാ ഭ്രാതാ വാ തദനുജ്ഞയാ.

[ഫ ഫ ർ ഠ

പുത്രഹീനനായിട്ടുള്ളവൻ മരിച്ചുപോയെങ്കിൽ ആയവനു ടെഔഹിത്രൻവരെയുള്ളവരില്ലെങ്കിൽ അവന്റെ ധനത്തിനെ അവന്റെ മാതാവിന്റെ അനുവാദത്തോടുകൂടി അവന്റെ സഹോദരന്മാരെടുക്കണം. സഹോദരന്മാർ എടുക്കുന്നതിനു മാതാവിനു സമ്മതമില്ലെങ്കിൽ മാതാവുതന്നെ എടുക്കണം.

മനുഃ:—

അനപത്യസ്യ പുത്രസ്യ മാതാ ദായമവാപ്നുയാൽ.

പുത്രപൌത്രഹീനനായിട്ടുള്ളവൻ മരിച്ചുപോയെങ്കിൽ ആയവന്റെ ധനത്തിനു മാതാവിന് അവകാശം.

പിതാ ഹരേദപുത്രസ്യ രിക്ഥം ഭ്രാതര ഏവ വാ.

അപുത്രനായിട്ടു മരിച്ചുപോയവനു മാതാവില്ലെങ്കിൽ പിതാവെങ്കിലും ഭ്രാതാക്കന്മാർ എങ്കിലും ആയവന്റെ ധനം എടുക്കണം.

ശംഖഃ:—

അപുത്രസ്യ സപത്നീകസ്യ ഭ്രാതൃഗാമീ ദ്രവ്യം.

അപുത്രനായിട്ടുള്ളവൻ മരിച്ചുപോയെങ്കിൽ ആയവനു പിതാവും ഇല്ലെങ്കിൽ ആയവന്റെ ജ്യേഷ്ഠാനുജന്മാക്കു് അവകാശം വരും.

യാജ്ഞവല്ക്യഃ:—

പത്നീ ദുഹിതരശ്ചൈവ പിതരൌ ഭ്രാതരോപി വാ
തൽസുതാ ഗോത്രജാ ബന്ധുശ്ശിഷ്യസ്സബ്രഹ്മചാരിണഃ.
ഏഷാമഭാവേ പൂർവസ്യ ധനഭാഗുത്തരോത്തരഃ. ഫ ഫ ർ ഫ

പുത്രഹീനനായിട്ടുള്ളവൻ മരിച്ചുപോയെങ്കിൽ ആയവന്റെ ധനമെടുക്കുന്നതിന് അവകാശപ്പെട്ടവരുടെ ക്രമത്തെ യാജ്ഞവല്ക്യൻ ചൊല്ലുന്നു. മുൻപാൽ, മരിച്ചുപോയവന്റെ ഭാര്യയ്ക്ക്

Digitized By Kerala Sahitya Akademi

അവകാശം. പത്നിയില്ലെങ്കിൽ പുത്രികാംക്ഷ. പുത്രികയും ഇല്ലെങ്കിൽ മാതാപിതാക്കന്മാക്ക് എങ്കിലും അവരുടെ അനുവാദമുണ്ടെങ്കിൽ ഭ്രാതാക്കന്മാക്ക് എങ്കിലും അവകാശം. അവരുമില്ലെങ്കിൽ അവരുടെ പുത്രന്മാക്ക് അവകാശം. അവരുടെ പുത്രന്മാരുമില്ലെങ്കിൽ സപിണ്ഡന്മാക്ക് അവകാശം. അവരുമില്ലെങ്കിൽ ആത്മബന്ധു മുതലായ ബന്ധുജനങ്ങൾക്ക് അവകാശം. അവരുമില്ലെങ്കിൽ മരിച്ചുപോയവന്റെ ശിഷ്യന് അവകാശം. ശിഷ്യനുമില്ലെങ്കിൽ വേദാദ്ധ്യയനം മുതലായതു കൂടിയിരുന്ന ചെയ്ത സഹാദ്ധ്യായിക്ക് അവകാശം വരും. സപിണ്ഡന്മാരുടെ ലക്ഷണവും മേലെഴുതിയവരിൽ ധനം എടുക്കേണ്ടുംക്രമവും "വിജ്ഞാനേശ്വരീയം" മുതലായ ഗ്രന്ഥങ്ങളിൽ വിസ്താരമായിട്ടു പറഞ്ഞിട്ടും ഉണ്ട്.

സപത്നീകസ്യ ഹ്യപുത്രസ്യ സർവ്വവർണ്ണേഷ്വയം വിധിഃ.

ബ്രാഹ്മണർ ക്ഷത്രിയർ മുതലായ നാലു ജാതിയിലും ഉള്ളവക്കു മരിച്ചുപോയ ദായാദന്മാരുടെ ധനം എടുക്കേണ്ടുന്ന ക്രമം മേലെഴുതിയപ്രകാരമത്രേ ആകുന്നു.

വിഷ്ണുഃ—

അപുത്രസ്യ പ്രമീതസ്യ ധനം പത്ന്യഭിഗാമി തൽ.

തദഭാവേ ക്രമാദ്ദുഹിതൃമാതൃപിതൃഭ്രാതൃപുത്രസകുല്യബന്ധു സഹാദ്ധ്യായിഗാമി തേഷാമപ്യഭാവേ ബ്രാഹ്മണധനമവജ്ഞം രാജഗാമി. ബ്രാഹ്മണധനം ബ്രാഹ്മണാ ഏവ ഗൃഹ്ണീയുഃ.

അഹായ്യം ബ്രാഹ്മണദ്രവ്യം രാജ്ഞാ നിത്യമിതി സ്ഥിതിഃ

ഇതരേഷാം തു വർണ്ണാനാം സർവ്വാഭാവേ ഹരേന്നൃപഃ.

[ഫ ഫ ർ വ

ദേവലഃ—

സർവ്വത്ര ദായകം രാജാ ഹരേൽ ബ്രഹ്മസ്വവർജ്ജിതം.

അദായകന്തു ബ്രഹ്മസ്വം ബ്രാഹ്മണേഭ്യഃ പ്രദാപയേൽ.

[ഫ ഫ ർ ന

അപുത്രനായിട്ടുള്ളവൻ മരിച്ചുപോയെങ്കിൽ ആയവന്റെ ധനം എടുക്കുന്നതിന് അവകാശമുള്ളവർ ഭാര്യമുതലങ്ങി സഹാദ്ധ്യായിവരെയുള്ളവർ ക്രമമായിട്ടു മുൻപിൽ യാജ്ഞവല്ക്യവചനത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണം അത്രേ ആകുന്നു. സഹാദ്ധ്യായിയും ഇല്ലെങ്കിൽ ബ്രാഹ്മണന്റെ ധനം നീക്കി ശിഷ്യനുള്ളവരുടെ

Digitized By Kerala Sahitya Akademi

ധനത്തിനെ രാജാവ് എടുക്കണം. ബ്രാഹ്മണരുടെ ധനത്തെയാ എന്നാൽ ശ്രോത്രിയന്മാരായിട്ടുള്ള മറ്റുബ്രാഹ്മണക്കു കൊടുക്കണം. രാജാവ് എടുക്കരുത്.

യാജ്ഞവല്ക്യഃ.—

വാനപ്രസ്ഥയതിബ്രഹ്മചാരിണാം രിക്ഥഭാഗിനഃ
ക്രമേണോത്തരസ്യാപ്യ ദരിഷ്യധർമ്മപാരത്രകതീർത്ഥിനഃ.

[ഫ്രഫർ

ഗുരുകുലവാസംചെയ്തു വ്രതത്തോടുംകൂടി അദ്ധ്യയനംചെയ്തു വരുന്ന നൈഷ്ഠികബ്രഹ്മചാരിയുടെ ധനത്തിൽ അദ്ധ്യയനിപ്പിക്കുന്ന ആചാര്യനും, സന്ന്യാസിയുടെ വസ്ത്രം പുസ്തകം മുതലായത് ആ സന്ന്യാസിയിടത്തിൽ വേദാന്തം മുതലായതു വായിച്ചു നല്ല ശീലത്തോടുകൂടിയിരിക്കുന്ന ശിഷ്യനും, വാനപ്രസ്ഥാശ്രമം സ്വീകരിച്ചിരിക്കുന്നവന്റെ ധനത്തിൽ അയവനോടുകൂടെ ഒന്നിച്ചു മേലെഴുത്ത് ആശ്രമം അംഗീകരിച്ചു പാർത്തുവരുന്നവനും, ഇപ്രകാരം അവകാശം വരും.

മനുഃ:—

വിഭക്തൊസ്സഹ ജീവദ്ഭിർ ഭ്രാതൃഭിർ പുനരുദ്യതഃ
സമസ്തത്ര വിഭാഗസ്സ്യാജ്ജ്യായസ്യം തത്ര ന വിദ്യതേ. ഫ്രഫർ ൫

ദായാദന്മാർ തമ്മിലൊരിക്കൽ വിഭാഗം ചെയ്തു പകുത്ത് എടുത്തതിന്റെ ശേഷം പിന്നത്തതിൽ അതിൽ ചിലരെങ്കിലും എല്ലാവരുമെങ്കിലും വസ്തുവക ഒക്കയും ഒന്നിച്ചുചേർത്ത് ഒരു ഭവനത്തിൽതന്നെ സഹവാസം ഭക്ഷണം മുതലായത് ഒന്നിച്ചു കഴിച്ചു വരുമ്പോഴും രണ്ടാംപ്രാവശ്യം പകുപ്പാൻ തുടങ്ങിയാൽ അപ്പോഴും ജ്യേഷ്ഠാനുജന്മാർ എല്ലാപേരും സമമായിട്ടു പകുത്ത് എടുക്കണം. അതിൽ ജ്യേഷ്ഠാംശം വരികയില്ല.

യേഷാം ജ്യേഷ്ഠഃ കനിഷ്ഠോ വാ ഹ്രിയേതാംശപ്രദാനതഃ
മ്രിയേതാന്യതരോ വാപി തസ്യ ഭാഗോ ന ലുപ്യതേ.

[ഫ്രഫർന്ന

മേലെഴുതിയപ്രകാരം ദായാദന്മാർ ഒന്നിച്ചു പാർത്തുവരുമ്പോഴും അതിലൊരുത്തൻ സന്ന്യാസംധരിച്ചെങ്കിലും ക്ലീബനായിട്ടെങ്കിലും മരിച്ചെങ്കിലും പോയാൽ ഭാഗം പോകയില്ല. അയവിന്റെ ഭാഗം എടുക്കുന്നവരെ താഴെ എഴുതുന്നു.

Digitized By Kerala Sahitya Akademi

സോദര്യാ വിഭജേയുസ്തം സമേത്യ സഹിതാഃ സമം
ഭ്രാതരോ യേ ച സംസൃഷ്ടാ ഭഗിന്യശ്ച സനാഭയഃ.

[ഫ ഫ ർ ൭

മേലെഴുതിയപ്രകാരം അംശത്തിന് അഹ്തയില്ലാതെപോയവന്റെ സഹോദരന്മാരും മരിച്ചുപോയവനോട് ഒന്നിച്ചു പാർത്തുവന്ന ഭ്രാതാക്കന്മാരും സഹോദരികളും ആയവന്റെ വസ്തുവിൽ അർഹതയുള്ളവർ. ഇവർ എല്ലാപേരുംകൂടി പകുത്ത് എടുക്കണം.

സംസൃഷ്ടാനാന്തു യഃ കശ്ചിദ്വിദ്യാശൌര്യാദിനാ ധനം
പ്രാപ്നോതി തസ്യ ദാതവ്യോ ദ്വ്യംശശ്ശ്രേഷ്ഠാസ്സമാംശിനഃ.

[ഫ ഫ ർ വ

പകുതി കഴിഞ്ഞതിന്റെശേഷം പിന്നത്തതിലും എല്ലാവരും ഒന്നിച്ചുചേർന്നു വസ്തുവക അനുഭവിച്ചുവരുമ്പോൾ അതിൽ ഒരുത്തൻ വിദ്യകൊണ്ടെങ്കിലും ശൌര്യാദികൊണ്ടെങ്കിലും പ്രത്യേകമായിട്ട ധനം ഉണ്ടാക്കിയാൽ അതിൽ രണ്ടാംപ്രാവശ്യം പകുത്തെടുക്കുമ്പോൾ ആയവനു രണ്ടുപങ്കും ശിഷ്ടം ഉള്ളവക്കു സമമായിട്ടും വിഭാഗം ചെയ്തുകൊള്ളണം.

നാരദഃ:—

ഭ്രാത്രണാമപ്രജഃ പ്രേയാൽ കശ്ചിച്ചേൽ പ്രവ്രജേത വാ
വിഭജേയുസ്തനം തസ്യ ശേഷാസ്തു സ്ത്രീധനം വിനാ. ഫ ഫ ർ ൻ
ഭരണഞ്ചാസ്യ കുവ്വീരൻ സ്ത്രീണാമാജീവിതക്ഷയാൽ
രക്ഷന്തി ശയ്യാം ഭർത്തുശ്ചേദാചാരിണ്യരിതരാസു ച. ഫ ഫ ർ ം

ഒരിക്കൽ വിഭാഗം കഴിഞ്ഞതിന്റെ ശേഷവും വസ്തുവക ഒന്നിച്ചുചേർത്ത് അനുഭവിച്ചുവരുമ്പോൾ അതിൽ പുത്രഹീനനായിട്ടുള്ള ഒരുത്തൻ മരിക്കയെങ്കിലും സന്ന്യാസാശ്രമം സ്വീകരിക്കയെങ്കിലുംചെയ്താൽ ആയവന്റെ ഭാര്യയുടെ സ്ത്രീധനംനീക്കി ശിഷ്ടമുള്ള ധനത്തിനെ ശേഷം ദായാദന്മാർ പകുത്ത് എടുക്കണം. മരിച്ചുപോയവനു പാതിവ്രത്യയുക്തകളായിട്ടുള്ള സ്ത്രീകളുണ്ടെങ്കിൽ ആയവരെ മരിച്ചുപോയവന്റെ വസ്തു എടുത്ത ദായാദന്മാർ അന്നവസ്ത്രങ്ങളെക്കൊടുത്ത ആ സ്ത്രീകൾ മരിക്കുന്നിടത്തോളവും രക്ഷിക്കണം. വ്യഭിചാരം മുതലായ ദോഷയുക്തകളായിട്ടുള്ള സ്ത്രീകളെ രക്ഷിപ്പാൻ ആവശ്യമില്ല.

Digitized By Kerala Sahitya Akademi

അന്യോദര്യസ്യ സംസൃഷ്ടീ നാന്യോദര്യധനം ഹരേൽ
അസംസൃഷ്ട്യപി ചാദദ്യാൽ സോദരോ നാന്യമാതൃജഃ.
[ഫ ഫ ൫ ഫ

സംസൃഷ്ടിനസ്യ സംസൃഷ്ടീ സോദര്യസ്യ തു സോദരഃ
ദദ്യാച്ചാപഹരേച്ചാംശം ജാതസ്യ ച മൃതസ്യ ച. ഫ ഫ ൫ ൬

സഹോദരന്മാർ മുതലായ ദായാദന്മാർ ഒരിക്കൽ വിഭാഗം ചെയ്തതിന്റെശേഷം മുൻപിലത്തെപ്പോലെ വസ്തുവക ഒന്നിച്ചു ചേത്ത് ഒന്നിച്ചുതന്നെ പാത്തുവരുമ്പോഠം അതിൽ ഒരുത്തൻ മരിച്ചുപോയാൽ ആയവന്റെ അംശത്തിനെ അവനോടുക്രടെപ്പുറന്ന ഭ്രാതാവു സംസൃഷ്ടി എങ്കിലും അസംസൃഷ്ടി എങ്കിലും മുൻപിൽ എടുക്കണം. ക്രടെപ്പുറന്നവനിരിക്കുമ്പോഠം സപത്നീമാതാവിന്റെ പുത്രനു വരികയില്ല. ക്രടെപ്പുറന്ന ഭ്രാതാവില്ലെങ്കിൽ സപത്നീമാതാവിന്റെ പുത്രന്മാക്ക് അവകാശംവരും. മരിച്ചുപോയവനോട് ഒന്നിച്ചുപാത്തുവന്നവനു മുൻപിലും അവനില്ലെങ്കിൽ വേറിട്ടു പാത്തുവരുന്ന സപത്നീപുത്രനും ഇപ്രകാരം ക്രമമായിട്ട് അവകാശംവരും. ഒന്നിച്ചു പാത്തുവരുമ്പോഠം ഒരുത്തനു പുത്രനുണ്ടായാൽ ആയവനു മേലെഴുതിയ ക്രമപ്രകാരം സഹോദരന്മാർ മുതലായവർ അവരവരുടെ വസ്തുവിൽ നിന്നും പകുത്തു കൊടുക്കണം.

വിഭക്തോ യഃ പുനഃ പിത്രാ ഭ്രാത്രാ വൈകത്ര സംസ്ഥിതഃ
പിതുര്വാണാഥവാ പ്രീത്യാ തസംസൃഷ്ടസ്യ ഉച്യതേ.
[ഫ ഫ ൫൯

ഒരിക്കൽ വിഭാഗംചെയ്തു പിന്നെ അച്ഛനോടെങ്കിലും ഭ്രാതാവോടെങ്കിലും പിതാവിന്റെ ഭ്രാതാവോടെങ്കിലും സ്നേഹം കൊണ്ടു വസ്തുവക ഒന്നിച്ചുചേത്തു സഹവാസം ഭക്ഷണം മുതലായതു ഒന്നിച്ച് ഒരുത്തൻ കഴിച്ചുവന്നുവെങ്കിൽ ആയവർ തമ്മിൽ സംസൃഷ്ടന്മാരെന്നും സംസൃഷ്ടികളെന്നും ചൊല്ലപ്പെട്ടും.

യാ തസ്യ ഭഗിനീ സാ തു തതോംഽശം ലബ്ധുമർഹതി
അനപത്യസ്യ ധർമ്മ്യമഭ്രാത്രുപിതൃകസ്യ ച. ഫ ഫ ൫ ൪

മേലെഴുതിയപ്രകാരമുള്ള സംസൃഷ്ടികളിൽ ഒരുത്തൻ മരിച്ചുപോയാൽ ആയവനു സന്തതിയും ഭ്രാതൃവും പിതാവും മാതാവും

Digitized By Kerala Sahitya Akademi

ഭ്രാതാവും ഇല്ലെങ്കിൽ അവന്റെ വസ്തുവിൽ സഹോദരിക്ക് അവകാശം വരും.

വിഭാഗധർമ്മസന്ദേഹേ ദായാദാനാം വിനിർണ്ണയഃ
ജ്ഞാതിഭിർഭാഗലേഖ്യേന പൃഥക്കാര്യപ്രവർത്തനാൽ. ഫ ഫ ഭ ഭ

ദായാദന്മാർ തമ്മിൽ വിഭാഗംചെയ്തു വസ്തുവക പകുത്ത് എടുത്തതിന്റെ ശേഷം അതിലൊരുത്തൻ ഞങ്ങൾക്കു വിഭാഗം കഴിഞ്ഞിട്ടില്ലെന്ന് എങ്കിലും, നേരാംവണ്ണം വിഭാഗം ചെയ്തിട്ടില്ലെന്ന് എങ്കിലും, സംശയിച്ചു വന്നാൽ അപ്പോഠം ജ്ഞാതികളാകുന്ന സാക്ഷികളെക്കൊണ്ടെങ്കിലും വിഭാഗലേഖ്യംകൊണ്ടെങ്കിലും അവരവർ വേറെ നടത്തിവരുന്ന ശ്രാദ്ധം മുതലായ പിതൃകാര്യ്യം വൈശ്വദേവം മുതലായ ദേവകാര്യ്യം ഇതു മുതലായതുകൊണ്ടെങ്കിലും വിഭാഗനിശ്ചയം വരുത്തണം.

സാക്ഷിതഃ പ്രാതിഭാവ്യാച്ച ദാനം ഗ്രഹണമേവ ച
വിഭക്താ ഭ്രാതരഃ കാര്യ്യാ/വിഭക്താഃ പരസ്പരം. ഫ ഫ ഭ സ

സാക്ഷിയായിരിക്കയും ജാമ്യമേല്ക്കയും ദാനപ്രതിഗ്രഹങ്ങൾ ചെയ്കയും ഉള്ളതു വിഭാഗം കഴിഞ്ഞിട്ടുള്ള ഭ്രാതാക്കന്മാർക്കു തമ്മിൽ ചെയ്യാം. വിഭാഗം കഴിഞ്ഞിട്ടില്ലെങ്കിൽ ഒരു ഭ്രാതാവിന്റെ കാര്യത്തിനു മറെറാരു ഭ്രാതാവു മേൽ പറഞ്ഞതിൽ ഒന്നും തമ്മിൽ ചെയ്യരുതു്.

ബൃഹസ്പതിഃ:—

പൃഥഗായവ്യയധനാഃ കുസീദഞ്ച പരസ്പരം
വണിക്പഥഞ്ച യേ കുര്യുർവിഭക്താസ്തേ ന സംശയഃ.

[ഫ ഫ ഭ ഒ

ഭ്രാതാക്കന്മാർ ലാഭം, ചിലവു മുതലായത് ഒക്കെയും അവരവർ വേറിട്ടു നടത്തുകയും തമ്മിൽ പലിശയ്ക്കു കടം കൊടുക്കയും വാങ്ങിക്കയും കച്ചവടം ചെയ്കയും ഇവ മുതലായതു വേറിട്ടു നടത്തുകയുംചെയ്യുവന്നാൽ അവരൊക്കെയും വിഭാഗം കഴിഞ്ഞിട്ടുള്ളവർ. അതിൽ സംശയമില്ല.

യേഷാമേതാഃ ക്രിയാ ലോകേ പ്രവർത്തന്തേ സപരിക്രിഷു
വിഭക്താനനപഗച്ഛേയുർലേഖ്യം വാപ്യന്തരേണ താൻ.

[ഫ ഫ ഭ വ

Digitized By Kerala Sahitya Akademi

മേലെഴുതിയ ക്രിയകളൊക്കയും ദായാദന്മാർ തമ്മിൽ വേറിട്ടു നടത്തി വരുന്നുവെങ്കിൽ ആ ക്രിയകൾ തന്നെ തമ്മിൽ വിഭാഗം ചെയ്തിട്ടുള്ളവരെന്ന ബോധത്തിനെ ജനിപ്പിക്കയും ചെയ്യും.

ബൃഹസ്പതിഃ:—

യേനാംശോ യാദൃശോ ഭുക്തസ്തസ്യ തന്ന വിചാരയേൽ;
സേച്ഛാകൃതവിഭാഗോ യഃ പുനരേവ വിസംവദേൽ
സ രാജ്ഞാംശേ സകേ സ്ഥാപ്യ ശാസനീയോ ഽനബന്ധതഃ.
[ഫ ഫ ൪൯

എല്ലാപേരും കൂടി സമ്മതപ്രകാരം വസ്തുവക വീതിച്ചു പകുത്ത് എടുത്ത് അനുഭവിച്ചു വരുമ്പോൾ അതിൽ ഒരുത്തൻ എനിക്കുള്ള അംശം നല്ലതല്ലെന്നു വിസംവാദംചെയ്തു വന്നുവെങ്കിൽ ആയവനെ ആയവന്റെ അംശത്തിൽ തന്നെ നിത്തിയും വച്ചു വിസംവാദത്തോടു വന്നതിനു പ്രായശ്ചിത്തം ചെയ്യിക്കണം.

ഇതി ദായവിഭാഗപ്രകരണം.

അഥ ദ്യൂതസമാഹ്വയപ്രകരണം.

നാരദഃ:—

അക്ഷവദ്ധ്രുശലാകാഭ്യൈർദേവനം ജിഹ്മകാരിതം
പണക്രീഡാ വയോഭിശ്ച പദം ദ്യൂതസമാഹ്വയം. ഫ ഫന്ന ൦

അക്ഷങ്ങളാകൊണ്ടും ചമ്മങ്ങളാകൊണ്ടും ചതുരശ്രമായിട്ടുണ്ടാക്കിയിരിക്കുന്ന വട്ടുകളാകൊണ്ടും ദന്തങ്ങളാകൊണ്ടും തമ്മിൽ പന്തയംവച്ചു ചൊക്കട്ടാൻ ചതുരംഗം മുതലായതു കളിക്കുന്നതും, ഇപ്രകാരം പക്ഷികളെക്കൊണ്ടും ആജങ്ങളെക്കൊണ്ടും തമ്മിൽ മുട്ടിക്കളിപ്പിക്കുന്നതും, ദ്യൂതസമാഹ്വയമെന്നു ചൊല്ലപ്പെട്ടും. ഇതു രണ്ടും വക്രഗതിയെ ജനിപ്പിക്കുന്നതെന്ന് അറിഞ്ഞു കൊള്ളണം.

ബൃഹസ്പതിഃ:—

അന്യോന്യം പരിഗൃഹ്ണന്തഃ പക്ഷിമേഷമൃഗാദയഃ
പ്രഹരന്തേ *കൃതപ്രാണാസ്തം വദന്തി സമാഹ്വയം. ഫ ഫന്ന ഫ

പക്ഷികൾ ആജങ്ങൾ മുതലായതിനെ പ്രാണനുള്ളതുവരയും മുട്ടിക്കളിപ്പിക്കുന്നതു സമാഹ്വയമെന്നു ചൊല്ലപ്പെട്ടും. ഇത

---

* 'കൃതപണാഃ' എന്നു പരാശരമാധവീയത്തിൽ. ആ പാഠം തന്നെ ശരി.

Digitized By Kerala Sahitya Akademi

ല്ലാതെയിരിക്കുന്ന മരംകൊണ്ടുണ്ടാക്കിയ ആന കുതിര മുതലായതു കൊണ്ടു കളിക്കുന്ന ചതുരംഗം മുതലായതു ദ്യൂതമെന്നു താൽപര്യം.

ദ്യൂതം സമാഹ്വയഞ്ചൈവ രാജാ രാഷ്ട്രാന്നിവാരയേൽ;
രാജ്യസ്യാന്തകരാവേതൌ ദ്വൌ ദോഷൌ പൃഥിവീക്ഷിതാം.

[ഫ ഫന്നെ

മേലെഴുതിയ ദ്യൂതവും സമാഹ്വയവും രാജ്യത്തിനു ഹാനികരമായിട്ടുള്ളതു്. എന്നതുകൊണ്ടു മേലെഴുതിയ മണ്ടിനേയും രാജ്യത്തിൽ നടത്തിക്കരുതു്. രഹസ്യമായിട്ടു നടത്തിവരുന്നുവെങ്കിൽ ആയതും നിറുത്തണം. ഇതു രണ്ടും രാജാക്കന്മാക്ക് എത്രയും ദോഷകരമായിട്ടുള്ളതു്.

ദ്യൂതം സമാഹ്വയഞ്ചൈവ യഃ കുര്യാദ്രാജ്യശ്ച കാരയേൽ
താൻ സർവ്വാൻ ഘാതയേദ്രാജാ ശൂദ്രാംശ്ച ദ്വിജലിംഗിനഃ.

[ഫ ഫന്നമ

ദ്യൂതത്തേയും സമാഹ്വയത്തേയും യാതൊരുത്തൻ ചെയ്കയെങ്കിലും ചെയ്യിപ്പിക്കയെങ്കിലും ചെയ്താൽ ആയവനേയും വല്ലെടത്തും ചെന്നു ഭക്ഷിക്കുന്നതിനായിട്ടു പൂണൂലുമിട്ടു ബ്രാഹ്മണവേഷം ധരിച്ചു നടക്കുന്ന ശൂദ്രനേയും രാജാവു ഹിംസിക്കണം.

കാത്യായനഃ:—

വർത്തതേ ചേൽ പ്രകാശന്തദ്വ്യാരബന്ധിതതോരണം
അസമ്മോഹാർത്ഥമാജ്ഞാം കാരയേത്തൽ കരപ്രദം.

[ഫ ഫന്നർ

ശൂദ്രന്മാരായിട്ടുള്ളവക്കു മോഹം ജനിപ്പിക്കാതെ പ്രകാശമായിട്ടു തടസ്ഥന്മാരു നിശ്ചയിച്ചു രാജാവിനും അതിൽ വരുന്ന ദ്രവ്യത്തിൽ ഇത്ര കൊടുക്കാമെന്നു രാജദ്വാരത്തിങ്കൽ പത്രം എഴുതി കെട്ടി തിട്ടംവരുത്തി ദ്യൂതസമാഹ്വയം ചെയ്യുവെങ്കിൽ ആയതു രാജാവു നടത്തിക്കയും വേണം.

യാജ്ഞവല്ക്യഃ:—

ശ്ലാഘേ ശതികവൃദ്ധോസ്ത്ര സഭികഃ പഞ്ചകം ശതം
ഗൃഹ്ണീയാദ്ധൂർത്തകിതവാദിതരാദ്ദശകം ശതം. ഫ ഫന്നഒ

ദ്യൂതസമാഹ്വയത്തിൽ ജയം വന്നവൻ അപജയപ്പെട്ടവൻ ഇത്ര ദ്രവ്യം കൊടുക്കണമെന്നും ആയതിനു തടസ്ഥനായിട്ടുള്ള

Digitized By Kerala Sahitya Akademi

ഇന്നസഭ്യൻ ചൂമതലയായിട്ടുള്ളവനെന്നും പന്തയം വച്ചു പ്രതിജ്ഞചെയ്തു കളിച്ചവരുമ്പോൾ നൂറു പണത്തിനുമേൽ ജയിച്ചവനു കിട്ടിയാൽ അപ്പോൾ നൂറിന് അഞ്ചു പണം വീതവും നൂറിന് അമ്പതിനുമെങ്കിൽ നൂറിനു പത്തുപണം വീതവും ക്രൂടിയിരുന്ന കളിപ്പിക്കുന്ന സഭ്യനു ജയിച്ചവൻ കൊടുക്കണം. ഇപ്രകാരം ക്രീഡിക്കുന്നതിനു വേണ്ടുന്ന ഉപകരണങ്ങളും സഭയ്ക്ക് ഉണ്ടാക്കിവച്ച് അതിൽ ശീലമുള്ളവനെ സഭ്യനായിട്ട് ആക്കണമെന്നു താൽപര്യം.

കാത്യായനഃ—

ജേതുർദ്രവ്യാൽ സപകം ദ്രവ്യം ജിതം ഗ്രാഹ്യം തിപക്ഷതഃ
സദ്യോ വാ സഭികേനൈവ കിതവാത്തു ന സംശയഃ.

[ഫ ഫന്നുന

മേലെഴുതിയ സഭ്യൻ അപജയപ്പെട്ടവനെക്കൊണ്ടു ജയിച്ചവനു പ്രതിജ്ഞ ചെയ്തിട്ടുള്ള ദ്രവ്യത്തിനെ കൊടുപ്പിച്ച് ആ ദ്രവ്യത്തിൽനിന്നും തനിക്കു വരുവാനുള്ളതു് ഉടൻതന്നെ എങ്കിലും നാല്പത്തഞ്ചു ദിവസത്തിനകമെങ്കിലും വാങ്ങിക്കൊള്ളണം.

സഭികഃ കാരയേദ്ദ്യൂതം ദേയം ദദ്യാച്ച തദ്ധനം
പ്രാപ്നേ നൃപതിഭാഗേ തു പ്രസിദ്ധേ ധൂർത്തമണ്ഡലേ
ജിതം സസഭികസ്ഥാനേ ദാപയേദന്യഥാ ന തൽ.

[ഫ ഫന്നുഒ

മേലെഴുതിയ സഭ്യൻ ക്രൂടിയിരുന്ന ദ്യൂതത്തിന് ഒരു തക്കം വരാതെ ചെയ്യിക്കണം. അതിൽ അപജയം വന്നവനോടു മുൻപിൽ പ്രതിജ്ഞചെയ്തിട്ടുള്ള ദ്രവ്യത്തിനെ വാങ്ങിച്ചു ജയിച്ചവനു കൊടുക്കണം. രാജാവിനു പറഞ്ഞിരുന്നതിൻവണ്ണം ഉള്ള ഭാഗം കൊടുക്കണം. ഇപ്രകാരം രാജാവിനേയും ബോധിപ്പിച്ചു രാജഭാഗവും കൊടുത്തു പ്രസിദ്ധമായി നടത്തിവരുന്ന ദ്യൂതത്തിൽ അപജയം വന്നാൽ ജയിച്ചവനു കൊടുപ്പാനുള്ള ദ്രവ്യം കൊടുത്തില്ലെങ്കിൽ രാജാവു കൊടുപ്പിക്കണം. രഹസ്യമായിട്ടു ചെയ്തുവരുന്ന ദ്യൂതത്തിൽ കൊടുപ്പിപ്പാൻ ആവശ്യമില്ല.

യാജ്ഞവല്ക്യഃ—

ദ്രഷ്ടാരോ വ്യവഹാരാണാം സാക്ഷിണശ്ച തഥൈവ ഹി
രാജ്ഞാ സചിഹ്നാ നിവാസ്യാഃ ക്രൂടാക്ഷാഃ പഥി ദേവിനഃ.

[ഫ ഫന്നുവ

Digitized By Kerala Sahitya Akademi

ദ്യൂതവ്യവഹാരത്തിൽ മധ്യസ്ഥരായിരുന്ന നോക്കിവരുന്ന സഭ്യന്മാർതന്നെ അതിൽ ഒരു തക്കം വന്നാൽ സാക്ഷികളായിട്ടു ഭവിക്കും. വ്യാജങ്ങളായിട്ടുള്ള അക്ഷങ്ങൾകൊണ്ടു വഴിവെയ്ത്തിലിരുന്ന കൃത്രിമമായിട്ടു കളിച്ചുവരുന്നവരെ തലയും ചിരുപ്പിച്ചു രാജ്യത്തിനു പുറത്തു കളയണം.

ക്രുടാക്ഷദേവിനഃ പാപാൻ രാജാ രാഷ്ട്രാദിവാസയേൽ
കണ്ടൂക്ഷമാലാമാസജ്യ സ ഹ്യേഷാം വിനയഃ സ്മൃതഃ.
ഏഷ ഏവ വിധിർജ്ഞേയഃ പ്രാണിദ്യൂതേ സമാഹ്വയേ.

[ഫ ഫന്നൻ

വ്യാജങ്ങളായിട്ടുള്ള അക്ഷങ്ങൾകൊണ്ടു കളിച്ചുവരുന്നവരുടെ കണ്ടത്തിൽ കളിക്കുന്ന അക്ഷങ്ങളെ നൂലിൽകോർത്തു ധരിപ്പിച്ചു പ്രസിദ്ധപ്പെടുത്തി രാജ്യത്തിനു പുറത്തു കളയണം. പ്രാണികളെ തമ്മിൽ കളിപ്പിക്കുന്ന സമാഹ്വയത്തിലും മേലെഴുതിയ പ്രകാരമത്രേ വിധി.

ഇതി ദ്യൂതസമാഹ്വയപ്രകരണം.

അഥ പ്രകീർണ്ണകപ്രകരണം.

നാരദഃ:—

പ്രകീർണ്ണകേ പുനർജ്ഞേയാ വ്യവഹാരാ ദ്വപാശ്രയാഃ
രാജ്ഞാമാജ്ഞാപ്രതിഘാതസ്തൽകർമ്മകരണം തഥാ ഫ ൬

പുനഃ പ്രമാണസംഭേദം പ്രകൃതീനാന്തഥൈവ ച
പാഷണ്ഡനൈഗമശ്രേണിഗണധർമ്മവിപര്യ്യയാഃ ഫ ഫ ൭

പിതൃപുത്രവിവാദശ്ച പ്രായശ്ചിത്തവ്യതിക്രമഃ.
പ്രതിഗ്രഹവിലോപശ്ച ലോപശ്ചാശ്രമിണാമപി ഫ ഫ ൮

വർണ്ണസങ്കരദോഷശ്ച തദ്വൃത്തിനിയമസ്തഥാ
ന ദുഷ്ടം യച്ച പൂർവ്വേഷു സർവ്വം തൽ വ്യവഹാരപ്രകീർണ്ണകം.

[ഫ ഫ ൯

ഈ പദത്തിലുള്ള വ്യവഹാരങ്ങളൊക്കയും രാജാശ്രിതമായിട്ടുള്ളതാകകൊണ്ട് ഒരുത്തൻ ആവലാതിക്കു വന്നില്ലെങ്കിലും രാജാവുതന്നെ അന്വേഷിച്ചു വിചാരിപ്പാനുള്ളതെന്നു് അറിഞ്ഞു

Digitized By Kerala Sahitya Akademi

കൊള്ളണം. ആയത് എന്തെന്നാൽ രാജാവിന്റെ ആജ്ഞാലംഘനം ചെയ്യുന്നതും രാജാവിനു സമമായിട്ടു സിംഹാസനം മുതലായതിൽ കേറിയിരിക്കുന്നതും രാജശാസനമായിട്ടു ലേഖ്യം എഴുതുന്നതും പുരപ്രാസാദങ്ങളെ ഇടിക്കുന്നതും സേനാംഗങ്ങളായിട്ടുള്ള പ്രകൃതികളെ നശിപ്പിക്കുന്നതും മതഭേദംവരുത്തി നടക്കുന്നതും വർണ്ണസങ്കരം ഹേതുവായിട്ടുള്ള വ്യഭിചാരം മുതലായ ദോഷങ്ങളും ഇപ്രകാരമുള്ളതും ജ്ഞാദാനം മുതലായ പദങ്ങളിൽ ചൊല്ലാതെയിരിക്കുന്നതും ഒക്കയും പ്രകീർണ്ണകമെന്നു ചൊല്ലപ്പെട്ടും. ഈ വ്യവഹാരങ്ങളൊക്കയും രാജാവു് അന്വേഷിച്ചു വിചാരിക്കണം.

കാത്യായനഃ—

രാജധർമ്മാംശ്ച ദണ്ഡാംശ്ച സന്ദിശ്യാനാം വിശേഷണം
പ്രാഗുക്തം തസ്യ ശേഷാംശ്ച വക്ഷ്യാമീഹ പ്രകീർണ്ണകേ.

[ഫ ഫ ൬ ർ

രാജാവു രാജ്യത്തിൽ നടത്തിവരേണ്ടുന്ന ധർമ്മങ്ങളേയും ദണ്ഡങ്ങളേയും ഇതിനുമുൻപിൽ ഉള്ള പദങ്ങളിൽ സന്ദിശ്യമായിട്ടുള്ളതിന്റെ വിഷയത്തേയും അതിൽ ചൊല്ലാതെ വിട്ടപോയതിനേയും ഈ പ്രകീർണ്ണകപദത്തിൽ ചൊല്ലുന്നു.

നാരദഃ—

രാജാ തു വിധിതസ്സുവ്വാനാശ്രമാൻ പരിപാലയേൽ
ഉപായൈശ്ശാസ്ത്രവിഹിതൈശ്ചതുർഭിഃ പ്രകൃതൈസ്സഹാ

[ഫ ഫ ൭ ൫

രാജാവു ബ്രാഹ്മണൻ ക്ഷത്രിയൻ മുതലായവരുടെ എല്ലാ ജാതിധർമ്മങ്ങളെയും വിധിപ്രകാരമായിട്ടു ശാസ്ത്രത്തിൽ ചൊല്ലിയിരിക്കുന്ന സാമദാനഭേദദണ്ഡങ്ങളെന്നു ചൊല്ലപ്പെടുന്ന നാലുപായങ്ങളെക്കൊണ്ടു പരിപാലിച്ചുവരണം.

രാജമൂലമിദം രാഷ്ട്രം ബ്രഹ്മക്ഷത്രപുരോഗമം
സ്ഥിതേ രാജനി ധർമ്മേ തു ദുരാചാരം ന കുർവ്വതേ. ഫ ഫ ൭ ന്യ

രാജാവു മൂലമായിട്ടുള്ള രാജ്യം ബ്രാഹ്മണക്ഷത്രിയരുടെ ധർമ്മംകൊണ്ടു വർദ്ധിച്ചുവരുന്നതാകകൊണ്ടു രാജാവു തന്റെ ധർമ്മത്തിൽ തന്നെയിരുന്നുവെങ്കിൽ ആരുംതന്നെ ദുരാചാരം ചെയ്കയില്ല.

Digitized By Kerala Sahitya Akademi

പിതാമഹഃ:—

പഞ്ച രൂപാണി രാജാനോ ധാരയന്തി മഹൗജസഃ
അഗ്നേരിന്ദ്രസ്യ സോമസ്യ യമസ്യ ധനദസ്യ ച. ൧൫൬

വലുതായിട്ടുള്ള പ്രതാപത്തോടുകൂടിയിരിക്കുന്ന രാജാക്കന്മാർ അഗ്നിയുടേയും ഇന്ദ്രന്റേയും ചന്ദ്രന്റേയും യമന്റേയും കുബേരന്റേയും ഇപ്രകാരം അഞ്ചു രൂപങ്ങളെ ധരിക്കുന്നു.

അകാരണാന്നിമത്താദ്വാ യദാ ക്രോധവശം ഗതഃ
പ്രജാന്ദഹതി ഭൂപാലസ്തദാഗ്നിരഭിധീയതേ. ൧൫൭

രാജാവ് അകാരണത്തിൽ എങ്കിലും ഒരുകാരണം ഉണ്ടായിരിക്കുമ്പോൾ എങ്കിലും ക്രോധത്തെ പ്രാപിച്ചു പ്രജകളെ എപ്പോൾ സന്തപിപ്പിക്കുന്നോ എന്നാൽ അപ്പോൾ അഗ്നിസ്വരൂപനെന്നു ചൊല്ലപ്പെട്ടും.

യദാ തേജസ്സമാലംബ്യ വിജിഗീഷുരുദായുധഃ
അഭിയാതി പരാൻ രാജാ തദേന്ദ്രസ്സമുദാഹൃതഃ. ൧൫൮

രാജാവു പരാക്രമത്തെ അവലംബിച്ച് ആയുധപാണിയായിരുന്നുംകൊണ്ടു ശത്രുക്കളെ ജയിപ്പാൻ പോകുമ്പോൾ ഇന്ദ്രസ്വരൂപനെന്നു ചൊല്ലപ്പെട്ടും

വിഗതക്രോധസന്താപോ ഹൃഷ്ടപുഷ്ടോദയോ നൃപഃ
പ്രജാനാം ദർശനം യാതി സോമ ഇത്യുച്യതേ തദാ. ൧൫൯

രാജാവു ക്രോധതാപങ്ങളെവിട്ടു സന്തുഷ്ടനായും പുഷ്ടിയോടുകൂടിയവനായും ഇരുന്നുംകൊണ്ടു പ്രജകൾക്കു ദൃഷ്ടിവിഷയനാകുമ്പോൾ ചന്ദ്രസ്വരൂപനെന്നു ചൊല്ലപ്പെട്ടും.

ധർമ്മാസനഗതഃ ശ്രീമാൻ ദണ്ഡം ധത്തേ യദാ നൃപഃ
സമസ്സർവ്വേഷു ഭൂതേഷു തദാ വൈവസ്വതോ യമഃ. ൧൬൦

ശ്രീമാനായിട്ടുള്ള രാജാവു ന്യായസഭയിൽ ധർമ്മാസനത്തിൽ വന്നിരുന്നുംകൊണ്ടു സകല പ്രാണികളിടത്തിലും സമബുദ്ധിയായിട്ടു വിചാരിച്ചു ദുഷ്ടന്മാരുടെ ദണ്ഡത്തെ ചെയ്യുവരുമ്പോൾ യമസ്വരൂപനെന്നു ചൊല്ലപ്പെട്ടും.

യദാതിഥിർഗുരുപ്രാജ്ഞജ്ഞാത്യാദീനവനീപതിഃ
ആനൃഹ്ണ്യാതി ദാനേന തദാസൌ ധനദഃ സ്മൃതഃ.
[൧൬൧

Digitized By Kerala Sahitya Akademi

രാജാവ് അതിഥിജനങ്ങളേയും ഗുരുജനങ്ങളേയും വിദ്വാന്മാരേയും ജ്ഞാതിമുതലായ ജനങ്ങളേയും ദാനസമ്മാനങ്ങൾ കൊണ്ടു സൽകരിച്ചുവരുമ്പോൾ കുബേരസ്വരൂപനെന്നു ചൊല്ലപ്പെടും.

തസ്മാത്തം നാവജാനീയാന്നാതിക്രാമേദ്വിശേഷതഃ
ആജ്ഞായാഞ്ചാസ്യ തിഷ്ഠേത ദോഷസ്സ്യാത്തദ്വ്യതിക്രമേ.

[ഫ്ഫ വ്യന.

മേലെഴുതിയപ്രകാരമുള്ള അഞ്ചു രൂപങ്ങളേയും രാജാവു ധരിക്കുന്നതാകകൊണ്ട് ആ രാജാവിനെ മറെറാരുത്തൻ അവമാനിക്കുകയും ലംഘിക്കുകയും അരുത്. രാജാജ്ഞയിൽ തന്നെയിരിക്കണം. ആജ്ഞാലംഘനംചെയ്താൽ ദോഷം വരും.

യമഃ:—

യൽകിഞ്ചിൽ കുരുതേ രാജാ ശുഭം വാ യദി വാ/ശുഭം
ഭൃത്യാസ്തദനുകുർവ്വന്തി നത്തക്യോ നത്തകം യഥാ. ഫ ഫ വ്യ ർ

രാജാവു ശുഭമായിട്ടെങ്കിലും അശുഭമായിട്ടെങ്കിലും ഒന്നു ചെയ്താൽ ആയതു ഭൃത്യന്മാർ, നത്തനംചെയ്യുന്നസ്ത്രീകൾ നത്തനം ചെയ്യുന്ന പുരുഷനെ എന്നപോലെ, അനുസരിക്കണം

ഗൌതമഃ:—

വർണ്ണാനാശ്രമാംശ്ച ന്യായതോ/ഭിരക്ഷേ,ച്ചലതശ്ചൈനാൻ
സ്വധർമ്മേ സ്ഥാപയേൽ, ധർമ്മസ്യ ഹ്യംശഭാഗ് ഭവതീതി
വിജ്ഞായതേ.

വസിഷ്ഠഃ:—

ത്രയോ വർണ്ണാ ബ്രാഹ്മണസ്യ നിർദ്ദേശ വർത്തരൻ;
ബ്രാഹ്മണോ ധർമ്മാൻ ബ്രൂയാൽ; രാജാ ചാനുശിഷ്യാൽ.

രാജാവു ബ്രാഹ്മണർ ക്ഷത്രിയർ മുതലായ ജാതികളേയും ജാത്യാശ്രമധർമ്മങ്ങളേയും ന്യായമായിട്ടു രക്ഷിച്ചുവരണം. ജനങ്ങൾ മേലെഴുതിയ ധർമ്മങ്ങളിൽനിന്നും ചലിച്ചുവെങ്കിൽ ആയവരെ അവരവരുടെ ധർമ്മത്തിലാക്കണം. ഇപ്രകാരം ചെയ്താൽ രാജാവ് അവരുടെ ധർമ്മത്തിൽ അംശഭാക്കായിട്ടു ഭവിക്കും. ക്ഷത്രിയൻ മുതലായ മൂന്നു വർണ്ണങ്ങളും ബ്രാഹ്മണന്റെ ചൊല്ലിൽ നില്ക്കണം. ബ്രാഹ്മണൻ ക്ഷത്രിയൻ മുതലായവർക്കു ധർമ്മങ്ങളെ ചൊല്ലണം. രാജാവു ശാസിക്കണം.

Digitized By Kerala Sahitya Akademi

മന്വഃ:—

ഗുരുരാത്മവതാം ശാസ്താ ശാസ്താ രാജാ ദുരാത്മനാം
ഇഹ പ്രച്ഛന്നപാപാനാം ശാസ്താ വൈവസ്വതോ യമഃ

[ഫ ഫ വ്യ ൫

ഹരിഃ:—

ഗുരുഭിര്യേ ന ശാസ്യന്തേ രാജഭാ വാ ഗൃഡകില്ബിഷാഃ
തേ നരാ യമദണ്ഡേന ശാസ്യാ യാന്ത്യധമാം ഗതിം. ഫ ഫ വ്യ ന്യ

വേദശാസ്ത്രങ്ങളം അഭ്യസിച്ച നല്ല ജ്ഞാനികളായിരിക്കുന്നവർ ഒരു ദോഷംചെയ്തുവെങ്കിൽ അവരെ ശാസിക്കുന്നത് അവരുടെ ഗുരുജനം. ദുരാത്മാവായിരിക്കുന്നവരെ ശാസിക്കുന്നതു രാജാവ്. ഇവർ രണ്ടുപേരേയും അറിയിക്കാതെ മറച്ചുവച്ചു പാപങ്ങളെ ചെയ്താൽ ആയവരെ യമൻ ദണ്ഡിക്കണം.

യാജ്ഞവല്ക്യഃ:—

ജ്ഞാതപാപരാധം ദോഷം ച കാലം ബലമഥാപി വാ
വയഃ കർമ്മ ച വിത്തം ച ദണ്ഡം ദണ്ഡ്യേഷു പാതയേൽ.

[ഫ ഫ വ്യ ൬

ഒരു കുറ്റംചെയ്തവനെ .അവൻചെയ്ത കുറ്റത്തേയും ദോഷത്തേയും കാലത്തേയും അവന്റെ വയസ്സിനേയും .ദ്രവ്യത്തേയും മറ്റും വിചാരിച്ചറിഞ്ഞ് അവസ്ഥക്കു തക്കവണ്ണം ദണ്ഡിക്കണം.

മന്വഃ:—

പിതാഽചാര്യസ്സുഹന്മാതാ ഭാര്യാ പുത്രഃ പുരോഹിതഃ
നാദണ്ഡ്യോ നാമ രാജ്ഞോഽസ്തി യസ്സ്വധർമ്മേ ന തിഷ്ഠതി.

[ഫ ഫ വ്യ വ

പിതാവെങ്കിലും ഗുരുവെങ്കിലും ഇഷ്ടജനമെങ്കിലും മാതാവു ഭാര്യ പുത്രൻ പുരോഹിതൻ ഇവർ ആരെങ്കിലും അവരവരുടെ ധർമ്മത്തിലിരിക്കാതെ ലംഘിച്ചു നടന്നുവെങ്കിൽ ആയവരെ രാജാവു ദണ്ഡിക്കയും ആം. അദണ്ഡ്യനായിട്ട് ആരും തന്നെയില്ല.

ശംഖഃ:—

അദണ്ഡ്യൗ മാതാപിതരൌ സ്നാതകപുരോഹിതൌ
പരിവ്രാജകവാനപ്രസ്ഥൗ ജന്മകർമ്മശ്രുതശീലാചാര-
വന്തശ്ച യേ ച ധർമ്മവൃദ്ധികരാ രാജ്ഞാ സ്ത്രീബാലവൃദ്ധാ-
സ്തപസ്വിനസ്തേഭ്യഃ ക്രോധം നിയച്ഛേൽ.

Digitized By Kerala Sahitya Akademi

മാതാപിതാക്കന്മാരേയും പുത്രമനുഷ്യിച്ചു വരുന്നവരേയും പുരോഹിതൻ സന്യാസി വാനപ്രസ്ഥൻ ഇവരേയും വേദശാസ്ത്ര സമ്പന്നരായും നല്ല ശീലാചാരങ്ങളോടുകൂടിയവരായും ഇരിക്കുന്നവരേയും രാജാവു ക്രോധംകൊണ്ടു ദണ്ഡിക്കരുത്. ഇവരൊക്കയും രാജാവിനു ധർമ്മവൃദ്ധി ഉണ്ടാക്കുന്നവർ. ഇപ്രകാരം സ്ത്രീകൾ ബാലന്മാർ വൃദ്ധന്മാർ തപസ്വികൾ ഇവരോടും ക്രോധം കാണിക്കരുത്.

ബൃഹസ്പതിഃ—

ഗുരുൻ പുരോഹിതാംശ്ചൈവ വാഗ്ദണ്ഡേനൈവ ദണ്ഡയേൽ
വിവാദിനോ നരാംശ്ചാന്യാൻ ദോഷിണോഽർത്ഥേശ്ച ദണ്ഡ-
[യേൽ;
മഹാപാതകയുക്താംശ്ച വധദണ്ഡേന ദണ്ഡയേൽ. ഫ ഫ വ്യ൯

ഗുരുജനങ്ങളേയും പുരോഹിതന്മാരേയും വാഗ്ദണ്ഡത്താൽ തന്നെ ദണ്ഡിക്കണം വ്യവഹാരത്തിൽ ദോഷികളായിട്ടു ഭവിക്കുന്ന ജനങ്ങളെ വാഗ്ദണ്ഡത്താലും അർത്ഥദണ്ഡത്താലും ദണ്ഡിക്കണം. സ്വർണ്ണസ്തേയം മുതലായ മഹാപാതകങ്ങൾചെയ്തവരെ അവസ്ഥപോലെ വധദണ്ഡത്താൽ ദണ്ഡിക്കണം.

ബൃഹസ്പതിഃ—

വാഗ്ദിഗ്ദനം വധശ്ചൈവ ചതുർദ്ധാ കല്പിതോ ദമഃ.

മനുഃ—

വാഗ്ദണ്ഡം പ്രഥമം കുര്യ്യാൽ ധിഗ്ദണ്ഡം തദനന്തരം
തൃതീയം ധനദണ്ഡന്തു വധദണ്ഡമതഃ പരം. ഫ ഫ൯ ൦

വാഗ്ദണ്ഡമെന്നും ധിഗ്ദണ്ഡമെന്നും അർത്ഥദണ്ഡമെന്നും വധദണ്ഡമെന്നും ഇപ്രകാരം ദണ്ഡം നാലുവിധം. അതിൽ മുൻപിൽ വാഗ്ദണ്ഡത്തേയും രണ്ടാമതു ധിഗ്ദണ്ഡത്തേയും മൂന്നാമത് അർത്ഥദണ്ഡത്തേയും നാലാമതു വധദണ്ഡത്തേയും പ്രയോഗിക്കണം.

യാജ്ഞവല്ക്യഃ—

വാഗ്ദണ്ഡസ്തഥാ ധിഗ്ദണ്ഡോ ധനദണ്ഡോ വധസ്തഥാ
യോജ്യോ വ്യസ്താസ്സമസ്താ വാ അപരാധവശാദിമേ. ഫ ഫ൯ ഫ

മേലെഴുതിയ നാലു ദണ്ഡങ്ങളേയും അവനവൻ ചെയ്തിരിക്കുന്ന കുറ്റത്തിനു തക്കവണ്ണം നാലുദണ്ഡത്തെ എങ്കിലും ഒരു ദണ്ഡത്തെത്തന്നെ എങ്കിലും പ്രയോഗിക്കണം.

Digitized By Kerala Sahitya Akademi

മനുഃ:—

ദശ സ്ഥാനാനി ദണ്ഡസ്യ മനുസ്സ്മൃായംഭുവോ/ബ്രുവീൽ
ത്രിഷു വർണ്ണേഷു താനി സ്യുരക്ഷതോ ബ്രാഹ്മണോ വ്രജേൽ.

[ഫ ഫൻ൨

ഉപസ്ഥമുദരം ജിഹ്വാ ഹസ്തൌ പാദൌ ച പഞ്ചമഃ
ചക്ഷുർനാസാ ച കർണ്ണൌ ച ധനന്ദേഹസ്തഥൈവ ച
ലഘ്വാടാങ്കോ ബ്രാഹ്മണസ്യ നാന്യോ ദണ്ഡോ വിധീയതേ.

[ഫ ഫൻ൩

ദണ്ഡിക്കുന്നതിനു സ്ഥാനങ്ങൾ പത്ത്. ആ ദണ്ഡങ്ങളെ ക്ഷത്രിയർ മുതലായവരിൽ പ്രയോഗിക്കണം. ബ്രാഹ്മണനേ വ്രണപ്പെടുത്താതെ തള്ളിക്കളയണം. ആ സ്ഥാനങ്ങൾ പത്തും എന്തെന്നാൽ—ഉപസ്ഥം, ഉദരം, ജിഹ്വ, ഹസ്തങ്ങൾ, പാദങ്ങൾ, നേത്രങ്ങൾ, നാസിക, കർണ്ണങ്ങൾ, ധനം, ദേഹം, ഇപ്രകാരം പത്ത്. ബ്രാഹ്മണനേ നെറ്റിയിൽ അടയാളംവച്ചു തള്ളിക്കളയണം. വേറിട്ട് അംഗച്ഛേദം മുതലായ ദണ്ഡം ചെയ്യരുത്.

യമഃ:—

ജഗത്സർവ്വമിദം ഹന്യാൽ ബ്രാഹ്മണസ്യ വധേ കൃതേ
തസ്മാത്തസ്യ വധം രാജാ മനസാപി ന ചിന്തയേൽ.

[ഫ ഫൻ൪

ഹാരീതഃ:—

ന തുംഗഭേദം വിപ്രസ്യ പ്രവദന്തി മനീഷിണഃ
തപസാ ചേജ്യയാ ചൈവ ബ്രാഹ്മണഃ പൂജ്യതേ സദാ.

[ഫ ഫൻ൭

മനുഃ:—

ന ബ്രാഹ്മണവധാദ്ഭ്രയാനധർമ്മോ വിദ്യതേ കചിൽ.

ബൃഹസ്പതിഃ:—

മഹാപാതകയുക്തോ/പി ന വിപ്രോ വധമർഹതി
നിർവ്വാസനാങ്കിതം കൃത്വാന്മൌണ്ഡ്യം തസ്യ നരാധിപഃ.

[ഫ ഫൻ൯

ബ്രാഹ്മണന് ഒരു കോപം ഉണ്ടായാൽ അപ്പോൾ മാഹാത്മ്യംകൊണ്ടു ലോകത്തിനേ ഒക്കയും ഹനിക്കും. എന്നതുകൊണ്ടു ബ്രാഹ്മണന്റെ വധത്തെയെങ്കിലും അംഗച്ഛേദത്തെയെങ്കിലും

Digitized By Kerala Sahitya Akademi

മനസ്സുകൊണ്ടു ചിന്തിക്കരുത്. ബ്രാഹ്മണൻ തപസ്സുകൊണ്ടും യാഗാദിക്രിയകൊണ്ടും എല്ലാവക്കും പൂജ്യനായിട്ടുള്ളവൻ. മഹാപാതകം മുതലായിട്ടുള്ള ദോഷങ്ങളെ ചെയ്യുവെങ്കിലും ബ്രാഹ്മണനെ വധിക്കരുതു്. നെറ്റി മുതലായതിൽ അടയാളമുദ്രയും തല മുണ്ഡനവുംചെയ്തു രാജ്യത്തിനു പുറത്തു കളയണം. ഇതു തന്നെ ബ്രാഹ്മണനു വധദണ്ഡത്തിനു സമമായിട്ടുള്ള ദണ്ഡം.

ബ്രഹ്മഹാ ച സുരാപശ്ച തസ്കരോ ഗുരുതല്പഗഃ
ഏതേ സർവേ പൃഥക് ജ്ഞേയാ മഹാപാതകിനോ നരാഃ.

[ഫ ഫൻ ൭

ചതുർണ്ണാമപി ചൈതേഷാം പ്രായശ്ചിത്തമകുർവതാം
ശരീരധനസംയുക്തം ദണ്ഡം ധർമ്മ്യം പ്രകല്പയേൽ. ഫ ഫൻ വ്യ

ബ്രഹ്മഹത്തി സുരാപാനം സ്വർണ്ണസ്തേയം ഗുരുസ്ത്രീഗമനം ഇപ്രകാരം ചെയ്യുന്നവർ നാലുപേരും മഹാപാതകികൾ എന്നു ചൊല്ലപ്പെട്ടു. അവരവർചെയ്ത ദോഷത്തിനു തക്കവണ്ണം പ്രായശ്ചിത്തംചെയ്തു ശുദ്ധിവരുത്തിയില്ലെങ്കിൽ ആയവക്കു ശരീരദണ്ഡം അർത്ഥദണ്ഡം മുതലായത് അവരുടെ വയസ്സിനേയും ദ്രവ്യത്തേയും വിചാരിച്ചറിഞ്ഞ് അവസ്ഥയ്ക്കു തക്കവണ്ണം ധർമ്മന്യായപ്രകാരം കല്പിക്കണം.

ഗുരുതല്പേ ഭഗഃ കാര്യഃ സുരാപാനേ സുരാധ്വജഃ
സ്തേയേ തു ശുനപദം കാര്യം ബ്രഹ്മഹണ്യശിരാഃ പുമാൻ.

[ഫ ഫൻ ൯

ഗുരുസ്ത്രീഗമനം ചെയ്തവനു ഭഗമുദ്രയും സുരാപാനം ചെയ്തവനു ധ്വജമുദ്രയും സ്വർണ്ണസ്തേയം ചെയ്തവനു ശുനകമുദ്രയും ബ്രഹ്മഹത്തിചെയ്തവനു ശിരസ്സുകൂടാതെ ഉടൽമാത്രമുള്ള കബന്ധമുദ്രയും ഇപ്രകാരം അതതുദോഷത്തിനു തക്കവണ്ണം അടയാളമുദ്രവയ്ക്കണം

അസംഭോജ്യാ ഹ്യസംയോജ്യാസ്ത്വസംഭാഷ്യാ/വിവാഹിനഃ
ചരേയുഃ പൃഥിവീം ഹീനാസ്സ്വധർമ്മബഹിഷ്കൃതാഃ.

[ഫ൨ ൦ ൦

ജ്ഞാതിസംബന്ധിഭിസ്ത്യക്തേ തകർത്തവ്യാഃ കൃതലക്ഷണാഃ
നിർണ്ണയാ നിർമ്മമസ്കാരാഃസ്യു മനോരനുശാസനം. ഫ൨ ൦ ഫ

മേലെഴുതിയപ്രകാരമുള്ള ദോഷംചെയ്തു് അടയാളമുദ്ര വയ്ക്കപ്പെട്ടവർ എല്ലാവരോടുംകൂടിയിരുന്നു ഭക്ഷിപ്പാനും സംസാരി

Digitized By Kerala Sahitya Akademi

പ്പാനും വിവാഹം മുതലായ ക്രിയ ചെയ്യാനും അഹ്തയില്ലാത്ത വരാകകൊണ്ടു സകലധർമ്മങ്ങളിൽനിന്നും ബഹിഷ്കൃതരാക്കി ജ്ഞാതിബന്ധുജനങ്ങളും അവരെ നീക്കിക്കളയണം.

പ്രായശ്ചിത്തന്തു കുർവ്വാണാഃ പൂർവ്വേ വർണ്ണാ യഥോദിതം
നാങ്കാ രാജ്ഞാ ലലാടേ സ്വൈരാച്ച്യാസ്ത്വത്തമസാഹസം.

[ഫ ൨ ൦ ൨

മേലെഴുതിയ പാതകദോഷംചെയ്തവർ പശ്ചാത്താപം കൊണ്ടു പ്രായശ്ചിത്തം ചെയ്യുവെങ്കിൽ പിന്നത്തതിൽ രാജാവു മേലെഴുതിയ അടയാളമുദ്രയെ ധരിപ്പിക്കരുതു്. അവരെക്കൊണ്ട് ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിക്കണം.

ആഗസ്സു ബ്രാഹ്മണസ്തേഷു കാര്യ്യോ മധ്യമസാഹസം
നിവാസ്യോ വാ ഭവേദ്രാഷ്ട്രാത്സദ്രവ്യസ്സപരിച്ഛദഃ

[ഫ ൨ ൦ ൩

ഇതരേ കൃതവന്തസ്തു പാപാന്യേതാന്യകാമതഃ
സർവ്വസ്വഹാരമർഹന്തി കാമതസ്തു പ്രവാസനം. ഫ ൨ ൦ ൪

സ്വർണ്ണസ്തേയം മുതലായ പാതകദോഷങ്ങളെ ബ്രാഹ്മണൻ ചെയ്യുവെങ്കിൽ ആ ബ്രാഹ്മണനെക്കൊണ്ടു മധ്യമസാഹസം പ്രായശ്ചിത്തം ചെയ്യിക്ക എങ്കിലും രാജ്യത്തിൽനിന്ന് അവന്റെ ധനത്തോടും കുഞ്ഞുങ്ങളോടുംകൂടി വെളിയിൽ ആക്കുകയെങ്കിലും ചെയ്യണം. ബ്രാഹ്മണൻ നീക്കിയിട്ടുള്ള ക്ഷത്രിയർ മുതലായവർ മേലെഴുതിയ ദോഷങ്ങളെ അറിയാതെ ചെയ്തുപോയാൽ ആയവരുടെ സർവ്വസ്വവും എടുക്കണം. അറിഞ്ഞുംകൊണ്ടു ചെയ്താൽ സർവ്വസ്വവും എടുത്തു വെളിയിൽ തള്ളിക്കളയണം.

ബ്രാഹ്മണസ്യാപരാധേഷു ചതുഷ്പ്വവം വിധീയതേ
ശിരസോ മുണ്ഡനം ദണ്ഡം പുരാന്നിവാസനം തഥാ ഫ ൨ ൦ ൫
പ്രഖ്യാപനാർത്ഥം പാപസ്യ പ്രയാണം ഗർദ്ദഭേന ച
ലലാടേ ചിഹ്നകരണം കുര്യ്യാദ്രാജാ യഥാവിധി. ഫ ൨ ൦ ൬

സ്വർണ്ണസ്തേയം മുതലായ നാലുവിധത്തിലുള്ള മഹാപാതകങ്ങളെ ചെയ്ത ബ്രാഹ്മണന്റെ ശിരോമുണ്ഡനവുംചെയ്ത് അവൻചെയ്ത പാപത്തിനെ പ്രസിദ്ധപ്പെടുത്തുന്നതിനായിട്ടു ആ ബ്രാഹ്മണനെ കഴുതപ്പുറത്തുകയറ്റി നെറ്റിയിൽ വിധിപ്രകാരം അടയാളമുദ്രയുംവച്ചു രാജ്യത്തിനു പുറത്തു കളയണം.

Digitized By Kerala Sahitya Akademi

മനുഃ:—

ഹിതാർത്ഥം സർവ്വഭൂതാനാം ഗോപ്ത്താരം ധർമ്മമാത്മനഃ
ബ്രഹ്മതേജോമയം ദണ്ഡമസൃജൽ പൂർവ്വമീശ്വരഃ. [൧൦൭
ദണ്ഡഃശാസ്തി പ്രജാഃസർവ്വാ ദണ്ഡ ഏവാഭിരക്ഷതി
ദണ്ഡഃസുപ്തേഷു ജാഗർത്തി ദണ്ഡം ധർമ്മം വിദുർബുധാഃ.
[൧൦൮

യാജ്ഞവല്ക്യഃ:—

യഥാശാസ്ത്രം പ്രയുഞ്ജതസ്സൻ സദേവാസുരമാനുഷം
ജഗദാനന്ദയേത്സർവ്വമന്യഥാ തു പ്രകോപയേൽ. [൧൦൯

നാരദഃ:—

യദി രാജാ ന സംവേഷ്ടാം വർണ്ണാനാം ദണ്ഡധാരണം
കുര്യാൽ പഥോ വ്യുത്പേതാനാം വിനശ്യേയുരിമാഃ പ്രജാഃ.
[൧൧൦

സകല പ്രാണികൾക്കും ഹിതം വരുവാനായിട്ടു ധർമ്മത്തെ പരിപാലിക്കുന്നതായും ബ്രഹ്മതോജോമയമായുമിരിക്കുന്ന ദണ്ഡത്തെ മുൻപിൽ ഈശ്വരൻ സൃഷ്ടിച്ചു. ഈ ദണ്ഡമെന്നു പൊല്ലപ്പെട്ടതുതന്നെ പ്രജകളെ ശാസിക്കയും രക്ഷിക്കയും ചെയ്യുന്നത്. നിദ്രയെ പ്രാപിച്ചിരിക്കുന്നവരിലും ഈ ദണ്ഡം ജാഗ്രൽകമായിട്ടിരിക്കും. ശാസ്ത്രപ്രകാരം ഈ ദണ്ഡം ജനങ്ങളുടെ നേർക്കു പ്രയോഗിക്കപ്പെട്ടുവെങ്കിൽ ആ ദണ്ഡംതന്നെ ദേവാസുരമനുഷ്യരോടുകൂടിയിരിക്കുന്ന ജഗത്തിനെ ആനന്ദിപ്പിക്കും. അശാസ്ത്രമായിട്ടു പ്രയോഗിച്ചാൽ കോപിപ്പിക്കയും ചെയ്യും. അവരവരുടെ മാർഗ്ഗത്തിനെ ലംഘിച്ചു നടക്കുന്ന ബ്രാഹ്മണർ ക്ഷത്രിയർ മുതലായ എല്ലാപേർക്കും രാജാവു ദണ്ഡം ചെയ്തില്ലെങ്കിൽ ഈ പ്രജകൾ ഒക്കയും നശിക്കയും ചെയ്യും.

യാജ്ഞവല്ക്യഃ:—

യോ ദണ്ഡ്യാൻ ദണ്ഡയത്യാജ്ഞാ സമ്യഗപ്യന്യാംശ്ച ഘാതയേൽ
ഇഷ്ടം സ്യാൽ ക്രതുഭിസ്തേന സഹസ്രശതദക്ഷിണൈഃ.
[൧൧൧

അദണ്ഡ്യദണ്ഡനാ ലോകേ യശോഘ്നം കീർത്തിനാശനം
അസ്വർഗ്ഗ്യഞ്ച പരത്രാപി തസ്മാത്തൽ പരിവർജ്ജയേൽ.
[൧൧൨

Digitized By Kerala Sahitya Akademi

ദണ്ഡ്യന്മാരായിട്ടുള്ളവരേ ദണ്ഡിപ്പിക്കയും വധിപ്പാനുള്ളവരേ വധിപ്പിക്കയും ചെയ്യുന്ന രാജാവിനു ലക്ഷം ദക്ഷിണയോടുകൂടിയിരിക്കുന്ന യാഗങ്ങൾ കഴിച്ചതിന്റെ ഫലം സിദ്ധിക്കും. കുറമില്ലാതെയിരിക്കുന്നവരേ ദണ്ഡിപ്പിച്ചാൽ ഇഹലോകത്തിൽ കീർത്തി മുതലായതിനും പരലോകത്തിൽ സപ്തഫലത്തിനും ഹാനിവരും. എന്നതുകൊണ്ടു കുറമില്ലാതെയിരിക്കുന്നവരെ ദണ്ഡിപ്പിക്കരുതു്.

മനുഃ—

സമുൽസൃജേദ്രാജമാഷ്ടൗ യസ്യാപമേധ്യമനാപദി
സ ദൈവൗ കാഷ്ടാപണൌ ദദ്യാദമേധ്യഞ്ചാശു ശോധയേൽ.

[ഫ൨ ഫന

ആപദ്ഗതസ്ത്വഥാ വൃദ്ധാ ഗർഭിണീ ബാല ഏവ ച
കാഷ്ടാപണം ന തേഷ്ഠന്തി തച്ച ശോധ്യമിതി സ്ഥിതിഃ.

[ഫ൨ ഫ൪

യാതൊരുത്തനെങ്കിലും ഒരാപത്തില്ലാതെയിരിക്കുമ്പോൾ വ്യാജമായിട്ടു മാർഗ്ഗത്തിൽ അമേദ്യമിട്ടാൽ ആയവനെക്കൊണ്ടു രണ്ടു കാഷ്ടാപണം പ്രായശ്ചിത്തം ചെയ്യിച്ചു് അമേദ്യം നീക്കിച്ചു ശുദ്ധം വരുത്തിക്കണം. ആപത്തിനെ പ്രാപിച്ചിരിക്കുന്നവനും വൃദ്ധന്മാരും ഗർഭം ധരിച്ചിരിക്കുന്ന സ്ത്രീയും ബാലന്മാരും രാജമാർഗ്ഗത്തിൽ അമേദ്യംഇട്ടാൽ ആയവരെക്കൊണ്ടു ശുദ്ധിമാത്രം വരുത്തിക്കൊള്ളണം. പ്രായശ്ചിത്തം ചെയ്യിക്കരുതു്.

കാത്യായനഃ—

സർവ്വത്രാനാപ്തൗ സർവ്വേഷാമപരാധോ യദാ ഭവേൽ
അവശേനൈവ ദൈവാത്തു ന ദണ്ഡം തത്ര കല്പയേൽ.

[ഫ൨ ഫ൭

നല്ല വൃത്തിയോടും ശീലത്തോടും കൂടിയിരിക്കുന്ന സാധുജനങ്ങൾ ബുദ്ധിമോശംകൊണ്ടെങ്കിലും ദൈവവശാൽ എങ്കിലും ഒരു കുറ്റംചെയ്തുപോയാൽ ആയവർക്കു ദണ്ഡം കല്പിക്കരുതു്.

ശാരീരശ്ചാർത്ഥദണ്ഡശ്ച ദണ്ഡസ്തു ദ്വിവിധഃ സ്മൃതഃ
ശാരീരോ ദ്വിവിധഃ പ്രോക്തസ്തഥാർത്ഥദണ്ഡോഽപ്യനേകധാ.

[ഫ൨ ഫന

Digitized By Kerala Sahitya Akademi

ശാരീരസ്ത്വപരോധാദിർജീവിതാന്തകരസ്തഥാ
കാകണ്യാദിസ്തഥർത്ഥദണ്ഡസ്സർവ്വസ്വഹരണാന്തകഃ. ൧൫൫൭

ശരീരദണ്ഡമെന്നും അർത്ഥദണ്ഡമെന്നും ദണ്ഡം രണ്ടുവിധം. അതിൽ ശരീരദണ്ഡം രണ്ടുവിധം, അർത്ഥദണ്ഡം അനേകവിധം. തടവിലാക്കുന്നതു മുതലായതും പ്രാണഹാനിവരുത്തുന്നതും ശരീരദണ്ഡം. കവിടി മുതലായ സർവ്വസ്വദണ്ഡംവരെ അർത്ഥദണ്ഡം അനേകംവിധം.

കാഷ്ഠാപണം ഭവേദ്ദണ്ഡ്യോ യത്രാന്യഃ പ്രാകൃതോ ജനഃ
തത്ര രാജ്ഞാ ഭവേദ്ദണ്ഡ്യസ്സഹസ്രമിതി ധാരണാ. ൧൫൫൮

യാതൊരു കുറ്റത്തിൽ പ്രാകൃതനായിട്ടുള്ളവൻ ഒരു കാഷ്ഠാപണം ദണ്ഡ്യനോ ആ കുറ്റംതന്നെ ധനവാനായിട്ടുള്ളവൻ ചെയ്തു എങ്കിൽ അവസ്ഥയ്ക്കുതക്കവണ്ണം ആയിരം കാഷ്ഠാപണം ദണ്ഡിപ്പിക്കണം.

പരതന്ത്രാസ്തു യേ കേചിദ്ദാസ്യേ യേ ച സംസ്ഥിതാഃ
അനാഥാസ്തേ തു നിർദ്ദിഷ്ടാസ്തേഷാന്തണ്ഡസ്തു താഡനം.
[൧൫൫൯

താഡനം ബന്ധനം ചൈവ തഥൈവ ച നിപീഡനം
ഏഷ ദണ്ഡോ ഹി ദാസസ്യ നാർത്ഥദണ്ഡോ വിധീയതേ.
[൧൫൬൦

സ്വാതന്ത്ര്യമില്ലാതെയിരിക്കുന്ന പരതന്ത്രന്മാരും ദാസ്യപ്രവൃത്തി ഏടുക്കുന്നവരും അനാഥന്മാരാകകൊണ്ട് ആയവരെ താഡനംകൊണ്ടു ദണ്ഡിക്കണം, അർത്ഥദണ്ഡം വിധിക്കരുത്.

ആയുധാന്യായുധീയാനാം ബീജാനി കൃഷിജീവിനാം
വേശ്യാസ്ത്രീണാമലങ്കാരാനായുധാനി ച തദ്വിദാം ൧൫൬൧

യസ്യ യച്ചോപകരണം യേന ജീവന്തി കാരവഃ
സർവ്വസ്വഹരണേഽപ്യേതാൻ ന രാജാ ഹർത്തുമർഹതി.
[൧൫൬൨

ആയുധജീവികളുടെ സർവ്വസ്വവുമെടുക്കുമ്പോൾ അവരുടെ ആയുധങ്ങളേയും, കൃഷിജീവികളുടെ സർവ്വസ്വവും എടുക്കുമ്പോൾ വിത്തുവകകളേയും, വേശ്യാസ്ത്രീകളുടെ സർവ്വസ്വവും എടുക്കുമ്പോൾ അവർ ധരിച്ചിരിക്കുന്ന ആഭരണങ്ങളേയും, ശില്പികളുടെ

Digitized By Kerala Sahitya Akademi

വക എടുക്കുമ്പോൾ അവരുടെ ഉപകരണങ്ങളേയും, ഇപ്രകാരം അവരവർ ജീവിച്ചുവരുന്ന ഉപകരണങ്ങാംനീക്കി ശിഷ്ടമുള്ള സ്വസ്വവും എടുക്കണം.

കാശ്യപഃ:—

സുവർണ്ണശതമേകന്തു വധാർഹോ ദണ്ഡമർഹതി
അംഗച്ഛേദീ തദർദ്ധന്തു വിവാസ്യഃ പഞ്ചവിംശകം.

[ഫ വ വ

— വധയോഗ്യനായിട്ടുള്ളവനെക്കൊണ്ട് വധത്തിനു പകരം നൂറു സുവർണ്ണവും അംഗച്ഛേദം ചെയ്വാനുള്ളവനെക്കൊണ്ട് അൻപതു സുവർണ്ണവും രാജ്യത്തിനു വെളിയിൽ കളവാനുള്ളവനെക്കൊണ്ട് ഇരുപത്തഞ്ചു സുവർണ്ണവും പകരമായിട്ടു യുക്തായുക്തം പോലെ പ്രായശ്ചിത്തം ചെയ്യിക്കണം.

നിഷ്ക്രിയാ ബന്ധനേ സ്ഥാപ്യാ ബലം നൈവ പ്രവർത്തയേൽ
സർവ്വേഷാം പാപയുക്താനാം വിശേഷാത്ഫലശ്ച ശാസ്ത്രതഃ.

മനുഃ:—

[ഫ വ വ ർ

ക്ഷത്രവിട് ശൂദ്രയോനിസ്തു ദണ്ഡം ദാതുമശക്നുവൻ
ആനൃണ്യം കർമ്മണാ ഗച്ഛേദിപ്രോ ദദ്യാച്ച ശനൈഃ ശനൈഃ-

[നൈഃ. ഫ വ വ ഭ

ധനഹീനന്മാരായിട്ടിരിക്കുന്നവർ ഒരു കുറ്റം ചെയ്തുവെങ്കിൽ ആയവരെ ധനദണ്ഡത്തിനു പകരം തടവിൽ പാർപ്പിച്ചു സൂക്ഷിക്കണം. അവരോടു ബലം പ്രവർത്തിപ്പിക്കരുത്. പാപന്മാരായിട്ടുള്ള എല്ലാപേക്കും ഇപ്രകാരമുള്ള ദണ്ഡം ശാസ്ത്രത്തിൽ വിശേഷമായിട്ടു ചൊല്ലിയിരിക്കുന്നതത്രേ ആകുന്നു. ക്ഷത്രിയർ മുതലായവക്കു പ്രായശ്ചിത്തം ചെയ്യുന്നതിനു വകയും ഗതിയുമില്ലെങ്കിൽ കടം വാങ്ങിച്ചതിനു സമമായിട്ടുള്ള ദ്രവ്യത്തിന്റെ അവസ്ഥപോലെ അവരെക്കൊണ്ടു വേല എടുപ്പിക്കണം. ആയതുകൊണ്ട് അവക്ക് ഋണനിവൃത്തിവരും. ബ്രാഹ്മണന് അവധി വച്ചു കൊടുത്തു കാലക്രമംകൊണ്ടു കുറെ കുറെ വാങ്ങിച്ചുകൊള്ളണം. വേല എടുപ്പിക്കരുതെന്നു താൽപര്യം.

ന ബാലോന്മത്തവൃദ്ധാനാം ദരിദ്രാണാഞ്ച രോഗിണാം
ശിഫാദിദണ്ഡരജ്ജുചാട്ടൈർവിദധ്യാന്നൃപതിർദ്ദമം. ഫ വ വന

Digitized By Kerala Sahitya Akademi

ബാലൻ ഭ്രാന്തൻ വൃദ്ധൻ ദരിദ്രൻ രോഗികൻ ഇവക്കൊക്കയും പിരനുകൊണ്ടെങ്കിലും രണ്ടു ദളത്തോടുകൂടിയ ദർഭയുകൊണ്ടെങ്കിലും കയറുകൊണ്ടെങ്കിലും താഡനത്തെ ദണ്ഡമായിട്ടു കല്പിക്കരുത്.

അംഗിരാഃ:—

ആത്മാനം ഘാതയേദ്യസ്തു രജ്ജ്വാദിഭിരുപക്രമൈഃ
മൃതോ/മേദ്ധ്യേന ലിപ്തവ്യോ ജീവച്ചേട്ടിശതോ ദമഃ.

[ഫ ൨ ൨ ൭

ബൃഹസ്പതിഃ:—

വിഷോദ്ബന്ധനശസ്ത്രൈണ യസ്യാത്മാനം പ്രമാപയേൽ
മൃതാ/മേദ്ധ്യേന ലിപ്തവ്യോ നാഗ്നിസംസ്കാരമർഹതി.

[ഫ ൨ ൨ ൮

ഒരുത്തൻ താൻതന്നെ കയറുകളെക്കൊണ്ടു കെട്ടിഞാന്ന് എങ്കിലും വിഷഭക്ഷണംകൊണ്ടെങ്കിലും ആയുധംകൊണ്ടെങ്കിലും ആത്മാവെ ത്യജിച്ചു എങ്കിൽ ആയവൻ വലുതായിട്ടുള്ള പാപിഷ്ഠനാകകൊണ്ട് അവന്റെ ശരീരത്തിൽ അമേദ്ധ്യംകൊണ്ടു ലേപനംചെയ്തു എട്ടുത്തുകളയണം. അഗ്നിസംസ്കാരം ചെയ്യരുതു്. ഇപ്രകാരം ആത്മത്യാഗം ചെയ്വാൻ തുടങ്ങിയവൻ സംഗതിവശാൽ ജീവിച്ചുവെങ്കിൽ ആയവനെക്കൊണ്ട് ഇരുന്നൂറു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

തടാകോദ്യാനക്രൂപാദി യോ/മേദ്ധ്യേന വിദൂഷയേൽ
അമേദ്ധ്യം ശോധയിത്വാ തദ്ദണ്ഡയേത്തം പണാൻ ശതം.

[ഫ ൨ ൨ ൯

കുളം, കിണറു, നന്താവനം മുതലായതിൽ ഒരുത്തൻ അമേദ്ധ്യമിട്ട് അശുദ്ധി വരുത്തിയാൽ ആയവനെക്കൊണ്ട് അമേദ്ധ്യം നീക്കി ശുദ്ധിവരുത്തിച്ചു നൂറു പണം പ്രായശ്ചിത്തം ചെയ്യിക്കണം.

നാദത്തീത ത്വപസ്സാധുമ്മഹാപാതകിനാം ധനം
ആദദാനസ്തു തല്ലോഭാത്തേന ദോഷേണ ലിപ്യതേ. ഫ ൨ ൩ ൦

ധർമ്മിഷ്ഠനായിരിക്കുന്ന രാജാവു മഹാപാതകംചെയ്തിരിക്കുന്നവരുടെ ധനത്തെ ഗ്രഹിക്കരുതു്. ലോഭംകൊണ്ടു ഗ്രഹിച്ചാൽ രാജാവിനും ആ പാതകദോഷസംബന്ധം വരും.

Digitized By Kerala Sahitya Akademi

അച്ച്സു പ്രക്ഷേപയേദ്ദണ്ഡം വരുണായോപപാദയേൽ
ശ്രുതവൃത്തോപപന്നേ വാ ബ്രാഹ്മണേ പ്രതിപാദയേൽ.

[ഫ൨൯൫

ഈശോ ദണ്ഡസ്യ വരുണോ രാജ്ഞാം ദണ്ഡധരോ ഹി സഃ;
ഈശസ്സർവ്വസ്യ ജഗതോ ബ്രാഹ്മണോ വേദപാരഗഃ.

[ഫ൨൯൬

ദുഷ്ടന്മാരെ ദണ്ഡിപ്പിച്ചു വാങ്ങിച്ചിരിക്കുന്ന ദ്രവ്യത്തിനെ മഹാനദീജലങ്ങളിൽ വരുണപ്രീതിക്കായിട്ടു വിടുകയെങ്കിലും വേദശാസ്ത്രങ്ങളെ അറിഞ്ഞിരിക്കുന്ന ബ്രാഹ്മണനു കൊടുക്കയെങ്കിലും ചെയ്യണം. അതിൻഹേതു വരുണൻ ദണ്ഡത്തിനു ഈശനാകകൊണ്ടും രാജാക്കളേയും ദണ്ഡിക്കുന്നവനാകകൊണ്ടും വേദപൂർണ്ണനായിരിക്കുന്ന ബ്രാഹ്മണൻ ലോകത്തിനൊക്കയും ഈശനാകകൊണ്ടും മേലെഴുതിയ രണ്ടുപേക്കും ദണ്ഡദ്രവ്യത്തിനെ കൊടുക്കണം.

ഏവം ധർമ്മപ്രവൃത്തസ്യ രാജ്ഞോ ദണ്ഡധരസ്യ ച
യശോഽസ്മിൻ പ്രഥമേ ലോകേ സപ്തർഷിസ്ഥാ സ്മൃതഃ.

[ഫ൨൯൭

മനുഃ—

ഏവം സർവ്വാനിമാൻ രാജാ വ്യവഹാരാൻ സമാപയൻ
വ്യപോഹ്യ കിൽബിഷം സർവ്വം പ്രാപ്നോതി പരമാം ഗതിം.

[ഫ൨൯൮

ഇപ്രകാരം ധർമ്മത്തിൽ പ്രവർത്തിച്ചവനായും ദുഷ്ടന്മാരെ ദണ്ഡിപ്പിച്ചുവരുന്നവനായും ഇരിക്കുന്ന രാജാവിന് ഇഹലോകത്തിൽ വലുതായിട്ടുള്ള യശസ്സും സപ്തർഷിലോകവാസവും വരും. സകലവ്യവഹാരങ്ങളേയും ന്യായപ്രകാരം തീർത്തുവരുന്ന രാജാവിനു സകലപാപമോചനവും ഉത്തമമായിട്ടുള്ള ഗതിയും വരും.

ഇതി പ്രകീർണ്ണകപ്രകരണം.

വ്യവഹാരമാലാ സമാപ്താ.

ശുഭമസ്തു.

Digitized By Kerala Sahitya Akademi

ശുദ്ധിപത്രം.

പുറം.	വരി.	അശുദ്ധം.	ശുദ്ധം.
ൻ	൶	വ്പ്രാഗ്ര്യാ	വിപ്രാഗ്ര്യാ
൶൨	൩൦	ഉത്കോപ	ഉത്കോച
൨൶	൶	മാല യാം	മാലായാം
൨൭	൶൩	പക്ഷാസേം	പക്ഷാഭോസം
൨൯	൶൨	നിഷ പ്രയോ	നിഷ്പ്രയോ
൩൩	൶൶	നിവേദയത	നിവേദയേത്
൩൩	൶	മാലല്യയാം	മാലായാം
൩൶	൨ൻ	ഭോത	ഭോത്
൭൶	൩	ബ്രൂയ്യാത	ബ്രൂയാത്
൭൨	൨൦	കരേ ഖ്യമിതി	കരലേഖ്യമിതി
൭൶	൶൦	ചിഞ്ഛ്ര ം	ചിഞ്ഛ്രമം
൭൭	൨൦	സ്മ രിതം	സ്മാരിതം
൶൶൭	൶	ആധിസ്മ ത്രിവിധഃ	ആധിഭൗതിവിധഃ
൶൩൶	൨൦	ബേ ധം	ബോധം
൶൶൨	൶	മാല യാം	മാലായാം
൶൶ൻ	൨	അടിന്തിര	അടിയന്തര
൶൭൩	൨൭	മേ ഴിതി	മേഖലെഴുതി
൶൩൶	൭	ആളമേത	ആളമിത
൶൩൭	൶ൻ	ദനം	ദാനം
൶൭൨	൶ൻ	കായ്സ	കായ്സ്യ
"	"	ഛൂതി	ത്പ്രതി
"	൩൦	ഒന്ന നുപതനാ	ഒന്നിനുപതിനാ
൶൭൶	൶൶	മഹീക്ഷിതെ	മഹീക്ഷിതാ
"	൭	യൊഗ്യമ	യോഗ്യമ
൶൭൭	൶൭	കൃഷ ചെയ്യു	കൃഷിചെയ്യു
"	൩൦	ചത്വ ര	ചത്വാര
൶൭൩	൶൩	ചോമെ ന	ചോമ്യേന
൶൭൭	൶൶	ചൊല്ലുന്ന	ചൊല്ലുന്ന
൨൦൭	൨	ച്ചിരിക്കുന്ന	രിക്കുന്ന
൨൦ൻ	൨൩	വാങ്ങ ക്കുന്നതും	വാങ്ങിക്കുന്നതും
൨൶൦	൨	മുതലാ ത്	മുതലായത്
൨൨൭	൨൶	വമ്പ്	വരമ്പ്
൨൩൦	൨൦	ന്യംഗ	നംഗ
൨൩ൻ	൭	ഗോരുണ ന്നം	ഗോരുണ്ണമെന്നാ
"	൶൶	ശധനം	ശോധനം
൩൩൭	൶൶	ദേ ഷം	ദോഷം

Digitized By Kerala Sahitya Akademi

READY FOR SALE

ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി.

	രൂ.	ചു.	കാ.
No. 1—ഗ്രന്ഥദക്ഷിണപ്പാട്ട്	0	7	0
No. 2—ശാകുന്തരാമായണം (കിളിപ്പാട്ട്)	0	7	0
No. 3—ഭാഷാൽപത്തി (കിളിപ്പാട്ട്)	0	10	0
No. 4—പാഞ്ചാലീപരിണയം (കിളിപ്പാട്ട്)	0	12	0
No. 5—പടപ്പാട്ട് (കിളിപ്പാട്ട്)	0	14	0
No. 6—കല്യാണസൌഗന്ധികം (ഭാഷാചമ്പു)	0	6	0
No. 7—പ്രഹ്ലാദചരിതം (ഹംസപ്പാട്ട്)	0	5	0
No. 8—ഗീതഗോവിന്ദം (ഗീതപ്രബന്ധം)	1	0	8
No. 9—വ്യവഹാരമാല (സൂത്രഗ്രന്ഥം)	3	1	8

Digitized By Kerala Sahitya Akademi